# കെ. ദാമോദരൻ

# സമ്പൂർണ്ണകൃതികൾ

## വാല്യം ഒൻപത്

Glorious Years
60
1952-2012
PRABHATH BOOK HOUSE

*(Malayalam)*
**K. DAMODARAN SAMBOORNAKRITHIKAL VOL - 9**

*By* **K. DAMODARAN**

*First Edition : June 2012*

*Type Setting :* Swabin Computers, Statue, Thiruvananthapuram

*Printing :* Swabin Offset, Thiruvananthapuram-1

*Cover :* Udayakumar

Rights Reserved.

*Publishers :*
**Prabhatham Printing & Publishing Co. (P) Ltd.**
Thiruvananthapuram - 695 035, Kerala, India.
Email: prabhathbooks@yahoo.com

*Sales Department:*
**PRABHATH BOOK HOUSE**
Thiruvananthapuram, Kollam, Alappuzha,
Eranakulam, Thrissur, Palakkad, Kozhikode, Kannur.

Price: **₹ 250/-**

ISBN -

PBH - SL -

# കെ. ദാമോദരൻ സമ്പൂർണ്ണകൃതികൾ

## വാല്യം ഒൻപത്

**കെ. ദാമോദരൻ**

**പ്രഭാത് ബുക്ക് ഹൗസ്**
തിരുവനന്തപുരം
**വില: ₹ 250.00**

# എഡിറ്റോറിയൽ കമ്മിറ്റി

ആന്റണി തോമസ്
സി.എൻ. ജയദേവൻ
എം.പി. അച്യുതൻ
ഐ.വി. ശശാങ്കൻ
ഡോ. വള്ളിക്കാവ് മോഹൻദാസ്

## പ്രസാധകക്കുറിപ്പ്

കേരള സംസ്ഥാനം രൂപംകൊള്ളുന്നതുവരെയുള്ള ചരിത്രമായിരുന്നു എട്ടാം വാല്യത്തിന്റെ ഉള്ളടക്കം. ഈ വാല്യത്തിന്റെ ഒന്നാം ഭാഗം കേരളത്തിൽ മുതലാളിത്തത്തിന്റെ ഉൽഭവം, സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി തുടങ്ങിയ വിഷയങ്ങളാണ്.

1957 ഏപ്രിൽ അഞ്ചിന് അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ വിദ്യാഭ്യാസബില്ലിനും, കാർഷിക പരിഷ്കാര നയങ്ങൾക്കുമെതിരായി നടന്ന വിമോചനസമരത്തെയും, കേന്ദ്രഗവൺമെന്റ് ഇടപെട്ട് സംസ്ഥാന ഗവൺമെന്റിനെ പിരിച്ചുവിട്ടതിനെയും പറ്റിയുള്ള ലേഖനങ്ങളാണ് രണ്ടാം ഭാഗം. കത്തോലിക്കാ വൈദിക മതമേലധ്യക്ഷന്മാരും മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ നായർ പ്രഭുക്കന്മാരും കൂടി നടത്തിയ അങ്ങേയറ്റം പ്രകോപനപരവും ജനാധിപത്യ വിരുദ്ധവുമായ സമരത്തിന്റെ വിവിധവശങ്ങൾ ഈ ലേഖനങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

“ഇന്ത്യയും സോഷ്യലിസവും” എന്ന ലഘുഗ്രന്ഥമാണ് ഈ വാല്യത്തിലെ മൂന്നാംഭാഗം. 1958 പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ സോഷ്യലിസത്തിലേക്കുള്ള ഇന്ത്യയുടെ മാർഗമെന്തായിരിക്കണമെന്ന് ദാമോദരൻ വിശദീകരിക്കുന്നു.

1930കളിൽ ദാമോദരൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കഥകളും, കവിതകളും, ലേഖനങ്ങളും എഴുതിയിരുന്നു. ‘പാട്ടബാക്കി’ എന്ന പ്രസിദ്ധമായ നാടകം മാതൃഭൂമി ആഴ്ചപ്പതിപ്പിലാണ് അദ്ദേഹം എഴുതിയത്. അദ്ദേഹത്തിന്റെ ലേഖനങ്ങൾ വളരെ വിജ്ഞാനപ്രദമായിരുന്നു. ആ ലേഖനങ്ങളിൽ ചിലത് നാലാം ഭാഗത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**പ്രസാധകർ**

# കെ. ദാമോദരൻ

രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക-സാഹിത്യരംഗങ്ങളിൽ നിറഞ്ഞുനിന്ന പ്രതിഭാധനനായ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ. സ്വാതന്ത്ര്യസമരത്തിലും കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും അദ്ദേഹം നിസ്തുലമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കന്മാരിലൊരാളാണ് ദാമോദരൻ.

തിരൂരിലെ പ്രശസ്തമായ കീഴേടത്തു തറവാട്ടിൽ 1912 ഫെബ്രുവരി 25 നാണ് ദാമോദരൻ ജനിച്ചത്. അച്ഛൻ തുപ്രൻ നമ്പൂതിരിപ്പാട്. അമ്മ നാരായണിക്കുട്ടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായ ദാമോദരൻ 1931-ൽ നിയമലംഘന സമരത്തിൽ പങ്കെടുത്തു. കോഴിക്കോട് കടപ്പുറത്ത് ഉപ്പുനിയമം ലംഘിച്ചതിന് അറസ്റ്റുചെയ്യപ്പെട്ട അദ്ദേഹത്തെ 23 മാസത്തെ ജയിൽശിക്ഷക്ക് വിധിച്ചു. കോഴിക്കോട് സാമൂതിരി കോളേജ് വിദ്യാർത്ഥിയായിരുന്നു ദാമോദരൻ. ജയിലിൽ നിന്നും തിരിച്ച് എത്തിയപ്പോൾ കോളേജിൽ തുടർന്നു പഠിക്കാൻ അധികൃതർ അനുമതി നിഷേധിച്ചു. തുടർന്ന് അദ്ദേഹം കാശിവിദ്യാപീഠത്തിൽ ചേർന്നു. കോയമ്പത്തൂർ ജയിലിലെയും കാശിവിദ്യാപീഠത്തിലെയും ജീവിതം ഒരു വഴിത്തിരിവായിരുന്നു. ജയിലിലെ സഹതടവുകാരിൽ പലരും കമ്മ്യൂണിസ്റ്റുകാരായിരുന്നു. മാർക്സിസത്തെക്കുറിച്ചുള്ള ചില ഗ്രന്ഥങ്ങൾ പഠിക്കാൻ ജയിലിൽ അദ്ദേഹത്തിന് അവസരം ലഭിച്ചു. കാശിവിദ്യാപീഠത്തിലെ ഗ്രന്ഥാലയത്തിലും മാർക്സിസവുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങളുണ്ടായിരുന്നു. വിഖ്യാതസാഹിത്യകാരനായ പ്രേംചന്ദ് ഉൾപ്പെടെ നിരവധി പുരോഗമന ആശയക്കാരുമായി അവിടെവെച്ച് അദ്ദേഹം ബന്ധപ്പെട്ടു. നാടിന്റെയും ജനങ്ങളുടെയും വിമോചനം ഗാന്ധിയൻ ആശയങ്ങളിലൂടെയാണെന്ന ദാമോദരന്റെ ധാര

ണയിൽ മാറ്റം വരാൻ തുടങ്ങി. കോൺഗ്രസ്സിലെ ഇടതുപക്ഷവുമായും കമ്യൂണിസ്റ്റുകാരുമായും അദ്ദേഹം കൂടുതൽ അടുത്തു. മാർക്സിസം ലെനിനിസമാണ് ശരിയായ വിമോചനമാർഗ്ഗമെന്ന് തിരിച്ചറിഞ്ഞ ദാമോ ദരൻ നാട്ടിൽ തിരിച്ചെത്തി, തൊഴിലാളികളെ സംഘടിപ്പിക്കുകയും ഇട തുപക്ഷ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ മുഴുകി. ഫറൂക്കിൽ ഓട്ടുകമ്പനി തൊഴിലാളികൾ നടത്തിയ പണിമുട ക്കിന്റെ പ്രചാരണപ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെ ടുത്തു.

1938-ൽ പൊന്നാനിയിലെ ബീഡിത്തൊഴിലാളി സമരത്തിന്റെ നായ കൻ കെ. ദാമോദരനായിരുന്നു. ദാമോദരനെ അറസ്റ്റു ചെയ്യാൻ എത്തിയ പോലീസിനെ തടയാൻ ആയിരക്കണക്കിനാളുകളാണ് മുന്നോട്ടുവന്നത്. ദാമോദരനെ പോലീസ് മർദ്ദിച്ചു എന്ന വാർത്ത കേട്ട് ക്ഷുഭിതരായ ജന ക്കൂട്ടത്തെ ശാന്തരാക്കാൻ അവസാനം പോലീസിന് അദ്ദേഹത്തിന്റെ തന്നെ സഹായം തേടേണ്ടിവന്നു.

തിരുവിതാംകൂറിലെ ഉത്തരവാദഭരണപ്രക്ഷോഭത്തിലും ആലപ്പുഴ യിലെ തൊഴിലാളി സമരങ്ങളിലും ദാമോദരൻ നേതൃത്വപരമായ പങ്കു വഹിച്ചു. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്തു തമ്പാനൂരിൽ യൂത്ത് ലീഗിന്റെ പൊതുയോഗത്തിൽ പ്രസംഗിച്ചതിന് ദാമോദരനെ അറസ്റ്റു ചെയ്ത പോലീസ് അദ്ദേഹത്തെ ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചു. 1938 -ലെ ചരിത്രപ്രസിദ്ധമായ ആലപ്പുഴ തൊഴിലാളി പണിമുടക്കിനു തീരു മാനമെടുത്ത യോഗത്തിൽ അധ്യക്ഷം വഹിച്ചത് ദാമോദരനായിരുന്നു.

കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുമ്പോൾ തന്നെ ദാമോദരൻ കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനാവുകയും കമ്മ്യൂ ണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. 1937-ൽ എസ്സ്.വി. ഘാട്ടെ കോഴിക്കോട്ടുവന്നപ്പോൾ അദ്ദേഹ വുമായി ബന്ധപ്പെട്ടവരിൽ ഒരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപി ള്ള, ഇ.എം.എസ്., എൻ.സി. ശേഖർ, ദാമോദരൻ എന്നിവർ ഒന്നിച്ചുകൂടി ചർച്ചകൾ നടത്തി. തുടർന്നാണ് 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ രൂപീകരണ സമ്മേളനം പിണറായിയിൽ ചേർന്നത്.

കെ.പി.സി.സി. സെക്രട്ടറി, എ.ഐ.സി.സി. അംഗം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, പാർട്ടി സ്റ്റേറ്റ് എക്സിക്യൂ ട്ടീവ് അംഗം, ദേശീയ എക്സിക്യൂട്ടീവ് അംഗം തുടങ്ങിയ നിലകളിലെല്ലാം ദാമോദരൻ പ്രവർത്തിച്ചു.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് ഏഴുവർഷക്കാലം ദാമോദരൻ ജയിലിൽ കഴിഞ്ഞു.

മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഏറ്റവും ലളിതമായി അവതരിപ്പിക്കാൻ അസാധാരണമായ പാടവമുണ്ടായിരുന്ന നേതാവായിരുന്നു ദാമോദരൻ. അദ്ദേഹം രചിച്ച എണ്ണമറ്റ ലേഖനങ്ങളും ലഘുലേഖകളും പുസ്തകങ്ങളും 1930–കളുടെ മദ്ധ്യം മുതൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചു.

ഇന്ത്യയുടെ ആത്മാവ്, ഭാരതീയ ചിന്ത, കേരള ചരിത്രം, മനുഷ്യൻ തുടങ്ങിയ ഗ്രന്ഥങ്ങൾ ഭാരതീയ തത്വചിന്തയിലും ചരിത്രത്തിലുമുള്ള ദാമോദരന്റെ അഗാധപാണ്ഡിത്യത്തിന്റേയും ശാസ്ത്രീയ അപഗ്രഥനപാടവത്തിന്റെയും തെളിവുകളാണ്.

സർഗാത്മകസാഹിത്യത്തിലും ദാമോദരന്റെ സംഭാവനകൾ വിലപ്പെട്ടതാണ്. നാടകം, കവിത, ചെറുകഥ എന്നിവയെല്ലാം ദാമോദരൻ രചിച്ചു. മലയാളനാടകചരിത്രത്തിലെ നാഴികക്കല്ലായ ‘പാട്ടബാക്കി’യുടെ രചയിതാവ് ദാമോദരനാണ്.

ഒന്നാംതരം പത്രപ്രവർത്തകൻ കൂടിയായിരുന്നു ദാമോദരൻ. 1934–ൽ ഷൊർണ്ണൂരിൽനിന്നും പ്രസിദ്ധീകരണം തുടങ്ങിയ ‘പ്രഭാത’ ത്തിന്റെ പത്രാധിപസമിതിയിൽ ദാമോദരൻ അംഗമായിരുന്നു. ‘കമ്മ്യൂണിസ്റ്റ്’ ‘മുന്നോട്ട്’, ‘മാർക്സിസ്റ്റ്’ തുടങ്ങിയ മാസികകളുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. ‘നവയുഗ’ത്തിന്റെ പത്രാധിപരായി ദീർഘകാലം ദാമോദരൻ സേവനമനുഷ്ഠിച്ചു.

1964–ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെ ദാമോദരന്റെ പ്രവർത്തനരംഗം ഡൽഹിയായി. ജവഹർലാൽ നെഹ്റു സർവകലാശാലയിൽ പി.സി. ജോഷിയോടൊപ്പം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രഗവേഷണത്തിൽ അദ്ദേഹം മുഴുകി.

1976 ജൂലൈ മൂന്നിന് ഡൽഹിയിൽ വെച്ച് ദാമോദരൻ അന്തരിച്ചു.

ഭാര്യ: പത്മം ദാമോദരൻ, മക്കൾ : മോഹൻ (സിങ്കപ്പൂർ യൂണിവേഴ്സിറ്റിയിലെ ലിംഗ്വിസ്റ്റിസ് പ്രൊഫസർ), ഉഷ, മധു, രഘു, ശശി (ചലച്ചിത്ര സംവിധായകൻ).

# അവതാരിക

സ്വാതന്ത്ര്യസമര സേനാനി, കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കന്മാരിലൊരാൾ, ഭാരതീയ തത്വചിന്തയിലും മാർക്സിസം ലെനിനിസത്തിലും അഗാധപാണ്ഡിത്യമുണ്ടായിരുന്ന ദാർശനികൻ, എഴുത്തുകാരൻ, പ്രക്ഷോഭകാരി തുടങ്ങിയ നിലകളിൽ അതുല്യമായ സംഭാവനകൾ നൽകിയ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു ജയിലിൽ പോയ ദാമോദരൻ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായിരുന്നു. ഗാന്ധിജിയുടെ ആശയങ്ങൾ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. എന്നാൽ ഇന്ത്യയുടെയും ജനങ്ങളുടെയും യഥാർത്ഥ വിമോചനമാർഗ്ഗം ഗാന്ധിയൻ ആശയങ്ങളല്ലെന്ന് അധികം വൈകാതെ അദ്ദേഹം തിരിച്ചറിഞ്ഞു. കോൺഗ്രസ്സിൽ ഇടതുപക്ഷ വിഭാഗം ശക്തിപ്പെട്ടുവരുന്ന ഘട്ടമായിരുന്നു അത്. ഇടതുപക്ഷചിന്താഗതിക്കാർ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ ദാമോദരൻ അതിന്റെ സജീവ പ്രവർത്തകനായി. സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നവരുടെയെല്ലാം ഒരു പൊതുവേദിയായിരുന്നു അക്കാലത്ത് കോൺഗ്രസ്സ്. കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരുമെല്ലാം, തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയും സംഘടനാ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുമ്പോൾ തന്നെ കോൺഗ്രസ്സിൽ അംഗങ്ങളായി തുടർന്നു. ദാമോദരൻ കെ.പി.സി.സി. സെക്രട്ടറിയും എ.ഐ.സി.സി. അംഗവുമായിട്ടുണ്ട്.

ദാമോദരനെ കമ്മ്യൂണിസ്റ്റ് ആശയങ്ങളിലേക്ക് അടുപ്പിച്ചത് അദ്ദേഹത്തിന്റെ പരന്ന വായനയാണ്. കാശിവിദ്യാപീഠത്തിൽ പഠിക്കാൻ പോയപ്പോൾ ശാസ്ത്രീയസോഷ്യലിസവുമായി ബന്ധപ്പെട്ട ഒട്ടേറെ ഗ്രന്ഥങ്ങൾ വായിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. നാട്ടിൽ തിരിച്ചുവന്ന ദാമോദരൻ തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ സമരങ്ങൾ

നയിക്കുകയും ചെയ്യാൻ തുടങ്ങി. ഫറൂക്കിലെ ഓട്ടു തൊഴിലാളികളുടെയും പൊന്നാനിയിലെ ബീഡി തൊഴിലാളികളുടെയും സമരങ്ങളിൽ ദാമോദരൻ നേതൃത്വപരമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടക്കുന്ന ഘട്ടമായിരുന്നു അത്. എസ്.വി. ഘാട്ടെ കോഴിക്കോട്ട് വന്നു. ഘാട്ടെയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ പങ്കെടുത്തവരിലൊരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപിള്ള, ഇ.എം.എസ്സ്, എൻ.സി. ശേഖർ എന്നിവരായിരുന്നു അതിൽ പങ്കെടുത്ത മറ്റു നേതാക്കൻമാർ. 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ രൂപീകരണത്തിനു വേദിയായ പിണറായി പാറപ്പുറം സമ്മേളനത്തിന്റെ സംഘാടകരിലൊരാളും ദാമോദരനായിരുന്നു.

ഒന്നാംതരം പ്രക്ഷോഭകാരിയായ ദാമോദരന് എഴുത്തിലും പ്രസംഗത്തിലും ലളിതമായ ഭാഷയിൽ മൂർച്ചയോടെ, യുക്തിഭദ്രമായി വിഷയങ്ങൾ അവതരിപ്പിക്കാൻ ഉണ്ടായിരുന്ന കഴിവ് അനിതരസാധാരണമാണ്. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്ത് തമ്പാനൂരിൽ യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ദാമോദരൻ നടത്തിയ പ്രസംഗം കോളിളക്കം തന്നെ സൃഷ്ടിച്ചു. നിരോധനം ലംഘിച്ചാണ് ദാമോദരൻ പ്രസംഗിച്ചത്. പ്രസംഗം കേട്ട് ആവേശംകൊണ്ട്, സർ സി.പി.യോടുള്ള രോഷം പ്രകടിപ്പിക്കാൻ പ്രവർത്തകർ പിരിഞ്ഞുപോകുമ്പോൾ വഴിനീളെ വിളക്കു കാലുകൾപോലും തല്ലിത്തകർത്തു.

കേരളത്തിൽ മാർക്സിസം- ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽ ദാമോദരൻ നിസ്തുലമായ പങ്കാണ് വഹിച്ചത്. കമ്മ്യൂണിസം എന്ത്, എന്തിന്? ഇന്ത്യയും സോഷ്യലിസവും, സോഷ്യലിസവും കമ്മ്യൂണിസവും, മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ, കമ്മ്യൂണിസവും ക്രിസ്തുമതവും തുടങ്ങിയ പുസ്തകങ്ങളിലും ലഘുലേഖകളിലും മാർക്സിസത്തിന്റെ ബാലപാഠങ്ങൾ ഏറ്റവും ലളിതമായി അദ്ദേഹം അവതരിപ്പിച്ചു. സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ വളച്ചുകെട്ടില്ലാതെ വിഷയങ്ങൾ അവതരിപ്പിക്കുകയായിരുന്നു ദാമോദരന്റെ ശൈലി.

കമ്മ്യൂണിസ്റ്റ് വിരുദ്ധരുടെ പ്രചരണങ്ങളെ ഫലപ്രദമായി നേരിടാനും ഖണ്ഡിക്കാനും അദ്ദേഹത്തിന് പ്രത്യേകം കഴിവുണ്ടായിരുന്നു. "യേശുക്രിസ്തു മോസ്കോവിൽ' എന്ന ലഘുലേഖ ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്.

പാർട്ടി പ്രവർത്തകരെ ആശയപരമായി ആയുധമണിയിക്കാൻ പാർട്ടി ക്ലാസ്സുകളെയും ദാമോദരൻ ഫലപ്രദമായി ഉപയോഗപ്പെടുത്തി.

കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരുടെ ആദ്യതലമുറകളെ മാർക്സിസ ത്തിന്റെ അടിസ്ഥാനതത്വങ്ങൾ പഠിപ്പിച്ചവരിൽ പ്രധാനിയാണ് ദാമോദ രൻ.

ചരിത്രത്തിലും ഭാരതീയദർശനങ്ങളിലും അഗാധപണ്ഡിതനായി രുന്നു ദാമോദരൻ. "ഇന്ത്യയുടെ ആത്മാവും" "ഭാരതീയ ചിന്തയും" ഭാര തത്തിന്റെ സമ്പന്നമായ പൈതൃകം വായനക്കാരെ ബോധ്യപ്പെടുത്തും. ഭൗതികവാദവും നിരീശ്വരവാദവും ഉൾപ്പെടെ പൗരാണിക ഭാരതത്തിൽ തഴച്ചു വളർന്ന ദർശനങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠവിവരണങ്ങൾ ഈ ഗ്രന്ഥങ്ങളിലുണ്ട്. ഭാരതത്തിന്റെ പൈതൃകത്തെ ദുർവ്യാഖ്യാനം ചെയ്യാൻ ഹിന്ദുത്വവാദികൾ നടത്തുന്ന ശ്രമങ്ങൾ തുറന്നു കാട്ടാൻ സഹാ യിക്കുന്നവയാണ് ദാമോദരന്റെ രചനകൾ. ഭൂമിയുടെ ഉത്ഭവവും മനു ഷ്യന്റെ പിറവിയും മുതലുള്ള ചരിത്രമാണ് 'മനുഷ്യൻ' എന്ന ഗ്രന്ഥ ത്തിൽ വിവരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തെ ശാസ്ത്രീയമായി സമീപിക്കുന്ന അപൂർവ്വഗ്രന്ഥങ്ങളിലൊന്നാണ് ദാമോദരന്റെ 'കേരള ചരിത്രം'. സാമ്പത്തിക വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതാണ് ഉറുപ്പിക, നാണയപ്രശ്നം, ധനശാസ്ത്ര പ്രവേശിക, ഇന്ത്യയുടെ സാമ്പ ത്തിക പ്രശ്നങ്ങൾ തുടങ്ങിയ രചനകൾ.

വൈജ്ഞാനിക മേഖലകൾക്കുപുറമെ സർഗാത്മകസാഹിത്യരം ഗത്തും ദാമോദരൻ കടന്നുചെന്നിരുന്നു. ആദ്യകാലത്ത് ചെറുകഥകളും കവിതകളുമാണ് എഴുതിയിരുന്നത്. കർഷകപ്രസ്ഥാനത്തിന്റെ പ്രക്ഷോ ഭങ്ങളെ സഹായിക്കാനായി രചിച്ച 'പാട്ടബാക്കി' മലയാള നാടകചരി ത്രത്തിലെ തന്നെ നാഴികക്കല്ലാണ്. പൊന്നാനിയിൽ നടന്ന കർഷകസ മ്മേളനത്തിലാണ് 'പാട്ടബാക്കി' ആദ്യമായി അവതരിപ്പിച്ചത്. പ്രമേയ ത്തിലും അവതരണത്തിലുമെല്ലാം അന്നുവരെ പരിചിതമായതിൽ നിന്നും തീർത്തും ഭിന്നമായ ജീവിതഗന്ധിയായ കലാസൃഷ്ടിയായിരുന്നു 'പാട്ട ബാക്കി'. ജൻമിത്വത്തെ തുറന്നു കാട്ടുന്ന 'പാട്ടബാക്കി' അക്കാലത്ത് ഇരുന്നൂറിലധികം വേദികളിൽ അവതരിപ്പിച്ചു. നാടകത്തിൽ ദാമോദരൻ അഭിനയിക്കുകയും ചെയ്തു. 'രക്തപാനം' എന്ന നാടകം കൂടി ദാമോദ രൻ രചിച്ചെങ്കിലും 'പാട്ടബാക്കി'ക്കു കിട്ടിയ പ്രചാരം അതിനു ലഭിച്ചിരു ന്നില്ല.

1964-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ദാമോദരൻ നല്ലൊരു പാർലമെന്റേറിയനായിരുന്നു. വിഷയങ്ങൾ നന്നായി പഠിച്ചു അവതരി പ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ഡൽഹിയിലെ താമസം പഠനത്തിനും ഗവേ ഷണത്തിനുമാണ് അദ്ദേഹം ഉപയോഗിച്ചത്. ജവഹർലാൽ നെഹ്റു

സർവ്വകലാശാലയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തെക്കുറിച്ചായിരുന്നു ദാമോദരൻ ഗവേഷണം നടത്തിയിരുന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ദേശീയ കൗൺസിൽ അംഗം തുടങ്ങിയ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. പാർട്ടിക്കകത്ത് സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറയാനും അതിനുവേണ്ടി വാദിക്കാനും അദ്ദേഹം ഒരിക്കലും മടികാണിച്ചിരുന്നില്ല. ദാമോദരന്റെ നിലപാടുകളോട് വിയോജിക്കുന്നവർ പോലും അദ്ദേഹത്തിന്റെ ആർജവവും ആത്മാർത്ഥതയും അംഗീകരിച്ചിരുന്നു.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ ദാമോദരൻ വഹിച്ച പങ്ക് അദ്വിതീയമാണ്. തലമുറകൾക്ക് മാർക്സിസത്തിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയ താത്വികാചാര്യനാണ് ദാമോദരൻ. അദ്ദേഹത്തിന്റെ രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ മുന്നോട്ടു വന്ന പ്രഭാത് ബുക്ക് ഹൗസ് അഭിനന്ദനമർഹിക്കുന്നു.

ജനുവരി 2009 **വെളിയം ഭാർഗ്ഗവൻ**

# ഉള്ളടക്കം


പേജ്

## ഭാഗം I

1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം 15
2. കേരളത്തിന്റെ സാമ്പത്തിക ഭദ്രത 37
3. പണമിറക്കാൻ ഗവൺമെന്റ്, ലാഭം തട്ടാൻ മുതലാളി 49

## ഭാഗം II

1. വിദ്യാഭ്യാസത്തിന്റെ നേരെ 72
2. രണ്ടു കൊല്ലങ്ങൾ 89
3. ഇടപെടൽ 95
4. പതിനൊന്നാം വകുപ്പും സംവരണവും 100
5. പുതിയ മന്ത്രിസഭ 105
6. കമ്മ്യൂണിസ്റ്റ്‌വിരുദ്ധ ശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല 108
7. കർഷകസമരം 116
8. സാമുദായിക ലഹളകളുടെ പാഠം 119
9. ഗോവവിമോചനം – അഭിനന്ദനങ്ങൾ 123

## ഭാഗം III

1. വളരുന്ന സോഷ്യലിസവും തകരുന്ന മുതലാളിത്തവും 126
2. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ 134
3. കോൺഗ്രസ്സിന്റെ സോഷ്യലിസം 140

4. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ 154
5. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം 165
6. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം 184
7. സാമ്പത്തികസ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേയ്ക്ക് 196

## ഭാഗം IV

1. യുട്ടോപ്യ 201
2. ഫാസിസം 218
3. ഫ്രഞ്ചുവിപ്ലവം 228
4. സോവിയറ്റ് ചൈന 243
5 മദ്ധ്യധരണ്യാഴിയിലെ വടംവലി 253
6. ജയിലിന്റെ മനഃശാസ്ത്രം 257

# ഭാഗം ഒന്ന്

## അദ്ധ്യായം 1

# കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം

### I

ഏതാണ്ട് അഞ്ചു നൂറ്റാണ്ടുകൾക്കു മുമ്പ്, ക്രിസ്താബ്ദം 1498–ലെ മെയ്മാസത്തിലൊരുദിവസം, കോഴിക്കോട്ട് സാമൂതിരി മഹാരാജാവിന്റെ അരമനയിൽ ദീർഘകായനായ ഒരു വെള്ളക്കാരൻ ഹാജരാക്കപ്പെട്ടു. വാസ്കോഡഗാമ എന്നായിരുന്നു ആ പരദേശിയുടെ പേർ. മഹാരാജാവിനെ കുമ്പിട്ടു വണങ്ങിക്കൊണ്ട് ഗാമ പറഞ്ഞു:–

"മഹാരാജാവേ, അങ്ങ് ഇന്ത്യയിലെ രാജാക്കന്മാരിൽ വച്ച് മഹാനും ശക്തനുമാണ്. അങ്ങയുടെ മാഹാത്മ്യത്തെപ്പറ്റി കേട്ടറിഞ്ഞ പോർച്ചുഗീസ് രാജാവ് അങ്ങയുടെ സ്നേഹത്തിനും സൗഹാർദ്ദത്തിനുംവേണ്ടി കൊതിച്ചുകൊണ്ടിരിക്കുകയാണ്."

കൂടിക്കാഴ്ചയ്ക്കുശേഷം സാമൂതിരി മഹാരാജാവ് പോർച്ചുഗലിലെ ഇമ്മാനുവൽ രാജാവിന്നു കൊടുക്കാൻ വേണ്ടി വാസാകോഡഗാമയെ ഏല്പിച്ച കത്തിൽ ഇങ്ങനെ പ്രസ്താവിച്ചു:–

"എന്റെ രാജ്യം സന്ദർശിച്ച വാസ്കോഡഗാമ എന്നെ വളരെയധികം സന്തുഷ്ടനാക്കിയിരിക്കുന്നു. എന്റെ രാജ്യത്തിൽ ധാരാളം കുരുമുളകും ഏലവും ഇഞ്ചിയും കറാമ്പൂവും രത്നങ്ങളുമുണ്ട്. താങ്കളുടെ രാജ്യത്തിൽനിന്ന് ഞാനാവശ്യപ്പെടുന്നത് സ്വർണ്ണവും വെള്ളിയും പവിഴവും പട്ടുകളുമാണ്."

അങ്ങനെ, കേരളവും പോർച്ചുഗലും തമ്മിൽ പുതിയ കച്ചവടബ ന്ധങ്ങളാരംഭിച്ചു. ലോകചരിത്രത്തിന്റെ ഗതിയെയാകെ മാറ്റി മറിച്ച ഒരു സംഭവവികാസമായിരുന്നു അത്.

കേരളവും പാശ്ചാത്യരാജ്യങ്ങളും തമ്മിലുള്ള കച്ചവട ബന്ധങ്ങൾ അതിന്നുമുമ്പുമുണ്ടായിരുന്നു. ക്രിസ്താബ്ദത്തിന്നു എട്ടു പത്തു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഫിനീഷ്യക്കാർ കേരളത്തിൽ നിന്ന് ആനക്കൊമ്പ്, ചന്ദനത്തടി, കുരുമുളക് മുതലായ ചരക്കുകൾ വാങ്ങിക്കൊണ്ടുപോയിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈജിപ്തുകാർ, ജൂതന്മാർ, ഗ്രീക്കുകാർ, റോമാക്കാർ തുടങ്ങിയ പലരും കേരളക്കരയുമായി കച്ചവടബന്ധങ്ങൾ പുലർത്തിയിരുന്നു. ഓട് തുടങ്ങിയ ലോഹങ്ങൾകൊണ്ടുണ്ടാക്കിയ വിശേഷ സാമഗ്രികളും സുഗന്ധദ്രവ്യങ്ങളും പട്ടുതുണിത്തരങ്ങളും മറ്റും യവന റോമാ സാമ്രാജ്യത്തിൽ ധാരാളം പ്രശസ്തിയാർജ്ജിച്ചിരുന്നു. നൂലുകൊണ്ടുള്ള വസ്ത്രങ്ങൾക്കു പുറമേ, എലിയുടേയും മറ്റും രോമം കത്രിച്ചെടുത്തുണ്ടാക്കിയ തുണിത്തരങ്ങൽ കേരളത്തിൽ അക്കാലത്തു നെയ്തുണ്ടാക്കിയിരുന്നു എന്നു ചില ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു. റോമൻ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കു ശേഷം ഈ കച്ചവടബന്ധത്തിന്നു വലിയ ഉലച്ചിൽ തട്ടി. പക്ഷേ, ക്രിസ്താബ്ദം 8-ാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും കേരളം അറബികളുമായും ചൈനക്കാരുമായും പുതിയ കച്ചവടബന്ധങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിരുന്നു. 15-ാം നൂറ്റാണ്ടിന്റെ അവസാനംവരേയും അറബികളാണ് കേരളത്തിൽ വിദേശ വ്യാപാരത്തിന്റെ നേതൃത്വം വഹിച്ചത്. മുസ്ലീം കച്ചവടക്കാർ കേരളത്തിൽ നിന്ന് കുരുമുളകും സുഗന്ധദ്രവ്യങ്ങളും മരുന്നുകളും മറ്റും യൂറോപ്പിലേക്കു കയറ്റി അയച്ചിരുന്നതു മദ്ധ്യപൗരസ്ത രാജ്യങ്ങളിലൂടെ വെനീസ് വഴിക്കാണ്. വെനീസ് അക്കാലത്തു യൂറോപ്പിലെ ഏറ്റവും പ്രമുഖമായ ഒരു കച്ചവടകേന്ദ്രമായിരുന്നു. വെനീസിലെ കച്ചവടക്കാർ കേരളത്തിൽ നിന്ന് വരുന്ന ചരക്കുകൾ ജർമ്മൻ പട്ടണങ്ങളിലെ കച്ചവടക്കാർക്കു വിറ്റ് നല്ല ലാഭമുണ്ടാക്കും. ജർമ്മൻ കച്ചവടക്കാർ അവയെ യൂറോപ്പിലാകെ വിതരണംചെയ്യും. അവരും പിടിപ്പതു ലാഭം സമ്പാദിക്കും. അങ്ങനെ, യൂറോപ്പിലെ ഉപഭോക്താക്കളുടെ കയ്യിലെത്തുമ്പോഴേക്കും ചരക്കുകളുടെ വില പതിന്മടങ്ങു വർദ്ധിച്ചിട്ടുണ്ടാവും.

ലാഭം പങ്കിടുന്ന കാര്യത്തിൽ യൂറോപ്യൻ കച്ചവടക്കാരും വെനീഷ്യൻ കച്ചവടക്കാരും തമ്മിൽ മത്സരങ്ങളാരംഭിച്ചു. ഈ കച്ചവടമത്സരങ്ങളിൽ നിന്നാണ് ഗുഡ്ഹോപ്പ് മുനമ്പുവഴിയായി പൗരസ്ത്യരാജ്യങ്ങളിലേക്കു പുതിയൊരു ജലമാർഗ്ഗം കണ്ടുപിടിക്കാനുള്ള പരിശ്രമങ്ങളു

ണ്ടായത്. അങ്ങനെയാണ് ഒടുവിൽ, 1498 മെയ്മാസത്തിൽ വാസ്കോ ഡഗാമ കോഴിക്കോട്ടെത്തിയത്.

ഗാമയുടെ വിജയത്തിന്റെ ചരിത്രപ്രാധാന്യത്തെപ്പറ്റി ലിയോ ഹ്യൂബർമാൻ തന്റെ 'മനുഷ്യന്റെ ഭൗതികസമ്പത്ത്' എന്ന പുസ്തകത്തിലെഴുതുന്നു:-

"പൗരസ്ത്യനാടുകളിലേക്കുള്ള ഗതാഗമാർഗ്ഗത്തിൽ പണമുണ്ടായിരുന്നു - ഒരു പാടു പണം. വാസ്കോഡഗാമയുടെ ഒന്നാമത്തെ ഇന്ത്യൻ യാത്രയിൽ കിട്ടിയ ലാഭം 6000 ശതമാനമാണ്! ആപല്ക്കരമല്ലെങ്കിലും ആദായകരമായ ഈ യാത്രയ്ക്കു മറ്റു കപ്പലുകളും തയ്യാറായതിൽ അത്ഭുതമുണ്ടോ? കച്ചവടം പതിന്മടങ്ങു വർദ്ധിച്ചു. വെനീസ് ഈജിപ്തിലെ സുൽത്താനിൽനിന്നു കൊല്ലംതോറും 4,20,000 റാത്തൽ കുരുമുളകാണ് വാങ്ങിയിരുന്നത്. ഇപ്പോളാകട്ടെ, പോർച്ചുഗലിലേക്കു മടങ്ങിപ്പോകുന്ന ഒരൊറ്റ കപ്പലിൽ മാത്രം 2,00,000 റാത്തലുണ്ട്! പൗരസ്ത്യരാജ്യങ്ങളിലേക്കുള്ള പഴയ വഴി തുർക്കികൾ പിടിച്ചടക്കിയാലെന്താണ്? വെനീസുകാർ അമിതമായ വിലകൾ ചുമത്തിയാലെന്താണ്? പൗരസ്ത്യദേശങ്ങളിലേക്ക് ഗുഡ് ഹോപ്പ് മുനമ്പിലൂടേയുള്ള ഗതാഗതമാർഗ്ഗം യൂറോപ്യൻ കച്ചവടക്കാരെ തുർക്കികളുടെ സന്നസ്സിൽനിന്നും വെനീസുകാരുടെ കുത്തകയിൽ നിന്നും വിമുക്തരാക്കി."

1499 സെപ്തമ്പറിൽ ഒരു കച്ചവടക്കപ്പൽ നിറയെ ചരക്കുകളുമായി ഗാമ ലിസ്ബണിൽ മടങ്ങിയെത്തി. 'ആപല്ക്കരമെങ്കിലും ആദായകരമായ' ഈ യാത്രയിൽ ഒട്ടാകെ ചെലവായതിന്റെ 60 ഇരട്ടി വിലപിടിച്ച ചരക്കുകൾ ആ ഒരൊറ്റ കപ്പലിലുണ്ടായിരുന്നു!

ലാഭം സമ്പാദിക്കാനുള്ള ഈ എളുപ്പവഴി യൂറോപ്പിലെ മുഴുവൻ കച്ചവടക്കാരേയും തട്ടിയുണർത്തി. പോർച്ചുഗൽ, ഹോളണ്ട്, ഫ്രാൻസ്, ഇംഗ്ലണ്ട് - എല്ലാ രാജ്യങ്ങളിൽനിന്നും കേരളത്തിലേക്കു തുരുതുരേ കപ്പലുകൾ വരാൻ തുടങ്ങി. ഇന്ത്യയും യൂറോപ്യൻ രാജ്യങ്ങളും തമ്മിൽ പുതിയ കച്ചവടബന്ധങ്ങളാരംഭിച്ചു. കച്ചവടമത്സരം രാഷ്ട്രീയാധികാരത്തിന്നുവേണ്ടിയുള്ള വടംവലികൾക്കു വഴിവച്ചുകൊടുത്തു. ഇന്ത്യൻ നാടുവാഴി രാജാക്കന്മാർക്കിടയിലുള്ള സ്പർദ്ധകളെ ചൂഷണംചെയ്തുകൊണ്ട് ഇന്ത്യയുടെ മണ്ണിൽവച്ച് യൂറോപ്യൻ കച്ചവടക്കാർ പരസ്പരം മത്സരിക്കുകയും യുദ്ധംവെട്ടുകയും ചെയ്തു. ഈ മത്സരങ്ങളിലും യുദ്ധങ്ങളിലും അവസാനമായി വിജയം നേടിയത് ഇംഗ്ലീഷുകാരാണ്. 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലമായപ്പോഴേക്കും ബ്രിട്ടീഷുകാർ തങ്ങളുടെ യൂറോപ്യൻ പ്രതിയോഗികളേയും ഇന്ത്യാക്കാരായ ഭരണാധികാരികളേയും എല്ലാം തോല്പിച്ച് ഇന്ത്യയുടെ രാഷ്ട്രീയാധികാരം കരസ്ഥമാക്കി.

## II

കേവലം കച്ചവടപരമായ ഉദ്ദേശ്യങ്ങളോടുകൂടിയാണ് 17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈസ്റ്റിൻഡ്യാ കമ്പനി സ്ഥാപിക്കപ്പെട്ടത്. ബ്രിട്ടീഷു വ്യവസായച്ചരക്കുകൾ വിറ്റഴിക്കുക എന്നതായിരുന്നില്ല, ഇന്ത്യയിൽനിന്നു ചരക്കുകൾ വാങ്ങി യൂറോപ്യൻ രാജ്യങ്ങളിൽ വിറ്റു ലാഭം സമ്പാദിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. കുരുമുളക്, ഏലം തുടങ്ങിയ കാർഷികവിളകൾക്കു മാത്രമല്ല, ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട തുണിച്ചരക്കുകൾ, സില്ക്കു തുണികൾ മുതലായവയ്ക്കും പാശ്ചാത്യരാജ്യങ്ങളിൽ നല്ല ഡിമാൻഡുണ്ടായിരുന്നു. പക്ഷേ, ഈ ചരക്കുകൾ വാങ്ങണമെങ്കിൽ പകരമെന്തെങ്കിലും കൊടുക്കണ്ടേ? രോമത്തുണിയല്ലാതെ ബ്രിട്ടനിൽ മറ്റൊന്നുമുണ്ടായിരുന്നില്ല. ഇന്ത്യയുടേതുപോലുള്ള മേത്തരം തുണിത്തരങ്ങൾ നിർമ്മിക്കാൻ ബ്രിട്ടീഷുകാർക്കു സാധിച്ചിരുന്നില്ല. ബ്രിട്ടൻ ഒരു കാർഷികരാജ്യമായിരുന്നു. ആധുനിക വ്യവസായങ്ങളൊന്നും ആവിർഭവിച്ചുകഴിഞ്ഞിരുന്നില്ല. ഇന്ത്യൻ ചരക്കുകൾക്കു പകരമായി സ്വർണ്ണവും വെള്ളിയും കൊടുക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. കൊല്ലംതോറും 30,000 പവൻ വിലപിടിച്ച സ്വർണ്ണവും വെള്ളിയും ഇന്ത്യയിലേക്കു കയറ്റി അയയ്ക്കാൻ ഈസ്റ്റിൻഡ്യാ കമ്പനിക്കു അധികാരം നല്കപ്പെട്ടിരുന്നു.

18-ാം നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേക്കും ഈ സ്ഥിതിയിലൊരു മാറ്റം വന്നു. ഇന്ത്യയുടെ രാഷ്ട്രീയ മേധാവിത്വം ബ്രിട്ടീഷുകാരുടെ കൈയിലായി. രാഷ്ട്രീയാധികാരമുപയോഗിച്ചുകൊണ്ട് ഇന്ത്യയിൽനിന്നുതന്നെ പലതരത്തിലും സ്വത്തുക്കൾ കൊള്ളയടിച്ചുണ്ടാക്കാൻ ബ്രിട്ടീഷു കച്ചവടക്കാർക്കു സാധിച്ചു. ഇപ്രകാരം ഇന്ത്യയിൽനിന്നു കൊള്ളയടിച്ചു കടത്തിക്കൊണ്ടുപോയ പണവും മറ്റു സ്വത്തുക്കളുമാണ് ബ്രിട്ടനിൽ വ്യവസായവിപ്ലവത്തിന്നു പ്രചോദനം നല്കിയത്.

18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കണ്ടുപിടിക്കപ്പെട്ട നൂൽനൂല്പുയന്ത്രത്തിന്റേയും നെയ്ത്തു യന്ത്രത്തിന്റേയും സഹായത്തോടുകൂടി ഇന്ത്യയിലേതിനേക്കാൾ പരിഷ്കരിച്ച തുണിത്തരങ്ങൾ നിർമ്മിക്കാൻ ബ്രിട്ടന്നു സാധിക്കുമെന്നായി. ക്രമത്തിൽ, അതേവരെ തുണി ഇറക്കുമതിചെയ്ത ബ്രിട്ടൻ അന്യനാടുകളിലേക്കു തുണി കയറ്റി അയയ്ക്കുന്ന രാജ്യമായി മാറി. അതോടെ മുതലാളികളുടെ സ്വഭാവത്തിൽത്തന്നെ മാറ്റങ്ങളുണ്ടായി. കച്ചവട മുതലാളികളുടെ സ്ഥാനത്ത് വ്യവസായ മുതലാളികൾ ആവിർഭവിച്ചു. ഈ പരിവർത്തനം ഇന്ത്യയുടെ സാമ്പത്തികരംഗത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ നിർണ്ണായകമാണ്. ഉയർന്ന സാങ്കേ

തികരീതികളുപയോഗിച്ചു നിർമ്മിക്കപ്പെട്ട ബ്രിട്ടീഷു ചരക്കുകൾ വിദൂരങ്ങളായ ഉൾനാടുകളിൽപോലും കടന്നുചെന്ന് ഇന്ത്യയുടെ കൈ വേലകളേയും കൈത്തൊഴിലുകളേയും പോരിന്ന് വിളിച്ചു. കൈകൊണ്ടുണ്ടാക്കുന്ന ചരക്കുകൾക്കു യന്ത്രംകൊണ്ടുണ്ടാക്കുന്ന ചരക്കുകളോട് മാർക്കറ്റിൽ കിടപിടിക്കാൻ കഴിയില്ലെന്നു പറയേണ്ടതില്ലല്ലോ. വില കൂടിയ ചരക്കുകൾ വില കുറഞ്ഞ ചരക്കുകളുടെ മുമ്പിൽ മുട്ടുകുത്തി. ആധുനിക വ്യവസായങ്ങളുമായി മത്സരിക്കാൻ കഴിയാതെ ഇന്ത്യയുടെ കൈവേലകളും കൈത്തൊഴിലുകളും തകരാൻ തുടങ്ങി. മാർക്സും ഏംഗെൽസും തങ്ങളുടെ 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ'വിൽ ചൂണ്ടിക്കാണിച്ചതുപോലെ, 'എല്ലാ ചൈനീസു മതിലുകളേയും ഇടിച്ചു നിരപ്പാക്കാനും വിദേശീയരെ അതികഠിനമായി വെറുക്കുന്ന അപരിഷ്കൃതരെ മുട്ടുകുത്തിക്കാനും വേണ്ടി മുതലാളിത്തം പ്രയോഗിക്കുന്ന പീരങ്കി സ്വന്തം ചരക്കുകളുടെ ലാഭവിലയാണ്."

എന്നാൽ, സാങ്കേതിക വൈദഗ്ദ്ധ്യമുപയോഗിച്ചു കുറഞ്ഞ വിലയ്ക്കു ചരക്കുകൾ വില്ക്കാൻ കഴിഞ്ഞതുകൊണ്ടു മാത്രമല്ല ബ്രിട്ടീഷുകാർ വിജയിച്ചത്. ഭരണാധികാര ശക്തിയേയും അവർ സമർത്ഥമായി ഉപയോഗിച്ചു. 'ഇന്നത്തെ ഇന്ത്യ' എന്ന തന്റെ സുപ്രസിദ്ധ ഗ്രന്ഥത്തിൽ പാമ്ദത്ത് ഇംഗ്ലണ്ടിലെ പാർലമെണ്ടു റിപ്പോർട്ടുകൾ ഉദ്ധരിച്ചുകൊണ്ട് വിവരിക്കുന്നതു നോക്കുക:-

"1840-ലെ പാർലമെണ്ടറി അന്വേഷണക്കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു:- 'ഇന്ത്യയിൽ ഇറക്കുമതിചെയ്ത ബ്രിട്ടീഷു പരുത്തിത്തുണികൾക്കും സില്ക്കുകൾക്കും 3 1/2 ശതമാനവും രോമത്തുണികൾക്കു 2 ശതമാനവും ചുങ്കം മാത്രമാണ് കൊടുക്കേണ്ടിവന്നത്. എന്നാൽ, ഇന്ത്യയിൽനിന്ന് ബ്രിട്ടനിൽ ഇറക്കുമതിചെയ്ത പരുത്തിത്തുണികൾക്ക് 10 ശതമാനവും സില്ക്കു തുണികൾക്ക് 20 ശതമാനവും രോമത്തുണികൾക്ക് 30 ശതമാനവും ചുങ്കം കൊടുക്കേണ്ടിവന്നു.

"ഇങ്ങനെ, യന്ത്രവ്യവസായത്തിന്റെ സാങ്കേതിക മേന്മയുടെ അടിസ്ഥാനത്തിൽ മാത്രമല്ല, ബ്രിട്ടീഷുകാർ പ്രവർത്തിച്ചത്. ഭരണകൂടത്തിന്റെ സഹായത്തോടുകൂടി ബ്രിട്ടീഷു താൽപ്പര്യങ്ങൾക്ക് സ്വതന്ത്രമായി വികസിക്കുന്നതിനുള്ള ഒരന്തരീക്ഷം സൃഷ്ടിക്കപ്പെടുകകൂടി ചെയ്തു. അതായത്, ബ്രിട്ടീഷുല്പന്നങ്ങളെ ഇന്ത്യയിൽ കൊണ്ടുവന്ന് നിർബാധം വിറ്റഴിക്കാൻ സൗകര്യമുണ്ടായി. അതേസമയത്ത് ഇന്ത്യൻ ചരക്കുകൾ ബ്രിട്ടനിലേക്കോ മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്കോ കയറ്റി അയയ്ക്കുന്നതിൽ വളരെയധികം തടസ്സങ്ങളുണ്ടായിരുന്നുതാനും. അതിനു പറ്റിയ

എല്ലാത്തരം നിയമങ്ങളും അവർ സൃഷ്ടിച്ചുവച്ചു. ഇപ്രകാരം ബ്രിട്ടീഷു വ്യവസായികൾ ഇന്ത്യൻ വിപണികളെ പിടിച്ചടക്കുകയും ഇന്ത്യൻ വ്യവസായം ഗതിമുട്ടി നശിച്ചുപോകുകയും ചെയ്തു.

"പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലാണ് ഈ പദ്ധതി നിർണ്ണായകമായ വിധത്തിൽ നടപ്പിലാക്കപ്പെട്ടത്. എന്നാൽ, അതിന്റെ ഫലങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ മുഴുവനും മാത്രമല്ല, ഇരുപതാം നൂറ്റാണ്ടിൽപ്പോലും തുടർന്നു നിലനിന്നു. ബ്രിട്ടീഷു നിർമ്മാതാക്കളുടെ ത്വരിതമായ പുരോഗതിയോടൊപ്പം ഇന്ത്യയുടെ വ്യവസായങ്ങൾ അധഃപതിച്ചുകൊണ്ടുവന്നു.

"1814 നും 1835 നുമിടയിൽ പ്രതിവർഷം ഇന്ത്യയിലിറക്കുമതിചെയ്യപ്പെട്ട ബ്രിട്ടീഷ് പരുത്തിത്തുണിച്ചരക്കുകൾ 10 ലക്ഷം വാരയിൽ നിന്ന് 5 കോടി 10 ലക്ഷം വാരയായി വർദ്ധിച്ചു. ഇതേകാലത്ത് ബ്രിട്ടനിൽ ഇറക്കുമതിചെയ്യപ്പെട്ട ഇന്ത്യൻ പരുത്തിത്തുണിച്ചരക്കുകൾ 12 1/2 ലക്ഷം പീസിൽ നിന്ന് 3 ലക്ഷത്തി ആറായിരം പീസായി കുറഞ്ഞു. 1844 ആയപ്പോഴേക്കും അതു വെറും 63,000 പീസ് മാത്രമായിത്തീർന്നു.

"വിലകളിലുണ്ടായ വ്യത്യാസങ്ങളും ഞെട്ടിപ്പിക്കുന്നവയാണ്. 1815 ന്നും 1832 ന്നുമിടയിൽ ഇന്ത്യയിൽ നിന്ന് കയറ്റുമതിചെയ്ത ചരക്കുകളുടെ വില 13 ലക്ഷം പവനിൽ നിന്ന് 1 ലക്ഷം പവനായി ചുരുങ്ങി. അതായത്, 17 കൊല്ലം കൊണ്ട് വ്യാപാരത്തിന്റെ 13-ൽ 12 ഭാഗം നഷ്ടപ്പെട്ടു. ഇതേകാലത്തു ഇന്ത്യയിൽ ഇറക്കുമതിചെയ്യപ്പെട്ട ബ്രിട്ടീഷു തുണിത്തരങ്ങളുടെ വില 26,000 പവനിൽനിന്ന് 4 ലക്ഷം പവനായി ഉയർന്നു. അതായത്, 16 മടങ്ങു വർദ്ധിച്ചു. ഇങ്ങനെ, നൂറ്റാണ്ടുകളായി ലോകത്തിലെ എല്ലാ രാജ്യങ്ങളിലേക്കും പരുത്തിത്തുണികൾ കയറ്റി അയച്ചുകൊണ്ടിരുന്ന ഇന്ത്യ 1850 ആയപ്പോഴേക്കും ഒട്ടാകെയുള്ള ബ്രിട്ടീഷു തുണിച്ചരക്കുകളുടെ കാൽഭാഗം ഇറക്കുമതിചെയ്യുന്ന ഒരു രാജ്യമായി മാറി.

"യന്ത്രത്തിൽ നിർമ്മിച്ച വസ്ത്രങ്ങൾ നെയ്ത്തുകാരെ നശിപ്പിച്ചതുപോലെ യന്ത്രത്തിലുണ്ടാക്കിയ നൂല് നൂല്പുകാരേയും നശിപ്പിച്ചു. 1818 ന്നും 1836 ന്നുമിടയിൽ ബ്രിട്ടനിൽനിന്ന് ഇന്ത്യയിലേക്കു കയറ്റി അയച്ച യന്ത്ര നിർമ്മിതമായ പരുത്തി നൂല് 5500 ഇരട്ടികണ്ടു വർദ്ധിച്ചു. സില്ക്ക്, രോമത്തുണികൾ, ഇരുമ്പ്, കളിമൺ പാത്രങ്ങൾ, ഗ്ലാസ്, കടലാസ് തുടങ്ങിയ മറ്റുല്പന്നങ്ങൾക്കും ഇതേ വിധിതന്നെയാണുണ്ടായത് എന്നു കാണാം."

ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും ഇങ്ങനെയൊക്കെത്തന്നെയാണുണ്ടായത്.

## III

പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയ വിദേശീയരുമായുള്ള ബന്ധങ്ങൾ ആദ്യകാലത്ത് പ്രത്യേകിച്ചും, കേരളത്തിലെ ചരക്കുല്പാദനത്തേയും കച്ചവടത്തേയും പൂർവ്വാധികം അഭിവൃദ്ധിപ്പെടുത്തുകയാണ് ചെയ്തത്. ഈ അഭിവൃദ്ധി മൂന്നു നൂറ്റാണ്ടുകളോളം കാലം നിലനിന്നു. 1698 ന്നും 1702 ന്നുമിടയിലുള്ള 4 വർഷക്കാലത്തു കേരളത്തിൽനിന്ന് ഇംഗ്ലണ്ടിലേക്കു 2 കോടി 75 ലക്ഷം റാത്തൽ കുരുമുളക് കയറ്റി അയയ്ക്കുകയുണ്ടായി എന്നു കാണുന്നു. ഇതുപോലെ മറ്റു കയറ്റുമതികളും വർദ്ധിച്ചു.

ആദ്യകാലത്ത് കേരളത്തിലെ ചരക്കുകൾ കൊടുത്തു പകരം യൂറോപ്പിലെ ചരക്കുകൾ വാങ്ങുകയായിരുന്നു പതിവ്. പണത്തിന്നു വലിയ പ്രാധാന്യമുണ്ടായിരുന്നില്ല. എന്നാൽ, കച്ചവടം അഭിവൃദ്ധിപ്പെട്ടപ്പോൾ പണത്തിന്റെ ഉപയോഗവും വർദ്ധിച്ചു. 1657-ൽ കേരളം സന്ദർശിച്ച വിസെൻസോ മരിയാ എന്ന യൂറോപ്യൻ സഞ്ചാരി താൻ കണ്ട നാണ്യങ്ങളേപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. കണ്ണൂർ, കോഴിക്കോട്, കൊച്ചി, തിരുവിതാംകൂർ എന്നീ നാലു രാജ്യങ്ങൾക്കും സ്വന്തമായ നാണ്യങ്ങളുണ്ടായിരുന്നുവെന്നും അവയുടെ വിലകൾ വ്യത്യസ്തങ്ങളായിരുന്നുവെന്നും അദ്ദേഹം പറയുന്നു. മുഖ്യമായ നാണ്യം പണം എന്ന പേരിലാണറിയപ്പെട്ടിരുന്നത്. ഒരു പണം സുമാർ രണ്ടു ഷില്ലിങ്ങിന്നു സമമായിരുന്നു എന്നു 1800-ൽ കേരളം സന്ദർശിച്ച ഡോക്ടർ ബുക്കാനൻ ചൂണ്ടിക്കാണിക്കുന്നു.

പണത്തിന്റെ അടിസ്ഥാനത്തിലുള്ള കൊള്ളക്കൊടക്കലുകൾ ചരക്കുല്പാദനത്തെ ത്വരിതപ്പെടുത്തി. കച്ചവടക്കാരുടെ പ്രാധാന്യം വർദ്ധിച്ചു. അവർ ബുദ്ധിമുട്ടുന്ന ഉല്പാദകർക്കു മുൻകൂട്ടി പണം കൊടുക്കുകയും ഉല്പന്നങ്ങൾ തയ്യാറായാൽ അവയേറ്റെടുത്തു വിറ്റ് ധാരാളം ലാഭം സമ്പാദിക്കുകയും ചെയ്യും. ഈ കച്ചവട മുതലാളികളാണ് മാർക്കറ്റു വിലകളെ നിയന്ത്രിച്ചിരുന്നത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും മലബാറും കൊച്ചിയും തിരുവിതാംകൂറും ബ്രിട്ടീഷുകാരുടെ മേധാവിത്വത്തിലായി. എങ്കിലും, പഴയ സാമ്പത്തിക വ്യവസ്ഥയും പഴയ ഉല്പാദന രീതിയും വലിയ മാറ്റങ്ങളൊന്നും കൂടാതെ അപ്പോഴും നിലനിന്നുപോന്നു. ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ ഇന്ത്യയിലെത്തിക്കഴിഞ്ഞിരുന്നില്ല. ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും കച്ചവടമുതലാളിത്തം വളർന്നുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്.

ക്രിസ്താബ്ദം 1800-ൽ ഇന്ത്യയിലെ ഗവർണർ ജനറൽ വെല്ലെസ്ലി പ്രഭു തെക്കേ ഇന്ത്യയിലെ സാമ്പത്തിക സ്ഥിതിയേപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ വേണ്ടി ഈസ്റ്റിൻഡ്യാക്കമ്പനിയിലെ ഒരുദ്യോഗസ്ഥനായിരുന്ന ഡോക്ടർ ഫ്രാൻസിസ് ബുക്കാനനെ നിയോഗിച്ചയയ്ക്കുകയുണ്ടായി. മദ്രാസിൽനിന്നു പുറപ്പെട്ടു കർണാടകം, മൈസൂർ, കോയമ്പത്തൂർ, കൊച്ചി, മലബാർ, കാനറാ മുതലായ സ്ഥലങ്ങളിലെല്ലാം വളരെയേറെ ചുറ്റി സഞ്ചരിച്ചു കാര്യങ്ങൾ നേരിട്ടു കണ്ടുപഠിച്ചതിന്നുശേഷം തന്റെ യാത്രാനുഭവങ്ങളേപ്പറ്റിയും അന്വേഷണഫലങ്ങളേപ്പറ്റിയുമുള്ള ഒരു ഡയറി മൂന്നു വാല്യങ്ങളിലായി ഡോക്ടർ ബുക്കാനൻ പ്രസിദ്ധം ചെയ്തു. കേരളക്കരയുടെ അന്നത്തെ സാമ്പത്തികസ്ഥിതിയുടെ ഏതാണ്ടൊരു രൂപം ഈ പുസ്തകത്തിൽനിന്നു മനസ്സിലാക്കാൻ സാധിക്കും.

കേരളത്തിലക്കാലത്തുണ്ടായിരുന്ന വിവിധങ്ങളായ കൈവേലകളേപ്പറ്റിയും കൈത്തൊഴിലകളേപ്പറ്റിയും കുടിൽ വ്യവസായങ്ങളേപ്പറ്റിയും ബുക്കാനൻ വിവരിക്കുന്നുണ്ട്. ഇരുമ്പ്, തുണി, എണ്ണ, മെഴുകുതിരി, വള, നീലം, ചായങ്ങൾ, ലേസ്, കയറുല്പന്നങ്ങൾ തുടങ്ങിയ സാമഗ്രികൾ നിർമ്മിക്കുന്ന പലതരം വ്യവസായങ്ങളും അക്കാലത്തുണ്ടായിരുന്നു. പരിഷ്കരിച്ച യന്ത്രങ്ങളൊന്നുമുണ്ടായിരുന്നില്ല. എങ്കിലും, ഏറ്റവും വിദഗ്ദ്ധമായ രീതിയിൽ ഈ തൊഴിലുകളെല്ലാം നടത്തപ്പെട്ടിരുന്നു. ഉദാഹരണത്തിന്, ഏറനാട്-വള്ളുവനാട്-പാലക്കാട് പ്രദേശങ്ങളിൽ നിലനിന്നിരുന്ന ഇരുമ്പുല്പാദന വ്യവസായത്തെപ്പറ്റി ബുക്കാനൻ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. പിക്കാസുകൊണ്ടാണ് ഇരുമ്പയിർ കുഴിച്ചെടുത്തിരുന്നത്. മരപ്പാത്തി, അടുപ്പ്, പുകക്കുഴൽ, ഉല എന്നിങ്ങനെ ഇരുമ്പു ശുദ്ധിചെയ്തെടുക്കുന്ന ഉപകരണത്തിന്റെ വിവിധ ഭാഗങ്ങളേപ്പറ്റിയും അവയുപയോഗിക്കുന്ന രീതിയേപ്പറ്റിയും ഒരു ചിത്രത്തിന്റെ സഹായത്തോടുകൂടി വിസ്തരിച്ചു വിവരിച്ചതിന്നുശേഷം ബുക്കാനൻ എഴുതുന്നു:-

"........63 റാത്തൽ വീതം തൂക്കമുള്ള 10 ചാക്ക് കരി മുകളിലുള്ള പുകക്കുഴലിൽ ഇടുന്നു. കരിക്കു തീ കൊടുത്താൽ ഉല പ്രവർത്തിക്കാൻ തുടങ്ങും. അതോടെ മുൻകൂട്ടി തയ്യാറാക്കിവെയ്ക്കപ്പെട്ടതും 2160 റാത്തൽ തൂക്കം വരുന്നതുമായ ഇരുമ്പുപൊടി ഉരുക്കുവാൻ ആരംഭിക്കുകയായി. 20 ചാക്കു കരി കൂടി ഉപയോഗിക്കേണ്ടിവരും. ഇടവിടാതെ 24 മണിക്കൂറും പ്രവൃത്തി നടന്നുകൊണ്ടിരിക്കണം. രണ്ടോ മൂന്നോ പേർ മാറി മാറി ഉല ചലിപ്പിച്ചുകൊണ്ടിരിക്കും. പ്രധാന പ്രവൃത്തിക്കാരൻ തീ കത്തിക്കുന്ന കാര്യത്തിൽ പ്രത്യേകം മനസ്സിരുത്തുകയും ആവശ്യമുള്ളപ്പോൾ കരിയും ഇരുമ്പുപൊടിയും ചേർത്തുകൊണ്ടിരിക്കുകയും ചെയ്യും. അങ്ങനെ, വിഘ്നമൊന്നും കൂടാതെ പ്രവൃത്തി നടക്കുന്നു. ഇരുമ്പ് ഉരുകി രൂപപ്പെട്ടാൽ അടുപ്പിന്റെ പിൻഭാഗത്തുള്ള ദ്വാരം അടച്ചു മണ്ണ് എടുക്കുകയും

സ്ഫടികതുല്യമായ പ്രസ്തുത വസ്തുവിന്ന് ഒഴുകുവാൻ വഴിയുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നു. ഇരുമ്പിന്റെ അംശം അതിൽ ധാരാളമുണ്ടായിരിക്കും. അപൂർണ്ണമായ ഈ നിർമ്മാണസമ്പ്രദായത്തിന്ന് ഇതിലധികം പരിശുദ്ധിയുണ്ടാക്കാൻ സാധ്യമല്ല. പിന്നീട് ഉല എടുക്കുകയും അടുപ്പിന്റെ മുൻഭാഗത്തു തേവിയ മണ്ണ് നീക്കുകയും ചെയ്യുന്നു. കത്തിക്കഴിയാറായ കരി വേർതിരിക്കുകയും വെള്ളമൊഴിച്ചു കെടുത്തിവയ്ക്കുകയും ചെയ്യുന്നു. ഉരുക്കപ്പെട്ട ഇരുമ്പ് 24 മണിക്കൂർ നേരം തണുക്കുന്നതിന്നായി മണലിൽത്തന്നെ നിറുത്തുന്നു. നിർമ്മാണത്തിന്റെ വിജയമനുസരിച്ച് 8 മുതൽ 10 തുലാം വരെ ഇരുമ്പുണ്ടായിരിക്കും അതിൽ. അതായത്, 256 മുതൽ 384 റാത്തൽ വരെ. ഉരുകിയ ഇരുമ്പു തണുത്തുകഴിഞ്ഞാൽ ഒരു വലിയ ചുറ്റികകൊണ്ടടിച്ച് അതിനെ കഷണങ്ങളാക്കി മുറിക്കുകയും ചെയ്യുന്നു.........."

ഈ നിർമ്മാണസമ്പ്രദായം അപരിഷ്കൃതമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. എങ്കിലും, കേരളീയരുടെ കൈവിരുത് എത്ര അത്ഭുതകരമായിരുന്നു എന്ന് ഇതു വ്യക്തമാക്കുന്നു. ഇങ്ങനെ, കുഴിച്ചെടുത്തു ശുദ്ധിചെയ്ത ഇരുമ്പ് പലതരം പണിത്തരങ്ങൾക്കും ഉപയോഗിക്കപ്പെട്ടിരുന്നു. ഈ കൈത്തൊഴിലിലേർപ്പെട്ടിരുന്നവർ കൊല്ലൻ, പെരുങ്കൊല്ലൻ മുതലായ പേരുകളിലാണറിയപ്പെട്ടിരുന്നത്. കേരളത്തിലെ മിക്ക ഗ്രാമങ്ങളിലും അവരുടെ ആലകളുണ്ടായിരുന്നു. വീട്ടിലും കാട്ടിലും പാടത്തും ഉപയോഗിക്കപ്പെട്ടുപോന്ന എല്ലാത്തരം ഇരുമ്പുപകരണങ്ങളും അവരിൽനിന്നു ലഭിച്ചിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും വിദേശങ്ങളിൽനിന്നു കുറഞ്ഞ വിലയ്ക്കുള്ള ഇരുമ്പു പണിത്തരങ്ങൾ ധാരാളമായി ഇറക്കുമതിചെയ്യപ്പെടാൻ തുടങ്ങി. അതോടെ കേരളക്കരയിലെ ഇരുമ്പു വ്യവസായം തകർച്ചയിലേക്കു നീങ്ങി. അധുനിക യന്ത്രങ്ങളുടെ മുമ്പിൽ കുടിൽ വ്യവസായം മുട്ടുകുത്തി. കൊല്ലന്മാരും പെരുങ്കോല്ലന്മാരും പാപ്പരാവാൻ തുടങ്ങി.

ഇതുതന്നെയാണ് നെയ്ത്തുവ്യവസായത്തിന്നും സംഭവിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽപ്പോലും തുണിയുടെ കാര്യത്തിൽ കേരളം സ്വയംപര്യാപ്തമായിരുന്നു. ക്രിസ്താബ്ദം 1800-ൽ കൊല്ലങ്കോട്ടും അതിന്റെ ചുറ്റുപാടുമായി 5582 നെയ്ത്തുതറികളുണ്ടായിരുന്നുവെന്ന് ബുക്കാനൻ ചൂണ്ടിക്കാണിക്കുന്നു. കോഴിക്കോട്ട്, 344 നെയ്ത്തുകാർ 237 തറികളുപയോഗിച്ചുകൊണ്ട് മാസംതോറും 72 വാര നീളമുള്ള 468 പീസ് തുണി നെയ്തുണ്ടാക്കിയിരുന്നുവത്രേ. ഇതുപോലെ കേരളത്തിലെ മിക്ക പ്രദേശങ്ങളിലും നെയ്ത്തുവ്യവസായമുണ്ടായിരുന്നു.

കൈത്തറി നെയ്ത്ത് അതിപുരാതനമായ ഒരു വ്യവസായമാണ്. ആദ്യകാലത്ത് കുഴിത്തറികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒത്തൊരുമിച്ച് പത്തു മണിക്കൂർ പണിയെടുത്താൽ കഷ്ടിച്ച് ഒരു വാരത്തുണി നെയ്തുതീരും. കൈത്തറിനെയ്ത്തു തുടങ്ങിയപ്പോൾ അത്രയും സമയംകൊണ്ട് രണ്ടു വാര നെയ്യാമെന്നായി. നൂൽ സമ്പാദിക്കുക, നെയ്തുകഴിഞ്ഞ ചരക്കു വിറ്റഴിക്കുക – ഇതു രണ്ടും നെയ്ത്തുകാർതന്നെ ചെയ്യേണ്ടിവന്നിരുന്നു. രണ്ടിലേതെങ്കിലുമൊന്നിന്നു വിഷമം നേരിട്ടാൽ നെയ്ത്തുകാരൻ പട്ടിണിയാവും. ഈ ഘട്ടത്തിലാണ് പണക്കാരായ ഇടത്തട്ടുകാരും കച്ചവടക്കാരും രംഗപ്രവേശം ചെയ്തത്. അവർ വിഷമിക്കുന്ന നെയ്ത്തുകാർക്കു കടംകൊടുക്കുകയോ നൂൽ വാങ്ങിക്കൊടുക്കുകയോ ചെയ്യും, എന്നിട്ട്, തുണി നെയ്തുകഴിഞ്ഞാൽ അതു ചുരുങ്ങിയ വിലയ്ക്കു വിറ്റ് ലാഭമുണ്ടാക്കും. ക്രമത്തിൽ മറ്റൊരു സമ്പ്രദായംകൂടിയാവിർഭവിച്ചു. പണക്കാർ പണം മുടക്കി സ്വന്തം വീട്ടിൽ തറികൾ സ്ഥാപിക്കുകയും നെയ്ത്തുകാരെ നിറുത്തി പണിയെടുപ്പിക്കുകയും ചെയ്യും. പണിക്കാർക്ക് ദിവസക്കൂലി മാത്രം കൊടുത്തു ഉല്പന്നം മുഴുവനും സ്വയം വിറ്റു കാശാക്കുകയും ചെയ്യും. കടത്തിൽ മുങ്ങിയവരും സ്വന്തമായി തറിയിട്ട് ഉല്പാദനം നടത്താൻ കഴിവില്ലാത്തവരുമായ നെയ്ത്തുകാർ പണക്കാരുടെ തറികളിൽ പണിയെടുത്തു കൂലി വാങ്ങാൻ നിർബദ്ധരാവും. ഇങ്ങനെയാണ് നെയ്ത്തുശാലകളാവിർഭവിച്ചത്. നെയ്ത്തുശാലകൾ നെയ്ത്തു വ്യവസായത്തിന്റെ അഭിവൃദ്ധിയെ ത്വരിതപ്പെടുത്തി.

വിവിധ വർണ്ണങ്ങളിൽ ഭംഗിയേറിയ കരകളും കസവുമുള്ള പലതരം മുണ്ടുകളും പാവുമുണ്ടുകളും നിർമ്മിക്കാൻ കേരളത്തിലെ നെയ്ത്തുകാർക്ക് കഴിഞ്ഞിരുന്നു. ചായപ്പണിക്കു ഇന്നത്തേപ്പോലെ കെമിക്കൽ വ്യവസായങ്ങളൊന്നുമുണ്ടായിരുന്നില്ല. കടുക്കയരച്ച് കറപ്പുനിറമുമുണ്ടാക്കും. ചപ്പങ്ങത്തിൽനിന്നു ചുവപ്പും പിലാവിന്റെ തോലിൽനിന്നു മഞ്ഞയും അമരച്ചെടിയിൽനിന്നു നീലവുമുണ്ടാക്കും. ഇതിലെല്ലാം അസാമാന്യമായ വൈദഗ്ദ്ധ്യമാണവർക്കുണ്ടായിരുന്നത്. തുണിത്തരങ്ങൾക്കു ഭംഗിമാത്രമല്ല, നല്ല ഈടും നല്ല ഉറപ്പുമുണ്ടായിരുന്നു.

യൂറോപ്യൻ മില്ലുകളിൽ നിർമ്മിക്കപ്പെട്ട വിലകുറഞ്ഞ തുണിച്ചരക്കുകൾ കേരളത്തിലെ ഉൾനാടുകളിലേക്കിറങ്ങിവരാൻ തുടങ്ങിയപ്പോൾ നമ്മുടെ പ്രാചീനമായ നാടൻ നെയ്ത്തുവ്യവസായത്തിന്റെ നട്ടെല്ലൊടിഞ്ഞു. മിൽത്തുണികളോടു മത്സരിക്കാൻ കഴിയാതെ നെയ്ത്തുകാർ പാപ്പരാവാൻ തുടങ്ങി. കേരളത്തിലെ ഗ്രാമീണരുടെയിടയിൽപ്പോലും ലങ്കാഷയറിലും മാഞ്ചെസ്റ്ററിലും നിർമ്മിക്കപ്പെട്ട തുണിച്ചരക്കുകൾ ധാരാളമായി പ്രചരിക്കാൻ തുടങ്ങി.

നെയ്ത്തുവ്യവസായം മാത്രമല്ല, പായനെയ്ത്ത്, എണ്ണയാട്ട്, വള, മെഴുകുതിരി, നീലം, ചായങ്ങൾ, കസവുകൾ, പാത്രങ്ങൽ, കയറുല്പന്നങ്ങൾ, ചൂരൽ പണിത്തരങ്ങൾ, ഓലക്കുട, കണ്ണാടി, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ നിരവധി കുടിൽ വ്യവസായങ്ങൾ കേരളത്തിലുണ്ടായിരുന്നു. ബ്രിട്ടീഷു വ്യവസായച്ചരക്കുകളുടെ ഇറക്കുമതിയും പ്രചാരവും ആ കുടിൽവ്യവസായങ്ങളെയെല്ലാം ശ്വാസം മുട്ടിച്ചു. കൊല്ലനും പെരുങ്കൊല്ലനും മരാശാരിയും മൂശാരിയും തട്ടാനും ചെമ്പോട്ടിയും – അങ്ങനെ കേരളത്തിന്റെ സാമ്പത്തിക ജീവിതത്തിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനങ്ങൾ വഹിച്ചുപോന്ന മറ്റു തൊഴിലുകാരും അധഃപതിച്ചു. നിത്യോപയോഗസാമഗ്രികൾക്കുപോലും നമ്മുടെ നാട്ടുകാർക്കു വിദേശികളെ ആശ്രയിച്ചേ തീരൂവെന്നായി.

## IV

വ്യാവസായികരംഗത്തിലുണ്ടായ ഈ മാറ്റങ്ങൾ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയവ്യവസ്ഥയിലൊട്ടുക്കുമുണ്ടായ പരിവർത്തനങ്ങളുടെ ഒരു ഭാഗം മാത്രമായിരുന്നു. കേരളത്തിലെ നെയ്ത്തുകാരനും ആശാരിയും മൂശാരിയും പെരുങ്കൊല്ലനും മറ്റു കൈത്തൊഴിലുകാരും കെട്ടുറപ്പുള്ള ഒരു ഗ്രാമവ്യവസ്ഥയുടെ അവിഭാജ്യഘടകങ്ങളെന്ന നിലയ്ക്കാണ് ഉൽപ്പാദനം നടത്തിയിരുന്നത്. കൈത്തൊഴിലുകാരിൽ പലരും വെറും കൈത്തൊഴിലുകാർ മാത്രമായിരുന്നില്ല. പലപ്പോഴും കൃഷിക്കാർതന്നെയാണ് തങ്ങളുടെ ഒഴിവു സമയങ്ങളിൽ പലതരം കൈത്തൊഴിലുകളിലുമേർപ്പെട്ടിരുന്നത്. സമുദായത്തിലെ അടിസ്ഥാനപരമായ ഉല്പാദനം കൃഷിയായിരുന്നു. അതുകൊണ്ട് കൃഷിയെ ആശ്രയിച്ചാണ് കൈത്തൊഴിലുകൾ വളർന്നത്. വ്യവസായങ്ങൾ കാർഷികവ്യവസ്ഥയുമായി അത്രമേൽ ബന്ധപ്പെട്ടവയായിരുന്നു, കൃഷിയും വ്യവസായവും തമ്മിലുള്ള ബന്ധമായിരുന്നു ഗ്രാമവ്യവസ്ഥയുടെ അടിത്തറ. ഈ അടിത്തറയേയാണ് ബ്രിട്ടീഷു വ്യവസായം തകർത്തുകളഞ്ഞത്. 1853-ൽ മാർക്സ് എഴുതി:-

"ബ്രിട്ടീഷുകാരുടെ ആവിയന്ത്രവും സയൻസും ഇന്ത്യയുടെ മുകൾപ്പരപ്പിനെയാകെ തകിടം മറിച്ചു; കൃഷിയും വ്യവസായവും തമ്മിലുള്ള ഐക്യത്തെ തകർത്തുകളഞ്ഞു."

പാശ്ചാത്യമുതലാളികളുടെ ആഗമനത്തിനുമുമ്പ് കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥയുടെ സ്വഭാവമെന്തായിരുന്നു? ഇതിനേപ്പറ്റി മലബാർ ഗസറ്റിയറിൽ ലോഗനും കൊച്ചിൻ മാനുവലിൽ സി. അച്യുതമേനോനും തിരുവിതാംകൂർ മാനുവലിൽ നാഗമയ്യായും ഏതാണ്ടൊരുപോലെയാണ് പ്രതിപാദിക്കുന്നത്. ഉദാഹരണത്തിന്, '1500-ലെ കൊച്ചി' എന്ന തലക്കെട്ടിൽ കൊച്ചിൻ മാനുവൽ വിവരിക്കുന്നതു നോക്കുക:-

“മദ്ധ്യകാലത്ത് യൂറോപ്പിലുണ്ടായിരുന്ന ഫ്യൂഡൽ വ്യവസ്ഥയോട് ഏറെക്കുറേ സാമ്യമുള്ള ഒരു ഭരണസമ്പ്രദായമാണ് കൊച്ചിയിൽ ഉണ്ടായിരുന്നത്. രാജ്യത്തിൽ ഏറ്റവുമധികം അധികാരമുള്ള വ്യക്തി രാജാവാണ്. അദ്ദേഹത്തിന്റെ കീഴിലുള്ള ഇടപ്രഭുക്കന്മാരാണ് പ്രാദേശികഭരണം നടത്തിപ്പോന്നത്. രാജ്യം ‘നാടു’കളായി, അഥവാ ജില്ലകളായി വിഭജിക്കപ്പെട്ടിരുന്നു. നാടിന്റെ ഭരണാധികാരിപിന്തുടർച്ചാവകാശത്തോടുകൂടിയ നാടുവാഴിയായിരുന്നു. സൈനികവും മറ്റുമായ ഭരണസൗകര്യത്തിനു വേണ്ടി ഓരോ നാടും ദേശങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ദേശത്തിലെ പരമ്പരാഗതനായ പ്രധാനിക്ക് ദേശവാഴി എന്നാണ് പേർ. നാടുവാഴികളുടെ ആശ്രിതരായ ഈ ദേശവാഴികൾ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്മാരാണ് ഭരണം കൊണ്ടുനടത്തുന്നത്. ദേശത്തെ വീണ്ടും വിഭജിച്ചിട്ടുണ്ട്. എന്നാൽ, അത് ഭൂപരിധിയുടെ അടിസ്ഥാനത്തിലല്ല, ജാതിയുടെ അടിസ്ഥാനത്തിലാണ്. നമ്പൂതിരിമാർ കൂട്ടായി താമസിക്കുന്ന പ്രദേശത്തെ ഗ്രാമമെന്നും നായന്മാർ താമസിക്കുന്ന സ്ഥലത്തെ തറയെന്നും വിളിച്ചുവന്നു. താണജാതിക്കാർ താമസിക്കുന്ന സ്ഥലത്തെ ചേരിയെന്നും വിളിച്ചു. ഇവയ്ക്കെല്ലാം പൊതുവിൽ ഭൂപരിധിയുണ്ട്. എങ്കിലും, വ്യത്യസ്തതകൾ ധാരാളം കാണാവുന്നതാണ്. ഇവിടത്തെ നാടും ദേശവും മറ്റു സ്ഥലങ്ങളിലുള്ളവയിൽ നിന്ന് വിഭിന്നമാണ്. ഗ്രാമങ്ങളും നഗരങ്ങളുമെന്ന അടിസ്ഥാനത്തിലല്ല ഭൂപ്രദേശങ്ങൾ കണക്കാക്കപ്പെടുന്നത്. നായന്മാരുടെ എണ്ണമാണ് അടിസ്ഥാനം. ഉദാഹരണമായി, കോടക്കരനാടിലെ 500, അന്നമനാടിലെ 400, ചെങ്ങഴിനാടിലെ 300, മറ്റും മറ്റും. ഓരോ ജാതിക്കാരുടേയും കാര്യങ്ങൾ നോക്കുന്നത് അതാതു ജാതിക്കാരുടെ തലവന്മാരായിരിക്കും. അതായത്, ഗ്രാമണികൾ, കാരണവന്മാർ, തണ്ടാന്മാർ മുതലായവർ. തറയുടെ കാര്യങ്ങൾ കൊണ്ടുനടത്തുന്നത് കാരണവന്മാരാണ്. അവരുടെ യജമാനനായ ദേശവാഴിയുടേയോ നാടുവാഴിയുടേയോ രാജാവിന്റേയോ ഭൂമിയിൽ കൃഷി വേണ്ടുംവിധം നടക്കുന്നില്ല എന്ന് അവർ പ്രത്യേകം പരിശോധിക്കും. അതിന് അവർക്ക് വിളവിൽനിന്ന് ഒരു പങ്കു ലഭിക്കുകയും ചെയ്യും. യജമാനൻ എപ്പോൾ ആവശ്യപ്പെട്ടാലും സൈനികസേവനങ്ങൾ ചെയ്തുകൊടുക്കാൻ അവർ ബാദ്ധ്യസ്ഥരാണ്. ദേശത്തിന്റെ അതിർത്തിക്കുള്ളിലുള്ള എല്ലാ കാര്യങ്ങളേയും നിയന്ത്രിക്കുന്നത് ദേശവാഴികളാണ്. രാജാവും നാടുവാഴിയും സേനാനായകന്മാർ കൂടിയാണവർ. കല്പന കിട്ടിയാൽ തങ്ങളുടെ കീഴിലുള്ള സൈന്യങ്ങളേയും കൊണ്ട് അവർ പൊയ്ക്കൊള്ളണം. നാടിന്റെ സിവിലും ക്രിമിനലുമായ എല്ലാ കാര്യങ്ങളിലുമുള്ള പരമാധികാരം നിക്ഷിപ്തമായിട്ടുള്ളത് നാടുവാഴികളിലാണ്. അവരുടെ രാഷ്ട്രീയ പദവിയെ ആശ്രയിച്ചാണ് പ്രസ്തുത അധികാരവും രാജാവിനോടുള്ള കൂറിന്റെ നിലവാരവും സ്ഥിതി

ചെയ്യുന്നത്. എന്നാൽ, വലിയ സൈന്യങ്ങളെ നിലനിറുത്താൻ അവർ ബാദ്ധ്യസ്ഥരാണ്. സാമ്പത്തികസ്ഥിതിയേയും പദവിയേയും ആസ്പദിച്ചുവേണം അതു ചെയ്യുന്നത്. രാജാവിന്റെ നിർദ്ദേശം ലഭിച്ചാൽ അവർ സൈന്യങ്ങളെയൊരുക്കി യുദ്ധത്തിനു പോവുകയും വേണം ...........”

ഇതുതന്നെയാണ് കേരളത്തിലൊട്ടുക്കുമുണ്ടായിരുന്ന സ്ഥിതി. പ്രാചീനകാലം മുതല്ക്കുതന്നെ, അതായത്, ഫ്യൂഡലിസത്തിന്റെ ആവിർഭാവത്തിനു മുമ്പുമുതല്ക്കുതന്നെ, ഭരണക്രമത്തിലെ ഏറ്റവും അടിയിലുള്ള ഘടകം തറയായിരുന്നു. തറയ്ക്കുതന്നെ ചേരി, മുറി, കര, ഗ്രാമം എന്നും മറ്റുമുള്ള പേരുകളുണ്ടായിരുന്നു. തറയുടെ അതിർത്തിയിൽ പെട്ട കുടുംബങ്ങളുടെ പ്രതിനിധികൾ കൂടെക്കൂടെ ഒത്തു ചേർന്ന് പൊതുക്കാര്യങ്ങളേപ്പറ്റി ആലോചിച്ച് തീരുമാനങ്ങളെടുക്കും. ഇതിന്ന് തറക്കൂട്ടമെന്നാണ് പറഞ്ഞിരുന്നത്. പൊതുവഴികളും വഴിയമ്പലങ്ങളും വഴിക്കിണറുകളും അത്താണികളും പണിയുക, അമ്പലങ്ങളുടേയും മറ്റു പൊതുസ്ഥാപനങ്ങളുടേയും ഭരണം നടത്തുക, കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി അണകളും ചിറകളും കുളങ്ങളും മറ്റുമുണ്ടാക്കുക, വിദ്യാഭ്യാസത്തിനേർപ്പാടു ചെയ്യുക, ഉത്സവങ്ങളും ആഘോഷങ്ങളും അടിയന്തരങ്ങളും മറ്റും നടത്തുക - ഇതെല്ലാം തറക്കൂട്ടത്തിന്റെ ചുമതലകളായിരുന്നു. പോലീസും പട്ടാളവുമുണ്ടായിരുന്നില്ല. കോടതിയും ജയിലുമുണ്ടായിരുന്നില്ല എല്ലാ ഭരണകാര്യങ്ങളും തറക്കൂട്ടങ്ങളുടെ നിയന്ത്രണത്തിലായിരുന്നു. വ്യക്തികൾ തമ്മിലോ കുടുംബങ്ങൾ തമ്മിലോ കലഹങ്ങളുണ്ടായാൽ തറക്കൂട്ടമിടപെടും. കുറ്റം ചെയ്തവർക്കു ശിക്ഷ വിധിക്കും. ഗൗരവമായ കുറ്റങ്ങൾ ചെയ്തവർ സമുദായത്തിൽനിന്നു ഭ്രഷ്ടാക്കപ്പെടും. കൂട്ടത്തിന്റെ വിധിയനുസരിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരായിരുന്നു.

ഇത്തരത്തിലുള്ള അനേകം തറകൾ കൂടിച്ചേർന്നതായിരുന്നു ഒരു നാട്. നാട്ടിലുള്ള എല്ലാ തറകളുടേയും പ്രതിനിധികൾ കൂടിച്ചേർന്ന നാട്ടുകൂട്ടമാണ് നാടിന്റെ പൊതുകാര്യങ്ങൾ നടത്തിപ്പോന്നത്. ഇത്തരം സഭകളുടെ അംഗീകാരത്തോടും പിന്തുണയോടും കൂടിയാണ് നാടുവാഴികൾ ഭരണം നടത്തിയിരുന്നത്.

നാടുവാഴികളുടെ മേധാവിത്വമുറച്ചതിനു ശേഷവും തറകൾ സ്വയം പര്യാപ്തമായ സാമ്പത്തികഘടകങ്ങളായിത്തന്നെ നിലനിന്നുപോന്നു. ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, കല്ലാശാരി, ചെമ്പോടി. വെളുത്തേടൻ, ക്ഷുരകൻ, ശാന്തിക്കാരൻ, അമ്പലവാസി, വൈദ്യൻ, ജോത്സ്യൻ, കൃഷിക്കാരൻ, നെയ്ത്തുകാരൻ തുടങ്ങിയ വിവിധജനവിഭാഗങ്ങൾ ഓരോ തറയിലുമുണ്ടായിരുന്നു. തറക്കൂട്ടമാണ് അവരുടേയെല്ലാം മേൽനോട്ടം

വഹിച്ചിരുന്നത്. ഓരോ കുടുംബത്തിനും ആവശ്യമായ സേവനങ്ങൾ അവരിൽ നിന്നു ലഭിച്ചിരുന്നു. പകരം ഓരോ കുടുംബവും ഉല്പാദിപ്പിക്കുന്ന ധാന്യങ്ങളുടെ ഒരു ഭാഗം സാമൂഹ്യസേവനം നടത്തുന്ന ഈ വിവിധ വിഭാഗക്കാർക്കു നൽകണമെന്നും വ്യവസ്ഥയുണ്ടായിരുന്നു. അടിസ്ഥാനപരമായ ഉൽപ്പാദനം കൃഷിയായിരുന്നു. കൃഷിയും കൈത്തൊഴിലും തമ്മിലുള്ള അവിഭാജ്യബന്ധമായിരുന്നു തറയുടെ സാമ്പത്തികാടിസ്ഥാനം.

16-ാം നൂറ്റാണ്ടിന്റെ ആരംഭംമുതല്ക്ക് വിദേശികളായ കച്ചവടക്കാർ തമ്മിൽത്തമ്മിലും കേരളത്തിലെ രാജാക്കന്മാർ തമ്മിൽത്തമ്മിലും കേരളത്തിലെ രാജാക്കന്മാരും വിദേശികളും തമ്മിലും ഒട്ടനവധി കലഹങ്ങളും യുദ്ധങ്ങളും നടന്നു. പക്ഷേ, മുകൾപ്പരപ്പിലുണ്ടായ ഈ മാറ്റങ്ങളൊന്നും തന്നെ അടിത്തട്ടിൽ നിലനിന്നുപോന്ന സാമൂഹ്യസാമ്പത്തികാടിത്തറയെ മാറ്റിമറിക്കുകയുണ്ടായില്ല.

ഭരണകാര്യങ്ങളിൽ രാജാവിന്റെ അധികാരങ്ങൾ പരിമിതമായിരുന്നു. തിരുവിതാംകൂർ രാജാവിന്റെ ചില നികുതി നിർദ്ദേശങ്ങൾക്കെതിരായി 1713-ൽ നാഞ്ചിനാട്ടിലെ നാടാർ പാസാക്കിയ ഒരു പ്രമേയം ഇതിനുദാഹരണമായി ചൂണ്ടിക്കാണിക്കാം: ‘കോട്ടപ്പണം’ തുടങ്ങിയ അസാധാരണ നികുതികളെ ജനങ്ങൾ യോജിച്ചെതിർക്കണമെന്നാഹ്വാനം ചെയ്തുകൊണ്ടുള്ള ആ പ്രമേയത്തിൽ ഇങ്ങനെ പറയുന്നു:-

“നമ്മുടെ പൂർവ്വികന്മാർ പണ്ട് അനുഭവിച്ചുപോന്ന എല്ലാ അവകാശാധികാരങ്ങളേയും നമ്മൾ മാനമായ രീതിയിൽ നിലനിറുത്തിപ്പോരേണ്ടതുണ്ട്. ഇങ്ങനെ, നമ്മുടെ അധികാരങ്ങളെ കാത്തുരക്ഷിക്കാനുള്ള പരിശ്രമത്തിൽ ഏതെങ്കിലും ഗ്രാമത്തിനോ ഏതെങ്കിലും വ്യക്തികൾക്കോ നഷ്ടം പറ്റുകയാണെങ്കിൽ അവരെ സഹായിക്കാൻ നമ്മുടെ പൊതുഫണ്ടിൽനിന്ന് പണം ചെലവാക്കാവുന്നതാണ്.” എപ്പോഴെങ്കിലും ആരെങ്കിലും രഹസ്യമായി ഗവർമ്മെണ്ടിന്നൊറ്റുനിന്നുകൊണ്ട് രാജ്യത്തിന്റെ താൽപ്പര്യങ്ങളെ അപകടപ്പെടുത്തിയാൽ അയാളെ നാട്ടാരുടെ പരസ്യവിചാരണയ്ക്കു വിധേയനാക്കേണ്ടതാണ്.” (തിരുവിതാംകൂർ മാനുവലിൽ ഉദ്ധരിച്ചത്.)

കൊച്ചിയിലെ ഡച്ചു കമാണ്ടറായിരുന്ന വാൻ റീഡ്സ് ഒരു മെമ്മോറാണ്ടത്തിൽ ഇങ്ങനെ പറയുന്നു:-

“മലബാറിലെ യാതൊരു രാജാവിനും ജന്മികളുടെ, അല്ലെങ്കിൽ പ്രഭുക്കന്മാരുടെ, അല്ലെങ്കിൽ നായന്മാരുടെ താൽപ്പര്യങ്ങൾക്കെതിരായി യാതൊരു കരാറിലും ഏർപ്പെടാൻ അധികാരമുണ്ടായിരുന്നില്ല. അങ്ങനെ

ചെയ്യുന്ന രാജാവിനെ അദ്ദേഹത്തിന്റെ പ്രജകൾ നീക്കം ചെയ്യുകയും നാടുകടത്തുകയും ചെയ്യും".

പോർച്ചുഗീസുകാരുമായും ഡച്ചുകാരുമായും കേരളത്തിലെ രാജാക്കന്മാർ നടത്തിയ ഉടമ്പടികളെല്ലാം പ്രധാനപ്പെട്ട നാടുവാഴികളുടെ സമ്മതത്തോടുകൂടിമാത്രം ചെയ്യപ്പെട്ടവയാണെന്നു കാണാം.

കേരളത്തിലെ മദ്ധ്യകാലരാജാക്കന്മാർ സ്വന്തം നിലനില്പിന്നും രക്ഷയ്ക്കും നാടുവാഴികളേയാണാശ്രയിച്ചിരുന്നത്. അവർക്കു സ്വന്തമായി പട്ടാളമോ പോലീസ് സൈന്യമോ ഉണ്ടായിരുന്നില്ല. യുദ്ധത്തിന്നു ആളുകളെ ശേഖരിച്ചിരുന്നതും മറ്റും നാട്ടുപ്രമാണിമാരും ദേശവാഴികളുമാണ്.

ഭൂനികുതി അക്കാലത്തുണ്ടായിരുന്നില്ല. രാജാവും നാടുവാഴികളും ദേശവാഴികളുമെല്ലാം ധാരാളം അടിമകളെ വച്ചുപോറ്റുകയും അവരേക്കൊണ്ട് വിസ്തൃതമായ പാടങ്ങളിൽ പണിയെടുപ്പിച്ച് നെല്ലുണ്ടാക്കുകയും ചെയ്തിരുന്നു. ചെറുമക്കൾ എന്നപേരിലറിയപ്പെടുന്ന ഈ അടിമകൾ, അല്ലെങ്കിൽ അടിയാളരായിരുന്നു കൃഷിപ്പണി നടത്തിയിരുന്നത്. ലോഗൻ തന്റെ മലബാർ മാനുവലിൽ ചൂണ്ടിക്കാണിക്കുന്നതുപോലെ ദേശവാഴിക്ക് തിരുമുല്ക്കാഴ്ചകൾ, കല്യാണക്കാഴ്ചകൾ, വിശേഷപ്പെട്ട സന്ദർഭങ്ങളിലെ പ്രത്യേക തിരുമുല്ക്കാഴ്ചകൾ തുടങ്ങിയ മറ്റു പല ധനാഗമ മാർഗ്ഗങ്ങളുമുണ്ടായിരുന്നു. ദേശത്തിന്നകത്തു വില്പനയ്ക്കു വരികയോ പുറത്തേക്കു കടത്തപ്പെടുകയോ ചെയ്യുന്ന ചരക്കുകൾക്ക് ചില നിലവാരത്തിലുമുള്ള ചുങ്കങ്ങൾ ചുമത്തപ്പെട്ടിരുന്നു. ദേശവാഴികൾ നാടുവാഴികളോടും രാജാക്കന്മാരോടും കൂറു പ്രഖ്യാപിച്ചിരുന്നു എന്നത് നേരാണ്. എങ്കിലും യഥാർത്ഥത്തിൽ സ്വതന്ത്രന്മാരായ സ്വേച്ഛാധിപതികളായിരുന്നു അവർ. കയ്യൂക്കിന്റെ ബലത്തിൽ അവർ പലപ്പോഴും ജനങ്ങളെ ആക്രമിക്കുകയും സ്വത്തുക്കളും മറ്റും പിടിച്ചെടുക്കുകയും ചെയ്തിരുന്നു. തല്ലാനും കൊല്ലാനും അവർക്കധികാരമുണ്ടായിരുന്നു. രാഷ്ട്രീയവും സാമൂഹ്യവുമായ എല്ലാ അധികാരങ്ങളും യഥാർത്ഥത്തിൽ അവരുടെ കൈയിലാണ് നിക്ഷേപിക്കപ്പെട്ടിരുന്നത്.

വികേന്ദ്രീകൃതവും, നൂറ്റുകണക്കിലുള്ള ദേശവാഴികളുടേയും നാടുവാഴികളുടേയും ചുങ്കവ്യവസ്ഥകൾകൊണ്ടു മതിൽ കെട്ടപ്പെട്ടതുമായ ഈ സാമൂഹ്യവ്യവസ്ഥ, കച്ചവടത്തിന്റേയും മുതലാളിത്തരീതിയിലുള്ള വ്യാവസായികോല്പാദനത്തിന്റേയും വളർച്ചയ്ക്ക് പ്രതിബന്ധമായിരുന്നു. കൂടുതൽ കേന്ദ്രീകൃതമായ ഭരണവ്യവസ്ഥകൾ ആവശ്യമായിത്തീർന്നു. വിദേശികളുമായുള്ള കച്ചവടവും പണത്തിന്റെ അടിസ്ഥാനത്തിലുള്ള ചരക്കുവിനിമയവും അഭിവൃദ്ധിപ്പെടാൻ തുടങ്ങിയ ഈ ഘട്ടത്തിലാണ് കേരളത്തിലെ രാജാക്കന്മാർ സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ അധികാരം

സമ്പാദിക്കാനാഗ്രഹിച്ചത്. കേരളക്കരയിലെ വിവിധഭാഗങ്ങളിൽ പാണ്ടികശാലകളും വ്യാപാരകേന്ദ്രങ്ങളും സ്ഥാപിച്ച വിദേശികളും അതിന്നനുകൂലമായിരുന്നു. കച്ചവടത്തിൽ രാജാവിന്റെ കുത്തകാധികാരമുണ്ടാകുന്നതു തങ്ങൾക്കു ഗുണകരമായിട്ടാണ് കലാശിക്കുക എന്നവർ മനസ്സിലാക്കിയിരുന്നു. എന്നാൽ, ഇത്തരത്തിലുള്ള മാറ്റങ്ങൾ ദേശവാഴികളുടേയും നാടുവാഴികളുടേയും താല്പര്യങ്ങൾക്കെതിരായിരുന്നു. അങ്ങനെ, രാജാവും പ്രാദേശിക നാടുവാഴികളും തമ്മിലുള്ള മത്സരങ്ങൾ മൂർച്ഛിച്ചു. നാടുവാഴി – ദേശവാഴിമേധാവികളുടേയും പ്രാദേശിക സഭകളുടേയും അധികാരങ്ങളെ നശിപ്പിക്കാനും രാഷ്ട്രീയവും സാമ്പത്തികവുമായ എല്ലാ അധികാരങ്ങളും സ്വന്തം കൈയിൽ കേന്ദ്രീകരിക്കാനുമാണ് രാജാവു പരിശ്രമിച്ചത്. തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ രാജാവ്" ചിന്നിച്ചിതറിക്കിടന്ന നാടുവാഴിപ്രഭുക്കളുടെ അധികാരവകാശങ്ങളവസാനിപ്പിച്ചുകൊണ്ട് രാജ്യത്തെയാകെ ഏകീകരിക്കാൻ വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ ഇതിന്നുദാഹരണമാണ്. ബ്രിട്ടീഷ് റസിഡണ്ട് കേണൽ മൺറോ ഭരണപരമായ പല പരിവർത്തനങ്ങളും നടപ്പിൽ വരുത്തി. വലിയ സർവ്വാധികാര്യക്കാരുടേയും സർവ്വാധികാര്യക്കാരുടേയും പദവികളവസാനിച്ചു. അവരുടെ സ്ഥാനത്ത് പുതിയ താസിൽദാർമാരാവിർഭവിച്ചു. ഇതുതന്നെയാണ് കൊച്ചിയിലും മലബാറിലുമുണ്ടായത്. കൊച്ചിയിൽ 1762-ലാണ് നാടുവാഴി – ദേശവാഴികളുടെ രാഷ്ട്രീയവും സൈനികവുമായ അവകാശങ്ങൾ അവസാനിപ്പിക്കപ്പെട്ടത്. സ്റ്റേറ്റാകെ 10 കാര്യക്കാരന്മാരുടെ കീഴിൽ 10 താലൂക്കുകളായി വിഭജിക്കപ്പെട്ടു. പിന്നീട് ഓരോ താലൂക്കും ഓരോ താസിൽദാരുടെ കീഴിലായി. മലബാർ നേരിട്ടുതന്നെ ബ്രിട്ടീഷ് ഭരണത്തിൻകീഴിലായി. അവിടേയും പ്രാദേശികഭരണത്തിന്റെ സ്ഥാനത്തു കേന്ദ്രീകൃതമായ ഭരണവ്യവസ്ഥയാരംഭിച്ചു. 19-ാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും കേരളത്തിന്റെ ഭരണവ്യവസ്ഥയാകെമാറി. ദേശവാഴിഭരണവും തറക്കൂട്ടങ്ങളും അന്തർദ്ധാനം ചെയ്തു. അതിന്റെ സ്ഥാനത്ത് കേരളത്തിന്റെ പാരമ്പര്യത്തിന്നെതിരായ താസിൽദാർഭരണം നിലവിൽ വന്നു. ഡോക്ടർ ബുക്കാനൻ വിവരിക്കുന്നതു നോക്കുക:-

"ഫ്യൂഡൽവ്യവസ്ഥയിൽ രാജാവിന്നു തന്റെ കീഴാളരുടെ നിലങ്ങളിൽനിന്ന് നേരിട്ടു നികുതി പിരിക്കാനോ നേരിട്ടുള്ള ഏതെങ്കിലും രാഷ്ട്രീയാധികാരം പ്രയോഗിക്കാനോ സാധിച്ചിരുന്നില്ല. പരിമിതമായ അധികാരങ്ങളേ രാജാവിനുണ്ടായിരുന്നുള്ളു. പുതിയ ഭരണവ്യവസ്ഥയിൽ രാജാവിന്റെ കൈയിൽ അനിയന്ത്രിതമായ അധികാരങ്ങൾ നിക്ഷേപിക്കപ്പെട്ടു. തന്റെ കല്പനകളെ ലംഘിക്കാൻ മുതിരുന്ന ദേശവാഴികളെ നിലയ്ക്കു

നിറുത്താനോ നശിപ്പിക്കാനോ കെല്പുള്ള സൈനികശക്തിയും അദ്ദേഹത്തിന്റെ കൈയിൽ കേന്ദ്രീകരിച്ചു."

മലബാർ-കൊച്ചി-തിരുവിതാംകൂർ പ്രദേശങ്ങളെ യോജിപ്പിച്ചുകൊണ്ടുള്ള ഒരൊറ്റ സംസ്ഥാനം രൂപവല്ക്കരിക്കാൻ ബ്രിട്ടീഷുകാർ തയ്യാറായില്ല. മലയാളഭാഷ സംസാരിക്കുന്ന ജനങ്ങളെ മുഴുവനും യോജിപ്പിച്ചാൽ ജനാധിപത്യശക്തികൾ നിയന്ത്രണാതീതമായി വളരുമെന്നും ഒടുവിലത് തങ്ങൽക്കെതിരായിത്തീരുമെന്നും അവർ മുൻകൂട്ടി കണ്ടിട്ടുണ്ടായിരിക്കണം. അതുപോലെതന്നെ തകരാൻ തുടങ്ങിയ നാടുവാഴി പ്രഭുത്വത്തെ പൂർണ്ണമായി നശിപ്പിക്കാനും അവർ മുതിരുകയുണ്ടായില്ല. നാടുവാഴിപ്രഭുക്കളുടെ രാഷ്ട്രീയവും ഭരണപരവും സൈനികവുമായ അവകാശാധികാരങ്ങളവസാനിപ്പിക്കുകയും അതേസമയത്തുതന്നെ സാമൂഹ്യമായ മേധാവിത്വം നിലനിറുത്തുകയുമാണു ചെയ്യുന്നത്. മാത്രമല്ല, രാഷ്ട്രീയാധികാരങ്ങളില്ലാതായിക്കഴിഞ്ഞ അതേ നാടുവാഴികളുടെ പിന്തുണയോടു കൂടിത്തന്നെ തങ്ങളുടെ ചൂഷണഭരണമുറപ്പിക്കാനുള്ള പുതിയ പദ്ധതികൾ അവരാവിഷ്കരിക്കുകയും ചെയ്തു.

ഏതായാലും കേരളത്തിന്റെ പരമ്പരാഗതമായ ഭരണസമ്പ്രദായത്തിന്റേയും സാമൂഹ്യരാഷ്ട്രീയ ബന്ധങ്ങളുടെയും അടിത്തറ പുഴക്കാനും ഓണംകേറാമൂലകളിലേക്കു പോലും തങ്ങളുടെ നവീനമായ വ്യവസായങ്ങളുടെ സന്ദേശമെത്തിക്കാനും ബ്രിട്ടീഷ് ഭരണാധികാരികളെ സഹായിച്ച മാറ്റങ്ങളായിരുന്നു ഇവ.

## V

ക്രിസ്താബ്ദം 1347-ൽ ഇബ്ന് ബാടൂട്ടാ, അഥവാ അബു അബ്ദുല്ല മൊഹമ്മദ് എന്ന ഒരു അറേബിയൻ സഞ്ചാരി കേരളം സന്ദർശിക്കുകയുണ്ടായി. അക്കാലത്തു നല്ല ഗതാഗതമാർഗ്ഗങ്ങളൊന്നുമുണ്ടായിരുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ബസ്സും ലോറിയുമുണ്ടായിരുന്നില്ല. തീവണ്ടിയുമുണ്ടായിരുന്നില്ല. നല്ല റോഡുകൾപോലുമുണ്ടായിരുന്നില്ല. പിന്നെ എങ്ങനെയാണ് വിവിധ പ്രദേശങ്ങൾ തമ്മിലുള്ള കച്ചവടം നടന്നിരുന്നത്? ഇബ്ന് ബാടൂട്ടാ എഴുതുന്നു:-

"ഏതെങ്കിലും കച്ചവടക്കാരന്ന് ചരക്കുകൾ വാങ്ങുകയോ വില്ക്കുകയോ ചെയ്യേണ്ടിവരുമ്പോൾ അവയെ മനുഷ്യരുടെ പുറത്തു ചുമന്നു കൊണ്ടുപോവുകയാണു പതിവ്. കൂലിക്കു ചരക്കുകൾ ചുമക്കാൻ ധാരാളം ആളുകൾ എല്ലായ്പോഴും തയ്യാറാണ് .....ഓരോ കച്ചവടക്കാരന്റേയും കൂടെ ഇത്തരത്തിലുള്ള നൂറോ ഇരുന്നൂറോ ചുമട്ടുകാരെ നിങ്ങൾ കാണാം. കച്ചവടക്കാരൻ ചുമട്ടുകാരുടെ കൂടെ നടന്നുപോകും."

വിദേശികളുമായുള്ള കച്ചവടബന്ധങ്ങൾ വളർന്നപ്പോൾ ഈ അപരിഷ്കൃതമാർഗ്ഗം അപര്യാപ്തമായിത്തീർന്നു.

യന്ത്രങ്ങൾ വഴിയായി തുരുതുരെ നിർമ്മിക്കപ്പെടുന്ന ബ്രിട്ടീഷു വ്യവസായച്ചരക്കുകൾ തുടർച്ചയായി ഇറക്കുമതിചെയ്യാൻ കഴിയണമെങ്കിൽ അവയ്ക്കു പകരമായി അസംസ്കൃതസാമഗ്രികൾ കയറ്റിക്കൊണ്ടുപോകാൻ കഴിയണം. ഇതു രണ്ടും ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയത്തക്കവണ്ണം ഇന്ത്യയുടെ തുറമുഖങ്ങളേയും ഉടൾനാടുകളേയും ബന്ധപ്പെടുത്തേണ്ടതാവശ്യമായി വന്നു. പുതിയ ഗതാഗതമാർഗ്ഗങ്ങൾ കൂടാതെ കച്ചവടത്തേയും വ്യവസായത്തേയും അഭിവൃദ്ധിപ്പെടുത്തുക സാദ്ധ്യമായിരുന്നില്ല.

കടലും കായലുകളും പുഴകളുമായിരുന്നു പ്രാചീന കാലംമുതല്ക്കുതന്നെ കേരളത്തിന്റെ പ്രധാന ഗതാഗതമാർഗ്ഗങ്ങൾ. 16-ാം നൂറ്റാണ്ടുമുതല്ക്കു വിദേശികളുമായുള്ള കച്ചവടബന്ധങ്ങൾ വളർന്നപ്പോൾ ഈ ജലമാർഗ്ഗങ്ങളുടെ പ്രാധാന്യവും വർദ്ധിച്ചു. മൂന്നു നൂറ്റാണ്ടുകളോളം കാലം പോർച്ചുഗീസുകാരും ഡച്ചുക്കാരും ഇംഗ്ലീഷുകാരും കേരളക്കരയുമായി കച്ചവടം നടത്തിയത് പ്രധാനമായും ജലമാർഗ്ഗത്തിന്റെ സഹായത്തോടുകൂടിയാണ്. ഈ കാലത്തു തന്നെ പല പുതിയ തോടുകളും പുതിയ പുഴകളും പുതിയ തുറമുഖങ്ങളും നിർമ്മിക്കപ്പെടുകയുണ്ടായി. ആലപ്പുഴ വലിയൊരു തുറമുഖപട്ടണമായി ഉയർന്നുവന്നത് ഈ ഘട്ടത്തിലാണ്. 18-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും തോടുകൾക്കും പുഴകൾക്കും പുറമേ, റോഡുകളും ആവിർഭവിക്കാൻ തുടങ്ങി. 1862 ന്നും 1872 ന്നുമിടയിലാണ് പ്രധാനപ്പെട്ട പല റോഡുകളും ഉൽഘാടനം ചെയ്യപ്പെട്ടത്. 19-ാം നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേക്കും കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഒട്ടനവധി പുതിയ റോഡുകൾ നിർമ്മിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

പക്ഷേ, യഥാർത്ഥത്തിൽ ഇന്ത്യയിലെ കച്ചവടത്തേയും ഉല്പാദനത്തേയും ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവവുമായി കൂട്ടിയിണക്കിയത് റയിൽവേപ്പാതകളാണ്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളേയും തുറമുഖങ്ങളേയും കൂട്ടിയിണക്കണ റയിലുകൾ നിർമ്മിക്കപ്പെട്ടു. ബ്രിട്ടീഷുകാരുടെ ഉടമയിലും നേതൃത്വത്തിലുമുള്ള റയിൽവേക്കമ്പനികളാണ് ഈ പുതിയ സംരംഭം തുടങ്ങിയത്.

മദ്രാസിൽനിന്നുള്ള ഒരു റയിൽവേപ്പാത 1861-ൽ മലബാറിലേക്കു കൂടി നീട്ടപ്പെട്ടു. കൊച്ചി-തിരുവിതാംകൂർ ഭാഗങ്ങളിലേക്കുള്ള റയിൽവേപ്പാതകളേപ്പറ്റിയും അന്വേഷണങ്ങളും പരിശോധനകളുമാരംഭിച്ചു. എങ്കിലും 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മാത്രമേ അവ രൂപംകൊ

ണ്ടുള്ളു. 1902–ലാണ് ഷൊറണൂർ-കൊച്ചി ലൈൻ തുറക്കപ്പെട്ടത്. 1900–ൽ നിർമ്മിക്കാൻ തുടങ്ങിയ കൊല്ലം-തിരുനെൽവേലി ലൈൻ പൂർത്തിയായത് 1904–ലാണ്.

റയിൽവേകൾ വെറും ഗതാഗതമാർഗ്ഗങ്ങൾ മാത്രമല്ല. സാമൂഹ്യവ്യവസ്ഥയിൽ വമ്പിച്ച പരിവർത്തനങ്ങൽ വരുത്താൻ കെല്പുള്ള ശക്തികൾ അവയിലടങ്ങിയിട്ടുണ്ട്. ബ്രിട്ടീഷുഭരണത്തിന്റെ ഭാവി ഫലങ്ങൾ എന്ന തന്റെ ലേഖനത്തിൽ മാർക്സ് എഴുതിയതു നോക്കുക:-

"ബ്രിട്ടീഷു മില്ലുടമകൾ റയിൽവേപ്പാതകൾ നിർമ്മിച്ച് ഇന്ത്യയെ അനുഗ്രഹിച്ചിട്ടുണ്ട്. എന്നാൽ, പരുത്തിയും മറ്റ് അസംസ്കൃതസാമഗ്രികളും വളരെ ആദായകരമായ വിധത്തിൽ വാങ്ങിക്കൊണ്ടുപോയി ഉല്പാദനം നടത്തി ലാഭമുണ്ടാക്കണമെന്ന ഏക വിചാരമാണ് ഇതിന്റെ പിന്നിലുള്ളത്. പക്ഷേ, ഇരുമ്പും, കല്ക്കരിയും ധാരാളമായി കിട്ടുന്ന ഒരു രാജ്യത്തിൽ ലോക്കോമോട്ടിവുകൾ നിർമ്മിക്കുന്നതിന്നുള്ള യന്ത്രങ്ങൾ സ്ഥാപിച്ചുകഴിഞ്ഞാൽ പിന്നെ അവയെ എളുപ്പത്തിൽ പിൻവലിക്കുക സാദ്ധ്യമല്ല. ഒരു വലിയ രാജ്യത്തിൽ ഒന്നോ രണ്ടോ റയിൽവേകൾ സ്ഥാപിച്ചതുകൊണ്ടു കാര്യമായില്ല. റയിൽവേയുടെ വളർച്ചയ്ക്ക് അടിയന്തിരവും സുപ്രധാനവുമായ ആവശ്യങ്ങളെ നിറവേറ്റുന്നതരത്തിലുള്ള വ്യവസായവല്ക്കരണം ആവശ്യമായി വന്നേക്കും. അങ്ങനെ, റയിൽവേയുമായി അടുത്ത ബന്ധമില്ലാത്ത ചില വ്യവസായങ്ങൾക്കുവേണ്ടിയും യന്ത്രസാമഗ്രികൾ ഏർപ്പെടുത്തേണ്ടിവരും. അതിനാൽ ഇന്ത്യയിൽ റയിൽവേകളാണ് ആധുനികമായ വ്യവസായവല്ക്കരണത്തിന്റെ മുന്നോടിയായി നിലകൊള്ളുക. അപ്രകാരമുണ്ടായിത്തീരുന്ന വ്യവസായവല്ക്കരണം പരമ്പരയായി തുടർന്നുവരുന്ന തൊഴിൽ വിഭജനവ്യവസ്ഥയെ - ഇതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ വിവിധ ജാതികൾ നിലകൊള്ളുന്നത് - തകിടം മറിക്കുന്നതും. തന്നിമിത്തം ഇന്ത്യയുടെ പുരോഗതിയും ശക്തിയും നിശ്ചലമാവുന്നതുമാണ്."

19–ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽത്തന്നെയാണ് കേരളത്തിൽ പോസ്റ്റാഫീസുകളും കമ്പിയാഫീസുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. 1857–ൽ ആലപ്പുഴയിലും 1863–ൽ കൊല്ലത്തും പോസ്റ്റാഫീസുകൾ തുറന്നു. 1864–ൽ കമ്പിയാഫീസും വന്നു. കേരളത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും ഇവ അതിവേഗം പരന്നുപിടിച്ചു.

ബ്രിട്ടീഷുകാരുടെ വ്യവസായത്തേയും വാണിജ്യത്തേയും അഭിവൃദ്ധിപ്പെടുത്താൻ വേണ്ടിയാണ് ഇവയെല്ലാം നിർമ്മിക്കപ്പെട്ടത് എന്നതു ശരിയാണ്. പക്ഷേ, വൈയവസായിക യുഗത്തിന്റെ ഈ നേട്ടങ്ങൾ കേരളത്തിലെ സാമൂഹ്യജീവിതത്തിലാകെ മാറ്റങ്ങളുണ്ടാക്കി. ആധുനിക പരി

ഷ്കാരത്തിന്റേയും ആധുനിക ചിന്തകളുടേയും അലകൾ കേരളത്തിലെ പട്ടണപ്രദേശങ്ങളിൽ മാത്രമല്ല, ഉൾനാടുകളിൽപ്പോലും അടിക്കാൻ തുടങ്ങി. 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽത്തന്നെയാരംഭിച്ച ആധുനിക വിദ്യാഭ്യാസ സമ്പ്രദായവും അതിനെത്തുടർന്നാരംഭിച്ച അച്ചടിശാലകളും പുസ്തകങ്ങളും ഒടുവിൽ മാസികകൾ, പത്രങ്ങൾ മുതലായവയുമെല്ലാം പുരോഗമനപരമായ ഈ ഗതിക്രമത്തെ ത്വരിതപ്പെടുത്തി.

## VI

ഇംഗ്ലണ്ടിലെ കച്ചവട മുതലാളിത്തം വ്യവസായ മുതലാളിത്തമായി മാറിയതെങ്ങനെയെന്ന് മുമ്പു വിവരിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. അതിന്നുശേഷമാണ് കേരളത്തിലെ നാടൻ വ്യവസായങ്ങൾ നശിക്കുകയും ബ്രിട്ടീഷു വ്യവസായച്ചരക്കുകൾ വിപുലമായതോതിൽ കേരളത്തിലേക്ക് ഇറക്കുമതിചെയ്യപ്പെടുകയും ചെയ്തത്. ഗതാഗതസൗകര്യത്തിലുണ്ടായ പുരോഗതി ഇതിന്നു വളരെ സഹായകരമായിത്തീർന്നു.

19-ാം നൂറ്റാണ്ടിന്റെ മധ്യകാലം വരേയും അസംസ്കൃത സാമഗ്രികൾ ഇന്ത്യയിൽനിന്നു കയറ്റിക്കൊണ്ടുപോകാനും തങ്ങളുടെ വ്യവസായച്ചരക്കുകൾ ഇന്ത്യയിൽ ഇറക്കുമതിചെയ്ത് വിറ്റഴിക്കാനും മാത്രമാണ് ബ്രിട്ടീഷു മുതലാളികൾ പരിശ്രമിച്ചത്. എന്നാൽ, അതിന്നുശേഷം അതിപ്രധാനമായ മറ്റൊരു മാറ്റമുണ്ടായി. ബ്രിട്ടീഷുമുതലാളികൾ കൊള്ളയടിച്ചുണ്ടാക്കിയ സ്വത്തുക്കളുടെ ഒരു ഭാഗം ഇന്ത്യയിൽത്തന്നെ മൂലധനമായി നിക്ഷേപിക്കാൻ തുടങ്ങി. അസംസ്കൃത സാമഗ്രികൾ ആദായകരമായി സമ്പാദിച്ചും കുറഞ്ഞ കൂലികൊടുത്ത് ഇന്ത്യൻ തൊഴിലാളികളെ ചൂഷണംചെയ്തും അവർ പിടുപ്പതു ലാഭമുണ്ടാക്കി കയറ്റി അയയ്ക്കാൻ തുടങ്ങി. ചുരുങ്ങിയ മൂലധനം മാത്രം നിക്ഷേപിച്ച് ധാരളം ലാഭമടിക്കാൻ ബ്രിട്ടീഷുകാർ കേരളക്കരയിൽ കണ്ടെത്തിയ ഒരു പ്രധാന രംഗം തോട്ടങ്ങളായിരുന്നു. ഭരണകാര്യങ്ങളിൽ ബ്രിട്ടീഷു മേധാവിത്വം ഉറച്ചുകഴിഞ്ഞുകൊണ്ട് വലിയ പ്രതിഫലമൊന്നും കൊടുക്കാതെതന്നെ കേരളത്തിലെ മലംപ്രദേശങ്ങളിൽ വിസ്തൃതമായ തോട്ടങ്ങൾ സ്ഥാപിക്കാൻ അവർക്കു സാധിച്ചു.

1857-ൽ ഇന്ത്യയിലെ ബ്രിട്ടീഷു തോട്ടമുടമകളുടെ ഒന്നാമത്തെ സംഘടന-വയനാട് പ്ലാൻടേഴ്സ് അസോസിയേഷൻ-കേരളത്തിലാണ് സ്ഥാപിക്കപ്പെട്ടത്. അതിനേത്തുടർന്ന് പല ബ്രിട്ടീഷു മുതലാളികളും തോട്ടങ്ങൾ സ്ഥാപിച്ച് ലാഭമുണ്ടാക്കാൻ തുടങ്ങി. 1862-ൽ തിരുവിതാംകൂറിലെ പീരുമേടു കുന്നുകളിൽ മൺറോ എന്ന ഒരു വെള്ളക്കാരൻ ഹോപ്പ് എസ്റ്റേറ്റ് എന്ന ഒരു കാപ്പിത്തോട്ടമുണ്ടാക്കി. 1864-ൽ മറ്റൊരു വെള്ളക്കാരൻ ഒരു തേയിലത്തോട്ടം സ്ഥാപിച്ചു. ബ്രിട്ടീഷു ഭരണത്തിന്റെ ചട്ടുകം മാത്രമാ

യിക്കഴിഞ്ഞ തിരുവിതാംകൂർ ഗവൺമെന്റ് വെള്ളക്കാർക്കനുകൂലമായ വ്യവസ്ഥകളും കരാറുകളും ഉണ്ടാക്കിക്കൊടുത്തുകൊണ്ട് തോട്ടമുടമ കളെ പ്രോത്സാഹിപ്പിച്ചു. തിരുവിതാംകൂർ ഗവൺമെണ്ടിന്റെ ചെലവിൽ വമ്പിച്ച തുകകൾ ചെലവിട്ട് ഒന്നാംതരം റോഡുകളുണ്ടാക്കിക്കൊടുക്കു കയും മറ്റാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. അങ്ങനെ, ബ്രിട്ടീഷു മുതലാളികളുടെ ഒട്ടനവധി തോട്ടങ്ങൾ സ്ഥാപിക്ക പ്പെട്ടു. 1874-ൽ സെൻട്രൽ ട്രാവൻകൂർ പ്ലാൻടേഴ്സ് അസോസിയേഷൻ എന്ന സംഘടന രൂപമെടുത്തു. 1888-ൽ കണ്ണൻദേവൻ പ്ലാൻടേഴ്സ് അസോസിയേഷൻ സ്ഥാപിക്കപ്പെട്ടു. 1893-ൽ ബാംഗളൂരിൽവച്ച് യുണൈ റ്റഡ് പ്ലാൻടേഴ്സ് അസോസിയേഷൻ ഓഫ് സൗത്ത് ഇൻഡ്യാ (ഉപാസി) ഉടലെടുത്തു. 20-ാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും തിരുവിതാം കൂറിൽമാത്രം 25,000 ഏക്കർ വിസ്താരംവരുന്ന 66 തേയിലത്തോട്ടങ്ങളും 12,600 ഏക്കർ വിസ്താരമുള്ള റബർ, കാപ്പി തുടങ്ങിയ മറ്റു തോട്ടങ്ങളും സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഏതാണ്ടിതുപോലെയൊക്കെത്തന്നെ യാണ് കൊച്ചിയിലും മലബാറിലും ബ്രിട്ടീഷുതോട്ടങ്ങൾ ഉയർന്നു വന്ന ത്. 20-ാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും പണക്കാരായ അപൂർവ്വം ചില കേരളീയരും തോട്ടം വ്യവസായങ്ങളിലേർപ്പെടുകയുണ്ടായി. പക്ഷേ, മുന്നിട്ടുനില്ക്കുന്നത് ബ്രിട്ടീഷുതോട്ടങ്ങൾ തന്നെയാണ്. കണ്ണൻദേവൻ കമ്പനി മാത്രം 200 ചതുരശ്ര നാഴികയിലധികം (1,40,000 ഏക്കർ) ഭൂമി കൈവശപ്പെടുത്തിവച്ചിട്ടുണ്ട്.

തോട്ടങ്ങളിൽ മാത്രമല്ല, മറ്റു വ്യവസായരംഗങ്ങളിലും ബ്രിട്ടീഷു മുത ലാളികളുടെ ശ്രദ്ധപതിഞ്ഞു. 19-ാം നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേക്കും കേരളത്തിന്റെ നാടൻ നെയ്ത്തുവ്യവസായം അധഃപതിക്കുകയും വിദേ ശീയ മിൽത്തുണികളുടെ സ്വാധീനശക്തി വർദ്ധിക്കുകയും ചെയ്തു. ക്രമത്തിൽ കേരളത്തിൽത്തന്നെ പരിഷ്കരിച്ച ചില ടെക്സ്റ്റൈൽ മില്ലു കൾ പൊന്തിവരാൻ തുടങ്ങി. ബാസൽ മിഷ്യൻ എന്ന ജർമ്മൻ പാതിരി സംഘം 1851-ൽ കണ്ണൂരിലും കോഴിക്കോട്ടും ഓരോ ഫാക്ടറി സ്ഥാപി ച്ചു. ബാസൽ മിഷ്യൻകാരാണ് കേരളത്തിലാദ്യമായി ടെക്സ്റ്റൈൽ വ്യവ സായം തുടങ്ങിയത്. 1881-ൽ കൊല്ലത്ത് ജയിംസ്ഡാറാ എന്ന അമേരി ക്കൻ ഒരു കോട്ടൺമിൽ തുടങ്ങി. തിരുവിതാംകൂറിലാദ്യമായി സ്ഥാപിക്ക പ്പെട്ട ഈ കോട്ടൺമില്ലാണ് ഏ.ഡി. കോട്ടൺമിൽ എന്ന പേരിലറിയപ്പെ ട്ടുവന്നത്. (ഇപ്പോളത് പാർവ്വതീ മിൽസ് ആണ്). 1905-ൽ സീതാറാം ഫാക്ടറി എന്ന പേരിൽ ഒരു ഹാൻഡ്ലൂം ഫാക്ടറി സ്ഥാപിതമായി. കോഴിക്കോട്ട് മലബാർ കോട്ടൺ സ്പിന്നിങ്ങ് ആൻഡ് വീവിങ്ങ് കമ്പനി എന്ന മറ്റൊരു ഫാക്ടറിയും സ്ഥാപിക്കപ്പെട്ടു.

ബാസൽമിഷ്യൻകാർതന്നെയാണ് കേരളത്തിലാദ്യമായി ഓടു(ടൈൽ) വ്യവസായം ആരംഭിച്ചത്. 1865-ൽ ത്തന്നെ അവർ മംഗലാപുരത്ത് ഒരു ടൈൽ ഫാക്ടറി ആരംഭിച്ചുകഴിഞ്ഞിരുന്നു. അവരുടെതന്നെ ആഭിമുഖ്യത്തിൽ 1874-ൽ കോഴിക്കോട്ടിന്നടുത്തുള്ള പുതിയറയിലും 1891-ൽ പൊന്നാനിക്കടുത്തുള്ള കൊടക്കലും 1892-ൽ ഒലവക്കോട്ടും ഓരോ ടൈൽ ഫാക്ടറിയാരംഭിച്ചു. ഇതേ കാലത്തുതന്നെ ഫെൻക ആൻഡ് കമ്പനിക്കാരുടെ മറ്റൊരു ഫാക്ടറി ഫറോക്കിലും സ്ഥാപിതമായി. പ്രാചീന കാലത്തുതന്നെ കേരളത്തിലെ കയർ പ്രസിദ്ധമായിരുന്നു. കപ്പലുകളുടെ ആവശ്യങ്ങൾക്കും മറ്റും അതു ധാരാളമായി ഉപയോഗിക്കപ്പെട്ടിരുന്നു. പിന്നീട് പോർച്ചുഗീസുകാരുടേയും ഡച്ചുകാരുടേയും വരവിന്നുശേഷം കയറുല്പന്നങ്ങൾക്ക് പുതിയൊരുത്തേജനം കിട്ടി. ആദ്യം വീടുകളിൽ വച്ച് ഒരു കുടിൽ വ്യവസായമെന്ന നിലയ്ക്കാണ് കയർ പിരിക്കപ്പെട്ടിരുന്നത്. 19-ാം നൂറ്റാണ്ടിന്റെ മധ്യകാലമായപ്പോഴേക്കും ഈ രംഗത്തിലും ഫാക്ടറികളാരംഭിച്ചു. ആദ്യമായി 1859-ൽ ന്യൂയോർക്കിലെ ആർച്ചർ ആൻഡ് ബുൾ എന്ന കമ്പനിയുടെ പങ്കാളിയായ ജയിംസ് ഡാറാ എന്ന അമേരിക്കനാണ് ആലപ്പുഴയിൽ ഒരു കയർഫാക്ടറി സ്ഥാപിച്ചത്. ഈ ഫാക്ടറിയാണ് പിന്നീട് ഡാറാസ്മെയിൽ കമ്പനിയായി വളർന്നത്. ഏറെക്കഴിയുന്നതിനുമുമ്പ് ബ്രിട്ടീഷുകാരുടേയും അമേരിക്കരുടേയും വകയായി കയർ പായകളും കയർ തടുക്കുകളും ഉണ്ടാക്കുന്ന മറ്റു ചില ഫാക്ടറികളും സ്ഥാപിക്കപ്പെട്ടു. കാലക്രമത്തിൽ കേരളീയരായ മുതലാളികളും വ്യവസായങ്ങളിൽ പണം നിക്ഷേപിക്കാൻ തുടങ്ങി.

19-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും വിദേശീയരുടേയും നാടൻ മുതലാളികളുടേയും നേതൃത്വത്തിൽ വേറേയും ചില വ്യവസായ സ്ഥാപനങ്ങൾ കേരളത്തിലാവിർഭവിച്ചു. അങ്ങനെ, ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെന്നപോലെതന്നെ കേരളത്തിലും മുതലാളിത്തം തല ഉയർത്തി.

നവയുഗം, വ്യവസായപതിപ്പ് 1958

## അദ്ധ്യായം 2

# കേരളത്തിന്റെ സാമ്പത്തികഭദ്രത

"മദ്രാസിനോടും കൽക്കട്ടയോടും അനുഭാവംകാണിച്ചുകൊണ്ട് വില പിയ്ക്കുന്ന 'ദലാൽസ്ത്രീറ്റി'ന്റെ മുന്നോട്ടേയ്ക്കുള്ള ഗതിയെ ഈ വാര ത്തിന്റെ മദ്ധ്യത്തിൽ പ്രസിദ്ധംചെയ്യപ്പെട്ട കേരളബജറ്റ് തടഞ്ഞുനിർത്തി യിരിയ്ക്കുന്നു. കാർഷികസ്വത്തുക്കളുടെ മേൽ നികുതിചുമത്തുകയും കാർഷികാദായങ്ങളിന്മേലുള്ള നികുതി വർദ്ധിപ്പിയ്ക്കുകയും ചെയ്ത കേരളത്തിന്റെ നേതൃത്വത്തെ മറ്റു സ്റ്റേറ്റുകളും പിന്തുടരാനിടയുണ്ട് എന്ന ഭയമാണ് പ്രകടിപ്പിയ്ക്കപ്പെടുന്നത്. ഇത് തോട്ടങ്ങളുടേയും പഞ്ചസാര എസ്റ്റേറ്റുകളുടേയും ഷെയറുകളുടെ വിലയിടിച്ചിരിയ്ക്കുന്നു".

ബോംബെയിലെ "എക്കണോമിക്ക് വീക്ക്ലി ജൂൺ 15-ാം, നു എഴു തിയ മാർക്കറ്റുനിരൂപണത്തിൽ നിന്നാണ് മുകളിൽ ചേർത്ത വാചകങ്ങൾ ഉദ്ധരിച്ചിട്ടുള്ളത്.

ഇന്ത്യയിലെ ഏറ്റവും ചെറിയ സ്റ്റേറ്റിന്റെ 30 കോടി ക. യോളം മാത്രം വന്ന ഒരു കൊച്ചു ബഡ്ജറ്റ് ഏറ്റവും വലിയ മുതലാളികളെ ഭയചകിത രാക്കുകയും അവരുടെ ഷെയറുകളുടെ വിലകളെ സാരമായി ബാധി യ്ക്കുകയും ചെയ്തിരിയ്ക്കുന്നു. ഈ പരമാർത്ഥത്തെയാണു 'ഏക്കണോ മിക്ക് വീക്ക്ലി' ചൂണ്ടിക്കാണിയ്ക്കുന്നത്.

എതിർപ്പിന്നുവേണ്ടി എതിർക്കുക എന്ന സങ്കുചിതത്വത്തെ കെട്ടി പ്പുണരുന്ന കേരളത്തിലെ ചില പത്രാധിപന്മാർക്ക് കമ്യൂണിസ്റ്റ് ഗവൺ മ്മെണ്ടിന്റെ നികുതിനയത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ കഴിഞ്ഞു വെന്നുവരില്ല. പക്ഷേ, കാറ്റെങ്ങോട്ടാണ് വീശുന്നത് എന്ന് വിദേശമുത ലാളികൾക്ക് നല്ലപോലെ മനസ്സിലാവാൻ തുടങ്ങിയിട്ടുണ്ട്.

## ഭാവിയുടെ ചൂണ്ടുപലക

നികുതിയ്ക്കിരയായ തോട്ടക്കമ്പനികളുടെ കൂട്ടത്തിൽ ഒരുലക്ഷത്തി അമ്പതിനായിരത്തോളം ഏക്ര കൈവശംവെച്ചുകൊണ്ട് കേരളത്തെ തലമുറതലമുറയായി ചൂഷണം ചെയ്ത് കൊള്ളലാഭമടിയ്ക്കുന്ന കണ്ണൻദേവൻകമ്പനിയെപ്പോലുള്ള വിദേശീയകമ്പനികളുണ്ട്. അവയെയെല്ലാം ദേശസാൽക്കരിയ്ക്കുകയും രാജ്യത്തിന്റെ സ്വത്തുക്കളാക്കി മാറ്റുകയും ചെയ്യുകയെന്നത് നമ്മുടെ സാമ്പത്തികവ്യവസ്ഥയുടെ വളർച്ചയ്ക്കാവശ്യമാണ്. പക്ഷേ, അതിന്നു കേന്ദ്രത്തിന്റെ സമ്മതം വേണം. അതിന്നു സമയംപിടിയ്ക്കും. എന്നാൽ, പുരോഗമനപരമായ ഒരു നികുതിനയം കൊണ്ട് അവയെ കടിഞ്ഞാണിടാനും അവയുടെ കൊള്ളലാഭത്തിന്റെ ഒരു ഭാഗമെങ്കിലും രാജ്യത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കാനും ഇപ്പോൾത്തന്നെ നമുക്കു സാധിയ്ക്കും. അതിന്റെ ആരംഭമാണ് കേരളഗവൺമ്മെണ്ടിന്റെ ഒന്നാമത്തെ ബജറ്റിൽ നമ്മൾ കാണുന്നത്.

ആരംഭം മാത്രമാണ് എന്നതിന് ഒരു കീഴ്വരയാവശ്യമാണ്. എന്തെന്നാൽ, ഇക്കൊല്ലത്തെ ബജറ്റ് നിർദ്ദേശങ്ങൾ വിദേശമുതലാളികളേയും വൻകിട ജന്മികളേയും അത്രമേൽ അമ്പരപ്പിയ്ക്കത്തക്കവയാണെന്നു പറഞ്ഞുകൂടാ. തിരു-കൊച്ചിയിൽ മുമ്പുതന്നെ നിലവിലുണ്ടായിരുന്ന കാർഷികാദായനികുതി മലബാറിലേയ്ക്കുക്കൂടി വ്യാപിപ്പിയ്ക്കുകയും കമ്പനികളുടെ കാർഷികാദായത്തിന്മേൽ സ്വല്പംകൂടി ഉയർന്ന (25,000 ക. യ്ക്കു മുകളിലുള്ള ആദായത്തിന്ന് ഒരണക്രമം മുതൽ നാലണക്രമംവരെ) ഒരു സൂപ്പർടാക്സ് ചുമത്തുകയും ഇന്ത്യാഗവൺമ്മെണ്ട് കാർഷികേതരസ്വത്തിന്മേൽ ചുമത്താൻ നിശ്ചയിച്ച അതേ നിരക്കിൽ കാർഷികസ്വത്തുക്കളുടെ മേൽ പുതിയ നികുതി ചുമത്തുകയുമാണ് ചെയ്തിട്ടുള്ളത്. കാർഷികസ്വത്തിന്മേലുള്ള നികുതിവകയിൽ 16 ലക്ഷം ക.യും കമ്പനികളുടെ കാർഷിക വരുമാനത്തിന്മേലുള്ള സൂപ്പർടാക്സ് വകയിൽ 65 ലക്ഷം ക. യും മലബാറിലിന്നുള്ള ഭൂനികുതി സമ്പ്രദായത്തിൽ മാറ്റം വരുത്തിക്കൊണ്ട് തിരു-കൊച്ചിയിലെ അടിസ്ഥാനനികുതിയും കാർഷികാദായനികുതിയും മലബാറിലേയ്ക്കുകൂടി വ്യാപിപ്പിയ്ക്കുന്നതിന്റെ ഫലമായി 98.61 ലക്ഷം ക. യും മാത്രം കൂടുതൽ വരവുണ്ടാകുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്. ഒട്ടാകെയുള്ള വരവിനങ്ങളുടെ ചെറിയൊരു ഭാഗം മാത്രമാണിത്. എങ്കിലും, ഇതൊരു സൂചനയാണ്; കേരളത്തിലും കേരളത്തിന്റെ മാതൃക സ്വീകരിയ്ക്കുന്ന മറ്റു സ്റ്റേറ്റുകളിലും ഭാവിയിലുണ്ടാകാൻ പോകുന്നതിന്റെ മുന്നോടിയാണ്. അതുകൊണ്ടുതന്നെയാണ് വിദേശീയ മുതലാളികൾ പരിഭ്രമിയ്ക്കുന്നത്.

1957–58 ൽ കേരളസ്റ്റേറ്റിന്റെ ചെലവുകൾക്ക് ആകെ 3015.58 ലക്ഷം ഉറുപ്പിക വേണ്ടിവരുമെന്നു കണക്കാക്കിയിരിക്കുന്നു. നിലവിലുള്ള വരവിനങ്ങളുടെ അടിസ്ഥാനത്തിൽ 2790.32 ലക്ഷം ക. യേ പ്രതീക്ഷിയ്ക്കാൻ നിവൃത്തിയുള്ളു എന്നുവെച്ചാൽ, 2 കോടിയിലധികം ഉറുപ്പിക പോരാതെ വരും. ഈ കമ്മി നികത്താൻവേണ്ടി 232.57 ലക്ഷം ക.യുടെ പുതിയ വരുമാനങ്ങളുണ്ടാക്കാൻ തീരുമാനിച്ചിരിയ്ക്കുന്നു. അതിൽ 180 ലക്ഷം ക. യും വൻകിടമുതലാളികളേയും ജന്മികളേയും മാത്രം ബാധിയ്ക്കുന്ന നികുതികളാണ്

## സാധാരണക്കാരെ എത്രകണ്ടു ബാധിക്കും?

പുതിയ നികുതികൾ ഇടത്തരക്കാരേയും സാധാരണക്കാരായ ബഹുജനങ്ങളേയും ഒരു തരത്തിലും ബാധിക്കുന്നില്ല എന്നു വാദിയ്ക്കുന്നത് അതിശയോക്തിയാവും. കുറച്ചൊക്കെ ബാധിയ്ക്കുന്നുണ്ട് എന്നതാണ് പരമാർത്ഥം. ഉദാഹരണത്തിന്ന്, മാസത്തിൽ 250 ക. യിലധികം ശമ്പളം വാങ്ങുന്നവർ കൊടുക്കേണ്ട തൊഴിൽനികുതിന്മേൽ ചെറിയൊരു സർച്ചാജ്ജ് ചുമത്തിയിട്ടുണ്ട്. ഈ വകയിൽ 16,000 ക. യേ പ്രതീക്ഷിയ്ക്കുന്നുള്ളൂ. ഇതൊരന്യായമായ നികുതിയാണോ? അല്ല. കൊല്ലത്തിൽ 3000ത്തിലധികം ഉറുപ്പിക ശമ്പളം വാങ്ങുന്നവർ രാജ്യത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കു യാതൊരു ത്യാഗവും ചെയ്യാൻ പാടില്ല എന്ന ശഠിയ്ക്കുന്നത് ശരിയല്ല. നികുതിനിരക്ക് താങ്ങാനാവാത്ത വിധം ദുസ്സഹമാവരുത് എന്നും 250 കയിൽ കുറഞ്ഞ ശമ്പളം കിട്ടുന്ന ചെറുകിടക്കാരെ നികുതിയിൽനിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെടുന്നത് ന്യായമാണ്. ഈ ആവശ്യങ്ങൾ ബജറ്റിൽ അംഗീകരിയ്ക്കപ്പെട്ടിട്ടുമുണ്ട്.

അസംബ്ലിയിലെ പ്രതിപക്ഷാംഗങ്ങളുടെ വിമർശനങ്ങൾക്കിരയായ മറ്റൊരിനം വില്പനനികുതിയാണ്. 30,000 ക.യും അതിലധികവും ടേണോവർ ഉള്ള വ്യാപാരികളുടെ വില്പനനികുതിയിന്മേൽ രണ്ടരശതമാനം വീതം വരുന്ന ഒരു സർച്ചാർജ് ചുമത്തിയിട്ടുണ്ട്. ഇതിൽനിന്നു 5.51 ലക്ഷം ക. വരവു പ്രതീക്ഷിക്കുന്നു. മലബാറിലേയും തിരു-കൊച്ചിയിലേയും വില്പനനികുതികളുടെ ഏകീകരണം വഴി 20 ലക്ഷം ക. കൂടുതൽ വരവുണ്ടാകുമെന്നും പ്രതീക്ഷിക്കുന്നുണ്ട്. ഈ വില്പനനികുതികൾ സാധാരണക്കാരെയാണ് ബാധിയ്ക്കുക എന്നു അസംബ്ളിയിൽ ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി.

ഒരർത്ഥത്തിൽ ഈ വിമർശനം ശരിയാണ്. പക്ഷേ, വിമർശകന്മാർ ഒരു കാര്യം, വിസ്മരിക്കാൻ അരി, പുസ്തകം മുതലായ ചില നിത്യോപയോഗസാധനങ്ങളുടെ മേലുണ്ടായിരുന്ന വിൽപ്പനനികുതി തീരെ എടു

ത്തുകളഞ്ഞിരിക്കുന്നു. ഇനിയും ചില നിത്യോപയോഗസാധനങ്ങളെ വിൽപ്പനനികുതിയിൽ നിന്നൊഴിവാക്കേണ്ടതുണ്ട്. അതേ സമയത്തു തന്നെ മറ്റു ചരക്കുകളുടെ, പ്രത്യേകിച്ചും സുഖഭോഗ സാമഗ്രികളുടെ മേലുള്ള വില്പനനികുതി വർദ്ധിപ്പിക്കുകയും ചെയ്യാം. പിന്നേയും ചില പരിഷ്കാരങ്ങൾകൂടി വരുത്താവുന്നതാണ്. ഉദാഹരണത്തിനു, ഇന്നത്തെ ബഹുമുഖവില്പനനികുതി ഏകമുഖ വില്പനനികുതിയാക്കി മാറ്റാം. അധികാരമെടുത്തിട്ട് രണ്ടു മാസത്തിനിടയിൽ തയ്യാറാക്കേണ്ടിവന്ന ഒരു ബജറ്റിൽ ഈ പരിഷ്കാരങ്ങൾ മുഴുവൻ ഒറ്റയ്ക്ക് നടപ്പിൽ വരുത്താൻ കഴിയാത്തതിനെ വിമർശിക്കുന്നവർ അടുത്തകൊല്ലത്തെ ബജറ്റുവരെ ഒന്നു കാത്തിരിയ്ക്കട്ടെ. വില്പനനികുതിയുടെ ആഘാതത്തിൽ നിന്ന് ജനങ്ങൾക്ക് കൂടുതൽ രക്ഷനൽകുകയും അതേ സമയത്തുതന്നെ ആ നികുതിവഴി കൂടുതൽ പണമുണ്ടാക്കുകയും ചെയ്യുന്നതെങ്ങിനെയെന്ന് അവർക്ക് കാണാൻ കഴിയും.

ഇനിയും ചില വിമർശനങ്ങളുണ്ട്. തിരു-കൊച്ചിയിലെ നിരക്കുകളുമായി ഏകീകരിക്കാൻ വേണ്ടി മലബാറിലെ ബസ്സുടമകളുടെ നികുതി 30ക യുണ്ടായിരുന്നതു 25ക യായി കുറച്ചതെന്തിനാണ്? ഏകീകരിക്കണമെന്നുണ്ടെങ്കിൽ തിരു-കൊച്ചിയിലെ നികുതി 25 ക. യിൽ നിന്ന് 30 ക. യാക്കി വർദ്ധിപ്പിച്ചാൽപോരേ? ഈ നയം സ്വീകരിച്ചിരുന്നുവെങ്കിൽ വരവിൽ 2 ലക്ഷം ക. കുറയുന്നതിനുപകരം അഞ്ചോ ആറോ ലക്ഷം കൂടുതൽ കിട്ടുമായിരുന്നില്ലേ? മദ്യനിരോധനമില്ലാത്ത പ്രദേശങ്ങളിൽ മദ്യങ്ങളുടെ, എക്സൈസ് നികുതി വർദ്ധിപ്പിച്ചാലെന്താണ്? നിർമ്മാണപ്രവർത്തനങ്ങൾക്കു പണമുണ്ടാക്കാൻവേണ്ടി സ്വർണ്ണത്തിന്നും ആഭരണങ്ങൾക്കും നികുതി ചുമത്തിക്കൂടെ? അടുത്ത കൊല്ലത്തെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം ചോദ്യങ്ങൾ നമ്മുടെ ധനകാര്യമന്ത്രിയുടെ മനസ്സിലുണ്ടായിരിക്കുമെന്നു തീർച്ചയായും പ്രതീക്ഷിക്കാം.

## താരതമ്യപ്പെടുത്തി നോക്കുക

പക്ഷേ, ഇക്കൊല്ലംതന്നെ, കമ്യൂണിസ്റ്റ് ഗവൺമ്മെണ്ടിന്റെ ബജറ്റ് വിമർശനങ്ങളെ വിമർശിക്കുന്നവർക്ക് മറ്റൊരു കാര്യം ചെയ്യാൻ കഴിയും. കേരളഗവൺമ്മെണ്ടിന്റെ ബജറ്റുമായി ജനങ്ങൾ താരതമ്യപ്പെടുത്തിനോക്കട്ടെ. ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങളുടെ ക്രയശക്തിയെ ഇടിച്ചു തകർക്കാതെതന്നെ ഭരണത്തിന്നാവശ്യമുള്ള പണമുണ്ടാക്കാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസം കേരളത്തിന്റെ ബജറ്റിലല്ലാതെ, മറ്റേതെങ്കിലും ബജറ്റിൽ പ്രതിഫലിച്ചിട്ടുണ്ടോ എന്ന് അവരൊന്നു പരിശോധിച്ചു നോക്കട്ടെ. കോൺഗ്രസ്സും കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള വ്യത്യാസമെന്തെന്ന് അപ്പോളവർക്കു മനസ്സിലാവും.

ഏറ്റവും പ്രധാനമായ വ്യത്യാസമിതാണ്. കോൺഗ്രസ് ഭരിക്കുന്ന സ്റ്റേറ്റുകൾ വരവും ചെലവും ഒപ്പിക്കാൻ കഴിയാതെ വിഷമിയ്ക്കുകയാണ്. പശ്ചിമബംഗാളിന്റെ ബജറ്റിൽ 12 കോടി 17 ലക്ഷം ക. കമ്മിയാണ്. ഒറീസ്സയിൽ 3 കോടി 17 ലക്ഷം ക. യുടെ കമ്മിയാണ്. താരതമ്യേന പിന്നണിപ്രദേശമായ കേരളത്തിലോ? 7.33 ലക്ഷം ക. യുടെ ഒരു മിച്ച ബജറ്റാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. കമ്മിബജറ്റുകളുണ്ടാക്കുന്നത് നിരുത്തരവാദിത്വമാണെന്ന്, പഞ്ചവത്സര പദ്ധതി വിജയിക്കണമെങ്കിൽ സ്റ്റേറ്റുകൾ കൂടുതൽ നികുതിചുമത്തി പണമുണ്ടാക്കണമെന്നും പണ്ഡിറ്റ് നെഹ്റുവും മറ്റു കേന്ദ്രമന്ത്രിമാരും കൂടെ കൂടെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിലാണ് ഈ ബജറ്റുകളെല്ലാം ആസൂത്രണം ചെയ്യപ്പെട്ടത്. പക്ഷേ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള കൊച്ചു കേരളത്തിൽ മാത്രമേ സ്വന്തം കാലിന്മേൽ നിൽക്കാൻ കഴിയുമെന്നു തെളിയിക്കാൻ സാധിച്ചിട്ടുള്ളൂ.

## സാമ്പത്തികഭദ്രത വേണമെങ്കിൽ

പക്ഷേ, വരവുചെലവുകളൊപ്പിക്കാനും ഒരു മികച്ചബജറ്റുണ്ടാക്കാനും കഴിഞ്ഞുവെന്നതുകൊണ്ടു മാത്രം കേരളം സാമ്പത്തികഭദ്രതയുള്ള ഒരു സ്റ്റേറ്റാണെന്ന് പറയാൻ കഴിയുമോ? തീർച്ചയായുമില്ല. ഒരു സ്റ്റേറ്റിന്റെ ഉല്പാദനശക്തികളുടെ വളർച്ചയേയും ജനങ്ങളുടെ ക്ഷേമത്തേയും ആശ്രയിച്ചാണിരിക്കുന്നത്. ജനപ്പെരുപ്പംകൊണ്ടും ഭക്ഷണക്കമ്മികൊണ്ടും തൊഴിലില്ലായ്മകൊണ്ടും വിഷമിക്കുന്ന കേരളത്തെ എത്രത്തോളം വേഗത്തിൽ വ്യവസായവൽക്കരിക്കാനും അങ്ങിനെ ഒരു മുന്നണിസ്റ്റേറ്റാക്കി മാറ്റാനും കഴിയുമോ അത്രത്തോളം വേഗത്തിൽ സാമ്പത്തികഭദ്രതയും വർദ്ധിക്കും. ആധുനികരീതിയിലുള്ള വ്യവസായവൽക്കരണമില്ലെങ്കിൽ സാമ്പത്തികഭദ്രതയുമില്ല.

പക്ഷേ, ഈ കടമ നിർവഹിക്കണമെങ്കിൽ പണം വേണം. കേവലം 30 കോടി ക. യുടെ ഒരു ബജറ്റിന് കേരളം പോലുള്ള ഒരു സ്റ്റേറ്റിനെ വ്യവസായവൽക്കരിക്കാൻ കഴിയില്ല. കൂടുതൽ പണമുണ്ടാക്കുന്നതെങ്ങനെയാണ്? മൂന്നു വഴികളേയുള്ളൂ: 1. കേന്ദ്രത്തിൽ നിന്നു കൂടുതൽ പണം കിട്ടുക. 2. ആഭ്യന്തരമായ വരവിനങ്ങൾ വർദ്ധിപ്പിക്കുക. 3. അനാവശ്യച്ചെലവുകൾ വെട്ടിക്കുറക്കുക. ഈ മൂന്നു മാർഗ്ഗങ്ങളിലോരോന്നിനേയും അടുത്തലക്കത്തിൽ നമുക്കു പരിശോധിക്കാം.

## കേന്ദ്രത്തിൽനിന്ന് കൂടുതൽ പണം കിട്ടണം

സ്വാതന്ത്ര്യത്തിന്നും സ്വയം ഭരണത്തിന്നും വേണ്ടിയുള്ള ഇന്ത്യയുടെ ദാഹം അടങ്ങാത്തതാണെന്നു കണ്ടപ്പോൾ ബ്രിട്ടീഷുകാർ ഒരു സൂത്രം

പ്രയോഗിച്ചു. സംസ്ഥാനങ്ങൾക്കു സ്വയംഭരണം നൽകാനെന്നപേരിൽ അവർ ഒരു പുതിയ ഭരണഘടനയുണ്ടാക്കി. അതനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട നിയമസഭകളും നിയമസഭകളോടുത്തരവാദിത്വമുള്ള മന്ത്രിസഭകളും നിലവിൽവന്നു. പലതരത്തിലുള്ള പരിമിതികളോടും നിയന്ത്രണങ്ങളോടും കൂടിയാണെങ്കിലും ജനങ്ങളെ പ്രതിനിധീകരിയ്ക്കുന്ന മന്ത്രിമാർക്ക് സംസ്ഥാനങ്ങളെ ഭരിയ്ക്കാനധികാരം കിട്ടി. പക്ഷേ, ഭരണത്തിന്നാവശ്യമായ പണം മാത്രം കിട്ടിയില്ല. വിദ്യാഭ്യാസം പൊതുജനാരോഗ്യം, പ്രാദേശികസ്വയംഭരണം, സാമൂഹ്യവികസനം, നിർമ്മാണപ്രവർത്തനങ്ങൾ എന്നിങ്ങിനെ പൊതുജനങ്ങളുടെ നന്മയ്ക്കുവേണ്ടിയുള്ള എല്ലാ പ്രധാനകൃത്യങ്ങളും അവർക്കു നിർവ്വഹിയ്ക്കേണ്ടതുണ്ടായിരുന്നു. ഇതെല്ലാം ധാരാളം ചെലവുകൾ വേണ്ടിവരുന്ന കൃത്യങ്ങളാണ്. പക്ഷേ, ഈ ഭാരിച്ച കടമകൾ നിർവ്വഹിയ്ക്കാൻ വരവിനങ്ങളുടെ ഏറ്റവും തുച്ഛമായ ഒരു ഭാഗമാണ് സംസ്ഥാന ഗവർമ്മെന്റുകളുടെ പരിധിയ്ക്കു വിട്ടുകൊടുക്കപ്പെട്ടത്. വർദ്ധമാനങ്ങളും വികസനക്ഷമങ്ങളുമായ എല്ലാ നികുതിയിനങ്ങളും കേന്ദ്രഗവൺമ്മെണ്ടിന്റെ കൈയിൽത്തന്നെ കേന്ദ്രീകരിച്ചു. ജനക്ഷേമകരങ്ങളായ ചെലവുകൾ നടത്താനുള്ള ചുമതല സംസ്ഥാന ഗവൺമ്മെന്റുകൾക്ക്, പ്രധാനപ്പെട്ട വരവിനങ്ങളെല്ലാം വസൂലാക്കാനുള്ള അധികാരം കേന്ദ്രത്തിനു ഇതായിരുന്നു സ്ഥിതി. സംസ്ഥാനഭരണങ്ങളെ സാമ്പത്തികമായി വരിഞ്ഞുകെട്ടി നിസ്സഹായങ്ങളാക്കുകയും അതേ സമയത്തുതന്നെ വിദ്യാഭ്യാസം, ആരോഗ്യം, നിർമ്മാണ പ്രവർത്തനങ്ങൾ മുതലായവയുടെ കാര്യത്തിൽ സാമ്രാജ്യമേധാവികൾ കാണിച്ചുപോന്ന അക്ഷന്തവ്യമായ അവഗണനകളുടേയും അപരാധങ്ങളുടേയും ഉത്തരവാദിത്വം, തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനമന്ത്രിമാരുടെ തലയിൽ വെച്ചുകെട്ടുകയും അങ്ങിനെ ഇന്ത്യക്കാർക്ക് സ്വയംഭരണം നടത്താൻ കെല്പില്ലെന്നു തെളിയിയ്ക്കുകയും ചെയ്യുക - ഇതായിരുന്നു പോര്.

## പഴയനയം തുടരുന്നു

ഇത്തരം തട്ടിപ്പുകളേയും തടസങ്ങളേയും, നേരിട്ടുകൊണ്ട്, സാമ്രാജ്യവാദികളുടെ മർദ്ദനങ്ങളേയും ബീഭത്സതകളേയും വകവെയ്ക്കാതെ, ഇന്ത്യയുടെ സ്വാതന്ത്ര്യസമരം മുന്നേറുകതന്നെ ചെയ്തു. ഒടുവിൽ 1947 ആഗസ്റ്റിൽ ഇന്ത്യ സ്വതന്ത്രയായി. 1951 ൽ സ്വതന്ത്രേന്ത്യയുടെ റിപ്പബ്ളിക്കൻ ഭരണഘടന നടപ്പിൽവന്നു.

പക്ഷേ, സ്വതന്ത്രേന്ത്യയുടെ ഈ പുതിയ ഭരണഘടനയും, സംസ്ഥാനങ്ങളെ സംബന്ധിച്ചേടത്തോളം കൈക്കൊണ്ട നയം പഴയതുതന്നെയാണ്. “ഓരോ ഘടകത്തിന്നും (അതായത് കേന്ദ്രത്തിനും സ്റ്റേറ്റിന്നും)

അതാതിന്റെ പ്രവർത്തനങ്ങളേയും ഉത്തരവാദിത്വങ്ങളേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള സാമ്പത്തിക വരവിനങ്ങൾ നീക്കിവെയ്ക്കേണ്ടതാവശ്യമാണ്" എന്ന് സുപ്രസിദ്ധ ധനശാസ്ത്രജ്ഞനായ കെ.ടി. ഷാ തന്റെ 'ഫെഡറൽ ഫൈനാൻസ് ഇൻ ഇൻഡ്യ' എന്ന ഗ്രന്ഥത്തിൽ ആവശ്യപ്പെടുകയുണ്ടായി. പക്ഷേ, ഈ തത്വമല്ല അംഗീകരിയ്ക്കപ്പെട്ടത്. വമ്പിച്ച പല ഉത്തരവാദിത്വങ്ങളും സ്റ്റേറ്റ് ഗവർമ്മെന്റുകളുടെ ചുമലിലർപ്പിയ്ക്കപ്പെട്ടു. പക്ഷേ, ആ ഉത്തരവാദിത്വങ്ങൾ നിർവ്വഹിയ്ക്കാനാവശ്യമായ പണത്തിന്നുമാത്രം ഏർപ്പാടുണ്ടായില്ല. വികസനക്ഷമങ്ങളല്ലാത്ത നിലനികുതിപോലുള്ള വരവിനങ്ങൾ മാത്രം സ്റ്റേറ്റുകൾക്കു വിട്ടുകൊടുക്കുകയും വർദ്ധമാനങ്ങളായ ആദായനികുതി, എക്സൈസ് നികുതി മുതലായവ കേന്ദ്രത്തിന്റെ കൈയിൽത്തന്നെ കേന്ദ്രീകരിയ്ക്കുകയാണു ചെയ്തത്.

സ്റ്റേറ്റുകളും കേന്ദ്രവും തമ്മിലുള്ള സാമ്പത്തികബന്ധങ്ങളെസ്സംബന്ധിച്ചേടത്തോളം 1935 ലെ ഭരണഘടനയെയാണ് പുതിയ ഭരണഘടനയും മാതൃകയാക്കീട്ടുള്ളത്. മൂന്നു തരത്തിലുള്ള സാമ്പത്തിക ബന്ധങ്ങളുണ്ട്: ചില നികുതികൾ യൂനിയൻ ഗവൺമ്മെന്റാണ് വസൂലാക്കുകയെങ്കിലും അവ മുഴുവനും സ്റ്റേറ്റുകൾക്കു വിട്ടുകൊടുക്കും. ഉദാഹരണത്തിനു, മരണനികുതി, എസ്റ്റേറ്റ് ഡ്യൂട്ടി മുതലായവ. എന്നാൽ, ഭരണഘടനയിലെ 271-ാം വകുപ്പു പ്രകാരം ഈ ജനങ്ങളിൽത്തന്നെ സർച്ചാർജ്ജുകൾ ചുമത്താൻ യൂനിയന്നധികാരമുണ്ട്. മറ്റു ചില നികുതികൾ കേന്ദ്രം പിരിയ്ക്കുകയും കേന്ദ്രവും സ്റ്റേറ്റുകളും തമ്മിൽ വീതിയ്ക്കുകയും ചെയ്യുന്നു. കാർഷികാദായ നികുതിയൊഴിച്ചുള്ള ആദായനികുതി, (കോർപ്പറേഷൻ നികുതി പെടില്ല) എക്സൈസ്നികുതികൾ, എന്നിവയാണവ. ഇതിന്നുപുറമെ സ്റ്റേറ്റുകൾക്കു ചില പ്രത്യേകാവശ്യങ്ങൾക്ക് യൂനിയൻ സഹായധനം നൽകണമെന്നും വ്യവസ്ഥയുണ്ട്. വ്യത്യസ്തസ്റ്റേറ്റുകളുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് വ്യത്യസ്ത തോതിലാണ് ഈ ഗ്രാന്റുകൾ നൽകുക. യൂനിയൻ ഗവൺമ്മെന്റിന്റെ അംഗീകാരത്തോടുകൂടി പട്ടികവർഗ്ഗക്കാരുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തുക മുതലായ പരിപാടികൾക്കു വേണ്ടിയും അതുപോലുള്ള മറ്റു ചില ആവശ്യങ്ങൾക്കുവേണ്ടിയും മാത്രമാണിതു നൽകപ്പെടുന്നത്.

## വരവിനങ്ങൾ

വരവിനങ്ങളെ യൂനിയൻലിസ്റ്റെന്നും സ്റ്റേറ്റ്ലിസ്റ്റെന്നും രണ്ടായി വിഭജിച്ചിട്ടുണ്ട്. ഈ വിഭജനമനുസരിച്ച് റെയിൽവേ, തുറമുഖം, വിമാനം, കപ്പൽ, തപാലും കമ്പിയും, നാണയനിർമ്മാണം വിദേശവിനിമയം, വിദേ

ശരാജ്യങ്ങളുമായുള്ള വ്യാപാരവും വാണിജ്യവും, ചുങ്കാതിർത്തികൾ വഴിയ്ക്കുള്ള കയറ്റുമതിയും ഇറക്കുമതിയും, ബേങ്കിങ്ങ്, ഇൻഷുറൻസ്, സ്റ്റോക്ക് എക്സ്ചേഞ്ച്, പെട്രോൾ, എണ്ണഖനികൾ, കാർഷികാദായ നികുതിയൊഴിച്ചുള്ള മാറ്റദായങ്ങളിന്മേലുള്ള നികുതികൾ, പുകയിലയുടേയും മദ്യം, ഔഷധം, മറ്റു ലഹരിപദാർത്ഥങ്ങൾ എന്നിവയൊഴിച്ച് ഇന്ത്യയിലുണ്ടാക്കുന്ന മറ്റു സാധനങ്ങളുടേയും മേലുള്ള എക്സൈസ്നികുതികൾ, കോർപ്പറേഷൻനികുതി, കൃഷിഭൂമിയൊഴിച്ചുള്ള മൂലധനനികുതി മുതലായ പ്രധാനപ്പെട്ട വരവിനങ്ങളെല്ലാം കേന്ദ്രഗവൺമ്മെന്റിന്റെ പരിധിയിലാണ്. ഭൂനികുതി, കാർഷികദായ നികുതി, ഭൂമിയിലും കെട്ടിടങ്ങളിലുള്ള നികുതി, ഉപയോഗത്തിന്നോ വിക്രയത്തിന്നോ ഉള്ള സാധനങ്ങൾ സംസ്ഥാനങ്ങളിൽ പ്രവേശിപ്പിക്കുന്നതിന്നുള്ള നികുതി, ലഹരിമദ്യങ്ങളുടേമേലുള്ള എക്സൈസ് നികുതി, റോഡിലൂടെയോ ജലമാർഗ്ഗത്തിലൂടെയോ പോകുന്ന വാഹനങ്ങളുടെ മേലുള്ള നികുതി, വില്പന നികുതി, മൃഗങ്ങളുടെ മേലുള്ള നികുതി മുതലായവ മാത്രമാണ് സ്റ്റേറ്റുകൾക്കു വിട്ടു കൊടുക്കപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ ബജറ്റിലേയ്ക്കൊന്നു കണ്ണോടിച്ചാൽ ഇതെത്രത്തോളം അതൃപ്തികരമാണെന്നു ബോദ്ധ്യമാവും. 1957-58 ലെ ബജറ്റനുസരിച്ച് കേരളത്തിന്റെ പ്രധാന വരവിനങ്ങൾ താഴെപറയുന്നവയാണ്:

| | |
|---|---|
| നികുതികൾ | 74,19,000 ക. |
| ആദായനികുതി | 4,07,39,000 ക. |
| എസ്റ്റേറ്റ്ഡ്യൂട്ടി | 9,65,000 ക. |
| ഭൂനികുതി | 1,20,18,000 ക. |
| നികുതികൾ | 2,15,88,000 ക. |
| സ്റ്റാമ്പ് | 1,16,23,000 ക. |
| വനം | 2,78,02,000 ക. |
| റജിസ്ട്രേഷൻ | 83,76,000 ക. |
| വാഹനനികുതി | 1,30,55,000 ക. |
| മറ്റു നികുതികളും ചുങ്കങ്ങളും | 4,50,47,000 ക. |
| ജലസേചനം, ജലഗതാഗതം തുടങ്ങിയവ | 1,16,300 ക. |
| ജലസേചനം, ജലഗതാഗതം തുടങ്ങിയവ | 9,36,300 ക. |
| പലിശ | 1,44,55,00 ക. |
| കോടതികൾ | 8,08,000 ക. |
| ജയിലുകൾ | 6,18,000 ക. |
| പോലീസ്സ് | 5,80,000 ക. |

| | |
|---|---|
| വിദ്യാഭ്യാസം | 1,42,97,700 ക. |
| മെഡിക്കൽ | 38,54,000 ക. |
| പൊതുജനാരോഗ്യം | 34,90,000 ക. |
| കൃഷി | 43,74,100 ക. |
| ഗ്രാമവികസനം | 9,02,000 ക. |
| മൃഗചികിത്സ | 6,15,000 ക. |
| സഹകരണം | 6,57,000 ക. |
| വ്യവസായം, ഭക്ഷ്യം | 71,22,400 ക. |
| പലവക | 66,07,000 ക. |
| മരാമത്ത് | 46,52,000 ക. |
| വൈദ്യുതപദ്ധതികൾ | 93,63,000 ക. |
| പെൻഷനുവേണ്ടി സംഭാവന | 9,27,000 ക. |
| അച്ചടി | 13,80,000 ക. |
| പലവക | 61,00,000 ക. |
| പദ്ധതികൾ | 36,64,500 ക. |
| കേന്ദ്രസഹായം | 84,21,000 ക. |
| കേന്ദ്രവും കേരളവുമായി പലവക കണക്കുകൾ വെയ്ക്കൽ | 20,900 ക. |
| അസാധാരണ (ഭക്ഷ്യധാന്യവ്യാപാരം മുതലായവ) വികസനപദ്ധതികൾ | 71,93,800 ക. |
| കേന്ദ്രനികുതികൾ മുഖേനയുള്ള വരുമാനം | 35,00,800 ക. |
| ആകെ വരുമാനം | 27,90,31,900 ക. |
| ആകെ ചെലവ് | 30,15,55,500 ക. |

യാണ് വരവും ചെലവും ഒപ്പിയ്ക്കാൻവേണ്ടി 2325 ലക്ഷം ക. യുടെ പുതിയ നികുതികൾ ചുമത്തിയിരിയ്ക്കയാണ്.

## നീതിപൂർവ്വകമല്ല

വരവിനങ്ങൾ മിക്കവയും വികസനക്ഷമങ്ങളോ വർദ്ധമാനങ്ങളോ അല്ല. അവയിലധികവും സാധാരണക്കാരെ നേരിട്ടു ബാധിക്കുന്നവയാണ്. സാധാരണക്കാരെ നേരിട്ടു ബാധിക്കാത്തവയും വർദ്ധിപ്പിക്കാൻ കഴിയുന്നവയുമായ മിക്ക വരവിനങ്ങളും കേന്ദ്രത്തിന്റെ പരിധിയിലാണ്. അതുകൊണ്ട് ജനങ്ങളെ ഞെക്കിപ്പിഴിയാതെ പുതിയ നികുതികൾ വഴിയായി കേരളത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനുള്ള സാഹചര്യങ്ങൾ വളരെയധികം പരിമിതമാണ്.

സ്റ്റേറ്റുകളെ ഇങ്ങനെ നിസ്സഹായാവസ്ഥയിൽ തള്ളിവിടുക എന്ന നയം തീർച്ചയായും നീതിപൂർവ്വകമല്ല എന്നു വ്യക്തമാണ്. അതുകൊണ്ടാണ് ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ, കേന്ദ്രം വസൂലാക്കുന്ന ആദായനികുതിയുടെ ഒരു നിശ്ചിതശതമാനം സ്റ്റേറ്റുകൾക്കു വീതിച്ചുകൊടുക്കണമെന്നു തീരുമാനിക്കപ്പെട്ടത്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇതു കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമായിത്തീർന്നു. സ്റ്റേറ്റുകളുടേയും കേന്ദ്രത്തിന്റേയും പൊതു ധനസ്ഥിതി പരിശോധിച്ചുകൊണ്ട് ഏതെല്ലാം നികുതികളുടെ എത്ര ശതമാനം പരസ്പരം വീതിക്കണമെന്നും സ്റ്റേറ്റുകൾക്കു കേന്ദ്രം ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ നൽകണമെന്നും മറ്റും തീരുമാനിക്കാൻ വേണ്ടി അയ്യഞ്ചുകൊല്ലം കൂടുമ്പോളൊരിക്കൽ ഒരു ധനകാര്യക്കമ്മീഷനെ നിയമിക്കണമെന്നു ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. 1951 നവംബർ 22-ാം നു നിയമിക്കപ്പെട്ട ഒന്നാമത്തെ ധനകാര്യകമ്മീഷന്റെ അവസാനറിപ്പോർട്ട് 1952 ഡിസംബറിൽ സമർപ്പിക്കപ്പെട്ടു. ശ്രീ. സന്താനത്തിന്റെ നേതൃത്വത്തിലുള്ള രണ്ടാമത്തെ ധനകാര്യകമ്മീഷൻ ഇയ്യിടെയാണ് എല്ലാ സ്റ്റേറ്റുകളിലും ചുറ്റിസ്സഞ്ചരിച്ചു അന്വേഷണം നടത്തിപ്പോയത്. കേരളത്തിനു കൂടുതൽ വിഹിതം കിട്ടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി നമ്മുടെ ധനകാര്യമന്ത്രിയും മറ്റും ശക്തിയായ നിവേദനം നടത്തിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ വിഷമപ്രശ്നങ്ങൾ ധനകാര്യക്കമ്മീഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നാണ് പത്രറിപ്പോർട്ടുകളിൽനിന്നു മനസ്സിലാക്കേണ്ടത്. നമ്മുടെ ധനസ്ഥിതിയെപ്പറ്റി അന്വേഷണം നടത്തിയതിനുശേഷം ജൂൺ 27-ാം നു തിരുവനന്തപുരത്തുവെച്ചു നടത്തിയ ഒരു പത്രസമ്മേളനത്തിൽ ധനകാര്യക്കമ്മീഷന്റെ ചെയർമാൻ ചെയ്ത പ്രസ്താവനയെപ്പറ്റി 'മാതൃഭൂമി' ഇങ്ങിനെ റിപ്പോർട്ടു ചെയ്യുന്നു:

"കേരളത്തിലെ പ്രത്യേക വിഷമപ്രശ്നങ്ങൾ, ക്രമാതീതമായ ജനസംഖ്യ, വിപുലമായ തൊഴിലില്ലായ്മ, പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, വാണിജ്യവിഭവങ്ങളുടെ വിലയിടിവ്, കടുത്ത ഭക്ഷണക്ഷാമം തുടങ്ങിയ വിഷമപ്രശ്നങ്ങൾ തങ്ങളുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ഈ സംഗതികളെക്കൂടി പരിഗണിച്ചിട്ടായിരിക്കും തങ്ങൾ കേരളത്തെ സംബന്ധിച്ചുള്ള ശുപാർശകൾക്കു രൂപം കൊടുക്കുക എന്നും ധനകാര്യക്കമ്മീഷൻ ചെയർമാൻ ശ്രീ. സന്താനം പ്രസ്താവിക്കുന്നു........ തൊഴിലില്ലായ്മയ്ക്കു വ്യാപകമായ വ്യവസായവൽക്കരണം കുടിൽവ്യവസായംതൊട്ടു ഘനവ്യവസായംവരെ എല്ലാത്തരം വ്യവസായങ്ങളുടേയും വളർച്ചയും കൃഷി വികസനവും-ആണ് പരിഹാര മാർഗ്ഗമെന്നും അതിൽ സ്റ്റേറ്റു ഗവൺമെണ്ടു പ്ലാനിങ്ങ് കമ്മിഷന്റെ സഹകരണത്തോ

ടുകൂടി നടപടികൾ സ്വീകരിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം 'ചൂണ്ടിക്കാട്ടി; (മാതൃഭൂമി ജൂൺ 28)

കേന്ദ്രത്തിന്റെ ഇക്കൊല്ലത്തെ വരവുകൾ ആകെ 571 കോടി ക. യാണ്. അതിൽ 319 കോടി ക.യും ആദായനികുതി, എക്സൈസ് നികുതി മുതലായ വർദ്ധമാനങ്ങളും വികസനക്ഷമങ്ങളുമായ ഇനങ്ങളിൽനിന്നാണ് ഈടാക്കപ്പെടുന്നത്. ഈ തുകയുടെ ഗണ്യമായ ഭാഗം സ്റ്റേറ്റുകൾക്കു കിട്ടാറാക്കുകയും അങ്ങിനെ സ്റ്റേറ്റുകളുടെ നേതൃത്വത്തിലുള്ള ദേശീയനിർമ്മാണപ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്താൻ സഹായിയ്ക്കുകയും ചെയ്താൽ മാത്രമേ ശ്രീ. സന്താനത്തിന്റെ ശ്രദ്ധേയമായ പ്രസ്താവന പ്രായോഗികമാവുകയുള്ളൂ.

## കേരളത്തിന്റെ വിഹിതം

ഇപ്പോൾ ആദായനികുതിയുടെ 55 ശതമാനം മാത്രമാണ് കേന്ദ്രത്തിൽനിന്ന് സ്റ്റേറ്റുകൾക്കു വിതരണം ചെയ്യുന്നത്. (കോർപ്പറേഷൻ നികുതിയിൽനിന്നുള്ള വരവ് ഒട്ടുംതന്നെ വീതിയ്ക്കുന്നില്ല.) വീതിയ്ക്കാൻവേണ്ടി നീക്കിവെയ്ക്കുന്നതിന്റെ 3.6 ശതമാനം മാത്രമാണ് കേരളത്തിന്നു ലഭിയ്ക്കുന്നത്. ഇതു തീർച്ചയായും അപര്യാപ്തമാണെന്നു പറയേണ്ടതുണ്ടോ? ആദായനികുതിയുടെ 80 ശതമാനമെങ്കിലും സ്റ്റേറ്റുകൾക്കുവേണ്ടി നീക്കിവെയ്ക്കുകയും കോർപ്പറേഷൻ നികുതിയുടെ ഗണ്യമായ ഭാഗംകൂടി വീതിയ്ക്കാൻ തുടങ്ങുകയും ചെയ്യേണ്ടതാവശ്യമാണ്.

ആകെ 22 ഇനങ്ങളിലാണ് ഇപ്പോൾ എക്സൈസ് നികുതി ചുമത്തിക്കൊണ്ടിരിയ്ക്കുന്നത്. എന്നാൽ പുകയില, തീപ്പെട്ടി, സസ്യവിഭവങ്ങൾ എന്നിങ്ങിനെ മൂന്ന് ഇനങ്ങളിൽനിന്നു കിട്ടുന്നതിന്റെ 40 ശതമാനം മാത്രമേ സ്റ്റേറ്റുകൾക്കു വീതിയ്ക്കുന്നുള്ളൂ. ഒട്ടാകെ നീക്കിവെയ്ക്കുന്നതിന്റെ 3.86 ശതമാനം മാത്രമാണ് കേരളത്തിന്നു കിട്ടുന്നത്. ബാക്കിയുള്ള 19 ഇനങ്ങളിൽ നിന്നു ലഭിയ്ക്കുന്ന എക്സൈസ് ഡ്യൂട്ടി മുഴുവനും കേന്ദ്രം എടുക്കുകയാണ്. 1957-58 ലെ ബഡ്ജറ്റനുസരിച്ച് എക്സൈസ് ഇനങ്ങളിൽനിന്നുള്ള കേന്ദ്രത്തിന്റെ വരവ് 209 കോടി ക. യാണ്. എല്ലാ ഇനങ്ങളിൽനിന്നും വസൂലാക്കപ്പെടുന്ന എക്സൈസ് നികുതികളുടെ 70 ശതമാനമെങ്കിലും സ്റ്റേറ്റുകൾക്കു വീതിച്ചുകൊടുക്കേണ്ടത് ന്യായം മാത്രമാണ്.

കേന്ദ്ര നികുതികൾ മുഖേനയുള്ള കേരളത്തിന്റെ വരുമാനം ഇപ്പോൾ വെറും 35 ലക്ഷം ക. മാത്രമാണ്. മുകളിൽ നിർദ്ദേശിച്ച തരത്തിലുള്ള

മാറ്റങ്ങൾ വരുത്തിയാൽ ഈ തുക ഗണ്യമായി വർദ്ധിക്കണമെന്നു പ്രസ്താവിക്കേണ്ടതില്ലല്ലോ.

കുരുമുളക്, ചായ, കയറുല്പന്നങ്ങൾ, അണ്ടിപ്പരിപ്പ് മുതലായ കേരളത്തിന്റെ ഉല്പന്നങ്ങൾ മറുനാടുകളിലേക്ക് കയറ്റി അയക്കുന്നതു വകയിൽ കേന്ദ്രത്തിന് കൊല്ലംതോറും നല്ലൊരു തുക ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. 1950–51–ൽ ഈ വകയിൽ ഏതാണ്ട് 50 കോടി ക. യോളം കിട്ടി. ഇപ്പോളത് 60 കോടിയോളമായി വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ അധ്വാനിക്കുന്നതിന്റെ ഫലമായി കേന്ദ്രത്തിനു ഇത്രയും സംഖ്യയ്ക്കുമുള്ള വിദേശനാണ്യങ്ങൾ ഉപയോഗിക്കാൻ കിട്ടുന്നു എന്നാണിതിന്റെ അർത്ഥം. കുരുമുളകിന്റെ കടൽച്ചുങ്കം വകയിൽ മാത്രം 5 കോടി ക. യോളം കിട്ടുന്നു. ചായ മുതലായ മറ്റു ഉല്പന്നങ്ങളിൽ നിന്നും ഇതുപോലെ കടൽചുങ്കം വസൂലാക്കപ്പെടുന്നുണ്ട്. പക്ഷേ, അതു മുഴുവനും കിട്ടുന്നത് കേന്ദ്രത്തിനുമാത്രമാണ്. കേരളത്തിന് ഒന്നുമില്ല. ഈ നയത്തിലും മാറ്റമാവശ്യമാണ്.

1947 ആഗസ്റ്റ് 15–ാംനും–യ്ക്കും 1956 മാർച്ച് 31–ാം നുമിടയിൽ തിരുകൊച്ചി ഗവർമ്മെണ്ട് കേന്ദ്രത്തിൽനിന്ന് 12.66 കോടി ക. കടം വാങ്ങിയിട്ടുണ്ട്. കടത്തിന്റെ തുക ഇപ്പോൾ വർദ്ധിച്ചിരിക്കുന്നു. ഇതിൽ ഭൂരിഭാഗത്തിനും 3 ശതമാനം മുതൽ നാലര ശതമാനം പലിശയടക്കണം. പലിശവകയിൽത്തന്നെ വലിയൊരു സംഖ്യവരുമെന്നർത്ഥം. ഈ കടങ്ങളുടെ പ്രധാനമായ ഭാഗം വ്യവസായവൽക്കരണത്തിനല്ല, മറ്റു സാമൂഹ്യാവശ്യങ്ങൾക്കു വേണ്ടിയാണുപയോഗിക്കപ്പെട്ടിട്ടുള്ളത്. പിന്നീട് ആദായമുണ്ടാക്കാൻ സഹായിക്കുന്ന മൂലധനച്ചെലവുകളല്ല. അതുകൊണ്ട് ഈ കടങ്ങൾ കേന്ദ്രത്തിൽനിന്നുള്ള ഗ്രാന്റുകളെന്ന നിലയ്ക്ക് കണക്കാക്കി വിട്ടുതരണമെന്നുള്ളത് ന്യായം മാത്രമാണ്. ഈയാവശ്യവും ധനകാർയ്യക്കമ്മീഷന്റെ ശ്രദ്ധയിൽ പെട്ടു കഴിഞ്ഞിട്ടുണ്ടാവണം.

കേരളം വ്യാവസായികമായി പിന്നണിയിലുള്ള ഒരു പ്രശ്നസംസ്ഥാനമാണെന്ന കാര്യം അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പിന്നോക്കനിലയവസാനിപ്പിച്ച് ഒരു മുന്നണി സ്റ്റേറ്റായി മാറാൻ കേരളത്തിന് കേന്ദ്രത്തിന്റെ പ്രത്യേക പരിഗണനകൾ ഒഴിച്ചുകൂട്ടാൻ വയ്യാത്തവയാണ്. എല്ലാറ്റിനുമുപരിയായി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കേരളത്തിന് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. ഈ ആവശ്യങ്ങൾ അനുവദിച്ചുകിട്ടിയാലെ കേരളത്തെ സാമ്പത്തിക ഭദ്രതയുള്ള ഒരു മുന്നണി സ്റ്റേറ്റാക്കി മാറ്റാൻ കഴിയൂ.

നവയുഗം 29. 6 1957

# അദ്ധ്യായം 3

# പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!

പതിനയ്യായിരം ചതുരശ്രനാഴിക വിസ്തീർണ്ണവും ഒന്നരക്കോടി ജനങ്ങളുമുള്ള കേരളം ഇന്ത്യൻ യൂണിയനിലെ ഏറ്റവും ചെറിയ സ്റ്റേറ്റാണ്. പ്രകൃതിവിഭവങ്ങളും വികസനസാദ്ധ്യതകളും ധാരാളമുണ്ടായിട്ടും വ്യാവസായികമായി പിന്നണിയിൽ കഴിഞ്ഞുകൂടുന്ന ഒരു സ്റ്റേറ്റാണിത്. അർദ്ധനാടുവാഴിത്തപരവും അർദ്ധകൊളോണിയലുമായ സാമൂഹ്യസാമ്പത്തികബന്ധങ്ങൾ ഇത്രയധികം ഇഴുകിപ്പിടിച്ച സ്റ്റേറ്റുകൾ കുറവാണ്. വ്യാപാരവിളകൾ, തോട്ടങ്ങൾ, വിദേശവ്യാപാരം, വ്യവസായം തുടങ്ങിയ പല രംഗങ്ങളിലും ഇന്ത്യയുടെ വ്യവസായവല്ക്കരണത്തിന്നെതിരായ വിദേശമുതലാളികളുടെ പിടി ഇപ്പോഴും നിലനിൽക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും കഴിഞ്ഞ കാൽനൂറ്റാണ്ടിലിടയ്ക്ക് റബർ, ടൈറ്റാനിയം, പ്ലൈവുഡ്, സെറാമിക്സ്, അലുമിനിയം, അപൂർവ്വധാതുക്കൾ, ഫെർട്ടിലൈസർ എന്നിങ്ങനെ ലോകകമ്പോളത്തെ ഏറ്റവുമധികം ആകർഷിക്കുന്നവയും കേരളത്തിന്റെ വ്യാവസായികവളർച്ചയുടെ കേന്ദ്രങ്ങളെന്ന നിലയ്ക്കു വളരെ പ്രാധാന്യമർഹിക്കുന്നവയുമായ ചില വ്യവസായ സ്ഥാപനങ്ങൾ ഇവിടെ ആവിർഭവിക്കുകയും ഉരുപ്പിടിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. പ്രധാന വ്യവസായങ്ങളിൽ മിക്കവയും ഗവൺമ്മെണ്ടിന്റെ മുൻകയ്യോടും പ്രോത്സാഹനങ്ങളോടും സഹായസഹകരണങ്ങളോടും കൂടി ആവിർഭവിച്ചവയും പൊതുഖജാനയിൽനിന്നു പണമിറക്കി നടത്തപ്പെടുന്നവയുമാണ്.

ഗവൺമെന്റ് പണമിറക്കിയിട്ടുള്ള വ്യവസായങ്ങളെ മൊത്തത്തിൽ നാലായി തരംതിരിക്കാം:

1. ഗവൺമെന്റിന്റെ ഉടമസ്ഥതയിലും മാനേജുമെന്റിലുമുള്ള വ്യവസായങ്ങൾ.
2. ഗവൺമെന്റിനു ഷെയറുകളുള്ളവയും മുതലാളികൾ നടത്തുന്നവയുമായ വ്യവസായങ്ങൾ.
3. ഗവൺമെന്റ് മാനേജുമെന്റിലുള്ള "സ്വകാര്യ" വ്യവസായങ്ങൾ.
4. ഗവൺമെന്റ് കടംകൊടുത്തും മറ്റും സഹായിക്കുന്ന വ്യവസായങ്ങൾ.

## ഗവൺമെന്റുടമയിലും ഗവൺമെന്റ് മാനേജുമെന്റിലുള്ള വ്യവസായങ്ങൾ

തിരുവനന്തപുരത്തെ ട്രാവൻകൂർ റബർവർക്സ്, പുനലൂരിലെ ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കുണ്ടറയിലെ സെറാമിക്ക് ഫാക്ടറി, കുണ്ടറയിലെ കേരള ഗവൺമെന്റ് സെറാമിക്സ്, തിരുവനന്തപുരത്തെ ഷാർക്ക് ലിവർ ഓയിൽ ഫാക്ടറി, തൃശൂരിലെ എസ്. കെ. വി. എ. ഫാർമസി, കോഴിക്കോട്ടെ കേരള സോപ്പ് ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട്ടെ ഗവൺമെന്റ് ഓയിൽ ഫാക്ടറി, ഗവൺമെന്റ് ഹൈഡ്രജനേഷൻ ഫാക്ടറി, ചവറയിലെ ട്രാവൻകൂർ മിനറൽസ് കൺസേൺസ് എന്നിങ്ങനെ 10 സ്ഥാപനങ്ങൾ പൂർണ്ണമായും ഗവൺമെന്റുടമയിലും ഗവൺമെന്റു മാനേജുമെന്റിലുമാണ്.

ഈ സ്ഥാപനങ്ങളിൽ ഗവൺമെന്റ് നിക്ഷേപിച്ച മൂലധനം താഴേ കാണുംവിധമാണ്.

| | | ഉറുപ്പിക |
|---|---|---|
| 1. | ട്രാവൻകൂർ റബർ വർക്സ് | 4,80,875 |
| 2. | ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് | 11,29,000 |
| 3. | സെറാമിക്ക് ഫാക്ടറി | 13,80,329 |
| 4. | കേരള ഗവൺമെന്റ് സെറാമിക്സ് | 37,00,000 |
| 5. | ഷാർക്ക് ലിവർ ഓയിൽ ഫാക്ടറി | 2,00,000 |
| 6. | എസ്. കെ. വി. സി. എ. ഫാർമസി | 1,49,171 |
| 7. | കേരള സോപ്പ് ഇൻസ്റ്റിറ്റ്യൂട്ട് | 7,10,836 |
| 8. | ഗവൺമ്മെന്റ് ഓയിൽ ഫാക്ടറി | 4,55,542 |
| 9. | ഗവൺമ്മെന്റ് ഹൈഡ്രജനേഷൻ ഫാക്ടറി | 17,63,400 |
| 10. | ട്രാവൻകൂർ മിനറൽ കൺസേൺസ് | 13,50,000 |

ഈ കണക്കുകളനുസരിച്ച് പത്തു സ്ഥാപനങ്ങളിലും കൂടിയുള്ള നിക്ഷിപ്തമൂലധനം 1 കോടി 15 ലക്ഷം ക. യിൽ താഴേയാണ്. എന്നാൽ, ഈ കണക്കുകൾകൊണ്ടു മാത്രം ഗവൺമെന്റ് ഒട്ടാകെയിറക്കിയ പണത്തിന്റെ തുക മനസ്സിലാവില്ല, ഒന്നാമത്, ഈ വ്യവസായങ്ങളിൽ മിക്കവയും രണ്ടാംലോകമഹായുദ്ധത്തിന്നു മുമ്പോ രണ്ടാം ലോകമഹായുദ്ധത്തിന്റെ ആരംഭകാലത്തോ സ്ഥാപിക്കപ്പെട്ടവയാണ്. അന്നത്തെ വിലനിരക്കും ഇന്നത്തെ വിലനിരക്കും ഒന്നല്ല. യന്ത്രങ്ങൾ, കെട്ടിടങ്ങൾ മുതലായവയുടെ മതിപ്പുവിലകൾ വളരെ വർദ്ധിച്ചിട്ടുണ്ട്. വില നിരക്കിലുണ്ടായിട്ടുള്ള ഈ മാറ്റങ്ങൾ കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റിന്റെ വ്യവസായസ്വത്തുക്കളുടെ വില പുതുക്കിക്കണക്കാക്കണമെന്ന് 1954–55 ലെ എസ്റ്റിമേറ്റ്സ് കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. പക്ഷേ, ആ നിർദ്ദേശം ഇനിയും നടപ്പിൽ വന്നിട്ടില്ല. മൂലധനത്തിന്റെ തുക ചുരുക്കിക്കാണിക്കാനുള്ള ഒരു വാസനയാണ് അധികൃതന്മാർക്കുള്ളത്.

രണ്ടാമത്, മൂലധനമായി ഇറക്കിയ പണത്തിന്നു പുറമേ, പലപ്പോഴുമായി വമ്പിച്ച തുകകൾ പിന്നീടുമിറക്കിയിട്ടുണ്ട്. പ്രവർത്തനമൂലധനമെന്നപേരിലും വികസനപരിപാടികളെന്നപേരിലും മറ്റും കൊല്ലംതോറും പിടിപ്പതു പണം ചെലവഴിച്ചുകൊണ്ടിരിക്കുന്നു. ഉദാഹരണത്തിന്ന്, 1957–58 ലെ ബഡ്ജറ്റിൽ 'ഇൻഡസ്ട്രീസ് ആൻഡ് സപൈസ്' എന്ന ഇനത്തിൽ 76,11,000 ക. യും 'വ്യവസായികവികസനത്തിന്നുള്ള മൂലധനനിക്ഷേപം' എന്ന ഇനത്തിൽ 15,81,000 ക. യും നീക്കിവച്ചിട്ടുണ്ട്. അതായത് ഒരു കൊല്ലത്തിൽ സുമാർ 1 കോടി ഉറുപ്പിക! ഗവൺമ്മെന്റുടമയിലുള്ള വ്യവസായങ്ങളിലെല്ലാം കൂടി ഇതുവരെയായി ഒട്ടാകെ നിക്ഷേപിച്ച പണത്തിന്റെ വ്യക്തമായ കണക്കുകൾ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ പരിശോധിച്ചു കണ്ടുപിടിക്കുക എളുപ്പമല്ല.

ഏതായാലും, ഗവൺമെന്റുടമയിലും ഗവൺമെന്റും മാനേജുമെന്റിലുമുള്ള വ്യവസായ സ്ഥാപനങ്ങളിൽ ഒട്ടാകെ നിക്ഷേപിച്ച മൂലധനം ഏറ്റവും ചുരുങ്ങിയത് 5 കോടി ക. യെങ്കിലുമുണ്ടാകുമെന്നു കണക്കാക്കുന്നതിൽ തെറ്റുണ്ടാവാനിടയില്ല.

ഇതിന്നു പുറമേയാണ് ഗവൺമെന്റുടമയിലുള്ള ട്രാൻസ്പോർട്ട് ബസ്സുകളിൽ നിക്ഷേപിച്ചിട്ടുള്ള മൂലധനം.

## ഗവൺമെന്റിനു ഷെയറുള്ള വ്യവസായങ്ങൾ

ഗവൺമെന്റ് നേരിട്ടു നടത്തുന്ന വ്യവസായങ്ങളുടെ സ്ഥിതിയെപ്പറ്റിയാണ് മുകളിൽ പറഞ്ഞത്. ഇനി ഗവൺമെന്റിന്റെ പണം കൊണ്ട് മറ്റുള്ളവർ നടത്തുന്ന വ്യവസായങ്ങളുണ്ട്. ഗവൺമെന്റിന്റെ പ്രോത്സാ

| | വ്യവസായസ്ഥാപനത്തിന്റെ പേര് | മാനേജിങ്ങ് ഏജൻസി | നിക്ഷിപ്ത മൂലധനം | മാനേജിംഗ് ഏജൻസി നിക്ഷേപിച്ചതു | ഗവൺമെന്റിന്റെ മൂലധനം | ഗവൺമെന്റു വായ്പകൾ |
|---|---|---|---|---|---|---|
| 1. | ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ്, ആലുവാ | ശേഷസായി ബ്രദേഴ്സ് | 3,15,97,740 | 65,600 | 2,17,50,000 (63%) | |
| 2. | ട്രാവൻകൂർ ഷുഗർ ആൻഡ് കെമിക്കൽസ്, തിരുവല്ല | പാരി ആൻഡ് കമ്പനി | 45,00,000 | 27,000 | 4,28,050 (10.5%) | |
| 3. | ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ്, തിരുവനന്തപുരം | ഇൻഡ്യൻ ടൈറ്റാൻ പ്രൊഡക്ട്സ് | 73,10,670 | 0 | 38,25,000 (52.32%) | |
| 4. | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ആലുവാ | ശേഷസായി ബ്രദേഴ്സ് | 87,50,000 | 0 | 52,50,000 (60%) | 3,50,000 |

| | | | | | | |
|---|---|---|---|---|---|---|
| 5. | ട്രാവൻകൂർ റയൺസ്, പെരുമ്പാവൂർ | എംസെറ്റ് ആൻഡ് സൺസ് | 1,49,91,720 | 1,20,650 | 30,00,000 (20% | 96,00,000 |
| 6. | ട്രാവൻകൂർ സിമിന്റ്സ്, കോട്ടയം | എസ്സെൽ ലിമിറ്റഡ് കോട്ടയം | 50,00,000 | 240 | 16,00,000 (32%) | 60,00,000 |
| 7. | ദി ഇൻഡ്യൻ അലൂമിനിയം കമ്പനി, ആലുവാ | – | 2,00,00,000 | 0 | 15,20,008 | |
| 8. | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻക്കൂർ), ആലുവാ | ശേഷസായി | 19,92,400 | 26,400 | 12,80,539 (52%) | 10,500 |
| 9. | ട്രാവാൻകൂർ ഇനാമൽ ഇൻഡസ്ട്രീസ്, കുണ്ടറ | അസോഷിയേറ്റഡ് ഇൻഡസ്ട്രീസ്, കുണ്ടറ | 2,00,000 | 0 | 20,000 (10%) | 1,47,369 |

| | | | | | | |
|---|---|---|---|---|---|---|
| 10. | അലൂമിനിയം ഇൻഡസ്ട്രീസ്, കുണ്ടറ | ശേഷസായി | 60,00,000 | 78,045 | 6,00,000 (10%) | |
| 11. | ബാലരാമവർമ്മ ടെക്സ്റ്റൈൽസ്, ചെങ്കോട്ട | കരയാളർ ആൻഡ് രങ്കസ്വാമിനായിഡു സൺസ് | 19,30,130 | 3,30,000 (വായ്പ) | 5,00,000 (26%) | |
| 12. | പുനലൂർ പേപ്പർ മിൽസ് പുനലൂർ | എ.ആൻഡ്. എഫ്. ഹാർവി, മധുര | 19,30,130 | 1,95,000 | 5,00,000 (24%) | |
| 13. | ട്രാവൻകൂർ ഓഗേൽ ഗ്ലാസ് മാനുഫാക്ചറിങ്ങ് കമ്പനി, ആലുവാ | ഓഗേൽ ബ്രദേഴ്സ് | 9,98,380 | 15,000 | 2,42,000 (23%) | |
| 14. | ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽ ഇൻഡസ്റ്റ്രീസ്, കോട്ടയം | ഇൻഡ്യൻ ഇൻഡസ്റ്റ്രീസ് | 9,71,200 | 1,25,000 | 2,00,000 (20.6%) | |

| | | | | | | |
|---|---|---|---|---|---|---|
| 15. | ഇലക്ട്രിക്കൽ ആൻഡ്, അലൈഡ് ഇൻഡസ്ട്രീസ്, കുണ്ടറ | ഇപ്പോൾ ഗവർമ്മെണ്ട് മനേജ്മെന്റ് | 14,11,000 | – | 1,00,000 | 20,000 |
| 16. | വിജയമോഹിനി മിൽസ്, തിരുവനന്തപുരം | – | 11,99,925 | 0 | 1,00,000 (8.33%) | |
| 17. | ഇൻഡ്യൻ റയർ എർത്ത്സ്, ആലുവാ | ഇന്ത്യാഗവർമ്മെണ്ടും കേരളഗവർമ്മെണ്ടും പങ്കാളികൾ | 80,00,000 | – | 36,00,000 | |
| 18. | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്റ്റീസ്, തിരുവനന്തപുരം | അസോഷിയേറ്റഡ് എഞ്ചിനിയറിങ്ങ് കോർപ്പറേഷൻ | 9,50,850 | 0 | 7,75,000 (34%) | |
| 19. | വാണിയമ്പാറ റബർ കമ്പനി, തൃശൂർ | കൃഷ്ണമേനേൻ ആൻഡ് കമ്പനി | 2,77,320 | 0 | 9,000 (3%) | |
| 20. | ട്രാവൻകൂർ മിനറൽസ്, കൊല്ലം | ഇന്ത്യാഗവൺമ്മെന്റും കേരള ഗവൺമെന്റും പങ്കാളികൾ | 50,00,000 | – | 25,00,000 (50%) | |

ഹനങ്ങളും സൗജന്യമായ നിലം, വിദ്യുച്ഛക്തി, മാർക്കറ്റു സൗകര്യങ്ങൾ തുടങ്ങിയ സഹായങ്ങളുപയോഗിച്ചുകൊണ്ട് സ്വകാര്യമുതലാളിമാർ നടത്തുന്ന ചില വ്യവസായ സ്ഥാപനങ്ങളിൽ ഷെയറുകളായും വായ്പകളായും ഗവൺമെന്റ് വമ്പിച്ച തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. താഴേ കൊടുക്കുന്ന കണക്കുകളിൽ നിന്ന് അവയുടെ സാമാന്യസ്വഭാവം മനസ്സിലാക്കാം.

ഒട്ടാകെ 10,000 ത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഈ സ്ഥാപനങ്ങളിലെല്ലാംകൂടി നിക്ഷേപിച്ച മൂലധനം സുമാർ 12 1/2 കോടി ക. യാണ്. അതിൽ സുമാർ 5 കോടി ക. ഗവൺമ്മെന്റുവക മൂലധനമാണ്. 1 1/2 കോടിയിലധികം ഉറുപ്പിക ഗവൺമ്മെന്റ് വായ്പയായും ഇറക്കിയിട്ടുണ്ട്. (ഇതിന്നുപുറമേ, ചില വ്യവസായങ്ങൾക്ക് കേന്ദ്രഗവൺമെന്റിൽ നിന്ന് വായ്പകൾ ലഭിച്ചിട്ടുണ്ട്. ഉദാഹരണത്തിന്ന്, എഫ്. എ. സി. ടി. ക്ക് 50 ലക്ഷം ക. കേന്ദ്ര ഇൻഡസ്ട്രിയൽ ഫൈനാൻസ് കോർപ്പറേഷനിൽനിന്ന് ലഭിച്ചിട്ടുണ്ട്. എഫ്. എ. സി. ടി. യിലെ അമോണിയം പ്ലാന്റ് വികസിപ്പിക്കാൻ വേണ്ടി 2 കോടി ക. വേറേയും കിട്ടിയിട്ടുണ്ട്).

## വായ്പസഹായം

പൊതുഖജാനയിൽനിന്ന് സ്വകാര്യവ്യവസായങ്ങൾക്ക് വമ്പിച്ച തുകകൾ കടംകൊടുത്തിട്ടുണ്ട്. കൃത്യമായ കണക്കുകൾ ശേഖരിക്കപ്പെട്ടിട്ടില്ല. എങ്കിലും താഴേ കൊടുക്കുന്ന കണക്കുകളിൽനിന്ന് ഗവൺമെന്റു വായ്പകളുടെ വ്യാപ്തി ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും:-

| | വ്യവസായത്തിന്റെ പേര് | നിക്ഷിപ്ത മൂലധനം | ഗവർമ്മെണ്ടു കൊടുത്ത കടം |
|---|---|---|---|
| 1. | അളഗപ്പ ടെക്സ്ടൈൽ, അളഗപ്പനഗർ | 25,00,000 | 16,85,000 |
| 2. | സാമിൽസ് ആൻഡ് ഇൻഡസ്ട്രീസ്, തൃശൂർ | 4,99,700 | 42,500 |
| 3. | കൊച്ചിൻ മാലിയബിൾസ്, തൃശൂർ | 1,91,860 | 2,00,000 |
| 4. | വാർഡ് വിക്ടറി സാമിൽസ് ആൻഡ് എഞ്ചിനീയറിങ്ങ് ഫൗണ്ടറി വർക്സ്, ഒല്ലൂർ | ? | 72,500 |

| | | |
|---|---|---|
| 5. ആനമലൈസ് ടിംബർട്രസ്റ്റ് ചാലക്കുടി | 50,000 | 26,000 |
| 6. ദി കൊച്ചിൻ ഇനാമൽ ഇൻഡസ്ട്രീസ് | ? | 47,500 |
| 7. ദി മെറ്റൽ ഇൻഡസ്ട്രീസ്, ഷൊർണൂർ | 5,18,079 | 2,75,000 |
| 8. ദി കുമാർ ഇൻഡസ്ട്രീസ്, എടത്തുറ | ? | 1,00,000 |
| 9. ദി ടെക്നോ കെമിക്കൽ ഇൻഡസ്ട്രീസ്, കോഴിക്കോട് | ? | 1,00,000 |

ഇങ്ങനെ ഈ 9 വ്യവസായസ്ഥാപനങ്ങൾക്കുംകൂടി 6 1/4 ലക്ഷത്തോളം ക. വായ്പ കൊടുത്തിട്ടുണ്ട്. ഇതു പൂർണ്ണമായ കണക്കുകളാണെന്നു തെറ്റിദ്ധരിക്കേണ്ട. ഇതുപോലെ മറ്റുപല വ്യവസായങ്ങൾക്കും വമ്പിച്ച തുകകൾ എടുത്തുകൊടുത്തിട്ടുണ്ട്.

## ഗവൺമെന്റ് ഏറ്റെടുത്തു നടത്തുന്ന വ്യവസായങ്ങൾ

വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനും അഭിവൃദ്ധിപ്പെടുത്താനുമെന്നപേരിൽ പൊതുഖജാനയിൽനിന്നു സ്വകാര്യമുതലാളികൾക്കു വായ്പകൾ നൽകുന്ന സമ്പ്രദായം വിചിത്രമാണ്. 1953 ജനുവരിയിലാണ് ഇവിടെ ഇൻഡസ്ട്രീസ് എയിഡഡ് ആക്ട് (വ്യവസായങ്ങളെ സഹായിക്കാനുള്ള നിയമം) നടപ്പായത്. നിയമമനുസരിച്ച് സഹായത്തിന്നുള്ള അപേക്ഷകൾ പരിശോധിക്കാൻ ഒരു ബോർഡിനെ നിയമിക്കണമെന്നും ഓരോ മുതലാളിക്കും അയാളുടെ സ്വത്തിന്മേൽ എത്രശതമാനം വരെ കടംകൊടുക്കാമെന്നു നിശ്ചയിക്കണമെന്നും വ്യവസ്ഥയുണ്ട്. പക്ഷേ, ഈ നിബന്ധനകളൊന്നും പാലിക്കപ്പെടാറില്ല. പക്ഷേ, ഈ നിബന്ധനകളൊന്നും പാലിക്കപ്പെടാറില്ല. മന്ത്രിയുടേയോ, ഇൻഡസ്ട്രീസ് സെക്രട്ടറിയുടേയോ, ഡയരക്ടറുടേയോ, ഇഷ്ടംപോലെ തോന്നിയവർക്ക് കണ്ടമാനം കടംകൊടുക്കുക എന്ന ഏർപ്പാടാണ് ഇതേവരെ തുടർന്നുവന്നത്. യഥാർത്ഥത്തിൽ വ്യവസായം അഭിവൃദ്ധിപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നവരും കടംകിട്ടാനർഹതയുള്ളവരുമായ പലർക്കും കൊടുത്തിട്ടുമില്ല. വലിയ സ്വത്തൊന്നുമില്ലാത്ത ഒരു ടെക്സ്ടൈൽ മില്ലിന്ന് 6 ലക്ഷം ക. കടംകൊടുത്തത് നിയമാനുസൃതമല്ലെന്ന് ആഡിറ്റ് ഡിപ്പാർട്ടുമെന്റുകാർ ഒരിക്കൽ ചൂണ്ടിക്കാണിച്ചപ്പോൾ ഗവൺമെന്റ് പറഞ്ഞ മറുപടി,

ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ആർക്കും കടംകൊടുക്കാൻ പാടില്ലെന്ന് ആക്ടിൽ വ്യവസ്ഥയില്ലെന്നാണ്! 1955 ജനുവരിക്കും മാർച്ചിന്നുമിടയിലുള്ള 3 മാസത്തിനുള്ളിൽ മൂന്നു മുതലാളികൾക്കായി 5 ലക്ഷത്തോളം ഉറുപ്പിക കടംകൊടുത്തു. ഇങ്ങനെ, പലപ്പോഴും പലർക്കും കൊടുത്തിട്ടുണ്ട്. വായ്പയായി കൊടുക്കുന്ന പണം നിർദ്ദിഷ്ടമായ വ്യവസായങ്ങൾക്കുവേണ്ടിത്തന്നെയാണോ ഉപയോഗിക്കപ്പെടുന്നത് എന്നു പരിശോധിക്കുകയോ, ആർക്ക് എത്ര പണം കൊടുത്തു എന്ന് പൊതുജനങ്ങളുടെ അറിവിന്നായി പ്രസിദ്ധപ്പെടുത്തുകയോ, ചെയ്യാറില്ല. നാട്ടുകാരിൽനിന്നു പിരിച്ചെടുക്കുന്ന പണം ഏതുവിധമാണ് ചെലവഴിക്കേണ്ടത് എന്നതിനെ സംബന്ധിച്ചിടത്തോളം നാട്ടുകാരോട് യാതൊരുത്തരവാദിത്വവുമില്ല. കടംവാങ്ങിയ മുതലാളികൾക്ക് എന്തു സ്വത്തുണ്ടെന്നു ചോദിക്കുകപോലും ചെയ്യാറില്ല. പല മുതലാളികളും വാങ്ങിയ പണം മടക്കിക്കൊടുത്തിട്ടില്ല. ചിലർ പലിശപോലുമടയ്ക്കുന്നില്ല. മറ്റൊരു രസകരമായ കാര്യം ഗവൺമെന്റിന്റെ കൈയിൽനിന്ന് കടംവാങ്ങുന്ന മുതലാളികളുടെ സ്വകാര്യസ്ഥാപനങ്ങൾ പലതും ഉടൻതന്നെ പൊളിയാൻ തുടങ്ങുന്നു എന്നതാണ്! കണ്ടമാനം വായ്പ കൊടുത്തതിന്നുശേഷം പൊളിയുന്ന കമ്പനികളെല്ലാം ഗവൺമെന്റിന്റെ മാനേജുമെന്റിൽ ഏറ്റെടുത്തു നടത്തലാണ് പിന്നത്തെ ഏക പരിഹാരമാർഗ്ഗം!

ചുരുക്കിപ്പറഞ്ഞാൽ, വ്യവസായങ്ങളെ സഹായിക്കാനുള്ള പദ്ധതി കോൺഗ്രസ്ഗവൺമെന്റിന് താൽപ്പര്യമുള്ള മുതലാളികൾക്ക് പൊതുഖജാനയിലെ പണം വാരിക്കോരി കൊടുക്കാനുള്ള ഒരേർപ്പാടായിട്ടാണ് നിലനിന്നുപോന്നിട്ടുള്ളത്. നിഷ്പക്ഷമായ ഒരന്വേഷണം നടത്തുന്നപക്ഷം, ഇന്ന് മാന്യസ്ഥാനത്തിരിക്കുന്ന പലരും പൊതു പണമപഹരിച്ചതിന്ന് ജയിലിൽ പോകേണ്ടിവന്നേക്കുമെന്നു മാത്രമേ ഇവിടെ ചൂണ്ടിക്കാണിക്കുന്നുള്ളു.

തൃശൂരിലെ സീതാറാം ആൻഡ് വീവിങ്ങ് മിത്സ്, മുളകുന്നത്തുകാവിലെ കൊച്ചിൻ മഹാലക്ഷ്മി കോട്ടൻ മിത്സ്, എഫ്. എക്സ്, പെരേരാ മിനറത്സ്, എറണാകുളത്തെ വെസ്റ്റ് കോസ്റ്റ് ഫിഷറീസ്, കുണ്ടറയിലെ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസ് മുതലായ ചില സ്വകാര്യസ്ഥാപനങ്ങൾ ഗവൺമെന്റ് ഏറ്റെടുത്തു മാനേജു ചെയ്യുന്നുണ്ട്. ഈ ഏറ്റെടുക്കലുകൾകൊണ്ട് ഗവൺമെന്റു സഹിക്കേണ്ടിവന്നിട്ടുള്ള നഷ്ടം ചില്ലറയൊന്നുമല്ല. ഉദാഹരണത്തിന്, 13 ലക്ഷം ക. മാത്രം മൂലധനമുള്ള സീതാറാംമിത്സ് ഏറ്റെടുത്തത് കമ്പനിവക കടംവീട്ടാൻ വേണ്ടി 27 1/4 ലക്ഷം ക. ചെലവിട്ടുകൊണ്ടാണ്. അതായത് നിക്ഷിപ്തമൂലധനത്തിന്റെ ഇരട്ടി! ലോകത്തിൽ മറ്റെവിടേയും കാണാത്തതരത്തിലുള്ള ഒരേറ്റെടുക്കൽ!

55 ലക്ഷം ക. കൂടുതൽ ചെലവിട്ട് മിൽ വികസിപ്പിക്കാനുള്ള ഒരു പരിപാടിയും ആരംഭിച്ചിട്ടുണ്ട്. അപ്പോൾ ഒട്ടാകെ 82 1/4 ലക്ഷം ക. എന്നിട്ടും ഇപ്പോഴും ഇതൊരു 'സ്വകാര്യ' വ്യവസായമാണ്. 3 1/2 ലക്ഷം ക. മൂലധനമുള്ള കൊച്ചിൻ മഹാലക്ഷ്മിക്ക് ഗവൺമെന്റ് 3 1/2 ലക്ഷം ക. കടം കൊടുത്തു. കമ്പനി പൊളിയാറായപ്പോൾ അതേറ്റെടുത്തു. ഗവൺമെന്റ് ഏറ്റെടുത്തു നടത്തുന്ന 5 കമ്പനികളിലുംകൂടി ഗവൺമ്മെന്റു നിക്ഷേപിച്ചിട്ടുള്ളത് സുമാർ 1 കോടി ക. യാണ്.

പൊതുഖജാനയിൽനിന്ന് വമ്പിച്ച തുകകൾ കടം പറ്റിയതിന്നുശേഷം പൊളിഞ്ഞുപോകുന്ന ചില കമ്പനികളാണ് ഗവൺമെന്റു മാനേജ് ചെയ്യാൻവേണ്ടി ഏറ്റെടുക്കുന്നതെന്നോർക്കണം. എന്നാൽ, ലാഭമുള്ള കമ്പനികളെ സംബന്ധിച്ചിടത്തോളം പണി വേറെയാണ്. ഉദാഹരണത്തിന്ന്, ചാലക്കുടിയിൽ ഗവൺമെന്റുടമയിലുള്ള കൊച്ചിൻ പോട്ടറീസ് നല്ല ലാഭമുള്ള ഒരു സ്ഥാപനമായിരുന്നു. അതു ഗവൺമെന്റു സ്വന്തമായി മാനേജുചെയ്യുന്നതിന്നു പകരം ജനറൽ മെർക്കന്റയിൽ കോർപറേഷൻ എന്ന സ്വകാര്യക്കമ്പനിക്കാർക്കു ഏല്പിച്ചുകൊടുത്തു. കൊല്ലംതോറും ഗവൺമെന്റിലേക്ക് 3,000 ക. അടച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ 1942–ൽ 18 കൊല്ലക്കാലത്തേക്കുള്ള ഒരു കരാറനുസരിച്ചാണ് ഏല്പിച്ചുകൊടുത്തത്. കമ്പനിക്ക് നല്ല ലാഭമുണ്ടായി. പക്ഷേ, ഗവൺമെന്റിലേക്ക് ഒന്നുംതന്നെ അടയ്ക്കാറില്ല. വാങ്ങാനുള്ള പരിപാടി ഗവൺമെന്റിന്നുമില്ല! വ്യവസായങ്ങൾ വികസിക്കണമെങ്കിൽ മുതലാളികളെ നിരുത്സാഹപ്പെടുത്തരുതല്ലോ!

ഇരിക്കട്ടെ, ഗവൺമെന്റിന്റെ മൂലധനനിക്ഷേപങ്ങളേപ്പറ്റിയാണു പറഞ്ഞുവന്നത്. മൂലധനം നിക്ഷേപിക്കുന്നതിന്റെ ഉദ്ദേശം ആദായമാണല്ലോ. കേരളത്തിലെ വ്യവസായസ്ഥാപനങ്ങളിൽ ഗവൺമെന്റിറക്കിയിട്ടുള്ള പണം ഏതാണ്ട് താഴേ പറയുംപ്രകാരമാണ്:–

| | |
|---|---|
| ഗവൺമെന്റുടമയിലുള്ള വ്യവസായങ്ങളിൽ സുമാർ | 5 കോടി |
| സ്വകാര്യ വ്യവസായങ്ങളിലെ ഷെയറുകൾ | 6¼ കോടി |
| സ്വകാര്യ വ്യവസായങ്ങൾക്കു കൊടുത്ത കടം | 10 ലക്ഷം |
| (ഇതു വരെ അപൂർണ്ണമാണ്) | |
| ഗവൺമെന്റ് മനേജുചെയ്യുന്ന | |
| സ്വകാര്യവ്യവസായങ്ങളിൽ സുമാർ | 1 കോടി |
| ട്രാൻസ്പോർട്ടിൽ സുമാർ | 2 കോടി |

എല്ലാ ഇനങ്ങളിലും കൂടി ഗവൺമെന്റ് ആകെ ചുരുങ്ങിയത് 15 കോടിയോളം ഉറുപ്പിക ഇറക്കിയിട്ടുണ്ട് എന്നു ന്യായമായും കണക്കാക്കാവുന്നതാണ്.

വ്യവസായസ്ഥാപനങ്ങളിലിറക്കിയ ഈ വമ്പിച്ച തുകയിൽനിന്ന് നാടിന്നും ഗവൺമ്മെന്റിന്നും കൊല്ലം തോറും കിട്ടുന്ന ആദായമെന്താണ്? ഗവൺമെന്റ് ഉടമയിലുള്ള വ്യവസായങ്ങൾ രാജ്യത്തിന്റെ പൊതു സാമ്പത്തികനിലവാരമുയർത്താൻ എത്രകണ്ട് സഹായിക്കുന്നുണ്ട്? വളരെയൊന്നുമില്ല.

## മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള വ്യത്യാസം

സോഷ്യലിസ്റ്റ് രാജ്യങ്ങളും മുതലാളിത്ത രാജ്യങ്ങളും തമ്മിലുള്ള ഒരു പ്രധാനമായ വ്യത്യാസം ഇവിടെ എടുത്തുകാണിക്കേണ്ടതുണ്ട്. സോവിയറ്റ് യൂണിയൻ, ചൈന തുടങ്ങിയ സോഷ്യലിസറ്റ് രാജ്യങ്ങളിൽ സാമ്പത്തികാഭിവൃദ്ധിക്കുള്ള ആസൂത്രണപദ്ധതികൾക്കാവശ്യമായ പണത്തിന്റെ പ്രധാനഭാഗം ഗവൺമെന്റുടമയിലുള്ള വ്യവസായസ്ഥാപനങ്ങളിൽനിന്നുള്ള ആദായമാണ്. ഡോക്ടർ ജോൺമത്തായിയുടെ അദ്ധ്യക്ഷതയിൽ നിയമിക്കപ്പെട്ട ടാക്സേഷൻ എൻക്വയറി കമ്മീഷൻ തങ്ങളുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നതു നോക്കുക:

“സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥ നിലവിലുള്ള രാജ്യങ്ങളിൽ പൊതുവരവിനങ്ങളുടെ പ്രധാനമായ ഭാഗം, അല്ലെങ്കിൽ ഭൂരിഭാഗം, നികുതിവഴിക്കല്ലാത്ത മാർഗ്ഗങ്ങളിലൂടെയാണ് ലഭിക്കുന്നത്. ഉദാഹരണത്തിന്ന്, സോവിയറ്റ് യൂണിയനിലെ പൊതുവരവിനങ്ങളിൽ സാധാരണമായി സുമാർ 10 ശതമാനം മാത്രമാണ് നികുതികൾവഴി ലഭിക്കുന്നത്. ബാക്കി ഭാഗം ദേശീയ വ്യവസായങ്ങളുടെ ലാഭത്തിൽനിന്നും പൊതുസ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെമേൽ ചുമത്തപ്പെടുന്ന “ടേൺഓവർ ടാക്സിൽ നിന്നും (ഇത് ചരക്കുകളുടെ വില നിർണ്ണയിക്കാനുള്ള ഒരുപാധികൂടിയാണ്) ആണ് ലഭിക്കുന്നത്. കേന്ദ്രീകൃത സാമ്പത്തികവ്യവസ്ഥയുടെ മറ്റു രാജ്യങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല.” (ടാക്സേഷൻ എൻക്വയറി കമ്മിഷൻ റിപ്പോർട്ട്, വാല്യം 1,

ചുരുക്കിപ്പറഞ്ഞാൽ, സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ വ്യവസായങ്ങൾ ഗവൺമെന്റിന്റെ ഒരു മുഖ്യമായ ധനാഗമമാർഗ്ഗമാണ്. കേരളത്തിലാകട്ടെ, ഗവൺമെന്റുവക വ്യവസായങ്ങൾ കൂടുതൽ പണം ചെലവിടാനുള്ള ഒരു മാർഗ്ഗമാണ്! ആദായമുണ്ടാകുന്നില്ലെന്നു മാത്രമല്ല. വ്യവസായങ്ങളെ നിലനിറുത്താൻ കൊല്ലംതോറും വലിയവലിയ തുകകൾ ചെലവിടേണ്ടി വരികയും ചെയ്യുന്നു.

ഗവൺമെന്റല്ല, സ്വകാര്യമുതലാളികളാണ് 15 കോടി ക. വ്യവസായങ്ങളിൽ നിക്ഷേപിക്കുന്നത് എങ്കിൽ അവർക്ക് കൊല്ലം തോറും നാലോ അഞ്ചോ കോടി ക. ലാഭമുണ്ടാക്കാൻ കഴിയും. ഷെയർഹോൾഡർമാർക്ക്

15-ം 20-ം ചിലപ്പോൾ 50-ം ശതമാനം ഡിവിഡൻസ് കിട്ടും. ചുമ്മാ ബാങ്കിൽ ഇടുകയാണെങ്കിൽപ്പോലും കൊല്ലംതോറും നല്ലൊരു തുക പലിശയായി കിട്ടും. പലിശയ്ക്കു സമമായ തുകയെങ്കിലും ഗവൺമെന്റിന്റെ മൂലധന നിക്ഷേപങ്ങളിൽ നിന്ന് ലഭിക്കുന്നുണ്ടോ? ഇല്ല. അപൂർവ്വം ചില വ്യവസായങ്ങളിൽ മാത്രമേ അല്പമൊരു ലാഭമുണ്ടാകുന്നുള്ളു. മിക്ക വ്യവസായങ്ങളും നഷ്ടത്തിലാണ് നടക്കുന്നത്. ഒട്ടാകെ നോക്കുമ്പോൾ ലാഭമല്ല, നഷ്ടമാണ്. അതിന്റെ ഫലമായി, ഗവൺമെന്റിന്നു കൊല്ലംതോറും കൂടുതൽ കൂടുതൽ തുകകൾ ചെലവിടേണ്ടിവരുകയാണ് ചെയ്യുന്നത്.

## ചില ഉദാഹരണങ്ങൾ

ഫെർട്ടിലൈസറിൽ ഷെയറുകളായും വായ്പയായും ആകെ 4 കോടിയോളം ക. ഗവൺമെന്റു നിക്ഷേപിച്ചിട്ടുണ്ട്. പക്ഷേ, ഒരു പൈപോലും ആദായമില്ല! കഴിഞ്ഞ 13 കൊല്ലങ്ങളിൽ 12 കൊല്ലങ്ങളിലും വമ്പിച്ച തുകകൾ നഷ്ടംപറ്റുകയാണു ചെയ്തിട്ടുള്ളത്. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനിയുടെ ഇപ്പോഴത്തെ ചെയർമൻ ഡോക്ടർ ജോൺമത്തായി പറയുന്നതു നോക്കുക:

"ഒരു പക്ഷേ ഷെയർഹോൾഡറന്മാരെന്നനിലയിൽ നിങ്ങളുടെ മനസ്സിൽ മുന്തിനില്ക്കുന്ന ഒരു ചോദ്യത്തിന് ഞാൻ ആദ്യമായിത്തന്നെ ഉത്തരം പറയാൻ ആഗ്രഹിക്കുന്നു. 1950 ൽ 2 1/2 ശതമാനം ഡിവിഡൻഡ് കൊടുത്തതല്ലാതെ കഴിഞ്ഞ 13 വർഷക്കാലത്ത് അല്പംപോലും ഡിവിഡൻഡ് പ്രഖ്യാപിക്കാൻ കമ്പനിക്കു കഴിഞ്ഞിട്ടില്ല." (13-ാം വാർഷിക സമ്മേളനത്തിൽ ഡോക്ടർ ജോൺ മത്തായി ചെയ്ത പ്രസംഗത്തിൽനിന്ന് - ഡിസംബർ 28, 1957).

ചങ്ങനാശേരിയിലെ 9 ലക്ഷം ക. മൂലധനമുള്ള റൂബി കമ്പനി എന്ന റബർ ഫാക്ടറി 1956 ജനുവരിക്കും ജൂണിന്നുമിടയിലുള്ള 6 മാസംകൊണ്ട് 6 1/2 ലക്ഷം ക. വിലയ്ക്കുള്ള ചരക്കുകളുല്പാദിപ്പിച്ചു. ഇതേകാലത്ത് 5 ലക്ഷം ക. മൂലധനമുള്ള ട്രാവൻകൂർ റബർ വർക്സ് എന്ന ഗവൺമെന്റ് സ്ഥാപനം 7 1/2 ലക്ഷം ക. വിലയ്ക്കുള്ള ചരക്കുകളുല്പാദിപ്പിച്ചു. എന്നിട്ടും റൂബി കമ്പനിക്കുലാഭവും (അവർ 9 ശതമാനം ഡിവിഡൻഡ് കൊടുത്തു) ട്രാവൻകൂർ റബർ ഫാക്ടറിക്കു നഷ്ടവുമാണ്!

1951-52 ൽ ട്രാവൻകൂർ റബർ ഫാക്ടറി 15 ലക്ഷം ക. യുടെ ചരക്കുകൾ വിറ്റു. അക്കൊല്ലം ഒന്നര ലക്ഷത്തിലധികം ലാഭമുണ്ടായി. 1955-56 ൽ പ്രവർത്തന മുലധനമെന്നപേരിൽ 15 ലക്ഷം ക. ചിലവിട്ടു. അതായത് 1951-52 ലേതിനേക്കാൾ 50 ശതമാനം കൂടുതൽ. എന്നിട്ടും, 1955-56 ൽ ലാഭമുണ്ടായില്ലെന്നു മാത്രമല്ല, 80,106 ക. നഷ്ടം പറ്റുകയും ചെയ്തു.

ഗവൺമെന്റുടമയിൽ 14 ലക്ഷം ക. മൂലധനമുള്ള സെറാമിക്ക് ഫാക്ടറിക്ക് നഷ്ടമാണ്. 10 ലക്ഷം ക. മൂലധനമുള്ള ഓഗേൽ ഗ്ലാസ് ഫാക്ടറിക്കു നഷ്ടമാണ്. (1955-56 ൽ സുമാർ 50,000 ക.) പ്രധാനപ്പെട്ട മിക്ക വ്യവസായങ്ങളും നഷ്ടത്തിലാണ് നടക്കുന്നത്.

അപൂർവ്വം ചില വ്യവസായങ്ങളിൽ ലാഭമുണ്ടാകുന്നുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ, സ്വകാര്യ മുതലാളികൾ നടത്തുന്ന സ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ലാഭം എത്ര അപര്യാപ്തമാണെന്നു തെളിയും. ഉദാഹരണത്തിന്ന്, 53 ലക്ഷം ക. മൂലധനമുള്ള വിശാഖപട്ടണത്തിലെ ആന്ധ്രാ സിമന്റ് കമ്പനി എന്ന സ്വകാര്യസ്ഥാപനം 1955-ൽ 5,46,000 ക. ലാഭമുണ്ടാക്കുകയും 10 ശതമാനം ഡിവിഡൻഡ് കൊടുക്കുകയും ചെയ്തപ്പോൾ, ഗവൺമെന്റുടമയിൽ അത്രതന്നെ മൂലധനമുള്ള കോട്ടയം സിമന്റ് ഫാക്ടറിക്ക് 3 ലക്ഷം ക. യേലാഭമുണ്ടായുള്ളു. 6 1/4 ശതമാനം മാത്രമാണ് ഡിവിഡൻഡ് കൊടുത്തത്. ഗവൺമെന്റുടമയിലുള്ള പുനലൂർ പേപ്പർ മിത്സ് 1955-ൽ 5 ശതമാനം മാത്രം ഡിവിഡൻഡ് പ്രഖ്യാപിച്ചപ്പോൾ, എതാണ്ടത്രതന്നെ മൂലധനമുള്ള ബങ്കാൾ പേപ്പർ മിത്സ് എന്ന സ്വകാര്യസ്ഥാപനം 20 ശതമാനം ഡിവിഡൻഡ് കൊടുത്തു. 45 ലക്ഷം ക. മൂലധനമുള്ള ട്രാവാൻകൂർ ഷുഗറിന്ന് 1953-ൽ 50,000 ക. യും 1954-ൽ 3000 ക. യും നഷ്ടമുണ്ടായപ്പോൾ, ഗോയങ്കയുടെ 35 ലക്ഷം ക. മാത്രം മൂലധനമുള്ള അപ്പർ ഗാഞ്ചസ് ഷുഗർ മിത്സിന്ന് 1953-ൽ 2 1/2 ലക്ഷം ക. യും 1954-ൽ 14 1/2 ലക്ഷം ക. യും ലാഭമുണ്ടായി.

ഗവൺമെന്റ് പണമിറക്കിയിട്ടുള്ള മിക്ക വ്യവസായങ്ങളുടേയും സ്ഥിതിയിതാണ്. മൂലധനവും മറ്റുതരത്തിലുള്ള നിക്ഷേപങ്ങളും വർദ്ധിക്കുംതോറും ലാഭം കുറഞ്ഞു കുറഞ്ഞു വരുന്നു; നഷ്ടം കൂടിക്കൂടിവരുന്നു. ഒരുദാഹരണം കേൾക്കുക. 13 ലക്ഷത്തിലധികം ക. മൂലധനമുള്ള കുണ്ടറ സെറാമിക്ക് ഫാക്ടറിയിൽ കൊല്ലംതോറും പുതിയ പണമിറക്കിക്കൊണ്ടിരിക്കുന്നുണ്ട്. 1955-ൽ ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ടി 40 ലക്ഷം ക. ചെലവിട്ട് ഒരു 'ഇലക്ട്രിക്ക് ടണൽ കിലൻ' നിർമ്മിക്കാൻ തീരുമാനിച്ചു. 1956 മാർച്ച് വരെ 32 1/2 ലക്ഷത്തോളം ക. ചെലവിടുകയും ചെയ്തു. ഫലമെന്താണ്? 1946-47 ൽ 2 3/4 ലക്ഷം ക. ലാഭമുണ്ടായി. 1947-48 ൽ കോൺഗ്രസ് ഭരണം വന്നപ്പോൾ ലാഭം 1 3/4 ലക്ഷമായി കുറഞ്ഞു. അടുത്തകൊല്ലം, 1948-49 ൽ, 63,000 ക. മാത്രമായിരുന്നു ലാഭം. ഇങ്ങനെ, കുറഞ്ഞു കുറഞ്ഞു 1954-55 ൽ ലാഭം തീരെ ഇല്ലാതായി. 1955-56 ൽ ലാഭമുണ്ടായില്ലെന്നു മാത്രമല്ല, ഒന്നര ലക്ഷം ക. നഷ്ടം പറ്റുകയും ചെയ്തു! കോൺഗ്രസ് ഭരണത്തിന്റെ കൊള്ളരുതായ്മയ്ക്കും നിരുത്തരവാദിത്വത്തിന്നും ഇതിലധികം തെളിവു വേണോ?

## നഷ്ടത്തിന്റെ കാരണം

തൊഴിലാളികൾക്കു കൂലി കൊടുത്തതുകൊണ്ടും ആവശ്യത്തിലധികം തൊഴിലാളികളുള്ളതുകൊണ്ടുമാണ് ഇത്ര വലിയ നഷ്ടം പറ്റിയത് എന്നു 1955–56 ലെ ആഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഗവൺമെന്റു വാദിക്കുന്നു. ശുദ്ധ ഭോഷ്കാണിത്. തൊഴിലാളികളുടെ എണ്ണത്തിൽ പറയത്തക്ക മാറ്റമൊന്നും വന്നിട്ടില്ല. വാർഷിക വരുമാനത്തിന്റെ 4 ശതമാനം മാത്രമാണ് ബോണസായി കൊടുക്കുന്നത് എന്നു റിപ്പോർട്ടുതന്നെ സമ്മതിക്കുന്നുമുണ്ട്. ചില ഇനങ്ങളിൽ ഉല്പാദനം കുറഞ്ഞിട്ടുണ്ടെന്നു പറയുന്നു. ഇതു ശരിയാണോ എന്ന കാര്യത്തിൽത്തന്നെ സംശയമുണ്ട്. ശരിയാണെങ്കിൽത്തന്നെ ചരക്കുകളുടെ വില വർദ്ധിച്ചതുകൊണ്ട് വിറ്റു കിട്ടുന്ന തുക കൂടുതലാണ്. ഉദാഹരണത്തിന്ന്, 1953–54 ൽ കളിമണ്ണു വിറ്റുകിട്ടിയത് 1,46,656 ക. ആയിരുന്നു. 1955–56 ൽ അത് 2,16,486 ക. യായി വർദ്ധിച്ചു. എന്നിട്ടും നഷ്ടമാണ്!

വാസ്തവമിതാണ്: തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഉല്പാദനം നടക്കുന്നുണ്ട്. സ്വത്തുക്കൾ വർദ്ധിക്കുന്നുണ്ട്. ഗവൺമെന്റു കൂടുതൽ കൂടുതൽ പണം ഇറക്കുന്നുമുണ്ട്. പക്ഷേ, പൊതുഖജാനയിലെ പണംകൊണ്ടും തൊഴിലാളികളുടെ അദ്ധ്വാനംകൊണ്ടും ഉല്പാദിപ്പിക്കപ്പെടുന്ന സ്വത്തുക്കളുടെ വലിയൊരുഭാഗം വിദേശീയരും ഇന്ത്യക്കാരുമായ ഒരുപിടി കുത്തകമുതലാളികൾ കൊള്ളയടിച്ചുകൊണ്ടുപോവുകയാണ്. ഇതു മനസ്സിലാവണമെങ്കിൽ പൊതുഖജാനയിൽ നിന്ന് പണമിറക്കി നടത്തുന്ന വ്യവസായസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേക്കൊന്നു കണ്ണോടിച്ചാൽ മതി.

## നിയന്ത്രണത്തിന്റെ സ്വഭാവം

ഈ വ്യവസായസ്ഥാപനങ്ങളുടെ മൂലധനത്തിന്റെ ഗണ്യമായ ഭാഗം ഗവൺമെന്റിന്റേതാണ്. ഏറ്റവും വലിയ ഷെയർഹോൾഡറും ഗവൺമെന്റാണ്. പക്ഷേ, ഗവൺമെന്റിന്ന് യാതൊരു നിയന്ത്രണവുമില്ല. നാട്ടുകാരുടെ കൈയിൽനിന്ന് പിരിച്ചെടുത്ത പണം വിദേശികളും നാടന്മാരുമായ ചില കുത്തക മുതലാളികളെ ഏല്പിച്ചിരിക്കുകയാണ്. മാനേജിങ്ങ് ഏജന്റന്മാർ എന്ന പേരിലാണ് അവർ അറിയപ്പെടുന്നത്. അവരിറക്കിയ മൂലധനം തുച്ഛമാണ്, അല്ലെങ്കിൽ പൂജ്യമാണ്. ഉദാഹരണത്തിന്ന്, ആലുവായിലെ ഫെർട്ടിലൈസേഴ്സിൽ ഗവൺമെന്റിറക്കിയത് 2 കോടി 17½ ലക്ഷം ക. യാണെങ്കിൽ, കമ്പനിയെ നിയന്ത്രിക്കുന്ന ശേഷസായി വെറും 65,000 ഉറുപ്പിക മാത്രമാണ് ഇറക്കിയിട്ടുള്ളത്! ട്രാവൻകൂർ കെമിക്കത്സിൽ ഗവൺമെന്റ് മൂലധനമായി 52½ ലക്ഷം ഉറുപ്പികയും

വായ്പയായി മുടക്കിയത് 0 ക. 0 ണ. 0 പ യാണ്. ഫോറസ്റ്റ് ഇൻഡസ്ട്രീസിൽ ഗവൺമെന്റിറക്കിയത് 13 ലക്ഷം ക, ശേഷസായി കാൽ ലക്ഷം ക. പുനലൂർ പേപ്പർ മിൽ തെന്നിന്ത്യയിലെ ടെക്സ്റ്റൈൽ ഗ്രൂപ്പിന്റെ നേതൃത്വം വഹിക്കുന്ന ഹാർവി എന്ന വിദേശീയ കുത്തകക്കാരുടെ കൈയിലാണ്. പക്ഷേ, അവരിറക്കിയ മൂലധനം 2 ലക്ഷം ക. യിൽ താഴേയാണ്. ഗവൺമെന്റ് 5 ലക്ഷം ക. യും മറ്റും ഷെയർഹോൾഡർമാർ 12 ലക്ഷം ക.യും മുടക്കിയിട്ടുണ്ട്. ട്രാവൻകൂർ ഷുഗർപാരിക്കമ്പനിക്കാർക്കു വിട്ടുകൊടുത്തിരിക്കുന്നു. ടൈറ്റാനിയം ഫാക്ടറി ഗവൺമെന്റിന്റെ മൂലധനംകൊണ്ടു തുടങ്ങിയതാണ്. ഗവൺമെന്റ് 40 ലക്ഷം ക. യോളം മുടക്കിയിട്ടുണ്ട്. അതു നിയന്ത്രിക്കുന്നത് ഒരു ബ്രിട്ടീഷ് കൂറ്റൻ കമ്പനിയുമായി ബന്ധപ്പെട്ട കല്ക്കത്തയിലെ ടൈറ്റാൻ പ്രോഡക്ട്സാണ്. അവരാകട്ടെ, ഒരു പൈപോലും ഇറക്കിയിട്ടില്ല. മുകളിൽ കൊടുത്ത പട്ടിക ഒന്നു സൂക്ഷിച്ചു പരിശോധിക്കുക.

ചുരുക്കിപ്പറഞ്ഞാൽ, പൊതുഖജാനയിൽനിന്ന് പണമിറക്കി വ്യവസായങ്ങൾ നടത്തുന്നത് ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയല്ല, മുതലാളികൾക്കു ലാഭമുണ്ടാക്കിക്കൊടുക്കാൻ വേണ്ടിയാണ്. ജനങ്ങളിൽനിന്നു പിരിച്ചുണ്ടാക്കിയ പണംകൊണ്ടു സ്ഥാപിച്ച വ്യവസായസ്ഥാപനങ്ങളുടെ നിയന്ത്രണം വിദേശികളോ കേരളത്തിന്നു പുറത്തുള്ളവരോ ആയ വൻകിട മുതലാളികളെ ഏല്പിച്ചുകൊടുത്തിരിക്കുകയാണ്. ചില വൻകിട മുതലാളികളെ ഊട്ടാൻവേണ്ടിയാണ് ഗവൺമെന്റു പണമിറക്കി വ്യവസായങ്ങളാരംഭിച്ചത് എന്നു തോന്നിപ്പോകും. പേരിന്ന് ഗവൺമെന്റിന്റെ ഒന്നോ രണ്ടോ ഡയറക്ടർമാരുണ്ടെന്നതു ശരിയാണ്. വ്യവസായഡയറക്ടർ, വ്യവസായ സെക്രട്ടറി എന്നിവരാണ് ആ സ്ഥാനമലങ്കരിക്കുന്നത്. അവർതന്നെയാണ് പൊതുപണമിറക്കിയ എല്ലാ സ്ഥാപനങ്ങളിലേയും ഗവൺമെന്റു പ്രതിനിധികൾ! ഇത്തരം വ്യവസായങ്ങളെപ്പറ്റി പറയത്തക്ക ജ്ഞാനമൊന്നുമില്ലെങ്കിലും ശരി, സിക്രട്ടറിയേറ്റിലും ഡിപ്പാർട്ടുമെന്റിന്റെ ഹെഡാഫീസിലും എത്രതന്നെ പണിത്തിരക്കുണ്ടെങ്കിലും ശരി, വലിയ വലിയ വ്യവസായസ്ഥാപനങ്ങളുടെ ഡയറക്ടർ സ്ഥാനം പേറി നടക്കാൻ അവർക്കു യാതൊരു വിഷമവും കാണുന്നില്ല. ആ വ്യവസായസ്ഥാപനങ്ങളിൽ തങ്ങൾ നടത്തുന്ന അത്ഭുതകരമായ പ്രവർത്തനങ്ങളെന്തൊക്കെയാണെന്ന് ഗവൺമെന്റിന്നോ അസംബ്ളിക്കോ റിപ്പോർട്ടു സമർപ്പിക്കാനൊന്നും അവർ ബാദ്ധ്യസ്ഥരുമല്ല. അവർ സർവ്വതന്ത്രസ്വതന്ത്രന്മാരാണ്! യഥാർത്ഥത്തിൽ, ഗവൺമെന്റിന്റേയോ ജനങ്ങളുടേയോ താൽപ്പര്യങ്ങളെ രക്ഷിക്കാൻവേണ്ടിയല്ല, കമ്പനികളെ നിയന്ത്രിക്കുന്ന മുതലാളികൾക്ക് ആവശ്യമായ സഹായങ്ങളും ആനുകൂല്യങ്ങളും ഗവൺമെന്റിൽനിന്ന് വാങ്ങിക്കൊടുക്കാൻവേണ്ടിയാണ്

അവർ ഡയറക്ടർ പദവിയെ അലങ്കരിക്കുന്നത്. അവരുടെ നിർദ്ദേശമനുസരിച്ച് വ്യവസായസ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന വൻകിട മുതലാളികൾക്ക് പ്രവർത്തനമൂലധനവും മറ്റു പലതരത്തിലുള്ള സഹായങ്ങളും സൗജന്യങ്ങളും വായ്പകളും നൽകാൻ ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുമുണ്ട്. തൊഴിലാളികൾ പണിയെടുക്കാൻമാത്രം!

നേരിട്ടുല്പാദനം നടത്തുന്നവരും വ്യവസായങ്ങളുടെ ഉള്ളു കള്ളികളറിയുന്നവരുമായ തൊഴിലാളികൾക്കാകട്ടെ, മൂലധനരൂപീകരണത്തിന്നുവേണ്ടി ത്യാഗങ്ങളനുഭവിച്ച ജനങ്ങൾക്കാകട്ടെ, വ്യവസായനടത്തിപ്പിൽ യാതൊരു പങ്കുമില്ല. 1954-55 ലെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ഗവൺമെന്റുടമയിലുള്ള സ്ഥാപനങ്ങളിലെങ്കിലും തൊഴിലാളികൾക്കു പ്രാതിനിധ്യം നൽകണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. പക്ഷേ, ആ നിർദ്ദേശം ചവറുകൊട്ടയിലെറിയപ്പെടുകയാണുണ്ടായത്. 1957 ഏപ്രിലിൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെ തൊഴിലാളികൾ ഉൾപ്പെടെയുള്ള മാനേജ്മെന്റ് കൗൺസിലുകൾ രൂപവല്ക്കരിക്കുമെന്നു വാഗ്ദാനം ചെയ്യുകയുണ്ടായി. പക്ഷേ, കൊല്ലം ഒന്നു കഴിയാറായി. യാതൊന്നും നടന്നിട്ടില്ല. ഈ സ്ഥിതിയിൽ പൊതുപണംകൊണ്ടു നടത്തുന്ന വ്യവസായസ്ഥാപനങ്ങളിൽ പല കുംഭകോണങ്ങളും നടക്കുന്നുണ്ടെങ്കിൽ അതിലത്ഭുതപ്പെടാനെന്താണുള്ളത്?

## മാനേജിങ്ങ് ഏജൻസി

പ്രധാനപ്പെട്ട മിക്ക വ്യവസായസ്ഥാപനങ്ങളിലും ഗവൺമെന്റിറക്കിയ മൂലധനമാണ് ഏറ്റവും കൂടുതൽ എന്നു പറഞ്ഞുവല്ലോ. എന്നിട്ടും, ഗവൺമെന്റിന്നു പറയത്തക്ക യാതൊരാദായവുമില്ല. പല സ്ഥാപനങ്ങളിലും നഷ്ടമുണ്ടാവുകകൂടി ചെയ്യുന്നു. പക്ഷേ, മാനേജിങ്ങ് എജൻസികൾക്ക് ഒരിക്കലും യാതൊരു നഷ്ടവും പിണയുന്നില്ല. പണമൊന്നുമിറക്കിയിട്ടില്ലെങ്കിൽക്കൂടി അവർക്ക് വേണ്ടതെടുക്കാനുള്ള സൗകര്യമുണ്ട്. മുൻകൂട്ടി ഒപ്പിട്ടുവച്ചിട്ടുള്ള കരാറുകളനുസരിച്ച്, കമ്പനിക്കു ലാഭമായാലും ശരി, നഷ്ടമായാലും ശരി, മാസംതോറും വലിയൊരു സംഖ്യ കൃത്യമായെടുത്തു സമ്പാദിക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ട്. ലാഭമുണ്ടാവുകയാണെങ്കിൽ അതിന്റെ 10 ശതമാനത്തിൽ കുറയാത്ത ഒരു പങ്ക് വേറേയും!

ഉദാഹരണത്തിന്ന്, ആലുവായിലെ ഫെർട്ടിലൈസർ ആൻഡ് കെമിക്കൽസിലെ മാനേജിങ്ങ് ഏജന്റായ ശേഷസായിക്ക് പ്രതിഫലമെന്നപേരിൽ 1954-ൽ 18,000 ക. യും 1955-ൽ 1,55,047 ക. യും ലഭിച്ചു. എന്നുവച്ചാൽ ഒരൊറ്റ കൊല്ലംകൊണ്ട് (1955) ശേഷസായിക്ക് തങ്ങളൊട്ടാകെയിറക്കിയ മൂലധനത്തിന്റെ 250 ശതമാനം പ്രതിഫലം കിട്ടി! മൂലധനത്തിന്റെ

63 ശതമാനവുമിറക്കിയ ഗവൺമെന്റിന്ന് 14 കൊല്ലം കഴിഞ്ഞിട്ടും ഒരു ചില്ലിക്കാശുപോലുമില്ല!

പാവപ്പെട്ട ആ മുതലാളിയോടു ഗവൺമെന്റിന്നുള്ള ദയ ഇത്രയും കൊണ്ടവസാനിച്ചു എന്നു കരുതേണ്ട. ആലുവായിൽത്തന്നേയുള്ള ഫോറസ്റ്റ് ഇൻഡസ്ട്രീസാണ് എഫ്. എ സി. ടി. ക്കാവശ്യമായ വിറകും മറ്റും വില്ക്കുന്നത്. 20 ലക്ഷം ക. മൂലധനമുള്ള ഈ സ്ഥാപനത്തിന്റെയും മാനേജിങ്ങ് എജൻസി ശേഷസായിക്ക് വിട്ടുകൊടുത്തിരിക്കയാണ്. വിറകു വില്ക്കുന്ന മുതലാളിയും അതു വാങ്ങുന്ന മുതലാളിയും ഒരാൾതന്നെ! ഫോറസ്റ്റ് ഇൻഡസ്ട്രീസും ഒരു പൈസപോലും ഡിവിഡൻഡ് കൊടുക്കാത്ത സ്ഥാപനമാണെങ്കിൽ അതിലത്ഭുതപ്പെടാനുണ്ടോ?

നാട്ടുകാരെ മുടിച്ചുകൊണ്ടും പൊതുമുതലെടുത്തു ധൂർത്തടിച്ചുകൊണ്ടും കൊള്ളലാഭമടിക്കാൻ വൻകിട മുതലാളികൾക്കു സൗകര്യം നല്കുന്ന ഈ ദുഷിച്ച മാനേജിങ്ങ് ഏജൻസി സമ്പ്രദായം അവസാനിപ്പിക്കണമെന്ന് നമ്മുടെ ദേശീയ പ്രസ്ഥാനവും ദേശാഭിമാനികളായ ധനകാര്യ വിദഗ്ദ്ധന്മാരും വളരെ മുമ്പു മുതല്ക്കുതന്നെ ആവശ്യപ്പെട്ടു പോന്നിട്ടുള്ളതാണ്. പക്ഷേ, ഭരണാധികാരം കിട്ടിയപ്പോൾ കോൺഗ്രസ് ഈ ദേശീയാവശ്യത്തെ തോട്ടിലെറിഞ്ഞു. പ്രത്യക്ഷമായോ പരോക്ഷമായോ സ്റ്റേറ്റു മുതൽ കൊള്ളയടിക്കുന്ന മാനേജിങ്ങ് ഏജൻസി നിറുത്തലാക്കാൻ പറ്റിയ തരത്തിൽ കമ്പനി നിയമത്തിൽ ഭേദഗതിവരുത്തണമെന്നാവശ്യപ്പെടുകയല്ല, ഗവൺമെന്റ് നേരിട്ടുനടത്തുന്ന വ്യവസായ സ്ഥാപനങ്ങളെപ്പോലും സ്വകാര്യ മുതലാളികളുടെ മാനേജിങ്ങ് ഏജൻസിക്ക് വിട്ടുകൊടുക്കാനാലോചിക്കുകയാണ് കേരളത്തിലെ കോൺഗ്രസ് ഭരണാധികാരികൾ ചെയ്തത്. ഇത് വെറുമൊരാരോപണമല്ല; ജീവനുള്ള വാസ്തവമാണ്. ഇതു തെളിയിക്കാൻ രേഖകളുണ്ടുതാനും. പക്ഷേ, കോൺഗ്രസിന്റെ നിർഭാഗ്യത്തിന്ന് കേരളത്തിൽ പുതിയൊരു ഭരണമാവിർഭവിച്ചു.

## ഗവൺമെന്റു നടത്തുന്ന വ്യവസായങ്ങളുടെ സ്ഥിതി

ഇപ്പറഞ്ഞതിന്റെ അർത്ഥം ഗവൺമെന്റുടമയിലുള്ളവയും ഗവൺമെന്റുതന്നെ നേരിട്ടു നടത്തുന്നവയുമായ വ്യവസായസ്ഥാപനങ്ങളുടെ സ്ഥിതി തൃപ്തികരമാണെന്നാണോ? ഒരിക്കലുമല്ല. ഗവൺമെന്റു മാനേജ് ചെയ്യുന്ന വ്യവസായങ്ങളും ആദായകരമായിട്ടല്ല നടക്കുന്നത്. പലതിലും നഷ്ടമാണ്. അപൂർവ്വം ചിലതിൽ മാത്രമാണ് തുച്ഛമായ തുക മിച്ചം വരുന്നത്. ട്രാവൻകൂർ റബർ വർക്സിന്റെ കാര്യം മുകളിൽ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. 14 ലക്ഷം ക. മൂലധനമുള്ള കുണ്ടറ സെറാ

മിക്ക് ഫാക്ടറി നഷ്ടത്തിലാണു നടക്കുന്നത്. ചില വ്യവസായങ്ങളിൽ തുച്ഛമായ ലാഭം കാണുന്നുണ്ട്. പക്ഷേ, കണക്കുകൾ കണ്ടു കണ്ണുമഞ്ഞളിക്കേണ്ടതില്ല. 4 1/2 ലക്ഷം ക. മൂലധനമുള്ള ഗവൺമെന്റ് ഓയിൽ ഫാക്ടറിയിൽ 1956-57 ൽ 30,000 ക. ലാഭമുണ്ടായിട്ടുണ്ട്. പക്ഷേ, അതേ കൊല്ലംതന്നെ ചില യന്ത്രോപകരണങ്ങൾ വാങ്ങാൻവേണ്ടി 30,000 ക. ചെലവിട്ടിട്ടുമുണ്ട്. പ്ലൈവുഡ് ഇന്ത്യയിലെ ഏറ്റവും ലാഭകരമായ ഒരു വ്യവസായമാണ്. എങ്കിലും 12 ലക്ഷം ക. മൂലധനമുള്ള പുനലൂരിലെ പ്ലൈവുഡ് ഇൻഡസ്ട്രീസിന്ന് 1955-56-ൽ 90,000 ൽ ചില്വാനം ക. മാത്രമാണ് ലാഭമുണ്ടായത്. മറ്റു വ്യവസായങ്ങളുടെ സ്ഥിതിയും വളരെയൊന്നും വ്യത്യസ്തമല്ല.

ഗവൺമെന്റുവക വ്യവസായങ്ങളിൽ ഉല്പാദനക്കഴിവു മുഴുവൻ ഉപയോഗിക്കപ്പെടുന്നില്ല. ഉദാഹരണത്തിന്ന്, പ്ലൈവുഡ് വ്യവസായത്തിന്ന് കൊല്ലത്തിൽ 36 ലക്ഷം ചതുരശ്ര അടി പ്ലൈവുഡ് നിർമ്മിക്കാനുള്ള കഴിവുണ്ട്. എന്നാൽ, 1952-53 ൽ കഴിവിന്റെ 50 ശതമാനവും 1953-54 ൽ 30 ശതമാനവും 56-57 ൽ 64 ശതമാനവും മാത്രമാണ് ഉപയോഗിക്കപ്പെട്ടത്. റബർ വർക്സിന്നു ദിവസത്തിൽ 5000 ക. വിലയുള്ള 2 ടൺ സാമഗ്രികൾ (കൊല്ലത്തിൽ 25,00,000 റാത്തൽ) ഉല്പാദിപ്പിക്കാനുള്ള കഴിവുണ്ട്. പക്ഷേ, അതു മുഴുവനും ഉപയോഗിക്കപ്പെടുന്നില്ല. സെറാമിക്സിൽ ഉല്പാദനം കുറഞ്ഞുകുറഞ്ഞു വരികയാണ്. മിക്ക വ്യവസായങ്ങളിലും വികസനപരിപാടികളുടെ പേരിൽ വമ്പിച്ച തുകകൾ ചെലവാക്കുന്നുണ്ടെങ്കിലും ആ തോതനുസരിച്ച് ഉല്പാദനം വർദ്ധിക്കുന്നില്ല.

ചരക്കുകൾ വിറ്റഴിക്കുന്നതിന്നുള്ള ഏർപ്പാട് കൂടുതൽ അനാഥമാണ്. ഉദാഹരണത്തിന്ന്, കോഴിക്കോട്ടെ കേരളാ സോപ്പ് ഇൻസ്റ്റിട്യൂട്ടിൽ താരതമ്യേന ഉയർന്ന നിലവാരത്തിലുള്ള സോപ്പുകൾ നിർമ്മിക്കുന്നുണ്ട്. പക്ഷേ, കേരളത്തിലെ ഒരു പട്ടണത്തിലും ആ സോപ്പു വാങ്ങാൻ കിട്ടില്ല. വാങ്ങാൻ കിട്ടുന്നത് ലിവർ ബ്രദേഴ്സിന്റെയും ടാറ്റയുടേയും സോപ്പുകളാണ്. ഫെർട്ടിലൈസറുടെ കാര്യം എടുക്കുക. കേരളത്തിലെ കൃഷിക്കാർക്കു വളം ആവശ്യമുണ്ട്. പക്ഷേ, വാങ്ങാൻപോയാൽ കിട്ടില്ല. അതേ സമയത്തുതന്നെ ഫെർട്ടിലൈസർ കമ്പനിക്കാർ കേരളത്തിലെ വളവിതരണത്തിന്റെപേരിൽ ടണ്ണൊന്നിന് 25 ക. കണ്ട് എഴുതിവാങ്ങുന്നുണ്ട് എന്നാണറിയുന്നത്. പക്ഷേ, കേരളത്തിൽ എവിടെയാണവർ വില്ക്കുന്നത്? കരിഞ്ചന്തയിൽ മാത്രമാണെന്നാണു സംസാരം. മീനെണ്ണയുടെ സ്ഥിതിയും വ്യത്യസ്തമല്ല. അതു മേത്തരം എണ്ണയാണെന്നു സർട്ടിഫിക്കറ്റുണ്ട്. പക്ഷേ, അതു "പ്രിസ്ക്രൈബ്" ചെയ്യാൻ ഡോക്ടർമാർക്ക് കിട്ടുന്നില്ല. അതേസമയത്തുതന്നെ കേരളത്തിന്നു പുറത്തുള്ള കമ്പനി

ക്കാരുടെ ഇത്രതന്നെ ഗുണമില്ലാത്ത എണ്ണ ഇവിടെ ടിൻകണക്കിനു ചില വാക്കുന്നുമുണ്ട്. ഡിസ്റ്റ്ട്രിബ്യൂട്ടർമാരായി സ്വകാര്യമുതലാളികളെ നിയമിച്ചിരിക്കുകയാണ്. അതിരുകവിഞ്ഞ കമ്മീഷനാണവർക്കു നല്കുന്നത്. ഉദാഹരണത്തിന്ന്, ട്രാവൻകൂർ റബർ വർക്സിന്റെ ഉല്പന്നങ്ങളുടെ വിതരണക്കാരായ അസോഷിയേറ്റഡ് എൻജിനീയറിങ്ങ് കോർപറേഷന്നു കൊടുക്കുന്ന കമ്മീഷൻ 33 1/3 ശതമാനമാണ്. പ്ലൈവുഡ് ഫാക്ടറിയിലെ ഉല്പന്നങ്ങളുടെ സിംഹഭാഗവും കണ്ണൻദേവൻ കമ്പനിക്കാർക്കു ചുരുങ്ങിയ വിലയ്ക്കു വില്ക്കുകയാണ്. വിതരണത്തിലെ തട്ടിപ്പിന്റെ തോതു വ്യക്തമാക്കാൻ ഒരുദാഹരണം പറയാം. കളിമൺ വ്യവസായത്തിലെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ അടുത്തകാലംവരേയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, എറണാകുളം തുടങ്ങിയ 8 പ്രധാന കേന്ദ്രങ്ങളിൽ ഗവൺമെന്റുവക വില്പനഡിപ്പോകൾ ഉണ്ടായിരുന്നു. അതുകൾവഴിയായി 1955 ജനുവരി മുതൽ 15 മാസം കൊണ്ട് 1 1/2 ലക്ഷം ക. യിലധികം വിലപിടിച്ച ചരക്കുകൾ വിറ്റുതീർത്തു. വിറ്റുകിട്ടിയ തുകയുടെ 26 1/2 ശതമാനം മാത്രമേ ഡിപ്പോ ചെലവുകൾക്കുവേണ്ടി വന്നിരുന്നുള്ളു. എന്നിട്ടും കോൺഗ്രസ് ഗവൺമെന്റ് 1956 മാർച്ചിൽ ഡിപ്പോകൾ നിറുത്തലാക്കുകയും വില്പന മുഴുവൻ ബാവാ ഏജൻസിയെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ബാവായുടെ കമ്മീഷൻ 35 ശതമാനമാണ്!

വിതരണം നടത്തുന്ന സ്വകാര്യ ഏജൻസികൾ തങ്ങളേറ്റെടുക്കുന്ന ചരക്കുകൾക്ക് സെക്യൂരിറ്റി കൊടുക്കുക എന്ന ഏർപ്പാടില്ല. എത്ര വിറ്റുതീർക്കണമെന്ന നിബന്ധനയുമില്ല. അവരുടെ ഓർഡറനുസരിച്ച് നിർമ്മിക്കുന്ന ചരക്കുകൾ വില്ക്കാതെ കെട്ടിക്കിടന്നാൽ നഷ്ടം സഹിക്കേണ്ടതു ഗവൺമ്മെന്റാണ്. തങ്ങൾക്കു ലഭിച്ചിട്ടുള്ള അതിരുകവിഞ്ഞ സൗജന്യങ്ങളും അവകാശങ്ങളുമുപയോഗിച്ചുകൊണ്ട് ഈ വിതരണകാർക്കു ഗവൺമെന്റു ഫാക്ടറികളിലെ ഉല്പാദനത്തേയും ചരക്കുകളുടെ വിലയേയും നിയന്ത്രിക്കാൻ കഴിയുന്നു എന്നതാണ് വാസ്തവം.

ചീഫ് സിക്രട്ടറി ചെയർമാനും ഫൈനാൻസ് സിക്രട്ടറി, ഡവലപ്പ്മെന്റ് സിക്രട്ടറി, ഇലക്ട്രിസിറ്റി ചീഫ് എൻജിനിയർ, ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ്, ലേബർ കമ്മീഷണർ എന്നീ ഉദ്യോഗസ്ഥന്മാർ അംഗങ്ങളുമായുള്ള ഒരു മാനേജ്മെന്റ് ബോർഡാണ് ട്രാവൻകൂർ റബർ വർക്സ്, ട്രാവൻകൂർ മിനറൽ കൺസേൺസ്, സെറാമിക്ക് ഫാക്ടറി, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ഷാർക്ക്ലിവർ ഓയിൽ ഫാക്ടറി എന്നീ 5 വ്യവസായസ്ഥാപനങ്ങളെ മേൽനോട്ടം ചെയ്യുന്നത്. മറ്റു പലതരം ജോലികളുടേയും കൂട്ടത്തിൽ വ്യവസായങ്ങളുടെ മേൽനോട്ടവും അവരങ്ങനെ കൊണ്ടുനടത്തുന്നു. ബോർഡിന്റെ സിക്ര

ട്ടറിപോലും വ്യവസായ നടത്തിപ്പിന്നു മാത്രമായി പ്രത്യേകം ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനല്ല; കൃത്യാന്തരബാഹുല്യമുള്ള കമ്മേഴ്സ്യൽ അക്കൗണ്ട്സ് ആൻഡ് ആഡിറ്റ് ഓഫീസറാണ്!

ഓരോ ഫാക്ടറിയിലും വലിയ ശമ്പളക്കാരായ ജനറൽ മാനേജരും മാനേജർമാരും മറ്റുദ്യോഗസ്ഥന്മാരുമുണ്ട്. അവരാണ് യഥാർത്ഥത്തിൽ വ്യവസായങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. തൊഴിലാളികൾക്കോ സ്റ്റാഫിന്നോ മാനേജുമെന്റിൽ യാതൊരു പങ്കുമില്ല. അവർ പണിയെടുക്കാൻ മാത്രമുള്ളവരാണ്!

## നിലവിലുള്ള വ്യവസായങ്ങളെ രക്ഷിക്കുക

വ്യവസായവല്ക്കരണ പരിപാടികൾ നടപ്പിലാക്കാൻ ഗവൺമെന്റും ജനങ്ങളും ആവേശത്തോടെ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. വ്യാവസായിക പുരോഗതികൂടാതെ, പിന്നണിയിൽ കിടക്കുന്ന കേരളത്തെ ഐശ്വര്യപൂർണ്ണമാക്കാനും തൊഴിലില്ലായ്മയ്ക്കൊരു പരിഹാരം കാണാനും ജനങ്ങളുടെ ജീവിതത്തോതുയർത്താനും സാധിക്കുകയില്ല. അതുകൊണ്ടുതന്നെയാണ് കേരളത്തിന്റെ നിസ്തുലമായ പ്രകൃതിവിഭവങ്ങളേയും കെല്പുറ്റ മനുഷ്യാധ്വാനത്തേയും വേണ്ടപോലെ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയ പുതിയ വ്യവസായങ്ങളാരംഭിക്കണമെന്ന് ഓരോ ജില്ലയിലേയും ഉൽബുദ്ധരായ ജനങ്ങൾ മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നത്.

എന്നാൽ, പൊതുപണംകൊണ്ടു നടത്തപ്പെടുന്ന വ്യവസായങ്ങൾ ജനങ്ങളുടെ നന്മയ്ക്കല്ല, ഒരുപിടി മുതലാളികളുടെ അനിയന്ത്രിതമായ ലാഭക്കൊള്ളയ്ക്കാണ് ഉപകരിക്കുന്നതെങ്കിൽ വ്യവസായവല്ക്കരണം വിജയിക്കുമെന്നതിന്നുറപ്പെന്താണ്? ഉള്ള വ്യവസായങ്ങളെ നന്നാക്കാൻ കഴിയില്ലെങ്കിൽ പുതിയ വ്യവസായങ്ങൾ വിജയിക്കുമോ? അതുകൊണ്ട്, വ്യവസായവല്ക്കരണത്തിന്റെ ആദ്യത്തെ പടിയെന്നനിലയ്ക്ക് നിലവിലുള്ള വ്യവസായങ്ങളെ, പ്രത്യേകിച്ചും പൊതുപണംകൊണ്ടു നടത്തപ്പെടുന്ന വ്യവസായങ്ങളെ, കൊള്ളലാഭക്കാരായ വൻകിട മുതലാളികളുടെ പിടിയിൽനിന്നു മോചിപ്പിക്കുകയും അവയെ ഒരുറച്ച അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുകയും ചെയ്യുകയാണാവശ്യം. ഒരു സ്പെഷ്യൽ ഡയറക്ടരുടെ പുതിയൊരു തസ്തിക സൃഷ്ടിക്കുന്നതുകൊണ്ടുമാത്രം ഇതു സാധിക്കുകയില്ല. ഇതു സാധിക്കണമെങ്കിൽ താഴേ ചൂണ്ടിക്കാണിക്കുന്നതുപോലുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിൽവരുത്തിയേ മതിയാവൂ.

## ചില നിർദ്ദേശങ്ങൾ

1. ഗവൺമെന്റുടമയിലുള്ളവയും ഗവൺമെന്റു മാനേജുചെയ്യുന്നവയും ഷെയറുകളായോ വായ്പയായോ ഗവൺമെന്റിന്റെ പണമിറക്കിയിട്ടുള്ളവയുമായ എല്ലാ വ്യവസായങ്ങളുടേയും ഉല്പാദനം, സാങ്കേതികരീതി, വിതരണം, വില്പന, ഉപകരണങ്ങളും അസംസ്കൃത സാമഗ്രികളും മറ്റും വാങ്ങുന്ന സമ്പ്രദായം, നിയന്ത്രണത്തിന്റെ സ്വഭാവം, ഗവൺമെന്റിന്റെ പണമുപയോഗിക്കുന്ന രീതി മുതലായവയേപ്പറ്റിയെല്ലാം സമഗ്രമായി പഠിച്ച് പ്രസ്തുത വ്യവസായസ്ഥാപനങ്ങളുടെ ഉല്പാദനക്കഴിവുകളെ പൂർണ്ണമായി ഉപയോഗിക്കാനും അവയെ ഏറ്റവും ആദായകരമായി നടത്താനും പറ്റിയ നിർദ്ദേശങ്ങൾ മൂന്നു മാസത്തിന്നുള്ളിൽ സമർപ്പിക്കാൻ തൊഴിലാളിപ്രതിനിധികളും വ്യവസായികളും ജനപ്രതിനിധികളും സാങ്കേതിക വിദഗ്ദ്ധന്മാരുമുൾപ്പെടെയുള്ള ഒരു കമ്മിറ്റിയെ നിയമിക്കുക.
2. വിദേശമൂലധനത്തിന്റെ ചൂഷണത്തെ കടിഞ്ഞാണിടാൻ പറ്റിയ വിധത്തിൽ നികുതിനയം പരിഷ്കരിക്കുകയും ഭരണഘടനാവിധേയമായ മറ്റു മാർഗ്ഗങ്ങളുപയോഗിക്കുകയും ചെയ്യുക. വിദേശത്തോട്ടങ്ങളെ ദേശസാല്ക്കരിക്കാനും വിദേശവ്യാപാരം സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാക്കാനും നടപടികളെടുക്കുക.
3. മാനേജിങ്ങ് ഏജൻസി സമ്പ്രദായം അവസാനിപ്പിക്കാൻ ഗവൺമെന്റു നിലവാരത്തിൽ ആവശ്യമായ നടപടികളെടുക്കുക.
4. ഗവൺമെന്റു മൂലധനമിറക്കിയിട്ടുള്ള വ്യവസായങ്ങളിൽ കൂടുതൽ നിയന്ത്രണം ലഭിക്കത്തക്കവിധം ഡയറക്ടർ ബോർഡുകളിൽ ഗവൺമെന്റു പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കുക. ഡയറക്ടർ ബോർഡുകളിൽനിന്ന് വ്യവസായ സിക്രട്ടറി, വ്യവസായ ഡയറക്ടർ മുതലായ ഉദ്യോഗസ്ഥമേധാവികളെ നീക്കംചെയ്ത്, വ്യവസായങ്ങളുടെ നടത്തിപ്പിൽ ശ്രദ്ധിക്കാൻ കഴിവും പരിചയവുമുള്ളവരെ നിയമിക്കുക. (ഇത് ഗവൺമെന്റുടമയിലുള്ള വ്യവസായങ്ങൾക്കും ബാധകമാക്കണം). ഗവൺമെന്റുടമയിലുള്ള ഡയറക്ടർമാർ തങ്ങളുടെ പ്രവർത്തനങ്ങളേപ്പറ്റി ആറുമാസത്തിലൊരിക്കൽ ഗവർമ്മെന്റിന്നു റിപ്പോർട്ടു സമർപ്പിക്കുകയും ആ റിപ്പോർട്ട് അസംബ്ളിയുടെ അംഗീകാരത്തിന്നു വയ്ക്കുകയും ചെയ്യുക.
5. വ്യവസായങ്ങളുടെ നടത്തിപ്പിൽ, വരവുചെലവുകളും മറ്റു പണമിടപാടുകളുമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളുടേയും നിയന്ത്രണത്തിൽ തൊഴിലാളി പ്രതിനിധികൾക്കുകൂടി പങ്കനുവദിക്കുക. ഗവൺമെന്റുടമയിലുള്ള വ്യവസായസ്ഥാപനങ്ങളിലെ ഡയറക്ടർമാ

രിൽ മൂന്നിലൊരുഭാഗം തൊഴിലാളികളും മൂന്നിലൊരുഭാഗം ജന പ്രതിനിധികളും ബാക്കിയുള്ള ഭാഗം ഗവൺമെന്റുദ്യോഗസ്ഥന്മാരു മായിരിക്കണമെന്നു നിഷ്കർഷിക്കുക.

6. കഴിഞ്ഞ ആറു കൊല്ലക്കാലത്ത് സ്വകാര്യ മുതലാളികൾക്കു വായ്പ കളും മറ്റു സഹായങ്ങളും നല്കിയരീതിയേപ്പറ്റി അന്വേഷണം നട ത്തുകയും പൊളിഞ്ഞവയോ പൊളിയാറായവയോ ആയ വ്യവസാ യസ്ഥാപനങ്ങൾക്ക് അവയർഹിക്കുന്നതിലുമധികം പണം കൊടു ക്കുകയും അങ്ങനെ പൊതുമുതൽ ധൂർത്തടിക്കുകയും ചെയ്ത തിന്ന് ആരാണുത്തരവാദിയെന്നു കണ്ടുപിടിച്ച് അവരുടെ പേരിൽ കർശനമായ നടപടിയെടുക്കുകയും ചെയ്യുക. പൊതുഖജാന യിൽനിന്ന് നല്കപ്പെടുന്ന വായ്പകളും മറ്റു സഹായധനങ്ങളും ദുരുപയോഗപ്പെടാതിരിക്കാനാവശ്യമായ കരുതൽ നടപടികളെടു ക്കുകയും നിയന്ത്രണങ്ങളേർപ്പെടുത്തുകയും ചെയ്യുക.

7. വിതരണം, വില്പന, അസംസ്കൃതസാമഗ്രികളും മറ്റും വാങ്ങൽ മുതലായവയിൽ നിലനില്ക്കുന്ന കുംഭകോണങ്ങളവസാനിപ്പിക്കു കയും ഉല്പാദനവും വില്പനയും കൂടുതൽ അഭിവൃദ്ധിപ്പെടുത്താ നാവശ്യമായ നടപടികളെടുക്കുകയും ചെയ്യുക.

8. ഉല്പാദനം വർദ്ധിപ്പിക്കാനും അങ്ങനെ വ്യവസായങ്ങളെ അഭിവൃ ദ്ധിപ്പെടുത്താനും തൊഴിലാളികൾക്ക് കൂടുതൽ പ്രചോദനം നല്കി ക്കൊണ്ട് വ്യവസായ സമാധാനം നിലനിറുത്തുക.

നവയുഗം വ്യവസായപതിപ്പ് 1958

# ഭാഗം രണ്ട്

## അദ്ധ്യായം 1

# വിദ്യാഭ്യാസത്തിന്റെ നേരെ

1958 ഡിസമ്പർ 4-ാംനു ബാംഗ്ളുരിൽവച്ച് ഇന്ത്യയിലെ വത്തിക്കാൻ അംബാസഡറായ മോസ്റ്റ് റവറന്റ് ജേംസ് റോബട്ട് നോക്സിന്റെ സാന്നിദ്ധ്യത്തിൽ കത്തോലിക്കാബിഷപ്പുമാരുടെ ഒരു സമ്മേളനം കൂടുകയുണ്ടായി. മതപരമായ കാര്യങ്ങളെപ്പറ്റിയോ പള്ളിവക കാര്യങ്ങളെപ്പറ്റിയോ അവർക്കൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. കേരളത്തിലെ കമ്യൂണിസ്റ്റ് ഗവൺമെന്റിനെ മറിച്ചിടാനുള്ള "ഭൗതികവും ആത്മീയവു"മായ മാർഗ്ഗങ്ങളെപ്പറ്റിയാണ് സമ്മേളനം ഗൗരവമായി ആലോചിച്ചത്. "അമ്പതു മണിക്കൂർ നേരത്തെ ചർച്ചയ്ക്കിടയിൽ, ഇന്ത്യയിലെ കമ്യൂണിസ്റ്റ് വിപത്തിനെപ്പറ്റിയുള്ള-പ്രത്യേകിച്ചു കേരളസ്റ്റേറ്റിലെ കമ്യൂണിസ്റ്റ് വിപത്തിനെപ്പറ്റിയുള്ള-റിപ്പോർട്ടുകൾ പര്യാലോചിക്കാനാണ് സമ്മേളനം അധികസമയവും വിനിയോഗിച്ചത്. കേരളവിദ്യാഭ്യാസബില്ലിൽ സമ്മേളനം ആശങ്ക പ്രകടിപ്പിക്കുകയും അതിനെ നിശിതമായി വിമർശിക്കുകയും ചെയ്തു". (ഇന്ത്യൻ എക്സ്പ്രസ്സ്, ഡിസ.5) "കേരളത്തിലെ സ്ഥിതിഗതികളെപ്പറ്റി സമ്മേളനം പര്യാലോചിക്കുകയുണ്ടായി. കമ്യൂണിസത്തെ എതിർത്തു തോല്പിക്കുവാനുള്ള പല നിർദ്ദേശങ്ങളും ചർച്ചചെയ്യപ്പെട്ടു." (ഹിന്ദു, സിസ. 6.)

### മതവിശ്വാസത്തെ ചൂഷണം ചെയ്യുന്നു

മാർപ്പാപ്പാതിരുമേനിയുടെ അനുഗ്രഹത്തോടുകൂടി കേരളത്തിലെ വ്യവസ്ഥാപിതഗവൺമെന്റിനെതിരാതി പുതിയൊരു സമരം നടത്തപ്പെ

ടുമെന്നതിന്റെ മുന്നറിയിപ്പായിരുന്നു അത്. മിഷ്യനറിപ്രവർത്തനങ്ങൾക്കെന്നും പറഞ്ഞ് അമേരിക്കയിലെ ധനാഢ്യന്മാർ ഇന്ത്യയിലെ കത്തോലിക്കാപ്പള്ളികൾക്ക് പ്രതിവർഷം നൽകുന്ന പത്തുകോടി ഉറുപ്പിക എങ്ങിനെ വിനിയോഗിക്കപ്പെടുന്നു എന്നതിന്റെ ഒരു സൂചനയായിരുന്നു അത്.

വത്തിക്കാൻ പ്രതിനിധിയുടെ നേതൃത്വത്തിൽ നടന്ന ബാംഗ്ളൂർ സമ്മേളനത്തിന്റെ തീരുമാനങ്ങൾ നടപ്പിൽ വരുത്തേണ്ടതെങ്ങിനെയെന്നാലോചിക്കാൻവേണ്ടി 1959 മാർച്ച 18-ാം നു എറണാകുളത്തുവച്ച് കത്തോലിക്കാവൈദികമേലദ്ധ്യക്ഷന്മാരുടെ ഒരു കോൺഫ്രൻസ് വിളിച്ചുകൂട്ടപ്പെട്ടു. ആ കോൺഫ്രൻസിൽവച്ചാണ് കേരളത്തിലെ കമ്യൂണിസ്റ്റ് ഗവൺമെന്റിനെ മറിച്ചിടാനുള്ള പുതിയൊരു സമരപരിപാടിയുടെ വിശദാംശങ്ങൾ തയ്യാറാക്കപ്പെട്ടത്. “വിദ്യാഭ്യാസരംഗത്തുനിന്നും പ്രൈവറ്റ് ഏജൻസികളെ നിഷ്ക്കാസനം ചെയ്യുന്നതിന് കരുതിക്കൂട്ടി തികച്ചും അസ്വീകാര്യങ്ങളായ വ്യവസ്ഥകളോടുകൂടിയാണ് കേരള വിദ്യാഭ്യാസ ബില്ല് നിയമമാക്കിയിരിക്കുന്നത്.” എന്ന മുഖവുരയോടുകൂടി പ്രസ്തുത കോൺഫ്രൻസ് പാസ്സാക്കിയ പ്രമേയത്തിൽ കത്തോലിക്കരോടായി ഇങ്ങിനെ ആഹ്വാനം ചെയ്യുകയുണ്ടായി:

“ഗവൺമെന്റ് ഈ ബില്ല് പ്രസിദ്ധംചെയ്ത നാൾമുതൽ നമ്മുടെ ജനങ്ങൾ നടത്തിയ മഹത്തായ പ്രക്ഷോഭണം അത്യധികം ചാരിതാർത്ഥ്യത്തോടുകൂടി ഞങ്ങൾ ഈയവസരത്തിൽ സ്മരിയ്ക്കുന്നു. ഇതേവരെ പ്രകടിപ്പിച്ചിട്ടുള്ള ഊർജ്ജത്തെ ആവശ്യമായ പ്രവർത്തനപരിപാടികൾ തുടരേണ്ടതും ലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടിയുള്ള യത്നങ്ങൾ ദ്വിഗുണീഭവിപ്പിയ്ക്കേണ്ടതുമാണെന്ന് ആവർത്തിച്ച് അനുസ്മരിപ്പിയ്ക്കുന്നതിന് ഈയവസരം വിനിയോഗിച്ചുകൊള്ളുന്നു....ഈ സാഹചര്യത്തിൽ കേരളവിദ്യാഭ്യാസനിയമത്തിലെ ഉപദ്രവകരങ്ങളായ വ്യവസ്ഥകൾ മാറ്റിക്കിട്ടുന്നതിന്ന് ഇതരസമുദായങ്ങളോടു സഹകരിച്ച് ആവശ്യമായ എല്ലാ നടപടികളും നമ്മുടെ ജനങ്ങൾ കൈക്കൊള്ളണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.” (ദീപിക, മാർച്ച് 20)

കത്തോലിക്കാവൈദികമേലദ്ധ്യക്ഷന്മാർ പുരോഗതിയ്ക്കെതിരായ തങ്ങളുടെ കുരിശുയുദ്ധമാരംഭിച്ചത് ഇന്നോ ഇന്നലെയോ അല്ല. പൊതുതിരഞ്ഞെടുപ്പുകാലത്ത് കമ്യൂണിസ്റ്റ് സ്ഥാനാർത്ഥികളെ തോല്പിയ്ക്കാൻവേണ്ടി അവർ ആവുന്നതൊക്കെ ചെയ്തുനോക്കി. കമ്യൂണിസ്റ്റ്കാർ ജയിച്ചാൽ മതവും പള്ളിയും അപകടത്തിലാവുമെന്ന പച്ചക്കളവുപറഞ്ഞ് അവർ കത്തേലിക്കാബഹുജനങ്ങളെ സ്ഥാപിതതാല്പര്യങ്ങളുടെ പിന്നിൽ അണിനിരത്താൻ ശ്രമിച്ചു. പ്രാർത്ഥനാലയങ്ങളെ അവർ

കോൺഗ്രസ്സിന്റെ തിരഞ്ഞെടുപ്പാപ്പീസ്സുകളാക്കി മാറ്റി. അൾത്താരകളെ അവർ തിരഞ്ഞെടുപ്പു പ്ലാറ്റ്ഫോറങ്ങളാക്കിയുപയോഗിച്ചു. ജനങ്ങളുടെ മതബോധത്തെ സങ്കുചിതമായ രാഷ്ട്രീയതാല്പര്യങ്ങൾക്കുവേണ്ടി അവർ ചൂഷണം ചെയ്തു. പക്ഷേ, ഫലമുണ്ടായില്ല. മതത്തിന്നോ പള്ളിയ്ക്കോ എതിരായ യാതൊരു പരിപാടിയും തങ്ങൾക്കില്ലെന്നും മറ്റു ജനവിഭാഗങ്ങളുടെയെന്നപോലെ കത്തോലിക്കാബഹുജനങ്ങളുടേയും സാമൂഹ്യസാമ്പത്തികാഭിവൃദ്ധിയ്ക്കുവേണ്ടിയാണ് തങ്ങൾ നിലകൊള്ളുന്നതെന്നും കമ്യൂണിസ്റ്റ് സ്ഥാനാർത്ഥികൾ വോട്ടർമാരോടു തുറന്നു പറഞ്ഞു. നുണയല്ല, സത്യമാണ്, ഒടുവിൽ വിജയിച്ചത്. കത്തോലിക്കാ കേന്ദ്രങ്ങളിൽനിന്നുപോലും ധാരാളം വോട്ടുകൾ നേടിക്കൊണ്ട് കമ്യൂണിസ്റ്റ് പാർട്ടി അസംബ്ളിയിൽ ഭൂരിപക്ഷം സമ്പാദിച്ചു. വിവിധസമുദായങ്ങളിലും വിവിധമതങ്ങളിലും പെട്ട ഭൂരിപക്ഷക്കാരായ മർദ്ദിതജനവിഭാഗങ്ങളുടെ പിന്തുണയോടും അനുഗ്രഹത്തോടുംകൂടി 1957 ഏപ്രിൽ 5-ാം നു കേരളത്തിലാദ്യമായി ഒരു കമ്യൂണിസ്റ്റ് മന്ത്രിസഭ രൂപവൽക്കരിയ്ക്കപ്പെട്ടു.

പക്ഷേ, ജനങ്ങളുടെ വിധിയെ മാനിയ്ക്കാൻ കത്തോലിക്കാപ്പള്ളിമേധാവികൾ തയ്യാറായില്ല. അവർ തങ്ങളുടെ എതിർപ്പുകൾ പിന്നേയും തുടർന്നു. മതപരമായ സ്വാധീനശക്തിയും സമ്മർദ്ദങ്ങളുമുപയോഗിച്ചുകൊണ്ട് അവർ കത്തോലിക്കാബഹുജനങ്ങളെ കമ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായി തിരിച്ചുവിട്ടു.

## മന്നത്തു പത്മനാഭന്റെ തകിടം മറിച്ചിൽ

അങ്ങിനെയിരിയ്ക്കുമ്പോഴാണ് വിദ്യാഭ്യാസബിൽ വന്നത്. കത്തോലിക്കരുൾപ്പെടെയുള്ള അദ്ധ്യാപകന്മാരെ അടിമത്തത്തിൽനിന്നു മോചിപ്പിയ്ക്കാനും അവരുടെ അന്തസ്സുയർത്താനുമുതകുന്ന ഒരു ബില്ലായിരുന്നു അത്. എന്നിട്ടും പള്ളിമേധാവികൾ അതിനെ എതിർക്കുകയാണ് ചെയ്തത്. ബില്ലിന്നെതിരായി അവർ ഒരു വലിയ പ്രക്ഷോഭമഴിച്ചുവിട്ടു. പക്ഷേ, അതൊരൊറ്റപ്പെട്ട പ്രക്ഷോഭമായിരുന്നു. ഇന്ന് കമ്യൂണിസ്റ്റ് പാർട്ടിയ്ക്കും കമ്യൂണിസ്റ്റ് ഗവൺമെന്റിന്നും എതിരായി സമരം പ്രഖ്യാപിച്ചു നടക്കുന്ന ശ്രീ. മന്നത്തു പത്മനാഭൻപോലും ബിൽവിരുദ്ധപ്രക്ഷോഭത്തിന്റെ യാഥാർത്ഥ്യങ്ങളെ തുറന്നു കാണിയ്ക്കാൻ മുന്നോട്ടുവരികയുണ്ടായി. 1957 ആഗസ്റ്റ് 27-ാംനു പത്രപ്രതിനിധികൾക്കു നൽകിയ ഒരഭിമുഖസംഭാഷണത്തിൽ അദ്ദേഹം ഇങ്ങിനെ പ്രസ്താവിച്ചു.

"കൃസ്ത്യാനികളിൽ നല്ലൊരു പങ്ക് ഈ ബില്ലിനെ അനുകൂലിയ്ക്കുന്നവരുണ്ടെന്ന് പത്രറിപ്പോർട്ടുകളിൽനിന്നു ധരിയ്ക്കാൻ കഴിയും.

എത്രയോ അധികം അദ്ധ്യാപകന്മാർ കൃസ്ത്യാനികളിലുണ്ട്. സ്വരക്ഷയെ കരുതിയെങ്കിലും അവർ ഇതിനെ അനുകൂലിയ്ക്കാതിരിയ്ക്കുമോ? കൃസ്ത്യൻസമുദായത്തിൽ നീതിബോധമുള്ളവർ എത്രയോ അധികമുണ്ട്. അവരാരും ഈ പ്രക്ഷോഭണത്തിന്റെ പിന്തുണക്കാരാണെന്നു തോന്നുന്നില്ല. ഈ പ്രക്ഷോഭണം മുഴുവൻ പള്ളിയിൽനിന്നു വരുന്നതാണ്. ഈ തവണ അവർ അത് ഒളിച്ചുവച്ചിട്ടില്ലെന്ന് സന്തോഷസമേതം സമ്മതിയ്ക്കാം. ബിഷപ്പന്മാരും പാതിരിമാരുമാണ് ഈ പ്രക്ഷോഭണത്തിന്റെ ജീവനും ഉടലും. കത്തോലിക്കരുടെ ആർച്ച്ബിഷപ്പന്മാരും ബിഷപ്പന്മാരും ഉൾപ്പെടെ പതിന്നാല് ആത്മീയഗുരുക്കന്മാർ ഒരുമിച്ചുകൂടി ചെയ്ത തീരുമാനമനുസരിച്ചാണ് ലക്ഷക്കണക്കിന് പണപ്പിരിവു നടത്തുന്നതും പ്രക്ഷോഭണവഹ്നിയ്ക്കു തീ കൊളുത്തിയതും അതിനെ ഇന്നത്തെ മട്ടിൽ കത്തിആളിയ്ക്കുന്നതും...."

(ദേശബന്ധു 1957 ആഗസ്റ്റ് 28)

ഗവൺമെന്റിനെതിരായി സമരം ചെയ്യുന്നവർക്ക് താഴെ കൊടുത്ത സന്ദർഭോചിതമായ ഒരു താക്കീതും അദ്ദേഹം നൽകുകയുണ്ടായി:

"എന്തായാലും ബിൽ പാസ്സാകുകില്ലെന്ന് ഇതുവരെ പറഞ്ഞവർ പാസ്സായാലും നടപ്പിൽ വരികയില്ലെന്ന് പറഞ്ഞുതുടങ്ങിയിട്ടുണ്ട്. പാസ്സാക്കിയ ഒരു നിയമം നടപ്പിൽ വരുത്താൻ കഴിയാത്ത ശക്തിഹീനമായ ഒരു ഗവൺമെന്റും നിലനില്ക്കാൻ പോകുന്നില്ല. ഇന്നത്തെ ഗവൺമെന്റ് ഇതു പാസ്സാക്കുമെങ്കിൽ അതു നടപ്പിൽ വരുത്തുകയും ചെയ്യും. അത്ര ബഹുജനപിന്തുണയും ന്യായവും ഈ ബില്ലിനുണ്ട്. അസമാധാനമുണ്ടാക്കുന്ന നിഷ്ഫലമായ ഈ ഭീഷണി ഇനിയെങ്കിലും നിറുത്തിവെയ്ക്കണമെന്നാണ് എന്റെ അഭിപ്രായം."

(ദേശബന്ധു, ആഗസ്റ്റ് 28)

പക്ഷേ, ശ്രീ.മന്നത്ത് പത്മനാഭൻ ഇങ്ങിനെ പറഞ്ഞത് 1957 ആഗസ്റ്റിലാണ്. അതിന്നുശേഷമാണ് കേരളത്തിലെ വിവിധമതങ്ങളിലും വിവിധ സമുദായങ്ങളിലുമുൾപ്പെട്ട ഭൂപ്രഭുക്കന്മാരെ അമ്പരപ്പിച്ച ചില പുതിയ സംഭവവികാസങ്ങളുണ്ടായത്. കമ്യൂണിസ്റ്റ്ഗവൺമെന്റ് തിരഞ്ഞെടുപ്പുകാലത്തു ചെയ്ത തങ്ങളുടെ പ്രതിജ്ഞകൾ നിറവേറ്റാൻ വേണ്ടി ഒരു കാർഷികബന്ധബിൽ അസംബ്ളിയിലവതരിപ്പിയ്ക്കുകയും അതിനെ ഒരു സിലക്ട് കമ്മിറ്റിയ്ക്കയയ്ക്കുകയും ചെയ്തു.

മറ്റു സമുദായങ്ങളിൽപെട്ട കൃഷിക്കാരുടെയെന്നപോലെത്തന്നെ നായർസമുദായത്തിൽപെട്ട കൃഷിക്കാരുടേയും ഉത്തമ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനുള്ള ഒരു ബില്ലാണത്. പക്ഷേ, ശ്രീ മന്നത്തുപത്മനാഭൻ മർദ്ദനങ്ങളും കഷ്ടപ്പാടുമനുഭവിക്കുന്ന ഭൂരിപക്ഷക്കാരായ നായ

ന്മാരെയല്ല. നിലമുടമസ്ഥന്മാരും നായന്മാരുൾപ്പെടെയുള്ള ആയിരമായിരം കൃഷിക്കാരെ ചൂഷണംചെയ്തു ജീവിക്കുന്നവരുമായ ഒരുപിടി നായർപ്രമാണികളെ മാത്രമാണ് പ്രതിനിധീകരിയ്ക്കുന്നത്. അതുകൊണ്ടാണ് ലക്ഷക്കണക്കിലുള്ള കൃഷിക്കാരുടെ രക്ഷയ്ക്കുവേണ്ടി കൊണ്ടുവരപ്പെട്ട കാർഷികബന്ധബിൽ മന്നത്തു പത്മനാഭനെ ശുണ്ഠിപിടിപ്പിക്കുകയും വിറളിയെടുപ്പിക്കുകയും ചെയ്തത്. അതുകൊണ്ടാണദ്ദേഹം വിദ്യാഭ്യാസബിൽ വിരുദ്ധപ്രക്ഷോഭക്കാലത്തു ചെയ്ത സ്വന്തം പ്രസ്താവനകളെപ്പോലും പിച്ചിചീന്തിക്കൊണ്ട് കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായി യുദ്ധത്തിനു പുറപ്പെട്ടത്.

## മതത്തിന്റേയും സമുദായത്തിന്റേയും പേരിൽ

ഇതുതന്നെയായിരുന്നു കത്തോലിക്കാപ്പള്ളിമേധാവികളുടേയും ആവശ്യം. 'ഇതരസമുദായങ്ങളോടു സഹകരിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളാ'ൻ തീരുമാനിച്ചു വൈദികമേലദ്ധ്യക്ഷന്മാർ തങ്ങളെ ഇതേവരെ എതിർത്തുപോന്ന മന്നത്തുപത്മനാഭനെ കെട്ടിപ്പിടിച്ചു. ഇതാണ് കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റിന്നെതിരായി തലപൊന്തിക്കാൻ തുടങ്ങിയിട്ടുള്ള പുതിയ 'അഖിലകേരള ഹിന്ദു-മുസ്ലീം-കൃസ്ത്യൻ' പ്രക്ഷോഭത്തിന്റെ ആരംഭം.

എറണാകുളത്തുവെച്ചുകൂടിയ വൈദികകോൺഫറൻസിന്റെ മൂന്നാം ദിവസം, അതായത് മാർച്ച് 20-നു, പെരുന്നയിൽവെച്ച് കേരളാപ്രൈവറ്റ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ ആക്ഷൻകമ്മിറ്റിയുടെ ഒരു യോഗംകൂടി. ആക്ഷൻകമ്മിറ്റിയുടെ പ്രസിഡണ്ടായി ശ്രീ മന്നത്തുപത്മനാഭനേയും കൺവീനറായി ഫാദർ മണ്ണനാലിനേയും ഖജാൻജിയായി ശ്രീ വി.ഓ. എബ്രഹാമിനേയും തിരഞ്ഞെടുത്തു. "മനേജുമെന്റുകളുടെ അഭിപ്രായങ്ങളെ തീരെ അവഗണിച്ചുകൊണ്ട് വിദ്യാഭ്യാസനിയമം നടപ്പിലാക്കാൻപോകുന്ന കേരളഗവൺമെന്റിനോട് സമരം പ്രഖ്യാപിയ്ക്കേണ്ടതാണെന്ന് തീരുമാനിച്ചു. സമരത്തിന്റെ നടത്തിപ്പിന്നായി സംസ്ഥാനവ്യാപകമായി പ്രക്ഷോഭണം സംഘടിപ്പിക്കുന്നതിന്നും പ്രാദേശികമായി സ്ക്വാഡ്സംഘങ്ങൾ രൂപീകരിക്കുന്നതിനും ഓരോ വിദ്യാലയത്തേയും കേന്ദ്രീകരിച്ച് വോളണ്ടിയർ യൂണിറ്റുകൾ ഉണ്ടാക്കുന്നതിനും തീരുമാനിച്ചു."

(ദീപിക, മാർച്ച് 21)

ഈ തീരുമാനമനുസരിച്ചുള്ള ഒരു പ്രക്ഷോഭണമാണ് കേരളത്തിലെ ചില പ്രധാന കേന്ദ്രങ്ങളിൽ ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. മന്നത്തുപത്മനാഭന്ന് സ്വീകരണം നൽകാനെന്നപേരിൽ ഘോഷയാത്രകളും പൊതുയോഗങ്ങളും സംഘടിപ്പിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കയാണ്.

പക്ഷേ, പ്രസംഗങ്ങൾ നടത്തുന്നത് പത്മനാഭനാണെങ്കിലും സമരത്തിന്നുള്ള യഥാർത്ഥമായ ഒരുക്കങ്ങൾ കത്തോലിക്കാപ്പള്ളികളുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത് എന്ന് 'ദീപിക'യിൽ വന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. പള്ളികൾതോറും പ്രസംഗങ്ങളും പ്രാർത്ഥനകളും സംഘടിപ്പിച്ച് അവർ മതവിശ്വാസികളെ ഗവൺമെന്റിന്നെതിരായ ഒരു സമരത്തിലിറക്കിവിടാൻ മുതിർന്നിരിക്കയാണ്. അവരുടെ അഭിപ്രായത്തിൽ ഇത് ഭൂരിപക്ഷക്കാരുടെ താല്പര്യങ്ങൾക്കെതിരായി ഒരുപിടി മാനേജർമാരുടേയും ഒരുപിടി നാടുവാഴികളുടേയും ഭൗതിക സ്വാർത്ഥങ്ങളെ കാത്തുരക്ഷിയ്ക്കാനുള്ള ഒരു സമരമല്ല, പിന്നെയോ, മതത്തേയും സമുദായത്തേയും കാത്തുരക്ഷിക്കാനുള്ള പാവന സമരമാണ്!

'ദീപിക' പറയുന്നതു നോക്കുക:

"ഇന്നത്തെ രീതിയിൽ പള്ളിക്കൂടങ്ങൾ നടത്തുകയും ഗവൺമെന്റു നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങൾ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുന്നത് മതത്തിനും സമുദായത്തിനും രാജ്യത്തിനും എതിരായ പ്രവൃത്തിയാണ്...ശരിയായ നിയമത്തോടല്ലാതെ തെറ്റായ നിയമത്തോട് നമുക്കു ബഹുമാനം ആവശ്യമില്ല."

പ്രായപൂർത്തി വോട്ടവകാശത്തോടുകൂടി തിരഞ്ഞെടുക്കപ്പെട്ട ഒരു നിയമസഭ ഭൂരിപക്ഷപ്രകാരം പാസ്സാക്കുകയും പ്രസിഡണ്ടിന്റെ അംഗീകാരം നേടുകയുംചെയ്ത ഒരു നിയമത്തോട് അവർക്കു യാതൊരു ബഹുമാനവുമില്ല. തങ്ങൾക്കിഷ്ടമില്ലാത്ത ഏതു നിയമത്തേയും അവരെതിർക്കും!

കേരളത്തിൽ നിയമവിധേയമായി ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നതുകാരണത്താൽ കത്തോലിക്കാബിഷപ്പന്മാർക്ക് നിയമവിധേയമായ പ്രക്ഷോഭങ്ങളിൽ വിശ്വാസമില്ലാതായിരിക്കുന്നു. ഇനിമേൽ നിയമലംഘനമാണവരുടെ പരിപാടി! "അടുത്ത രണ്ടു മാസങ്ങൾ കേരളത്തിലെ കൃസ്ത്യാനികളെസ്സംബന്ധിച്ചിടത്തോളം ഒരു നിർണ്ണായകഘട്ടമായിരിയ്ക്കു"മെന്ന് താക്കീതു നൽകുന്ന വലേറിയൻ കാർഡിനൽ ഗ്രേഷ്യസ് ഭരണഘടനാപരമായ അവകാശങ്ങളെ പൊക്കിപ്പിടിച്ചുകൊണ്ടാണ് നിയമലംഘകരെ അനുഗ്രഹിക്കുന്നത് എന്നത് വിചിത്രമായിരിക്കുന്നു. ഭരണഘടനപ്രകാരം ന്യൂനപക്ഷങ്ങൾക്കു ലഭിച്ചിട്ടുള്ള അവകാശങ്ങളെ കേരളത്തിലെ ഗവൺമെന്റ് എടുത്തുകളഞ്ഞിരിക്കുന്നുവെന്നും ഭരണഘടനയുടെ 30-ാം വകുപ്പിനെ ഗവൺമെന്റ് ലംഘിച്ചിരിക്കുന്നുവെന്നുമാണ് അദ്ദേഹം മെയ് 1-ാംനുത്തെ 'ടൈംസ് ഓഫ് ഇന്ത്യ'യിലെഴുതിയ ഒരു ലേഖനത്തിൽ പ്രസ്താവിക്കുന്നത്. പക്ഷേ,. ഒരു സ്റ്റേറ്റ് ഗവൺമെന്റ് ഭരണഘടനയ്ക്കെതിരായി പ്രവർത്തി

ച്ചാൽ അതിനെ നേരിടുന്നതിന്ന് ഭരണഘടനാപരമായ മാർഗ്ഗങ്ങളില്ലേ? പിന്നെ എന്തിനാണൊരു സുപ്രീംകോടതി?

"ജനാധിപത്യം നശിയ്ക്കട്ടെ!

രക്തം ചിന്താനൊരുങ്ങുക!"

കാർഡിനൽ ഗ്രേഷ്യസ് എഴുതുന്നു:

"വിദ്യാഭ്യാസബിൽ പ്രസിഡണ്ടിന്റെ അനുമതിക്കായി സമർപ്പിക്കപ്പെട്ടു. അദ്ദേഹമത് സുപ്രീംകോടതിയുടെ അഭിപ്രായത്തിന്നയച്ചു. ഏഴു ജഡ്ജിമാരും പ്രസിഡണ്ടിന്റെ നിർദ്ദേശപരിധികൾക്കുള്ളിൽ കർശനമായി ഒതുങ്ങി നില്ക്കുകയാണ് ചെയ്തത്. ബില്ലിലെ 8, 9, 11, 12 എന്നീ വകുപ്പുകളെ സുപ്രീംകോടതി ജഡ്ജിമാർ തൊടുകയുണ്ടായില്ല." (ടൈംസ് ഓഫ് ഇന്ത്യ, മെയ് 1.)

ഇതു ശരിതന്നെയെന്നു സമ്മതിക്കുക. പക്ഷേ, പ്രസിഡണ്ടിന്റെ അനുമതിയോടുകൂടി അംഗീകരിക്കപ്പെട്ട വിദ്യാഭ്യാസനിയമത്തിലെ പ്രസ്തുത വകുപ്പുകൾ ഭരണഘടനയുടെ 30-ാം വകുപ്പിന്നെതിരാണെങ്കിൽ വീണ്ടും സുപ്രീം കോടതിയിൽ പോകുന്നതിനെ ആരാണ് തടഞ്ഞിട്ടുള്ളത്? വിദ്യാഭ്യാസനിയമം ഭരണഘടനയ്ക്കെതിരാണെന്നു തെളിയിക്കപ്പെട്ടാൽ അതു സ്വയം അപ്രത്യക്ഷമാവുകയില്ലേ? കാർഡിനൽ ഗ്രേഷ്യസ്സിന്നും കൂട്ടുകാർക്കും വ്യവസ്ഥാപിതമായ ഈ മാർഗ്ഗം എന്തുകൊണ്ടുപയോഗിച്ചുകൂടാ?

ഉപയോഗിക്കാൻ വയ്യ. കാരണം, തങ്ങളുടെ സങ്കുചിതങ്ങളായ അവകാശങ്ങളെ കാത്തുരക്ഷിക്കാൻ ഉപകരിക്കുന്നേടത്തോളം മാത്രമേ പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാർക്ക് ഭരണഘടനയും സുപ്രീംകോടതിയും മറ്റും ആവശ്യമുള്ളു. സ്വന്തം താല്പര്യങ്ങൾക്കെതിരാണെന്നു കാണുമ്പോൾ നിയമസഭകൾ നിർമ്മിക്കുന്ന നിയമങ്ങളെയെന്നപോലെതന്നെ സുപ്രീംകോടതിയുടെ തീരുമാനങ്ങളേയും അവർ വലിച്ചെറിയും. കോടതിയും ജനാധിപത്യവും തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങളെ കാത്തുരക്ഷിച്ചുകൊള്ളണം. അല്ലെങ്കിൽ കോടതിയും വേണ്ട, ജനാധിപത്യവും വേണ്ട! മർദ്ദിതവർഗ്ഗക്കാരായ ബഹുജനങ്ങൾ വ്യവസ്ഥാപിതമാർഗ്ഗങ്ങളെ എല്ലായ്പോഴും മുറുകെപ്പിടിച്ചുകൊള്ളണം. പക്ഷേ, മർദ്ദകവർഗ്ഗക്കാർക്ക് അതൊന്നും ബാധകമല്ല! ഈ യാഥാർത്ഥ്യം അവർ തുറന്നു സമ്മതിക്കുന്നുണ്ട്. ഉദാഹരണത്തിന്ന് 'ദീപിക' എഴുതുന്നതു നോക്കുക:

"ഭരണഘടനയ്ക്കും കേന്ദ്രഗവൺമെന്റിനും അഖിലേന്ത്യാ നിയമങ്ങൾക്കും വിധേയമായിട്ടുവേണം കേരളത്തിലെ കമ്യൂണിസ്റ്റ് ഭരണാധികാരികൾ എതിരാളികളോട് എന്തെങ്കിലും ചെയ്യാൻ. ഇങ്ങിനെ വ്യവ

സ്ഥാപിതമായ ഒരു ഗവൺമെന്റു നടത്താനുള്ള ബാധ്യതയാണ് കമ്യൂണിസ്റ്റ്കൾക്കുള്ളത്. അവരെ എതിർക്കേണ്ടിവരുന്ന ബഹുജനങ്ങൾക്കാകട്ടെ ഇങ്ങനെയൊരു ഭാരമില്ല." (ദീപിക, മുഖപ്രസംഗം, ഏപ്രിൽ 28.)

കമ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായ സമരത്തിൽ ജനാധിപത്യമാർഗ്ഗങ്ങളൊന്നും അവലംബിക്കേണ്ടതില്ലെന്ന് ഒരു മുൻമന്ത്രിയും കോൺഗ്രസ്സുനേതാവുമായ ശ്രീ. കളത്തിൽ വേലായുധൻനായരും പ്രഖ്യാപിച്ചിരിക്കുന്നു. ജനാധിപത്യപരമായ മാർഗ്ഗങ്ങളിലൂടെ കമ്യൂണിസ്റ്റ് ഗവൺമെന്റിനെ പരാജയപ്പെടുത്തുക സാധ്യമല്ലെന്ന് ബോധ്യംവന്ന വിരുദ്ധന്മാർ ഇപ്പോൾ ജനാധിപത്യത്തെ കുഴുച്ചുമൂടി സായുധലഹളയ്ക്കു വട്ടംകൂട്ടുകയാണ്. അതേ, ഒരു തുറന്ന യുദ്ധത്തിന്നുള്ള ഒരുക്കങ്ങളാണ് നടക്കുന്നത്. മന്നത്തു പത്മനാഭൻ പ്രസംഗിക്കുന്നതു കേൾക്കുക:

"ലക്ഷക്കണക്കിന് പണം സംഭരിക്കണം. അനേകമാളുകളെ ഓരോരോ കമ്മിറ്റികളായി എല്ലാ സ്ഥലങ്ങളിലും സംഘടിപ്പിക്കണം. അങ്ങിനെ പല കാര്യങ്ങളുമുണ്ട്.....നാം ഒരു യുദ്ധരംഗത്തേയ്ക്കിറങ്ങുകയാണ്. നിങ്ങൾ വളരെ സൂക്ഷിച്ചുകൊള്ളണം. എന്തെന്നാൽ, കമ്യൂണിസ്റ്റ്കാരോടാണ് നമ്മൾ എതിരിടുന്നത്.........ഒരു വിപ്ലവം കൂടാതെ ഇവരിറങ്ങിപ്പോകുമെന്ന് നാം വിശ്വസിക്കുന്നില്ല." (ദേശബന്ധു, മെയ് 5.)

പ്രചാരവേലകൾ മാത്രം പോരാ, ഓരോ സ്ഥലത്തും രഹസ്യസംഘടനകൾ രൂപീകരിച്ച് ആവശ്യമായ ഒരുക്കങ്ങൾ നടത്തുകകൂടി വേണമെന്ന് 'ദീപിക' ഒരു മുഖപ്രസംഗത്തിലൂടെ ആഹ്വാനം ചെയ്തിരിക്കുന്നു. (ദീപിക, ഏപ്രിൽ 26.) കത്തോലിക്കാപ്പള്ളികളിൽ കമ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായി ബലപ്രയോഗവും ഹിംസയും നടത്താനുള്ള ആഹ്വാനമാണ് നൽകപ്പെടുന്നത്, 'ദീപിക'യുടെ മുഖപ്രസംഗങ്ങളിൽ "ഭൗതികമായ എന്തു നഷ്ടവും സഹിച്ച്" ലഹളയ്ക്കൊരുങ്ങാനാവശ്യപ്പെട്ടിരിക്കുന്നു. ഒരു മുഖപ്രസംഗത്തിലെ ചില ഭാഗങ്ങൾ ശ്രദ്ധിക്കുക:

"കേസ്സുകളും അറസ്റ്റുകളും മർദ്ദനങ്ങളും ഉണ്ടാകും. ഡസൻകണക്കിന് മെത്രാന്മാരും ആയിരക്കണക്കിന് വൈദികരും ലക്ഷക്കണക്കിന് അൽമേനികളും ജയിലറകളിൽ അടയ്ക്കപ്പെട്ടെന്നുവരും. ഇതിനെയൊക്കെ നേരിടുവാനുള്ള തന്റേടവും ആത്മാഭിമാനവും ഇല്ലാത്തവർ ഇനിമേലിൽ കൃസ്ത്യാനികളായി തുടരുകയില്ല......സമരം ചെയ്യാൻ ധൈര്യമില്ലാത്തവരായും ജഡഭാരംകൊണ്ടു ഓടാൻ വയ്യാത്തവരായും ഇൻഡ്യയുടെ ഒരു മൂലയിൽ കിടന്നു നരകിക്കേണ്ട ഗതികേട് നാം സ്വയം വരുത്തിവെയ്ക്കരുത്. സർവ്വവും ത്യജിക്കുവാൻ നാം തയ്യാറായാൽ ഒന്നും പോകാനില്ലാത്തവരെപ്പോലെ നമുക്കു സമരം ചെയ്യാം." (ദീപിക, ഏപ്രിൽ 29.)

ഇതാ, രക്തം ചിന്താനുള്ള മറ്റൊരാഹ്വാനം:

"ലക്ഷ്യപ്രാപ്തിക്കായി എന്തു ചെയ്യുന്നതും കമ്യൂണിസ്റ്റ്കൾക്കു തെറ്റല്ല. ഈ സാഹചര്യങ്ങളിൽ രക്തം ചിന്തുന്നതിനുപോലും ഒരുങ്ങിയിരിക്കണമെന്ന് ഞങ്ങൾ കരുതുന്നതുതെറ്റാണോ? ഇങ്ങേപ്പുറത്ത് ഒരുക്കമൊന്നുമില്ലെന്നുകണ്ടാൽ എന്തു ചെയ്യുന്നതിന്നും കമ്യൂണിസ്റ്റ്കൾ മടിക്കുകയില്ല. മറിച്ച് അതിനേയും അതിന്റെ അപ്പുറത്തിനേയും നേരിടുന്നതിന് ഒരുക്കമെന്നു വന്നാൽ കമ്യൂണിസ്റ്റ്കൾ അവരുടെ വേണ്ടാതനം ഉപേക്ഷിച്ചെന്നുവരും. അതുകൊണ്ടാണ് എല്ലാ സ്ഥലങ്ങളിലും ഉടനെ സന്നദ്ധസംഘങ്ങൾ ഉണ്ടാക്കണമെന്ന് ഞങ്ങൾ പറയുന്നത്. അങ്കമാലിയിൽത്തന്നെ അയ്യായിരംപേർ അണിനിരന്നുകഴിഞ്ഞു. ഇതൊക്കെ അട്ടിമറിക്കാനുള്ള ആഹ്വാനമാണെന്നു പറയുന്നവർ യഥാർത്ഥത്തിൽ അട്ടിമറിയെ ക്ഷണിച്ചുവരുത്തുകയാണ്". (ദീപിക, മുഖപ്രസംഗം, മെയ് 12.)

സന്നദ്ധസംഘങ്ങളും വാളണ്ടിയർയൂനിറ്റുകളും രക്തച്ചൊരിച്ചിലുണ്ടാക്കാനുള്ള ഒരുക്കങ്ങൾ മാത്രമാണെന്ന് ഇതു വ്യക്തമാക്കുന്നു. കത്തോലിക്കാപ്പള്ളികളിലെ "മത"പ്രസംഗങ്ങളിൽ "കമ്യൂണിസ്റ്റ്കാരുടെ രക്തംകൊണ്ട് കേരളത്തെ ശുദ്ധീകരിക്കുക!" എന്ന ഉപദേശമാണ് നൽകപ്പെടുന്നത്. കാത്തോലിക്കായുവാക്കന്മാർക്ക് ആയുധപരിശീലനം നൽകാനുള്ള പല രഹസ്യകേന്ദ്രങ്ങളും സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. രഹസ്യമായി തോക്കുകളും കത്തികളും ഇരിമ്പുവടികളും ശേഖരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മിഷ്യനറിപ്രവർത്തനങ്ങൾക്കെന്നുംപറഞ്ഞ് അമേരിക്കൻ സാമ്രാജ്യവാദികളിൽനിന്നു വാങ്ങുന്ന പത്തുലക്ഷക്കണക്കിലുള്ള പണത്തിന്റെ ഗണ്യമായ ഭാഗം ഇത്തരം അട്ടിമറിപ്രവർത്തനങ്ങൾക്കുവേണ്ടിയാണുപയോഗിക്കപ്പെടുന്നത് എന്നൂഹിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

ഒരു ചെകിട്ടത്തടി കിട്ടിയാൽ മറ്റേ ചെകിടും കാണിച്ചുകൊടുക്കണമെന്നുപദേശിയ്ക്കുകയും അവശരായ മർദ്ദിതബഹുജനങ്ങളുടെ കഷ്ടപ്പാടുകൾ തീർക്കാൻവേണ്ടി ആത്മാർപ്പണം ചെയ്യുകയും ചെയ്ത ഒരു മഹാത്മാവിന്റെ പേരിലാണ് ഈ അട്ടിമറിപ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കപ്പെടുന്നത്. കൃസ്ത്യാനിയാവണമെങ്കിൽ രക്തംചിന്താനൊരുങ്ങണമത്രേ! എന്തൊരു കൃസ്തുഭക്തന്മാർ!

ഇരിയ്ക്കട്ടെ, ഇത്തരമൊരു സായുധലഹളയ്ക്ക് ധൃതിപിടിച്ച് ഒരുക്കം കൂട്ടുന്നതിന്റെ ഉദ്ദേശ്യമെന്താണ്? എന്തൊന്നാണ് സമരക്കാർക്കു സാധിച്ചുകിട്ടേണ്ടത്?

## സമരക്കാരുടെ പ്രഖ്യാപിതോദ്ദേശങ്ങൾ

വിദ്യാഭ്യാസനിയമത്തിലെ സംവരണവ്യവസ്ഥ മുതലായ ചില വകുപ്പുകളേയും ഭൂനയബില്ലിലെ കാർഷികപരിഷ്ക്കാരങ്ങളേയും

എതിർക്കുക എന്നതായിരുന്നു പ്രക്ഷോഭമാരംഭിച്ചസമയത്ത് അവരുടെ പ്രഖ്യാപിതോദ്ദേശ്യം.

"പബ്ളിക്ക് സർവ്വീസ് കമ്മീഷൻ ഡിസ്ട്രിക് അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽനിന്നു മാത്രമേ മാനേജരന്മാർ എയിഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ പാടുള്ളു എന്നും അങ്ങിനെ തയ്യാറാക്കുന്ന ലിസ്റ്റിൽ സർക്കാരുത്തരവനുസരിച്ച് ചില വിഭാഗം ജന ങ്ങൾക്കു നൽകിയിരിക്കുന്ന സംവരണാവകാശം പാലിച്ചിരിക്കേണ്ടതു മാണെന്നും നിയമത്തിന്റെ 11-ാം വകുപ്പ് അനുശാസിക്കുന്നു. ഈ വ്യവ സ്ഥയുടെ ഫലമായി അനഭിലഷണീയരും തികച്ചും അസ്വീകാര്യരുമായ ആളുകളെ അദ്ധ്യാപകരായി പ്രൈവറ്റ് വിദ്യാലയങ്ങളിൽ നിയമിക്കുന്ന തിന് മാനേജ്മെന്റ് നിർബ്ബന്ധിതമാകുന്ന ഒരു സാഹചര്യം ഉളവാകയും തന്മൂലം തങ്ങളുടെ ഇഷ്ടാനുസരണമുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ച് ഭരണം നടത്തുന്നതിന് ന്യൂനപക്ഷസമുദായങ്ങൾക്കു ലഭിച്ചിരിക്കുന്ന മൗലികാവകാശത്തിന്റെ ലക്ഷ്യം പരാജിതമാക്കപ്പെടുകയും ചെയ്യുന്നു." എന്നു പ്രസ്താവിച്ചുകൊണ്ടാണ് 1959 മാർച്ച് 18-ാംനു എറണാകുളത്തു വച്ചു കൂടിയ കത്തോലിക്കാവൈദികമേലദ്ധ്യക്ഷന്മാരുടെ കോൺഫ്രൻസ് "കേരള വിദ്യാഭ്യാസനിയമത്തിലെ ഉപദ്രവകരങ്ങളായ വ്യവസ്ഥകൾ മാറ്റി ക്കിട്ടുന്നതിന്നു"വേണ്ടിയുള്ള സമരമാരംഭിക്കാൻ കത്തോലിക്കാബഹുജ നങ്ങളോടാഹ്വാനം ചെയ്തത്. (മലയാള മനോരമ, മാർച്ച് 20) ശ്രീ. മന്നത്തു പത്മനാഭനാകട്ടെ, സംവരണത്തെ മാത്രമല്ല എതിർത്തത്. ഭൂന യബില്ലു പാസ്സായാൽ വൻകിട ഭൂവുടമസ്ഥന്മാരായി നായന്മാർ പാപ്പരാ വുമെന്നുകൂടി പറഞ്ഞുകൊണ്ടാണ് അദ്ദേഹം സമരരംഗത്തിലിറങ്ങിയ ത്. അവസരവാദികളായ ഏതാനും കോൺഗ്രസ്സ് - പി. എസ്. പി. നേതാ ക്കന്മാർ തങ്ങളുടെ രാഷ്ട്രീയപാരമ്പര്യങ്ങളെ സാമുദായികവാദത്തിന്ന ടിയറവയ്ക്കുകയും മന്നത്തുപത്മനാഭന്റെ പടനായകത്വമംഗീകരിക്കു കയും ചെയ്തതോടുകൂടി കമ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായ വലി യൊരു ബഹുജനപ്രസ്ഥാനം ഉയർന്നുവരുമെന്നു വിശ്വസിക്കപ്പെട്ടു.

## പരിപാടിയുടെ പാപ്പരത്തം

പക്ഷേ, ഏറെക്കഴിയുന്നതിന്നുമുമ്പുതന്നെ, ജനങ്ങളെ യോജിപ്പിച്ച ണിനിരത്താൻ കെല്പില്ലാത്ത ഏറ്റവും ദുർബലങ്ങളായ പരിപാടികളെ യാണ് പിന്തിരിപ്പന്മാർ പിടികൂടിയത് എന്നു വ്യക്തമായി. കമ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായ സമരപ്രഖ്യാപനം യഥാർത്ഥത്തിൽ കേരള ത്തിലെ ഭൂരിപക്ഷക്കാരായ ജനങ്ങളുടെ താല്പര്യങ്ങൾക്കെതിരായ ഒരു സമരപ്രഖ്യാപനമായിട്ടാണ് തീർന്നത്!

ഭൂനയബില്ല് എല്ലാ സമുദായങ്ങളിലുള്ള ഭൂരിപക്ഷക്കാരായ കൃഷിക്കാരുടേയും കാർഷികത്തൊഴിലാളികളുടേയും നന്മയ്ക്കുവേണ്ടിയുള്ളതാണ്. വിവിധസമുദായങ്ങളിലെ വൻകിട ഭൂപ്രഭുക്കളുടെ സങ്കുചിത താല്പര്യങ്ങൾക്കു മാത്രമേ അതുകൊണ്ട് എന്തെങ്കിലും ഹാനി തട്ടുകയുള്ളു. അതുകൊണ്ട് മതത്തിന്റേയും സമുദായത്തിന്റേയും പേരിൽ ഭൂനയബില്ലിനെ എതിർക്കുക എളുപ്പമല്ല. മാത്രമല്ല, നാഗപ്പൂർ പ്രമേയത്തിന്നു ശേഷം കോൺഗ്രസ്സുകുപ്പായമിട്ട പിന്തിരിപ്പൻ ജന്മികൾക്കും അവരുടെ ഏജന്റുമാർക്കും ഭൂനയബില്ലിനെ നേരിട്ടെതിർക്കാനുള്ള ധൈര്യം (കുറഞ്ഞിരിക്കുന്നു. പി. എസ്. പി. ആർ. എസ്. പി. തുടങ്ങിയ പാർട്ടികളാണെങ്കിൽ കാർഷികപരിഷ്ക്കാരങ്ങൾക്കുവേണ്ടിനിലക്കൊള്ളുന്നവയാണ്.

ഇതുതന്നെയാണ് വിദ്യാഭ്യാസനിയമത്തിന്റെ കാര്യവും. നായരെന്നോ ഈഴവനെന്നോ മുസ്ലിമെന്നോ കൃസ്ത്യനെന്നോ വ്യത്യാസമില്ലാതെ എല്ലാ അദ്ധ്യാപകന്മാർക്കും മുമ്പൊരിക്കലും കിട്ടിയിട്ടില്ലാത്ത പുതിയ അവകാശങ്ങളും പുതിയൊരന്തസ്സും നൽകുന്ന നിയമമാണത്.

ഈ നാട്ടിലെ വിവിധ പാർട്ടികളുടേയും വിവിധ സമുദായങ്ങളുടേയും ഇന്നത്തെ ഒരാവശ്യമാണ് സംവരണം. വിദ്യാഭ്യാസബില്ലിലെ 11-ാം വകുപ്പ് അസംബ്ളിയിൽ ചർച്ചയ്ക്കു വന്നപ്പോൾ യോഗ്യതയുള്ള എല്ലാ അദ്ധ്യാപകന്മാരേയും ലിസ്റ്റിലുൾപ്പെടുത്തണമെന്ന് കോൺഗ്രസ്സുനേതാവ് പി. ടി. ചാക്കോയും, ആവശ്യമുള്ളതിന്റെ ഇരട്ടി ആളുകളെ ലിസ്റ്റിലുൾപ്പെടുത്തണമെന്ന് മുസ്ലിം ലീഗുനേതാവ് മുഹമ്മദ്കോയയും ആവശ്യപ്പെട്ടുവെങ്കിലും "പബ്ളിക്ക് സർവ്വീസ് കമ്മീഷൻ തയാറാക്കുന്ന ലിസ്റ്റിൽനിന്നു മാത്രമേ മാനേജരന്മാർ അദ്ധ്യാപകരെ നിയമിക്കാൻ പാടുള്ളു" എന്ന വ്യവസ്ഥയെ എല്ലാ പാർട്ടിക്കാരും അനുകൂലിക്കുകയാണ് ചെയ്തത്. "അങ്ങിനെ തയ്യാറാക്കുന്ന ലിസ്റ്റിൽ സർക്കാരുത്തരവനുസരിച്ച് ചില വിഭാഗങ്ങൾക്കു നൽകിയിരിക്കുന്ന സംവരണാവകാശം പാലിച്ചിരിക്കേണ്ടതാണെ"ന്ന വ്യവസ്ഥയെ ഒരൊറ്റ പാർട്ടിയും എതിർക്കുകയുണ്ടായില്ല. (1957 ആഗസ്റ്റ് 30-ാം അസംബ്ളി നടപടികളുടെ ഔദ്യോഗികറിപ്പോർട്ടു നോക്കുക)

സംവരണം കുറച്ചുകാലംകൂടി തുടരണമെന്ന് അസന്നിദ്ധമായി പ്രഖ്യാപിച്ച ഏക രാഷ്ട്രീയപാർട്ടി കമ്യൂണിസ്റ്റ് പാർട്ടി മാത്രമാണെന്നുള്ളതു ശരിയാണ്. കളത്തിൽ വേലായുധൻനായരെപ്പോലുള്ള കോൺഗ്രസ്സുനേതാക്കന്മാരും പട്ടംതാണുപിള്ളയെപ്പോലുള്ള പി.എസ്. പി. നേതാക്കന്മാരും സംവരണവിരുദ്ധപ്രക്ഷോഭത്തെ പരസ്യമായി അനുകൂലിച്ചിട്ടുണ്ടെന്നുള്ളതും ശരിയാണ്. പക്ഷേ, കോൺഗ്രസ്സിന്നും പി. എസ്. പി.ക്കും രാഷ്ട്രീയപാർട്ടികളെന്നനിലയ്ക്കു സംവരണത്തെ

എതിർക്കാനുള്ള ചങ്കൂറ്റമിന്നില്ല. ചങ്കൂറ്റമുണ്ടായാൽ ആ പാർട്ടികളിൽ ഇനിയൊരിക്കലും നികത്താനാവാത്ത വിടവുകളും ഭിന്നിപ്പുകളുമുണ്ടാവുമെന്നുതീർച്ചയാണ്.

മുസ്ലീംലീഗ്, ഇതെഴുതുന്ന സമയംവരേയും, സംവരണ വിരുദ്ധപ്രക്ഷോഭത്തിൽനിന്നൊഴിഞ്ഞു നില്ക്കുകയാണ് ചെയ്തിട്ടുള്ളത്. മറ്റു പിന്നണിസ്സമുദായങ്ങൾക്കെന്നപോലെത്തന്നെ മുസ്ലീങ്ങൾക്കും സംവരണം ആവശ്യമാണെന്നവർ വിശ്വസിക്കുന്നു.

ഗവൺമെന്റിനെ മറിച്ചിടാനുള്ള ഏതു രാഷ്ട്രീയസമരത്തേയും പിന്താങ്ങുമെന്നു വ്യക്തമാക്കിക്കൊണ്ടുതന്നെ സാമുദായികവാദികളുടെ നേതൃത്വത്തിലുള്ള സ്കൂളടപ്പുപ്രക്ഷോഭത്തെ തങ്ങൾ അനുകൂലിയ്ക്കുന്നില്ലെന്ന് ആർ. എസ്. പി. വ്യക്തമാക്കിയിട്ടുണ്ട്.

എസ്. എൻ. ഡി. പി പാതിരിമാരുടേയും മന്നത്തിന്റേയും സ്കൂളടപ്പുസമരത്തെ എതിർത്തുകൊണ്ട് ശക്തിയായ ഒരു പ്രക്ഷോഭം ആരംഭിച്ചുകഴിഞ്ഞിരിയ്ക്കുന്നു. നായന്മാരുടെ ഒട്ടനവധി കരയോഗങ്ങൾ മന്നത്തിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് പ്രമേയങ്ങൾ പാസാക്കിയിട്ടുണ്ട്. സാധാരണക്കാരായ കത്തോലിക്കരിൽത്തന്നെ ഒരു വിഭാഗം സ്കൂളടപ്പുപ്രക്ഷോഭത്തിന്നെതിരായി മുന്നോട്ടുവരാൻ തുടങ്ങിയിരിയ്ക്കുന്നു.

പള്ളിക്കൂടങ്ങളടച്ചുപൂട്ടി അദ്ധ്യാപകന്മാരുടെ വായിൽ മണ്ണിടാനും ലക്ഷക്കണക്കിലുള്ള കുട്ടികളെ വിദ്യാഭ്യാസത്തേയും അതുവഴി അവരുടെ ഭാവിയെത്തന്നെയും നശിപ്പിയ്ക്കാനുമുള്ള രാജ്യദ്രോഹപരമായ ഒരു പരിപാടിയ്ക്കു വിദ്യാഭ്യാസതല്പരരായ ജനവിഭാഗങ്ങളുടെ ആനുകൂല്യമോ പിന്തുണയോ ലഭിയ്ക്കുകയില്ലെന്നു തീർച്ചയാണ്. അദ്ധ്യാപകന്മാരും രക്ഷിതാക്കന്മാരും മറ്റു വിദ്യാഭ്യാസപ്രേമികളും സ്കൂളടപ്പുപ്രക്ഷോഭത്തോടുള്ള തങ്ങളുടെ എതിർപ്പു പരസ്യമായിത്തന്നെ പ്രകടിപ്പിയ്ക്കാൻ തുടങ്ങിയിരിയ്ക്കുന്നു.

## കമ്യൂണിസത്തിനെതിരായ കുരിശുയുദ്ധം

കാറ്റെങ്ങോട്ടാണ് വീശുന്നതെന്ന് പിന്തിരിപ്പന്മാർക്കു മനസ്സിലായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടവർ തങ്ങളുടെ അടവുകൾ മാറ്റാൻ തുടങ്ങിയിരിയ്ക്കുന്നു. വിദ്യാഭ്യാസനിയമത്തിലെ ചില വകുപ്പുകൾ മാറ്റുകയോ, സംവരണമവസാനിപ്പിയ്ക്കുകയോ ഭൂനയബില്ലിനെ എതിർക്കുകയോ ഒന്നുമല്ല. ജനോപകാരപ്രദങ്ങളായ ബില്ലുകൾ കൊണ്ടുവരുന്ന കമ്യൂണിസ്റ്റ് ഗവൺമെന്റിനെത്തന്നെ നശിപ്പിയ്ക്കുക എന്നതാണ് തങ്ങളുടെ ഉദ്ദേശമെന്ന് ലഹളക്കാരിൽ ചിലർ പറയാൻ തുടങ്ങിയിരിയ്ക്കുന്നു. "ഈ ഗവൺമെന്റിനെ മാത്രമല്ല, കമ്യൂണിസംതന്നെ ഇല്ലാതാക്കാൻ

തീർച്ചയാക്കിയിരിയ്ക്കയാണ്" എന്നാണ് ശ്രീ. മന്നത്തു പത്മനാഭൻ പറയുന്നത്. (ദേശബന്ധു, മേയ് 5).

കമ്യൂണിസത്തിന്നെതിരായ കുരിശുയുദ്ധത്തിന്റെ പടനായകത്വമേറ്റെടുത്തുകൊണ്ട് അദ്ദേഹം ഗർജ്ജിയ്ക്കുന്നതു കേൾക്കുക:

"വിദ്യാഭ്യാസനിയമത്തിൽ ചില ഭേദഗതികൾ വരുത്തുന്നതുകൊണ്ടോ സംവരണത്തിൽ ചില നീക്കുപോക്കുകൾ വരുത്തുന്നതുകൊണ്ടോ ഭൂനയബില്ലിൽ ചില മാറ്റങ്ങൾ വരുത്തുന്നതുകൊണ്ടോ പ്രക്ഷോഭണം നിർത്തിവെയ്ക്കാൻ പോകുന്നില്ല......സംവരണത്തിന്റേയും വിദ്യാഭ്യാസബില്ലിന്റേയും ഭൂനയബില്ലിന്റേയും പേരുപറഞ്ഞ് മന്നം കമ്യൂണിസ്റ്റ് ഗവൺമെന്റിനെ തകർക്കാൻ പുറപ്പെട്ടിരിക്കുകയാണെന്ന് കമ്യൂണിസ്റ്റുകാർ പറയുന്നു. വാസ്തവം. കമ്യൂണിസ്റ്റ് ഗവൺമെന്റു തകരണം. മറ്റുള്ളവ ഓരോ ഉപാധികൾമാത്രം. അവ ഓരോ കുറ്റികൾമാത്രം. എണ്ണിയെണ്ണി അവ പരിഹരിയ്ക്കും. .... കമ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിയ്ക്കാൻ പോകയല്ല. നേരെ മറിയ്ക്കാൻ പോകയാണ്. കേരളത്തിൽ കമ്യൂണിസ്റ്റ് ഗവൺമെന്റു വേണ്ട. കമ്യൂണിസംതന്നെ ഇവിടെ പാടില്ല. ഇവിടെ കമ്യൂണിസത്തിന്റെ വേരു പറിച്ചു ചുട്ടുകരിച്ച് കടലിൽ കലക്കാൻ പോകുകയാണ്. ആർക്കെങ്കിലും ഇതു തടുക്കാമെങ്കിൽ ആയിക്കോളൂ." (ദീപിക, മെയ് 5)

കമ്യൂണിസ്റ്റ് ഗവൺമെന്റിനെ മറിച്ചിടും പോലും! കമ്യൂണിസത്തെത്തന്നെ ചുട്ടുകരിച്ച് കടലിലാഴ്ത്തുംപോലും! ഇത്തരം ഉച്ചക്കിറുക്കുകൾ ഇതിന്നുമുമ്പും ചിലർ പറഞ്ഞിട്ടുണ്ട്. കമ്യൂണിസത്തിന്നെതിരായി പിന്തിരിപ്പന്മാർ ആയുധമെടുക്കുന്നത് ഇതാദ്യമായിട്ടല്ല. കമ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയിലാദ്യമായി ആവിർഭവിച്ച കാലത്തു ബ്രിട്ടീഷ് ഗവൺമെന്റ് ശ്രമിച്ചുനോക്കിയതാണത്. ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിന്റെ ആരംഭംമുതൽ 1947 ആഗസ്ത് 15-ാം നു വരെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ നാമാവശേഷമാക്കാൻ വേണ്ടി ബ്രിട്ടീഷ്സാമ്രാജ്യമേധാവികൾ തങ്ങളുടെ എല്ലാ ശക്തികളുമെടുത്തുപയോഗിക്കുകയുണ്ടായി. പക്ഷേ, തകർന്നതു കമ്യൂണിസ്റ്റ് പ്രസ്ഥാനമല്ല, ബ്രിട്ടീഷ് സാമ്രാജ്യത്വമാണ്. ബ്രിട്ടീഷ് ഭരണാധികാരികൾക്കു സാധിയ്ക്കാത്തതു തങ്ങൾക്കു സാധിയ്ക്കുമെന്നായിരുന്നു കോൺഗ്രസ്സ് ഭരണാധികാരികളുടെ വിശ്വാസം. 1948 മുതൽ 1951 വരെ പട്ടാളത്തേയും എം.എസ്.പി.യേയുപയോഗിച്ചു നിഷ്ഠുരമായ മർദ്ദനങ്ങളഴിച്ചുവിട്ടു കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ നശിപ്പിയ്ക്കാൻ അവർ ആവുന്നതൊക്കെ ചെയ്തുനോക്കി. പക്ഷേ, ക്ഷയിച്ചതു കമ്യൂണിസ്റ്റ് പ്രസ്ഥാനമല്ല കോൺഗ്രസ്സാണ്. കോൺഗ്രസ്സുഭരണാധികാരികളുടെ ഹിംസകളേയും ബലപ്രയോഗങ്ങളേയും അതിജീവിച്ചുകൊണ്ട്

കമ്യൂണിസ്റ്റ് പ്രസ്ഥാനം കൂടുതൽ ശക്തിപ്പെടുകയാണ് ചെയ്തത്; ഇന്ത്യയിലെ രണ്ടാമത്തെ പാർട്ടിയായും കേരളത്തിലെ ഭരണാധികാരകക്ഷിയായും ഉയരുകയാണ് ചെയ്തത്. എന്നിട്ടും, ഹിറ്റ്ലർക്കും ബ്രിട്ടീഷ്ഭരണാധികാരികൾക്കും വത്തിക്കാനും കോൺഗ്രസ്സ് ഭരണാധികാരികൾക്കും സാധിയ്ക്കാത്തത് തങ്ങൾക്കു സാധിയ്ക്കുമെന്നാണ് കാർഡിനൽ ഗ്രേഷ്യസ്സും 'ദീപികാ' പത്രാധിപരും മന്നത്തുപത്മനാഭനും വീമ്പിളക്കുന്നത്. ഇത് ഉച്ചക്കിറുക്കല്ലെങ്കിൽ മറ്റെന്താണ്?

## ജനങ്ങൾക്കെതിരായ യുദ്ധം

പക്ഷേ, ഇതു യഥാർത്ഥത്തിൽ കമ്യൂണിസത്തിന്നെതിരായ യുദ്ധമല്ല. കമ്യൂണിസ്റ്റ് വിരോധത്തിന്റെ മറപിടിച്ചുകൊണ്ട് സ്വന്തം സ്ഥാപിത താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനും എല്ലാ സമുദായങ്ങളിലുംപെട്ട ഭൂരിപക്ഷക്കാരായ ജനങ്ങളുടെ വയറ്റത്തടിയ്ക്കാനുംവേണ്ടിയുള്ള യുദ്ധമാണ്. മാനേജർമാരുടെ അടിമത്തത്തിൽനിന്നു മോചിപ്പിയ്ക്കപ്പെടുന്ന അദ്ധ്യാപകന്മാർക്കും ജന്മികളുടെ ചൂഷണത്തിൽനിന്നു മോചിപ്പിയ്ക്കപ്പെടുന്ന ലക്ഷക്കണക്കിലുള്ള കൃഷിക്കാർക്കും വ്യവസായബന്ധബില്ലിന്റെ സഹായത്തോടുകൂടി തങ്ങളുടെ അവകാശങ്ങളെ കാത്തുരക്ഷിയ്ക്കാൻ ശക്തി സംഭരിക്കുന്ന പതിനായിരക്കണക്കിലുള്ള തൊഴിലാളികൾക്കും എതിരായ യുദ്ധമാണ്. നിയമവിധേയവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ ജനങ്ങളുടെ ജീവിതത്തോതുയർത്താനും അങ്ങിനെ നമ്മുടെ രാജ്യത്തെ അഭിവൃദ്ധിയിലേയ്ക്കു നയിയ്ക്കാനുമുള്ള സംരംഭങ്ങൾക്കെതിരായ യുദ്ധമാണ്. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യന്റെ പുരോഗതിയ്ക്കെതിരായ യുദ്ധമാണ്.

പിന്തിരിപ്പന്മാരുടെ നുണപ്രചാരവേലകളേയും സംഘടിതമായ എതിർപ്പുകളേയും വകവെയ്ക്കാതെ കഴിഞ്ഞ രണ്ടുകൊല്ലത്തിന്നിടയ്ക്ക് കമ്യൂണിസ്റ്റ് ഗവൺമെന്റ് ജനങ്ങളുടെ നന്മയ്ക്കുവേണ്ടി നടപ്പിൽവരുത്തിയ പരിപാടികൾ സ്ഥാപിതതാല്പര്യക്കാരെ ബേജാറാക്കിയിരിക്കുകയാണ്. കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനശക്തി ദിനംപ്രതി വർദ്ധിച്ചുവരുന്നതു അവർ കാണുന്നുണ്ട്. കമ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭൂനയബിൽ കമ്യൂണിസ്റ്റുപാർട്ടിയുടെ സ്വാധീനശക്തി വർദ്ധിപ്പിക്കാനാണ് സഹായിയ്ക്കുക എന്നു കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ ഇന്ദിരാഗാന്ധി പറഞ്ഞതു അർത്ഥഗർഭമാണ്. അടുത്ത തിരഞ്ഞെടുപ്പുവരെ കാത്തിരുന്നാൽ കേരളത്തിൽ മാത്രമല്ല മറ്റു ചില സ്റ്റേറ്റുകളിലും തങ്ങളുടെ സ്ഥിതി കൂടുതൽ പരുങ്ങലിലാവുമെന്ന് അവർ മനസ്സിലാക്കുന്നു. അതുകൊണ്ടാണവർ വ്യവസ്ഥാപിതവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളുപേക്ഷി

ച്ചുകൊണ്ട് ലഹളകളും രക്തച്ചൊരിച്ചിലുകളുമുണ്ടാക്കി കമ്യൂണിസ്റ്റു ഗവൺമെന്റിനെ മറിച്ചിടാനാഗ്രഹിക്കുന്നത്. ഭരണഘടനകൊണ്ടും ജനാധിപത്യംകൊണ്ടും സാധിയ്ക്കാത്തത് അക്രമങ്ങൾകൊണ്ടും അഭ്യന്തരയുദ്ധംകൊണ്ടും സാധിയ്ക്കുമെന്നാണവർ വിശ്വസിയ്ക്കുന്നത്.

പക്ഷേ, കഴിഞ്ഞ രണ്ടുകൊല്ലക്കാലത്തെ വൃത്തികെട്ട പരിപാടികളെന്നപോലെത്തന്നെ ഈ പുതിയ സമരപരിപാടിയും പരാജയപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്തുകൊണ്ടെന്നാൽ, രാജ്യത്തെ അഭിവൃദ്ധിപ്പെടുത്താനും ജനങ്ങളുടെ ജീവിതത്തോതുയർത്താനുംവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുന്ന ഒരു ഗവൺമെന്റിന്നെതിരായ സമരസംരംഭങ്ങൾ പ്രതിപക്ഷപാർട്ടികളുടെ അനുയായികളെത്തന്നെ ഭിന്നിപ്പിയ്ക്കുകയാണ് ചെയ്യുക.

ഈ യാഥാർത്ഥ്യം പിന്തിരിപ്പന്മാർ മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. അതുകൊണ്ടാണവർ സംവരണം, ഭൂനയബിൽ തുടങ്ങിയ സജീവപ്രശ്നങ്ങളെപ്പറ്റി മിണ്ടാതെ വെറും കമ്യൂണിസ്റ്റ് വിരോധത്തിന്റേയും മതത്തിന്റേയും പേരിൽ ജനങ്ങളെ അണിനിരത്താൻ പാടുപെടുന്നത്. സാമുദായികവാദികളുടെ സമരസംരംഭങ്ങളെ സ്വാഗതം ചെയ്തുകൊണ്ട് കെ. പി. സി. സി. നിർവ്വാഹകസമിതിയുടേയും ജില്ലാസമിതി അദ്ധ്യക്ഷന്മാരുടേയും കോൺഗ്രസ്സ് നിയമസഭാ നിർവ്വാഹകസമിതിയുടേയും മെയ് 6-ാം തീയതി സംയുക്തയോഗം സംവരണംപോലുള്ള പ്രശ്നങ്ങളെപ്പറ്റിയുള്ള വാഗ്വാദങ്ങൾ പ്രക്ഷോഭണത്തെ ദുർബ്ബലപ്പെടുത്താനനുവദിയ്ക്കരുതെന്ന് അഭ്യർത്ഥിയ്ക്കുകയുണ്ടായി. (മെയ് 8-ാംനു ത്തെ 'മാതൃഭൂമി' നോക്കുക).

കെ. പി. സി. സി. യുടെ തീരുമാനത്തെ ശരിവെച്ചുകൊണ്ടെഴുതിയ ഒരു മുഖപ്രസംഗത്തിൽ 'മലയാള മനോരമ' ഇങ്ങിനെ എഴുതി:

"സംവരണത്തിന്റെ പേരും പറഞ്ഞ് ഈഴവസമുദായവും നായർ സമുദായവും മറ്റു സമുദായങ്ങളും തമ്മിൽ യാതൊരു അസുഖവും വർദ്ധിപ്പിയ്ക്കേണ്ട കാര്യമില്ല. 'സംവരണം മാറ്റുന്നതുമല്ല, വിദ്യാഭ്യാസനിയമം പിൻവലിയ്ക്കണമെന്നതുമല്ല, ഭൂനയബിൽ നടപ്പാക്കരുതെന്നതുമല്ല. ഈ ഗവൺമെന്റും കമ്യൂണിസ്റ്റ് പാർട്ടിയും ഈ രാജ്യത്തുണ്ടായിരിയ്ക്കരുതെന്നാണ് നമ്മുടെ ദൃഢനിശ്ചയം' എന്ന് ശ്രീ. മന്നംതന്നെ കോട്ടയത്തെ ഐക്യമഹാസമ്മേളനത്തിൽ പ്രഖ്യാപനംചെയ്തത് ഇപ്പോഴത്തെ യാതൊരു വിവാദപ്രശ്നങ്ങളും പ്രക്ഷോഭത്തിന്റെ മർമ്മപ്രധാനമായ ലക്ഷ്യമല്ലെന്നു വ്യക്തമാക്കുന്നു." (മലയാള മനോരമ, മെയ് 9).

പക്ഷേ, 'മലയാള മനോരമ'യുടെ വിശദീകരണംകൊണ്ട് പറയത്തക്ക യാതൊരു ഫലവുമുണ്ടായിട്ടില്ല. കോൺഗ്രസ്സണികളിലുള്ള ഭിന്നി

പ്പുകൾ മൂർച്ഛിപ്പിയ്ക്കാനും ഒരു പ്രമുഖ കോൺഗ്രസ്സ് എം.എൽഏ ആയ ശ്രീ.കെ.ആർ. നാരായണന്റെ രാജിയ്ക്കിടവരുത്താനും മാത്രമാണ് കെ. പി. സി. സി. യുടെ പ്രമേയം പ്രയോജനപ്പെട്ടത്.

ഇതിൽനിന്നൊന്നും പിന്തിരിപ്പന്മാർ യാതൊരു പാഠവും പഠിയ്ക്കുന്നില്ല. കമ്യൂണിസത്തിന്നെതിരായ യോജിപ്പിന്റെ പേരിൽ സ്വന്തം അണികളിലെ പിളർപ്പുകളവസാനിപ്പിയ്ക്കാൻ കഴിയുമെന്നാണ് അവരിപ്പോഴും ആശിയ്ക്കുന്നത്. പക്ഷേ, അവരുടെ ആശ സഫലമാവുകയില്ല. ജനങ്ങളുടെ യഥാർത്ഥതാല്പര്യങ്ങൾക്കെതിരായ യുദ്ധപരിശ്രമങ്ങൽ മുന്നേറുതോറും പ്രതിപക്ഷപാർട്ടികൾക്കുള്ളിലും സാമുദായികസംഘടനകൾക്കിടയിലുള്ള ഭിന്നിപ്പുകൾ വർദ്ധിയ്ക്കുകയേയുള്ളു.

ജനങ്ങളിൽനിന്ന് കൂടുതൽ ഒറ്റപ്പെടുംതോറും, ഭൂരിപക്ഷക്കാരായ ജനങ്ങൾ തങ്ങളുടെ പരിപാടികൾക്കെതിരാണെന്നു ബോദ്ധ്യമാകുംതോറും, സ്ഥാപിതതാല്പര്യക്കാരുടെ വിറളി മൂത്തുമൂത്തുവരികയാണ്. ഭൂരിപക്ഷക്കാരായ ജനങ്ങളുടെ പിന്തുണയില്ലെങ്കിൽക്കൂടി അക്രമങ്ങളും അഭ്യന്തരകലഹങ്ങളും രക്തച്ചൊരിച്ചിലും അരാജകത്വവും സംഘടിപ്പിച്ച് കമ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിയ്ക്കണമെന്നാണവരാഗ്രഹിയ്ക്കുന്നത്.

ജനാധിപത്യത്തെപ്പറ്റി പ്രസംഗിച്ചുനടന്നിരുന്നവർ കമ്യൂണിസ്റ്റ് ഗവൺമെന്റിനെ നശിപ്പിയ്ക്കാൻ ജനാധിപത്യ വിരുദ്ധമാർഗ്ഗങ്ങൾ അവലംബിയ്ക്കണമെന്ന് പരസ്യമായി ആഹ്വാനം ചെയ്യുന്നു!

ഭരണഘടനയോടു കൂറുണ്ടെന്നു നടിച്ചിരുന്നവർ ഭരണഘടനാവിധേയവും വ്യവസ്ഥാപിതവുമായ മാർഗ്ഗങ്ങൾ തങ്ങൾക്കാവശ്യമില്ലെന്നു പ്രഖ്യാപിയ്ക്കുന്നു!

അക്രമരാഹിത്യത്തെപ്പിടിച്ചാണയിട്ടു നടന്നിരുന്നവർ കമ്യൂണിസ്റ്റ് ഗവൺമെന്റിനെ മറിച്ചിടാൻ അക്രമങ്ങളും ബലപ്രയോഗങ്ങളും നടത്തണമെന്ന് അനുയായികളെ ഉപദേശിയ്ക്കുന്നു!

## ജനദ്രോഹികൾ വിജയിയ്ക്കുകയില്ല

സമാധാനത്തിനും സാമുദായികസൌഹാർദ്ദത്തിന്നുംവേണ്ടി വാദിച്ചിരുന്നവർ സാമുദായിക ലഹളകൾക്കും അഭ്യന്തരകലാപത്തിന്നും വേണ്ടി ആയുധങ്ങൾ ശേഖരിയ്ക്കുന്നു!

നാട്ടിൽ അക്രമങ്ങളും ലഹളകളുമഴിച്ചുവിടുക; അതിന്നെതിരായി ഗവൺമെന്റ് എന്തെങ്കിലും നടപടിയെടുത്താൽ ഗവൺമെന്റിന്റെ മർദ്ദനത്തിന്നെതിരായി നാട്ടിലൊട്ടുക്കും പ്രക്ഷോഭം സംഘടിപ്പിയ്ക്കുക; മർദ്ദനപ്രതിഷേധപ്രകടനങ്ങളെ സായുധലഹളകളാക്കി മാറ്റുക; ഒടുവിൽ,

അരക്ഷിതാവസ്ഥയുടെ പേരിൽ കേരളത്തിലിടപെടാൻ കേന്ദ്രഗവൺമെന്റിനെ നിർബ്ബന്ധികളിൽ ഒരു ചെറിയ വിഭാഗം നടത്തിയ 'ഒരണാസമര'ത്തിൽ ശ്രീ. ധേബാറും മറ്റ് അഖിലേന്ത്യാ കോൺഗ്രസ്സുനേതാക്കന്മാരും എടുത്ത വൃത്തികെട്ട നിലപാടുകൾ അവർക്ക് ആശയ്ക്കു വഴി നൽകുകയും ചെയ്യുന്നു.

പക്ഷേ, ഈ തന്ത്രവും ഫലിയ്ക്കാൻപോകുന്നില്ല. പിഞ്ചുകുട്ടികളുടെ വിദ്യാഭ്യാസം തടഞ്ഞ് അക്രമങ്ങളും ലഹളകളും നടത്തി സമാധാനപരമായ സ്വൈരജീവിതത്തെ അപകടപ്പെടുത്താൻ ശ്രമിയ്ക്കുന്ന പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാരുടെ രാജ്യദ്രോഹപരമായ ഗൂഢാലോചനകളെ കേരളത്തിലെ ഭൂരിപക്ഷക്കാരായ ജനങ്ങൾ എതിർത്തു തോല്പിയ്ക്കാതിരിയ്ക്കുകയില്ല. ജനാധിപത്യത്തിന്റേയും വ്യവസ്ഥാപിത ജീവിതത്തിന്റേയും കഴുത്തിൽ കുത്തിവെച്ച് ദേശീയ പുനർനിർമ്മാണ പ്രവർത്തനങ്ങളെ തുരങ്കംവെയ്ക്കാൻ ശ്രമിയ്ക്കുന്നവരെ നിലയ്ക്കു നിർത്താൻ ഇന്ത്യയിലൊട്ടുക്കുമുള്ള ദേശാഭിമാനികൾ മുന്നോട്ടുവരാതിരിയ്ക്കുകയില്ല. ഒരു പിടി സ്ഥാപിതതാല്പര്യക്കാരായ വർഗ്ഗീയവാദികളുടെ നേതൃത്വത്തിൽ ലഹളക്കാർ നടത്തുന്ന ഏതക്രമപ്രവർത്തനത്തേയും ഭരണഘടനാ വിധേയമായിത്തന്നെ നിർദ്ദാക്ഷിണ്യം അടിച്ചമർത്താനും അങ്ങനെ തങ്ങൾ തുടങ്ങിവെച്ച അഭിവൃദ്ധിപദ്ധതികൾ നിർബാധം തുടരാനും വേണ്ടി ഗവൺമെന്റ് എടുക്കുന്ന എല്ലാ നടപടികളേയും കേരളത്തിലും കേരളത്തിനു പുറത്തുമുള്ള ബഹുഭൂരിപക്ഷക്കാരായ ജനങ്ങൾ ഹാർദ്ദമായി പിന്താങ്ങുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

എന്തുകൊണ്ടെന്നാൽ, കേരളത്തിലെ കമ്യൂണിസ്റ്റ് ഗവൺമെന്റ് നിലനില്ക്കുകയും ശക്തിപ്പെടുകയും ചെയ്യണമെന്നത് ജനങ്ങളുടെ ആവശ്യമാണ്. ചരിത്രത്തിന്റെ ആവശ്യമാണ്.

പ്രഭാത് ബുക്ക് ഹൗസ് മേയ് 1959

## അദ്ധ്യായം 2

# രണ്ടു കൊല്ലങ്ങൾ

കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രി സഭ അധികാരമേറ്റെടുത്തിട്ട് രണ്ടു കൊല്ലങ്ങൾ തികയുന്നു. വിഷമങ്ങൾ നിറഞ്ഞവയും പക്ഷേ, അതേ സമയത്ത്തന്നെ ആവേശകരങ്ങളുമായ രണ്ടു കൊല്ലങ്ങൾ!

ചരിത്രത്തിൽ മുമ്പൊരിയ്ക്കലും വിഭാവനം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു സ്ഥിതിവിശേഷമാണിത്. കൊളോണിയർ-ഫ്യൂഡൽ സാമ്പത്തികവ്യവ സ്ഥയുടെ ശക്തിയേറിയ അവശിഷ്ടങ്ങൾ നിലനില്ക്കുന്ന വിശാലമായ ഒരു രാജ്യത്തിന്റെ ഏറ്റവും ചെറിയൊരു സ്റ്റേറ്റിൽ, ഉൽപ്പാദനവ്യവസ്ഥ യിൽ സമൂലമായ മാറ്റങ്ങളൊന്നുമില്ലാതെതന്നെ, സുശക്തവും കേന്ദ്രീ കൃതവുമായ ഒരു ബൂർഷ്വാഭരണകൂടത്തിന്റെ ചട്ടക്കൂട്ടിന്നുള്ളിൽ, ബൂർഷ്വാസിയുടെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട ഒരു ഭരണഘടനയ്ക്കു വിധേയമായി, കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റ് ഭരണം നടത്തുക! താത്വികവും പ്രായോഗികവുമായ ഒട്ടന വധി പുതിയ പ്രശ്നങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ്, വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഈ സ്ഥിതിവിശേഷം ആവിർഭവിച്ചത്.

കോൺഗ്രസ്സ് ഭരണഭാരമേറ്റെടുത്തിട്ട് പത്തു വർഷങ്ങൾ കഴിഞ്ഞി രുന്നു. പക്ഷേ, എന്നിട്ടും, സാമ്രാജ്യമേധാവിത്വത്തിന്റേയും ഫ്യൂഡലി സത്തിന്റേയും അവശിഷ്ടങ്ങൾ പൂർണ്ണമായി തുടച്ചുനീക്കപ്പെടുകയുണ്ടാ യില്ല. രാജ്യത്തിലെ ഉല്പാദനവ്യവസ്ഥയുടെ മർമ്മപ്രധാനങ്ങളായ പല ഭാഗങ്ങളും വിദേശീയരുടെ പിടിയിൽത്തന്നെ നിലനിന്നുപോന്നു. വിദേ ശീയമുതലാളികളും, അവരുമായി പലതരത്തിലുള്ള കൂട്ടുകെട്ടുകളി

ലേർപ്പെട്ട ഇന്ത്യക്കാരായ വൻകിട മുതലാളിവിഭാഗങ്ങളും, പിന്തിരിപ്പന്മാരായ നാടുവാഴിവിഭാഗങ്ങളും ഇന്ത്യയുടെ പുരോഗതിയുടെ മുമ്പിൽ വിലങ്ങടിച്ചുനിന്നു.

ഈ പരിതഃസ്ഥിതിയിൽ, ഒരു കമ്യൂണിസ്റ്റ് മന്ത്രിസഭയുണ്ടെങ്കിൽപ്പോലും, ഏതൊരു ലക്ഷ്യത്തിന്നുവേണ്ടിയാണോ കമ്യൂണിസ്റ്റ് പാർട്ടിപോരാടിക്കൊണ്ടിരിയ്ക്കുന്നത്. സോഷ്യലിസമെന്ന ആ ലക്ഷ്യം പെട്ടെന്നു പ്രായോഗികമാക്കുക സാദ്ധ്യമല്ല. ഒന്നാമത്, ഇന്ത്യയിലൊട്ടുക്കും സോഷ്യലിസം കെട്ടിപ്പടുക്കാനുള്ള പരിപാടിയുടെ ഭാഗമെന്ന നിലയ്ക്കല്ലാതെ, കേരളത്തിൽ മാത്രമായി സോഷ്യലിസം കെട്ടിപ്പടുക്കുക സാദ്ധ്യമല്ല. രണ്ടാമത്, ഫ്യൂഡൽ-കൊളോണിയൽ സാമ്പത്തികവ്യവസ്ഥയുടെ അവശിഷ്ടങ്ങൾ തുടച്ചുനീക്കിക്കൊണ്ട്, ജനാധിപത്യവിപ്ലവത്തിന്റേതായ കടമകൾ പൂർത്തിയാക്കുന്നതിലൂടെ മാത്രമേ സോഷ്യലിസത്തിന്റെ സാമൂഹ്യ-സാമ്പത്തിക-സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാൻ കഴിയൂ.

അതുകൊണ്ട്, വിദേശമൂലധനത്തിന്റേയും നാടുവാഴിമേധാവിത്വത്തിന്റേയും ചൂഷണമവസാനിപ്പിച്ച് ഒരു സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കുക, അടിസ്ഥാന വൻകിടവ്യവസായങ്ങളുൾപ്പെടെയുള്ള പുതിയ വ്യവസായങ്ങൾ സ്ഥാപിയ്ക്കുകയും നിലവിലുള്ള വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും കൃഷി പരിഷ്കരിയ്ക്കുകയും ചെയ്തുകൊണ്ട് ഉല്പാദനം പതിന്മടങ്ങു വർദ്ധിപ്പിയ്ക്കുകയും അങ്ങിനെ ജനങ്ങളുടെ ജീവിതത്തോതുയർത്തുകയും ചെയ്യുക, നികുതിനയവും ശമ്പളവ്യവസ്ഥയും വിദേശവാണിജ്യവും മറ്റും ജനങ്ങളുടെ താല്പര്യങ്ങൾക്കനുകൂലമാക്കി മാറ്റുക, ആധുനിക വൈയവസായികയുഗത്തിന്നു യോജിച്ച മട്ടിൽ വിദ്യാഭ്യാസവും സംസ്കാരവും വളർത്തുക, ഭരണപരമായ കാര്യങ്ങളിൽ നിലനില്ക്കുന്ന ഉദ്യോഗസ്ഥദുഷ്പ്രഭുത്വവും സാമ്രാജ്യമേധാവിത്വത്തിന്റെ മറ്റവശിഷ്ടങ്ങളും അവസാനിപ്പിച്ചുകൊണ്ട് ജനങ്ങളുടെ അവകാശാധികാരങ്ങളെ വിപുലമാക്കാൻ പറ്റിയ വിധത്തിൽ ഭരണവ്യവസ്ഥയെ പരിഷ്ക്കരിയ്ക്കുകയും വികേന്ദ്രീകരിയ്ക്കുകയും ചെയ്യുക, ഇന്ത്യയുടെ ഐക്യം കൂടുതലുറപ്പിയ്ക്കാൻ പറ്റിയ വിധത്തിൽ ഭരണകാര്യങ്ങളിലും വിദ്യാഭ്യാസ രംഗത്തിലുമെല്ലാം ദേശീയഭാഷകളുപയോഗിയ്ക്കുക, തൊഴിലാളികൾ, കൃഷിക്കാർ, ഇടത്തരക്കാർ തുടങ്ങിയ ജനവിഭാഗങ്ങളുടെ ജനാധിപത്യാവകാശങ്ങളേയും സിവിൽ സ്വാതന്ത്ര്യങ്ങളേയും കൂടുതൽ വിപുലമാക്കുക, പിന്തിരിപ്പൻ സ്ഥാപിതതാല്പര്യങ്ങൾക്കെതിരായി ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളിൽ ജനങ്ങളെയാകെ അണിനിരത്തുകയും അവരുടെ മുൻകൈ വളർത്തുകയും ചെയ്യുക-എന്നിങ്ങിനെയുള്ള അടിയന്തിരദേശീയപരിപാടികൾ നടപ്പിൽ

വരുത്തുക എന്നതാണ്, ഇന്നത്തെ ഘട്ടത്തിൽ, ഇന്ത്യയുടെ കർത്തവ്യം. ഇന്ത്യയിലെ ഇതരസ്റ്റേറ്റുകളിലെ ജനങ്ങളുടെ എന്ന പോലെ കേരളത്തിലെ ജനങ്ങളുടേയും കർത്തവ്യമാണിത്.

ഈ അടിയന്തിരകടമയെ തികച്ചും കണക്കിലെടുത്തുകൊണ്ട് കേരളത്തെ അഭിവൃദ്ധിപ്പെടുത്താനുള്ള വിപുലമായ ഒരു പദ്ധതി കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പുകാലത്തുതന്നെ കമ്യൂണിസ്റ്റ് പാർട്ടി ജനങ്ങളുടെ മുമ്പാകെ വെയ്ക്കുകയുണ്ടായി. കമ്യൂണിസ്റ്റ് പാർട്ടി അധികാരമേറ്റടുത്ത ദിവസം തന്നെ, 1957 എപ്രിൽ 5-ാം തീയതി, മുഖ്യമന്ത്രി ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് ചെയ്ത പ്രസംഗത്തിലും, പ്രസ്തുത പരിപാടി നടപ്പിലാക്കുകയാണ് തന്റെ ഗവൺമെന്റിന്റെ ഉദ്ദേശമെന്നു വ്യക്തമാക്കുകയുണ്ടായി. കേരളത്തിന്റെ പ്രത്യേകസാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പഞ്ചവത്സരപദ്ധതിയുടെ വികസനപരിപാടികളെ കൂടുതൽ ഉർജ്ജിതമായി നടപ്പിൽ വരുത്തുക, പൊതു മേഖലയിലും സ്വകാര്യമേഖലയിലും വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്തുക, മര്യാദപ്പാട്ടം നിജപ്പെടുത്താനും കൂടിയാണ് ഭൂമിയിൽ സ്ഥിരാവകാശമനുവദിക്കാനും ഭൂപരിധി നിർണ്ണയിച്ച് മിച്ചഭൂമിയെടുത്ത് വിതരണം ചെയ്യാനും പറ്റിയ ഒന്നോ ഒന്നിലധികമോ ബില്ലുകൾ തയ്യാറാക്കി നിശ്ചിതമായ ഒരു ചുരുങ്ങിയ കാലയളവിന്നുള്ളിൽത്തന്നെ അവതരിപ്പിക്കുക, ഈ കാലഘട്ടത്തിൽത്തന്നെ കൃഷിക്കാർക്ക് താൽക്കാലികാശ്വാസം കിട്ടത്തക്കവിധം ഒഴിപ്പിക്കൽനടപടികളെല്ലാം നിർത്തിവെച്ചുകൊണ്ടുള്ള ഒരടിയന്തിരനിയമം നടപ്പിൽ വരുത്തുക, ചെറുകിടവ്യവസായങ്ങളേയും കുടിൽവ്യവസായങ്ങളേയും പരസ്പരസഹായാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക, നാട്ടിൽ സമാധാനവും ജനാധിപത്യാവകാശങ്ങളും നിലനിർത്താനും, തൊഴിലാളി കർഷകബഹുജനങ്ങളുടെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനും പറ്റിയതരത്തിൽ പോലീസ്സുനയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക, ഉല്പാദനം വർദ്ധിപ്പിയ്ക്കാനും പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടുപിടിയ്ക്കാനും ശ്രമിക്കുന്നതോടൊപ്പംതന്നെ കൂലിയും ശമ്പളവും മറ്റും വർദ്ധിപ്പിച്ച് ചെറുകിടക്കാരുടെ ജീവിതത്തോതുയർത്തുക, സ്റ്റേറ്റ് നിയമസഭയുടേയും സെക്രട്ടറിയേറ്റിന്റെയും നടപടികളടക്കമുള്ള ഭരണകാര്യങ്ങളും സർവ്വകലാശാലയടക്കമുള്ള വിദ്യാഭ്യാസവും മലയാളത്തിലാക്കുക, പഞ്ചായത്തുകൾ, ജില്ലാകൌൺസിലുകൾ മുതലായ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ പണവും കൂടുതൽ അധികാരങ്ങളും നൽകി ജനാധിപത്യത്തെ വിപുലമാക്കുകയും വികസനപരിപാടികളിലും മറ്റും ജനങ്ങളുടെ മുൻകൈ വളർത്തുകയും ചെയ്യുക-എന്നിങ്ങിനെയുള്ള അടിയന്തരപരിപാടികൾ നടപ്പിൽ വരുത്താനുള്ള ദൃഢനിശ്ചയത്തോടുകൂടിയാണ് കമ്യൂണിസ്റ്റ് പാർട്ടി അധികാരമേറ്റെടുത്തത്.

കേരളത്തെ ഐശ്വര്യപൂർണ്ണമാക്കാൻ വേണ്ടിയുള്ള മഹത്തായ പരിശ്രമത്തിന്റെ പ്രാരംഭമെന്ന നിലക്ക് കമ്യൂണിസ്റ്റ് പാർട്ടി നാട്ടുകാരുടെ മുമ്പാകെ സമർപ്പിച്ച ഈപരിപാടികൾ, യഥാർത്ഥത്തിൽ കമ്യൂണിസ്റ്റ്കാർക്കു മാത്രം താല്പര്യമുള്ള പരിപാടികളായിരുന്നില്ല. കേരളത്തിലെ ദേശാഭിമാനികളായ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ പരിപാടികളായിരുന്നു. കമ്യൂണിസ്റ്റ്കാർക്കെന്ന പോലെത്തന്നെ കോൺഗ്രസ്സുകാർക്കും, തൊഴിലാളികൾക്കെന്നപോലെത്തന്നെ മുതലാളികൾക്കും യോജിച്ചു നടപ്പിൽ വരുത്താൻ പറ്റിയ പരിപാടികളായിരുന്നു; ചുരുക്കിപ്പറഞ്ഞാൽ ദേശീയപരിപാടികളായിരുന്നു.

എങ്കിലും, ഈ പരിപാടികൾ നടപ്പിൽ വരുത്തുക എളുപ്പമായിരുന്നില്ല. കമ്യൂണിസ്റ്റ് പാർട്ടിയ്ക്കും കമ്യൂണിസ്റ്റ് ഗവൺമെന്റിന്നും നേരിടേണ്ടിവന്ന പ്രതിബന്ധങ്ങൾ ചെറുതായിരുന്നില്ല.

ഒന്നാമത്, ജനപ്പെരുപ്പം, തൊഴിലില്ലായ്മ, ഭക്ഷ്യധാന്യങ്ങളുടെ കമ്മി, വ്യവസായവൽക്കരണത്തിലും കൃഷിപരിഷ്ക്കരണത്തിലുമുള്ള പിന്നോക്കനില, ഉല്പാദനവ്യവസ്ഥയിൽ വിദേശീയമൂലധനത്തിന്റെ പിടി, സങ്കുചിതങ്ങളായ സ്ഥാപിതതാല്പര്യങ്ങൾ മുതലായവ കാരണം ഒരു പ്രശ്ന സംസ്ഥാനം എന്നു കുപ്രസിദ്ധി നേടിയ ഒരു സ്റ്റേറ്റിലാണ് കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നത്.

രണ്ടാമത്, കേന്ദ്രഗവൺമെന്റിന്റെ പെരുമാറ്റം പക്ഷപാതപരവും അവഗണനാപരവുമായിരുന്നു. പിന്നോക്കപ്രദേശങ്ങളെ അതിവേഗം മുന്നേറാൻ സഹായിച്ചുകൊണ്ട്, ഇന്ത്യയിലെ വിവിധ പ്രദേശങ്ങളുടെ വളർച്ചയിലുള്ള അസമത്വങ്ങളവസാനിപ്പിയ്ക്കാൻ കേന്ദ്രഗവൺമെന്റ് ഇതേവരെ തയ്യാറായിട്ടില്ല. കേരളത്തെ സംബന്ധിച്ചേടത്തോളമുള്ള ഒരു ഉദാഹരണം മാത്രം പറയുകയാണെങ്കിൽ, ഒന്നാംപഞ്ചവത്സരപദ്ധതിയിലാകട്ടെ രണ്ടാം പഞ്ചവത്സരപദ്ധതിയിലാകട്ടെ പൊതുവിഭാഗത്തിലുള്ള ഒരൊറ്റ വ്യവസായംപോലും നമ്മുടെ സ്റ്റേറ്റിൽ സ്ഥാപിയ്ക്കപ്പെടുകയുണ്ടായില്ല. ഭക്ഷണകാര്യത്തിൽപ്പോലും കേന്ദ്രഗവൺമെന്റ് കേരളത്തോട് പക്ഷപാതപരമായിട്ടാണ് പെരുമാറിയിട്ടുള്ളത്. മാത്രമല്ല, സർവ്വശക്തവും കേന്ദ്രീകൃതവുമായ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ സ്റ്റേറ്റുകളുടെ സ്വയംഭരണത്തെ പ്രോത്സാഹിപ്പിയ്ക്കുന്ന തരത്തിലുള്ളവയല്ല. ഇതു കാരണം ഭരണകാര്യങ്ങളിലും നിയമ നിർമ്മാണങ്ങളിലും പലതരത്തിലുള്ള തടസ്സങ്ങളുണ്ടാകുന്നു.

മൂന്നാമത്, കേരളത്തിന്റെ ധനാഗമമാർഗ്ഗങ്ങളും മൂലധന രൂപീകരണത്തിന്നുള്ള സാധ്യതകളും വളരെ വളരെ പരിമിതമാണ്. കൊല്ലം തോറും കേരളത്തിലെ ജനങ്ങൾ ഉൽപ്പാദിപ്പിച്ചുണ്ടാക്കുന്ന സ്വത്തുക്ക

ളുടെ ഗണ്യമായഭാഗം, സ്വകാര്യവ്യക്തികളുടേയും സ്ഥാപനങ്ങളുടേയും ലാഭമെന്ന നിലയ്ക്ക് വിദേശങ്ങളിലേയ്ക്ക് കടത്തപ്പെട്ടുകൊണ്ടിരിയ്ക്കുന്നു.

നാലാമത്, പ്രതിപക്ഷപ്പാർട്ടികളുടെ പല നേതാക്കന്മാരുടേയും അന്ധമായ കമ്യൂണിസ്റ്റ് വിരോധവും, എതിർപ്പിന്നുവേണ്ടിയുള്ള എതിർപ്പും, യോജിച്ച ദേശീയ നിർമ്മാണപ്രവർത്തനങ്ങൾക്ക് പല തടസ്സങ്ങളുമുണ്ടാകുന്നു.

ഇത്തരത്തിലുള്ള പ്രതിബന്ധങ്ങളെല്ലാമുണ്ടായിട്ടും കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കുതന്നെ കമ്യൂണിസ്റ്റ് പാർട്ടിയ്ക്കും, കമ്യൂണിസ്റ്റ് ഗവൺമെന്റിന്നും അഭിമാനിയ്ക്കാവുന്ന പല നേട്ടങ്ങളുമുണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്നുള്ളത് നിസ്തർക്കമാണ്. രണ്ടു കൊല്ലത്തിനുമുമ്പ് പാർട്ടിയും ഗവൺമെന്റും രാജ്യത്തിന്റെ മുമ്പാകെവെച്ച പരിപാടികളിൽ പ്രധാനമായ ചിലതു നടപ്പിൽവരുത്തുകയും, മറ്റുചിലതു നടപ്പിൽ വരുത്താനാവശ്യമായ നടപടികളെടുക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. കൃഷിക്കാർക്കു ഭൂമിയൊഴിപ്പിക്കലിൽനിന്നും, കാർഷികത്തൊഴിലാളികൾക്ക് കുടിയൊഴിപ്പിയ്ക്കലിൽനിന്നും രക്ഷമര്യാദപ്പാട്ടം നിജപ്പെടുത്താനും ഭൂപരിധി നിർണ്ണയിയ്ക്കാനുമുള്ള സമഗ്രമായ ഒരു ഭൂവുടമബന്ധബിൽ, തൊഴിലാളികളുടെ ട്രേഡ് യൂണിയൻ താല്പര്യങ്ങളെ കാത്തുസൂക്ഷിയ്ക്കാനുള്ള ഒരു വ്യവസായ ബന്ധബിൽ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ടുള്ള പഞ്ചായത്തുബില്ലും, ജില്ലാകൗൺസിൽ ബില്ലും, അദ്ധ്യാപകരുടെ താല്പര്യങ്ങളെ സംരക്ഷിയ്ക്കാനുള്ള വിദ്യാഭ്യാസനിയമം, കൃഷി വർദ്ധിപ്പിയ്ക്കാനാവശ്യമായ ചെറുകിട ജലസേചനപദ്ധതികൾ, പോലീസ് കോഡ് പരിഷ്കരണക്കമ്മിറ്റി, ഭരണകാര്യങ്ങളിൽ മലയാള ഭാഷയുപയോഗിയ്ക്കാനാവശ്യമായ നടപടികളുടെ പ്രാരംഭങ്ങൾ ഇടത്തട്ടുകാരുടെ ചൂഷണമവസാനിപ്പിയ്ക്കാൻ സഹായിയ്ക്കുന്ന പരസ്പരസഹായ സഹകരണസംഘങ്ങൾ–ദൂരവ്യാപകമായ ഫലങ്ങളുളവാക്കാൻ പര്യാപ്തമാക്കി ഇത്രയധികം കാര്യങ്ങൾ ഇത്രയും ചുരുങ്ങിയസമയംകൊണ്ടു തയ്യാറാക്കാൻ മറ്റൊരു സ്റ്റേറ്റിന്നുംസാധിച്ചിട്ടില്ലെന്നുള്ളതും പരമാർത്ഥം മാത്രമാണ്. കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്ക് കേരളനിയമസഭ ആകെ 96 ബില്ലുകൾ പാസ്സാക്കിയതിൽ 74 ബില്ലുകളും നിയമങ്ങളായിത്തീർന്നിരിക്കുന്നു. ഈ നിയമങ്ങളിൽ ചിലത് സാങ്കേതികങ്ങളായിരിയ്ക്കാം. പക്ഷേ, മിക്കവയും ജനങ്ങളുടെ ജീവിതത്തെ അഭിവൃദ്ധിപ്പെടുത്താൻ സഹായിയ്ക്കുന്നവയാണ് എന്നു കാണാൻ കഴിയും.

എല്ലാം ചെയ്തു കഴിഞ്ഞുവെന്നോ, എല്ലാ ജനവിഭാഗങ്ങൾക്കും പരിപൂർണ്ണ സംതൃപ്തിയുണ്ടായിക്കഴിഞ്ഞുവെന്നോ, ഇനിയൊന്നും ചെയ്യേ

ണ്ടതായിട്ടില്ലെന്നോ ചെയ്ത കാര്യങ്ങളിൽത്തന്നെ യാതൊരു ദൌർബ്ബല്യവുമില്ലെന്നോ. ഞങ്ങളവകാശപ്പെടുന്നില്ല. വാസ്തവത്തിൽ, ഇതെല്ലാം ഒരു തുടക്കം മാത്രമാണ്. രാജ്യത്തിന്റെയും ജനങ്ങളുടേയും താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻ ഇനിയുമെത്രയോ ചെയ്യേണ്ടതായിട്ടുണ്ട്. ജനങ്ങളുടെ പിൻബലം കൂടുതൽ നേടാൻ കഴിയത്തക്കവിധത്തിൽ ന്യൂനതകളും ദൗർബല്യങ്ങളും പരിഹരിച്ചുകൊണ്ട് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഈ കടമകൾ വിജയകരമായി നിർവ്വഹിക്കാനും അങ്ങനെ കേരളത്തെ അഭിവൃദ്ധിപ്പെടുത്തുവാനുമുള്ള പരിശ്രമത്തിൽ നാട്ടുകാരുടെ ആകെ യോജിപ്പും സഹകരണവും ആവശ്യമാണ്. നാട്ടുകാരുടെ സഹകരണവും പിൻബലവും കൂടുതൽ കൂടുതൽ നേടാൻ അങ്ങേയറ്റം പരിശ്രമിക്കണമെന്ന്, കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരേയും കമ്മ്യൂണിസ്റ്റ് അനുഭാവികളേയും ഉൽബോധിപ്പിക്കുന്നതിനോടൊപ്പം തന്നെ, അന്തമായ കമ്മ്യൂണിസ്റ്റ് വിരോധവും എതിർപ്പിനുവേണ്ടിയുള്ള എതിർപ്പും അവസാനിപ്പിച്ച്, ജനക്ഷേമകരങ്ങളായ പരിപാടികളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായും കമ്മ്യൂണിസ്റ്റ് ഗവൺമെന്റുമായും സഹകരിച്ച് പ്രവർത്തിക്കാൻ കേരളത്തിലെ പ്രതിപക്ഷ പാർട്ടികളോടും പ്രതിപക്ഷ പാർട്ടികളുടെ അനുയായികളോടും ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

നവയുഗം 4.4.1959

# അദ്ധ്യായം 3

# ഇടപെടൽ

1959 ജൂലായ് 31–ാംനു ഇന്ത്യാ ചരിത്രത്തിലെ ഒരു കറുത്ത ദിവസമായി എന്നെന്നും ഓർമ്മിയ്ക്കപ്പെടും. എന്തെന്നാൽ, അന്നാണ് ഇന്ത്യയിലെ ഭരണാധികാരികൾ തങ്ങളുടെ കീഴിലുള്ള ഒരേയൊരു കോൺഗ്രസ്സിതരഗവൺമെന്റിനെ നീക്കം ചെയ്യാൻ വേണ്ടി ജനാധിപത്യത്തിന്റെ മുരടിൽ കത്തി വെച്ചതു. അന്നാണ് കേരളത്തിലെ കമ്യൂണിസ്റ്റ് ഗവണ്മെന്റിനെ പിരിച്ചുവിട്ടുകൊണ്ടുള്ള ഒരു വിളംബരത്തിൽ ഇന്ത്യാ റിപ്പബ്ളിക്കിന്റെ പ്രസിഡണ്ട് ഒപ്പ് വെച്ചത്.

എന്തിനാണവർ നിയമവിധേയമായും ജനാധിപത്യപരമായും തെരഞ്ഞെടുക്കപ്പെട്ട കമ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടതു ജനാധിപത്യത്തെ കശാപ്പുചെയ്യാൻ മുതിർന്ന കോൺഗ്രസ്സുനേതാക്കന്മാരിലാരും തന്നെ ഈ ചോദ്യത്തിന്ന് ഇതേവരെ തൃപ്തികരമായ ഒരു മറുപടി നൽകിയിട്ടില്ല.

കേരളത്തിലെ ജനങ്ങൾ കമ്യൂണിസ്റ്റ് ഗവൺമെന്റിനെ 'സ്തംഭി'പ്പിയ്ക്കാനുള്ള ഒരു സമരം നടത്തിയതുകൊണ്ടാണു പ്രസിഡണ്ട് ഇടപെട്ടതു എന്നും അതിനാൽ ഈ ഇടപെടൽ ജനങ്ങളുടെ ഒരു വിജയമാണ് എന്നും കെ. പി. സി. സി. യുടേയും പി.എസ്. പി. യുടേയും ചില നേതാക്കന്മാരും കത്തോലിക്കാപ്പള്ളി മേധാവികളുടെ ചില പത്രങ്ങളും പറയുന്നുണ്ട്. പക്ഷേ, ട്രാൻസ്പോർട്ടു ബസ്സുകൾ നശിപ്പിയ്ക്കുകയും യാത്രക്കാരെ ദ്രോഹിയ്ക്കുകയും പള്ളിക്കൂടങ്ങൾ ചുട്ടുകരിയ്ക്കുകയും വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ദേഹോപദ്രവമേല്പിയ്ക്കുകയും കലക്ടരാപ്പിസ്സുകളുടെ മുമ്പിൽ കൂട്ടപ്പിക്കറ്റിങ്ങുകൾ നടത്തുകയും

മറ്റും ചെയ്താൽ ഒരു ഗവൺമെന്റ് സ്തംഭിയ്ക്കുന്നതെങ്ങിനെയാണ്? ഇത്തരം 'സമര'ങ്ങളിൽ, 'വിമോചനക്കാ'രുടെ കണക്കുപ്രകാരം തന്നെ ഒരു ലക്ഷത്തിൽപരം ജനങ്ങളേ പങ്കെടുത്തിട്ടുള്ളു. അറസ്റ്റ് ചെയ്തു ശിക്ഷിയ്ക്കപ്പെട്ടവർ പതിനായിരത്തോളം പേർമാത്രമാണ്. അവരെല്ലാവരും കൂടിയനുഭവിച്ച ജയിൽശിക്ഷ കേരളത്തിലെ കമ്യൂണിസ്റ്റ്കാരിൽ മുപ്പതുപേർ അനുഭവിച്ച ശിക്ഷയേക്കാൾ കുറവാണെന്നു കാണാം. സമരത്തെ നേരിടാൻ വിചാരണ കൂടാതെയുള്ള തടങ്കൽ ശിക്ഷകൾ, സാർവ്വത്രികമായ നൂറ്റിനാല്പത്തിനാലുകൾ, നിശാനിയമങ്ങൾ തുടങ്ങിയ മർദ്ദനനിയമങ്ങളൊന്നുംതന്നെ സ്വീകരിയ്ക്കപ്പെടേണ്ടിവന്നിട്ടില്ല. പട്ടാളം ഉപയോഗിയ്ക്കപ്പേടേണ്ടിവന്നിട്ടില്ല. പോലീസ്സിന്റെ വെടിവെപ്പുകൊണ്ട് പതിനഞ്ചുപേർ മരിച്ചിട്ടുണ്ടെന്നുള്ളതു ശരിയാണ്. ഹൃദയമുള്ളവരെല്ലാം അതിൽ അനുശോചിയ്ക്കുകയും ചെയ്യും. പക്ഷേ, അതുകൊണ്ട് ഗവണ്മെണ്ട് സ്തംഭിയ്ക്കുന്നതെങ്ങിനെയാണ്? ബോംബേയിൽ ഏതാനും ദിവസങ്ങൾക്കുള്ളിലാണ് നൂറിലധികം മഹാരാഷ്ട്രസമിതിക്കാർ വെടിവെച്ചു കൊല്ലപ്പെട്ടത്. എന്നിട്ടും ബോംബേ ഗവൺമെന്റ് സ്തംഭിയ്ക്കുകയുണ്ടായില്ല. അതുകൊണ്ടു വിമോചനസമരമെന്നു വിളിയ്ക്കപ്പെടുന്ന പേക്കൂത്തുകൾ കൊണ്ടാണ് കമ്യൂണിസ്റ്റ് ഗവൺമെന്റ് പിരിച്ചുവിടപ്പെട്ടതു എന്ന വാദം അസംബന്ധമാണ്. "പ്രതിപക്ഷപ്പാർട്ടികൾക്ക് സ്റ്റേറ്റ് ഭരണത്തെ സ്തംഭിപ്പിയ്ക്കുക എന്ന തങ്ങളുടെ ലക്ഷ്യത്തിൽ വിജയം നേടാൻ കഴിഞ്ഞിട്ടില്ല." എന്ന് പ്രധാന മന്ത്രി നെഹ്റുതന്നെ ആഗസ്റ്റ് 2-ാം നു ദൽഹിയിൽവെച്ച് സമ്മതിച്ചിരിയ്ക്കുന്നു. (ടൈംസ് ഓഫ് ഇന്ത്യ, ആഗസ്റ്റ് 3)

ഇതിന്നു രസകരമായ മറ്റൊരു വശംകൂടിയുണ്ട്: ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഒരു സ്റ്റേറ്റ് ഗവൺമെന്റിനെ അട്ടിമറിയ്ക്കാൻവേണ്ടി ആരെങ്കിലും ലഹള നടത്താനൊരുങ്ങിയാൽ ആ ഗവൺമെന്റിനെ പിരിച്ചുവിടണമെന്നല്ല, ലഹളക്കാരെ അടിച്ചമർത്തി സമാധാനം പുനഃസ്ഥാപിയ്ക്കാൻ ഗവൺമെന്റിനെ സഹായിയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു വരണമെന്നാണ് നമ്മുടെ ഭരണഘടനയുടെ 355-ാം വകുപ്പ് സംശയത്തിന്നിടയില്ലാത്തവിധം അനുശാസിയ്ക്കുന്നത്!

അതുകൊണ്ട്, കേരളത്തിലെ കോൺഗ്രസ്സ്-പി എസ്. പി-പള്ളിനേതാക്കന്മാർ എന്തുതന്നെ പറഞ്ഞാലും സമരത്തിന്റെ ഫലമായിട്ടാണ് കമ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടത് എന്നു പ്രഖ്യാപിയ്ക്കാൻ കേന്ദ്രകോൺഗ്രസ്സുനേതാക്കന്മാർ മുതിരുമെന്നു തോന്നുന്നില്ല.

കെ. പി. സി. സി. ക്കാർ പ്രസിഡണ്ടിന്നു സമർപ്പിച്ച, മെമ്മോറാണ്ടം എന്നു വിളിയ്ക്കപ്പെടുന്ന കുറ്റപത്രത്തിലെ ആരോപണങ്ങളാണോ ഇട

പെടലിന്നു കാരണം? കുറ്റപത്രത്തിലടങ്ങിയ ചാർജ്ജുകളെപ്പറ്റി അന്വേഷണം നടത്താനോ അതിന്റെ ഒരു കോപ്പി ഔപചാരികമായിട്ടെങ്കിലും കേരളഗവൺമെന്റിന്ന് അയച്ചുകൊടുക്കാൻപോലുമോ കേന്ദ്രഗവൺമെന്റ് മുതിരുകയുണ്ടായില്ല. എന്നല്ല, കെ. പി. സി. സി. യുടെ കുറ്റാരോപണങ്ങളും കേന്ദ്രത്തിന്റെ ഇടപെടലും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് പ്രധാനമന്ത്രി നെഹ്റുതന്നെ ഉറപ്പിച്ചു പറഞ്ഞിരിയ്ക്കുന്നു.

പിന്നെ എന്തിനാണവരിടപ്പെട്ട് കമ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടത്? കമ്യൂണിസ്റ്റ് പാർട്ടി ജനാധിപത്യതത്വങ്ങളെ വകവെയ്ക്കാതെയാണ് ഭരണം നടത്തിയത് എന്നും ഭരണഘടനയുടെ മൗലികതത്വങ്ങളെ അവർ ലംഘിച്ചിരിക്കുന്നു എന്നും മറ്റും പറയപ്പെടുന്നുണ്ട്. പക്ഷേ, ഇത്തരം ആക്ഷേപങ്ങളെപ്പറ്റി വ്യക്തമായ ഒരൊറ്റ തെളിവെങ്കിലും ഹാജരാക്കാൻ കേന്ദ്രക്കാർക്കു സാധിച്ചിട്ടില്ല.

"കേരളസ്റ്റേറ്റ് ഗവർണ്ണരിൽനിന്ന് ലഭിച്ച റിപ്പോർട്ടിനെ പരിഗണിച്ചും മറ്റു വിവരങ്ങൾ ലഭിച്ചതനുസരിച്ചും ഭരണഘടനയിലെ വ്യവസ്ഥകൾക്കനുസൃതമായി സ്റ്റേറ്റിൽ ഭരണം നടത്തിക്കൊണ്ടു പോവാൻ സാധിയ്ക്കാത്ത ഒരു പരിതഃസ്ഥിതി ഉളവായിട്ടുണ്ടെന്ന് തനിയ്ക്കു ബോദ്ധ്യപ്പെട്ടതിനാൽ ഭരണഘടനയിലെ 356–ാംവകുപ്പനുസരിച്ച് സ്റ്റേറ്റ് ഗവർണ്ണരുടേയും സ്റ്റേറ്റ് ഗവൺമെന്റിന്റെയും അധികാരങ്ങൾ"താനേറ്റെടുക്കുന്നുവെന്നാണ് കമ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടുകൊണ്ടുള്ള തന്റെ വിളംബരത്തിൽ പ്രസിഡണ്ട് പ്രസ്താവിയ്ക്കുന്നത്.

ഭരിയ്ക്കുന്ന കക്ഷിയ്ക്ക് നിയമസഭയിൽ ഭൂരിപക്ഷമില്ലാതായിത്തീർന്ന പരിതഃസ്ഥിതികളിൽ മാത്രമേ ഇതിന്നുമുമ്പു ഭരണഘടനയിലെ 356–ാം വകുപ്പ് പ്രയോഗിയ്ക്കപ്പെട്ടിട്ടുള്ളു. അത്തരമൊരു പരിതഃസ്ഥിതി കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ കേരളത്തിലുണ്ടായിട്ടില്ല. ഭരണഘടനയിലെ വ്യവസ്ഥകൾക്കനുസൃതമായി സ്റ്റേറ്റിൽ ഭരണം നടത്തിക്കൊണ്ടു പോവാൻ സാധിയ്ക്കാത്ത എന്തൊരു പരിതഃസ്ഥിതിയാണ് കേരളത്തിലുണ്ടായിട്ടുള്ളതെന്നും ഇതിനെസ്സംബന്ധിച്ച് കേരളഗവർണ്ണർ അയച്ച റിപ്പോർട്ടിൽ എന്താണ് പറയുന്നത് എന്നും നാട്ടുകാരെ ബോദ്ധ്യപ്പെടുത്തേണ്ട ഒരു ചുമതല കേന്ദ്ര ഗവൺമെന്റിന്നുണ്ട്. പക്ഷേ, ആ ചുമതല പോലും നിർവ്വഹിയ്ക്കാൻ അവർ തയ്യാറാകുന്നില്ല. പരിതഃസ്ഥിതികൾ രഹസ്യമാണുപോലും! ഗവർണ്ണർ പറയുന്ന കാരണങ്ങൾ വെളിപ്പെടുത്തുന്നത് നല്ല കീഴ്‌വഴക്കമല്ലപോലും!

ഇതിലും വലിയൊരു തമാശ ഇതിന്നു മുമ്പാരും കേട്ടിട്ടുണ്ടാവില്ല. സ്റ്റേറ്റിലെ ജനങ്ങളുടേയും ഭൂരിഭാഗം അസംബ്ളിമെമ്പർമാരുടേയും പിന്തുണയുള്ള ഒരു ഗവൺമെന്റിനെ ഒരു സുപ്രഭാതത്തിൽ, യാതൊരു ജനാ

ധിപത്യതത്വത്തിന്നും നിരക്കാത്ത മട്ടിൽ മിക്കവാറും ഫാസിസ്റ്റ് മുറകൾ സ്വീകരിച്ചുകൊണ്ട്, പിരിച്ചുവിടുക; എന്നിട്ടും എന്തിനാണ് പിരിച്ചുവിട്ടതു എന്നു പറയാൻപോലും സാധിയ്ക്കാതിരിയ്ക്കുക! “മെമ്പർമാർക്ക് അറിയാവുന്നതിനേയും ഞാൻ എന്തു പറയുമെന്നതിനേയും ഗവൺമെന്റിന്നുവേണ്ടി സംസാരിയ്ക്കുന്ന ആൾ എന്തു പറയുമെന്നതിനേയും അടിസ്ഥാനപ്പെടുത്തിയാണ് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടത്” എന്നാണ് ഗവർണ്ണരുടെ റിപ്പോർട്ടു മേശപ്പുറത്തുവെയ്ക്കണമെന്ന കമ്യൂണിസ്റ്റ് മെമ്പർമാരുടെ ആവശ്യത്തിന്നു മറുപടിയായി ആഭ്യന്തരകാര്യമന്ത്രി ശ്രീ. പാന്ത് ആഗസ്റ്റ് 3-ാമത്തെ പാർലമെന്റു സമ്മേളനത്തിൽ പ്രസ്താവിച്ചത്. ഇത്തരമൊരു ഗതികേടിൽ കോൺഗ്രസ്സ് നേതൃത്വം ഇതിന്നുമുമ്പൊരിക്കലും അകപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല.

എന്തായാലും, ഒരു കാര്യം ആർക്കും നിഷേധിയ്ക്കാൻ കഴിയില്ല. കേരളത്തിലെയും ഇന്ത്യയിലേയും വൻകിടക്കാരായ സ്ഥാപിതതാല്പര്യക്കാരുമായും പിന്തിരിപ്പൻ സാമുദായികവാദികളുമായും അമേരിക്കൻ ഡോളറുമായും കൂട്ടിപിടിച്ചുകൊണ്ട് കേരളത്തിലെ ജനാധിപത്യവ്യവസ്ഥയെ ഞെക്കിക്കൊല്ലാൻ വേണ്ടി നടത്തപ്പെട്ട സമരത്തിന്ന് നേതൃത്വവും പ്രോത്സാഹനവും നൽകിയത് കേന്ദ്രഭരണം കൊണ്ടുനടക്കുന്ന അഖിലേന്ത്യാകോൺഗ്രസ്സ് നേതാക്കന്മാർതന്നെയാണ്. എ. ഐ. സി. സി. സെക്രട്ടറിയായിരുന്ന ശ്രീമന്നാരായണൻ ഉൽഘാടനം ചെയ്ത നയം ഊട്ടിപ്പോറ്റി വളർത്തിയതു ശ്രീ. ധേബാറിനെപ്പോലെയും സാദിക്ക് അലിയെപ്പോലെയും മൊറാർജി ദേശായിയെപ്പോലെയും ഇന്ദിരാഗാന്ധിയെപ്പോലെയുമുള്ള കോൺഗ്രസ്സ് നേതാക്കന്മാരാണെന്നും ജൂൺമാസത്തിലാരംഭിച്ച ഏറ്റവും ഒടുക്കത്തെ അട്ടിമറിസ്സമരത്തിന്റെ പ്ലാൻ ഊട്ടിയിൽവെച്ച് ശ്രീ. ധേബാറുടെ നേതൃത്വത്തിലാണ് തയ്യാറാക്കപ്പെട്ടതു എന്നും കേന്ദ്രം ഇടപെടുമെന്ന കോൺഗ്രസ്സ് നേതാക്കന്മാരുടെ പരസ്യപ്രസ്താവനകളാണ് കേരളത്തിലെ പിന്തിരിപ്പന്മാർക്കു പ്രചോദനം നൽകിയത് എന്നുമുള്ള യാഥാർത്ഥ്യങ്ങൾ സാധാരണ പത്രവായനക്കാർക്കുപോലും മനസ്സിലാകത്തക്കവിധം വ്യക്തമായിരിയ്ക്കുന്നു.

പക്ഷേ, ജനാധിപത്യത്തിന്റെ നേർക്കുള്ള ഈ നഗ്നമായ കയ്യേറ്റം കൊണ്ട് കമ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തിയ്ക്കോ ജനസ്വാധീനത്തിന്നോ യാതൊരു കോട്ടവും തട്ടിയിട്ടില്ല. നേരെമറിച്ച്, കോൺഗ്രസ്സിന്റെ അന്തസ്സിന്നും പ്രധാനമന്ത്രി നെഹ്റുവിന്റെ സാർവ്വലൗകിക പ്രശസ്തിയ്ക്കുമാണ് കോട്ടം തട്ടിയിട്ടുള്ളത്. ഇന്ത്യയിലൊട്ടുക്കുമുള്ള ജനാധിപത്യവാദികൾ-അവരിൽ കോൺഗ്രസ്സുകാരുമുൾപ്പെടും-മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം കോൺഗ്രസ്സ് നേതൃത്വത്തിന്റെ അപകടം പിടിച്ച

നയത്തെ എതിർക്കാൻ മുന്നോട്ടു വന്നിട്ടുള്ളതിൽനിന്നുതന്നെ ഇതു വ്യക്തമാകും.

കമ്യൂണിസ്റ്റ് ഗവൺമെന്റ് കഴിഞ്ഞ രണ്ടര കൊല്ലത്തിനുള്ളിൽ പാസ്സാക്കിയ വിദ്യാഭ്യാസനിയമം, കാർഷികബന്ധബിൽ തുടങ്ങിയ നിയമങ്ങളിൽനിന്നും, പുരോഗമനപരങ്ങളും ജനോപകാര പ്രദങ്ങളുമായ മറ്റു നടപടികളിൽ നിന്നും കേരളത്തിലെ പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാരെ സംരക്ഷിക്കുക, അങ്ങിനെ ഇത്തരം പുരോഗമനപരമായ ഭരണവ്യവസ്ഥയിൽനിന്ന് ഇന്ത്യയെയാകെ മോചിപ്പിക്കുക ഇതാണു സമരനേതാക്കന്മാരുടെ പ്രഖ്യാപിതോദ്ദേശം. ഈ ഉദ്ദേശം ഒരിയ്ക്കലും സഫലമാവുകയില്ലെന്നു തീർച്ചയാണ്. കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ തങ്ങൾ നേടിയ നേട്ടങ്ങളെ കാത്തു രക്ഷിയ്ക്കാനും അവയുടെ നേർക്കുള്ള പിന്തിരിപ്പൻ ആക്രമണങ്ങളെ നേരിടാനും കേരളത്തിലെ അദ്ധ്വാനിയ്ക്കുന്ന ബഹുജനങ്ങൾ തയ്യാറാവാതിരിക്കുകയില്ല. എന്നല്ല, സമരത്തിൽ പങ്കെടുത്ത സാധാരണക്കാരായ ജനവിഭാഗങ്ങൾപോലും ഇന്നല്ലെങ്കിൽ നാളെ പിന്തിരിപ്പൻ സ്ഥാപിതാല്പര്യക്കാർ തങ്ങളെ മതത്തിന്റേയും ജനാധിപത്യത്തിന്റെയും പേരിൽ വഞ്ചിക്കുകയാണ് ചെയ്തത് എന്നു മനസ്സിലാക്കുകയും ഭൂനയബില്ലുകൊണ്ടും മറ്റുമുണ്ടാവാൻപോകുന്ന നേട്ടങ്ങളെ കാത്തുരക്ഷിയ്ക്കാൻ മറ്റു ജനവിഭാഗങ്ങളുമായി യോജിക്കുവാൻ തയ്യാറാവുകയും ചെയ്യുമെന്ന് മുൻകൂട്ടി കാണാൻ പ്രയാസമില്ല.

യഥാർത്ഥമായ ജനാധിപത്യത്തിലും യഥാർത്ഥമായ പുരോഗതിയിലും വിശ്വസിക്കുന്ന ജനവിഭാഗങ്ങൾ കൂടുതൽ ആത്മവിശ്വാസത്തോടുകൂടി, കൂടുതൽ വിപുലമായ തോതിൽ, ജനാധിപത്യത്തിന്റെ ശത്രുക്കളായ കോൺഗ്രസ്സ് നേതാക്കന്മാർക്ക് ചുട്ട മറുപടികൊടുക്കാൻവേണ്ടി യോജിച്ചണിനിരക്കുകയും കേരളത്തെ ഐശ്വര്യത്തിലേയ്ക്കും അഭിവൃദ്ധിയിലേയ്ക്കും നയിക്കാനുള്ള തങ്ങളുടെ പ്രവർത്തനങ്ങൾ തുടരുകയും ചെയ്യും. യഥാർത്ഥമായ ജനകീയമുന്നേറ്റമെന്താണെന്നു നോക്കികാണാൻ പ്രധാനമന്ത്രി നെഹ്റുവിന്ന് അവസരം ലഭിയ്ക്കും, അത്തരമൊരവസരമാണ് അടുത്തുണ്ടാകാൻ പോകുന്ന പൊതുതിരഞ്ഞെടുപ്പ്.

1959 ആഗസ്റ്റ് 8 നവയുഗം

## അദ്ധ്യായം 4

# പതിനൊന്നാംവകുപ്പും സംവരണവും

കമ്യൂണിസ്റ്റ് ഭരണകാലത്ത് കേരളനിയമസഭ ഭൂരിപക്ഷത്തോടെ പാസ്സാക്കിയതും സുപ്രീം കോടതിയുടെ നിയമാനുമതിയും കേന്ദ്രഗവൺമെന്റിന്റെ അംഗീകരണവും നേടിക്കഴിഞ്ഞതുമായ വിദ്യാഭ്യാസനിയമത്തിലെ പതിനൊന്നാം വകുപ്പ് സസ്പെൻഡ് ചെയ്തുകൊണ്ട് മെയ് 31-ാംനു ഗവർണ്ണർ ഒരോർഡിനൻസ് പുറപ്പെടുവിച്ചിരിയ്ക്കുന്നു. അങ്ങിനെ; ജനാധിപത്യത്തോടും നിയമവാഴ്ചയോടും തങ്ങൾക്കെത്രത്തോളം കൂറുണ്ടെന്ന് ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള 'സങ്കര'ഭരണം ഒരിയ്ക്കൽക്കൂടി വ്യക്തമാക്കിയിരിയ്ക്കുന്നു.

പതിനൊന്നാം വകുപ്പു സംബന്ധിച്ച് ഒട്ടേറെ തർക്കങ്ങളുണ്ടായിട്ടുണ്ടെന്നും ബന്ധപ്പെട്ട എല്ലാ വിഭാഗക്കാർക്കും സ്വീകാര്യമായ ഭേദഗതികളുണ്ടാക്കാൻ വേണ്ടിയാണ് അതു തൽക്കാലം നിറുത്തിവെച്ചത് എന്നുമാണ് ഗവൺമെന്റുവക്താക്കൾ പറയുന്നത്. തർക്കവിഷയങ്ങൾക്ക് കൂടിയാലോചനകളിലൂടെ പരിഹാരം കാണാനുള്ള ഏതു ശ്രമവും സ്വാഗതാർഹമാണ്. പക്ഷേ, 11-ാം വകുപ്പ് നീട്ടിവെച്ചത് യഥാർത്ഥത്തിൽ, അതിന്നുവേണ്ടിത്തന്നെയാണോ? അതോ, ജനങ്ങളെ കബളിപ്പിയ്ക്കാൻ വേണ്ടിയോ?

അദ്ധ്യാപകരുടേയും പിന്നോക്കസമുദായക്കാരുടേയും താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കുന്ന ഒരു നിയമനിർമ്മാണനടപടി തർക്കവിഷയമായിത്തീരുന്നതിൽ അത്ഭുതമൊന്നുമില്ല. പൊതുഖജാനയിലെ പണം കൊണ്ടു നടത്തപ്പെടുന്ന പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകനിയമനത്തിൽ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നിയന്ത്രണം ചെലുത്താൻ തുടങ്ങിയാൽ

കോഴയും കൈക്കൂലിയും വാങ്ങി കൊള്ളലാഭമുണ്ടാക്കാനും അദ്ധ്യാപകരെ അടിമകളെപ്പോലെ നിലനിറുത്തുവാനും മാനേജർമാർക്കുള്ള 'മൌലികാവകാശ'ത്തിന്നു ഉടവ് തട്ടും. വിദ്യാഭ്യാസക്കച്ചവടം കുത്തകയാക്കിവെച്ചിട്ടുള്ള മാനേജർമാർക്ക് ഇതെങ്ങിനെ സഹിയ്ക്കാൻ സാധിയ്ക്കും? സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും പിന്നണിയിൽ കിടക്കുന്ന അവശസമുദായക്കാർക്ക് സംരക്ഷണം നൽകിക്കൊണ്ട് അവരുടെ ഉന്നമനത്തിന്നു വഴി തെളിയിയ്ക്കുന്ന ഒരു വകുപ്പാണിത്. നൂറ്റാണ്ടുകളായി അധഃകൃതമായി കഴിഞ്ഞുകൂടുന്ന അവശസമുദായക്കാരെ ചൂഷണം ചെയ്യാനും ചവിട്ടിത്തേയ്ക്കാനും ഉള്ള തങ്ങളുടെ 'മൌലികാവകാശ'ത്തിന്ന് ഇതുമൂലം അല്പമൊരു കോട്ടം സംഭവിയ്ക്കുമെന്ന് മേലാളരായ പ്രമാണിമാരും മാടമ്പിമാരും ഭയപ്പെടുന്നു. അവരെങ്ങിനെ 11-ാം വകുപ്പിനെ അനുകൂലിയ്ക്കും?

പക്ഷേ, ഗവൺമെന്റ് ആരുടെ ഭാഗത്താണ്? അദ്ധ്യാപകരുടേയും അവശസമുദായക്കാരുടേയും താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻ അവർ തയ്യാറാവുമോ? "വിമോചനസമരം" തൊട്ടിങ്ങോട്ട് ഉണ്ടായ അനുഭവങ്ങൾ വെച്ചു നോക്കിയാലും ഇന്നത്തെ ഗവൺമെന്റിന്റെ ചുക്കാൻ പിടിയ്ക്കുന്നതാരൊക്കെയാണെന്നു പരിശോധിച്ചാലും, ഈ ചോദ്യത്തിന്ന് നിഷേധാത്മകമായ ഒരു മറുപടിയേ കിട്ടൂ. പക്ഷേ, ഉള്ളിലുള്ളതു തുറന്നു പറയാൻ ഗവൺമെന്റിന്റെ വക്താക്കൾക്കു ധൈര്യമില്ല. സത്യം തുറന്നു പറഞ്ഞാൽ തങ്ങളെ ഇന്നനുകൂലിയ്ക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽനിന്നുതന്നെ ഒരു കൊടുങ്കാറ്റുയർന്നുവരുമെന്നവർക്കറിയാം. അങ്ങിനെ വന്നാൽ, ഉള്ളു പൊള്ളയായ തങ്ങളുടെ ഐക്യം പഞ്ചായത്തു തിരഞ്ഞെടുപ്പുവരെയെങ്കിലും തുടരാനുള്ള തങ്ങളുടെ ആഗ്രഹം തവിടുപൊടിയാകുമെന്ന് അവർ ഭയപ്പെടുന്നു. അതുകൊണ്ടാണവർ വ്യക്തമായ തീരുമാനമൊന്നുമെടുക്കാതെ കാര്യങ്ങൾ നീട്ടിക്കൊണ്ടുപോകാൻ ശ്രമിയ്ക്കുന്നത്.

പക്ഷെ, "സങ്കരമന്ത്രിസഭ"യുടെ ചുക്കാൻ പിടിയ്ക്കുന്ന സ്ഥാപിത താല്പര്യക്കാർ നിശ്ശബ്ദരായിരിയ്ക്കുന്നില്ല. 11-ാം വകുപ്പ് നിശ്ശേഷം എടുത്തുമാറ്റണമെന്ന് അവർ മുറവിളികൂട്ടാൻ തുടങ്ങിയിരിയ്ക്കുന്നു. സംവരണമെന്ന തത്വത്തെത്തന്നെ കഴിച്ചുമൂടണമെന്ന് അവർ ഉച്ചൈസ്തരം പ്രഖ്യാപിയ്ക്കാൻ തുടങ്ങിയിരിക്കുന്നു. ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ അന്യായമായ ചൂഷണാധികാരങ്ങളെ നിലനിർത്താൻവേണ്ടി ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ന്യായമായ താല്പര്യങ്ങളെ എതിർക്കാനാണവർ ഒരുമ്പെട്ടിട്ടുള്ളത്.

കേരളത്തിലെ ജനസംഖ്യയിൽ 75 ശതമാനവും പിന്നോക്ക സമുദായക്കാരാണ്. നാലുപേരിൽ മൂന്നുപേരും അവശസമുദായക്കാരാണ്.

പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഉദ്യോഗനിയമനങ്ങളുടെ 50 ശതമാനം ഈ പിന്നോക്കസമുദായക്കാർക്കുവേണ്ടി സംവരണം ചെയ്യണമെന്നും ബാക്കിയുള്ള 50 ശതമാനം തുറന്ന മത്സരത്തിന്നുവേണ്ടി നീക്കിവെയ്ക്കണമെന്നുമാണ് ഇന്നത്തെ വ്യവസ്ഥ. ഈ വ്യവസ്ഥ കൊണ്ട് ഉയർന്ന ജാതിക്കാരുടെ ന്യായമായ താല്പര്യങ്ങൾക്ക് യഥാർത്ഥത്തിൽ യാതൊരു ഹാനിയും തട്ടുന്നില്ല. എന്തുകൊണ്ടെന്നാൽ ജനസംഖ്യയുടെ 25 ശതമാനത്തോളം മാത്രം വരുന്ന അവർക്കു തുറന്ന മത്സരത്തിലൂടെ ഒട്ടാകെയുള്ള ഉദ്യോഗങ്ങളുടെ 50 ശതമാനവും കരസ്ഥമാക്കാൻ സാധിയ്ക്കും. പട്ടികജാതിക്കാർ, മുസ്ലിമിങ്ങൾ, ഈഴവർ, ലത്തീൻ കൃസ്ത്യാനികൾ, ആശാരി, മൂശാൻ, കൊല്ലൻ തുടങ്ങിയ അവശസമുദായക്കാർക്ക്, ഇന്നത്തെ സ്ഥിതിയിൽ, തങ്ങൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ട ഉദ്യോഗങ്ങൾക്കു പുറമെ തുറന്ന മത്സരത്തിലൂടെ ലഭിയ്ക്കാവുന്ന മറ്റ് ഉദ്യോഗങ്ങൾ നേടാനുള്ള സാദ്ധ്യത വളരെ വിരളമാണ്. ഉദാഹരണത്തിന്ന് ഹരിജനങ്ങൾ തുടങ്ങിയ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും കൂടി 10 ശതമാനം ഉദ്യോഗങ്ങളാണ് സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. അതായത്, കൊല്ലത്തിൽ 7000 അദ്ധ്യാപകന്മാരുടെ ഒഴിവുണ്ടെങ്കിൽ അതിൽ 700 ഉദ്യോഗങ്ങൾ അവർക്കു പ്രതീക്ഷിയ്ക്കാം. ഈ 700 ഉദ്യോഗങ്ങളെങ്കിലും നേടാൻ ആവശ്യമായ സാമൂഹ്യപരിതസ്ഥിതികളില്ലാതിരിയ്ക്കെ ബാക്കിയുള്ളതിൽനിന്നുകൂടി കുറച്ച് നേടാൻ അവർക്കു കഴിയുമോ? പക്ഷേ, 7000 ഉദ്യോഗങ്ങളിൽ 700 എണ്ണംപോലും ഹരിജനങ്ങൾക്കു നല്കാൻ പാടില്ലെന്നാണ് സംവരണവിരോധികൾ പറയുന്നത്. അവരുടെ ഹരിജന പ്രേമവും സമുദായനീതിയെക്കുറിച്ചുള്ള ബോധവും അത്ഭുതകരം തന്നെ.

ബ്രിട്ടീഷ് സാമ്രാജ്യവാദികളുടേയും ഫ്യൂഡൽ മാടമ്പിമാരുടേയും നൂറ്റാണ്ടു കാലത്തെ ഭരണത്തിന്റെ ഫലമായി നമ്മുടെനാട്ടിൽ ഇന്നും തുടർന്നുവരുന്ന ഉച്ചനീചത്വങ്ങളവസാനിയ്ക്കണമെങ്കിൽ 'താഴ്ന്ന' ജാതിക്കാർക്ക് ഉദ്യോഗങ്ങളിലും മറ്റും അവരർഹിയ്ക്കുന്ന സ്ഥാനം നല്കിയേ പറ്റൂ.

പിന്നണിയിൽ കിടക്കുന്ന ഭൂരിപക്ഷക്കാരായ ഈ ജനവിഭാഗങ്ങളുടെ ഉന്നമനം ദേശീയാഭിവൃദ്ധിക്കൊഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമാണ്. അതുകൊണ്ടു സംവരണത്തെ എതിർക്കുന്നവർ വാസ്തവത്തിൽ ദേശീയാഭിവൃദ്ധിയെയാണെതിർക്കുന്നത്. സംവരണം സാമുദായികവാദമാണെന്നും ദേശീയത്വത്തിന്നെതിരാണെന്നും മറ്റുമുള്ള അവരുടെ വാദങ്ങൾ സ്വന്തം ചൂഷണാസക്തിയെ മറച്ചുപിടിയ്ക്കാനുള്ള അടവുകൾമാത്രമാണ് അവർ യഥാർത്ഥമായ ദേശീയത്വത്തിന്റെ ശത്രുക്കളാണ്.

സമുദായപ്രാതിനിധ്യതത്വമനുസരിച്ചുള്ള സംവരണത്തെ മാത്രമാണ് തങ്ങളെതിർക്കുന്നതെന്നും സാമ്പത്തികാടിസ്ഥാനത്തിലുള്ള സംവരണത്തിന്ന് തങ്ങളെതിരല്ലെന്നുമുള്ള പുതിയൊരു തട്ടിപ്പ് സംവരണവിരോധികൾ ഇറക്കിയിട്ടുണ്ട്. ഉശിരുണ്ടെങ്കിൽ, സമുദായപ്രാതിനിധ്യത്തിന്റെ സ്ഥാനത്ത് സാമ്പത്തികാടിസ്ഥാനത്തിലുള്ള സംവരണം ഏർപ്പെടുത്തത്തക്കവിധം ഭരണഘടന ഭേദഗതി ചെയ്യണമെന്ന് അവരാവശ്യപ്പെടട്ടെ, ഇന്ത്യയിലുള്ള എല്ലാ ഉദ്യോഗങ്ങളുടേയും 50 ശതമാനം തൊഴിലാളികൾ, കാർഷികതൊഴിലാളികൾ, പാവപ്പെട്ട കൃഷിക്കാർ തുടങ്ങിയ സാമ്പത്തികവർഗ്ഗങ്ങൾക്കുവേണ്ടി സംവരണം ചെയ്യണമെന്നും ബാക്കിയുള്ള 50 ശതമാനം ജന്മികൾ, മുതലാളികൾ തുടങ്ങിയ എല്ലാ വർഗ്ഗക്കാർക്കും തുറന്ന മത്സരത്തിന്നുവേണ്ടി നീക്കിവെയ്ക്കണമെന്നും വാദിയ്ക്കാൻ അവർ തയ്യാറുണ്ടോ? ഐ. ഏ. എസ്, ഐ. പി. എസ്, സിക്രട്ടറിമാർ ഡയറക്ടർമാർ, ഗവർണ്ണർമാർ, സൈന്യത്തലവന്മാർ മുതലായ എല്ലാ ഉദ്യോഗങ്ങളിലും, തൊഴിലാളികൾ, കാർഷിക തൊഴിലാളികൾ, കൃഷിക്കാർ തുടങ്ങിയ സാമ്പത്തികവർഗ്ഗങ്ങൾക്ക് തക്കതായ പ്രാതിനിദ്ധ്യം നൽകണമെന്ന് അവർ വാദിയ്ക്കുമോ? വാദിയ്ക്കുമെങ്കിൽ ഞങ്ങളവർക്ക് സർവ്വവിധ പിന്തുണയും നൽകാം.

പക്ഷേ, ഹിംസ്രമൃഗങ്ങൾ പെട്ടെന്നൊരു മുഹൂർത്തത്തിൽ സസ്യഭുക്കുകളായി മാറുമെന്ന് ഞങ്ങൾ വിശ്വസിയ്ക്കുന്നില്ല. ജന്മികളുടേയും മുതലാളികളുടേയും ഭരണകൂടം തൊഴിലാളികൾക്കും കൃഷിക്കാർക്കും ഭരണത്തിൽ പങ്കു നൽകാൻ തയ്യാറാകുമെന്നു ഞങ്ങൾ കരുതുന്നില്ല. അതുകൊണ്ടാണ് ഇന്നു നിലവിലുള്ള സംവരണവ്യവസ്ഥ കുറേക്കാലത്തേയ്ക്കുകൂടി തുടരണമെന്ന് ഞങ്ങളാവശ്യപ്പെടുന്നത്.

സംവരണം തുടർന്നാൽ, നായന്മാർ, നമ്പൂതിരിമാർ തുടങ്ങിയ 'ഉയർന്ന' സമുദായങ്ങളിലെ പാവപ്പെട്ട വിഭാഗക്കാർക്ക് ഉദ്യോഗങ്ങൾ കിട്ടുന്നതു കുറയുമെന്നും 'ഉയർന്നജാതി'യിൽ ജനിച്ചു എന്നതുകൊണ്ടു മാത്രം പാവപ്പെട്ട ഒരാൾക്ക് ഉദ്യോഗം നിഷേധിയ്ക്കുന്നത് അനീതിയാണെന്നും മറ്റും വാദിച്ചുകൊണ്ടാണ് സ്ഥാപിതതാല്പര്യക്കാർ സാമുദായികമത്സരങ്ങൾ ആളിക്കത്തിയ്ക്കാൻ ശ്രമിയ്ക്കുന്നത്. നായന്മാർ, നമ്പൂതിരിമാർ തുടങ്ങിയ ഉയർന്ന സമുദായങ്ങളിലെ നിർദ്ധനരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗങ്ങൾ കിട്ടുന്നില്ലെന്നുള്ളതു ശരിയാണ്. എന്നാൽ, സംവരണംകൊണ്ട് നേട്ടമുണ്ടാകുന്ന സമുദായങ്ങളിലും ജോലിയില്ലാതെ വിഷമിയ്ക്കുന്നവർ ലക്ഷക്കണക്കിലുണ്ടെന്ന കാര്യം വിസ്മരിക്കരുത്. വാസ്തവത്തിൽ സംവരണമല്ല, മുതലാളിത്തവ്യവസ്ഥയാണ് തൊഴിലില്ലായ്മയുടെ കാരണം. മുതലാളിത്തവ്യവസ്ഥയവസാനിപ്പിച്ച്

എല്ലാ ഉൽപ്പാദനോപകരണങ്ങളേയും പൊതുവുടമയിലാക്കിക്കൊണ്ടുള്ള സോഷ്യലിസം സ്ഥാപിച്ചാൽ മാത്രമേ എല്ലാ സമുദായങ്ങളിലുമുള്ള മുഴുവൻ ജനങ്ങൾക്കും ആവശ്യമായ തൊഴിൽസൗകര്യങ്ങൾ ലഭിയ്ക്കുകയുള്ളു. അതുകൊണ്ടാണ് സോഷ്യലിസത്തിന്നു വേണ്ടി ഞങ്ങൾ വിട്ടുവീഴ്ചയില്ലാതെ പോരാടിക്കൊണ്ടിരിയ്ക്കുന്നത്.

പക്ഷേ, നാളെ സോഷ്യലിസം വരണമെങ്കിൽ ഇന്ന് പിന്നണിയിൽ കിടക്കുന്ന അവശസമുദായങ്ങളുടെ ഉന്നമനം ആവശ്യമാണ്. അദ്ധ്വാനിയ്ക്കുന്ന ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും അവശസമുദായങ്ങളിൽ പെട്ടവരാണ്. അതുകൊണ്ട് ഇന്നു നിലവിലുള്ള സംവരണവ്യവസ്ഥ തുടരണമെന്ന് സോഷ്യലിസത്തിൽ വിശ്വസിയ്ക്കുന്നവരെല്ലാം ശക്തിയായി ആവശ്യപ്പെടേണ്ടിയിരിയ്ക്കുന്നു. സംവരണവിരോധികളെ നിലയ്ക്കുനിറുത്താൻ പറ്റിയ സുശക്തമായ ഒരു പ്രക്ഷോഭം ഇന്നു കൂടിയേ കഴിയൂ.

നവയുഗം 11.6.1960

# അദ്ധ്യായം 5

# പുതിയ മന്ത്രിസഭ

മൂന്നാഴ്ചക്കാലം തിരുവനന്തപുരത്തും ദൽഹിയിലും എറണാകുളത്തും വീണ്ടും തിരുവനന്തപുരത്തും വെച്ചു നടത്തപ്പെട്ട നീണ്ട കൂടിയാലോചനകൾക്കുശേഷം ഫെബ്രുവരി 22-ാംനു ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ പതിനൊന്നംഗങ്ങളുള്ള ഒരു പി. എസ്. പി. കോൺഗ്രസ്സ് കൂട്ടുമന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തിരിയ്ക്കുന്നു. മന്ത്രിസഭയിൽ തങ്ങൾക്കും സ്ഥാനമനുവദിച്ചുകിട്ടണമെന്ന് മുസ്ലീംലീഗ് അങ്ങേയറ്റം വാദിച്ചുനോക്കി. മുസ്ലീംലീഗിനെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ഒരു മന്ത്രിസഭയിൽ തങ്ങൾ പങ്കുചേരുകയില്ലെന്ന് പി. എസ്. പി. യും പറഞ്ഞു നോക്കി. പക്ഷേ, കോൺഗ്രസ്സ് ഹൈക്കമാന്റ് സമ്മതിച്ചില്ല. കേരളത്തിൽ മുസ്ലീംലീഗുമായി കൂട്ടുകൂടിക്കൊണ്ടുള്ള ഗവൺമെന്റുണ്ടാക്കിയാൽ വടക്കേ ഇന്ത്യയിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാവുമെന്ന ന്യായത്തിന്മേൽ അവരെടുത്ത ഉറച്ച നിലപാടു കാരണം ഒടുവിൽ മുസ്ലീംലീഗ് പുറന്തള്ളപ്പെടുകയും പി.എസ്. പി. കോൺഗ്രസ്സ് കൂട്ടുമന്ത്രിസഭ നിലവിൽ വരികയും ചെയ്തു. മന്ത്രിസഭയിലില്ലെങ്കിലും തങ്ങൾ ഗവൺമെന്റിന്റെ ഭാഗമായിത്തന്നെ പ്രവർത്തിയ്ക്കുമെന്നും ഗവൺമെന്റിന്ന് നിരുപാധികമായ പിന്തുണ നൽകുമെന്നും മുസ്ലീംലീഗ് നേതാക്കന്മാർ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിരിയ്ക്കുന്നു.

1957 ഏപ്രിൽ 5-ാം നു 11 അംഗങ്ങളടങ്ങിയ കമ്യൂണിസ്റ്റ് ഗവൺമെന്റ് രൂപവൽക്കരിയ്ക്കപ്പെട്ടപ്പോൾ പതിനൊന്നു മന്ത്രിമാരെ തീറ്റിപ്പോറ്റാൻ കേരളത്തെപ്പോലുള്ള ഒരു ചെറിയ സ്റ്റേറ്റിന്ന് കഴിവില്ലെന്ന് ആക്ഷേപിക്കുകയാണ് കോൺഗ്രസ്സ്-പി.എസ്.പി. നേതാക്കന്മാർ ചെയ്തത്. അങ്ങിനെ വാദിച്ചവർതന്നെ തങ്ങൾക്ക് നിയമസഭയിൽ ഭൂരിപക്ഷം കിട്ടി

യപ്പോൾ പതിനൊന്നു മന്ത്രിമാരെ നിയമിച്ചിരിയ്ക്കുന്നു. കമ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായി ഉന്നയിയ്ക്കപ്പെട്ട വാദങ്ങൾ യാതൊരു തത്വത്തിന്റേയും അടിസ്ഥാനത്തിലുള്ളവയായിരുന്നില്ലെന്നും എതിർപ്പിന്നുവേണ്ടിയുള്ള എതിർപ്പു മാത്രമാണ് അവരന്നു പ്രകടിപ്പിച്ചത് എന്നും ഇപ്പോളെങ്കിലും വ്യക്തമായതിൽ ഞങ്ങൾ സന്തോഷിയ്ക്കുന്നു.

യഥാർത്ഥത്തിൽ ഒരു ഗവൺമെന്റിൽ ഏതെല്ലാം പാർട്ടികൾക്ക് സ്ഥാനമുണ്ടായിരിയ്ക്കണമെന്നും ആകെ എത്ര മന്ത്രിമാരുണ്ടായിരിയ്ക്കണമെന്നും മറ്റുമുള്ള കാര്യങ്ങൾ താരതമ്യേന അപ്രധാനങ്ങളാണ്. പ്രധാനമായ കാര്യം ആ ഗവൺമെന്റിന്റെ സ്വഭാവമെന്തായിരിയ്ക്കണമെന്നുള്ളതാണ്; ആ ഗവൺമെന്റ് ആരെ, ഏതെല്ലാം വർഗ്ഗങ്ങളുടെ താല്പര്യങ്ങളെയാണ് കാത്തുരക്ഷിയ്ക്കുക എന്നുള്ളതാണ്.

പുതിയ ഗവൺമെന്റ് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുക എന്നു ഇതേവരെ വ്യക്തമാക്കപ്പെട്ടിട്ടില്ല. തിരഞ്ഞെടുപ്പുകാലത്ത് ഒരു യോജിച്ച പരിപാടിയുണ്ടായിരുന്നില്ല. അവർ പ്രസിദ്ധം ചെയ്ത തിരഞ്ഞെടുപ്പു വിജ്ഞാപനങ്ങൾ പരസ്പരവിരുദ്ധങ്ങളായിരുന്നു. പ്രധാനമായും കമ്യൂണിസ്റ്റ് വിരോധമെന്ന നിഷേധാത്മകമായ ഒരു പരിപാടിയ്ക്കുവേണ്ടിയാണ് അവർ വോട്ടു ചോദിച്ചത്. തിരഞ്ഞെടുപ്പെല്ലാം കഴിഞ്ഞു ഒരു ഗവൺമെന്റും നിലവിൽ വന്നുകഴിഞ്ഞു ഇനിയെന്താണ് പരിപാടി?

"ഈ രാജ്യത്ത് വിശപ്പനുഭവിയ്ക്കുന്നവരും തൊഴിലില്ലാത്തവരും ആയ ആളുകൾക്ക് എന്തെങ്കിലും ആശ്വാസം നൽകാൻ ശ്രമിയ്ക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രാഥമികമായ കടമ. അവർക്ക് ആശ്വാസം നൽകാനും അവരെ സഹായിയ്ക്കാനും ഗവൺമെന്റ് അങ്ങേയറ്റം പരിശ്രമിയ്ക്കുന്നതാണ്" എന്ന പുതിയ മുഖ്യമന്ത്രി ശ്രീ പട്ടംതാണുപിള്ളയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. കേരളത്തെ അലട്ടിക്കൊണ്ടിരിയ്ക്കുന്ന വിഷമം പിടിച്ച പ്രശ്നങ്ങളുടെ മർമ്മത്തിലേയ്ക്കാണ് അദ്ദേഹം വിരൽ ചൂണ്ടിയിട്ടുള്ളത്. ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ മുതലായ പ്രശ്നങ്ങൾ ഒരു നൊടിയിടകൊണ്ട് ആർക്കും പരിഹരിയ്ക്കാനാവില്ല. എങ്കിലും, ഈ അടിയന്തിരപ്രശ്നങ്ങളുടെ പരിഹാരത്തിന്നുതകുന്ന വ്യവസായവല്ക്കരണം, ഭക്ഷ്യോല്പാദനം, കാർഷികപരിഷ്കാരം, അദ്ധ്വാനിയ്ക്കുന്ന ജനങ്ങളുടെ ജീവിതത്തോതുയർത്തൽ തുടങ്ങിയ പരിപാടികൾ ആരംഭിച്ചേ മതിയാവൂ. പുതിയ മന്ത്രിസഭയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞുകാണുമെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം.

ഒരു കാര്യം മാത്രം ചൂണ്ടിക്കാണിയ്ക്കാനേ ഞങ്ങളാഗ്രഹിയ്ക്കുന്നുള്ളു: വ്യവസായ വൽക്കരണം, കാർഷികപരിഷ്കരണം, ജനങ്ങളുടെ

ജീവിതത്തോതുയർത്തൽ തുടങ്ങിയ പരിപാടികളിലൂടെ കേരളത്തെ അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ ജനങ്ങളുടെയാകെ യോജിപ്പും സഹകരണവും കൂടിയേ കഴിയൂ. ജനങ്ങളെ കമ്യൂണിസ്റ്റുകാരെന്നും കമ്യൂണിസ്റ്റ് വിരോധികളെന്നും ചേരിതിരിച്ച് ഭിന്നിപ്പിച്ചുകൊണ്ട് കേരളത്തെ അഭിവൃദ്ധിപ്പെടുത്താൻ കഴിയില്ല. കമ്യൂണിസ്റ്റ് പാർട്ടിയ്ക്കു വോട്ടു ചെയ്ത 35 ലക്ഷം ജനങ്ങളും മുക്കൂട്ടുമുന്നണിക്കാർക്ക് വോട്ടുചെയ്ത 43 ലക്ഷം ജനങ്ങളും പരസ്പരം ശത്രുക്കളല്ലെന്നും കേരളത്തെ ഐശ്വര്യപൂർണ്ണമാക്കി മാറ്റാൻ വേണ്ടി അവർ യോജിച്ചു പ്രവർത്തിയ്ക്കണമെന്നുമുള്ള ഒരു ബോധമുണ്ടാക്കാനാണ് എല്ലാ പാർട്ടിക്കാരും അടിയന്തിരമായി ശ്രമിയ്ക്കേണ്ടത്. ഇക്കാര്യത്തിൽ ഭരണകക്ഷിയ്ക്കാണ് ഏറ്റവും വലിയ ചുമതലയെന്നു പറയേണ്ടതില്ലല്ലോ. ജനങ്ങളെ ഭിന്നിപ്പിച്ചുകൊണ്ട് സങ്കുചിതമായ കക്ഷിതാല്പര്യങ്ങൽ നേടാനാണ് ശ്രമിയ്ക്കുന്നതെങ്കിൽ ജനങ്ങൾക്കു മാത്രമല്ല, ഗവർമ്മെന്റിന്നും തകരാറു പറ്റും.

44 ശതമാനം വോട്ടുകൾ നേടിയിട്ടുണ്ടെങ്കിലും 29 സീറ്റുകൾ മാത്രം കിട്ടിയ കമ്യൂണിസ്റ്റ് പാർട്ടി ഉത്തരവാദപ്പെട്ട ഒരു പ്രതിപക്ഷമായി പ്രവർത്തിയ്ക്കുന്നതാണെന്ന് ഔദ്യോഗികമായിത്തന്നെ പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. നാട്ടിന്റെ നന്മയ്ക്കും ജനങ്ങളുടെ പുരോഗതിയ്ക്കും വേണ്ടി ഗവൺമെന്റ് നടപ്പിൽ വരുത്തുന്ന പരിപാടികളെയെല്ലാം കമ്യൂണിസ്റ്റ് പാർട്ടിയും പാർട്ടിയ്ക്കു പിന്തുണ നൽകിയ ജനങ്ങളും കലവറയില്ലാതെ പിന്താങ്ങുന്നതാണ്.

ഒരുറച്ച സൽഭരണം നടത്തുമെന്നു പ്രഖ്യാപിച്ചുകൊണ്ട് അധികാരമേറ്റെടുത്ത പുതിയ ഗവൺമെന്റിന്ന് ഞങ്ങൾ വിജയമാശംസിയ്ക്കുന്നു.

നവയുഗം 27.2.1960

### അദ്ധ്യായം 6

# കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല

കമ്യൂണിസ്റ്റ് പാർട്ടി ഭൂരിപക്ഷം സീറ്റുകൾ നേടിക്കൊണ്ട് വീണ്ടും കേരളത്തിലൊരു മന്ത്രിസഭയുണ്ടാക്കുമെന്ന് ലക്ഷക്കണക്കിലുള്ള ജനങ്ങൾ വിശ്വസിച്ചിരുന്നു. പക്ഷേ, അവരുടെ ആഗ്രഹവും പ്രതീക്ഷയും സഫലമായില്ല. തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ്കാർ പരാജയപ്പെടുകയാണ് ചെയ്തത്. 1957-ലെ തിരഞ്ഞെടുപ്പിൽ 65 സീറ്റുകൾ കിട്ടിയേടത്ത് ഇക്കുറി 29 സീറ്റുകൾ മാത്രമേ കിട്ടിയുള്ളു. പതിനൊന്നു മുൻമന്ത്രിമാരിൽ ഏഴു പേരും തോറ്റു കമ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തിദുർഗ്ഗങ്ങളെന്നു കരുതപ്പെട്ടിരുന്ന ചില നിയോജകമണ്ഡലങ്ങളിൽപ്പോലും ജയിക്കാൻ കഴിഞ്ഞില്ല. അപ്രതീക്ഷിതമായ ഈ പരാജയത്തിന്റെ യഥാർത്ഥ കാരണങ്ങളെപ്പറ്റി കമ്യൂണിസ്റ്റ് പാർട്ടിയും പാർട്ടിയ്ക്കു പിന്തുണ നല്കിയ ജനവിഭാഗങ്ങളും സ്വയം വിമർശനപരമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

എന്നാൽ, ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പിന്തിരിപ്പൻ ശക്തികളും അവരുടെ പത്രങ്ങളും വളരെ കരുതലോടുകൂടിയാണ് തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുന്നത്. തിരഞ്ഞെടുപ്പുഫലങ്ങൾ വലിയ ആഹ്ലാദത്തിന്നൊന്നും വക നൽകുന്നില്ലെന്നാണവർ പറയുന്നത്. കമ്യൂണിസ്റ്റ് പാർട്ടിയ്ക്കു കിട്ടിയ സീറ്റുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിലും വോട്ടുകളുടെ എണ്ണം വർദ്ധിയ്ക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് അവർ ചൂണ്ടിക്കാണിയ്ക്കുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തിയെ യഥാർത്ഥത്തിൽ കുറയുകയില്ല, വർദ്ധിയ്ക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് അവർ നെഞ്ഞത്തടിച്ചു നിലവിളിയ്ക്കുന്നു!

'വിമോചന'സമരത്തിലും, തുടർന്നു നടന്ന പൊതുതിരഞ്ഞെടുപ്പിലും നേതൃത്വപരമായ ഒരു പ്രധാന പങ്കു വഹിച്ച കേരളത്തിലെ കത്തോലിക്കാപൗരോഹിത്യത്തിന്റെ നാവായ 'ദീപിക' കേഴുന്നതിങ്ങിനെയാണ്: 'കമ്യൂണിസ്റ്റ് പാർട്ടിക്ക് നിയമസഭയിൽ ഉണ്ടായിരുന്ന ഭൂരിപക്ഷം അവസാനിച്ചു എങ്കിലും, കേരളത്തിലെ വിവിധ രാഷ്ട്രീയകക്ഷികളുടെ കൂട്ടത്തിൽ രണ്ടാമത്തെ സ്ഥാനം ഇന്നും കമ്യൂണിസ്റ്റ് പാർട്ടിക്കാണുള്ളത്. കമ്യൂണുക്കൾ അധികാരത്തിൽ വരുന്നതിനു എത്രയോ മുമ്പുമുതൽ ഈ ജനാധിപത്യവിരുദ്ധ ആശയത്തെ എതിർത്തുകൊണ്ടിരുന്നവരുടെ ദൃഷ്ടിയിൽ കമ്യൂക്കൾക്ക് ഇന്ന് അവശേഷിക്കുന്ന സ്വാധീനവും അപകടഹേതുവാണ്................കേരളത്തിലെ രണ്ടാമത്തെ പാർട്ടിയായി കമ്യൂണിസ്റ്റ് പാർട്ടിയെ വെച്ചുകൊണ്ടിരുന്നാൽ ഏതു തിരഞ്ഞെടുപ്പിലും ഒരു വ്യാഘ്രത്തെപ്പോലെ അതു നമ്മുടെ മേൽ ചാടിവീണെന്നുവരും................ മൊത്തം പോൾ ചെയ്ത വോട്ടിന്റെ 43 ശതമാനമാണ് കമ്യൂണിസ്റ്റ് പാർട്ടിക്ക് കിട്ടിയിട്ടുള്ളത്.'

ഇന്ത്യയിലെ വൻകിട മുതലാളിമാരുടെ പത്രങ്ങളിൽ ഒന്നായ 'ടൈംസ്' ഓഫ് ഇന്ത്യ' ഇങ്ങിനെ എഴുതി: 'സഖ്യകക്ഷികളുടെ വിജയത്തിൽ രാജ്യമാകമാനം ആഹ്ലാദിക്കുന്നുണ്ടെങ്കിലും, വോട്ടുകളെക്കുറിച്ച് അവലോകനം സംതൃപ്തിക്കവകാശം നൽകുന്നില്ല...............കമ്യൂണിസ്റ്റ്കാർക്കുള്ള വോട്ടുകളുടെ എണ്ണം, കഴിഞ്ഞ 3 കൊല്ലത്തിന്നുമുമ്പ് നടന്ന തിരഞ്ഞെടുപ്പിനേക്കാൾ അധികരിച്ചുവെന്നു മാത്രമല്ല, ആകെ വോട്ടിൽ അവർക്കുള്ള പങ്ക് പരിഗണനീയമായി അധികരിക്കുകയും ചെയ്തിട്ടുണ്ടെന്നത് ഒരു പരുപരുത്ത യാഥാർത്ഥ്യമായി നിലക്കൊള്ളുന്നു.'

'സീറ്റുകൾ കുറഞ്ഞുവെങ്കിലും ചുവപ്പന്മാർക്ക് വോട്ടുകൾ കൂടി' എന്നാണ് അമേരിക്കയിലെ 'ടൈം' മാസിക ഖേദപൂർവ്വം റിപ്പോർട്ട് ചെയ്തത്. തിരഞ്ഞെടുപ്പുഫലങ്ങളിൽ അധികമൊന്നും സന്തോഷിക്കാനില്ലെന്നാണ് 'ന്യൂയോർക്ക് ടൈംസ്' പറയുന്നത്. കാരണം, കമ്യൂണിസ്റ്റ്കാർക്ക് കഴിഞ്ഞ തവണത്തേതിനേക്കാൾ കൂടുതൽ വോട്ടു ലഭിച്ചിട്ടുണ്ട്.' അതിയായ ആഹ്ലാദത്തിന്നവകാശമില്ലെന്നുതന്നെയാണ് കെ.പി.സി.സി.പ്രസിഡണ്ട് ശ്രീ. ശങ്കറുടേയും അഭിപ്രായം.

നിയമവിധേയമായി തിരഞ്ഞെടുക്കപ്പെട്ട കമ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായി കേരളത്തിലെ പിന്തിരിപ്പൻ ശക്തികൾ നടത്തിയ ജനാധിപത്യവിരുദ്ധവും അക്രമാസക്തവുമായ അട്ടിമറി പ്രവർത്തനങ്ങളെ ഒരു 'ബഹുജനമുന്നേറ്റം' മെന്നു പാഞ്ഞു അനുഗ്രഹിയ്ക്കുവാൻ പ്രധാനമന്ത്രി നെഹ്റുപോലും മുതിരുകയുണ്ടായി. കമ്യൂണിസ്റ്റ് ഗവൺമെന്റിന്ന്

ബഹുജനപിന്തുണ നഷ്ടപ്പെട്ടിരിയ്ക്കുന്നുവെന്നും 1957 ലെ തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടിക്ക് പിന്തുണ നൽകിയ ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗം പാർട്ടിയുടെ നേതൃത്വത്തെ ഉപേക്ഷിച്ചു കഴിഞ്ഞിരിയ്ക്കുന്നുവെന്നും പറഞ്ഞുകൊണ്ടാണ് അദ്ദേഹം വിരുദ്ധന്മാരുടെ വിമോചനസമരത്തെ ന്യായീകരിച്ചത്. പ്രധാനമന്ത്രി നെഹ്റുവും മറ്റു കോൺഗ്രസ്സ് നേതാക്കന്മാരും എത്തിച്ചേർന്ന ഈ നിഗമനത്തെ പൊക്കിപ്പിടിച്ചുകൊണ്ടാണ് 1959 ജൂലായ് 31-ാം തീയതി കമ്യൂണിസ്റ്റ് ഗവണ്മെന്റിനെ പിരിച്ചുവിട്ടത്.

## വിമോചനസമരം ന്യായീകരിക്കപ്പെട്ടുവോ?

നെഹ്റുവിന്റേയും മറ്റു കോൺഗ്രസ്സുനേതാക്കന്മാരുടേയും ഈ നിഗമനം തകച്ചും തെറ്റിയിരുന്നുവെന്ന് 1960 ലെ തിരഞ്ഞെടുപ്പുഫലങ്ങൾ തെളിയിച്ചിരിയ്ക്കുന്നു. കമ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായിരുന്ന ബഹുജനപിന്തുണ ഒട്ടുംതന്നെ നഷ്ടപ്പെട്ടിട്ടില്ല. നേരേമറിച്ചു കമ്യൂണിസ്റ്റ് ഗവൺമെന്റ് രൂപവൽക്കരിയ്ക്കുന്നതിന്നു മുമ്പുണ്ടായിരുന്നതിനേക്കാൾ എത്രയോ അധികം ജനങ്ങൾ ഇന്നു പാർട്ടിയുടെ പിന്നിൽ അണിനിരന്നിട്ടുണ്ട്. 1957-ലെ തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടിക്കും പാർട്ടി പിന്താങ്ങിയ സ്വതന്ത്രന്മാർക്കും കൂടി കിട്ടിയ വോട്ട് 23 ¾ ലക്ഷം മാത്രമായിരുന്നു. അതായത് ആകെ പോൾ ചെയ്ത വോട്ടിന്റെ 40.4 ശതമാനം. 1960 ലെ തിരഞ്ഞെടുപ്പിലാകട്ടെ പാർട്ടിയ്ക്കും പാർട്ടി പിന്താങ്ങിയ സ്വതന്ത്രന്മാർക്കും കൂടി 35½ ലക്ഷം വോട്ടുകൾ കിട്ടിയിരിക്കുന്നു. ഇത് ആകെ പോൾ ചെയ്ത വോട്ടിന്റെ 43½ ശതമാനത്തിലധികമാണ്. 1957 ൽ കിട്ടിയതിനേക്കാൾ 12 ലക്ഷം വോട്ടുകൾ കൂടുതലാണ്; എന്നുവെച്ചാൽ കമ്യൂണിസ്റ്റ് ഗവൺമെന്റു വരുന്നതിന്നുമുമ്പ് പാർട്ടിയ്ക്കു പിന്തുണനൽകിയ ഓരോ നൂറുപേരുടെ സ്ഥാനത്ത് ഇന്ന് നൂറ്റമ്പതുപേർ പാർട്ടിയുടെ പിന്നിലണിനിരന്നിരിയ്ക്കുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുടെ നയപരിപാടികളും കമ്യൂണിസ്റ്റ് ഗവൺമെന്റു നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങളും പൊതുവിൽ ശരിയായിരുന്നു എന്നും അതിൻഫലമായി കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനശക്തി മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം വളർന്നിരിയ്ക്കുന്നുവെന്നുമല്ലേ ഈ കണക്കുകൾ വിളിച്ചുപറയുന്നത്?

## പാർട്ടിയുടെ സ്വാധീനശക്തി വളരുന്നു

മൂക്കുട്ടുമുന്നണിക്കാർക്കു കൂടുതൽ സീറ്റുകിട്ടിയിട്ടുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ, ഇതിന്റെ അർത്ഥം അവർ കമ്യൂണിസ്റ്റ് ഗവൺമെന്റിന്നെതിരായി അഴിച്ചുവിട്ട 'വിമോചനസമരം' ശരിയായിരിക്കുമെന്നാണോ?

തീർച്ചയായുമല്ല. 'വിമോചനസമര'ത്തിൽ ഏറ്റവും സജീവമായി പ്രവർത്തിച്ച ആർ. എസ്. പി., കെ. എസ്. പി., ജനസംഘം എന്നീ പാർട്ടികൾ തിരഞ്ഞെടുപ്പിൽ നിലംപരിശാവുകയാണുണ്ടായത്. തങ്ങൾ ഈറ്റപ്പുലികളാണെന്നും തങ്ങളാണ് മുൻപന്തിയിൽനിന്നുകൊണ്ടു 'വിമോചനസമര'ത്തെ 'വിജയ'ത്തിലേക്കു നയിച്ചതെന്നും റവലൂഷണറിസോഷ്യലിസ്റ്റ് പാർട്ടിക്കാർ വീമ്പടിച്ചു നടന്നിരുന്നു പക്ഷേ, തിരഞ്ഞെടുപ്പിൽ അവർ ആഗ്രഹിച്ചതുപോലെ 3 ശതമാനം വോട്ടുകൾകൂടി അവർക്കുനേടാൻ കഴിഞ്ഞില്ല. ഒട്ടനവധി യുവാക്കന്മാരെ അണിനിരത്തിക്കൊണ്ടു വീറോടെ സമരംചെയ്ത ശ്രീ. മത്തായി മാഞ്ഞൂരാന്റെ കെ. എസ്. പി ദയനീയമായി പരാജയപ്പെട്ടു. ജനസംഘത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. 'വിമോചന'സമരമാണ് ബഹുജനപിന്തുണയുടെ അടിസ്ഥാനമെങ്കിൽ ഈ പാർട്ടികൾക്ക് കൂടുതൽ വോട്ടുകൾ കിട്ടേണ്ടതായിരുന്നു.

കോൺഗ്രസ്സ് - പി.എസ്. പി-ലീഗു മുക്കൂട്ടുമുന്നണിയ്ക്ക് 126-ൽ 94 സീറ്റുകളും 43 ലക്ഷം വോട്ടുകളും കിട്ടിയിട്ടുണ്ട്. യഥാർത്ഥത്തിലിത് മൂക്കൂട്ടുമുന്നണിയുടെ മാത്രം ശക്തിയല്ല. രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും സാമുദായികവുമായ എല്ലാത്തരം പിന്തിരിപ്പത്തങ്ങളുടേയും വൃത്തികേടുകളുടേയും കൂട്ടുകെട്ടാണു വിജയിച്ചത്. കത്തോലിക്കാപ്പള്ളി, നായർ സർവ്വീസ് സൊസൈറ്റിയുടേയും മുസ്ലീംലീഗിന്റേയും സാമുദായികവാദം, മതപരമായ ഭീഷണികൾ, സ്ഥാപിതതാല്പര്യക്കാർ, അഖിലേന്ത്യാ കോൺഗ്രസ്സു നേതൃത്വം, കേന്ദ്രഗവൺമെന്റ്, വിദേശത്തുനിന്നുള്ള പണം ഇവയെല്ലാം കൂടിയാണ് മുക്കൂട്ടുമുന്നണിയെ വിജയിപ്പിച്ചത്. ഒരുദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാം. ഏറണാകുളം നിയോജകമണ്ഡലത്തിൽ വിജയിച്ചത് ഒരു കോൺഗ്രസ്സ് സ്ഥാനാർത്ഥിയാണ്. എന്നാൽ കത്തോലിക്കാ വൈദികനേതൃത്വം കെ. എസ്.പി. സ്ഥാനാർത്ഥിയെ വിജയിപ്പിയ്ക്കാനാണ് ഇടയലേഖനമിറക്കിയിരുന്നതെങ്കിൽ ശ്രീ. മത്തായി മാഞ്ഞൂരാൻ വിജയിയ്ക്കുമായിരുന്നു.

ഇത്രയൊക്കെയായിട്ടും, കോൺഗ്രസ്സിന്നു 28 ലക്ഷവും പി.എസ്സ്. പി.ക്കു 11 ലക്ഷവും മുസ്ലീംലീഗിന്നു 4 ലക്ഷവും വോട്ടുകൾ കിട്ടിയപ്പോൾ കമ്യൂണിസ്റ്റ് പാർട്ടിയ്ക്കുമാത്രം 35 ½ ലക്ഷം വോട്ടുകൾ നേടാൻ കഴിഞ്ഞു. ഏറ്റവുമധികം വോട്ടുകൾ കിട്ടിയതു കമ്യൂണിസ്റ്റ് പാർട്ടിയ്ക്കാണെന്നും ജനങ്ങളുടെയിടയിൽ കമ്യൂണിസ്റ്റ് പാർട്ടിയേക്കാൾ സ്വാധീനശക്തിയുള്ള മറ്റൊരു പാർട്ടിയും കേരളത്തിലില്ലെന്നും ഈ കണക്കുകൾ വ്യക്തമാക്കുന്നു.

## സ്വന്തമായ ശക്തി കുറയുന്നു

മറ്റൊരു കാര്യം കൂടി എടുത്തു പറയേണ്ടതുണ്ട്: കോൺഗ്രസ്സ് - പി. എസ്. പി- മുസ്ലീംലീഗു പാർട്ടികൾക്കു കിട്ടിയ വോട്ടുകൾ അതാതു

പാർട്ടികൾക്കുള്ള ബഹുജനപിൻബലത്തെ ശരിയ്ക്കും പ്രതിഫലിപ്പിയ്ക്കുന്നില്ല. ഉദാഹരണത്തിന്ന്, കോൺഗ്രസ്സിന്നു കിട്ടിയ 28 ലക്ഷം വോട്ടുകൾ കോൺഗ്രസ്സിന്റെ മാത്രം വോട്ടുകളല്ല; മുസ്ലീംലീഗിന്റെയും പി. എസ്. പിയുടേയും വോട്ടുകൾകൂടി അവയിലടങ്ങിയിട്ടുണ്ട്. ഈ യാഥാർത്ഥ്യം മുക്കൂട്ടുമുന്നണിക്കാർ തന്നെ സമ്മതിയ്ക്കുന്നുണ്ട്. മൂക്കൂട്ടുമുന്നണിയിലെ 'ഏതെങ്കിലും ഒരു കക്ഷിയ്ക്കു കിട്ടിയ സീറ്റ് അതിന്റെ സ്വന്തം ശക്തി കൊണ്ടുമാത്രം നേടിയതാണെന്നു ഭാവിയ്ക്കുന്നെങ്കിൽ അതു സത്യസന്ധമല്ല" എന്ന് 'ദിനബന്ധു'വും (ഫെബ്രുവരി 14-ാം തീയതിയിലെ മുപ്രസംഗത്തിൽ) "കെ. പി. സി. സി. പ്രസിഡണ്ടായ ആർ. ശങ്കർ തന്നെ ജയിച്ചിട്ടുള്ളത് കോൺഗ്രസ്സുകാരുടെ വോട്ടുകൊണ്ടുമാത്രമല്ല. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ വിജയത്തിന്നു മുഖ്യഹേതു കണ്ണൂരിലെ മുസ്ലീം ലീഗാണ്. അങ്ങിനെ പലരുടേയും" എന്ന് 'എക്സ്പ്രസ്സും' (ഫ്രെബ്രുവരി 13-ാം തീയതി മുഖപ്രസംഗത്തിൽ) തുറന്നു സമ്മതിയ്ക്കുന്നു. കാര്യം വ്യക്തമാണ്. 1957 ൽ ചെയ്തതുപോലെ ഒറ്റയ്ക്കൊറ്റയ്ക്കാണ് കമ്യൂണിസ്റ്റ് പാർട്ടിയെ നേരിട്ടിരുന്നത് എങ്കിൽ മൂക്കൂട്ടുമുന്നണിയിലെ കക്ഷികൾക്ക് ഇപ്പോൾ കിട്ടിയിട്ടുള്ളത്ര വോട്ടുകളോ സീറ്റുകളോ ഒരിയ്ക്കലും കിട്ടുമായിരുന്നില്ല. ഇതിന്റെ കോൺഗ്രസ്സ്, പി. എസ്. പി., മുസ്ലീംലീഗ് എന്നീ പാർട്ടികളിലോരോന്നിന്റേയും സ്വന്തമായ ശക്തി വളരെയധികം കുറഞ്ഞിട്ടുണ്ടെന്നും നേരെ മറിച്ച് കമ്യൂണിസ്റ്റ് പാർട്ടിയുടേതു താരതമ്യേന വർദ്ധിച്ചിട്ടുണ്ടെന്നുമാണ്; കമ്യൂണിസ്റ്റ് പാർട്ടിയ്ക്കെതിരായി സ്വന്തം കാലിന്മേൽനിന്നുകൊണ്ട് മത്സരിച്ച് എട്ടോ പത്തോ സീറ്റെങ്കിലും, നേടാൻ കഴിവുള്ള യാതൊരു പാർട്ടിയും കേരളത്തിലില്ലാതായിക്കഴിഞ്ഞിരിക്കുന്നുവെന്നാണ്.

മുക്കൂട്ടുമുന്നണിയിലെ മൂന്നു കക്ഷികളിൽവെച്ച് എറ്റവുമധികം വോട്ടു കിട്ടിയത് കോൺഗ്രസ്സിനാണ്. എന്നാൽ രാഷ്ട്രീയവും ധാർമ്മികവുമായി ഏറ്റവുമധികം തകർന്നതും കോൺഗ്രസ്സാണ്. ദേശീയബോധത്തിന്റേയും സ്വാതന്ത്ര്യ സമരത്തിന്റേയും പാരമ്പര്യത്തെ ഉയർത്തിപ്പിടിച്ചുപോന്ന കോൺഗ്രസ്സിന്നു കത്തോലിക്കാപ്പള്ളി മേധാവിത്വത്തിന്റേയും മുസ്ലിംലീഗിന്റേയും സഹായം കൂടാതെ കേരളക്കരയിൽ നിലനില്ക്കാൻപോലും സാദ്ധ്യമല്ലെന്നായിരിയ്ക്കുന്നു. ഈ അധഃപതനത്തെയാണ് അവർ ജനാധിപത്യത്തിന്റെ വിജയമെന്നു വിളിയ്ക്കുന്നത്!

## ബൂർഷ്വാസിയുടെ ധാർമ്മികാധഃപതനം

ഇന്ത്യൻ ബൂർഷ്വാസിയെ നേരിടാൻ തുടങ്ങിയിട്ടുള്ള കുഴപ്പം സാമ്പത്തികരംഗത്തിലോ രാഷ്ട്രീയ രംഗത്തിലോ മാത്രമല്ല പ്രകടമാകുന്നത്. ധാർമ്മികവും സാംസ്ക്കാരികവുമായ മണ്ഡലങ്ങളെ നേരിട്ടിട്ടുള്ള കുഴ

പ്പമാണ് കൂടുതൽ ശോചനീയം. തങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയ വുമായ സ്വേച്ഛാധിപത്യം നിലനിർത്താൻ കഴിഞ്ഞ കാലത്തത്രയും ജനാധിപത്യം, ദേശീയത്വം മതേതരരാഷ്ട്രം, അഹിംസ, സഹകരണം, സമാധാനം തുടങ്ങിയ മുഖ്യങ്ങളുയർത്തിപ്പിടിയ്ക്കാൻ അവർക്കു സാധിച്ചിരുന്നു. എന്നാൽ, തൊഴിലാളിവർഗ്ഗം കണക്കിലെടുക്കപ്പെടേണ്ട ഒരു ശക്തിയായി വളരാൻ തുടങ്ങിയപ്പോൾ ഇത്തരം മൂല്യങ്ങൾക്കൊന്നും യാതൊരു സ്ഥാനവുമില്ലാതായി. ജനാധിപത്യത്തെപ്പിടിച്ചാണയിട്ടു നടന്നവർ കമ്യൂണിസ്റ്റ് പാർട്ടിയ്ക്കെതിരായി ജനാധിപത്യവിരുദ്ധമായ എന്തു നടപടി വേണമെങ്കിലും സ്വീകരിയ്ക്കാൻ സന്നദ്ധരായി. മുസ്ലിംലീഗിനെ 'ചത്ത കുതിര'യെന്നു പറഞ്ഞാക്ഷേപിച്ചവർക്ക് അതേ ലീഗിന്റെ പതാകയിൻകീഴിൽ നിന്നുകൊണ്ടല്ലാതെ ഒരു പ്രസംഗം ചെയ്യാൻപോലും സാധിയ്ക്കില്ലെന്നായി. മതേതരരാഷ്ട്രത്തിന്റെ മാഹാത്മ്യമുയർത്തിപ്പിടിച്ചുകൊണ്ട് മതം രാഷ്ട്രീയ കാര്യങ്ങളിലിടപെടാൻ പാടില്ലെന്നു ശഠിച്ചിരുന്നവർക്ക് വോട്ടുവേണമെങ്കിൽ ഇടയലേഖനങ്ങളുടെ സഹായം കൂടിയേ കഴിയൂ എന്നായി. സത്യം, അഹിംസ തുടങ്ങിയ വലിയ വലിയ വാക്കുകൾ ഉച്ചരിച്ചു നടന്നവർക്ക് 'കമ്യൂണിസത്തിന്റെ ഭീഷണി'യുടെ മുമ്പിൽ എന്തു നുണയും പറയണമെന്നായി. എന്തക്രമവും കാണിയ്ക്കാമെന്നായി, ചുരുക്കിപ്പറഞ്ഞാൽ, 1960–ലെ തിരഞ്ഞെടുപ്പ് ബൂർഷ്വാസിയുടെ എല്ലാ കാപട്യങ്ങളേയും തുറന്നു കാണിച്ചിരിയ്ക്കുന്നു.

എന്നിട്ടും, മുക്കൂട്ടുമുന്നണിയുടെ പിന്നിൽ 43 ലക്ഷം വോട്ടർമാർ അണിനിരക്കുകയുണ്ടായി എന്നത് ഒരു പരമാർത്ഥമാണ്. ഒരു ദയനീയമായ പരമാർത്ഥം ഈ വോട്ടർമാരെല്ലാം സ്ഥാപിതതാല്പര്യക്കാരായ ജന്മികളും മുതലാളിമാരുമാണോ? അല്ലെങ്കിൽ സ്ഥാപിതതാല്പര്യക്കാരുടെ ചട്ടുകങ്ങളായിത്തീർന്ന വൈദീക നേതാക്കന്മാരും വർഗ്ഗീയഭ്രാന്തന്മാരുമാണോ? തീർച്ചയായുമല്ല. നേരെമറിച്ച് അവരിൽ ഭൂരിഭാഗവും സാധാരണക്കാരായ ജനങ്ങളാണ്. അവരുടെയിടയിൽ കൃഷിക്കാരുണ്ട്, ഇടത്തരക്കാരുണ്ട്, തൊഴിലാളികൾപോലുമുണ്ട്. ലക്ഷക്കണക്കിലുള്ള ഈ ജനങ്ങൾ മുക്കൂട്ടുമുന്നണിക്കാർക്കു വോട്ടു ചെയ്തതെന്തുകൊണ്ടാണ്? ബൂർഷ്വാസിയുടേയും മറ്റു സ്ഥാപിത താല്പര്യക്കാരുടേയും അവർക്കൊറ്റുനിന്ന സാമുദായിക – മതശക്തികളുടേയും നയപരിപാടികളെ ലക്ഷക്കണക്കിലുള്ള ജനങ്ങൾ അനുകൂലിക്കുന്നുണ്ടെന്നാണോ ഇതിന്റെ അർത്ഥം? 'അല്ല' എന്നുറപ്പിച്ചു പറയാം.

## നിഷേധാത്മകമായ വോട്ടുകൾ

കമ്യൂണിസ്റ്റ് പാർട്ടിയ്ക്കു വോട്ടുചെയ്ത മുപ്പത്തഞ്ചരലക്ഷം ജനങ്ങൾ വ്യക്തവും ക്രിയാത്മകവുമായ ഒരു പരിപാടിയ്ക്കുവേണ്ടിയാണ്

വോട്ടുചെയ്തത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ നയപരിപാടികളേയും കമ്യൂണിസ്റ്റ് ഗവൺമെന്റ് നടപ്പിൽവരുത്തിയ പരിഷ്ക്കാരങ്ങളേയും അവർ ശരിവച്ചിരിയ്ക്കുന്നു. എന്നാൽ മൂക്കുട്ടുമുന്നണിക്കാർ വ്യക്തമായ ഒരു പരിപാടിയുടെ അടിസ്ഥാനത്തിലല്ല തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. കമ്യൂണിസ്റ്റ് ഗവൺമെന്റ് കൊണ്ടുവന്ന വിദ്യാഭ്യാസ നിയമം, കർഷകബന്ധബിൽ മുതലായ നിയമനിർമ്മാണങ്ങളെപ്പോലും പരസ്യമായി എതിർക്കാൻ അവർ ധൈര്യപ്പെടുകയുണ്ടായില്ല. പ്രധാനമായും കമ്യൂണിസ്റ്റ് വിരോധത്തിന്റെ പേരിലാണ് അവർ വോട്ടു ചോദിച്ചത്. കമ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റിയും കമ്യൂണിസ്റ്റ് ഗവൺമെന്റിനെപ്പറ്റിയും നെറികെട്ട അവവാദങ്ങളും നുണകളും പ്രചരിപ്പിച്ചുകൊണ്ടാണ് അവർ നാട്ടുകാരെ സമീപിച്ചത്. രാഷ്ട്രീയമായി പിന്നണിയിൽ കിടക്കുന്ന മുസ്ലീം സ്ത്രീകൾ, കത്തോലിക്കാ സ്ത്രീകൾ മുതലായവരുടെ മതവികാരത്തെ ചൂഷണം ചെയ്തുകൊണ്ടും മതപരമായ ഭീഷണികൾ ഉപയോഗിച്ചുകൊണ്ടുമാണ് അവർ വോട്ടുനേടിയത്. കമ്യൂണിസത്തിന്റെ അപകടങ്ങളെപ്പറ്റി ചെറുകിട സ്വത്തുടമസ്ഥന്മാരിലും ഇടത്തരക്കാരിലും ഒരുതരം ഭീതിയുളവാക്കിക്കൊണ്ട് വോട്ടു സമ്പാദിക്കാനാണ് അവർ പരിശ്രമിച്ചത്. ചുരുക്കിപ്പറഞ്ഞാൽ, ക്രിയാത്മകമായ ഒരു പരിപാടിയുടെ പേരിലല്ല, നിഷേധാത്മകമായ കമ്യൂണിസ്റ്റ് വിരോധത്തിന്റെ പേരിലാണ് അവർ ജനങ്ങളെ അണിനിരത്തിയത്. അങ്ങിനെയാണ് രാഷ്ട്രീയമായി പിന്നണിയിൽകിടക്കുന്നവരും 1960 വരെ വോട്ടിന്റെ പ്രാധാന്യംപോലും മനസ്സിലാക്കാത്തവരുമായ വലിയൊരു വിഭാഗം ജനങ്ങളുടെ പിൻബലം നേടാൻ അവർക്കു സാധിച്ചത്.

## കമ്യൂണിസ്റ്റ് വിരോധം വിജയിക്കുകയില്ല

ഇത്തരത്തിലുള്ള കമ്യൂണിസ്റ്റ് വിരോധം ലോകത്തിലെവിടെയും വിജയിച്ചിട്ടില്ല. ഹിറ്റ്ലരുടെ കമ്യൂണിസ്റ്റ് വിരോധത്തിന്നുപോലും ഏറെക്കാലം ജനങ്ങളെ മയക്കാൻ കഴിഞ്ഞിട്ടില്ല. തൊഴിലില്ലായ്മ പരിഹരിക്കുക, വ്യവസായങ്ങൾ സ്ഥാപിക്കുക, ജർമ്മനിയെ ഐശ്വര്യപൂർണ്ണമാക്കുക, മറ്റു രാജ്യങ്ങളെ കീഴടക്കിക്കൊണ്ട് ജർമ്മനിയുടെ ശക്തി വർദ്ധിപ്പിക്കുക എന്നിങ്ങിനെയുള്ള ക്രിയാത്മകമായ ഒരു പരിപാടിയുമായി ബന്ധപ്പെടുത്തിക്കൊണ്ടു മാത്രമേ ഹിറ്റ്ലർക്കുപോലും കമ്യൂണിസ്റ്റ് വിരോധം ആളിക്കത്തിയ്ക്കാൻ കഴിഞ്ഞുള്ളു. കേരളത്തിലെ മൂക്കൂട്ടുമുന്നണിക്കാരുടെ സ്ഥിതി വ്യത്യസ്തമാണ്. അവരുടെ കമ്യൂണിസ്റ്റ് വിരോധത്തിന്നു കേരളത്തെ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളുമായി യാതൊരു ബന്ധവുമില്ല. വ്യവസായവൽക്കരണം, കാർഷിക പരിഷ്ക്കരണം, ജനങ്ങളുടെ ജീവിതത്തോതുയർത്തൽ നിത്യോപയോഗ സാധ

നങ്ങളുടെ വില കുറയ്ക്കൽ, ഭക്ഷ്യപ്രശ്നം പരിഹരിയ്ക്കൽ, കൂലിയും ബോണസ്സും എന്നിങ്ങിനെയുള്ള പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കമ്യൂണിസ്റ്റ് വിരോധം കൊണ്ടു സാധിക്കുകയില്ല.

മുക്കൂട്ടുമുന്നണിക്കാർ ഭരണമേറ്റെടുത്തു കഴിഞ്ഞാൽ സ്ഥിതി മാറാൻ തുടങ്ങും. അന്ധമായ കമ്യൂണിസ്റ്റ് വിരോധം ഛർദ്ദിച്ചുകൊണ്ട് മാത്രം കേരളത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധയെ എത്രകാലം തിരിച്ചുവിടാൻ കഴിയും. കമ്യൂണിസ്റ്റ് വരോധ ത്തിന്റെ പേരിൽ മാത്രം, തങ്ങൾക്കു വോട്ടുചെയ്ത 43 ലക്ഷം ജനങ്ങ ളുടെ പിന്തുണ എത്രകാലം നിലനിറുത്താൻ സാധിയ്ക്കും?

മറ്റൊരു മാർഗ്ഗമുണ്ട്: പിന്നണിയിൽ കിടക്കുന്ന കേരളത്തെ വ്യാവ സായികമായും കാർഷികമായും സാമൂഹ്യമായും സാംസ്കാരികമായും അഭിവൃദ്ധിപ്പെടുത്തുന്നതിന്നും ഭൂരിപക്ഷക്കാരായ അദ്ധ്വാനിയ്ക്കുന്ന ജന ങ്ങളുടെ താല്പര്യങ്ങളെ കാത്തുരക്ഷിക്കുന്നതിന്നുമുതകുന്ന ധീരമായ ഒരു പരിപാടിയുടെ പിന്നിൽ ജനങ്ങളെയാകെ യോജിപ്പിച്ചണിനിരത്തുക. പക്ഷേ, ഇത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ജനങ്ങളെ യോജിപ്പിക്കുകയാണ് പരിപാടിയെങ്കിൽ കമ്യൂണിസ്റ്റ് വിരോധത്തിന്നു ഒരു സ്ഥാനവുമില്ലാതായിത്തീരും. എന്തെന്നാൽ, മൂക്കൂട്ടുമുന്നണി ക്കാർക്കു വോട്ടു ചെയ്ത 43 ലക്ഷം ജനങ്ങളും കമ്യൂണിസ്റ്റ് പാർട്ടിക്കു വോട്ടുചെയ്ത 35 ലക്ഷം ജനങ്ങളും ഒരുപോലെ സ്വാഗതം ചെയ്യുന്ന ഒരു പരിപാടിയായിരിക്കും അത്.

പക്ഷേ, ഒന്നുണ്ട്. ഇത്തരമൊരു ജനകീയ പരിപാടി നടപ്പിൽ വരു ത്താൻ തുടങ്ങുന്ന നിമിഷത്തിൽ മുക്കൂട്ടുമുന്നണിക്കുള്ളിലെ വൈരുദ്ധ്യ ങ്ങൾ മൂർച്ഛിയ്ക്കാൻ തുടങ്ങും. ഉദാഹരണത്തിന്ന്, കമ്യൂണിസ്റ്റ് പാർട്ടി തുടങ്ങിവെച്ച കാർഷിക ബന്ധബില്ലിലോ വിദ്യാഭ്യാസ നിയമത്തെ വ്യവ സായബന്ധബില്ലിലോ ഒന്നു വെച്ചാൽ മതി, കമ്യൂണിസ്റ്റ് വിരോധത്തിൽ മാത്രം അടിയുറച്ച മുക്കൂട്ടുമുന്നണിയുടെ ഐക്യം പൊളിയാൻ തുടങ്ങി.

രണ്ടായാലും, അന്ധമായ കമ്യൂണിസ്റ്റ് വിരോധത്തിന്ന് ദീർഘായുസ്സു തീർച്ച.

നവയുഗം 20.2.1960

# അദ്ധ്യായം 7

# കർഷകസമരം

കേരള കർഷകസംഘത്തിന്റെ തീരുമാനമനുസരിച്ച് എല്ലാ ജില്ലാതലസ്ഥാനങ്ങളിലും ദിവസേന നൂറുക്കണക്കിൽ കൃഷിക്കാർ സമരം ചെയ്ത് അറസ്റ്റ് വരിച്ചുകൊണ്ടിരിക്കുകയാണ്. കൂടിയാലോചനകളിലൂടെ പ്രശ്നം പരിഹരിക്കാനുള്ള എല്ലാ വാതിലുകളും അടഞ്ഞതിന്നു ശേഷമാണ് അവർ സമരമാരംഭിച്ചത്. അവരുന്നയിച്ച പതിനേഴ് അടിയന്തിരാവശ്യങ്ങൾ അന്യായമാണെന്നോ രാജ്യത്തിന്റെ താൽപ്പര്യങ്ങൾക്കെതിരാണെന്നോ സങ്കരഗവൺമെന്റിലെ മന്ത്രിമാർക്കുപോലും പറയാനാവില്ല. കർഷകസംഘത്തിന്റെ നേതാക്കന്മാർ മിക്കവരും കമ്യൂണിസ്റ്റ്കാരാണെന്നുള്ളത് ശരിയാണ്. പക്ഷേ, സംഘം ഉന്നയിച്ച ആവശ്യങ്ങളാണ് അതുകൊണ്ടുതന്നെയാണ് കോൺഗ്രസ്സുകാരെന്നോ, കമ്യൂണിസ്റ്റ്കാരെന്നോ വ്യത്യാസമില്ലാതെ പതിനായിരക്കണക്കിലുള്ള കൃഷിക്കാർ എന്തുത്യാഗം ചെയ്യാനും സന്നദ്ധരായിക്കൊണ്ട് സമരരംഗത്തിലിറങ്ങിയിട്ടുള്ളത്. അറസ്റ്റുകളും ഭീഷണികളും സമരത്തെ തണുപ്പിയ്ക്കാനല്ല, മൂർച്ഛിപ്പിക്കാൻ മാത്രമാണ് സഹായിച്ചുകൊണ്ടിരിയ്ക്കുന്നത്. ദിവസം ചൊല്ലുന്തോറും സമരം പടർന്നുപിടിച്ചുകൊണ്ടിരിയ്ക്കുകയാണ്.

ഇത്തരമൊരു സമരം അഴിച്ചുവിടാതെ തന്നെ പ്രശ്നം പരിഹരിയ്ക്കാൻ ഗവൺമെന്റിന്നു വേണമെങ്കിൽ സാധിയ്ക്കുമായിരുന്നു. അതിന്റെ പക്ഷേ, അതല്ല അവർ ചെയ്തത്. കർഷകസംഘം സമർപ്പിച്ച മെമ്മോറാണ്ടത്തിന്ന് ഔപചാരികമായ ഒരു മറുപടി നൽകാൻ പോലും അവർ തയ്യാറായില്ല. നേരെ മറിച്ച് മർദ്ദനങ്ങളഴിച്ചുവിട്ടുകൊണ്ടും ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കിക്കൊണ്ടും സമരത്തെ പരാജയപ്പെടുത്താൻ കഴിയുമെന്നാണ് അവരിപ്പോഴും കരുതുന്നത്. കൃഷിക്കാരുടെ

അടിയന്തിരാവശ്യങ്ങൾക്കു വേണ്ടിയുള്ള സമരം ഗവൺമെന്റിനെ അട്ടി മറിയ്ക്കാനുള്ള ഒരു രാഷ്ട്രീയസമരമാണത്രേ! രേഖയില്ലാത്ത കുടിയാന്മാർക്കു രേഖയുണ്ടാക്കിക്കൊടുക്കുകയോ മേൽച്ചാർത്തവസാനിപ്പിക്കുകയോ കൂടുതൽ ലാൻഡ് ട്രൈബ്യൂണലുകൾ തുറക്കുകയോ ചെയ്താൽ ഗവൺമെന്റ് അട്ടിമറിഞ്ഞു പോകുന്നതെങ്ങിനെയാണ്? രാഷ്ട്രീയസമരം എന്നൊരു വാക്കുരുവിട്ടാൽ ഇന്നത്തെ ഗവൺമെന്റ് നിലനിൽക്കണമെന്നാഗ്രഹിക്കുന്ന കൃഷിക്കാരും, ഗവൺമെന്റു മാറിക്കാണണമെന്നാഗ്രഹിക്കുന്ന കൃഷിക്കാരും രണ്ടു ചേരിയായി പിളർന്നുപോകുമെന്ന് അവർ വ്യാമോഹിക്കുന്നുണ്ടാവാം. ഇതാണ് അവരുടെ യഥാർത്ഥോദ്ദേശമെന്ന് കർഷകസമരത്തെ എതിർത്തുകൊണ്ടുള്ള കെ.പി.സി.സി സെക്രട്ടറി ശ്രീ. സ്റ്റീഫന്റെ പ്രസ്താവന വ്യക്തമാക്കുന്നുമുണ്ട്. അദ്ദേഹം പറയുന്നു:

"കമ്യൂണിസ്റ്റുകളും കമ്യൂണിസ്റ്റിതരരും എന്നുള്ള വിരുദ്ധചേരികളിലേയ്ക്ക് ജനങ്ങൾ ബോധപൂർവം തിരിഞ്ഞുമാറുകയും കമ്യൂണിസ്റ്റേതരമായ എല്ലാ ശക്തികളും ഇന്നത്തെ ഐക്യകക്ഷി ഗവൺമെന്റ് പ്രതിനിധാനം ചെയ്യുന്ന ദേശീയജനാധിപത്യചേരിയിൽ അണിനിരന്നു കൊണ്ട് വിമോചനസമരകാലത്തെ മനോഭാവത്തോടുകൂടിത്തന്നെ കമ്യൂണിസ്റ്റ് പാർട്ടിയെ നേരിടുകയും ചെയ്യണം എന്നതാണ് ഇന്നത്തെ ചരിത്രപരമായ കടമ."

പക്ഷേ, കമ്യൂണിസ്റ്റ്വിരോധം ഊതിവീർപ്പിച്ചുകൊണ്ട് കൃഷിക്കാരെ ഭിന്നിപ്പിച്ചുനിർത്തുകയും അങ്ങിനെ ജനങ്ങളെ ചൂഷണം ചെയ്തുമുടിക്കുന്ന വൻകിടജന്മികളുടെ സ്ഥാപിതതാൽപ്പര്യങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യുന്ന ഈ പുതിയ അടവ് കേരളത്തിലിനി വളരെയൊന്നും ഫലിക്കുമെന്നു തോന്നുന്നില്ല. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങൾക്കിടയിൽ കൃഷിക്കാർക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ അത്ര വിലപിടിച്ചവയാണ്.

ജന്മിമേധാവിത്വത്തിന്നെതിരായ സമരം പഞ്ചവത്സരപദ്ധതിയെ അപകടത്തിലാക്കുമെന്ന വാദമാണ് ഏറ്റവും അപഹാസ്യമായിത്തോന്നുന്നത്. വ്യവസായവൽക്കരണവും കാർഷികപരിഷ്കാരങ്ങളുമാണല്ലോ പഞ്ചവത്സരപദ്ധതിയുടെ മർമ്മപ്രധാനമായ ഭാഗങ്ങൾ. ഈ രണ്ടു ഭാഗങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നും വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്താൻതന്നെ കാർഷിക പരിഷ്കരണം ആവശ്യമാണെന്നും നമ്മുടെ സാമ്പത്തികാസൂത്രണവിദഗ്ദ്ധന്മാരെല്ലാം സമ്മതിച്ചുകഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടാണ് എല്ലാ സ്റ്റേറ്റുകളിലും കാർഷിക പരിഷ്കാരങ്ങൾ താമസം വിനാ നടപ്പിലാക്കുമെന്ന് പ്ലാനിങ്ങ് കമ്മീഷൻ കൂടെക്കൂടെ ആഹ്വാനം ചെയ്യുന്നത്. പക്ഷേ, കേരളത്തിലെ ഭരണകക്ഷിത്തലവന്മാരുടെ അഭിപ്രായത്തിൽ കാർഷികപരിഷ്കരണം നടപ്പിലാക്കിയാ

ലാണ് പഞ്ചവത്സരപദ്ധതി അപകടത്തിലാവുക! യഥാർത്ഥത്തിൽ, കേരള അസംബ്ലി പാസ്സാക്കിയ കാർഷിക ബന്ധനിയമത്തിലെ വകുപ്പുകൾ നടപ്പിൽവരുത്തിക്കിട്ടാൻ വേണ്ടി സമരം നടത്തുന്ന കൃഷിക്കാരല്ല, അവരുടെ സമരത്തെ എതിർക്കുന്നവരാണ് സാമ്പത്തിക വികസനപദ്ധതിയുടെ ശത്രുക്കളെന്ന് ഇപ്പോൾ വ്യക്തമാക്കുന്നു.

കൃഷിക്കാരുടെ പ്രശ്നം പരിഹരിച്ചു നാട്ടിൽ സമാധാനപരമായ ഒരന്തരീക്ഷം നിലനിർത്താൻ ഗവൺമെന്റിനാഗ്രഹമുണ്ടെങ്കിൽ ഇനിയും സമയം വൈകിയിട്ടില്ല. ആയിരക്കണക്കിലുള്ള കൃഷിക്കാരെ ജയിലിലടച്ച് സമരം മൂർച്ഛിപ്പിക്കുന്നതിനു പകരം കർഷകനേതാക്കന്മാരുമായി കൂടിയാലോചന നടത്തുവാനും കൃഷിക്കാരുടെ ന്യായമായ ആവശ്യങ്ങളെല്ലാമനുവദിച്ചുകൊടുത്തു ഒരൊത്തുതീർപ്പുണ്ടാക്കാനുമാണ് അവർ മുന്നോട്ടു വരേണ്ടത്. അതാണന്തസ്സ്.

## അദ്ധ്യായം 8

# സാമുദായിക ലഹളകളുടെ പാഠം

ദൽഹിയിൽ വെച്ചു കൂടിയ ദേശീയ സംയോജന കൗൺസിലിന്റെ സംയുക്തപ്രസ്താവനയിലെ മഷി ഉണങ്ങുന്നതിനു മുമ്പു തന്നെ അലിഗാറിലേയും മറ്റു ചില പട്ടണങ്ങളിലേയും തെരുവുകളിൽ നിന്നു പൊട്ടിപ്പുറപ്പെട്ട രക്തമൊഴുകിയിരിക്കുന്നു. ഡസൻകണക്കിൽ ഹിന്ദുക്കളും മുസ്ലീങ്ങളും കത്തിക്കുത്തേറ്റു മരിച്ചിട്ടുണ്ട്. ഹിന്ദുമതഭ്രാന്തന്മാർ മുസ്ലീങ്ങളുടെയും മുസ്ലീംമതഭ്രാന്തന്മാർ ഹിന്ദുക്കളുടെയും ഷോപ്പുകൾ കൊള്ളയടിച്ചിരിക്കുന്നു. ഒട്ടനവധി നിരപരാധികളുടെ വീടുകൾ അഗ്നിയ്ക്കിരയാക്കപ്പെട്ടിരിയ്ക്കുന്നു. സാമുദായികഭ്രാന്തും മനുഷ്യവിദ്വേഷവും കൈകോർത്തുപിടിച്ചു നൃത്തം ചെയ്യുകയാണ്.

അലിഗാർ യൂനിവേഴ്സിറ്റിയിലെ വിദ്യാർത്ഥിയൂണിയൻ തിരഞ്ഞെടുപ്പിനെത്തുടർന്നാണത്രേ ലഹളയാരംഭിച്ചത്. ഹിന്ദുവിദ്യാർത്ഥികളും മുസ്ലീംവിദ്യാർത്ഥികളും തമ്മിലായിരുന്നു മത്സരമൊന്നും എല്ലാ മുസ്ലീം സ്ഥാനാർത്ഥികളും ജയിച്ചുവെന്നും വിജയലഹരിയിൽ അവർ ഹിന്ദുവിദ്യാർത്ഥികളുടെ പ്രതിമ കത്തിച്ചുവെന്നും പകപോക്കാൻ വേണ്ടി ഹിന്ദുവിദ്യാർത്ഥികൾ ഒരു ഹോസ്റ്റലിൽ കടന്നുചെന്നു മുസ്ലീം വിദ്യാർത്ഥികളെ ആക്രമിച്ചുവെന്നും ഏറെത്താമസിയാതെ വിശ്വവിദ്യാലയത്തിന്നുള്ളിലെ ഈ വിദ്വേഷാഗ്നി പുറത്തേയ്ക്കു പരന്നുപിടിച്ച് വിദ്യാർത്ഥികളല്ലാത്ത ഹിന്ദുക്കളും മുസ്ലീംങ്ങളും തമ്മിലുള്ള ഒരു ലഹളയായിപ്പരിണമിച്ചുവെന്നും മറ്റുമാണ് പത്രറിപ്പോർട്ടുകളിൽ നിന്നു മനസ്സിലാക്കുന്നത്.

രാജ്യത്തിന്നാകെ ഏറ്റവും അപമാനകരമായ ഒരു സംഭവവികാസമാണിതെന്ന പ്രധാനമന്ത്രി നെഹ്റുവിന്റെ പ്രസ്താവന തികച്ചും ശരിയാണ്. പക്ഷേ, ലഹളയുടെ യഥാർത്ഥ കാരണമെന്താണെന്നു കണ്ടുപി

ടിയ്ക്കാനും ഇത്തരം ലജ്ജാവഹമായ സംഭവങ്ങൾ ഭാവിയിൽ ആവർത്തി ക്കാതിരിക്കാനുള്ള വഴികളാരായാനും അദ്ദേഹം മുതിരുന്നില്ലെന്നത് ഖേദ കരമായിരിക്കുന്നു. മുതിർന്നിരുന്നുവെങ്കിൽ സ്വന്തം പാർട്ടിയായ കോൺഗ്രസ്സിനെ വാനോളം പുകഴ്ത്താൻ വേണ്ടി തന്റെ മദ്രാസ് പ്രസം ഗത്തെ അദ്ദേഹം ഉപയോഗിക്കുമായിരുന്നില്ല. സാമുദായികവിദ്വേഷം വളർത്തുന്ന കാര്യത്തിൽ തന്റെ സ്വന്തംപാർട്ടി വഹിച്ച പങ്കിനെ അദ്ദേഹം തുറന്നു കാണിയ്ക്കുമായിരുന്നു.

ഏതാണ്ടു നാലുകൊല്ലങ്ങൾക്കു മുമ്പ് ഡോക്ടർ സക്കീർഹുസൈൻ വൈസ് ചാൻസലർസ്ഥാനത്തു നിന്നു റിട്ടയർചെയ്യുന്നതുവരെ അലി ഗാർ യൂനിവേഴ്സിറ്റിയിൽ സാമുദായികവാദത്തിന്റെ അഴിഞ്ഞാട്ടമുണ്ടാ യിരുന്നില്ല. സാമുദായികവാദത്തെയല്ല, ദേശീയൈക്യത്തെയാണു അദ്ദേഹം പ്രോത്സാഹിപ്പിച്ചത്. സാമുദായികവാദത്തിനെതിരായ ലിബ റൽ ചിന്താഗതികളും പുരോഗമനാശയങ്ങളും ഹറാമായിരുന്നില്ല.

അക്കാലത്തും വിദ്യാർത്ഥി യൂണിയന്റെ തിരഞ്ഞെടുപ്പുകളുണ്ടായി രുന്നു. പക്ഷേ, ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള വിദ്വേഷമായിരു ന്നില്ല തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം. നേരെമറിച്ച്, പുരോഗമനവാദിക ളായ ഹിന്ദു-മുസ്ലീം വിദ്യാർത്ഥികൾക്കെതിരായി പിന്തിരിപ്പൻ ചിന്താഗ തിക്കാരായ ഹിന്ദുവിദ്യാർത്ഥികളും മുസ്ലീം വിദ്യാർത്ഥികളും യോജിച്ചു പൊരുതുന്ന കാഴ്ച അസുലഭമായിരുന്നില്ല. സാമുദായികവാദത്തിന്നെ തിരായി പ്രസംഗിയ്ക്കാൻ കോൺഗ്രസ്സുനേതാക്കന്മാർക്കു മടിയില്ലാതി രുന്ന ഒരു കാലമായിരുന്നു അത്.

എന്നാൽ, നാലുകൊല്ലങ്ങൾക്കു മുമ്പു കേരളത്തിലൊരു കമ്യൂണിസ്റ്റ് മന്ത്രിസഭ ഉടലെടുത്തതോടെ സ്ഥിതി മാറി. കോൺഗ്രസ്സു നേതാക്കന്മാ രുടെ ഒന്നാം നമ്പർ ശത്രു കമ്യൂണിസമായിത്തീർന്നു. ജനങ്ങളുടെ പ്രത്യേകിച്ചും തൊഴിലാളി കർഷകബഹുജനങ്ങളുടെ, വളർന്നുവരുന്ന യോജിപ്പിനെ വെട്ടിമുറിയ്ക്കാനും കമ്യൂണിസ്റ്റ് ഗവൺമെന്റിനെ മറി ക്കാനും വേണ്ടി അവർ സാമുദായികവാദത്തിന്റെ സഹായം തേടി. കമ്യൂ ണിസത്തിന്നെതിരായ സമരത്തിൽ പള്ളികളും അൽത്താരകളും ജിഹാ ദുവിളികളും സമർത്ഥമായി ഉപയോഗിക്കപ്പെട്ടു. മുസ്ലീംലീഗിന്റെയും നായർ സർവ്വീസ് സൊസൈറ്റിയുടെയും കത്തോലിക്കാസഭയുടെയും നേതാക്കന്മാരുടെ അനുഗ്രഹാശിസ്സുകളോടു കൂടിയാണ് ശ്രീമന്നാരായ ണനും ധബാറും ഇന്ദിരാഗാന്ധിയും മറ്റു കോൺഗ്രസ്സ് നേതാക്കളും തങ്ങ ളുടെ കുരിശുയുദ്ധമാരംഭിച്ചത്. മുസ്ലീംലീഗിന്റെ കൊടിക്കീഴിൽ മുസ്ലീം ലീഗിന്റെ മാല കഴുത്തിലിട്ടുകൊണ്ട് കമ്യൂണിസത്തിന്നെതിരായി പ്രസം ഗിയ്ക്കുന്നത് ഒരന്തസ്സായിട്ടാണ് സഞ്ജീവറെഡ്ഡിയും മറ്റു കോൺഗ്രസ്സ് നേതാക്കന്മാരും കണക്കാക്കിയത്. മുസ്ലീംലീഗ് ഒരു ജനാധിപത്യപ്പാർട്ടി

യായി ഉയർത്തപ്പെട്ടു. മുസ്ലീംലീഗിന്റെ വിജയം ജനാധിപത്യത്തിന്റെയും രാജ്യത്തിന്റെ തന്നെയും വിജയമാണെന്നു കോൺഗ്രസ്സ് നേതാക്കന്മാർ നാടുനീളെ പ്രസംഗിച്ചു നടന്നു. ചത്ത കുതിരയ്ക്കു പെട്ടെന്നു ജീവൻ വെച്ചു. അതു ചാടിച്ചാടി മറ്റു സംസ്ഥാനങ്ങളിലും പാഞ്ഞുനടന്നു. കോൺഗ്രസ്സു ഭരണാധികാരികളുടെ നിശ്ശബ്ദമായ അംഗീകാരത്തോടു കൂടിത്തന്നെ മ്ദ്രാസിലും ബോംബെയിലും ഉത്തർപ്രദേശിലുമെല്ലാം മുസ്ലീംലീഗിന് ശവപ്പെട്ടിയിൽ നിന്നു ഉയിർത്തെഴുന്നേറ്റു.

ഇതിന്നുവേണ്ടിയാണ് ജനസംഘം കാത്തുനിന്നിരുന്നതും. കോൺഗ്രസ്സു നേതൃത്വം മുസ്ലീംലീഗിനു നൽകിയ പ്രോത്സാഹനത്തെ സമർത്ഥമായി ചൂഷണം ചെയ്തു കൊണ്ട് ജനസംഘം പൂർവ്വാധികം ശക്തിപ്പെട്ടു. പല ഉപതിരഞ്ഞെടുപ്പുകളിലും ജനസംഘക്കാർ കോൺഗ്രസ്സിനെ പരാജയപ്പെടുത്തി. അതിന്റെ ഇയ്യിടത്തെ ഉദാഹരണമാണ് ജയപ്പൂർ. അങ്ങിനെ കാറ്റുവിതച്ച കോൺഗ്രസ്സുനേതാക്കന്മാർ കൊടുങ്കാറ്റു കൊയ്യാൻ നിർബ്ബദ്ധരായി.

അലിഗാറിലെന്താണുണ്ടായത്? സക്കീർ ഹുസൈന്നു പകരം വന്നത് ദുർബ്ബലനായ കേണൽ സൈദിയാണ്. റസാക്കർ പാരമ്പര്യമുള്ള പ്രോവൈസ്ചാൻസലർ യൂസഫ് ഹുസ്സൈന്ന് തന്റെ പ്രഭവം മുഴുവനും കാണിക്കാൻ നല്ലൊരവസരം കിട്ടി. അറുപിന്തിരിപ്പൻ മുസ്ലീം സമുദായികസംഘടനയായ ജമായത്തേ ഇസ്ലാമി പ്രോത്സാഹിപ്പിക്കപ്പെട്ടു. അതോടൊപ്പം അനിവാര്യമാണെന്നും പിന്തിരിപ്പൻ ഹിന്ദുസംഘടനയായ ആർ. എസ്സ്.എസ്സും മുന്നോട്ടു വന്നു.

അവിടേയും ഒന്നാംനമ്പർ ശത്രു കമ്യൂണിസമായിരുന്നു. സാമുദായികസംഘടനകളോടു കൂറുകാണിക്കാത്ത അധ്യാപകന്മാരെല്ലാം നിരീശ്വരവാദികളായ കമ്യൂണിസ്റ്റുകാരെന്നു മുദ്രയടിക്കപ്പെട്ടു. സെക്കുലറിസത്തിന്റെയും യഥാർത്ഥജനാധിപത്യത്തിന്റേയും ശബ്ദം ഞെക്കിഞെരിക്കപ്പെട്ടു. ആലിഗാർ യുനിവേഴ്സിറ്റിക്കുഴപ്പങ്ങളെപ്പറ്റി പാർലിമെന്റിൽ നടന്ന ചർച്ചയ്ക്കിടയിൽ സാമുദായിക വാദവും കമ്യൂണിസവും ഒരുപോലെയുള്ള ആപത്തുകളാണെന്ന വിദ്യാഭ്യാസമന്ത്രിയുടെ പ്രഖ്യാപനം വാസ്തവത്തിൽ ജമായത്തേ ഇസ്ലാമിയുടേയും ആർ.എസ്സ്.എസ്സിന്റേയും ആപത്തിനെ ലഘൂകരിച്ചുകാണാനും അങ്ങിനെ അവരുടെ ശക്തി വർദ്ധിപ്പിക്കാനുമാണ് സഹായിച്ചത്.

അലിഗാറിലെ വിദ്യാർത്ഥിലഹളയുടേയും അതിനെത്തുടർന്നുണ്ടായ ഹിന്ദുമുസ്ലീം ലഹളയുടെയും പിന്നിൽ ജമായത്തെ ഇസ്ലാമിയുടേയും ആർ.എസ്സ്.എസ്സിന്റേയും കറുത്ത കൈകളാണ് പ്രവർത്തിച്ചത്. ഈ പരാമർത്ഥം മറച്ചുവെയ്ക്കുന്നതുകൊണ്ടു പ്രയോജനമില്ല.

കമ്യൂണിസത്തിന്നെതിരായി ജനങ്ങളെ യോജിപ്പിക്കാനുള്ള ഏതു ശ്രമവും ഒടുവിൽ അനൈക്യം വളർത്താനും ലഹളകൾ സൃഷ്ടിക്കാനു മാണു പ്രയോജനപ്പെടുക എന്ന ചരിത്രസത്യം ഒരിക്കൽക്കൂടി ഉച്ചത്തിൽ വിളിച്ചുപറയുകയാണു അലിഗാറിലെയും മറ്റു ഉത്തരേന്ത്യൻ പട്ടണങ്ങ ളിലേയും സാമുദായികലഹളകൾ ചെയ്യുന്നത് ഈ സത്യം മനസ്സിലാ ക്കാൻ കോൺഗ്രസ്സുനേതാക്കന്മാർ ഇനിയെങ്കിലും തയ്യാറാവുമോ എന്ന താണ് അടിയന്തിരപ്രശ്നം. കമ്യൂണിസമല്ല. സാമുദായികവാദമാണ് രാജ്യത്തിന്റെ യഥാർത്ഥശത്രുവെന്നു മനസ്സിലാക്കാനും കമ്യൂണിസ്റ്റുകാ രടക്കമുള്ള എല്ലാ ദേശീയ ജനാധിപത്യശക്തികളേയും യോജിപ്പിച്ചണി നിരത്തിക്കൊണ്ട് സാമുദായിക വാദത്തിന്നെതിരായി യുദ്ധം പ്രഖ്യാപി ക്കാനും ഇയ്യിടെ തിരഞ്ഞെടുക്കപ്പെട്ട ദേശീയസംയോജനം കൗൺസി ലെങ്കിലും തയ്യാറാവുമോ? ഈ ചോദ്യത്തിന്നുള്ള മറുപടിയെ ആശ്രയി ച്ചാണ് രാജ്യത്തിന്റെ ഭാവി കിടക്കുന്നത്.

14.10.1961

## അദ്ധ്യായം 9

# ഗോവ വിമോചനം - അഭിനന്ദനങ്ങൾ!

കഴിഞ്ഞ 14 കൊല്ലമായി യാതൊന്നിന്നു വേണ്ടിയാണോ ഇന്ത്യയിലെ ജനങ്ങൾ അക്ഷമരായി കാത്തിരുന്നത്, അതു സാധിച്ചിരിയ്ക്കുന്നു. നാലര നൂറ്റാണ്ടോളം കാലം പോർത്തുഗലിന്റെ ഒരു കോളണിയായിക്കിടന്ന ഗോവ, ദാമൻ, ദിയു എന്നീ പ്രദേശങ്ങളിൽനിന്ന് പോർത്തുഗീസ് കൊടി നീക്കംചെയ്യപ്പെടുകയും ഇന്ത്യയുടെ ദേശീയപതാക ഉയർത്തപ്പെടുകയും ചെയ്തിരിക്കുന്നു.

വേണ്ടിവന്നാൽ ബലം പ്രയോഗിച്ചും ഗോവയെ മോചിപ്പിയ്ക്കുമെന്ന് ഇക്കഴിഞ്ഞ പാർലിമെന്റുസമ്മേളനത്തിൽവെച്ച് പ്രധാനമന്ത്രി നെഹ്റു പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തെ ആക്ഷേപിക്കാൻ മുതിർന്നുവരുന്നുണ്ട്. ഗോവയുടെ നേർക്കല്ല, ചൈനയുടെ നേർക്കാണ് ബലം പ്രയോഗിയ്ക്കേണ്ടത് എന്നായിരുന്നു സ്വതന്ത്രപാർട്ടി നേതാവ് മസാനിയുടെ വാദം. ഗോവയെ മോചിപ്പിക്കാൻവേണ്ടിയുള്ള സമരം യഥാർത്ഥപ്രശ്നങ്ങളിൽനിന്നൊഴിഞ്ഞുമാറലാണെന്നും അതു കമ്യൂണിസ്റ്റ്കാരെ മാത്രമേ സഹായിക്കുകയുള്ളുവെന്നും സ്വതന്ത്രപ്പാർട്ടിനേതാക്കന്മാർ ഉറപ്പിച്ചു പറഞ്ഞു. ഗോവാപ്രശ്നം ഊതിവീർപ്പിക്കുന്നത് ഒരു തിരഞ്ഞെടുപ്പുസ്റ്റണ്ടാണെന്നു വരെ അവർ പറഞ്ഞുനോക്കി. പക്ഷേ, പ്രധാനമന്ത്രി നെഹ്റു അത്തരക്കാരെ നിരാശരാക്കിക്കളഞ്ഞു. പോർത്തുഗീസ്സുസ്വേച്ഛാധിപതികൾ ഗോവയിലെ ജനങ്ങൾക്കെതിരായ മർദ്ദന നടപടികൾക്ക് ഊക്കുകൂട്ടുകയും നെറികെട്ട ആക്രമണങ്ങൾ അഴിച്ചുവിടുകയും ഇനി ക്ഷമിച്ചിരിക്കുന്നത് അക്ഷന്തവ്യമാണെന്നു ഇന്ത്യയിലെ ജനങ്ങൾ മുറവിളിക്കൂട്ടുകയും ചെയ്തപ്പോൾ ഇന്ത്യാഗവൺമെന്റിന്നു കൈയും കെട്ടിയിരിക്കാൻ

വയ്യാതായി. ഇന്ത്യയുടെ പട്ടാളം ഗോവയുടെ അതിർത്തിപ്രദേശങ്ങളി ലേയ്ക്കു മാർച്ചു ചെയ്തു.

അപ്പോഴേയ്ക്കുമതാ, കുറേ അഹിംസക്കാർ വന്നിരിക്കുന്നു. ഇന്ത്യ ഗോവയുടെ നേർക്കു ഹിംസയുപയോഗിക്കാൻ പാടില്ലെന്ന് ശ്രീ.കെ.എം. മുൻഷി എതാനും ആഴ്ചകൾക്കുമുമ്പ് ഉൽബോധിപ്പിച്ചതിനെപ്പറ്റി ഈ പംക്തികളിൽത്തന്നെ പരാമർശിച്ചിരുന്നുവല്ലോ. മുൻഷിയുടെ ചിന്താഗ തികൾക്കു രൂപം നൽകുന്ന സാമ്രാജ്യമേധാവികൾതന്നെയാണ് ഇപ്പോൾ അഹിംസയുടെ കൊടിയുംപിടിച്ചുവന്നത്. കാട്ടുമൃഗങ്ങളാണ് സസ്യഭക്ഷ ണത്തിന്റെ നേട്ടങ്ങളെപ്പറ്റി പ്രസംഗിക്കുന്നത്. ഗോവാപ്രശ്നം പരിഹരി ക്കുവാൻവേണ്ടി ഇന്ത്യ ബലം പ്രയോഗിച്ചാൽ അത് ലോകത്തെ ഞെട്ടി പ്പിക്കുകയും ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുകയും ചെയ്യുമെന്ന് ബ്രിട്ടീഷ് കോമൺവെൽത്തു സിക്രട്ടറി ഡങ്കൻസാൻസ് പ്രസ്താവിച്ചു. അക്രമമുപയോഗിക്കരുതെന്ന് പോർത്തുഗലിനെയല്ല, ഇന്ത്യയെയാണ് ബ്രിട്ടീഷുസാമ്രാജ്യവാദികളുപദേശിച്ചത് എന്നതു അർത്ഥഗർഭമാണ്. ആരുടേയും ക്ഷണനം കൂടാതെതന്നെ മാദ്ധ്യസ്ഥ്യം വഹിച്ച് സമാധാനം നിലനിർത്താനുള്ള ദൗത്യം സ്വയം ഏറ്റെടുത്തുകൊണ്ട് അവർ പ്രധാന മന്ത്രി നെഹ്റുവിനെ സമീപിച്ചു. ബ്രിട്ടന്റെ പിന്നാലെ അമേരിക്കയും വന്നു. കോംഗോവിൽ തങ്ങൾ തുടർന്നുകൊണ്ടിരിക്കുന്ന അടവുകൾ ഇന്ത്യയിലും വിലപ്പോവുമെന്നാണു അവരാശിച്ചത്. പക്ഷേ, വിലപ്പോ യില്ല. മരണശ്വാസം വലിക്കുന്ന പോർത്തുഗീസ്സുസാമ്രാജ്യവാദികളെ സഹായിക്കാൻവേണ്ടി അവർ കൊണ്ടുവന്ന ഉപദേശത്തെ അതർഹി ക്കുന്ന അവജ്ഞയോടുകൂടിത്തന്നെ ഇന്ത്യ തള്ളിക്കളഞ്ഞു.

അവസാനനിമിഷംവരെ ഗോവാപ്രശ്നം സമാധാനപരമായി പരിഹ രിക്കാനാണ് ഇന്ത്യ ശ്രമിച്ചത്. പക്ഷേ, പോർത്തുഗീസ്സ് സ്വേച്ഛാധിപതി കൾക്ക് സമാധാനത്തിന്റെ ഭാഷയറിയില്ല. കൂടിയാലോചനകളിലൂടെ കൊളോണിയലിസമുപേക്ഷിക്കാനല്ല, ഭീഷണികൾ തുടരാനും പുതിയ പ്രകോപനനടപടികൾ നടത്താനുമാണ് അവർ ഒരുമ്പെട്ടത്. ഇന്ത്യ അക്ര മത്തിന്നൊരുങ്ങിയിരിക്കുകയാണെന്നും എന്തുതന്നെ വന്നാലും ഗോവ യിൽനിന്നു കെട്ടുകെട്ടിപ്പോകാൻ തങ്ങൾ തയ്യാറാവുകയില്ലെന്നും, പോർത്തുഗീസ്സുകോളണികൾ പോർത്തുഗലിന്റെ അവിഭാജ്യഭാഗങ്ങളാ ണെന്നും അവർ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചു.

ഒടുവിൽ നടക്കേണ്ടതു നടന്നു. പോർത്തുഗലിന്റെ ഭീഷണികൾ വെറും ഓലപ്പാമ്പുകളാണെന്നു തെളിഞ്ഞു. ഇന്ത്യയൊന്നു കണ്ണുരുട്ടി യപ്പോഴേയ്ക്കും പോർത്തുഗീസ്സു ഭരണാധികാരികളിൽ പലരും തടിയും തപ്പി സ്വന്തം മാളത്തിലേയ്ക്കോടിപ്പോയി. പോകുന്നതിന്നുമുമ്പ് പല കെട്ടിടങ്ങളും മൈനിട്ടു തകർക്കാൻ അവർക്കു പരിപാടിയുണ്ടായിരുന്നു.

പക്ഷേ, അതിനൊന്നും സമയം കിട്ടിയില്ല. അത്രയും സമർത്ഥമായിട്ടാണ് നമ്മുടെ പട്ടാളക്കാർ പ്രവർത്തിച്ചത്. പറയത്തക്ക യാതൊരക്രമവും കൂടാതെതന്നെ പോർത്തുഗലിനെ അടിയറ വെപ്പിക്കാൻ അവർക്കു സാധിച്ചു. അങ്ങിനെ ഗോവയിലെ ജനങ്ങൾ വിമോചിതരായി.

പ്രധാനമന്ത്രി നെഹ്റുവിനേയും രാജ്യരക്ഷാമന്ത്രി കൃഷ്ണമേനോനേയും പട്ടാളനടപടികൾക്കു നേരിട്ടു നേതൃത്വം നൽകിയ ശ്രീ. കാണ്ടത്തിനേയും നമുക്കഭിനന്ദിക്കുക!

## നവവത്സര സമ്മാനം

ഗോവയെ മോചിപ്പിക്കാൻ ഇന്ത്യയെടുത്ത ധീരമായ നടപടിക്കെതിരായി തങ്ങൾ കൈക്കൊണ്ട നീതീകരിക്കാനാവാത്ത നിലപാടുകളും വൃത്തികെട്ട പ്രചാരവേലകളും കുറച്ചു കവിഞ്ഞുപോയി എന്നും, ഇന്ത്യയും അമേരിക്കയും തമ്മിലുള്ള വിടവ് പൂർവ്വാധികം വർദ്ധിപ്പിക്കാൻ മാത്രമേ അതു സഹായിച്ചിട്ടുള്ളു എന്നും അമേരിക്കൻ സാമ്രാജ്യവാദികൾക്കു തോന്നിത്തുടങ്ങിയിരിക്കുന്നു. ഗോവാക്കാര്യത്തിലുണ്ടായ വിടവ് ഒരു താൽക്കാലികപ്രതിഭാസം മാത്രമാണെന്നും, രണ്ടു രാജ്യങ്ങളും തമ്മിലുള്ള ദീർഘകാലബന്ധങ്ങളാണ് കൂടുതൽ പ്രധാനമെന്നും യു. എസ്. അംബാസിഡർ ഗാൽബ്രേത്ത് പ്രസ്താവിച്ചിരിക്കുന്നു. ഇന്ത്യയുടെ സാമ്പത്തികവികസനത്തിന്നുള്ള അമേരിക്കൻ സഹായം തുടരുമെന്ന് പ്രസിഡണ്ട് കെന്നഡി പ്രസ്താവിച്ചിട്ടുണ്ടത്രേ.

നേരിട്ടുള്ള എതിർപ്പുകൾ നിഷ്ഫലങ്ങളായതിനെത്തുടർന്ന് പരോക്ഷമായ അടവുകൾ സ്വീകരിക്കാൻ സാമ്രാജ്യവാദികൾ നിർബ്ബദ്ധരായിരിക്കുന്നുവെന്നാണിതു കാണിക്കുന്നത്. പദ്ധതികളുടെ വിജയത്തിന്ന് ഗണ്യമായ വിദേശസഹായങ്ങൾ ഇന്ത്യക്കാവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. സാമ്പത്തികസഹായങ്ങൾ രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കുള്ള ഉപകരണമാവാൻ പാടില്ലെന്നേയുള്ളു. പക്ഷേ, അമേരിക്കയുടെ മനസ്സിൽ മറ്റു ചിലതാണുള്ളത്. ബോക്കാറോ ഉരുക്കു ഫാക്ടറിക്കു നൽകാമെന്നേറ്റ സഹായം അവധി കഴിഞ്ഞിട്ടും നീട്ടിനീട്ടിക്കൊണ്ടു പോകുന്നത് വെറുതെയല്ലെന്നു വ്യക്തമാണ്. ഇന്ത്യയുടെ സമാധാനപരമായ വിദേശനയത്തിന്ന് ഉലച്ചിൽ തട്ടിക്കാനും, പൊതുവിഭാഗത്തിലുള്ള വ്യവസായങ്ങളുടെ വളർച്ചയെ മന്ദീഭവിപ്പിക്കാനും വേണ്ടിയാണ് അവരിപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. അതിന്നുവേണ്ടിത്തന്നെയാണ് ഇന്ത്യയിലെ ചില കുത്തകമുതലാളികളേയും വലതുപക്ഷപിന്തിരിപ്പന്മാരേയും അവർ കൂട്ടുപിടിക്കാൻ ശ്രമിക്കുന്നത്. അമേരിക്കയുടെ ഗോവാനയത്തെ ന്യായീകരിച്ചുകൊണ്ടുള്ള ചില വിസ്തരിച്ച പ്രസ്താവനകൾ ഇന്ത്യയിലെ ചില കുത്തകമുതലാളിപ്പത്രങ്ങൾ പ്രസിദ്ധം ചെയ്തുവെന്നത് അർത്ഥഗർഭമാണ്.

പക്ഷേ, ഗോവയുടെ വിമോചനം ഇന്ത്യക്കാരുടെ കണ്ണു തുറക്കാൻ പര്യാപ്തമായിട്ടുണ്ട്. ശത്രുക്കളേയും മിത്രങ്ങളേയും തിരിച്ചറിയാൻ കഴിഞ്ഞതുകൊണ്ട് അവർ കൂടുതൽ ജാഗരൂകരായിരിക്കുമെന്നു തീർച്ചയാണ്. അതുകൊണ്ട് ഇന്ത്യക്കെതിരായ ശക്തികളെ പ്രോത്സാഹിപ്പിക്കുകയും, അതേ സമയത്ത് ഇന്ത്യയുമായി ചങ്ങാതിത്തം ഭാവിക്കുകയും ചെയ്യുക എന്ന അമേരിക്കയുടെ ഇരട്ടനയം ദേശാഭിമാനികളായ ഇന്ത്യക്കാരുടെയിടയിൽ വിലപ്പോവുകയില്ല.

ഗോവയെ മോചിപ്പിച്ച് ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ പൂർണ്ണമാക്കിയതോടെയാണ് 1961 അവസാനിച്ചത്. പുതിയ വർഷം ആരംഭിയ്ക്കുന്നതോ മറ്റൊരു വമ്പിച്ച നേട്ടത്തോടുകൂടിയാണ്. പൊതുവിഭാഗത്തിലെ എണ്ണവ്യവസായത്തിന്റെ ചരിത്രത്തിലെ അതിപ്രധാനമായ ഒരു ദിവസമായിരുന്നു ജനുവരി 1-ാം തീയതി. അന്നാണ് ആസ്സാമിലെ നൂന്മതീയിൽ വെച്ചു ഇന്ത്യയുടെ ആദ്യത്തെ എണ്ണശുദ്ധീകരണശാല പ്രധാനമന്ത്രി നെഹ്റു ഉൽഘാടനം ചെയ്തത്. റുമേനിയയുടെ സഹായത്തോടെ 18 കോടിക. ചെലവു ചെയ്തു സ്ഥാപിച്ച ഈ എണ്ണശുദ്ധീകരണ ശാല മുറയ്ക്കു പ്രവർത്തിയ്ക്കുകയാണെങ്കിൽ പ്രതിവർഷം മോട്ടോർഗാസോലിൻ ഹൈസ്പീസ് ഓയിൽ, ലൈറ്റ്ഡീസൽ ഓയിൽ, മണ്ണെണ്ണ, ഫർനസ്ഓയിൽ എന്നിവയടക്കം ഏഴരലക്ഷം ടൻ പെട്രോളിയം ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയും. മാത്രമല്ല, ക്രമത്തിൽ ഇപ്പോഴത്തെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കഴിയും.

വിദേശക്കുത്തകകളുടെ എണ്ണശുദ്ധീകരണശാലകൾ മാത്രമേ ഇതുവരെ നമുക്കുണ്ടായിരുന്നുള്ളു. ഇന്ത്യയുടെ സാമ്പത്തിക വികസനത്തെ തടഞ്ഞു നിർത്താനാണ് അവർ തങ്ങളുടെ ശക്തിയുപയോഗിച്ചത്. പൊതുവിഭാഗത്തിൽ സ്വതന്ത്രമായ ഒരു എണ്ണവ്യവസായം സ്ഥാപിക്കാതെ വ്യവസായവൽക്കരണത്തിന്റെ അടിത്തറയുറപ്പിയ്ക്കാൻ കഴിയില്ലെന്നു സ്വന്തം അനുഭവങ്ങളിലൂടെ നമുക്കു ബോധ്യമായിട്ടുണ്ട്. ഈ ദൗർബ്ബല്യം പരിഹരിക്കാനുള്ള ആദ്യത്തെ കാൽവെപ്പാണ് ആസ്സാമിലെ എണ്ണശുദ്ധീകരണശാല. ഇതിനെത്തുടർന്നു ഇനിയും ചില ശുദ്ധീകരണശാലകൾ സ്ഥാപിയ്ക്കാനുള്ള പരിപാടികൾ പൂർത്തിയായിട്ടുണ്ട്.

പക്ഷേ, വിദേശക്കുത്തകകൾ കൈയുംകെട്ടി വെറുതെയിരിക്കുകയില്ലെന്ന് ഓർക്കേണ്ടതുണ്ട്. എണ്ണവിഭവങ്ങളുടെ രംഗത്തിൽ അവർ നടത്തിപ്പോന്ന സമരം അവസാനിച്ചുവെന്നു പറയാറായിട്ടില്ല. മറ്റു രംഗങ്ങളിലെ വിദേശമൂലധന ഇറക്കുമതികൾ അവർക്കൊരു താങ്ങാണ്. വിദേശക്കുത്തകകളുടെ ഗൂഢാലോചനകളെ അവർ അപ്പപ്പോൾ മനസ്സിലാക്കാനും അവയ്ക്കെതിരായ ഉറച്ചനടപടികളെടുക്കാനും കഴിഞ്ഞില്ലെങ്കിൽ പല കുഴപ്പങ്ങളും സംഭവിച്ചേയ്ക്കും.

6.1.1962

# ഭാഗം മൂന്ന്

# ഇന്ത്യയും സോഷ്യലിസവും

## അദ്ധ്യായം 1

## വളരുന്ന സോഷ്യലിസവും തകരുന്ന മുതലാളിത്തവും

110 കൊല്ലങ്ങൾക്കു മുമ്പ്, 1847 ൽ, കാറൽ മാർക്സ് എന്നൊരു മനുഷ്യൻ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' എന്നൊരു കൊച്ചുപുസ്തകത്തിൽ "മുതലാളിത്തത്തിന്റെ നാശവും തൊഴിലാളിവർഗ്ഗത്തിന്റെ വിജയവും ഒരുപോലെ അനിവാര്യമാണ്" എന്നു പ്രഖ്യാപിച്ചപ്പോൾ ഒരുപിടി തൊഴിലാളികളൊഴികെ മറ്റാരും അതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല. എങ്ങിനെ വിശ്വസിയ്ക്കും! സ്വന്തം ശക്തിയിൽ ആഹ്ളാദിച്ചുമദിച്ചുപുളച്ചുകൊണ്ട് മുതലാളിത്തം വളരുകയും ശക്തിപ്പെടുകയും ചെയ്തുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. വളരുകയും ശക്തിപ്പെടുകയും ചെയ്യുന്ന മുതലാളിത്തം തളരുകയും തകരുകയും ചെയ്യുമെന്നു വിശ്വസിയ്ക്കുന്നതെങ്ങിനെയാണ്?

പക്ഷേ, മുതലാളിത്തത്തിന്റെ ചിന്തകന്മാർ ആശിച്ചതിന് വിപരീതമായി, മാർക്സിസം ചൂണ്ടിക്കാണിച്ച വഴിയ്ക്ക് ലോകം മുന്നേറി. ഏഴു ദശാബ്ദങ്ങൾക്കു ശേഷം, 1917 ൽ, ലോകത്തിന്റെ ആറിലൊരു ഭാഗം വരുന്ന റഷ്യയിൽനിന്ന് മുതലാളിത്തം എന്നെന്നേയ്ക്കുമായി തുടച്ചുനീക്കപ്പെട്ടു. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ജന്മിയും മുതലാളിയുമില്ലാത്ത പുതിയൊരു സാമൂഹ്യവ്യവസ്ഥ - സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ - ഉയർന്നുവന്നു. അങ്ങിനെ, 17 കോടി ജനങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും മുതലാളിത്തത്തിന്റെ നാശവും തൊഴിലാളിവർഗ്ഗത്തിന്റെ വിജയവും അനിവാര്യമായിത്തീർന്നു.

## രണ്ടു വ്യത്യസ്തലോകങ്ങൾ

പരസ്പരവിരുദ്ധമായ രണ്ടു സാമൂഹ്യവ്യവസ്ഥകൾ! രണ്ടു ലോകങ്ങൾ ! ഒരു ഭാഗത്ത് സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയൻ; മറുഭാഗത്ത് മുതലാളിത്തലോകം.

* സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ മുതലാളിവർഗ്ഗത്തിന്റെ അധികാരശക്തിയെ തട്ടിത്തകർത്തുകൊണ്ട് തൊഴിലാളിവർഗ്ഗം സ്വന്തം ഭരണാധികാരം സ്ഥാപിച്ചിരിയ്ക്കുന്നു; മുതലാളിത്തവ്യവസ്ഥയിൽ ഭരണാധികാരം മുതലാളികളുടെ കൈയിലാണ്.
* സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഫാക്ടറിയും കമ്പനിയും തോട്ടവും നിലവും ബാങ്കും മറ്റുല്പാദനോപകരണങ്ങളും തൊഴിലാളികളുടേയും അദ്ധ്വാനിയ്ക്കുന്ന കൃഷിക്കാരുടേയും കൈയിലാണ്; മുതലാളിത്തവ്യവസ്ഥയിൽ ഉൽപ്പാദനോപകരണങ്ങളെല്ലാം ചൂഷകവർഗ്ഗക്കാരുടെ സ്വകാര്യസ്വത്തുക്കളാണ്.
* സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉൽപ്പാദനം നടത്തുന്നത് മുതലാളിയുടെ ലാഭത്തിനു വേണ്ടിയല്ല, അധ്വാനിയ്ക്കുന്ന ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ജീവിതം അഭിവൃദ്ധിപ്പെടുത്താനാണ്; മുതലാളിത്തവ്യവസ്ഥയിൽ ഉൽപ്പാദനം നടത്തുന്നത് ജനങ്ങളുടെ അഭിവൃദ്ധിയ്ക്കുവേണ്ടിയല്ല, മുതലാളികൾക്കു ലാഭമുണ്ടാക്കാൻ വേണ്ടിയാണ്.
* സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ധനികവർഗ്ഗക്കാരെ കൂടുതൽ വലിയ ധനികന്മാരാക്കുന്നതിനു വേണ്ടിയല്ല, ജനങ്ങളുടെ ജീവിതനിലവാരമുയർത്താൻവേണ്ടിയാണ്, ദേശീയവരുമാനം പങ്കിടപ്പെടുന്നത്. മുതലാളിത്തവ്യവസ്ഥയിൽ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയല്ല, മുതലാളികളുടെ പണപ്പെട്ടി വീർപ്പിയ്ക്കാൻ വേണ്ടിയാണ് ദേശീയവരുമാനം പങ്കിടപ്പെടുന്നത്.
* സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉൽപ്പാദനാഭിവൃദ്ധിയോടൊപ്പം ജനങ്ങളുടെ ക്രയശക്തിയും വളരുന്നതുകൊണ്ട്, സാമ്പത്തികക്കുഴപ്പവും തൊഴിലില്ലായ്മയുമില്ല; മുതലാളിത്തവ്യവസ്ഥയിൽ ഉല്പാദനവർദ്ധനവോടൊപ്പം തൊഴിലാളികളുടെ ക്രയശക്തി കുറഞ്ഞു കുറഞ്ഞുവരുന്നതുകൊണ്ട് സാമ്പത്തികക്കുഴപ്പവും തൊഴിലില്ലായ്മയും അനിവാര്യമായിത്തീരുന്നു.
* സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ജനങ്ങൾ തങ്ങൾക്കുവേണ്ടിത്തന്നെ പണിയെടുക്കുന്നു; മുതലാളിത്തവ്യവസ്ഥയിൽ മർദ്ദിതരായ തൊഴി

ലാളികളും കർഷകരും ചൂഷണവർഗ്ഗക്കാർക്കുവേണ്ടി അദ്ധ്വാനി യ്ക്കുന്നു.

* സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ അധ്വാനിക്കുന്ന ബഹുജനങ്ങൾ യഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യവും ജനാധിപത്യാവകാശങ്ങളും അനുഭവിക്കുന്നു. മുതലാളിത്തവ്യവസ്ഥയിൽ സ്ഥാപിത താല്പ ര്യക്കാരുടെ ചൂഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യാ വകാശങ്ങൾ മാത്രമേയുള്ളു.
* സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ അധികാരത്തിലിരിക്കുന്ന തൊഴിലാ ളിവർഗ്ഗത്തിന്ന് പണിമുടക്കങ്ങളോ മറ്റു സമരങ്ങളോ നടത്തേണ്ട ആവശ്യം നേരിടുന്നില്ല; മുതലാളിത്തവ്യവസ്ഥയിൽ മുതലാളിത്ത ത്തിന്നെതിരായ പണിമുടക്കങ്ങളും സമരങ്ങളും അനിവാര്യമായി ത്തീരുന്നു.
* ഒരു ഭാഗത്ത് സാർവ്വത്രികവും സർവ്വതോന്മുഖവുമായ അഭിവൃദ്ധി; മറുഭാഗത്ത് അധഃപതനം, കുഴപ്പം, തൊഴിലില്ലായ്മ, പട്ടിണി, കഷ്ട പ്പാട്!

## രണ്ടു പ്രവചനങ്ങൾ

പുതിയ സാമൂഹ്യവ്യവസ്ഥ ആദ്യമായി റഷ്യയിലാണുടലെടുത്ത ത്. പക്ഷേ, അത് സാർവ്വദേശീയമായ പ്രത്യാഘാതങ്ങളുളവാക്കി. ലോക ത്തിലൊട്ടുക്കും ഉറങ്ങിക്കിടന്നിരുന്ന എല്ലാ ജനാഭിലാഷങ്ങളേയും അതു തട്ടിയുണർത്തി. മർദ്ദനവും ചൂഷണവുമില്ലാത്ത ഒരു പുതിയ ജീവിത ത്തിന്നുവേണ്ടിയുള്ള വെമ്പലുകളെ എല്ലായിടത്തും അത് ആളിക്കത്തി ച്ചു. ലോകത്തിന്റെ ആറിലൊരു ഭാഗത്തുനിന്ന് മർദ്ദനങ്ങളേയും ചൂഷ ണങ്ങളേയും എന്നെന്നേയ്ക്കുമായി പിഴുതെറിഞ്ഞ റഷ്യൻ വിപ്ളവം വാസ്തവത്തിൽ ലോകമുതലാളിത്തത്തിന്റേതന്നെ മരണമണിയടിയ്ക്കാ റായി എന്നതിന്റെ ഒരു മുന്നറിയിപ്പായിരുന്നു. ലെനിൻ പ്രഖ്യാപിച്ചു.

"നമുക്ക് അഭിമാനംകൊള്ളാനും സന്തുഷ്ടരാവാനും അവകാശമു ണ്ട്. എന്തുകൊണ്ടെന്നാൽ, ഭൂമിയെ ചോരയിൽ മുക്കുകയും മനുഷ്യസ മുദായത്തെ പട്ടിണിയിലും കാടത്തത്തിലുമിട്ടു ഞെരുക്കുകയും ചെയ്ത മുതലാളിത്തമെന്ന കാട്ടുമൃഗത്തെ ആദ്യമായി ലോകത്തിന്റെ ഒരു ഭാഗത്ത് നമ്മളാണു കീഴടക്കിയത്. ആ കാട്ടുമൃഗത്തിന്റെ മരണക്കളിയുടെ മൃഗീ യതകൾ എത്രതന്നെ അതിരുകവിഞ്ഞതായിക്കൊള്ളട്ടെ, അതു നാശമ ടയുമെന്ന കാരണത്തിൽ യാതൊരു സംശയവുമില്ല."

മുതലാളിത്തത്തിന്റെ പ്രവാചകന്മാർക്ക് അതു വിശ്വസിക്കാൻ കഴി ഞ്ഞില്ല. സാറും സാറിനയും മുതലാളിയും ജന്മിയും ക്രെംലിനിൽ

വീണ്ടും ഉയിർത്തെഴുന്നേല്ക്കുന്ന ദിവസത്തെപ്പറ്റി അവർ മധുരസ്വപ്നം കാണുകയായിരുന്നു. റഷ്യയിൽപ്പോലും തൊഴിലാളിവർഗ്ഗത്തിന്റെ വിജയം താൽക്കാലികം മാത്രമാണെന്നു അവരുറപ്പിച്ചു പറഞ്ഞു. സോവിയറ്റുയൂണിയൻ ജനിച്ചിട്ട് മൂന്ന് കൊല്ലം കഴിഞ്ഞപ്പോൾ, അതായത് 1920 ഒക്ടോബറിൽ 'മോർണിങ്ങ് പോസ്റ്റ്' എന്നു മുതലാളിത്തപത്രമെഴുതി:

"ബോൾഷെവിക്കുഭരണം തകരാൻ പോവുകയാണെന്നതിന് എല്ലാ തെളിവുകളുമുണ്ട്; അതിന്റെ അന്ത്യം വളരെ ദൂരത്തൊന്നുമല്ല എന്നു വിശ്വസിയ്ക്കാൻ ന്യായമുണ്ട്."

പക്ഷേ, 'മോർണിങ്ങ് പോസ്റ്റ്" പത്രാധിപർ വിശ്വസിച്ചതുപോലെയല്ല, ലെനിൻ ചൂണ്ടിക്കാണിച്ച വഴിയ്ക്കാണ് ലോകം മുന്നോട്ടുനീങ്ങിയത്. പഴയ സാമൂഹ്യവ്യവസ്ഥ കൂടുതൽ കൂടുതൽ ക്ഷീണിയ്ക്കാനും ക്ഷയിക്കാനും തുടങ്ങി. പുതിയ സാമൂഹ്യവ്യവസ്ഥ അനുദിനം വളരുകയും ശക്തിപ്പെടുകയും ചെയ്തു. പഴയ സാമൂഹ്യവ്യവസ്ഥ ക്ഷയിയ്ക്കുംതോറും പുതിയ സാമൂഹ്യ വ്യവസ്ഥയുടെ സ്വാധീനം വർദ്ധിച്ചു കൊണ്ടുവന്നു.

സോഷ്യലിസത്തിന്റെ സാമ്പത്തികവ്യവസ്ഥയിൽ ഉല്പാദനം വളരുകയല്ല തകരുകയാണ് ചെയ്യുക എന്നു മുതലാളിത്ത ധനശാസ്ത്രജ്ഞന്മാർ പ്രചാരവേല ചെയ്തു. എന്നാൽ, ആ പ്രചാരവേലകളെല്ലാം യാഥാർത്ഥ്യത്തിന്റെ പാറമേൽ തട്ടി പൊളിയുകയാണ് ചെയ്തത്. സോവിയറ്റുയൂനിയനിലെ ഉല്പാദനം കഴിഞ്ഞ നാല്പതു കൊല്ലങ്ങൾക്കിടയിൽ 30 ഇരട്ടിയിലധികം വർദ്ധിച്ചപ്പോൾ അമേരിക്കയിലെ ഉല്പാദനം രണ്ടിരട്ടി മാത്രവും. ബ്രിട്ടൻ, ഫ്രാൻസ് എന്നീ മുതലാളിത്തരാജ്യങ്ങളുടെ ഉല്പാദനം ഒന്നര ഇരട്ടി മാത്രവുമാണ് വർദ്ധിച്ചത്. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത തോതിലും മുതലാളിത്തത്തിന് തീരെ അസാദ്ധ്യമായ രീതിയിലും ഉല്പാദനശക്തികളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയ സോഷ്യലിസം മുതലാളിത്തത്തേക്കാൾ എത്രയോ ഉയർന്ന ഒരു സാമൂഹ്യവ്യവസ്ഥയാണെന്ന് കഴിഞ്ഞ 40 കൊല്ലത്തെ അനുഭവങ്ങൾ തെളിയിച്ചിരിക്കുന്നു.

## സോഷ്യലിസം പരന്നുപിടിക്കുന്നു

ഭൗതികവും ആത്മീയവുമായ എല്ലാ സൗഭാഗ്യങ്ങളേയും പൊതുസ്വത്താക്കി മാറ്റുകയും സാമ്പത്തികക്കുഴപ്പം, തൊഴിലില്ലായ്മ, പട്ടിണി, നിരക്ഷരത തുടങ്ങിയ സാമൂഹ്യരോഗങ്ങളെ എന്നെന്നേക്കുമായി തുടച്ചുനീക്കുകയും കർഷകതൊഴിലാളികളിൽ നിന്ന് സാഹിത്യനായകന്മാരേയും കന്നുകാലിപ്പിള്ളേരിൽനിന്ന് ശാസ്ത്രജ്ഞന്മാരേയും ഉയർത്തിക്കൊണ്ടുവരികയും ചെയ്ത സോവിയറ്റുയൂനിയനെ ഭൂമിയിൽനിന്നു പിഴു

തെറിയാൻവേണ്ടി സാമ്രാജ്യമേധാവികൾ പഠിച്ച പണി പതിനെട്ടും പയറ്റിനോക്കി. ഇന്ന് സോവിയറ്റ് ശാസ്ത്രത്തിന്റെ തിങ്കൾക്കിടാവ് ആകാശത്തിലുള്ള അമ്പിളി അമ്മാവനെ നോക്കി പുഞ്ചിരിതൂകുകയാണ്. കമ്മ്യൂണിസത്തിന്റെ സ്വാധീനശക്തി ഭൂമിയിലൊതുങ്ങാൻ വയ്യാത്തവിധം വളരുകയാണ്!

രണ്ടാം ലോകമഹായുദ്ധത്തിന്നുമുമ്പ് സോവിയറ്റ് യൂനിയനിലല്ലാതെ മറ്റൊരിടത്തും സോഷ്യലിസം പ്രായോഗികമല്ലെന്നു വാദിച്ചവരുണ്ടായിരുന്നു. സോഷ്യലിസത്തിന്റെ നാടായി സോവിയറ്റ് യൂനിയൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. രണ്ടാം ലോകമഹായുദ്ധക്കാലത്തെ സംഭവവികാസങ്ങൾ ഈ സ്ഥിതിയ്ക്കൊരു മാറ്റംവരുത്തി. ഭൂപടമാകെ മാറ്റിവരയ്ക്കപ്പെട്ടു. 60 കോടിയോളം വരുന്ന യൂറോപ്പിലെ ജനസംഖ്യയുടെ പകുതി, അതായത്, 30 കോടിയോളം ജനങ്ങൾ സോഷ്യലിസത്തിന്റെ ചേരിയിലേയ്ക്കു കാലെടുത്തുവെച്ചു. ഏഷ്യയുടെ സ്ഥിതിയോ? ഏഷ്യയിലാകെ 140 കോടി ജനങ്ങളാണുള്ളത്. അവരിൽ പകുതി, അതായത് എഴുപതു കോടി ജനങ്ങൾ, മുതലാളിത്തത്തിന്റെ പിടിയിൽ നിന്നു കുതറി പുറത്തുചാടി. അങ്ങിനെ, സോവിയറ്റ് യൂനിയൻ മാത്രമല്ല, പോളണ്ട്, ബൾഗേരിയ, റൂമേനിയ, ചെക്കോസ്ലോവാക്കിയ, ഹങ്കറി, യൂഗോസ്ലാവിയ, ആൽബേനിയ, കിഴക്കൻ ജർമ്മനി, ചൈന, മംഗോളിയ, വടക്കൻകൊറിയ, വിയറ്റ്നാം എന്നിങ്ങിനെ യൂറോപ്പിലും ഏഷ്യയിലുമുള്ള മറ്റു പന്ത്രണ്ടു രാജ്യങ്ങളും സോഷ്യലിസം പ്രായോഗികമാണെന്നു തെളിയിച്ചു.

ഇന്ന് സോഷ്യലിസം മുതലാളിത്തരാജ്യങ്ങളാൽ ചുറ്റപ്പെട്ടുകൊണ്ടും ആക്രമണഭീഷണികൾക്കിരയായിക്കൊണ്ടും കിടക്കുന്ന ഒരൊറ്റപ്പെട്ട വ്യവസ്ഥയല്ല. അതൊരു ലോകസാമ്പത്തിക വ്യവസ്ഥയാണ്. രണ്ടാം ലോകമഹായുദ്ധത്തിന്നുമുമ്പ് സാമ്രാജ്യശക്തികളുടെ കഴുത്തറുപ്പൻ മത്സരങ്ങളുടേയും കൊള്ളലാഭങ്ങളുടേയും താവളങ്ങളായിക്കിടന്നിരുന്ന പല പിന്നണി രാജ്യങ്ങളും ഇന്ന് മുതലാളിത്തലോകത്തിലെ ഉല്പാദന ശക്തികളെ വെല്ലുവിളിച്ചുകൊണ്ട് മുന്നേറിക്കൊണ്ടിരിയ്ക്കുകയാണ്. ലോകത്തിലൊട്ടാകെയുണ്ടാകുന്ന കൽക്കരിയുടെ 38 ശതമാനവും ഉരുക്കിന്റെ 25 ശതമാനവും പരുത്തിയുടെ 30 ശതമാനവും സോഷ്യലിസ്റ്റ് ലോകത്തിലാണ് ഉല്പാദിപ്പിയ്ക്കപ്പെടുന്നത്. സാങ്കേതികജ്ഞാനം, സംസ്കാരം, വിദ്യാഭ്യാസം മുതലായവയെ സംബന്ധിച്ചേടത്തോളം സോഷ്യലിസ്റ്റ്ലോകം ഇപ്പോൾത്തന്നെ മുതലാളിത്തലോകത്തെ കവച്ചു കടന്നിരിയ്ക്കുന്നു.

രണ്ടു വ്യത്യസ്തങ്ങളായ സാമൂഹ്യവ്യവസ്ഥകൾ, രണ്ടു വ്യത്യസ്തങ്ങളായ ലോകമാർക്കറ്റുകൾ, രണ്ടു വ്യത്യസ്തങ്ങളായ ലോകങ്ങൾ - ഇത് സാമ്രാജ്യാധിപത്യത്തിന്റെ അന്ത്യത്തെ കൂടുതൽ ത്വരിതപ്പെടുത്തി.

ജനങ്ങളുടെ കൂടിക്കൂടിവരുന്ന ഭൌതികവും സാംസ്കാരികവുമായ എല്ലാ ആവശ്യങ്ങളേയും പരമാവധി തൃപ്തിപ്പെടുത്തുക എന്ന അടിസ്ഥാനത്തിൽ ഉല്പാദനം നടത്തുന്ന സോഷ്യലിസ്റ്റ് ചേരി അനുദിനം ശക്തിപ്പെട്ടുകൊണ്ട് സോഷ്യലിസത്തിലേയ്ക്കും കമ്യൂണിസത്തിലേയ്ക്കും മുന്നേറുന്നു. കുത്തകമുതലാളികളുടെ പരമാവധി ലാഭത്തിന്നുവേണ്ടി ഉല്പാദനം നടത്തുന്ന മുതലാളിത്തച്ചേരി ക്ഷയിച്ചു ക്ഷയിച്ച് തകർച്ചയിലേയ്ക്കും നാശത്തിലേയ്ക്കും നീങ്ങുന്നു.

സോഷ്യലിസ്റ്റ് ചേരിയിലെ രാജ്യങ്ങൾ പരസ്പരസഹായത്തിന്റേയും പരസ്പര സൗഹാർദ്ദത്തിന്റേയും പരസ്പരബഹുമാനത്തിന്റേയും അടിസ്ഥാനത്തിൽ സമാധാനപരമായ സാർവ്വദേശീയാന്തരീക്ഷം സൃഷ്ടിയ്ക്കാൻ ശ്രമിച്ചുകൊണ്ട് സാമൂഹ്യോല്പാദനത്തെ മേൽക്കുമേൽ വളർത്തുന്നു; ജനങ്ങളുടെ സാംസ്കാരികവും ശാസ്ത്രീയവും വിദ്യാഭ്യാസപരവുമായ നിലവാരങ്ങളെ കൂടുതൽ കൂടുതൽ ഉയർത്തുന്നു. ഉല്പാദനത്തോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരവും ഉയരുന്നതുകൊണ്ട് സോഷ്യലിസത്തിന്റെ ലോകമാർക്കറ്റിൽ യാതൊരു കുഴപ്പവുമുണ്ടാകുന്നില്ല. നേരെ മറിച്ച്, ചൂഷണത്തിന്റെ അടിസ്ഥാനത്തിലുള്ള മുതലാളിത്തത്തിന്റെ ലോകമാർക്കറ്റിൽ അരാജകത്വവും മത്സരവും കുഴപ്പവും നടമാടുന്നു.

## അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേയ്ക്ക്

സോഷ്യലിസത്തിന്റേയും മുതലാളിത്തത്തിന്റേയും ബലാബലത്തിലുണ്ടായ ഈ മാറ്റങ്ങൾ അടിമരാജ്യങ്ങളുടെ ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾക്ക് മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്ത ആവേശവും പ്രചോദനവും നൽകി. കോളണിവ്യവസ്ഥയ്ക്കു നേരിട്ട തകർച്ച ലോകമുതലാളിത്തത്തിന്റെ പൊതുകുഴപ്പത്തെ പതിന്മടങ്ങു മൂർച്ഛിപ്പിച്ചു.

രണ്ടാം ലോകമഹായുദ്ധത്തിന്നു മുമ്പ് ഏഷ്യയിലേയും ആഫ്രിക്കയിലേയും കോടിക്കണക്കിലുള്ള ജനങ്ങൾ ഒരു പിടി മുതലാളിത്തരാഷ്ട്രങ്ങളുടെ ചവിട്ടടിയിൽ കിടന്നു ഞെരങ്ങുകയായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷമുണ്ടായ സംഭവവികാസങ്ങൾ ചരിത്രത്തിന്റെ ഗതിയെ എന്നെന്നേയ്ക്കുമായി മാറ്റി മറിച്ചു. കോളണികളിലേയും അർദ്ധകോളണികളിലേയും ജനങ്ങൾ പഴയപടി ജീവിയ്ക്കാൻ തയ്യാറില്ലെന്നു വ്യക്തമാക്കി. അടിമത്തത്തിലും അന്ധകാരത്തിലും ആണ്ടുകിടന്നിരുന്ന പിന്നണി രാജ്യങ്ങൾ സ്വാതന്ത്ര്യത്തിലേയ്ക്കും വെളിച്ചത്തിലേയ്ക്കും കാലെടുത്തുവെച്ചു. മുതലാളിത്തത്തിന്റെ പിടിയിൽനിന്ന് പരിപൂർണ്ണമായ മോചനം നേടുകയും സോഷ്യലിസ്റ്റ് ചേരിയിലെ അംഗങ്ങളായി മാറു

കയും ചെയ്ത ചൈന, വിയറ്റ്നാം, വടക്കൻ കൊറിയ എന്നീ രാജ്യങ്ങൾക്കു പുറമേ ഇന്ത്യ പാക്കിസ്താൻ, ഇൻഡൊണേഷ്യ, സിലോൺ എന്നിങ്ങിനെ 70 കോടിയിലധികം ജനങ്ങൾ നിവസിയ്ക്കുന്ന ഒട്ടനവധി രാജ്യങ്ങൾ സാമ്രാജ്യത്വത്തിന്റെ നുകങ്ങൾ പൊട്ടിച്ചെറിഞ്ഞ് സ്വതന്ത്രസ്റ്റേറ്റുകളായി രൂപാന്തരപ്പെട്ടു. അടിമത്തത്തിലാണ്ടുകിടക്കുന്ന മറ്റു രാജ്യങ്ങളിലും ദേശീയ സ്വാതന്ത്ര്യസമരങ്ങൾ പൂർവ്വാധികം ശക്തിപ്പെട്ടു.

വ്യത്യസ്തരീതിയിലും വ്യത്യസ്തനിലവാരത്തിലുമുള്ള മാറ്റങ്ങളാണുണ്ടായത്. പക്ഷേ, എല്ലായിടത്തും മാറ്റങ്ങളുണ്ടായി എന്നതാണ് പ്രധാനം. മുതലാളിത്തത്തിന്റെ കുഴപ്പം മൂർച്ഛിച്ചതിന്റെ ഫലമായി ലോകത്തിലെല്ലായിടത്തും സാമ്രാജ്യമേധാവിത്വത്തിന്റെ പിടി അയഞ്ഞു എന്ന കാര്യം നിസ്സംശയമാണ്.

## അദ്ധ്യായം 2

# പുതിയ ലോകത്തിൽ പുതിയ ഇന്ത്യ

ബ്രിട്ടീഷുഗവൺമെന്റിന്ന് ഹൃദയ പരിവർത്തനമുണ്ടായതുകൊണ്ടാണ് ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചത് എന്നു ചിലർ പറയാറുണ്ട്. വെറും അസംബന്ധമാണിത്. സാമ്രാജ്യാധിപത്യത്തിന്ന് ഹൃദയമേ ഇല്ലെന്നുള്ളതാണ് വാസ്തവം. ജനകീയ ശക്തികളുടെ തടുക്കാനാവാത്ത മുന്നേറ്റത്തെ നേരിടാനാവാതെ ഇന്ത്യയുടെ ഭരണാധികാരം ഇന്ത്യക്കാർക്കുതന്നെ വിട്ടുകൊടുക്കാൻ ബ്രിട്ടീഷുമേധാവികൾ നിർബ്ബദ്ധരാവുകയാണുണ്ടായത്.

യഥാർഥത്തിൽ, 1947 ആഗസ്റ്റ് 15-ാം തീയതിത്തെ അധികാരക്കൈമാറ്റത്തിന്റെ പിന്നിൽ മുഖ്യമായ മൂന്നു വസ്തുതകൾ ഒളിഞ്ഞുകിടപ്പുണ്ടെന്നു കാണാം:

1. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നു പൊതുകുഴപ്പം മൂർച്ഛിച്ചതിന്റെ ഫലമായി, ലോകമുതലാളിത്തത്തിന്നു പൊതുവിലും ബ്രിട്ടീഷുസാമ്രാജ്യാധിപത്യത്തിന്നു പ്രത്യേകിച്ചും, നേരിട്ട ക്ഷീണവും ദൗർബ്ബല്യവും. പഴയ മട്ടിൽ ചൂഷണം തുടരാൻ ബ്രിട്ടീഷുകോളണിമേധാവികൾക്കു സാദ്ധ്യമല്ലെന്ന സ്ഥിതിയുളവായി.

2. രണ്ടാം ലോകമഹായുദ്ധംവരെ പൊതുവിലും, അതിന്നുശേഷം പ്രത്യേകിച്ചും, ശക്തിപ്പെട്ട ഇന്ത്യയുടെ സാമ്രാജ്യവിരോധ-ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം. പഴയമട്ടിൽ അടിമകളായി ജീവിയ്ക്കാൻ ഇന്ത്യൻ ജനത ഇനിയൊട്ടും തയ്യാറില്ലെന്ന സ്ഥിതിയുളവായി.

3. ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഇന്ത്യയിലെ ബൂർഷ്വാവർഗ്ഗം കരസ്ഥമാക്കിയ നേതൃത്വം. തൊഴിലാളിവർഗ്ഗം സാമ്രാജ്യവിരോ

ധപ്രസ്ഥാനത്തിൽ സജീവവും സ്വതന്ത്രവുമായ പങ്കവഹിയ്ക്കുകയും അങ്ങിനെ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ സഹായിയ്ക്കുകയും ചെയ്തുവെങ്കിലും അവർക്ക് ദേശീയപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽനിന്ന് ബൂർഷ്വാസിയേയും അവരുടെ പാർട്ടിയായ കോൺഗ്രസ്സിനേയും തട്ടിനീക്കാനും സ്വന്തം നേതൃത്വമുറപ്പിയ്ക്കാനും സാധിച്ചില്ല. അതിൻഫലമായി, തൊഴിലാളികർഷകബഹുജനപ്രസ്ഥാനങ്ങളുടെ മുന്നേറ്റം കണ്ടു പേടിച്ച ബൂർഷ്വാസിയ്ക്ക് ജനങ്ങളുടെ വലിയൊരു വിഭാഗത്തിന്നിടയിൽ സ്വന്തം സ്വാധീനശക്തി നിലനിർത്താനും ആ സ്വാധീനശക്തിയുപയോഗിച്ചുകൊണ്ട് ബ്രിട്ടീഷുസാമ്രാജ്യവാദികളുമായി സന്ധിചെയ്യാനും സാധിയ്ക്കുമെന്ന സ്ഥിതിയുളവായി.

## ഒത്തുതീർപ്പിന്റെ പരിമിതികൾ

ഈ സ്ഥിതിവിശേഷങ്ങളുടെ ഫലമായിട്ടാണ്, ബ്രിട്ടീഷുഭരണാധികാരികളും കോൺഗ്രസ്സുനേതാക്കന്മാരും തമ്മിലുണ്ടായ ഒരൊത്തുതീർപ്പിലൂടെ, ഇന്ത്യ രാഷ്ട്രീയസ്വാതന്ത്ര്യം നേടിയത്. ഈ സ്ഥിതിവിശേഷങ്ങൾ തന്നെയാണ് ആ ഒത്തുതീർപ്പ് വ്യവസ്ഥകളുടെ സ്വഭാവവിശേഷങ്ങളെ നിർണ്ണയിച്ചതും.

ഒത്തുതീർപ്പുകളുടെ ഫലമായി, ദൽഹിയുടെ ഒത്തനടുവിൽ, ഇന്ത്യയുടെ അടിമത്തത്തിന്റേയും പരാധീനതയുടേയും ചിഹ്നമെന്നോണം തലയുയർത്തി നിന്നിരുന്ന ബ്രിട്ടീഷുപതാക നീക്കം ചെയ്യപ്പെട്ടു. അതിന്റെ സ്ഥാനത്ത് ഇന്ത്യയുടെ ദേശീയക്കൊടി പാറിപ്പറക്കാൻ തുടങ്ങി. ഇന്ത്യയുടെ ഭരണാധികാരം ബ്രിട്ടീഷുപാർലിമെണ്ടിൽനിന്ന് ഇന്ത്യക്കാരുടെ കൈകളിലേയ്ക്ക് മാറ്റപ്പെട്ടു എന്നതിന്റെ സൂചനയായിരുന്നു അത്.

ബ്രിട്ടീഷുദ്യോഗസ്ഥന്മാർപോയി; ബ്രിട്ടീഷുപട്ടാളംപോയി; ബ്രിട്ടീഷുഭരണംപോയി. പക്ഷേ, ബ്രിട്ടീഷുമൂലധനം പോയില്ല. ഇന്ത്യയിലെ വൻകിടമുതലാളികളുടേയും നാടുവാഴി രാജാക്കന്മാരുടേയും പിൻബലത്തോടുകൂടി ബ്രിട്ടീഷു സ്ഥാപിതതാല്പര്യങ്ങൾ പിന്നേയും നിലനിന്നു. വാസ്തവത്തിൽ, പുതിയ സാർവ്വദേശീയ പരിത:സ്ഥിതിയിൽ, ഇന്ത്യയിൽ തങ്ങളുടെ സാമ്പത്തിക മേധാവിത്വം നിലനിർത്താനുള്ള ഒരു പോംവഴിയെന്ന നിലയ്ക്കാണ് ബ്രിട്ടീഷുഭരണാധികാരികൾ കോൺഗ്രസ്സുമേധാവികളുമായി ഒത്തുതീർപ്പിന്നു തയ്യാറായത്.

ബ്രിട്ടീഷുകുത്തകമുതലാളികളും ഇന്ത്യയിലെ നാടുവാഴി വൻകിടമുതലാളികളും തമ്മിലുണ്ടായ ഒരു കൂട്ടുകെട്ടിന്റെ സന്തതിയായിരുന്നു ആ ഒത്തുതീർപ്പ്.

## സ്വതന്ത്രമായ വിദേശനയം

പക്ഷേ, മറ്റെല്ലാ കൂട്ടുകെട്ടുകളുമെന്നപോലെ ഈ കൂട്ടുകെട്ടും യാതൊരു മാറ്റവുമില്ലാതെ, സ്ഥിരമായി, നില്ക്കുകയുണ്ടായില്ല. കൂട്ടുകെട്ടിലെ ഓരോ പങ്കാളിയും മറ്റുള്ളവരുടെ ചിലവിൽ തന്റെ സ്വന്തം ശക്തി വർദ്ധിപ്പിയ്ക്കാൻ ശ്രമിച്ചു. അങ്ങിനെ കൂട്ടുകെട്ടിനുള്ളിലെ വൈരുദ്ധ്യങ്ങൾ വളർന്നുവന്നു. വർഗ്ഗങ്ങളുടെ ബലാബലത്തിൽ മാറ്റങ്ങളുണ്ടായി. എന്നുവെച്ചാൽ, സാമ്രാജ്യശക്തികളും ഇന്ത്യയും തമ്മിലുള്ള മത്സരത്തിന്റെ ഗതി ഇന്ത്യയ്ക്കനുകൂലമായി മാറി. 1950 ൽ ഇന്ത്യ പരമാധികാരമുള്ള ഒരു സ്വതന്ത്രറിപ്പബ്ളിക്കായി പ്രഖ്യാപിയ്ക്കപ്പെട്ടു. വിദേശകാര്യങ്ങളിലെന്നപോലെത്തന്നെ ആഭ്യന്തരകാര്യങ്ങളിലും ഇന്ത്യാഗവൺമെന്റ് അധികമധികം സ്വതന്ത്രങ്ങളായ നിലപാടുകളെടുക്കാൻ തുടങ്ങി.

വിദേശനയത്തിന്റെ രംഗത്തിൽ ആദ്യമൊക്കെ മിക്കവാറും സാമ്രാജ്യവാദികൾക്കനുകൂലമായ ഒരു നയമാണ് ഇന്ത്യാഗവൺമെന്റ് കൈക്കൊണ്ടിരുന്നത്. ബ്രിട്ടീഷുമേധാവികളുമായുണ്ടായ ഒത്തുതീർപ്പിന്റേയു ബ്രിട്ടീഷുകോമൺവെൽത്തുമായുള്ള ബന്ധത്തിന്റേയും അനിവാര്യഫലമായിരുന്നു അത്. അങ്ങിനെ മലയയിലെ ജനങ്ങളെ കശാപ്പു ചെയ്യാൻവേണ്ടി ഗൂർക്കാപട്ടാളങ്ങളെ അയച്ചുകൊടുക്കുന്നതിന്ന് ഇന്ത്യയുടെ ഭൂമിയും ആകാശവും ഉപയോഗിയ്ക്കപ്പെട്ടു. അമേരിക്കൻ ചാരന്മാർക്ക് ഇന്ത്യയിലെങ്ങും ഇഷ്ടംപോലെ അലഞ്ഞുതിരിയാനും ഇന്ത്യയുടെ മർമ്മസ്ഥാനങ്ങളുടെ അന്തർഭാഗങ്ങളിലേയ്ക്കു കടന്നുചെല്ലാനും സൗകര്യം നൽകപ്പെട്ടു. അമേരിക്കയുടെ നേതൃത്വത്തിൽ ജനാധിപത്യം കൊറിയ ആക്രമിയ്ക്കപ്പെട്ടപ്പോൾ പണ്ഡിറ്റ് നെഹ്റുവിന്റെ ഗവൺമന്റ് അക്രമികൾക്കനുകൂലമായി കൈപൊക്കി. അമേരിക്കയുടെ ജനാധിപത്യത്തിൽ ഇന്ത്യൻ ഭരണാധികാരികൾക്ക് വലിയ വിശ്വാസമുണ്ടായിരുന്ന കാലമായിരുന്നു അത്.

പക്ഷേ, ക്ഷണത്തിൽ സ്ഥിതിയാകെ മാറി. ഒരു കൊച്ചുരാജ്യമായ വടക്കൻ കൊറിയയുടെ തടുക്കാൻ കഴിയാത്ത ചവിട്ടുകളേറ്റ് തിരിച്ചോടിപ്പോയ മെക്കാർതർ കൂട്ടാളികളും ദിൻബിൻ ഫ്യൂവിൽ അമേരിക്കയുടെ പിൻബലമുള്ള ഫ്രഞ്ചുസാമ്രാജ്യമേധാവികൾക്കു നേരിട്ട പരാജയവും സാമ്രാജ്യവാദികളുടെ ശക്തി അജയ്യമല്ലെന്നു വിളിച്ചുപറഞ്ഞു. അമേരിക്കൻ സാമ്രാജ്യവാദികൾ കാശ്മീരിൽ നടത്തിയ കുത്തിത്തിരിപ്പുകളും ഇന്ത്യയ്ക്കു ചുറ്റും, പ്രത്യേകിച്ചും പാക്കിസ്താനിൽ, പട്ടാളത്താവളങ്ങൾ നിർമ്മിയ്ക്കാനെടുത്ത നടപടികളും ഇന്ത്യയുടെ പരമാധികാരത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹനമിട്ടു. അമേരിക്കൻ സഹായം അടിമത്തത്തി

ലേയ്ക്കും യുദ്ധത്തിലേയ്ക്കുമുള്ള ഒരു ചൂണ്ടലാണെന്ന് പാക്കിസ്താന്റെ അനുഭവം തെളിയിച്ചു.

ഇന്ത്യയിൽ അമേരിക്കയുടെ സ്വാധീനശക്തി കുറയാൻ തുടങ്ങി. അതേസമയത്ത് സോഷ്യലിസ്റ്റ് ചേരിയുടെ, പ്രത്യേകിച്ചും ജനകീയചൈനയുടെ, സ്വാധീനശക്തി വർദ്ധിയ്ക്കാനും തുടങ്ങി. ഇന്ത്യാഗവൺമെന്റ് മെല്ലെമെല്ലെ യുദ്ധച്ചേരിയുടെ സ്വാധീനശക്തിയിൽനിന്നു സ്വതന്ത്രവും ഇന്ത്യൻജനതയുടെ താല്പര്യങ്ങൾക്കനുകൂലവുമായ ഒരു വിദേശനയം സ്വീകരിച്ചു. ആദ്യമൊക്കെ സാർവ്വദേശീയകാര്യങ്ങളിൽ ഒരുതരം നിഷ്പക്ഷതാനയമാണ് ഇന്ത്യാഗവൺമെന്റ് കൈക്കൊണ്ടിരുന്നത്. പക്ഷേ, സമാധാനത്തിന്നും, യുദ്ധത്തിന്നുമിടയിൽ നിഷ്പക്ഷതയില്ലെന്ന് അതിവേഗം വ്യക്തമായി. സാർവ്വദേശീയസംഭവവികാസങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി ഇന്ത്യ അധികമധികം സമാധാനത്തിന്റെ ഭാഗത്തേയ്ക്കു നീങ്ങാൻതുടങ്ങി. കോളണിമേധാവികളും യുദ്ധക്കൊതിയന്മാരും അധികമധികം ഒറ്റപ്പെടാൻ തുടങ്ങി. ഇന്ത്യയുടെ സ്വതന്ത്രമായ സമാധാനനയം സാർവ്വദേശീയരംഗങ്ങളിൽ അതിപ്രധാനമായ പങ്കു വഹിക്കാൻ തുടങ്ങി. അങ്ങിനെ, ഇന്ത്യയുടെ സാർവ്വദേശീയമായ അന്തസ്സ് അനുദിനം കൂടിക്കൂടിവന്നു.

## ആഭ്യന്തരരംഗത്തിലെ മാറ്റങ്ങൾ

സോഷ്യലിസ്റ്റ്ചേരിയുടേയും മുതലാളിത്ത ചേരിയുടേയും ബലാബലത്തിലുണ്ടായ ഈ മാറ്റങ്ങൾ ഇന്ത്യയുടെ വിദേശനയത്തിന്റെ രംഗത്തിൽ മാത്രമല്ല, ആഭ്യന്തരകാര്യങ്ങളുടെ രംഗത്തിലും പ്രതിഫലിച്ചു.

രണ്ടു നൂറ്റാണ്ടുകളോടും നിലനിന്ന തങ്ങളുടെ മേധാവിത്വമുപയോഗിച്ചുകൊണ്ട് ഇന്ത്യയുടെ വ്യവസായാഭിവൃദ്ധിയെ തടഞ്ഞുനിർത്തുകയും കാർഷികവ്യവസ്ഥയെ താറുമാറാക്കുകയും അങ്ങിനെ സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും ഇന്ത്യയെ ഒരു പിന്നണിരാജ്യമായി അധ:പതിപ്പിയ്ക്കുകയുമാണ് ബ്രിട്ടീഷുമുതലാളികൾ ചെയ്തത്. അവരുടെ ഭരണത്തിൻകീഴിൽ ആധുനികരീതിയിലുള്ള ചില വ്യവസായങ്ങൾ സ്ഥാപിയ്ക്കപ്പെടുകയുണ്ടായി എന്നതു ശരിയാണ്. പക്ഷേ, ബ്രിട്ടീഷുമൂലധനവുമായി കൂട്ടിക്കെട്ടിനിർത്താൻ പറ്റിയ തരത്തിലാണ് അവ വളർത്തപ്പെട്ടത്. വ്യവസായവൽക്കരണത്തിന്റെ അടിത്തറയായ യന്ത്രോൽപ്പാദനവ്യവസായങ്ങളുടെ വളർച്ച ബലാൽക്കാരമായി തടഞ്ഞുനിർത്തപ്പെട്ടു. ഉൽപ്പാദനത്തിന്നാവശ്യമായ യന്ത്രോപകരണങ്ങൾ ബ്രിട്ടനിൽനിന്ന് ഇറക്കുമതി ചെയ്യണമെന്നും അങ്ങിനെ ഇന്ത്യയുടെ വ്യവസായങ്ങൾ പരിപൂർണ്ണമായും ബ്രിട്ടീഷു വ്യവസായത്തിന്നു

കീഴ്പെട്ടു കിടക്കണമെന്നുമുള്ള ഒരു സ്ഥിതിയാണ് ഇന്ത്യയ്ക്കുണ്ടായിരുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, സ്വതന്ത്രമായ ഒരു സാമ്പത്തികനയം കൈക്കൊള്ളാനോ വ്യവസായവൽക്കരണത്തിലൂടെ സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനോ, ഇന്ത്യയ്ക്കു സാധിച്ചിരുന്നില്ല. അതുകൊണ്ടാണ് ഇന്ത്യ ഒരു പിന്നണിരാജ്യമായി നിലനിന്നുപോന്നത്.

1947–ൽ ഇന്ത്യ സ്വതന്ത്രയായതോടുകൂടി ഈ സ്ഥിതിയിലൊരു മാറ്റം വന്നു. സാമ്പത്തികരംഗത്തിലുള്ള പരാധീനതയവസാനിപ്പിയ്ക്കാനും യഥാർത്ഥമായ വ്യവസായവൽക്കരണത്തിലൂടെ സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനും പറ്റിയ പരിത:സ്ഥിതികൾ ഉയർന്നുവന്നു. ഇന്ത്യയുടെ മർമ്മസ്ഥാനങ്ങളെ ഞെക്കിഞെരിയ്ക്കുന്ന ബ്രിട്ടീഷുമൂലധനം കണ്ടുകെട്ടുകയും നാടുവാഴി ജന്മിമേധാവിത്വത്തിന്ന് ഒരറുതിവരുത്തുകയും ചെയ്തുകൊണ്ട് നമ്മുടെ രാജ്യത്തെ വ്യാവസായികമായും കാർഷികമായും സാംസ്കാരികമായും വളർത്താനുള്ള സാധ്യതകളുളവായി. എന്നാൽ, ഈ സാദ്ധ്യതകളേയും പരിതഃസ്ഥിതികളേയും വേണ്ടപോലെ ഉപയോഗിക്കാൻ, പ്രത്യേകിച്ചും ആദ്യകാലത്ത്, നമ്മുടെ ഭരണാധികാരികൾ തയ്യാറായില്ല. നേരെമറിച്ച്, ബ്രിട്ടീഷുകുത്തകമുതലാളികളുമായുള്ള കൂട്ടുകെട്ടുകൾ നിലനിർത്തിക്കൊണ്ടുതന്നെ വ്യവസായവൽക്കരണം നടപ്പിൽ വരുത്താനാണ് അവരാഗ്രഹിച്ചത്. ഈ നയം നിസ്സംശയമായും ഇന്ത്യയുടെ താല്പര്യങ്ങൾക്കെതിരായിരുന്നു. എന്തുകൊണ്ടെന്നാൽ, ഇന്ത്യയുടെ പിന്നോക്കനിലയവസാനിപ്പിയ്ക്കാനും വ്യവസായവൽക്കരണത്തിലൂടെ ഇന്ത്യയിലൊരു സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനും ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയല്ല, മറിച്ച്, വൻകിടവ്യവസായങ്ങൾ ഇന്ത്യയുടെ പരിതഃസ്ഥിതികൾക്കു പറ്റിയവയല്ലെന്നും ഉപഭോഗസാമഗ്രികൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങളിലും കൃഷിയിലും മാത്രമേ ഇന്ത്യ ശ്രദ്ധിയ്ക്കാൻ പാടുള്ളു എന്നും നിഷ്കർഷിയ്ക്കുകയാണ് സാമ്രാജ്യമേധാവികൾ ചെയ്തത്. സ്വന്തം സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻവേണ്ടി ഇന്ത്യയുടെ സ്വതന്ത്രമായ സാമ്പത്തികപുരോഗതിയെ തടഞ്ഞുനിർത്തുകയാണവർ ചെയ്തത്.

ഈ നയത്തിന്റെ ഫലമെന്തായിരുന്നു? ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായതിന്നുശേഷവും വിദേശമൂലധനത്തിന്റെ മരണപ്പിടുത്തത്തിന്ന് അയവുവരികയല്ല, മുറുക്കം കൂടുകയാണുണ്ടായത്. സാമ്രാജ്യമേധാവിത്വത്തിന്റെ ചൂഷണവും കൊള്ളയും കുറയുകയല്ല വർദ്ധിയ്ക്കുകയാണ് ചെയ്തത്. ഉൽപാദനബന്ധങ്ങളിൽ മൗലികമായ മാറ്റങ്ങളുണ്ടായില്ല. ഇന്ത്യയുടെ പിന്നോക്കനിലയവസാനിച്ചില്ല. വ്യാവസായികമായ അരാജകത്വവും തൊഴിലില്ലായ്മയും വർദ്ധിച്ചു. ഇന്ത്യൻ മുതലാളികൾക്കിട

യിൽപ്പോലും അസംതൃപ്തി പരന്നുപിടിച്ചു. ഇതിന്റെയെല്ലാം ഫലമായി ഇന്ത്യയും സാമ്രാജ്യമേധാവിത്വവും തമ്മിലുള്ള വൈരുധ്യങ്ങൾ കൂടുതൽ മൂർച്ഛിച്ചു.

## സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥയിലേയ്ക്ക്

പിന്നണിയിലുള്ള സ്വതന്ത്രരാജ്യങ്ങൾക്ക് വൻകിടസാമ്രാജ്യശക്തികളുടെ നയത്തെ എതിർക്കാൻ കഴിയാതിരുന്ന ഒരു കാലമുണ്ടായിരുന്നു. സാമ്രാജ്യമേധാവികൾ ചവിട്ടുന്ന താളത്തിനൊത്തു തുള്ളാൻ അവ നിർബ്ബന്ധിയ്ക്കപ്പെട്ടിരുന്നു. എന്നാൽ, രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷമുള്ള സ്ഥിതി അതല്ല. ഈജിപ്ത്, സിറിയ തുടങ്ങിയ കൊച്ചുരാജ്യങ്ങൾക്കുപോലും, വേണമെങ്കിൽ, സാമ്രാജ്യശക്തികളുടെ കണ്ണുരുട്ടലുകളെ ഭയപ്പെടാതെ സ്വതന്ത്രമായി തലയുയർത്തി നില്ക്കാൻ കഴിയുമെന്നായിട്ടുണ്ട്. ക്ഷയിച്ചുവരുന്ന ഒരു മുതലാളിത്തച്ചേരിയോടു തൊട്ടടുത്തായി സോവിയറ്റ്യൂനിയന്റേയും ജനകീയ ചൈനയുടേയും നേതൃത്വത്തിൽ അനുദിനം ശക്തിപ്പെട്ടുവരുന്ന ഒരു സോഷ്യലിസ്റ്റ് ചേരിയും നിലനില്ക്കുന്നുണ്ടെന്നുള്ളതാണ് ഇതിനുള്ള കാരണം. ലോകമുതലാളിത്തച്ചേരിയുടെ ശക്തി പൂർവ്വാധികം ക്ഷയിയ്ക്കുകയും സോഷ്യലിസ്റ്റ് ലോകമാർക്കറ്റിന്റെ സ്വാധീനശക്തി കൂടുതൽ പരന്നു പിടിയ്ക്കുകയും ചെയ്തുകഴിഞ്ഞ ഒരു ഘട്ടത്തിലാണ് ഇന്ത്യയുടെ ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളാരംഭിയ്ക്കുകയും ഇന്ത്യയും സാമ്രാജ്യശക്തികളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിയ്ക്കുകയും ചെയ്തത്. ഈ സ്ഥിതിവിശേഷങ്ങളാണ് പുതിയ വഴികളാരായാൻ ഇന്ത്യയെ പ്രേരിപ്പിച്ചത്. ഇന്ത്യയുടെ നേതാക്കന്മാർ സാമ്രാജ്യമേധാവികളുടെ ഉപദേശങ്ങൾക്കെതിരായി വൻകിട വ്യവസായസ്ഥാപനങ്ങൾ നിർമ്മിയ്ക്കേണ്ടതിന്റെ പ്രാധാന്യം അധികമധികം ചൂണ്ടിക്കാണിയ്ക്കാൻ തുടങ്ങി. മുതലാളിത്തച്ചേരിയുമായുള്ള എല്ലാത്തരം സാമ്പത്തിക ബന്ധങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ വളർന്നുവരുന്ന സോഷ്യലിസ്റ്റ് മാർക്കറ്റുമായി ബന്ധം സ്ഥാപിയ്ക്കാൻ ഇന്ത്യാഗവൺമെന്റ് സന്നദ്ധത പ്രകടിപ്പിയ്ക്കാൻ തുടങ്ങി. സ്റ്റേറ്റുടമയിലും സ്റ്റേറ്റിന്റെ നിയന്ത്രണത്തിലുമുള്ള വൻകിട വ്യവസായങ്ങൾ സ്ഥാപിയ്ക്കുന്നതിനെപ്പറ്റിയും തൊഴിലില്ലായ്മയും പട്ടിണിയും അവസാനിപ്പിയ്ക്കുന്നതിനെപ്പറ്റിയും മാത്രമല്ല, ഇന്ത്യയിൽ സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു പുതിയ സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനെപ്പറ്റിയും കോൺഗ്രസ്സു നേതാക്കന്മാർ പ്രസംഗിയ്ക്കാനും എഴുതാനും തുടങ്ങി.

ഈ പരിതഃസ്ഥിതിയിലാണ് ഇന്ത്യയുടെ ലക്ഷ്യം സോഷ്യലിസമാണ് എന്ന് ഔദ്യോഗികമായിത്തന്നെ പ്രഖ്യാപിയ്ക്കപ്പെട്ടത്.

## അദ്ധ്യായം 3

# കോൺഗ്രസ്സിന്റെ സോഷ്യലിസം

27 കൊല്ലങ്ങൾക്കുമുമ്പ്, 1930 ഡിസമ്പറിൽ, "തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലക്ഷ്യം സോഷ്യലിസവും ഒടുവിൽ കമ്മ്യൂണിസവും സ്ഥാപിയ്ക്കുകയാണ്" എന്നും "ബ്രിട്ടീഷ് ഭരണത്തേയും നാടുവാഴിമേധാവിത്വത്തേയും പൂർണ്ണമായി മറിച്ചിട്ടുകൊണ്ട്, ലോകത്തിലൊട്ടുക്കുമെന്നപോലെ നമ്മുടെ രാജ്യത്തിലും, സോഷ്യലിസ്റ്റ് വ്യവസ്ഥ കെട്ടിപ്പടുക്കാൻവേണ്ടി ലോകതൊഴിലാളിവർഗ്ഗത്തോടൊപ്പം 'ഡ്രാഫ്ട് പ്ലാറ്റ്ഫോമി'ന്റെ നേർക്ക് നോക്കി നെറ്റിചുളിച്ചവരും മൂക്കു ചീറ്റിയവരും പല്ലിറുമ്മിയവരുമുണ്ടായിരുന്നു. ഇന്ന് സോഷ്യലിസം ഇന്ത്യയിലെ മുഴുവൻ ദേശാഭിമാനികളുടേയും മുദ്രാവാക്യമാണ്.

10 കൊല്ലങ്ങൾക്കുമുമ്പ് സോഷ്യലിസത്തെ നഖശിഖാന്തം എതിർക്കുകയും ആർഷഭാരതത്തിന്റെ മണ്ണിൽ സോഷ്യലിസത്തിന്റെ വേരുറയ്ക്കുകയില്ലെന്നു ശപഥം ചെയ്യുകയും ചെയ്ത ഇന്ത്യൻ നേഷനൽ കോൺഗ്രസ്സിന്റെ നേതാക്കന്മാർപോലും സോഷ്യലിസമാണ് തങ്ങളുടെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിരിയ്ക്കുന്നു. സോഷ്യലിസത്തിന്നെതിരായി ഗാന്ധിസത്തേയും സർവ്വോദയത്തേയും ഉയർത്തിപിടിച്ചവർതന്നെ ഇപ്പോൾ ഗാന്ധിസവും സർവ്വോദയവും സോഷ്യലിസത്തിന്നെതിരല്ലെന്നു പരസ്യമായി സമ്മതിച്ചിരിയ്ക്കുന്നു. കോൺഗ്രസ്സിന്റെ ആവഡിസമ്മേളനം പാസ്സാക്കിയ പ്രമേയത്തിൽ പറയുന്നതു നോക്കുക:

"മുഖ്യമായ ഉൽപ്പാദനോപകരണങ്ങളെയെല്ലാം പൊതുവുടമയ്ക്കോ അല്ലെങ്കിൽ നിയന്ത്രണത്തിന്നോ വിധേയമാക്കുകയും ഉൽപ്പാദനത്തെ ത്വരിതമായി വർദ്ധിപ്പിക്കുകയും ദേശീയസമ്പത്ത് സമത്വാടിസ്ഥാനത്തിൽ വിതരണം നടത്തുകയും ചെയ്യുന്ന ഒരു സോഷ്യലിസ്റ്റ്സമുദായഘടന

സ്ഥാപിയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയായിരിയ്ക്കണം സാമ്പത്തികാസൂത്രണം നടപ്പിൽ വരുത്തുന്നത്."

## ശ്രീമന്നാരായണന്റെ വിശദീകരണങ്ങൾ

മർദ്ദനത്തിനും ചൂഷണത്തിനുമെതിരായ പതിനായിരക്കണക്കിലുള്ള ജനങ്ങൾ കോൺഗ്രസ്സിന്റെ കൊടിക്കൂറയിൻ കീഴിൽ അണിനിരന്നിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇന്ത്യയിലും ലോകത്തിലുമുണ്ടായിട്ടുള്ള മാറ്റങ്ങളുടെ ഫലമായി അവർ സോഷ്യലിസ്റ്റാശയങ്ങളാൽ കൂടുതൽ ആകർഷിക്കപ്പെട്ടുകൊണ്ടിരിയ്ക്കുന്നു എന്ന കാര്യത്തിലും സംശയമില്ല. അടിസ്ഥാനപരമായ ഉൽപ്പാദനോപകരണങ്ങളെല്ലാം പൊതുസ്വത്തായിരിക്കണമെന്നും സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ സോഷ്യലിസം സ്ഥാപിയ്ക്കണമെന്നുമാഗ്രഹിയ്ക്കുന്നവരാണ് കോൺഗ്രസ്സിലെ ഭൂരിപക്ഷം മെമ്പർമാരും. പക്ഷേ, അവർമാത്രമല്ല, ജന്മികൾക്കും മുതലാളികൾക്കുമെതിരായ ജനകീയപ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ നേതൃത്വം നൽകിയ കോൺഗ്രസ്സുനേതാക്കന്മാർതന്നെ സോഷ്യലിസത്തിനുവേണ്ടി വാദിയ്ക്കാൻ തുടങ്ങിയിരിയ്ക്കുകയാണ്. ജി.ഡി. ബിർലയെപ്പോലുള്ള വൻകിട കുത്തകമുതലാളികൾപോലും ആവടി പ്രമേയത്തിലടങ്ങിയ സോഷ്യലിസത്തെ സ്വാഗതം ചെയ്തിരിയ്ക്കുന്നു. ഇതു വിശ്വസിയ്ക്കാൻ കഴിയുമോ? വിശ്വസിയ്ക്കണമെന്നാണവരാവശ്യപ്പെടുന്നത്. കോൺഗ്രസ്സിന്റെ ജനറൽ സിക്രട്ടറി ശ്രീമന്നാരായണൻ എഴുതുന്നു.

"സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ ഒരു സോഷ്യലിസ്റ്റ് കോ-ഓപറേറ്റീവ് കോമൻവെൽത്ത് സ്ഥാപിയ്ക്കാൻവേണ്ടിയാണ് കോൺഗ്രസ്സ് നിലകൊള്ളുന്നത്. സ്ഥാപിതതാല്പര്യക്കാർക്കുവേണ്ടിയാണ് കോൺഗ്രസ്സ് നലകൊള്ളുന്നതെന്ന് കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ പറയുന്നത് തികച്ചും തെറ്റാണ്." (എക്കണോമിക്ക് റെവ്യൂ, സെപ്തംബർ 1, 1957)

മൂന്നു ദശാബ്ദങ്ങളുടെ ഭീകരങ്ങളായ മർദ്ദനങ്ങളേയും നെറികെട്ട അപവാദങ്ങളേയും ദൃഢചിത്തതയോടെ നേരിട്ടുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി ഉയർത്തിപ്പിടിച്ച ലക്ഷ്യം കോൺഗ്രസ്സും അംഗീകരിച്ചുകഴിഞ്ഞുവെങ്കിൽപ്പിന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസ്സും തമ്മിൽ എന്താണ് വ്യത്യാസം? കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പോലെതന്നെ കോൺഗ്രസ്സും സോഷ്യലിസം സ്ഥാപിയ്ക്കാൻവേണ്ടിയാണ് നിലകൊള്ളുന്നതെങ്കിൽ പിന്നെ കോൺഗ്രസ്സുനേതാക്കന്മാർ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഇപ്പോഴും എതിർത്തുകൊണ്ടിരിയ്ക്കുന്നതെന്തിനാണ്? ഇന്ത്യ

യിലെ ഏറ്റവും ചെറിയ ഒരു സ്റ്റേറ്റിൽ കമ്മ്യൂണിസ്റ്റ്കാർ ഭരണാധികാരത്തിന്റെ ചുക്കാൻ പിടിയ്ക്കാൻ തുടങ്ങുമ്പോഴേയ്ക്കും കോൺഗ്രസ്സുനേതാക്കന്മാർ ഇത്രയധികം ബേജാറാകുന്നതെന്തിനാണ്.

"ലോകത്തിലിന്ന് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന അടിസ്ഥാനപരമായ രണ്ട് ആശയസംഹിതകളുണ്ട്: ഒരു ഭാഗത്ത് മാർക്സിസത്തിന്റെ ആശയസംഹിത. കമ്മ്യൂണിസം സ്ഥാപിയ്ക്കാൻ ഹിംസയുടേയും വർഗ്ഗസമരത്തിന്റേയും ഗതിക്രമത്തിലാണത് വിശ്വസിക്കുന്നത്. ഈ സിദ്ധാന്തത്തിന്റെ അനുയായികൾ ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുമെന്നു കരുതുന്നു. മറുഭാഗത്ത് ഗാന്ധിസത്തിന്റെ, അല്ലെങ്കിൽ സർവ്വോദയത്തിന്റെ ആശയസംഹിതയുണ്ട്. സത്യത്തിന്റേയും അഹിംസയുടേയും മാർഗ്ഗങ്ങളിലൂടെ മാത്രമേ യഥാർത്ഥവും സ്ഥായിയുമായ വിപ്ലവം നേടാൻ കഴിയൂ എന്നാണത് അനിവാര്യമായും വിശ്വസിക്കുന്നത്.....ഇന്ത്യയിലെ കമ്മ്യൂണിസം ഗാന്ധിയൻ തത്വങ്ങളെ അല്ലെങ്കിൽ സമാധാനപരവും അഹിംസാപരവുമായ മാർഗ്ഗങ്ങളിലൂടെ സാമൂഹ്യസാമ്പത്തികസമത്വം നേടുക എന്ന തത്വത്തെ സ്വീകരിച്ചാൽപ്പിന്നെ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റുകാരും മറ്റു ജനാധിപത്യശക്തികളും തമ്മിലുള്ള വിദ്വേഷങ്ങൾക്ക് യാതൊരു കാരണവുമുണ്ടാവുകയില്ല." (എക്കണോമിക്ക് റെവ്യു, ഒക്ടോബർ 1, 1957)

കമ്മ്യൂണിസ്റ്റുകാരുടെ മാർഗ്ഗങ്ങളെപ്പറ്റി മാത്രമല്ല, കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെപ്പറ്റിത്തന്നേയും ശ്രീമന്നാരായണന്ന് അഭിപ്രായവ്യത്യാസമുണ്ട്. അദ്ദേഹം അത് തുറന്നു പറയുകയും ചെയ്യുന്നു:

"നൂറിലധികം കൊല്ലങ്ങൾക്കു മുമ്പ് വ്യത്യസ്തമായ സാമൂഹ്യ-സാമ്പത്തികപരിതഃസ്ഥിതികളിൽ മാർക്സ് ഉന്നയിച്ച 'വൈരുധ്യാധിഷ്ഠിതഭൗതികവാദം' എന്ന കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തെ അടിസ്ഥാനപരമായിത്തന്നെ കോൺഗ്രസ്സ് എതിർക്കുന്നു. അതേ സിദ്ധാന്തങ്ങളേയും അതേ ആശയങ്ങളേയും ഒരു നൂറ്റാണ്ടിന്നു ശേഷം ഇന്ത്യയിൽ പ്രായോഗികമാക്കാൻ ശ്രമിക്കുന്നത് ബുദ്ധിയില്ലായ്മ മാത്രമല്ല, അപ്രായോഗികതകൂടിയാണ്. ഇന്ത്യ രാഷ്ട്രപിതാവ് രൂപവൽക്കരിച്ച ആദർശങ്ങളെ പിന്തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. അഹിംസാപരവും സമാധാനപരവുമായ പരിപാടികളിന്മേലും ഉൽക്കൃഷ്ടങ്ങളായ ലക്ഷ്യങ്ങൾ നേടാനുള്ള മാർഗ്ഗങ്ങളുടെ പരിശുദ്ധിയിന്മേലുമാണ് അവ ഏറ്റവുമധികം ഊന്നുന്നത്." (എക്കണോമിക്ക് റെവ്യൂ, ഒക്ടോബർ 1)

എന്നിട്ട്, നാലു ദശാബ്ദങ്ങൾക്കു മുമ്പ് 'മോർണിങ്ങ് പോസ്റ്റ്' പത്രാധിപരും മറ്റു പിന്തിരിപ്പന്മാരും കടിച്ചുതുപ്പിയ പ്രവചനങ്ങളെ അനുസ്മരിപ്പിക്കുന്ന മധുരമായ ഒരാശയും:

“ഇന്ത്യയിലെ കമ്മ്യൂണിസത്തെസ്സംബന്ധിച്ചേടത്തോളം അത് ഇന്ത്യൻ രാഷ്ട്രീയത്തിലെ ക്ഷണികവും അസ്ഥിരവുമായ ഒരു ഘട്ടമാണെന്ന് ഞങ്ങൾ കരുതുന്നു.” (എക്കണോമിക്ക് റെവ്യൂ, ഒക്ടോബർ 15)

ശ്രീമന്നാരായണന്റെ ആശ ഫലിയ്ക്കുമോ എന്നതിനെസ്സംബന്ധിച്ചും മാർക്സിസം പ്രായോഗികമാണോ എന്നതിനെസ്സംബന്ധിച്ചും ഇവിടെ ചർച്ചചെയ്യണമെന്നു തോന്നുന്നില്ല. മാർക്സിസം പ്രായോഗികമല്ലെന്നു തെളിയിക്കാൻവേണ്ടി ചെലവാക്കപ്പെട്ട അത്രയധികം വാക്കുകൾ മറ്റൊരു പ്രസ്ഥാനത്തിന്നുമെതിരായി ഇതേവരെ ഉപയോഗിയ്ക്കപ്പെട്ടിട്ടില്ല. പക്ഷേ, ഒടുവിൽ പരാജയപ്പെട്ടത് മാർക്സിസമല്ല, മാർക്സിസത്തെ എതിർത്തവരാണ്. ഈ ചരിത്രസത്യത്തെ കണ്ടില്ലെന്നു നടിയ്ക്കാൻ ശ്രീമന്നാരായണന്നു സാധിയ്ക്കുമോ? ഇന്ന് ലോകത്തിന്റെ മൂന്നിലൊരുഭാഗത്ത് മാർക്സിസത്തിന്റെ നേതൃത്വത്തിലാണ് വിജയകരമാംവിധം സോഷ്യലിസം കെട്ടിപ്പടുക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. മൂന്നിലൊരു ഭാഗത്ത്-പണ്ട് കോളണികളായി കിടന്നിരുന്നവയും നീണ്ട സമരങ്ങൾക്കുശേഷം സാമ്രാജ്യത്വത്തിന്റെ പിടിയിൽനിന്ന് മോചനം നേടിയവയുമായ രാജ്യങ്ങളിൽ-മാർക്സിസം അതിവേഗം പരന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള മൂന്നിലൊരുഭാഗത്തും മാർക്സിസത്തിന്റെ ആശയങ്ങൾ തലയുയർത്തി കഴിഞ്ഞിരിക്കുകയാണ്. അപ്രായോഗികതകളെ തട്ടിതകർത്തുകൊണ്ടുള്ള മാർക്സിസത്തിന്റെ അധൃഷ്യവും സാർവ്വലൗകികവുമായ ഈ മുന്നേറ്റം അടച്ചിടപ്പെട്ട ഓരോ ഹൃദയത്തിന്റേയും വാതിൽക്കൽ ചെന്നു മുട്ടിവിളിയ്ക്കുകയാണ്: “വാതിൽതുറക്കുക, മാർക്സിസത്തിന്നു വേണ്ടി വാതിൽ തുറക്കുക!”

## ലക്ഷ്യം നന്ന്, പക്ഷേ.....

ശ്രീമന്നാരായണൻ തന്റെ വാതിൽ തുറക്കാനിഷ്ടപ്പെടുന്നില്ല; അതിനദ്ദേഹത്തിന്നു സ്വാതന്ത്ര്യവുമുണ്ട്. പക്ഷേ, ബുദ്ധിമാനായ അദ്ദേഹം കമ്മ്യൂണിസത്തെ ശപിക്കുന്നതെന്തിനാണ്? തിരഞ്ഞെടുപ്പുകാലത്ത് താൻ നടത്തിയ എല്ലാ പ്രവചനങ്ങളേയും തോല്പിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റുകാർ നേടിയ വിജയങ്ങളുടെ നേർക്ക് അദ്ദേഹം ശുണ്ഠിയെടുക്കുന്നതെന്തുകൊണ്ടാണ്? തന്റെ ശാപത്തിന്റേയും ശുണ്ഠിയുടേയും കാരണമെന്താണെന്ന് അദ്ദേഹംതന്നെ വ്യക്തമാക്കിയിട്ടുണ്ട്: കമ്മ്യൂണിസ്റ്റുകാരുടെ ലക്ഷ്യം ഉൽക്കൃഷ്ടമാണെങ്കിലും ആ ലക്ഷ്യം നേടാൻ അവർ സ്വീകരിച്ചിട്ടുള്ള മാർഗ്ഗം തെറ്റാണ്? നല്ല ലക്ഷ്യത്തിന്നു നല്ല മാർഗ്ഗം വേണം-ഇതാണ് അദ്ദേഹത്തിന്റെ പ്രധാനമായ വാദം.

കമ്മ്യൂണിസ്റ്റുകാർ സ്വന്തം കാര്യം നേടാൻ ഏത് അസാന്മാർഗ്ഗികതയെ വേണമെങ്കിലും കെട്ടിപ്പുണരുമെന്ന എതിരാളികളുടെ പഴകിജീർണ്ണിച്ച അപവാദപ്രചരണം യാഥാർത്ഥ്യവുമായി എത്രകണ്ടു പൊരു

ത്തമുള്ളതാണ് എന്നോ ചൂഷണത്തിലധിഷ്ഠിതമായ ഒരു സാമ്പത്തിക വ്യവസ്ഥയെ കാത്തുരക്ഷിക്കാൻവേണ്ടി വെറും പത്തു കൊല്ലങ്ങൾക്കു ള്ളിൽ ആയിരത്തിലധികം വെടിവെപ്പുകൾ നടത്തുകയും ദാക്ഷിണ്യം കൂടാതെ മനുഷ്യരെ ചുട്ടുകൊല്ലുകയും ചെയ്ത ഒരു ഭരണക്രമത്തിന്റെ വക്താക്കൾ അഹിംസ തുടങ്ങിയ സനാതനതത്വങ്ങളിൽ വിശ്വസിയ്ക്കു ന്നുണ്ടെന്ന പ്രഖ്യാപനം പ്രായോഗികാനുഭവങ്ങൾക്ക് എത്രത്തോളം എതിരാണ് എന്നോ ഇവിടെ പരിശോധിക്കേണ്ടതില്ല. നമുക്കദ്ദേഹത്തിന്റെ വാദങ്ങളെ മുഖവിലയ്ക്കുതന്നെ എടുക്കുക. ലക്ഷ്യം മാത്രം നന്നായാൽ പോരാ, മാർഗ്ഗവും നന്നാവണം എന്നേ അദ്ദേഹം പറയുന്നുള്ളൂ.

മാർഗ്ഗം നന്നാവണം-വളരെ വളരെശ്ശരി. പക്ഷേ, അതേസമയത്തു തന്നെ അത് ലക്ഷ്യം നേടാൻ പറ്റിയ മാർഗ്ഗമാവുകകൂടി വേണം. സാന്മാർഗ്ഗികത കൂടിയേ കഴിയൂ. പക്ഷേ, അത്, ലെനിന്റെ വാക്കുകളിൽ പറഞ്ഞാൽ, “തൊഴിലാളികളെ ചൂഷണം ചെയ്യുന്ന സമ്പ്രദായമവസാ നിപ്പിയ്ക്കാനും മനുഷ്യസമുദായത്തെ കൂടുതലുന്നതമായ ഒരു നിലവാ രത്തിലേക്കുയർത്തുവാനും സഹായിക്കുന്ന സാന്മാർഗ്ഗികത”യായിരി യ്ക്കണം.

മാർഗ്ഗത്തിന്റെ കാര്യമെടുക്കാൻ വരട്ടെ. ലക്ഷ്യത്തെസ്സംബന്ധിച്ചേ ടത്തോളം തികച്ചും യോജിപ്പുണ്ട് എന്നു തീർച്ചയാക്കിക്കഴിഞ്ഞുവോ? ഇന്ത്യയുടെ ലക്ഷ്യം സോഷ്യലിസമാണ് എന്നതിനെസ്സംബന്ധിച്ചേട ത്തോളം കോൺഗ്രസ്സുകാരും കമ്മ്യൂണിസ്റ്റുകാരും തമ്മിൽ യോജി പ്പുണ്ടോ? ഉണ്ടെങ്കിൽ അതെങ്ങിനെ നേടണമെന്നതിനെസ്സംബന്ധിച്ചും യോജിപ്പുണ്ടാക്കാൻ കഴിയും. അപ്പോൾ, ഏറ്റവും പ്രധാനമായ പ്രശ്നം മുതലാളിത്തമവസാനിപ്പിയ്ക്കാനും സോഷ്യലിസം സ്ഥാപിയ്ക്കാനും കോൺഗ്രസ്സുനേതൃത്വം തയ്യാറുണ്ടോ എന്നതാണ്.

## സോഷ്യലിസത്തിന്റെ അർത്ഥം

മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിയ്ക്കുക എന്നു വെച്ചാലെന്താണർത്ഥം?

1. ഫാക്ടറികൾ, ഖനികൾ, തോട്ടങ്ങൾ, ബേങ്കുകൾ മുതലായ ഉല്പാ ദനവിനിമയോപകരണങ്ങളുടെ മേലുള്ള സ്വകാര്യവും വ്യക്തിപരവുമായ ഉടമാവകാശമവസാനിപ്പിയ്ക്കുകയും അവയെല്ലാം പൊതുഉടമയിലാക്കി ക്കൊണ്ട് മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന സമ്പ്രദായത്തെ നാമാവശേഷമാക്കുകയും ചെയ്യുക.

2. മുതലാളിത്തഭരണമവസാനിപ്പിച്ച് തൊഴിലാളിവർഗ്ഗത്തിന്റെ നേതൃ ത്വത്തിൽ മുതലാളിത്തത്തിനും ജന്മിത്വത്തിന്നുമെതിരായ എല്ലാ വർഗ്ഗ

ങ്ങളേയും ജനവിഭാഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഭൂരിപക്ഷഭരണം-അതായത്, തൊഴിലാളി സർവ്വാധിപത്യം-,സ്ഥാപിയ്ക്കുക.

3. ബൂർഷ്വാ ബ്യൂറോക്രസിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റു സ്ഥാപനങ്ങളുടെ സ്ഥാനത്ത് ജനങ്ങളുടെ നിയന്ത്രണത്തിലുള്ള, ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളെ പ്രതിഫലിപ്പിയ്ക്കാൻ കെൽപ്പുള്ള, ജനകീയ സ്ഥാപനങ്ങളേർപ്പെടുത്തുകയും അങ്ങിനെ ജനാധിപത്യത്തെ കൂടുതൽ വിപുലമാക്കുകയും ചെയ്യുക.

4. ഒരുപിടി മുതലാളികളുടെ ലാഭത്തിന്നുവേണ്ടിയുള്ള ഉല്പാദന സമ്പ്രദായത്തിന്റെ സ്ഥാനത്ത് ജനങ്ങളുടെ ക്ഷേമത്തേയും ഉപയോഗത്തേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പുതിയ ഉല്പാദനസമ്പ്രദായമേർപ്പെടുത്തുകയും ജനങ്ങളുടെ ക്രയശക്തിയേയും സാംസ്കാരിക നിലവാരത്തേയും മേൽക്കുമേൽ വളർത്താനും അനുദിനം വർദ്ധിച്ചുവരുന്ന അവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനും പറ്റിയ തരത്തിൽ പ്ലാൻചെയ്തുകൊണ്ട് ഭൗതികവിഭവങ്ങളുടെ ഉല്പാദനം വികസിപ്പിക്കുകയും അങ്ങിനെ സാന്മാർഗ്ഗികജീവിതത്തിന്റേയും മാനുഷികമൂല്യങ്ങളുടേയും വളർച്ചയ്ക്കാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കുകയും ചെയ്യുക.

അടിസ്ഥാനപരമായ ഈ പരിവർത്തനങ്ങൾ വരുത്താതെ സോഷ്യലിസമില്ല. ഈ സോഷ്യലിസമാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ലക്ഷ്യം. മാർക്സിന്നുശേഷം 110 കൊല്ലങ്ങളല്ല, 1100 കൊല്ലങ്ങൾ കഴിഞ്ഞാലും ഇതായിരിയ്ക്കും സോഷ്യലിസത്തിന്റെ ഉള്ളടക്കം. മാർക്സിന്റെ കാലത്തായാലും ശരി, നെഹ്റുവിന്റെ കാലത്തായാലും ശരി, റഷ്യയിലായാലും കൊള്ളാം, ഇന്ത്യയിലായാലും കൊള്ളാം, ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരെന്ന നിലയ്ക്കു ലാഭവും പലിശയും പാട്ടവും തട്ടിത്തിന്നുന്ന ചൂഷകവർഗ്ഗക്കാരുടെ ഭരണമവസാനിപ്പിയ്ക്കുകയും അവർ സ്വകാര്യസ്വത്താക്കിവെച്ചിട്ടുള്ള കമ്പനികളും ഫാക്ടറികളും ബേങ്കുകളും തോട്ടങ്ങളും ഖനികളും മറ്റും സമുദായത്തിന്റെ പൊതുസ്വത്താക്കി മാറ്റുകയും ചെയ്യാതെ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ സ്ഥാപിയ്ക്കാൻ കഴിയുകയില്ല.

* സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ തൊഴിലാളികളുടെ അദ്ധ്വാനശക്തി വിലക്കുവാങ്ങി മിച്ചമൂല്യം പിഴിഞ്ഞെടുക്കുന്ന മുതലാളികളോ ജീവിത നിർവ്വഹണത്തിന്നുവേണ്ടി സ്വന്തം അദ്ധ്വാനശക്തി വില്ക്കുന്ന തൊഴിലാളികളോ ഉണ്ടാവില്ല. അദ്ധ്വാനംകൊണ്ടുമാത്രം ആദായം ഉണ്ടാക്കുന്ന തൊഴിലാളികളും കൃഷിക്കാരും ബുദ്ധിജീവികളും മാത്രമേ ഉണ്ടാവൂ.

* സോഷ്യലിസ്റ്റ്വ്യവസ്ഥയിൽ ഉല്പാദനം ഒരുപിടി വ്യക്തികളുടെ ലാഭത്തിന്നുവേണ്ടിയല്ല, സമുദായത്തിന്റെ ആകെ ഉപയോഗത്തിന്നു

വേണ്ടിയാണ്; ജനങ്ങളുടെ വളർന്നുവരുന്ന ജീവിതാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടിയാണ്; ഈ ഉദ്ദേശ്യത്തോടുകൂടിയാണ് സാമ്പത്തികാസൂത്രണങ്ങൾ നടപ്പിൽവരുത്തപ്പെടുക.

*സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഭരണകൂടം തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിലായിരിയ്ക്കും. ഭരണകൂടത്തിന്റെ മർമ്മപ്രധാനമായ എല്ലാ രംഗങ്ങളിലും തൊഴിലാളിവർഗ്ഗത്തിന്റെ വിശ്വസ്തപ്രതിനിധികളുണ്ടായിരിയ്ക്കും. വ്യവസായവും കൃഷിയും സംസ്കാരവും മേൽക്കുമേൽ അഭിവൃദ്ധിപ്പെടുത്തികൊണ്ടും നാടുവാഴി മുതലാളിത്ത ചിന്താഗതികളെ തുടച്ചുനീക്കി മനുഷ്യത്വത്തെ മേൽക്കുമേൽ ഉയർത്തിക്കൊണ്ടും യാതൊരു ഭരണകൂടത്തിന്റേയും ആവശ്യമില്ലാത്ത, വർഗ്ഗരഹിതമായ, കമ്യൂണിസത്തിലേയ്ക്കു ജനങ്ങളെ നയിയ്ക്കാൻ സഹായിയ്ക്കുന്ന ഒരു ഭരണകൂടമായിരിയ്ക്കും അത്.

## മുതലാളിത്തചൂഷണം അവസാനിപ്പിയ്ക്കുമോ?

ഈ സോഷ്യലിസ്റ്റ് വ്യവസ്ഥതന്നെയാണോ കോൺഗ്രസ്സിന്റേയും ലക്ഷ്യം? അല്ല എന്നാണ് കോൺഗ്രസ്സുനേതാക്കന്മാർതന്നെ പറയുന്നത്. ആവടി കോൺഗ്രസ്സ് പാസ്സാക്കിയ പ്രമേയമനുസരിച്ച് എല്ലാ ഉല്പാദനോപകരണങ്ങളും പൊതുസ്വത്താക്കുകയില്ല; വൻകിട മൌലികവ്യവസായങ്ങളുടെ പോലും ഗണ്യമായ ഭാഗം സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലായിരിയ്ക്കും. മുഖ്യമായ ഉല്പാദനോപകരണങ്ങൾ ഒന്നുകിൽ പൊതുസ്വത്താക്കും; അല്ലെങ്കിൽ നിയന്ത്രണത്തിന്നു വിധേയമാക്കും എന്നാണ് പറയുന്നത്. ആരാണ് നിയന്ത്രിയ്ക്കുക? ജനങ്ങളാണോ? അല്ല. ചില ഉല്പാദനോപകരണങ്ങളെ മുതലാളികൾ നേരിട്ടുനിയന്ത്രിയ്ക്കും. മറ്റു ചിലത് സ്റ്റേറ്റും. സ്റ്റേറ്റിനെ ആരാണ് നിയന്ത്രിയ്ക്കുക? തൊഴിലാളികളും കൃഷിക്കാരുമാണോ? അല്ല. സ്റ്റേറ്റിന്റെ ഘടന ഇന്നത്തെപ്പോലെ തന്നെ തുടരും. ഇതാണ് കോൺഗ്രസ്സിന്റെ സാമൂഹ്യഉടമസ്ഥത!

1938-ൽ കോൺഗ്രസ്സ് വർക്കിങ്ങ് കമ്മിറ്റി പാസ്സാക്കിയ പ്രമേയത്തിൽ ഇങ്ങിനെ പ്രഖ്യാപിച്ചിരുന്നു:

“ഇന്ത്യയിലില്ലാത്തതും ഇന്ത്യയ്ക്കാവശ്യമുള്ളതുമായ വിദേശമൂലധനവും വിദേശീയരുടെ കഴിവുകളും ഉപയോഗിയ്ക്കുന്നതിൽ വർക്കിങ്ങ് കമ്മിറ്റിയ്ക്ക് വിരോധമൊന്നുമില്ല. എന്നാൽ അത്തരം മൂലധനവും കഴിവുകളും ഉപയോഗിയ്ക്കുന്നത് ഇന്ത്യക്കാരുടെ നിയന്ത്രണത്തിലും നേതൃത്വത്തിലും മാനേജുമെണ്ടിലുമായിരിയ്ക്കണം; ഇന്ത്യയുടെ താല്പര്യങ്ങൾക്കുവേണ്ടിയായിരിയ്ക്കണം.”

എന്നാൽ, സോഷ്യലിസമാണ് ഇന്ത്യയുടെ ലക്ഷ്യം എന്നു പ്രഖ്യാപിയ്ക്കപ്പെട്ടതിന്നുശേഷവും ഈ തത്വം നടപ്പിൽ വന്നിട്ടില്ല. ഇന്ത്യാഗ

വൺമെന്റിന്റെ സാമ്പത്തികവിഭാഗം തയ്യാറാക്കിയ കണക്കുകളനുസരിച്ച് പെട്രോളിയത്തിന്റെ 97 ശതമാനവും റബ്ബർ വ്യവസായത്തിന്റെ 93 ശതമാനവും ഖനിയുടെ 73 ശതമാനവും യന്ത്രനിർമ്മാണവ്യവസായങ്ങളുടെ 33 ശതമാനവും കൽക്കരിയുടെ 62 ശതമാനവും ചണയുടെ 89 ശതമാനവും വിദേശമുതലാളികളുടെ കൈയിലാണ്. ഗവൺമെന്റുകണക്കുകൾ പ്രകാരം ഇന്ത്യയിലാകെയുള്ള മൂലധനത്തിന്റെ 20 ശതമാനം വിദേശമുതലാളികളുടേതാണ്. അവർ ഇന്ത്യയിൽ നിന്ന് കൊല്ലംതോറും ചുരുങ്ങിയത് 120 കോടി ക. ലാഭമായി കടത്തിക്കൊണ്ടുപോകുന്നുണ്ട്. ഈ വിദേശീയ ചൂഷണത്തിന്നെതിരായി ഫലപ്രദമായ യാതൊരു നടപടിയുമില്ല. നേരെമറിച്ച്, പണ്ടത്തെപ്പോലെ ചൂഷണം തുടരാനുള്ള സൌകാര്യങ്ങൾ അനുവദിച്ചു കൊടുത്തുകൊണ്ട് പുതിയ വിദേശീയ മൂലധനങ്ങൾ ക്ഷണിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കുകയാണ്. ഇന്ത്യയിലെ സോഷ്യലിസ്റ്റുവ്യവസ്ഥയിൽ വിദേശീയമൂലധനത്തിന്റെ ചൂഷണം അനുവദിയ്ക്കപ്പെടുകയില്ല എന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിയ്ക്കാൻപോലും കോൺഗ്രസ്സു നേതാക്കന്മാർ തയ്യാറായിട്ടില്ല.

1931-ൽ കറാച്ചിയിൽവെച്ചുകൂടിയ അഖിലേന്ത്യാ കോൺഗ്രസ്സു സമ്മേളനം മൗലികങ്ങളായ അടിസ്ഥാനവ്യവസായങ്ങളെല്ലാം ദേശസാൽക്കരിയ്ക്കണമെന്നു തീരുമാനിയ്ക്കുകയുണ്ടായി. അടിസ്ഥാന വ്യവസായങ്ങളെ ദേശസാൽക്കരിയ്ക്കണമെന്നതു നമ്മുടെ ദേശീയപ്രസ്ഥാനത്തിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമായിരുന്നു. എന്നാൽ സ്വാതന്ത്ര്യം നേടുകയും സോഷ്യലിസമാണ് ഇന്ത്യയുടെ ലക്ഷ്യം എന്നു പ്രഖ്യാപിയ്ക്കപ്പെടുകയും ചെയ്തതിന്നുശേഷം കറാച്ചികോൺഗ്രസ്സിന്റെ ഈ തീരുമാനംപോലും ലംഘിയ്ക്കപ്പെടുകയാണ് ചെയ്തത്. ഇരുമ്പ്, ഉരുക്ക്, കൽക്കരി തുടങ്ങിയ അടിസ്ഥാനവ്യവസായങ്ങൾപോലും സ്വകാര്യമുതലാളികളുടെ ഉടമസ്ഥതയ്ക്കും നിയന്ത്രണത്തിന്നും വിട്ടുകൊടുക്കപ്പെട്ടിരിയ്ക്കുകയാണ്. 746 കമ്പനികളുടെ കണക്കെടുത്തതിൽ ടാറ്റാ, ബിർല, ദാൽമിയ എന്നീ മൂന്നു വൻകിട മുതലാളികൾ മാത്രം മൂലധനത്തിന്റെ 25 ശതമാനവും കയ്യടക്കിവെച്ചിരിയ്ക്കുന്നു എന്നു തെളിയുകയുണ്ടായി. അതായത് ഇന്ത്യയിൽ നിക്ഷേപിയ്ക്കപ്പെട്ട മൂലധനത്തിന്റെ കാൽഭാഗം മൂന്നു മുതലാളികളുടെ സ്വകാര്യസ്വത്താണ്. ഇത്തരം കുത്തകമുതലാളികളുടെ സ്ഥാപിതതാല്പര്യങ്ങളുടെ നേർക്കു ഒരു ചെറുവിരൽപോലും അനക്കാൻ തയ്യാറില്ലാത്ത ഒരു വിചിത്രമായ സോഷ്യലിസമാണ് കോൺഗ്രസ്സ് നേതാക്കന്മാർ മുന്നോട്ടുകൊണ്ടുവരുന്നത്. അതുകൊണ്ടുതന്നെയാണവർ റഷ്യയിലേയും ചൈനയിലേയും സോഷ്യലിസം സ്വേച്ഛാധിപത്യപരമാണെന്നു വാദിയ്ക്കുന്നതും.

## കോൺഗ്രസ്സ് നേതാക്കന്മാരുടെ വാദങ്ങൾ

ആവടിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് മൌലാനാ അബുൽകലാം അസാദ് പറഞ്ഞു:

"ഞങ്ങൾ ഒരു പുതിയ മുദ്രാവാക്യമാണ് ഉന്നയിയ്ക്കുന്നത് എന്ന് മെമ്പർമാരിൽ വല്ലവരും കരുതുന്നുണ്ടെങ്കിൽ ആ തെറ്റിദ്ധാരണ ഉടൻ നീക്കട്ടെ. ഈ പ്രമേയംമുഖേന കോൺഗ്രസ്സു ഭരണഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിയ്ക്കുന്നുണ്ട് എന്നാണ് വേറെ ചിലരുടെ ധാരണ. എന്നാൽ അത്തരമൊരാശയത്തിന്റെ നിഴൽപോലും ഒരു നിമിഷനേരത്തേയ്ക്കെങ്കിലും ഞങ്ങളുടെ മനസ്സിലോടിയിട്ടില്ലെന്ന് ഞാൻ നിങ്ങൾക്കെല്ലാം ഉറപ്പുതരുന്നു." (മാതൃഭൂമി ജനു. 20, 1955.)

ഒരു സോഷ്യലിസ്റ്റ്സമുദായത്തിൽ താഴെ പറയുന്ന ഏഴ് അടിസ്ഥാനതത്വങ്ങളടങ്ങിയിരിയ്ക്കണമെന്ന് ശ്രീമന്നാരായണൻ അഭിപ്രായപ്പെടുന്നു: 1. പണിയെടുക്കാനുള്ള സ്വാതന്ത്ര്യവും പൂർണ്ണമായ തൊഴിൽസൗകര്യങ്ങളും. 2. ദേശീയസ്വത്തുക്കൾ പരമാവധി ഉല്പാദിപ്പിയ്ക്കൽ. 3. ദേശീയസ്വയംപര്യാപ്തത. 4. സാമൂഹ്യസാമ്പത്തിക നീതി. 5. സമാധാനപരവും അഹിംസാപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങൾ. 6. സാമ്പത്തികരാഷ്ട്രീയാധികാരങ്ങളുടെ വികേന്ദ്രീകരണം. 7. 'അവസാനത്തേത് ആദ്യം' എന്ന ആദർശം; അതായത് ആദ്യമായി പാവങ്ങളുടെ കാര്യത്തിൽ ശ്രദ്ധിയ്ക്കൽ. ഈ ഏഴു തത്വങ്ങളേയും 'സർവ്വോദയം' എന്ന ഒരു വാക്കിൽ ഒതുക്കാമെന്നും അദ്ദേഹം പറയുന്നു. (ശ്രീമന്നാരായൺ; ടുവാർഡ്സ് ഏ സോഷ്യലിസ്റ്റ് എക്കോണമി, പേജ് 16-21.)

ഇത്തരത്തിലുള്ള തത്വങ്ങളുടേയും ആദർശങ്ങളുടേയും പട്ടിക വേണമെങ്കിൽ ഇനിയും നീട്ടാം. ഉദാഹരണത്തിന്ന് എല്ലാ ജനങ്ങൾക്കും വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുക, ആരോഗ്യസംരക്ഷണത്തിന്ന് ഏറ്റവും നല്ല ഏർപ്പാടുകളുണ്ടാക്കുക, എല്ലാ ജനങ്ങളേയും സത്യസന്ധന്മാരും സദാചാരനിരതരുമാക്കുക, സാംസ്കാരിക നിലവാരം അങ്ങേയറ്റം ഉയർത്തുക, മറ്റും മറ്റും. ഇതെല്ലാം നല്ല കാര്യങ്ങളാണ്, സംശയമില്ല. പക്ഷേ, ഈ തത്വങ്ങളൊന്നും തന്നെ മൗലികമായ രണ്ടുചോദ്യങ്ങൾക്കു മറുപടി നൽകുന്നില്ല. ഉല്പാദനോപകരണങ്ങൾ ആരുടെ കൈയിലായിരിയ്ക്കും? ഭരണം ആർ എങ്ങിനെ നടത്തും? യഥാർത്ഥത്തിൽ ഈ രണ്ടു ചോദ്യങ്ങൾക്കുള്ള മറുപടിയെ ആശ്രയിച്ചാണ് സോഷ്യലിസത്തിന്റെ സ്വഭാവം നിർണ്ണയിയ്ക്കപ്പെടുന്നത്. കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ. യു.എൻ. ധേബാർ ഈ പ്രശ്നങ്ങൾക്കു മറുപടി കാണാൻ ശ്രമിയ്ക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

"ഉല്പാദനം, വിതരണം, വിനിമയം എന്നിവയുടെ ഉടമാവകാശമാണ് സമുദായത്തിന്റെ സ്വഭാവത്തെ നിർണ്ണയിയ്ക്കുന്നത് എന്നും സോഷ്യ

ലിസത്തിന്റെ ഉദ്ദേശങ്ങൾ നേടാൻ ദേശസാൽക്കരണത്തിലൂടെയുള്ള പൊതുവുടമാവകാശം ഒഴിച്ചുകൂടാൻ വയ്യാത്ത ഒരുപാധിയാണെന്നും അവർ (കമ്മ്യൂണിസ്റ്റ്കാർ) വിശ്വസിയ്ക്കുന്നു. കോൺഗ്രസ്സാകട്ടെ, ചില പ്രത്യേകരംഗങ്ങളിൽ മാത്രം ദേശസാൽക്കരണം നടപ്പിൽ വരുത്തുകയും ഉല്പാദനത്തിന്റെയും സാമ്പത്തികവ്യവസ്ഥയുടേയും താല്പര്യങ്ങളെ നിയന്ത്രണംകൊണ്ടും ക്രമീകരണം കൊണ്ടും സംരക്ഷിയ്ക്കാൻ കഴിയുമെന്നു തോന്നുന്ന മറ്റു രംഗങ്ങളിൽ നിയന്ത്രണവും ക്രമീകരണവും ഏർപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ട് തൃപ്തിപ്പെടുന്നതായിരിയ്ക്കും. ഉല്പാദനോപകരണങ്ങളുടെ ഉടമാവകാശമാണ് സമുദായത്തിന്റെ സ്വഭാവത്തെ നിർണ്ണയിയ്ക്കുന്നത് എന്നതിനാലും ദേശസാൽക്കരണത്തിലൂടെയുള്ള പൊതുവുടമാവകാശം കൊണ്ടുമാത്രമേ സോഷ്യലിസത്തിന്റെ ഉദ്ദേശ്യങ്ങൾ നേടാൻ കഴിയൂ എന്നതിനാലും വിതരണവും വിനിമയവും രാജ്യത്തിലെ സാമ്പത്തിക വ്യവസ്ഥയുടെ വലിയൊരു വിഭാഗമാണ് എന്നതിനാലും ഈ രംഗത്തേയും ദേശസാൽക്കരിയ്ക്കണമെന്നാണ് കമ്യൂണിസ്റ്റുകാർ വിശ്വസിയ്ക്കുന്നത്. എന്നാൽ, വിതരണവിനിമയങ്ങളായാലും ശരി കൃഷിയോ ചെറുകിട വ്യവസായങ്ങളോ ആയാലും ശരി, ഈ രംഗങ്ങളെ ദേശസാൽക്കരിയ്ക്കാനുള്ള പരിശ്രമം സ്വേച്ഛാധിപത്യപരമായ ഭരണകൂടത്തിലാണ് ചെന്നെത്തുക എന്ന കാര്യം കോൺഗ്രസ്സ് വ്യക്തമായി മനസ്സിലാക്കിയിരിയ്ക്കുന്നു.” (എക്കണോമിക്ക് റെവ്യൂ, ആഗസ്ത് 15, 1957.)

ചുരുക്കിപ്പറഞ്ഞാൽ, എല്ലാ ഉല്പാദനോപകരണങ്ങളെയും പൊതുവുടമയിലാക്കിയാൽ, ഉല്പാദനവിനിമയോപകരണങ്ങളുടെ ഗണ്യമായ ഒരു ഭാഗം സ്വകാര്യമുതലാളികളുടെ ലാഭക്കൊള്ളയ്ക്കു വിട്ടുകൊടുക്കാഞ്ഞാൽ, സ്വേച്ഛാധിപത്യം വരും! അതുകൊണ്ട് വൻകിട ഘടനവ്യവസായങ്ങൾ പോലും ദേശസാൽക്കരിയ്ക്കാൻ പാടില്ല! ആവടിയിൽവെച്ചു തന്നെ പണ്ഡിറ്റ് നെഹ്റു ചൂണ്ടിക്കാണിയ്ക്കുകയുണ്ടായി:

“പുരോഗതി സാധിയ്ക്കുന്നതിൽ സ്വകാര്യവിഭാഗത്തിന്നുള്ള സ്ഥാനത്തെ നാം നിഷേധിയ്ക്കുന്നില്ല. സ്വകാര്യവിഭാഗം മുഴുവൻ സ്റ്റേറ്റിന്റെ പിടിയിലൊതുക്കുവാൻ ഭാവിയ്ക്കുന്നുവെന്നതല്ല സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിയുടെ അർത്ഥം. ഇതു തെറ്റാണ്. ദേശീയപദ്ധതിയനുസരിച്ചുള്ള നമ്മുടെ ആദർശം സാക്ഷാൽക്കരിയ്ക്കുന്നതിൽ നേരിടുന്ന വിഘ്നങ്ങളെ മുഴുവൻ നിയന്ത്രണവിധേയമാക്കുകയാണാവശ്യം. (മാ. ഭൂ. ജനുവരി 1955.)

എല്ലാത്തരം സ്വകാര്യവ്യവസായങ്ങളും പൊതുവുടമയിലാക്കേണ്ടതില്ല, അടിസ്ഥാനപരങ്ങളായ വൻകിടവ്യവസായങ്ങളെല്ലാം സ്റ്റേറ്റുടമയിലാക്കുകയും ചെറുകിടവ്യവസായങ്ങൾ സ്വകാര്യമുതലാളികൾക്കു

വിട്ടുകൊടുക്കുകയും ചെയ്താൽ മതി, എന്നാണോ അദ്ദേഹം പറയുന്നത്. അല്ല, അദ്ദേഹം പറഞ്ഞതിങ്ങനെയാണ്.

“പൊതുവിഭാഗത്തെ ഉയർന്ന നിലവാരത്തിൽ നിർത്താനായി, അതിനോടു മത്സരിയ്ക്കാനുതകിയ ഒരു സ്വകാര്യവിഭാഗമുണ്ടാക്കുന്നത് പ്രയോജനകരമാണെന്ന് ഞാൻ കരുതുന്നു. പൊതുവിഭാഗം വളരും. പക്ഷേ, സ്വകാര്യവിഭാഗമില്ലെങ്കിൽ പൊതുവിഭാഗത്തിന്റെ ഗതി മന്ദീഭവിയ്ക്കുമെന്നൊരാപത്തുണ്ട്. പ്രചോദനവും പ്രേരണയുമൊന്നും വേണ്ടപോലെ ഉണ്ടായെന്നുവരില്ല. ആളുകളെ ആശ്രയിച്ചിരിക്കും അതെന്നത് ശരിയാണ്. ആകപ്പാടെ നോക്കുമ്പോൾ ഒരു സ്വകാര്യവിഭാഗം നന്ന്.” (മാതൃഭൂമി, ജനു. 23)

അതായത്, മുതലാളിത്തത്തിന്റെ മാർക്കറ്റുനിയമങ്ങളനുസരിച്ച് വിദേശമുതലാളികളുടേയും നാടൻ കുത്തകമുതലാളികളുടേയും മത്സരത്തിന്നു വിധേയമായിക്കൊണ്ടു മാത്രമേ സ്റ്റേറ്റുടമയിലുള്ള വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുകയുള്ളൂ! മത്സരത്തിന്റെ അടി കിട്ടിയില്ലെങ്കിൽ സ്റ്റേറ്റ്‌വ്യവസായങ്ങൾ മന്ദീഭവിയ്ക്കും! സ്റ്റേറ്റ് വ്യവസായങ്ങൾക്ക് “പ്രചോദനവും പ്രേരണയും” നല്കുന്നത് ജനങ്ങളുടെ ആവശ്യങ്ങളല്ല, സ്വകാര്യമുതലാളികളുടെ ലാഭത്തിന്നുവേണ്ടിയുള്ള കമ്പോളമത്സരങ്ങളാണ്! ‘ശക്തിയുള്ളവൻ ജീവിക്കും, ശക്തിയില്ലാത്തവൻ തകരും’ എന്ന തത്വമനുസരിച്ച് മുതലാളിത്തവ്യവസ്ഥയിൽ നടന്നുകൊണ്ടിരിക്കുന്ന അരാജകമായ മാർക്കറ്റുമത്സരമാണ് പുരോഗതിയുടെ അടിസ്ഥാനമെങ്കിൽ, എല്ലാ വ്യവസായങ്ങളേയും സ്വകാര്യവ്യക്തികൾക്കുതന്നെ വിട്ടുകൊടുത്തുകൂടേ? പൊതുവിഭാഗമെന്നപേരിൽ ചില വ്യവസായങ്ങൾ സ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ നടത്തുന്നതെന്തിനാണ്? കാരണം, സ്വകാര്യമുതലാളികളുടെ ഉടമസ്ഥതയിലുള്ള സ്വകാര്യവിഭാഗത്തിന്റെ വളർച്ചയ്ക്ക് പൊതുവിഭാഗം ആവശ്യമാണ്! സോഷ്യലിസ്റ്റ് രൂപത്തിൽ ഒരു സമുദായവ്യവസ്ഥ ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള സാമ്പത്തികാസൂത്രണത്തിന്റെ അടിസ്ഥാനം നിർദ്ദേശിക്കുന്ന പ്രമേയമവതരിപ്പിച്ചുകൊണ്ട് പണ്ഡിറ്റ് ഗോവിന്ദവല്ലഭപന്ത് ചെയ്ത പ്രസംഗം വായിച്ചുനോക്കുക: സ്വകാര്യവ്യവസായവിഭാഗവും പൊതുവിഭാഗവും തമ്മിൽ യാതൊരു വൈരുധ്യവുമില്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം പറയുകയാണ്:

“തന്റെ സ്വന്തം പദ്ധതികൾ മുഖേന രാഷ്ട്രസമ്പത്ത് വർദ്ധിപ്പിയ്ക്കാൻ ഒരു സ്വകാര്യവ്യവസായപ്രവർത്തകനെ സ്റ്റേറ്റ് തടയുകയില്ല............. എന്നാൽ സ്വകാര്യവിഭാഗത്തിന് ചെയ്യാൻ കഴിയാത്ത ചില കാര്യങ്ങളുണ്ട്. ട്രാൻസ്പോർട്ട്, ദേശരക്ഷാവ്യവസായങ്ങൾ, മൌലിക വ്യവസായങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്.” (മാ:ഭൂ: ജനു: 20)

## വൻകിട മുതലാളികളുടെ സോഷ്യലിസം

മുതലാളിത്തവ്യവസ്ഥയിൽ യാതൊരു മാറ്റവും വരുത്താതെ, ഉല്പാദനോപകരണങ്ങളുടെ സ്വകാര്യസ്വത്തുടമയും ലാഭക്കൊള്ളയും മാർക്കറ്റുമത്സരവുമെല്ലാം നിലനിർത്തിക്കൊണ്ട്, സ്വകാര്യമുതലാളികൾക്ക് നടത്താൻ വയ്യാത്ത ചില വ്യവസായങ്ങളെ ഗവൺമെന്റ് ഏറ്റെടുത്തു നടത്തിയാൽ അത് സോഷ്യലിസ്റ്റ് രൂപത്തിലുള്ള സാമൂഹ്യവ്യവസ്ഥയാവുമത്രേ! അതുകൊണ്ടുതന്നെയാണ് വൻകിടകുത്തകമുതലാളികളിലൊരാളായ ജി. ഡി. ബിർള ഈ പരിപാടിയെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട് ഇങ്ങിനെ പ്രസ്താവിച്ചത്:

“സ്വകാര്യവ്യവസായങ്ങൾക്ക്, ഇനിയും ചുരുങ്ങിയ ചിലവിൽ കൂടുതൽ ഫലപ്രദമായി തങ്ങളുടെ ജോലിചെയ്യുവാൻ കഴിയും. പക്ഷേ, വേണ്ടത്ര മൂലധനമുണ്ടാക്കാനും അഭിവൃദ്ധിപ്പെടുന്ന തോതിലുള്ള നിക്ഷേപങ്ങളെ ആകർഷിച്ചടുപ്പിക്കുവാനും കഴിയുന്നതോടെ മാത്രമേ സ്വകാര്യവ്യവസായവിഭാഗം രംഗത്തുവരികയുള്ളൂ. മറിച്ച് ഇതിനാവശ്യമായ വമ്പിച്ച നിക്ഷേപം സ്വകാര്യവിഭാഗത്തിന്റെ പിടിയിലൊതുങ്ങാതെ വരികയാണെങ്കിൽ, ഏതെങ്കിലുമൊരു വ്യവസായവിഭാഗം ആ ജോലി ഏറ്റെടുത്തേ തീരൂ....അതു പൊതു ഉടമയിലുള്ള വ്യവസായവിഭാഗമായിരിക്കുവാനേ തരമുള്ളു. ഇത് യഥാർത്ഥത്തിൽ നാം അംഗീകരിച്ചിട്ടുള്ളതും എന്നാൽ ഇനിയും മുഴുവൻ മനസ്സിലാക്കിയിട്ടില്ലാത്തതുമായ സമ്മിശ്ര സാമ്പത്തികസംവിധാനത്തിന്റെ ആവിർഭാവമാണ്.”

ഇപ്പോൾ വ്യക്തമായില്ലേ, മുതലാളികൾ ഏറ്റെടുക്കാനിഷ്ടപ്പെടാത്ത ചില വൻകിടവ്യവസായപദ്ധതികളെ സ്റ്റേറ്റുടമയിൽ നടത്തുകയും ബാക്കിയെല്ലാം സ്വകാര്യമുതലാളികൾക്കു വിട്ടുകൊടുക്കുകയും ചെയ്യുക എന്നതാണ് കോൺഗ്രസ്സിന്റെ സോഷ്യലിസമെന്നത്? ആ സോഷ്യലിസത്തിൽ വൻകിടക്കാരായ സ്വകാര്യമുതലാളികൾക്ക് മാന്യമായ സ്ഥാനമനുവദിയ്ക്കപ്പെടും. ആ സോഷ്യലിസത്തിൽ മൂലധനമിറക്കി തൊഴിലാളികൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കും. വെറുതെയാണോ സോഷ്യലിസമെന്ന വാക്കുകേട്ട് പേടിയ്ക്കാനൊന്നുമില്ലെന്നും അമേരിക്കയിലിന്നുള്ളതുപോലുള്ള ഒരു സാമ്പത്തികവ്യവസ്ഥയ്ക്കാണ് സോഷ്യലിസമെന്നു പറയുന്നത് എന്നും ധനകാര്യമന്ത്രി ശ്രീ: കൃഷ്ണമാചാരി പ്രസ്താവിച്ചത്? വെറുതെയാണോ ടാറ്റയെപ്പോലെയും ബിർലയെപ്പോലെയുമുള്ള വൻകിട മുതലാളികൾ കോൺഗ്രസ്സിന്റെ ‘സോഷ്യലിസം നടപ്പാക്കാൻവേണ്ടി കോടിക്കണക്കിന് ഉറുപ്പിക സംഭാവനചെയ്യുന്നത്?

അപ്പോൾ, കോൺഗ്രസ്സും കമ്മ്യൂണിസ്റ്റു പാർട്ടിയും തമ്മിലുള്ള പ്രധാനമായ വ്യത്യാസം മാർഗ്ഗത്തെസ്സംബന്ധിച്ചുള്ളതല്ല; ലക്ഷ്യത്തെസ്സംബന്ധിച്ചുള്ളതാണ്. കോൺഗ്രസ്സിന്റെ ലക്ഷ്യവും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ

ലക്ഷ്യവും ഒന്നല്ല. കോൺഗ്രസ്സിന്റെ സോഷ്യലിസവും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സോഷ്യലിസവും തമ്മിൽ അജഗജാന്തരവും. കോൺഗ്രസ്സിന്റെ സോഷ്യലിസത്തിൽ കുത്തകമുതലാളികളും അവരുടെ ചൂഷണവ്യവസ്ഥയും നിലനില്ക്കും. കമ്മ്യൂണിസ്റ്റുകാരുടെ സോഷ്യലിസത്തിൽ നേരെ മറിച്ച്, ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥാവകാശം കൊണ്ട് പാട്ടവും പലിശയും ലാഭവും തട്ടിയെടുക്കുന്ന ചൂഷകവർഗ്ഗക്കാർക്ക് സ്ഥാനമുണ്ടാവില്ല; മുതലാളികൾ എന്നൊരു വർഗ്ഗമേയുണ്ടാവില്ല. ഒന്നാമത്തേത് ചൂഷകവർഗ്ഗക്കാരുടെ സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിക്കാനുള്ള സോഷ്യലിസമാണ്. രണ്ടാമത്തേത്, തൊഴിലാളിവർഗ്ഗത്തിന്റേയും അധ്വാനിക്കുന്ന മറ്റു ജനവിഭാഗങ്ങളുടേയും താല്പര്യങ്ങളെ കാത്തുരക്ഷിക്കാനുള്ള സോഷ്യലിസവും.

കമ്മ്യൂണിസ്റ്റ്കാരുടെ നിർവ്വചനമനുസരിച്ചുള്ള സോഷ്യലിസം സ്വീകരിക്കാൻ കോൺഗ്രസ്സുനേതൃത്വം തയ്യാറില്ലാത്തതെന്തുകൊണ്ടാണ്? പ്രധാനമായി നാലു കാരണങ്ങളുണ്ടെന്നാണ് ശ്രീ. ധേബാർജി പറയുന്നത്: ഒന്നാമതായി, മാർക്സ് തന്റെ തത്വങ്ങളുന്നയിച്ചതിന്നുശേഷം സമുദായം വികസിച്ചിട്ടുണ്ട്; മനുഷ്യചിന്തയിലുണ്ടായ മാറ്റങ്ങൾ ഉല്പാദനോപകരണങ്ങൾ കൈവശംവെക്കുന്നവരേയും ബാധിച്ചിട്ടുണ്ട്. രണ്ടാമതായി, സാങ്കേതികവളർച്ചകാരണം മനുഷ്യകുടുംബത്തിന്നു മുഴുവനും ഒരു മാനമായ ജീവിതത്തോതു നൽകാൻ കഴിയുമെന്നായിരിക്കുന്നു. മൂന്നാമതായി, പൊതുജനാഭിപ്രായംകാരണം പണ്ടത്തെപ്പോലെ ചൂഷണം തുടരുക സാധ്യമല്ല; തൊഴിലാളികൾ വ്യവസായസ്ഥാപനങ്ങളുടെ മാനേജുമെന്റുകളിൽ പങ്കാളിത്തം വഹിയ്ക്കുകയും കൂട്ടായി വിലപേശുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലേക്ക് നമ്മൾ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു. നാലാമതായി, സാമൂഹ്യ ഇൻഷൂറൻസ് മുതലായ മാർഗ്ഗങ്ങളിലൂടെ ചൂഷണവാസനകളെ നിയന്ത്രിയ്ക്കാൻ ഭരണകൂടത്തിന് ഇന്നു സാധിക്കും. (എക്കോണമിക്ക് റെവ്യൂ ആഗസ്ത് 15, 1957)

കാരണമെന്തായാലും കാര്യം വ്യക്തമാണ്? മാർക്സ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്ന പുസ്തകമെഴുതിയതിന്നുശേഷം ഒരു നൂറ്റാണ്ടു കഴിഞ്ഞ സ്ഥിതിക്ക് കമ്മ്യൂണിസ്റ്റുകാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള യാതൊരു സോഷ്യലിസവും ഇന്ത്യയ്ക്കാവശ്യമില്ല. കറാച്ചി പ്രമേയം പാസ്സാക്കപ്പെട്ടതിന്നുശേഷം കാൽ നൂറ്റാണ്ടിലധികം കാലം കഴിഞ്ഞിട്ടുള്ള സ്ഥിതിയ്ക്ക് അടിസ്ഥാനവ്യവസായങ്ങളെല്ലാം ദേശസാൽക്കരിയ്ക്കണമെന്ന പഴഞ്ചൻ ആവശ്യംപോലും ഇന്ത്യയ്ക്കിന്നാവശ്യമില്ല. ഇന്നുള്ള സ്ഥിതിതന്നെ ധാരാളമാണ്. "കമേർസ്" എന്ന കുത്തകമുതലാളിപ്പത്രം തുറന്നുപറഞ്ഞപോലെ, "ഇന്ത്യ ഇപ്പോൾത്തന്നെ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമാണ്!"

## മാർഗ്ഗത്തിലും വ്യത്യാസമുണ്ട്

ലക്ഷ്യത്തിലേ വ്യത്യാസമുള്ളു, മാർഗ്ഗത്തിൽ വ്യത്യാസമില്ല എന്നാണോ ഇത്രയും പറഞ്ഞതിന്റെ അർത്ഥം? അല്ല; ലക്ഷ്യത്തിൽ വ്യത്യാസമുള്ളതുകൊണ്ട് മാർഗ്ഗത്തിലും വ്യത്യാസമുണ്ട്. കോൺഗ്രസ്സുകാർ സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിൽ വിശ്വസിയ്ക്കുന്നവരും നേരേമറിച്ച് കമ്മ്യൂണിസ്റ്റുകാർ അക്രമത്തിലും സ്വേച്ഛാധിപത്യത്തിലും വിശ്വസിക്കുന്നവരുമാണ് എന്നതാണോ വ്യത്യാസം? അല്ല. അക്രമം പ്രയോഗിക്കാതെയും ആഭ്യന്തരയുദ്ധത്തിന്റെ സഹായമില്ലാതെയും സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ നമ്മുടെ നാട്ടിൽ സോഷ്യലിസം കൈവരുത്താനുള്ള സാദ്ധ്യതയുണ്ടെന്നും ആ സാദ്ധ്യതയെ അങ്ങേയറ്റം ഉപയോഗിക്കേണ്ടതാവശ്യമാണെന്നും കമ്മ്യൂണിസ്റ്റ്പാർട്ടി വീണ്ടും വീണ്ടും ഊന്നിപ്പറഞ്ഞിട്ടുണ്ട്. പിന്നെയെന്താണ് വ്യത്യാസം? കോൺഗ്രസ്സിന്റെയും കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും പരിപാടികൾ തമ്മിലും നയങ്ങൾ തമ്മിലുമുള്ള വ്യത്യാസങ്ങൾ പരിശോധിച്ചാൽ ഇതു വ്യക്തമാവും. കോൺഗ്രസ്സിന്റേത് മുതലാളിത്തശക്തികളെ കാത്തുരക്ഷിയ്ക്കാനുള്ള നയങ്ങളും പരിപാടികളുമാണ്. കമ്മ്യൂണിസ്റ്റുപാർട്ടിയുടേതാകട്ടെ, സോഷ്യലിസ്റ്റ് ശക്തികളെ വളർത്താൻ വേണ്ടിയുള്ള നയങ്ങളും പരിപാടികളുമാണ്. നികുതിനയങ്ങൾ പരിശോധിച്ചാലും ശരി. പഞ്ചവത്സരപദ്ധതി നടപ്പിലാക്കുന്ന സമ്പ്രദായം പരിശോധിച്ചാലും ശരി, വിവിധവർഗ്ഗങ്ങളോടുള്ള സമീപനരീതികൾ പരിശോധിച്ചാലും ശരി, ജനകീയാവശ്യങ്ങളേയും ജനകീയാഭിലാഷങ്ങളേയും നേരിടുന്ന രീതി പരിശോധിച്ചാലും ശരി, ഇതല്ലാതെ മറ്റൊരു നിഗമനത്തിലും എത്തിച്ചേരാൻ നിങ്ങൾക്കു സാധിക്കുകയില്ല.

എന്നിട്ടും, ശ്രീമന്നാരായണന്റെ ഒരു ധൈര്യം നോക്കൂ: കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെയുപേക്ഷിച്ച് കോൺഗ്രസ്സിന്റെ സിദ്ധാന്തങ്ങൾ സ്വീകരിയ്ക്കണമെന്ന് അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഉപദേശിക്കുന്നു!

എല്ലാം പറഞ്ഞാലും, ഒരു ചോദ്യം പിന്നേയും ബാക്കിനില്ക്കുന്നു. സോഷ്യലിസം നല്ലതാണെന്നും സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയായിരിക്കണം ഇന്ത്യയുടെ ലക്ഷ്യമെന്നും കോൺഗ്രസ്സുനേതാക്കന്മാർ സമ്മതിയ്ക്കുന്നതെന്തുകൊണ്ടാണ്? മുതലാളിത്തത്തിന്റെ സംരക്ഷകന്മാർ സോഷ്യലിസത്തിന്റെ കുപ്പായമിടുന്നതെന്തിനാണ്? അതാണ് മഹത്തായ ഒക്ടോബർ വിപ്ലവത്തിന്റേയും അതിനെത്തുടർന്നുകൊണ്ടാവിർഭവിച്ച സോഷ്യലിസ്റ്റ് ലോകത്തിന്റേയും ശക്തി! അതാണ് രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുണ്ടായ സംഭവവികാസങ്ങളുടെ ഫലമായി ഓണംകേറാമൂലകളിൽപ്പോലും അതിവേഗം പരന്നുപിടിച്ചുകൊണ്ടിരിയ്ക്കുന്ന മാർക്സിസ്റ്റാശയങ്ങളുടെ അജയ്യത!

## അദ്ധ്യായം 4

## സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ

പണ്ഡിറ്റ് നെഹ്റു പറയുന്നു:

"മറ്റു രാജ്യങ്ങളിൽ സോഷ്യലിസത്തിന്റെ പേരിൽ പറഞ്ഞുവരുന്നതും ചെയ്തുവരുന്നതുമായ കാര്യങ്ങൾ നാം പകർത്തുന്നത് ഒട്ടും ആശാസ്യമല്ല. ഇന്ത്യയ്ക്ക് സുശക്തമായ ഒരു വ്യക്തിപ്രാഭവമുണ്ട്; ചരിത്രപശ്ചാത്തലവുമുണ്ട്, ആ പശ്ചാത്തലത്തിൽനിന്നുകൊണ്ടേ ഈ രാജ്യത്തിന്നു മുന്നോട്ടു നീങ്ങാനാവൂ."

ഇതു തികച്ചും ശരിയാണ്. ചരിത്രപശ്ചാത്തലത്തേയും മറ്റു പ്രത്യേകതകളേയും കണക്കിലെടുക്കാതെ ഇന്ത്യയിലായാലും ശരി, മറ്റേതെങ്കിലും രാജ്യത്തിലായാലും ശരി, സോഷ്യലിസം സ്ഥാപിയ്ക്കുക സാധ്യമല്ല. സോഷ്യലിസം സ്ഥാപിയ്ക്കപ്പെട്ടുകഴിഞ്ഞ രാജ്യങ്ങളിലെല്ലാം ഈ തത്വം അംഗീകരിയ്ക്കപ്പെട്ടിട്ടുണ്ടുതാനും. റഷ്യയുടെ ചരിത്രപശ്ചാത്തലത്തേയും റഷ്യയുടെ പരിത:സ്ഥിതികളേയും കണക്കിലെടുത്തുകൊണ്ടാണ് റഷ്യയിൽ സോഷ്യലിസം സ്ഥാപിയ്ക്കപ്പെട്ടതെങ്കിൽ ചൈനയുടെ ചരിത്രപശ്ചാത്തലത്തേയും ചൈനയുടെ പ്രത്യേകതകളേയും കണക്കിലെടുത്തുകൊണ്ടാണ് ചൈനയിൽ സോഷ്യലിസ്റ്റ് കെട്ടിപ്പടുക്കപ്പെടുന്നത്. ഇന്ത്യയുടെ ചരിത്രപശ്ചാത്തലത്തിലേ ഇന്ത്യയിൽ സോഷ്യലിസം സ്ഥാപിയ്ക്കാനാവൂ. ഇതു തന്നെയാണ് മാർക്സിസത്തിന്റേയും നിലപാട്. ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ, "വിപ്ലവത്തിന്റെ രൂപങ്ങളെസ്സംബന്ധിച്ചും മാർഗ്ഗങ്ങളെസ്സംബന്ധിച്ചും മാർക്സ് തന്റെ സ്വന്തം കൈകളേയോ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഭാവിനേതാക്കന്മാരുടെ കൈകളേയോ കെട്ടിയിട്ടിട്ടില്ല. വിപ്ലവത്തിന്റെ ഗതിക്രമത്തിന്നിടയിൽ ഒട്ട

നവധി പുതിയ പ്രശ്നങ്ങൾ ആവിർഭവിക്കുമെന്നും സ്ഥിതിയാകെ മാറുകയും മാറിക്കൊണ്ടിരിയ്ക്കുകയും ചെയ്യുമെന്നും അദ്ദേഹത്തിന്നറിയാമായിരുന്നു.''

മാർക്സിസം സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ സിദ്ധാന്തമാണ്; മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസം കെട്ടിപ്പടുക്കുന്നതിന്റെ തത്വശാസ്ത്രമാണ്; സാമൂഹ്യവളർച്ചയുടെ നിയമങ്ങളുടെ ശാസ്ത്രമാണ്. അതുകൊണ്ട് സോഷ്യലിസം സ്ഥാപിയ്ക്കാനാഗ്രഹിയ്ക്കുന്ന രാജ്യങ്ങൾക്കെല്ലാം മാർക്സിസവും ആവശ്യമാണ്. അതുകൊണ്ടു തന്നെയാണ് മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങളുപേക്ഷിയ്ക്കണമെന്നും മറ്റുമുള്ള ശ്രീമന്നാരായണന്റെ ഉപദേശങ്ങളെ അവയർഹിയ്ക്കുന്ന അവജ്ഞയോടെ കമ്യൂണിസ്റ്റ്കാർ തള്ളിക്കളയുന്നത്.

പക്ഷേ, മാർക്സിസം ഒരു ശാസ്ത്രമാണ്; എല്ലാ കാലഘട്ടങ്ങളിലും എല്ലാ രാജ്യങ്ങളിലും ഒരുപോലെ കണ്ണുംചിമ്മി എടുത്തുപ്രയോഗിയ്ക്കപ്പെടാവുന്ന ഏതാനും മന്ത്രങ്ങളുടേയോ പ്രാർത്ഥനകളുടേയോ സമാഹാരമല്ല ശാസ്ത്രമായതുകൊണ്ട് അതു വളരുകയും വ്യത്യസ്തങ്ങളായ അനുഭവങ്ങളിലൂടെ കൂടുതൽ കൂടുതൽ പുഷ്ടിപ്പെടുകയും ചെയ്യുന്നു. വ്യത്യസ്തരാജ്യങ്ങളിൽ വ്യത്യസ്തങ്ങളായ പരിത:സ്ഥിതികളേയും വ്യത്യസ്തങ്ങളായ ചരിത്രപാരമ്പര്യങ്ങളേയുമാണത് അഭിമുഖീകരിയ്ക്കുന്നത്. ഒരു ഘട്ടത്തിൽ, അല്ലെങ്കിൽ ഒരു രാജ്യത്തിൽ, അത്യാവശ്യമായ ചില ആശയങ്ങൾ മറ്റൊരു ഘട്ടത്തിൽ, അല്ലെങ്കിൽ മറ്റൊരു രാജ്യത്തിൽ, അനാവശ്യങ്ങളും അപായകരങ്ങളുമായിത്തീരുന്നു.

എങ്കിലും, ഒരു കാര്യത്തിൽ യാതൊരു മാറ്റവുമില്ല; യാതൊരു വിട്ടുവീഴ്ചയുമില്ല; സോഷ്യലിസമെന്നുവെച്ചാൽ മുതലാളിത്തമല്ല, മുതലാളിത്തത്തിന്റേതായ സ്വകാര്യസ്വത്തുടമാവകാശങ്ങളവസാനിപ്പിച്ച് ഉൽപാദനവിനിമയോപകരണങ്ങളെ പൊതുവുടമയിൽ കൊണ്ടുവരലാണ് എന്നു മാർക്സിസം ഊന്നിപ്പറയുന്നു. ഏതു രാജ്യത്തിലായാലും, സോഷ്യലിസം സ്ഥാപിയ്ക്കണമെങ്കിൽ ഉൽപ്പാദനോപകരണങ്ങളുടെ മേലുള്ള സ്വകാര്യസ്വത്തുടമയവസാനിപ്പിച്ച് പൊതുവുടമയുടെ അടിസ്ഥാനത്തിലുള്ള സോഷ്യലിസ്റ്റ് ഉൽപ്പാദനബന്ധങ്ങൾ സ്ഥാപിയ്ക്കണം. വ്യാവസായികരംഗത്തിൽ മാത്രമല്ല, കാർഷികരംഗത്തിലും സോഷ്യലിസ്റ്റ് പുനർനിർമ്മാണം നടപ്പിൽ വരുത്തണം. ഇതു സാധിയ്ക്കണമെങ്കിൽ മുതലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയാധികാരമുറപ്പിയ്ക്കണം. എന്നുവെച്ചാൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിയ്ക്കണം. തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയ അധികാരം ഉറപ്പിക്കണം. എന്നുവെച്ചു തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൽ അദ്ധ്വാനിയ്ക്കുന്ന ജനതകളുടെ ജീവിത

നിലവാരത്തെ മേൽക്കുമേൽ ഉയർത്താൻ സഹായിയ്ക്കുന്ന സാമ്പത്തി കാസൂത്രണപരിപാടികളിലൂടെ വ്യവസായവും കൃഷിയും പതിന്മടങ്ങു അഭിവൃദ്ധിപ്പെടുത്തുകയും സാർവ്വത്രികമായ തോതിൽ വിദ്യാഭ്യാസവും സംസ്കാരവും വളർത്തുകയും ചെയ്യണം. അടിസ്ഥാനപരമായ ഇത്തരം മാറ്റങ്ങളിലൂടെയാണ് മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന സമ്പ്രദായമവസാനിപ്പിച്ച് വർഗ്ഗരഹിതമായ കമ്മ്യൂണിസ്റ്റ് സമുദായത്തിന്റെ സമൃദ്ധിയ്ക്കു വഴിതെളിയ്ക്കപ്പെടുന്നത്.

സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിന്റേയും സോഷ്യ ലിസ്റ്റ് നിർമ്മാണത്തിന്റേയും അടിസ്ഥാനനിയമങ്ങൾ എല്ലാരാജ്യ ങ്ങൾക്കും ബാധകമാണ്. സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ടിരി യ്ക്കുന്ന 12 രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുപാർട്ടികൾ 1957 നവമ്പർ അവ സാനത്തിൽ പ്രസിദ്ധംചെയ്ത സംയുക്തപ്രസ്താവനയിൽ ഈ അടി സ്ഥാനനിയമങ്ങളെന്തൊക്കെയാണെന്ന് മാർക്സിസത്തിന്റേയും സ്വന്തം അനുഭവങ്ങളുടേയും വെളിച്ചത്തിൽ വ്യക്തമാക്കിയിട്ടുണ്ട്:

ഒന്ന്: തൊഴിലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പട യായ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയുമാണ് അധ്വാനിയ്ക്കുന്ന ജന ങ്ങൾക്ക് ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിലുള്ള സോഷ്യലിസ്റ്റ് വിപ്ലവം നടത്താനും ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിലുള്ള തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിയ്ക്കാനും നേതൃത്വം നൽകു ന്നത്.

രണ്ട്: ഈ കടമ നിറവേറ്റാൻവേണ്ടി തൊഴിലാളിവർഗ്ഗം അധ്വാനി യ്ക്കുന്ന മറ്റു ജനവിഭാഗങ്ങളുമായി സഖ്യം കെട്ടിപ്പടുക്കുക.

മൂന്ന്: ഉല്പാദനോപകരണങ്ങളുടെ മേലുള്ള സ്വകാര്യസ്വത്തുടമയ വസാനിപ്പിച്ച് പൊതുവുടമ സ്ഥാപിയ്ക്കുക.

നാല്: കാർഷികരംഗത്തിൽ ക്രമപ്രവൃദ്ധമായും പടിപടിയായുമുള്ള സാമൂഹ്യപുനർനിർമ്മാണം.

അഞ്ച്: സോഷ്യലിസവും കമ്മ്യൂണിസവും കെട്ടിപ്പടുക്കാനും ജന ങ്ങളുടെ ജീവിതത്തോതുയർത്താനും വേണ്ടി പ്ലാനോടുകൂടിയുള്ള സാമ്പ ത്തികാഭിവൃദ്ധി.

ആറ്: സോഷ്യലിസ്റ്റാശയങ്ങളേയും സോഷ്യലിസ്റ്റ് സംസ്കാര ത്തേയും സോഷ്യലിസത്തോടു കൂറുള്ള ബുദ്ധിജീവികളേയും വളർത്തി ക്കൊണ്ടുവരിക.

ഏഴ്: ദേശീയമർദ്ദനങ്ങളവസാനിപ്പിയ്ക്കുകയും വിവിധജനവിഭാഗ ങ്ങൾ തമ്മിൽ സമത്വവും സൗഹാർദ്ദവും കെട്ടിപ്പടുക്കുകയും ചെയ്യുക.

എട്ട്: രാജ്യത്തിന്റെ അകത്തും പുറത്തുമുള്ള ശത്രുക്കളിൽ നിന്ന് സോഷ്യലിസത്തെ കാത്തുരക്ഷിക്കുക.

റഷ്യയിലായാലും ശരി, ചൈനയിലായാലും ശരി, ഇൻഡൊനേഷ്യയിലായാലും ശരി, ഇന്ത്യയിലായാലും ശരി, ഈ അടിസ്ഥാനനിയമങ്ങൾക്കും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഈ ഉള്ളടക്കത്തിന്നും മാറ്റമില്ല. ഉള്ളടക്കത്തിന്നല്ല, രൂപത്തിന്നാണ്, മാറ്റമുള്ളത്. അതായത്, ഈ ഉള്ളടക്കത്തെ നടപ്പിലാക്കാൻവേണ്ടി, സോഷ്യലിസ്റ്റ് വിപ്ലവത്തിന്റേയും സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റേയും ഈ അടിസ്ഥാനതത്വങ്ങളെ സൃഷ്ടിപരമായി പ്രയോഗിയ്ക്കുവാൻവേണ്ടി, ഓരോ രാജ്യത്തിലെയും പ്രത്യേക പരിത:സ്ഥിതികൾ കണക്കിലെടുക്കണം. ഒരു രാജ്യത്തിൽ സോഷ്യലിസം സ്ഥാപിയ്ക്കാൻ മറ്റു രാജ്യങ്ങളിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നയങ്ങളേയും തന്ത്രങ്ങളേയും യാന്ത്രികമായി അനുകരിയ്ക്കുന്നത് മാർക്സിസമല്ല. സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിന്റേയും സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റേയും രൂപങ്ങൾ വ്യത്യസ്തരാജ്യങ്ങളിൽ വ്യത്യസ്തങ്ങളായിരിയ്ക്കും. 12 കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സംയുക്തപ്രസ്താവനയിൽ ഇക്കാര്യം സംശയത്തിന്നിടയില്ലാത്തവിധം വ്യക്തമാക്കിയിട്ടുണ്ട്:

"ഏതെങ്കിലും പ്രത്യേകരാജ്യത്തിന്റേയോ ദേശീയസ്റ്റേറ്റിന്റേയോ പ്രത്യേകസവിശേഷതകൾക്കനുസൃതമായി കമ്മ്യൂണിസത്തിന്റെ അടിസ്ഥാനസിദ്ധാന്തങ്ങൾ തെറ്റുകൂടാതെ പ്രയോഗിയ്ക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ലെനിൻ നമ്മുടെ ശ്രദ്ധയെ ആവർത്തിച്ചു ക്ഷണിയ്ക്കുകയുണ്ടായിട്ടുണ്ട്. ദേശീയ പ്രത്യേകതകളെ അവഗണിയ്ക്കുകയാണെങ്കിൽ അതു തൊഴിലാളിവർഗ്ഗപാർട്ടിയെ യാഥാർത്ഥ്യത്തിൽനിന്നും ബഹുജനങ്ങളിൽനിന്നും അനിവാര്യമായും അകറ്റിനിർത്തുകയും സോഷ്യലിസത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. നേരെമറിച്ച്, ഈ പ്രത്യേകതകളുടെ പങ്കിനെ അതിശയോക്തിപരമായി കാണുകയോ, അല്ലെങ്കിൽ ദേശീയ പ്രത്യേകതകളുടെ പേരിൽ സോഷ്യലിസ്റ്റ് വിപ്ലവത്തെപ്പറ്റിയും സോഷ്യലിസ്റ്റ് നിർമ്മാണത്തെപ്പറ്റിയുള്ള സാർവ്വലൗകികമായ മാർക്സിസ്സ്-ലെനിനിസ്റ്റ് സത്യത്തിൽനിന്നു വ്യതിചലിയ്ക്കുകയോ ചെയ്യുന്നത്, അതുപോലെത്തന്നെ, സോഷ്യലിസത്തിന്നു ഹാനികരമായിത്തീരും."

റഷ്യൻവിപ്ലവത്തിന്നുമുമ്പുതന്നെ ലെനിൻ ചൂണ്ടിക്കാണിച്ചതാണിത്:

"എല്ലാ രാജ്യങ്ങളും സോഷ്യലിസത്തിലെത്തിച്ചേരും-ഇതനിവാര്യമാണ്. പക്ഷേ, എല്ലാ രാജ്യങ്ങളും ഒരേവഴിയ്ക്കല്ല അവിടെ എത്തിച്ചേരുക."

ഇതു ശരിയാണെന്ന് ചരിത്രം തെളിയിച്ചുകഴിഞ്ഞിരിയ്ക്കുന്നു.

റഷ്യൻ തൊഴിലാളിവർഗ്ഗം സോവിയറ്റുകളുടെ രൂപത്തിലുള്ള ഭരണമാണ് സ്ഥാപിച്ചത്. ഒക്ടോബർ വിപ്ലവത്തിന്റെ വിജയത്തിലൂടെ പഴയ സാറിസ്റ്റ്റഷ്യ സോഷ്യലിസ്റ്റ് റിപ്പബ്ളിക്കുകളും ഒരു യൂണിയനായി രൂപാന്തരപ്പെട്ടു. അതിന്നുശേഷം കാൽ നൂറ്റാണ്ടിലധികം കാലം സോഷ്യലിസ്റ്റ് ഭരണവും സോവിയറ്റു ഭരണവും ഒന്നുതന്നെയായിരുന്നു. സോവിയറ്റുകളുടെ രൂപത്തിലല്ലാത്ത മറ്റു യാതൊരു സോഷ്യലിസ്റ്റ് വ്യവസ്ഥയുമുണ്ടായിരുന്നില്ല. മുതലാളിത്തശക്തികളാൽ ചുറ്റപ്പെട്ടുകൊണ്ട് ഒരൊറ്റ രാജ്യംമാത്രം സോഷ്യലിസത്തിലേക്ക് മുന്നേറിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്.

രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷം യൂറോപ്പിലും ഏഷ്യയിലുമുള്ള മറ്റു പല രാജ്യങ്ങളും സോഷ്യലിസത്തിലേക്കു കാലെടുത്തുവെച്ചു. പക്ഷേ, സോവിയറ്റുകളുടെ രൂപത്തിലുള്ള പുതിയ ഭരണവ്യവസ്ഥകൾ ഉയർന്നുവരികയുണ്ടായില്ല. ജനകീയ ജനാധിപത്യമെന്ന പുതിയൊരു ഭരണരൂപമാണാവിർഭവിച്ചത്. യുദ്ധം നടന്നുകൊണ്ടിരുന്ന കാലത്ത് സോഷ്യലിസം സ്ഥാപിക്കുക എന്നതായിരുന്നില്ല, ഫാസിസ്റ്റ് ശക്തികളേയും അവർക്ക് ശിങ്കിടിപാടിയ ഫ്യൂഡൽ കുത്തകമുതലാളിവർഗ്ഗങ്ങളേയും തുടച്ചു നീക്കുക എന്നതായിരുന്നു വിപ്ലവത്തിന്റെ അടിയന്തര ലക്ഷ്യം. കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളിവർഗ്ഗം കൃഷിക്കാരുമായി വിപ്ലവസൗഹാർദ്ദം കെട്ടിപ്പടുക്കുകയും ഇടത്തരക്കാരേയും ബുദ്ധിജീവികളെയും ദേശാഭിമാനികളായ മുതലാളിവിഭാഗങ്ങളേയും സ്വന്തം കൊടിക്കീഴിലണിനിരത്തുകയും ചെയ്തുകൊണ്ട് നിലവിലുള്ള ഭരണവ്യവസ്ഥയെ തട്ടിത്തകർത്ത് ജനകീയജനാധിപത്യം സ്ഥാപിച്ചു. ജനകീയ ജനാധിപത്യവ്യവസ്ഥയാണ് സോഷ്യലിസ്റ്റ് ഭരണവ്യവസ്ഥയുടെ പുതിയ രൂപങ്ങളായിത്തീർന്നത്.

ജനകീയജനാധിപത്യംതന്നെ എല്ലാ രാജ്യങ്ങളിലും ഒരു പോലെയല്ല. ചെക്കോസ്ലാവാക്യയിലെ ജനകീയജനാധിപത്യവും ചൈനയിലെ ജനകീയജനാധിപത്യവും വ്യത്യസ്തങ്ങളാണ്. ഓരോ രാജ്യത്തിന്റെയും സവിശേഷതകളെയും പ്രത്യേകപരിത:സ്ഥിതികളേയും കണക്കിലെടുത്തുകൊണ്ട് വ്യത്യസ്തരൂപങ്ങളിലാണ് സോഷ്യലിസം കെട്ടിപ്പടുക്കപ്പെടുന്നത്.

ഈ പുതിയ അനുഭവങ്ങളെ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 20–ാം കോൺഗ്രസ്സ് പാസ്സാക്കിയ പ്രമേയത്തിൽ ഇങ്ങിനെ വിവരിക്കുന്നു:

"സമുദായത്തെ സോഷ്യലിസ്റ്റ്രീതിയിൽ പുനർനിർമ്മാണംചെയ്യുന്ന കാര്യത്തിൽ സോവിയറ്റ് സമ്പ്രദായത്തോടൊപ്പം ജനകീയജനാധിപത്യ

മെന്ന മറ്റൊരു സമ്പ്രദായവും ഇന്നു നിലനില്ക്കുന്നുണ്ട്. കഴിഞ്ഞ പത്തു വർഷങ്ങളായി അതു പരീക്ഷിക്കപ്പെടുകയും പരിശോധിയ്ക്കപ്പെടുകയും ചെയ്തുപോന്നിരിക്കുന്നു. സ്വന്തം പ്രാധാന്യത്തെ അതു പൂർണ്ണമായും തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. ജനകീയജനാധിപത്യരാജ്യങ്ങൾ തമ്മിൽത്തന്നെ പ്രത്യേകങ്ങളായ പരിത:സ്ഥിതികളനുസരിച്ചു വ്യത്യാസങ്ങളും സവിശേഷതകളുമുണ്ട്. ചൈനാജനകീയറിപ്പബ്ളിക്കിലെ സോഷ്യലിസ്റ്റ് നിർമ്മാണത്തിൽ പല പ്രത്യേകതകളും കാണാം. ആ രാജ്യത്തിലെ സാമ്പത്തികവ്യവസ്ഥ വിപ്ലവത്തിന്റെ വിജയത്തിന്നുമുമ്പ് ഏറ്റവും പിന്നണിയിലായിരുന്നു; അർദ്ധ നാടുവാഴിസ്വഭാവവും അർദ്ധ കൊളോണിയൽ സ്വഭാവവും ഉള്ളതായിരുന്നു. ജനകീയജനാധിപത്യഭരണകൂടം രാജ്യത്തിലെ നിർണ്ണായകമായ ആധിപത്യം വഹിക്കുന്ന സ്ഥാനങ്ങളെല്ലാം കൈവശപ്പെടുത്തിയിരിക്കുന്നു. എന്നിട്ടു സ്വകാര്യവ്യവസായങ്ങളേയും വ്യാപാരത്തേയും സമാധാനപരമായി പുനഃസംഘടിപ്പിയ്ക്കുകയും സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ ഒരു ഘടകമാക്കി അവയെ ക്രമേണ രൂപാന്തരപ്പെടുത്തുകയും ചെയ്യുക എന്ന നയം നടപ്പിൽവരുത്താൻവേണ്ടി ആ സ്ഥാപനങ്ങളെ ഉപയോഗിച്ചുകൊണ്ടിരിയ്ക്കയാണ്".

## ബലപ്രയോഗം ആവശ്യമാണോ?

കമ്മ്യൂണിസ്റ്റ്കാർ തങ്ങളുടെ ലക്ഷ്യം നേടാൻ ഹിംസയേയും അഭ്യന്തരയുദ്ധത്തേയുമാണാശ്രയിക്കുന്നത് എന്ന ഒരാക്ഷേപം ഇടവിടാതെ ആവർത്തിയ്ക്കപ്പെട്ടുപോന്നിട്ടുണ്ട്. ഈ അക്ഷേപം ചരിത്രയാഥാർത്ഥ്യങ്ങൾക്കെതിരാണെന്നും ബലപ്രയോഗവും അഭ്യന്തരയുദ്ധവും വിപ്ലവത്തിന്റെ അനിവാര്യഘടകങ്ങളല്ലെന്നും തെളിഞ്ഞിരിക്കുന്നു.

വാസ്തവമിതാണ്: പഴയതിനെ നിലനിർത്താനും പുതിയതിനെ തടയാനും പിൻതിരിപ്പാൻ ശക്തികൾ കിണഞ്ഞുപരിശ്രമിക്കുമെന്നും ആ പരിശ്രമങ്ങളെ ചെറുത്തുതോല്പിക്കാതെ വിപ്ലവം വിജയിക്കുകയില്ലെന്നും മാർക്സിസം ഊന്നിപ്പറഞ്ഞിട്ടുണ്ട് പക്ഷേ, ഇതിന്റെ അർത്ഥം മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന് എല്ലാ കാലഘട്ടങ്ങളിലും എല്ലാ പരിത:സ്ഥിതികളിലും ബലപ്രയോഗം കൂടിയേ കഴിയൂ എന്നല്ല.

റഷ്യയിൽ ഹിംസയും അഭ്യന്തരയുദ്ധവും രക്തച്ചൊരിച്ചിലുമുണ്ടായി എന്നത് നേരാണ്. പക്ഷേ അതെല്ലാമുണ്ടായത് കമ്മ്യൂണിസ്റ്റ്കാരും തൊഴിലാളിവർഗ്ഗവും രക്തച്ചൊരിച്ചിലിന്റെ ആരാധകന്മാരായതുകൊണ്ടല്ല; വിപ്ലവത്തെ മുളയിൽതന്നെ നശിപ്പിക്കാൻവേണ്ടി വിദേശമുതലാളികളും

റഷ്യയിലെ ഡെനിക്കിൻ, കോൾച്ചാക്ക് തുടങ്ങിയ പിൻതിരിപ്പന്മാരും ഒത്തുചേർന്ന്കൊണ്ട് ഭീകരവും രക്തപങ്കിലവുമായ ഒരാക്രമണം അഴിച്ചുവിട്ടതുകൊണ്ടാണ്. മുതലാളിവർഗ്ഗത്തിന്റെ ഹിംസയെ എല്ലാ ശക്തിയുമുപയോഗിച്ച് ചെറുക്കാൻ വിപ്ലവകാരികൾ തയ്യാറാവേണ്ടിവന്നു. അങ്ങിനെ ചെയ്തിരുന്നില്ലെങ്കിൽ വിപ്ലവം വിജയിക്കുമായിരുന്നില്ല.

രണ്ടാംലോകമഹായുദ്ധത്തിന്നുശേഷമുണ്ടായ പരിതഃസ്ഥിതികൾ വ്യത്യസ്തമായിരുന്നു. ലോകമുതലാളിത്തത്തിന്റെ ഏറ്റവും ഭീകരങ്ങളായ കുന്തമുനകളെല്ലാം തകർക്കപ്പെട്ടുകഴിഞ്ഞിരുന്നു. സാമ്രാജ്യാധിപത്യം കൂടുതൽ ക്ഷയിക്കുകയും സോഷ്യലിസം കൂടുതൽ ശക്തിയാർജ്ജിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. ഈ സാഹചര്യങ്ങളിലാണ് സോവിയറ്റ് യൂണിയന്റെ പിൻബലത്തോടുകൂടി പോളണ്ട്, ബൾഗേറിയ, ഹംഗറി, ചെക്കോസ്ലോവാക്യ, റുമേനിയ, യുഗോസ്ലാവ്യ, അൽബേനിയ മുതലായ രാജ്യങ്ങൾ ജനകീയജനാധിപത്യം സ്ഥാപിച്ചത്. സാമ്രാജ്യമേധാവികൾക്ക് എതിർവിപ്ലവങ്ങളോ, ആഭ്യന്തരയുദ്ധങ്ങളോ സംഘടിപ്പിക്കാനുള്ള കെൽപ്പുണ്ടായിരുന്നില്ല. പിന്തിരിപ്പത്തത്തിന്റെ നട്ടെല്ലു പൊട്ടിക്കഴിഞ്ഞിരുന്നു. തൊഴിലാളിവർഗ്ഗത്തിന്നാണെങ്കിൽ ദേശാഭിമാനികളായ എല്ലാ ജനവിഭാഗങ്ങളേയും തങ്ങളുടെ കൊടിക്കീഴിൽ അണിനിരത്താനും കഴിഞ്ഞു. അങ്ങിനെ ജനകീയ ജനാധിപത്യരാജ്യങ്ങൾക്ക് സമാധാനപരമായി, ആഭ്യന്തരയുദ്ധം കൂടാതെ, മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കു മുന്നേറാൻ സാധിച്ചു.

നെറികെട്ട ചൂഷണങ്ങളുടേയും മർദ്ദനങ്ങളുടേയും കൂത്തരങ്ങായി കിടന്നിരുന്ന ചൈന രണ്ടു ദശാബ്ദത്തിലധികം നീണ്ടു നിന്ന ആഭ്യന്തരയുദ്ധത്തിന്നുശേഷമാണ് സാമ്രാജ്യമേധാവിത്വത്തിന്റെ പിടിയിൽനിന്നു മോചനം നേടിയത്. ജാപ്പ്ഫാസിസ്റ്റ്കളുടേയും അമേരിക്കൻ സാമ്രാജ്യവാദികളുടേയും ച്യാങ്കേഷേക്ക് കൂട്ടാളികളുടേയും ഹിംസകളെ നേരിടാൻവേണ്ടി ചൈനയിലെ കമ്യൂണിസ്റ്റ്കാർക്കും മറ്റു ദേശാഭിമാനികൾക്കും വമ്പിച്ച ത്യാഗങ്ങൾ സഹിക്കേണ്ടിവന്നു. എന്നാൽ, വിപ്ലവത്തിലൂടെ ജനകീയാധികാരം സ്ഥാപിച്ചതിന്നുശേഷം സ്ഥിതിയാകെ മാറി. മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേയ്ക്ക് അക്രമങ്ങളും ബലപ്രയോഗവും കൂടാതെ, സമാധാനപരമായി മുന്നേറാൻ കഴിയുമെന്നായി. സഖാവ് മാവോ സെ തൂങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, “വ്യക്തികളുടെ സ്വകാര്യസ്വത്തിനെ മാത്രമല്ല മുതലാളിത്തസ്വത്തുടമസമ്പ്രദായത്തെ തന്നെയും സമാധാനമാർഗ്ഗങ്ങളിൽകൂടി, അതായത് പ്രേരണകളും വിദ്യാഭ്യാസവും വഴിയായി, സോഷ്യലിസ്റ്റ് സ്വത്തുടമസമ്പ്രദായത്തിലേക്ക് മാറ്റിക്കൊണ്ടുവരുവാനുള്ള സാധ്യതയുളവായി.”

മുതലാളിത്തോല്പാദനബന്ധങ്ങളവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിക്കാൻ ഹിംസയും ബലപ്രയോഗവും കൂടിയേ കഴിയൂ എന്നില്ല എന്നാണിതിന്റെ അർത്ഥം. തൊഴിലാളിവർഗ്ഗത്തിന്ന് മർദ്ദിതരും രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കുവേണ്ടി നിലകൊള്ളുന്നവരുമായ എല്ലാ ജനവിഭാഗങ്ങളേയും അണിനിരത്തിക്കൊണ്ടു സമാധാനപരമായിത്തന്നെ സോഷ്യലിസത്തിലേക്കു മുന്നേറാൻ കഴിയും. ഹിംസ വേണമോ, വേണ്ടയോ, എന്നുള്ളത് തൊഴിലാളിവർഗ്ഗത്തെയല്ല, മുതലാളിവർഗ്ഗം ഹിംസ ഉപയോഗിക്കുമോ, ഇല്ലയോ എന്നതിനെയാണ് ആശ്രയിച്ചിരിക്കുന്നത്; ബഹുഭൂരിപക്ഷക്കാരായ ജനങ്ങളുടെ ഹിതത്തെ ധിക്കരിക്കാൻ ചൂഷകവർഗ്ഗക്കാർ മുതിരുമോ എന്നതിനെ ആശ്രയിച്ചാണിരിയ്ക്കുന്നത്. സോഷ്യലിസം ഒരു ലോകസാമ്പത്തികവ്യവസ്ഥയായി വളർന്നുകഴിഞ്ഞിട്ടുള്ള ഇന്നത്തെ പരിതഃസ്ഥിതിയിൽ പല രാജ്യങ്ങളിലും ചൂഷകവർഗ്ഗക്കാർക്ക് ഹിംസയും ബലപ്രയോഗവും അഭ്യന്തരയുദ്ധവും നടത്തി ജനങ്ങളുടെ യോജിച്ച മുന്നേറ്റത്തെ തടയാൻ കെല്പില്ലാതായി കഴിഞ്ഞിട്ടുണ്ട്. അതുകാരണം തൊഴിലാളിവർഗ്ഗത്തിന്ന് സമാധാനപരമായി തന്നെ സോഷ്യലിസ്റ്റ് വിപ്ലവം നടത്താനുള്ള സാധ്യതയുളവായിക്കഴിഞ്ഞിട്ടുണ്ട്.

## വോട്ടുപെട്ടിയിലൂടെ സോഷ്യലിസം

സോഷ്യലിസ്റ്റ്ചേരിയുടെ വളർച്ചയുടേയും സാമ്രാജ്യത്വചേരിയുടെ തളർച്ചയുടേയും ഫലമായി ലോകത്തിലുണ്ടായ മാറ്റങ്ങളെ വിശകലനം ചെയ്തുകൊണ്ട് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാം കോൺഗ്രസ്സ് ഇങ്ങിനെ പ്രഖ്യാപിച്ചു:

“ഒട്ടേറെ മുതലാളിത്തരാജ്യങ്ങളിൽ ഇന്നത്തെ ലോകസ്ഥിതി തൊഴിലാളിവർഗ്ഗത്തിന്ന് ഒരു പുതിയ പരിത:സ്ഥിതി സൃഷ്ടിച്ചുകൊടുത്തിരിയ്ക്കുന്നു. സ്വന്തം നേതൃത്വത്തിൽ ബഹുഭൂരിപക്ഷം ജനങ്ങളേയും യോജിപ്പിച്ചണിനിരത്തുവാനും അടിസ്ഥാനപരമായ ഉല്പാദനോപകരണങ്ങളെ ജനങ്ങളുടെ കൈയിലേയ്ക്കു മാറ്റുവാനുമുള്ള ഒരു യാഥാർത്ഥ സന്ദർഭം തൊഴിലാളിവർഗ്ഗത്തിന്നു കരഗതമായിട്ടുണ്ട്. വലതുപക്ഷ ബൂർഷ്വാപാർട്ടികളും അവരുടെ ഗവൺമെന്റുകളും കൂടുതൽ കൂടുതൽ വേഗത്തിൽ കുഴപ്പങ്ങളിൽപ്പെടുന്നതായിട്ടാണ് നാം കാണുന്നത്. ഈ പരിത:സ്ഥിതികളിൽ തൊഴിലാളിവർഗ്ഗത്തിന്ന് തങ്ങൾക്ക് ചുറ്റും അദ്ധ്വാനിക്കുന്ന കൃഷിക്കാരെയും ബുദ്ധിജീവികളേയും ദേശാഭിമാനമുള്ള എല്ലാ ശക്തികളേയും അണിനിരത്തിക്കൊണ്ട് മുതലാളിമാരും ഭൂവുടമകളുമായി സന്ധിചെയ്യുന്ന അവസരവാദികളെ പരാജയപ്പെടുത്തുവാനും പാർലി

മെന്റിൽ ഒരുറച്ച ഭൂരിപക്ഷം കൈവശപ്പെടുത്തുവാനും പാർലിമെന്റിനെത്തന്നെ ബൂർഷ്വാ ജനാധിപത്യത്തിന്റെ ഉപകരണമെന്ന നിലയിൽനിന്നും ജനകീയാഭിലാഷത്തിന്റെ യഥാർത്ഥോപകരണമാക്കി മാറ്റുവാനും സാധിയ്ക്കുന്ന നില വന്നിരിക്കുന്നു. അത്തരത്തിൽ സംഭവിയ്ക്കുകയാണെങ്കിൽ ഈ സ്ഥാപനം, വളരെയേറെ വളർന്ന് പല മുതലാളിത്തരാജ്യങ്ങളിലും പരമ്പരയായി നിലനിന്നുവരുന്ന ഈ സ്ഥാപനം, യാഥാർത്ഥജനാധിപത്യത്തിന്റെ, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജനാധിപത്യത്തിന്റെ, ഒരുപകരണമായിത്തീരും. പാർല്ലിമെണ്ടിൽ ഒരു ഉറച്ച ഭൂരിപക്ഷം നേടുകയും അതിന്നുപിൻബലമായി തൊഴിലാളിവർഗ്ഗത്തിന്റെയും അധ്വാനിയ്ക്കുന്ന മറ്റെല്ലാ ജനവിഭാഗങ്ങളുടേയും ബഹുജനവിപ്ലവപ്രസ്ഥാനമുണ്ടായിരിക്കുകയും ചെയ്താൽ ഒട്ടേറെ മുതലാളിത്തരാജ്യങ്ങളിലേയും പണ്ട് കോളനികളായിരുന്ന രാജ്യങ്ങളിലേയും തൊഴിലാളികൾക്ക് മൗലികമായ സാമൂഹ്യപരിവർത്തനങ്ങൾക്കാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാൻ കഴിയും.”

മുതലാളിവർഗ്ഗത്തിന്റെ ഉപകരണമെന്ന നിലയ്ക്കാണ് പാർല്ലിമെന്റു ഭരണസമ്പ്രദായം ആവിർഭവിയ്ക്കുകയും വളരുകയും ചെയ്തത്. അതേ പാർലിമെന്റിനെത്തന്നെ ബൂർഷ്വാസിയ്ക്കെതിരായ തൊഴിലാളിവർഗ്ഗത്തിന്റെ ഉപകരണമാക്കി മാറ്റാനുള്ള സാഹചര്യങ്ങൾ ഉളവായിക്കഴിഞ്ഞിരിക്കുന്നു.

പാർലമെന്റിൽ ഭൂരിപക്ഷം നേടിക്കൊണ്ട് തൊഴിലാളി വർഗ്ഗത്തിന്റെ ഭരണാധികാരം സ്ഥാപിയ്ക്കുക! വോട്ടുപെട്ടിയിലൂടെ സോഷ്യലിസത്തിലെത്തുക! ഇതു സാധ്യമാണോ? ഇത് മാർക്സിസത്തിനെതിരല്ലേ?

ലോകത്തിലുണ്ടായവയും ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നവയുമായ പരിവർത്തനങ്ങളുടെ നേർക്ക് കണ്ണടച്ചിരുന്നുകൊണ്ട് പുസ്തകങ്ങളിലെ മുദ്രാവാക്യങ്ങൾ ഉരുവിടുകമാത്രം ചെയ്യുന്നവർക്ക് ഇതൊന്നും മാർക്സിസമായെന്നു വരില്ല. എന്നാൽ, മാർക്സിസമെന്നത് ഏതാനും മന്ത്രങ്ങളുടേയും നിഗമനങ്ങളുടേയും ഒരു സമാഹാരമല്ലെന്നും ലോകത്തെ മാറ്റാനുള്ള വഴികാട്ടിയാണെന്നും വിശ്വസിയ്ക്കുന്ന വിപ്ലവകാരികൾക്ക് ഇത് മാർക്സിസമാണ്; ഇതു സാധ്യവുമാണ്. പുതിയ സാർവ്വലൗകികപരിത:സ്ഥിതികളിൽ സ്വന്തം അധികാരം സ്ഥാപിയ്ക്കാനും സോഷ്യലിസം കെട്ടിപ്പടുക്കാനും തൊഴിലാളിവർഗ്ഗത്തിന്റെ മുമ്പിൽ പുതിയൊരു മാർഗ്ഗം, സമാധാനപരമായൊരു മാർഗ്ഗം, തിരഞ്ഞെടുപ്പുവഴി പാർല്ലിമെണ്ടിലൂടെ സോഷ്യലിസം സ്ഥാപിക്കുവാനുള്ള ഒരു മാർഗ്ഗം, വെട്ടിത്തുറക്കപ്പെട്ടിരിക്കുന്നു.

## പുതിയ പരിതഃസ്ഥിതികൾ

എന്തൊക്കെയാണീ പുതിയ പരിതഃസ്ഥിതികൾ?

1. മദ്ധ്യയൂറോപ്പുമുതൽ ശാന്തസമുദ്രംവരെ നീണ്ടുകിടക്കുന്ന വിശാലമായ ഭൂമിയിൽ നൂറുകോടിയോളം ജനങ്ങൾ ഇന്ന് സോഷ്യലിസത്തിന്റെ കൊടിക്കീഴിൽ പുതിയൊരു ജീവിതം കെട്ടിപ്പടുത്തുകൊണ്ടിരിക്കുകയാണ്. സോഷ്യലിസം ഒരു ലോകസാമ്പത്തിക വ്യവസ്ഥയായി വളർന്നുകഴിഞ്ഞിരിക്കുന്നു. സോവിയറ്റുയൂണിയനിൽ സോഷ്യലിസം നേടിയ പരിപൂർണ്ണവിജയവും സോഷ്യലിസ്റ്റ് ചേരിയുടെ കൂടിക്കൂടിവരുന്ന ശക്തിയും ലോകത്തിലൊട്ടുക്കുമുള്ള ജനങ്ങളുടെ പുരോഗതിയ്ക്കു വമ്പിച്ച പ്രചോദനവും പ്രോത്സാഹനവും നൽകുന്നു. മറ്റൊരുവിധം പറഞ്ഞാൽ, മുതലാളിത്തലോകത്തിലെ സാമൂഹ്യസാമ്പത്തിക ജീവിതത്തിന്റെ എല്ലാ വശങ്ങളിലും-സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, കോളനികളുടെ വിമോചനപ്രസ്ഥാനങ്ങൾ, പിന്നണിരാജ്യങ്ങളുടെ സ്വതന്ത്രമായ പുരോഗതി, യുദ്ധത്തിന്നെതിരായ പ്രസ്ഥാനങ്ങൾ ഇങ്ങിനെ എല്ലാറ്റിലും-സ്വന്തം സ്വാധീനശക്തി ചെലുത്തിക്കൊണ്ടാണ് സോഷ്യലിസത്തിന്റെ ചേരി വളരുകയും ശക്തിപ്പെടുകയും ചെയ്യുന്നത്. ഇതിൻഫലമായി ലോകശക്തികളുടെ ബലാബലങ്ങളിലും വർഗ്ഗബന്ധങ്ങളിലും സോഷ്യലിസത്തിന്നനുകൂലമായ വലിയൊരു മാറ്റമുണ്ടായിക്കഴിഞ്ഞിരിക്കുന്നു.

2. മുതലാളിത്തത്തിന്റെ നാശോന്മുഖത്വം ലോകത്തെയാകെ ഇരുത്തിചിന്തിപ്പിയ്ക്കാൻ തുടങ്ങിയിരിയ്ക്കുന്നു. തൊഴിലാളിവർഗ്ഗം മാത്രമല്ല കൃഷിക്കാർ, കൈവേലക്കാർ, പട്ടണങ്ങളിലെ ഇടത്തരക്കാർ, ബുദ്ധിജീവികൾ മുതലായ ജനവിഭാഗങ്ങളെല്ലാം മുതലാളിത്തത്തിന്നെതിരായ ഒരു ഭാവിയെ വീക്ഷിയ്ക്കാൻ തുടങ്ങിയിരിക്കുന്നു.

3. സോഷ്യലിസത്തെ ഒരു ലോകസാമ്പത്തികവ്യവസ്ഥയാക്കി മാറ്റുന്നതിൽ തൊഴിലാളിവർഗ്ഗവും കമ്മ്യൂണിസ്റ്റ് പാർട്ടികളും വഹിച്ച പങ്കെന്താണെന്ന് ജനങ്ങൾ കൂടുതൽ കൂടുതൽ മനസ്സിലാക്കാൻ തുടങ്ങിയിരിയ്ക്കുന്നു. അതിൻഫലമായി സോഷ്യലിസത്തിന്നുവേണ്ടി അധികമധികം ജനങ്ങൾ തൊഴിലാളിവർഗ്ഗത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടേയും പിന്നിൽ അണിനിരക്കാൻ തുടങ്ങിയിരിയ്ക്കുന്നു.

സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ടിരിയ്ക്കുന്ന പന്ത്രണ്ടു കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സംയുക്തപ്രസ്താവനയിൽ ഇതു കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്:

“ജനകീയഭൂരിപക്ഷത്തെ അവലംബമാക്കിക്കൊണ്ടും ജന്മി മുതലാളികളോട് സന്ധിയാവുകയെന്ന നയം ഉപേക്ഷിക്കാൻ കഴിവില്ലാത്ത അവസരവാദികളെ നിശ്ചയദാർഢ്യത്തോടെ പരാജയപ്പെടുത്തിക്കൊണ്ടും പാർല്ലിമെണ്ടിൽ ബൂർഷ്വാവർഗ്ഗതാല്പര്യങ്ങളെ സംരക്ഷിയ്ക്കാനുള്ള ഒരു ഉപകരണമെന്നതിന്നു പകരം തൊഴിലാളികളുടെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനുള്ള ഒരു സ്ഥാപനമാക്കി മാറ്റിത്തീർക്കാനും പാർല്ലിമെന്ററി രംഗത്തിന്നു പുറത്തു നടത്തപ്പെടുന്ന ജനകീയസമരങ്ങളിലൂടെ പിന്തിരിപ്പൻ ശക്തികളുടെ എതിർപ്പിനെ പരാജയപ്പെടുത്തിക്കൊണ്ട്, അങ്ങിനെ സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ സോഷ്യലിസം സാധിതപ്രായമാക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ച്, ജനകീയവിരുദ്ധശക്തികളെ പാടേ പരാജയപ്പെടുത്തി മുന്നേറുവാനും സംഘടിതതൊഴിലാളിവർഗ്ഗത്തിന്ന് ഇന്നു സാധിയ്ക്കുമെന്നായിട്ടുണ്ട്. ഇതെല്ലാംതന്നെ വൻകിട കുത്തകമുതലാളിമാർക്കും മറ്റു പ്രതിലോമശക്തികൾക്കുമെതിരായി ഉൽക്കൃഷ്ടങ്ങളായ സാമൂഹ്യപരിഷ്കാരങ്ങൾക്കും സമാധാനത്തിനും സോഷ്യലിസത്തിന്നും വേണ്ടിയുള്ള തൊഴിലാളികളുടേയും കർഷകബഹുജനങ്ങളുടേയും നഗരത്തിലെ ഇടത്തരക്കാരുടേയും വർഗ്ഗസമരങ്ങളുടെ വിശാലവും അവിരാമവുമായ വികാസത്തിലൂടെ മാത്രമേ സാധ്യമാകൂ.”

ഒരു കാര്യം ഇവിടെ എടുത്തു പറയേണ്ടതുണ്ട്: ഇന്നുള്ളത് സോഷ്യലിസത്തിലേയ്ക്ക് അക്രമരഹിതമായും സമാധാനപരമായും മുന്നേറാനുള്ള ഒരു സാധ്യത മാത്രമാണ്. സാധ്യതയെ യാഥാർത്ഥ്യമാക്കി മാറ്റുക എന്നതാണ് വിപ്ളവകാരികളുടെ കടമ. ഇതു വാസ്തവത്തിൽ സാമൂഹ്യപരിവർത്തനത്തിന്നുവേണ്ടി പരിശ്രമിയ്ക്കുന്ന ജനങ്ങളെ മാത്രം ആശ്രയിച്ചല്ല ഇരിക്കുന്നത്. ഭൂരിപക്ഷക്കാരായ ജനങ്ങളുടെ താല്പര്യങ്ങൾക്കും തീരുമാനങ്ങൾക്കുമെതിരായി ന്യൂനപക്ഷക്കാരായ സ്ഥാപിതതാല്പര്യക്കാർ അക്രമവും ഹിംസയും ഉപയോഗിക്കുകയാണെങ്കിൽ സോഷ്യലിസത്തിലേക്കുള്ള പരിവർത്തം സമാധാനപരമാവുകയില്ല. ഭൂരിപക്ഷത്തിന്റെ ഇച്ഛയ്ക്കെതിരായുള്ള പിന്തിരിപ്പൻ വൃത്തങ്ങളുടെ തെളിഞ്ഞോ ഒളിഞ്ഞോ ഉള്ള എല്ലാത്തരം എതിർപ്പുകളേയും ഫലപ്രദമായി നേരിടാതെ സോഷ്യലിസം സ്ഥാപിയ്ക്കാൻ സാധിയ്ക്കുകയില്ല.

# അദ്ധ്യായം 5

# സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം

ഏതെങ്കിലും മഹാന്മാരുടേയോ ഏതെങ്കിലും പാർട്ടികളുടേയോ ഇഷ്ടമനുസരിച്ച് എപ്പോൾ വേണമെങ്കിലും സമുദായത്തെ മാറ്റിമറിയ്ക്കാനോ ഇഷ്ടമുള്ള വിധത്തിൽ സോഷ്യലിസം കെട്ടിപ്പടുക്കാനോ സാധിയ്ക്കുകയില്ല. സാമൂഹ്യവളർച്ചയുടെ ഒരു സവിശേഷഘട്ടത്തിൽ സമുദായത്തിന്റെ പുരോഗതിയ്ക്ക് സോഷ്യലിസം ഒഴിച്ചുകൂടാൻ വയ്യാതാവുകയും ഭൂരിപക്ഷം ജനങ്ങളും സോഷ്യലിസത്തിനുവേണ്ടി അണിനിരക്കുകയും ചെയ്യുമ്പോൾ മാത്രമേ സോഷ്യലിസം അനിവാര്യമായിത്തീരുകയുള്ളൂ.

## ഇന്ത്യയുടെ സ്ഥിതിയെന്താണ്?

1947 ൽ ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായിത്തീർന്നു; 1950 ൽ പരമാധികാരമുള്ള ഒരു റിപ്പബ്ളിക്കായി പ്രഖ്യാപിയ്ക്കപ്പെട്ടു. ഇന്ത്യയുടെ ഭാവി നിർണ്ണയിക്കാൻ ഇന്ത്യയിലെ ജനങ്ങൾക്കു മാത്രമാണധികാരം എന്ന് അസന്ദിഗ്ദ്ധമായി അംഗീകരിയ്ക്കപ്പെട്ടു. അതോടെ സോഷ്യലിസത്തിന്റെ മാർഗ്ഗത്തിലുള്ള ഏറ്റവും വലിയൊരു പ്രതിബന്ധം തട്ടിത്തകർക്കപ്പെട്ടു.

## ഇന്ത്യയുടെ പിന്നോക്കനില

രാഷ്ട്രീയസ്വാതന്ത്ര്യം നേടിക്കഴിഞ്ഞുവെങ്കിലും നമ്മുടെ രാജ്യം സാമ്പത്തികമായും വ്യാവസായികമായും വളരെ പിന്നോക്കനിലയിലുള്ള ഒരാശ്രിതരാജ്യമാണ്. ഒന്നര നൂറ്റാണ്ടുകാലത്തെ ബ്രിട്ടീഷുമേധാവിത്വം ഇന്ത്യയുടെ വ്യവസായവൽക്കരണത്തെ ബലാൽക്കാരമായി തടഞ്ഞുനിർത്തുകയാണ് ചെയ്തത്. ഇന്ത്യ സ്വതന്ത്രയായതിനുശേഷവും നമ്മുടെ

സാമ്പത്തികവ്യവസ്ഥയിലെ മർമ്മസ്ഥാനങ്ങളിലെല്ലാം ബ്രിട്ടീഷ്മൂലധനത്തിന്റെ മരണപ്പിടുത്തം നിലനില്ക്കുന്നു. നമ്മുടെ കൽക്കരിഖനികൾ അഭ്രനിക്ഷേപങ്ങൾ, ചണവ്യവസായം, തോട്ടങ്ങൾ, വൻകിട ബേങ്കുകൾ, വിദേശവ്യാപാരം മുതലായവയെല്ലാം ഇന്നും ബ്രിട്ടിഷ്മൂലധനത്തിന്റെ പിടിയിലാണ്. സ്വാതന്ത്ര്യസമ്പാദനത്തിന് ശേഷം വിദേശമൂലധനവുമായി പലതരത്തിലും ബന്ധപ്പെട്ട വൻകിട കുത്തകമുതലാളികളുടെ ചൂഷണം കൂടുതൽ മൂർച്ഛിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. നമ്മുടെ കൃഷി ഇപ്പോഴും പ്രാകൃതാവസ്ഥയിലാണ്. നാടുവാഴി-ജന്മിമേധാവികളുടെ ചൂഷണം ഇന്നും നടമാടുന്നു. ഭൂമിയുടെ 37 ശതമാനവും നാട്ടിൻപുറത്തെ കുടുംബങ്ങളുടെ മൂന്നു ശതമാനത്തിന്റെ മാത്രം കൈയിലാണ്. 75 ശതമാനം കുടുംബങ്ങളുടെ കൈയിലുള്ള ഭൂമി 16 ശതമാനത്തോളം മാത്രമാണ്. വിദേശമൂലധനത്തിന്റെയും നാടൻ കുത്തകമുതലാളികളുടേയും നാടുവാഴിമേധാവികളുടേയും നെറികെട്ട ചൂഷണങ്ങളുടെ ഫലമായി ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥ വളരെയധികം അധഃപതിച്ചിരിയ്ക്കുന്നു; ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ജീവിത നിലവാരം വളരെയധികം തകർന്നിരിയ്ക്കുന്നു.

ഈ സ്ഥിതിയിൽ മൗലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് വിദേശമൂലധനത്തിന്റേയും നാടുവാഴിമേധാവിത്വത്തിന്റേയും പിടിയിൽനിന്ന് സ്വതന്ത്രവും സുശക്തവുമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാതെ സോഷ്യലിസത്തിലേയ്ക്കു മുന്നേറാൻ കഴിയില്ല. അതുകൊണ്ട് ഇന്നത്തെ അടിയന്തിരകടമ ദേശീയ പുനർനിർമ്മാണത്തിലൂടെ സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതാണ്; എന്നുവെച്ചാൽ, സോഷ്യലിസത്തിലേയ്ക്കു മുന്നേറാനാവശ്യമായ സാമൂഹ്യസാമ്പത്തികസാഹചര്യങ്ങൾ സൃഷ്ടിയ്ക്കുക എന്നതാണ്.

സമാധാനപരമായ ഒരന്തരീക്ഷത്തിൽ മാത്രമേ പ്രകൃതി വിഭവങ്ങളെ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിയ്ക്കാനും വിവിധരാജ്യങ്ങൾ തമ്മിലുള്ള വൈയവസായികബന്ധങ്ങൾ ശക്തിപ്പെടുത്താനും കഴിയൂ. മറ്റൊരുവിധം പറഞ്ഞാൽ, ദേശീയപുനർനിർമ്മാണത്തിന്റെ വിജയത്തിന് സമാധാനപരമായ സാർവ്വദേശീയബന്ധങ്ങൾ അത്യാവശ്യമാണ്. അതുകൊണ്ടാണ് സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനാഗ്രഹിക്കുന്ന ഇന്ത്യ സമാധാനപരമായ ഒരു വിദേശനയം കൈക്കൊണ്ടിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിയ്ക്കുവേണ്ടി നിലകൊള്ളുന്ന ഭൂരിപക്ഷക്കാരായ ജനങ്ങൾ ഇന്ത്യാഗവൺമെന്റിന്റെ സ്വതന്ത്രമായ വിദേശനയത്തെ സർവ്വാത്മനാ അനുകൂലിയ്ക്കുന്നത്.

## പഞ്ചവത്സരപദ്ധതിയുടെ പ്രാധാന്യം

ആവടിസമ്മേളനം പാസ്സാക്കിയ പ്രമേയത്തെസ്സംബന്ധിച്ച് കോൺഗ്രസ്സിന്നകത്തും പുറത്തും ആശയപരമായ പല അഭിപ്രായവ്യത്യാസങ്ങളുമുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ, രാജ്യത്തിന്റെ വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്താനും അടിസ്ഥാനപരമായ വൻകിടവ്യവസായങ്ങൾ-യന്ത്രങ്ങൾ തുടങ്ങിയ ഉൽപ്പാദനോപകരണങ്ങൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങൾ - സ്ഥാപിയ്ക്കാനും കോൺഗ്രസ്സുനേതൃത്വവും ഇന്ത്യാഗവൺമെന്റും തയ്യാറായിരിക്കുന്നുവെന്നതിന്റെ പ്രതിഫലനമായിരുന്നു അത്. ഈ ഉദ്ദേശം തന്നെയാണ് "പൊതുമേഖലയുടെ പ്രാധാന്യവും പരിധിയും വർദ്ധിപ്പിച്ചുകൊണ്ട് ദേശീയസാമ്പത്തികവ്യവസ്ഥയെ അതിവേഗം വളർത്തുകയും അങ്ങിനെ സോഷ്യലിസ്റ്റ് രൂപത്തിലുള്ള ഒരു സാമൂഹ്യവ്യവസ്ഥയിലേയ്ക്ക് മുന്നേറുകയും ചെയ്യുക" എന്ന പ്രഖ്യാപിതലക്ഷ്യത്തോടുകൂടിയാരംഭിച്ച രണ്ടാം പഞ്ചവത്സരപദ്ധതിയിലും പ്രതിഫലിച്ചിട്ടുള്ളത്.

ഇന്ത്യയുടെ പഞ്ചവത്സരപദ്ധതി ഒരു സോഷ്യലിസ്റ്റ് പദ്ധതിയല്ല; മുതലാളിത്തമവസാനിപ്പിയ്ക്കാനോ സോഷ്യലിസം കെട്ടിപ്പടുക്കാനോ അതുദ്ദേശിയ്ക്കുന്നില്ല. എങ്കിലും അതു പുരോഗമനപരമാണ്; രാജ്യത്തിന്റെ താല്പര്യങ്ങൾക്കനുകൂലമാണ്. കാരണം, അത് ഇന്ത്യയുടെ സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ അടിത്തറയുറപ്പിയ്ക്കാനാവശ്യമായ ഘനവ്യവസായങ്ങൾ സ്ഥാപിയ്ക്കുവാനും അങ്ങിനെ സാമ്രാജ്യമേധാവികളുടെ പിടിയിൽനിന്നു സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനും സഹായിയ്ക്കുന്നു. പ്രൊഫസ്സർ മഹലനോബിസ്സിന്റെ കരടുരേഖയിൽ ചൂണ്ടിക്കാണിയ്ക്കുന്നതുപോലെ.

"അവസാനവിശകലനത്തിൽ വ്യവസായവൽക്കരണത്തിന്റെ തോതും ദേശീയ സാമ്പത്തികവ്യവസ്ഥയുടെ വളർച്ചയും കൽക്കരി, വിദ്യുച്ഛക്തി, ഇരുമ്പും ഉരുക്കും, വൻകിടയന്ത്രങ്ങൾ, കെമിക്കൽ സാമഗ്രികൾ എന്നിവയുടേയും പൊതുവിൽ ഘനവ്യവസായങ്ങലുടെയാകേയും വർദ്ധിച്ചുവരുന്ന ഉൽപ്പാദനത്തെ ആശ്രയിച്ചിരിയ്ക്കും. ഇവ മൂലധനരൂപവൽക്കരണത്തിന്റെ കഴിവിനെ വർദ്ധിപ്പിയ്ക്കുന്നതാണ്. കഴിയുന്നേടത്തോളം വേഗത്തിൽ ഉൽപ്പാദനോപകരണങ്ങളുടെ ഇറക്കുമതിയിൽനിന്ന് ഇന്ത്യയെ സ്വതന്ത്രയാക്കുക എന്നതാണ് ഒരു പ്രധാനമായ ഉദ്ദേശം. അങ്ങനെയായാൽ മറ്റു രാജ്യങ്ങളിൽനിന്ന് അത്യാവശ്യമായ ഉൽപ്പാദനോപകരണച്ചരക്കുകൾ കിട്ടാനുള്ള വിഷമതകൾ മൂലധന രൂപവൽക്കരണത്തെ തടഞ്ഞുനിർത്തുകയില്ല. അതുകൊണ്ട് കഴിയുന്നേടത്തോളം വേഗത്തിൽ ഘനവ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തണം."

അടിസ്ഥാനപരമായ ഘനവ്യവസായങ്ങളെ വളർത്തണമെന്നുമാത്രമല്ല, അവയെ കഴിയുന്നതും പൊതുമേഖലയിലുൾപ്പെടുത്തണമെന്നും തീരുമാനിയ്ക്കപ്പെട്ടിട്ടുണ്ട്. കരടുശിപാർശികൾ ഊന്നിപ്പറയുന്നു:

"സോഷ്യലിസ്റ്റ് രൂപത്തിലുള്ള ഒരു സാമ്പത്തികവ്യവസ്ഥയിലേയ്ക്ക് മുന്നേറുന്നതിന്നുവേണ്ടി പൊതുമേഖലയെ ത്വരിതമായും സ്വകാര്യമേഖലയേക്കാൾ വേഗത്തിലും വികസിപ്പിയ്ക്കണം. നിക്ഷേപത്തിന്നും ദേശീയവികസനത്തിന്നും പദ്ധതിയുടെ പ്രവർത്തനത്തെ സുഗമമാക്കുന്നതിന്നു ധാരാളം മൂലധനവിഭവങ്ങൾ ലഭിയ്ക്കുന്നതിന്നുംവേണ്ടി ബാങ്കിങ്ങ്, ഇൻഷുറൻസ്, വിദേശവ്യാപാരം, ചില പ്രത്യേകചരക്കുകളുടെ അഭ്യന്തരവ്യാപാരം എന്നീ കാര്യങ്ങളിലേർപ്പെടാൻ ഗവൺമെന്റു തയ്യാറാവണം."

## സോഷ്യലിസമല്ല സ്റ്റേറ്റ് മുതലാളിത്തം

പൊതുമേഖലയിൽ, അല്ലെങ്കിൽ ഗവൺമെന്റുടമയിൽ, ചില വൻകിടവ്യവസായങ്ങൾ സ്ഥാപിയ്ക്കലാണ് സോഷ്യലിസം എന്നു ചിലർ ധരിച്ചുവെച്ചിട്ടുണ്ട്. ഇതു ശരിയല്ല. സ്റ്റേറ്റുടമയിൽ വ്യവസായങ്ങൾ തുടങ്ങിയാൽ അതു സോഷ്യലിസമാവില്ല, സ്റ്റേറ്റുമുതലാളിത്തമേ ആവൂ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽത്തന്നെ ഏംഗെൽസ് ഇക്കാര്യം ഇങ്ങിനെ വ്യക്തമാക്കിയിട്ടുണ്ട്:

"ഇയ്യിടെ ബിസ്മാർക്ക് വ്യവസായസ്ഥാപനങ്ങളെ ഗവൺമെന്റുടമയിലാക്കാൻ പുറപ്പെട്ടതോടുകൂടി ഒരുതരം കള്ളസോഷ്യലിസം-ഏതുതരം ഗവൺമെന്റുടമസ്ഥതയും സോഷ്യലിസമാണെന്ന് സങ്കോചമെന്യേ ഉൽഘോഷിയ്ക്കൽ-ആവിർഭവിച്ചിരിയ്ക്കുന്നു. പുകയിലവ്യവസായം സർക്കാർ ഏറ്റെടുത്തതു സോഷ്യലിസമാണെങ്കിൽ തീർച്ചയായും നെപ്പോളിയനേയും മേറ്റർനിക്കിനേയും സോഷ്യലിസത്തിന്റെ സ്ഥാപകന്മാരായി കണക്കാക്കണം. ബെൽജിയം ഗവൺമെന്റ് പ്രധാന റെയിൽവേപ്പാതകളെല്ലാം സ്വന്തം ഉടമസ്ഥതയിൽ പണിചെയ്തു. യാതൊരു സാമ്പത്തികപ്രേരണയുമില്ലാതെ ബിസ്മാർക്ക് ജർമ്മനിയിലെ റെയിൽവെയെല്ലാം സർക്കാറിലേയ്ക്കെടുത്തു. എന്തുകൊണ്ട് ഗവൺമെന്റിന്ന് വോട്ടുചെയ്യുവാനായി റെയിൽവേ ശമ്പളക്കാരെ കന്നുകാലികളെപ്പോലെ ആട്ടിത്തെളിച്ചുകൊണ്ടുവരാൻവേണ്ടി; പ്രത്യേകിച്ച് പാർലിമെണ്ടിന്റെ വോട്ടിന്നു വിധേയമാകാത്ത ഒരു പുതിയ വരവിനും ഗവൺമെന്റിന്നുണ്ടാക്കാൻ വേണ്ടി ഇതൊന്നും ഒരു തരത്തിലും നേരിട്ടോ അല്ലാതെയോ ഉള്ള സോഷ്യലിസ്റ്റ് നിർമ്മാണങ്ങളല്ല. ആണെങ്കിൽ

റോയൽ കപ്പൽ കമ്പനിയും കളിമൺഫാക്ടറിയും പട്ടാളത്തിലെ തുന്നൽക്കാരൻകൂടിയും സോഷ്യലിസ്റ്റ് സ്ഥാപനങ്ങളായിത്തീരും. പോരാ, മൂന്നാം ഫ്രെഡറിക്ക് വില്യമിന്റെ കാലത്ത് ഒരു വീരൻ കാര്യമായ അഭിപ്രായപ്പെട്ടതുപോലെ, വ്യഭിചാരശാലകൾ ഗവൺമെന്റു ഏറ്റെടുക്കുന്നതുപോലും സോഷ്യലിസമായിത്തീരും." (സോഷ്യലിസം, സാങ്കല്പികവും ശാസ്ത്രീയവും, പേജ് 68-69)

ഗവൺമെന്റ് സ്വന്തം ഉടമസ്ഥതയിൽ പൊതുവിഭാഗമെന്ന പേരിൽ ചില വ്യവസായങ്ങൾ സ്ഥാപിയ്ക്കാൻ തുടങ്ങുന്നതോടുകൂടി മുതലാളിത്തോൽപ്പാദനബന്ധങ്ങൾ അവസാനിയ്ക്കുന്നില്ല. ചൂഷണം തുടരുന്നു; ഉൽപ്പാദനോപകരണങ്ങളുടെമേൽ യാതൊരു ഉടമാവകാശവുമില്ലാതെ തൊഴിലാളികൾ കൂലിവേലക്കാരായിത്തന്നെ നിലനില്ക്കുന്നു. ഇതു സോഷ്യലിസമല്ല, സ്റ്റേറ്റ് മുതലാളിത്തമാണ്. ഏംഗെൽസ് വിവരിക്കുന്നു:

"ജോയിന്റ് സ്റ്റോക്ക് കമ്പനികളായോ ട്രസ്റ്റ്കളായോ സ്റ്റേറ്റുടമസ്ഥതയിലുള്ള സ്ഥാപനങ്ങളായോ വ്യവസായങ്ങളെ മാറ്റുന്നതുകൊണ്ട് ഉൽപ്പാദനശക്തികളുടെ മുതലാളിത്തപരമായ സ്വഭാവം ഇല്ലാതാകുന്നില്ല. ജോയിന്റ് സ്റ്റോക്കു കമ്പനികളെസ്സംബന്ധിച്ചും ട്രസ്റ്റ്കളെസ്സംബന്ധിച്ച് ഈ വാസ്തവം വ്യക്തമാണ്. പിന്നെ എന്താണിന്നത്തെ സ്റ്റേറ്റ്? തൊഴിലാളികളുടേയും മുതലാളികളായ വ്യക്തികളുടേയും ആക്രമണത്തിൽനിന്ന് മുതലാളിത്തോൽപ്പാദനരീതിയുടെ ബാഹ്യസ്ഥിതികളെ സംരക്ഷിയ്ക്കുവാനായി മുതലാളിവർഗ്ഗം സൃഷ്ടിച്ചിട്ടുള്ള ഒരു സംഘടന മാത്രമാണത്. ഇന്നത്തെ ഭരണകൂടം-അതിന്റെ രൂപമെന്തായാലും - ഒരു മുതലാളിത്തയന്ത്രമാണ്; മുതലാളിവർഗ്ഗത്തിന്റെ ഭരണയന്ത്രമാണ്; രാജ്യത്തിലെ മൂലധനത്തിന്റെ ആദർശമൂർത്തീകരണമാണത്. ഉൽപ്പാദനശക്തികളെ അധികമധികം സ്വായത്തമാക്കുന്നതോടൊപ്പം അത് അധികമധികം ജനങ്ങളെ ചൂഷണം ചെയ്യാൻ തുടങ്ങുന്നു. കൂലിവേലക്കാർ അപ്പോഴും കൂലിവേലക്കാർ തന്നെ-അതായത് സ്വത്തില്ലാത്തവർ. മുതലാളിത്തബന്ധങ്ങൾ അപ്പോഴും നിലനില്ക്കുന്നു. എന്നല്ല, അവ കൂടുതൽ മുറുകുകയാണ് ചെയ്യുന്നത്. എന്നാൽ, ഒരറ്റംവരെ മുറുകുമ്പോൾ അവപൊട്ടുന്നു. ഉൽപ്പാദനശക്തികളെ ഗവൺമെന്റേറ്റെടുക്കുന്നത് ഇന്നത്തെ സമുദായത്തിലുള്ള അഭ്യന്തരസംഘട്ടനത്തിന്നു പരിഹാരമല്ല. എന്നാൽ ആ പരിഹാരത്തിന്റെ ഘടകങ്ങളായിത്തീരുന്ന സാങ്കേതിക പരിത:സ്ഥിതികൾ അതിൽ ഒളിഞ്ഞുകിടപ്പുണ്ട്." (സോഷ്യലിസം-സാങ്കല്പികവും ശാസ്ത്രീയവും, പേജ് 70)

## ഇന്ത്യൻമുതലാളിത്തത്തിന്റെ പുരോഗമന സ്വഭാവവും പിന്തിരിപ്പൻ സ്വഭാവവും

ചുരുക്കിപ്പറഞ്ഞാൽ, സ്റ്റേറ്റുടമയിൽ ചില വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതുകൊണ്ടുമാത്രം നിലവിലുള്ള ഉൽപ്പാദനബന്ധങ്ങളിൽ മൗലികമായ മാറ്റങ്ങളൊന്നുമുണ്ടാകുന്നില്ല; മുതലാളിത്തമവസാനിയ്ക്കുന്നില്ല. ഇതു എന്തായാലും സോഷ്യലിസമല്ല തീർച്ച. എങ്കിലും ഒരു ഗുണമുണ്ട്. ഇന്ത്യയിലെ ഇന്നത്തെ സാഹചര്യങ്ങളിൽ, ഗവൺമെന്റുടമയിലുള്ള വൻകിടവ്യവസായസ്ഥാപനങ്ങൾ രാജ്യത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ പുരോഗതിയെ സഹായിയ്ക്കും. ബ്രിട്ടീഷുഭരണകാലത്ത് തടഞ്ഞുനിർത്തപ്പെട്ടിരുന്ന ഉൽപ്പാദനശക്തികളുടെ വളർച്ചയെ ത്വരിതപ്പെടുത്തും. അങ്ങിനെ അത് ഭാവിയിൽ ഉൽപ്പാദനബന്ധങ്ങളെത്തന്നെ മാറ്റാൻ കരുത്തുള്ള ശക്തികളെ സൃഷ്ടിച്ചുവിടും. സ്വതന്ത്രമായ സാമ്പത്തികവളർച്ചയുടെ അടിസ്ഥാനമുറപ്പിയ്ക്കും. മറ്റൊരുവിധം പറഞ്ഞാൽ, ഈ മുതലാളിത്തം ബ്രിട്ടീഷുകോളണിമേധാവിത്വത്തിന്റെ അവശിഷ്ടങ്ങൾക്കെതിരായ മുതലാളിത്തമാണ്. പാശ്ചാത്യമുതലാളിത്തരാഷ്ട്രങ്ങളുമായുള്ള കൂട്ടുകെട്ടുകൾ അവസാനിപ്പിയ്ക്കപ്പെട്ടിട്ടില്ലെന്നുള്ളതു ശരിതന്നെ. പക്ഷേ, മുതലാളിത്തരാഷ്ട്രങ്ങളുമായി മാത്രമല്ല, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുമായും സാമ്പത്തികബന്ധങ്ങൾ പുലർത്താൻ ഇന്ത്യാഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ഇതു തീർച്ചയായും സാമ്രാജ്യമേധാവികളുടെ കുത്തകനയത്തിന്നെതിരാണ്. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യാഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള മുതലാളിത്തം സാമ്രാജ്യമുതലാളിത്തത്തിന്നെതിരായി ഇന്ത്യയുടെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻ സഹായിയ്ക്കുന്ന മുതലാളിത്തമാണ്. അതുകൊണ്ടുതന്നെയാണ് പൊതുമേഖലയിൽ വൻകിടവ്യവസായങ്ങൾ സ്ഥാപിയ്ക്കുക എന്ന നയത്തെ ഭൂരിപക്ഷക്കാരായ ജനങ്ങൾ പിന്താങ്ങുന്നത്.

ഇന്ത്യയിലെ ദേശീയമുതലാളിത്തം വിദേശീയമായ സാമ്രാജ്യമുതലാളിത്തത്തിന്റെ താല്പര്യങ്ങളെ മാത്രമല്ല എതിർക്കുന്നത്. ഇന്ത്യയിലെ തൊഴിലാളികളുടേയും അദ്ധ്വാനിക്കുന്ന മറ്റുബഹുജനങ്ങളുടേയും താല്പര്യങ്ങൾക്കെതിരായ ഒരു സാമൂഹ്യവ്യവസ്ഥകൂടിയാണത്. വിദേശമുതലാളികളുടെ പിടിയിൽനിന്നു സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനാഗ്രഹിയ്ക്കുന്ന കോൺഗ്രസ്സുഭരണാധികാരികൾ ഇന്ത്യൻമുതലാളിത്തത്തെ, പ്രത്യേകിച്ചും ഇന്ത്യയിലെ കുത്തകമുതലാളിത്തസ്ഥാപനങ്ങളെ, ശക്തിപ്പെടുത്തുവാൻവേണ്ടി പലപ്പോഴും ജനങ്ങൾക്കെതിരായ നിലപാടുകളെടുക്കുന്നു.

അടിസ്ഥാനവ്യവസായങ്ങളെല്ലാം ദേശസാൽക്കരിക്കണമെന്ന് കാൽനൂറ്റാണ്ടുമുമ്പ് മുതൽക്കുതന്നെ ഇന്ത്യയുടെ ദേശീയ പ്രസ്ഥാനം ആവശ്യപ്പെട്ടുപോന്നിട്ടുള്ളതാണ്. എന്നിട്ടും, പൊതുമേഖലയുടെ വ്യാപ്തി വർദ്ധിപ്പിയ്ക്കണമെന്നു തീരുമാനിയ്ക്കപ്പെട്ടതിന്നുശേഷവും, ഇരുമ്പ്, ഉരുക്ക്, കൽക്കരി തുടങ്ങിയ മർമ്മ പ്രധാനങ്ങളായ മൌലിക വ്യവസായങ്ങൾപോലും കുത്തകമുതലാളികളുടെ സ്വകാര്യ ഉടമസ്ഥ തയ്ക്കു വിട്ടുകൊടുക്കുകയാണ് ഇന്ത്യ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. കുത്തകമുതലാളികൾക്ക് സഹായധനങ്ങൾ നൽകിയും പലിശകൂടാതെയോ ചുരുങ്ങിയ പലിശയ്ക്ക് വമ്പിച്ച തുകകൾ കടംകൊടുത്തും അവരുൽപ്പാദിപ്പിയ്ക്കുന്ന ചരക്കുകൾ വില കയറ്റി വില്ക്കാനനുവദിച്ചും അവരുടെ കൊള്ളലാഭങ്ങൾക്ക് പ്രോത്സാഹനം നൽകുകയാണ് ഗവൺമെന്റു ചെയ്യുന്നത്. ഈ നയത്തിന്റെ ഫലമായി വൻകിടമുതലാളികളുടെ ലാഭം പതിന്മടങ്ങു വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്നു. ഉദാഹരണത്തിന്ന് ഇരുമ്പ്-ഉരുക്കു വ്യവസായത്തിന്റെ ലാഭം 1939 ൽ 100 എന്ന അടിസ്ഥാനത്തിൽ 1947-ൽ 86 ആയിരുന്നത് 1955 ആയപ്പോഴേയ്ക്കും 388 ആയി വർദ്ധിച്ചു. കൽക്കരിയുടെ സൂചകസംഖ്യ 200 ആയി. പ്രധാനപ്പെട്ട വ്യവസായങ്ങളുടെ ശരാശരിലാഭത്തിന്റെ സൂചകസംഖ്യ 1939 ൽ 100 എന്ന അടിസ്ഥാനത്തിൽ 1947-ൽ 191 ഉം, 1955-ൽ 334 ഉം ആണ്. (ഈ സ്റ്റേൺ എക്കോണമിസ്റ്റ്, ക്വാർട്ടേർലി ബുള്ളറ്റിൻ, 1957 ഒക്ടോബർ)

ഇതേ അവസരത്തിൽ തൊഴിലാളികളുടേയും അധ്വാനിയ്ക്കുന്ന മറ്റു ജനവിഭാഗങ്ങളുടേയും യഥാർത്ഥവരുമാനം കുറയുകയാണ് ചെയ്തിട്ടുള്ളത്. ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ജീവിതത്തോത് ഇടിയുകയാണ് ചെയ്തിട്ടുള്ളത്. നികുതിഭാരം വർദ്ധിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. നാട്ടുകാരുടെ നികുതിഭാരം വർദ്ധിപ്പിച്ച് ഈടാക്കുന്ന പണത്തിന്റെ ഗണ്യമായ ഒരു ഭാഗം വൻകിടമുതലാളികളെ ഏല്പിച്ചുകൊടുക്കുക എന്ന വിചിത്രമായ ഒരു നയമാണ് ഇന്ത്യാഗവൺമെന്റ് തുടർന്നുപോന്നിട്ടുള്ളത്.

ഇന്ത്യയിലെ വൻകിട മുതലാളികളിൽ ചിലരും ചില വിദേശീയകുത്തകമുതലാളികളും തമ്മിൽ ഉറ്റ ഇന്ത്യയിലെ പ്രധാനപ്പെട്ട പല വ്യവസായ സ്ഥാപനങ്ങളും ഇന്ത്യൻമുതലാളികളുടേയും വിദേശീയമുതലാളികളുടേയും കൂട്ടുടമയിലാണ്. ഇന്ത്യാഗവൺമെന്റിന്റെ മൂലധനമുള്ള ചില വൻകിട വ്യവസായ സ്ഥാപനങ്ങളിൽപ്പോലും വിദേശീയകുത്തകക്കാർക്ക് നിർണ്ണായകമായ സ്ഥാനങ്ങളനുവദിയ്ക്കപ്പെട്ടിട്ടുണ്ട്. ഈ കൂട്ടുകെട്ടുകളും പരസ്പരബന്ധങ്ങളും കാരണം, സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാൻ എത്രതന്നെ ആഗ്രഹിയ്ക്കുന്നുണ്ടെങ്കിലും, വിദേശീയ മൂലധനത്തിന്നെതിരായി ഒരുറച്ച നിലപാടെടുക്കാൻ ഇന്ത്യൻ

ഭരണാധികാരികൾക്കു സാധിയ്ക്കുന്നില്ല. നമ്മുടെ ചായത്തോട്ടങ്ങളും റബ്ബർതോട്ടങ്ങളും ഖനികളും എൻജിനീയറിങ്ങും ചണവ്യവസായവും കപ്പൽ വ്യവസായങ്ങളും ബേങ്കിങ്ങു വ്യവസ്ഥയും വിദേശ വ്യാപാരവും മറ്റും മുമ്പുതന്നെ ബ്രിട്ടീഷുമുതലാളികളുടെ പിടിയിലാണ്. ഇന്ത്യയുടെ സാമ്പത്തിക ജീവിതത്തിന്റെ മർമ്മസ്ഥാനങ്ങളിൽനിന്ന് ഈ വിദേശീയ മേധാവിത്വം നീക്കം ചെയ്യപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, പുതിയ രീതിയിലുള്ള ചൂഷണങ്ങൾക്കു പുതിയ മൂലധനം ക്ഷണിയ്ക്കപ്പെടുകകൂടി ചെയ്യുന്നു.

ഇന്ത്യയിലെ വൻകിട കുത്തകമുതലാളികൾക്ക് വിദേശീയ കുത്തകമുതലാളികളുമായി മാത്രമല്ല, ഇന്ത്യയിൽത്തന്നെയുള്ള വൻകിടക്കാരായ നാടുവാഴികളുമായും ഉറ്റ ബന്ധങ്ങളുണ്ട്. അതുകൊണ്ടാണ് അവർ നാടുവാഴിത്തപരമായ കാർഷിക ബന്ധങ്ങളവസാനിപ്പിയ്ക്കാൻ പറ്റിയ ഉറച്ച നയങ്ങൾ കൈക്കൊള്ളാത്തത്. വാസ്തവത്തിൽ, ഉണ്ടികക്കാരുടേയും ജന്മികളുടേയും ചൂഷണത്തിൽ കിടന്നു ഞരങ്ങുന്ന ഭൂരിപക്ഷക്കാരായ കൃഷിക്കാരെ മോചിപ്പിയ്ക്കുകയും അവരുടെ ക്രയശക്തി വർദ്ധിപ്പിയ്ക്കുകയും ചെയ്താൽ മാത്രമേ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്താനും അഭ്യന്തരമാർക്കറ്റ് വികസിപ്പിയ്ക്കാനും കഴിയൂ. എന്നിട്ടും, ജന്മിസ്സമ്പ്രദായം ഉന്മൂലനം ചെയ്യപ്പെട്ടിട്ടില്ല. മടിച്ചു മടിച്ചുകൊണ്ടും ജന്മികൾക്ക് വമ്പിച്ചതുകകൾ പ്രതിഫലം കൊടുത്തുകൊണ്ടുമുള്ള ചില കാർഷിക പരിഷ്കരണങ്ങൾക്കു മാത്രമേ കോൺഗ്രസ്സു ഭരണാധികാരികൾ തയ്യാറായിട്ടുള്ളൂ.

## ദ്വിമുഖപരിപാടി

ചുരുക്കിപ്പറഞ്ഞാൽ, വൈരുദ്ധ്യം നിറഞ്ഞ ഒരു വിചിത്ര നയമാണ് ഇന്ത്യൻ ഭരണാധികാരികൾ കൈക്കൊണ്ടിട്ടുള്ളത്,

* ഒരു ഭാഗത്ത്, ഇന്ത്യൻ മുതലാളിത്തത്തിന്റെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനും സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനുംവേണ്ടി അവർ വിദേശമൂലധനത്തിന്നെതിരായി പല നടപടികളുമെടുക്കുന്നു. അതേസമയത്തുതന്നെ, മറുഭാഗത്ത്, വിദേശമൂലധനത്തിന്റെ ചൂഷണം നിലനിർത്തുന്നു.
* ഒരു ഭാഗത്ത്, വളർന്നുവരുന്ന സോഷ്യലിസ്റ്റ് ചേരിയുമായി കൂടുതൽ കൂടുതൽ ബന്ധങ്ങൾ സ്ഥാപിയ്ക്കുന്നു; മറുഭാഗത്ത്, തകർന്നുവരുന്ന മുതലാളിത്തച്ചേരിയുമായുള്ള ബന്ധങ്ങളും കൂട്ടുകെട്ടുകളും നിലനിർത്തിപ്പോരുന്നു.
* ഒരു ഭാഗത്ത്, അഭ്യന്തരമാർക്കറ്റു വികസിപ്പിയ്ക്കാനും അങ്ങിനെ പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കാനുംവേണ്ടി നാടുവാഴിമേധാ

വികൾക്കെതിരായ പല നടപടികളുമെടുക്കുന്നു; മറുഭാഗത്ത്, നാടുവാഴിത്തപരമായ കാർഷികബന്ധങ്ങൾ നിലനിർത്തുന്നു.

* ഒരു ഭാഗത്ത്, അടിസ്ഥാനവ്യവസായങ്ങൾ വളർത്തിക്കൊണ്ട് സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാൻ ശ്രമിയ്ക്കുന്നു; മറുഭാഗത്ത്, അടിസ്ഥാനവ്യവസായങ്ങളിൽപ്പോലും സ്വകാര്യമുതലാളികൾക്കു പ്രോത്സാഹനം നൽകുന്നു.
* ഒരു ഭാഗത്ത് പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കാൻ കിണഞ്ഞു പരിശ്രമിയ്ക്കുന്നു; മറുഭാഗത്ത്, ആ പരിശ്രമങ്ങളെത്തന്നെ തകിടം മറിയ്ക്കാനുതകുന്ന നയങ്ങൾ കൈക്കൊള്ളുന്നു.

ഈ വൈരുദ്ധ്യങ്ങളുടെ ഫലമായി, നമ്മുടെ സാമ്പത്തിക ജീവിതത്തിൽ വിദേശമുതലാളികളേയും നാടുവാഴികളുടേയും ആധിപത്യം ഇപ്പോഴും നിലനിൽക്കുന്നു. ഈ ആധിപത്യമവസാനിപ്പിയ്ക്കാതെ ഇന്ത്യയുടെ സ്വാതന്ത്ര്യമുറപ്പിയ്ക്കുവാനും ദേശീയ പുനർനിർമ്മാണപരിപാടികളെ വിജയിപ്പിച്ചുകൊണ്ട് സ്വതന്ത്രമായ ഒരു സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനും അങ്ങിനെ സോഷ്യലിസം സ്ഥാപിയ്ക്കാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാനും സാധിയ്ക്കുകയില്ല.

അതുകൊണ്ട്, ഇന്ത്യയിലെ തൊഴിലാളിവർഗ്ഗത്തിന്റേയും സോഷ്യലിസത്തിന്നുവേണ്ടി നിലക്കൊള്ളുന്ന മറ്റെല്ലാവരുടേയും ഇന്നത്തെ അടിയന്തരകടമ ഇന്ത്യൻ മുതലാളിത്തത്തിന്റെ ഈ ദ്വിമുഖനയത്തെ സമർത്ഥമായി നേരിട്ടുകൊണ്ട് സാമൂഹ്യവളർച്ചയെ ത്വരിതപ്പെടുത്തുക എന്നതാണ്.

ഒരു ഭാഗത്ത്, അടിസ്ഥാനവ്യവസായങ്ങളുടെ വളർച്ചയെ ഊന്നിക്കൊണ്ടുള്ളവ്യവസായവൽക്കരണം, മർമ്മപ്രധാനങ്ങളായ ഉൽപ്പാദനോപകരണങ്ങൾ സ്റ്റേറ്റുടമയിലാക്കൽ, തൊഴിൽ സൗകര്യങ്ങളെ വികസിപ്പിയ്ക്കൽ, കാർഷികപരിഷ്കരണം, മുതലായവയെസ്സംബന്ധിച്ച ഗവൺമെന്റെടുക്കുന്ന എല്ലാ നടപടികളേയും, അവ എത്രതന്നെ പരിമിതമായാൽപ്പോലും, വിജയിപ്പിയ്ക്കാനും ശക്തിപ്പെടുത്താനും കൂടുതൽ വിപുലമാക്കാനുംവേണ്ടി മുതലാളികളുൾപ്പെടെയുള്ള എല്ലാ ജനങ്ങളേയും യോജിപ്പിച്ചണിനിരത്തുകയും ഇത്തരംപുരോഗമനപ്രവണതകൾക്കെതിരായി തലയുയർത്തുന്ന എല്ലാ പിന്തിരിപ്പൻ ശക്തികളേയും എതിർത്തു തോല്പിയ്ക്കുകയും ചെയ്യുക; അതേസമയത്തുതന്നെ മറുഭാഗത്ത്, വിദേശമൂലധനത്തിന്റേയും നാടൻ കുത്തകമുതലാളികളുടേയും ലാഭക്കൊള്ളകൾക്ക് പ്രോത്സാഹനം നൽകുകയും ബ്രിട്ടീഷു വ്യവസായസ്ഥാപനങ്ങളെ ദേശസാൽക്കരിയ്ക്കാൻ വിസമ്മതിയ്ക്കുകയും അടിയന്തിരവും മൌലികവും ഭൂരിപരിഷ്കരണങ്ങൾ നടപ്പിൽവരുത്താൻ

കൂട്ടാക്കാതിരിയ്ക്കുകയും അങ്ങിനെ അർദ്ധനാടുവാഴിത്തപരമായ സാമൂഹ്യബന്ധങ്ങളെ നിലനിർത്തിക്കൊണ്ട് ജനങ്ങളുടെ ജീവിതത്തോത് ഇടിച്ചുതാഴ്ത്തുകയും ചെയ്യുന്ന ഭരണാധികാരികളുടെ എല്ലാ നടപടികളേയും വിട്ടുവീഴ്ചകൂടാതെ എതിർക്കുക.

ഒരു ഭാഗത്ത് സമാധാനത്തിന്നും സാമ്പത്തികപുരോഗതിയ്ക്കും സഹായകരമായ ഏറ്റവും ചെറിയ കാൽവെയ്പ്പുകളെപ്പോലും ശക്തിപ്പെടുത്തുക;

മറുഭാഗത്ത്, നമ്മുടെ സാമ്പത്തികജീവിതത്തിൽ വിദേശമൂലധനത്തിന്നും നാടൻ സ്ഥാപിതതാല്പര്യങ്ങൾക്കുമുള്ള മേധാവിത്വപദവിയെ പടിപടിയായി തട്ടിനീക്കുകയും ദേശീയ പുനർനിർമ്മാണത്തിന്നുവേണ്ടിയുള്ള ജനാധിപത്യപ്രസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വമുറപ്പിയ്ക്കുകയും ചെയ്യുക.

ഇതുമാത്രമാണ് സോഷ്യലിസത്തിലേയ്ക്കു മുന്നേറാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാനുള്ള വഴി. പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാർക്കെതിരായ ജനങ്ങളുടെ യോജിച്ച പ്രക്ഷോഭങ്ങളിലൂടെയും സമരങ്ങളിലൂടെയും മാത്രമേ ഈ അടിയന്തര കടമ നിർവ്വഹിയ്ക്കാൻ കഴിയൂ.

സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വം കെട്ടിപ്പടുക്കാനുള്ള സമരം ഭരണകൂടത്തെ മാറ്റാനുള്ള സമരവുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടാണിരിയ്ക്കുന്നത്. എന്തുകൊണ്ടെന്നാൽ, നിലവിലുള്ള ഭരണയന്ത്രം സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ ഇന്ത്യൻമുതലാളിവർഗ്ഗത്തിന്റെ സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനുള്ള ഒരുപകരണം മാത്രമാണ്. സോഷ്യലിസം സ്ഥാപിയ്ക്കണമെങ്കിൽ മുതലാളിത്തവ്യവസ്ഥയുടെ ഭരണകൂടത്തിന്റെ സ്ഥാനത്ത് സോഷ്യലിസ്റ്റ് വ്യവസ്ഥയുടേതായ ഒരു ഭരണകൂടം സ്ഥാപിയ്ക്കണം; എന്നുവെച്ചാൽ, ന്യൂനപക്ഷക്കാരായ മുതലാളികളുടെ ഭരണമവസാനിപ്പിച്ച് തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള ഭൂരിപക്ഷഭരണം നടപ്പിൽ വരുത്തണം.

## ഇരുമ്പു ചട്ടക്കൂട്

ബ്രിട്ടനിലെ പ്രധാനമന്ത്രിയായിരുന്ന മി. ലോയിസ് ജോർജ്ജ് 1922 ആഗസ്ത് 2-ാം നു കോമൻസ് സഭയിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങിനെ പ്രസ്താവിയ്ക്കുകയുണ്ടായി:

"ഇന്ത്യയ്ക്ക് ബ്രിട്ടീഷുസിവിൽ സർവ്വീസിന്റെ സഹായവും നേതൃത്വവും കൂടാതെ നിലനില്ക്കാൻ കഴിയുന്ന യാതൊരു കാലഘട്ടത്തേയും

എനിയ്ക്കു കാണാൻ കഴിയുന്നില്ല. മുഴുവൻ ഭരണ വ്യവസ്ഥയുടേയും ഇരുമ്പുചട്ടക്കൂടാണത്."

1935-ൽ ബ്രിട്ടീഷുപാർലിമെണ്ട് ഇന്ത്യയ്ക്കൊരു ഭരണഘടന പാസ്സാക്കിത്തന്നു. ആ ഭരണഘടനയുടെ പിതാവായറിയപ്പെടുന്ന മി. സ്റ്റാൻലി ബാൾഡ്വിൻ 1935 ഫെബ്രുവരി 5-ാം നു ചെയ്തു റേഡിയോപ്രസംഗത്തിൽ വ്യക്തമാക്കി:

"ഇന്ത്യക്കാരായ മന്ത്രിമാർ നമ്മളുദ്ദേശിയ്ക്കുന്ന കാര്യങ്ങൾ നിറവേറ്റാൻ വേണ്ടിയാണ് രാഷ്ട്രീയാധികാരം പ്രയോഗിയ്ക്കേണ്ടത്. അവരെക്കൊണ്ട് അങ്ങിനെ ചെയ്യിയ്ക്കുക എന്നതാണ് നമ്മുടെ വൈസറോയിയുടേയും ഗവർണ്ണർമാരുടേയും അവരുടെ കീഴിൽ സ്റ്റേറ്റ് സിക്രട്ടറിയാൽ റിക്രൂട്ടുചെയ്യപ്പെട്ട് പാർലിമെണ്ടിനാൽ സംരക്ഷിയ്ക്കപ്പെടുന്ന സർവ്വീസുകളുടേയും കടമ. ഈ കടമ നിറവേറ്റാനാവശ്യമായ ഉപാധികളും സുരക്ഷിതമാണ്."

സർവ്വീസുകളുടെ നേതൃത്വത്തിലുള്ള ഭരണഘടനയുടെ ഈ ഇരുമ്പു ചട്ടക്കൂട്ടിന്റെ സഹായത്തോടുകൂടിയാണ് ബ്രിട്ടീഷു സാമ്രാജ്യവാദികൾ ഇന്ത്യയുടെ സ്വാതന്ത്ര്യസമരങ്ങളെ ഇടിച്ചമർത്തുകയും ഇന്ത്യയെ പിന്നണിയിലുള്ള ഒരു കാർഷികരാജ്യമാക്കി നിലനിർത്തിക്കൊണ്ട് ചൂഷണം ചെയ്യുകയും ചെയ്തുപോന്നത്.

പക്ഷേ, നാല്പതുകോടി ജനങ്ങളുടെ സംഘടിതമായ പ്രക്ഷോഭങ്ങളേയും സമരങ്ങളേയും എന്നെന്നേയ്ക്കുമായി തടഞ്ഞുനിർത്താൻ സാധിച്ചില്ല. 1947 ആഗസ്റ്റ് 15-ാം നു ഇന്ത്യ സ്വതന്ത്രയായി. 1950-ൽ സ്വതന്ത്ര്യേന്ത്യയുടെ റിപ്പബ്ളിക്കൻ ഭരണഘടന നടപ്പിൽവന്നു. ബ്രിട്ടീഷു വൈസറോയിയും ബ്രിട്ടിഷുഗവർണ്ണർമാരും പോയി. ബ്രിട്ടീഷുസിവിൽ സർവ്വീസുപോയി. ബ്രിട്ടീഷുപാർലിമെണ്ടിന്റെ പരമാധികാരം പോയി. പ്രായപൂർത്തി വോട്ടവകാശം വന്നു. ജനങ്ങളുടെ പരമാധികാരം അംഗീകരിയ്ക്കപ്പെട്ടു. ഇന്ത്യയുടെ പിന്നോക്കനിലയവസാനിപ്പിയ്ക്കാനും വ്യവസായവൽക്കരണം, കാർഷിക പരിഷ്കാരം, വിദ്യാഭ്യാസ പരിഷ്ക്കാരം മുതലായവയിലൂടെ സുശക്തമായ ഒരു സ്വതന്ത്ര സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനുമുള്ള പുതിയ സാഹചര്യങ്ങളുളവായി.

എന്നിട്ടും, ഇരുമ്പുചട്ടക്കൂടിനു മാറ്റമുണ്ടായില്ല. ബ്രിട്ടീഷുകാരുടെ സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻവേണ്ടി സൃഷ്ടിയ്ക്കപ്പെട്ട അതേ ഭരണയന്ത്രം, പറയത്തക്ക യാതൊരു മാറ്റവും കൂടാതെ, അധികാരക്കൈമാറ്റത്തിനുശേഷവും നിലനിന്നുപോന്നു. ബ്രിട്ടീഷ് വൈസറോയിയുടെ സ്ഥാനത്ത് ഇന്ത്യൻ പ്രസിഡണ്ട്, ബ്രിട്ടീഷ് ഗവർണ്ണർമാരുടെ

സ്ഥാനത്ത് ഇന്ത്യക്കാരായ ഗവർണ്ണർമാർ, ബ്രിട്ടീഷ്സർവ്വീസുകാരുടെ സ്ഥാനത്ത് ഇന്ത്യക്കാരായ സർവ്വീസുകാർ-ചട്ടക്കൂട് പഴയതുതന്നെ. ഉദ്യോഗസ്ഥമേധാവിത്വപരമായ പഴയ ഭരണസമ്പ്രദായം, പഴയ ഡിപ്പാർട്ടുമെന്റുകൾ, പഴയ ഫയലുകളും പഴയ നോട്ടുകുറിയ്ക്കലുകളും പഴയ റൂളുകളും പഴയ വഴക്കങ്ങളും പഴയ മനോഭാവങ്ങളും- എല്ലാം പഴയപടിതന്നെ. ചുരുക്കിപ്പറഞ്ഞാൽ 1947 ആഗസ്റ്റിലെ അധികാരക്കൈമാറ്റത്തിന്റെ ഫലമായി പഴയ വർഗ്ഗങ്ങളുടെ സ്ഥാനത്ത് പുതിയ വർഗ്ഗങ്ങൾ അധികാരത്തിലേറിയപ്പോൾ പഴയ ഭരണകൂടം തട്ടിത്തകർക്കപ്പെടുകയോ പുതിയൊരു ഭരണകൂടം സൃഷ്ടിക്കപ്പെടുകയോ ചെയ്തില്ല. ബ്രിട്ടീഷ്മേധാവികളുടെ താല്പര്യങ്ങളെ കാത്തുരക്ഷിച്ച പഴയ ഭരണകൂടം അതേപടി നിലനിർത്തപ്പെടുകയാണുണ്ടായത്. പക്ഷേ, ക്രമത്തിൽ പുതിയ പരിതഃസ്ഥിതികളെ നേരിടാൻ പഴയ ഭരണകൂടത്തിന്നു സാദ്ധ്യമല്ല എന്നു വ്യക്തമായി. പഴയ ഭരണകൂടത്തിന്റെ രൂപത്തിലും ഉള്ളടക്കത്തിലും മാറ്റങ്ങൾ വരുത്തിയേ മതിയാവൂ എന്നായി. ഇതിനകംതന്നെ പല മാറ്റങ്ങളും ഉണ്ടായിക്കഴിഞ്ഞിരിയ്ക്കുന്നു. ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നുമുണ്ട്. ഭരണകൂടത്തിന്റെ രൂപം പഴയപടി നിലനിൽക്കുന്നുവെങ്കിലും അതിന്റെ ഉള്ളടക്കത്തിൽ സാരമായ മാറ്റങ്ങൾ വന്നു കഴിഞ്ഞിരിക്കുന്നു.

പത്തുകൊല്ലങ്ങൾക്കു മുമ്പുവരേയും ഭരണാധികാരമെന്നാൽ, സാധാരണക്കാരായ ജനങ്ങളെസ്സംബന്ധിച്ചേടത്തോളം, പോലീസും അംശം ഉദ്യോഗസ്ഥനും എന്നർത്ഥമായിരുന്നു. ഇന്നു സ്ഥിതി മാറിയിട്ടുണ്ട്. ജനങ്ങളുടെ രാഷ്ട്രീയബോധം മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം വർദ്ധിച്ചിരിയ്ക്കുന്നു. സ്വന്തം ഇച്ഛാശക്തി പ്രകടിപ്പിയ്ക്കാനും അവകാശങ്ങൾ നേടാനുമുള്ള പുതിയ മാർഗ്ഗങ്ങൾ അവരുടെ മുമ്പിൽ വെട്ടിത്തുറക്കപ്പെട്ടിരിക്കുന്നു. പ്രായപൂർത്തിവോട്ടവകാശം, തിരഞ്ഞെടുപ്പ്, ട്രേഡ് യൂണിയൻ, പത്രങ്ങൾ, രാഷ്ട്രീയപാർട്ടികൾ-ഇന്ത്യയുടെ മാനസികമണ്ഡലത്തിലാകെ വമ്പിച്ച മാറ്റങ്ങൾ വന്നുകൊണ്ടിരിയ്ക്കുകയാണ്.

ഭരണയന്ത്രത്തിന്റെ സ്ഥിതിയോ? പണ്ടത്തെപ്പോലെ ഇടിയ്ക്കുന്ന പോലീസ്സിനെക്കൊണ്ടും നികുതി പിരിയ്ക്കുന്ന അംശം ഉദ്യോഗസ്ഥനെക്കൊണ്ടും മാത്രം ഇന്നു ഭരിയ്ക്കാൻ വയ്യാ. ക്ഷേമരാഷ്ട്രം, സോഷ്യലിസം-ഇതാണ് പുതിയ കാഴ്ചപ്പാട്. വ്യവസായം, കൃഷി, കച്ചവടം, ശാസ്ത്രഗവേഷണം, സാഹിത്യം, കല, ഭവനനിർമ്മാണം, എന്നിങ്ങിനെ പുതിയ പല രംഗങ്ങളിലും ഗവൺമെന്റ് കൈവെയ്ക്കാൻ തുടങ്ങിയിരിയ്ക്കുന്നു. ഈ ആവശ്യങ്ങൾക്കുവേണ്ടിയുള്ള പുതിയ സംഘടനകളും ഡിപ്പാർട്ടുമെന്റുകളും ഉദ്യോഗസ്ഥന്മാരും സൃഷ്ടിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

## ഭരണയന്ത്രത്തെ ജനാധിപത്യവൽക്കരിയ്ക്കുക

എന്നിട്ടും, ജനങ്ങളുമായും പുതിയ പരിതഃസ്ഥിതികളുമായും പറയത്തക്ക ബന്ധമൊന്നുമില്ലാത്ത പഴയ ചട്ടക്കൂടു നിലനില്ക്കുന്നു. പഴയ റൂളുകളും പഴയ വഴക്കങ്ങളും ഫയലുകളിൽ നോട്ടുകുറിയ്ക്കുന്ന പഴയ ചുവപ്പുനാടയും ഇനിയും മാറിയിട്ടില്ല. ഇതിലൊരു പൊരുത്തക്കേടുണ്ടെന്നും പുതിയ ഉള്ളടക്കത്തിന് പുതിയ ചട്ടക്കൂടു വേണമെന്നും ഭരണാധികാരികൾക്കുതന്നെ ബോധ്യമാവാൻ തുടങ്ങിയിട്ടുണ്ട്. നിലവിലുള്ള ഉദ്യോഗസ്ഥമേധാവിത്വപരമായ ഭരണയന്ത്രം അപര്യാപ്തമാണെന്നും കാര്യക്ഷമമായും വേഗത്തിലും കാര്യങ്ങൾ നടത്താനോ ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കു രൂപം കൊടുക്കാനോ അതു പറ്റുകയില്ലെന്നും വ്യക്തമാവാൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ, പോംവഴിയെന്താണ്? ഉദ്യോഗസ്ഥന്മാർ കാലത്തിന്നനുസരിച്ച് മാറണമെന്നും ജനങ്ങളുടെ യജമാനന്മാരെപ്പോലെയല്ല, ദാസന്മാരെപ്പോലെയാണ്, അവർ പെരുമാറേണ്ടതെന്നും ജനങ്ങളുമായി അവർ ബന്ധം പുലർത്തണമെന്നും മറ്റും പ്രധാനമന്ത്രിയും മറ്റു കോൺഗ്രസ്സുനേതാക്കന്മാരും കൂടെക്കൂടെ ഉൽബോധിപ്പിയ്ക്കാറുണ്ട്. എന്നാൽ ഇതൊരു ഹൃദയപരിവർത്തനത്തിന്റെ പ്രശ്നം മാത്രമല്ല, ഇരുമ്പുചട്ടക്കൂടിന്റെ പ്രശ്നം കൂടിയാണ്. ജനങ്ങളോട് ഭരണയന്ത്രം എങ്ങിനെ പെരുമാറണമെന്നത് പ്രശ്നത്തിന്റെ ഒരു വശം മാത്രമാണ്. കൂടുതൽ പ്രധാനമായ വശം ഭരണനിർവ്വഹണത്തിൽ ജനങ്ങൾക്ക് എത്രത്തോളം പങ്കുണ്ടാവണമെന്നതാണ്.

ഇന്നത്തെ ഭരണവ്യവസ്ഥയിൽ അഞ്ചുകൊല്ലത്തിലൊരിയ്ക്കൽ വോട്ടു രേഖപ്പെടുത്താൻ ജനങ്ങൾക്കധികാരമുണ്ട്. ഏതുസ്ഥാനാർത്ഥിയാണ്, അല്ലെങ്കിൽ ഏതു പാർട്ടിയാണ്, ജയിയ്ക്കേണ്ടത് എന്നു തീരുമാനിയ്ക്കുന്നത് ജനങ്ങളാണ്. അതുകൊണ്ട് തിരഞ്ഞെടുപ്പുകാലത്ത് ജനങ്ങളാണ് രാജാക്കന്മാർ. ഏതു ഗവൺമെന്റിനേക്കാളും ഏതു പാർട്ടിയേക്കാളുമധികം ശക്തിയുള്ളവരാണവർ. തിരഞ്ഞെടുപ്പു കഴിഞ്ഞാലോ, അവർ വീണ്ടും ഭരണയന്ത്രത്തിന്റെ അടിമകളായി മാറുന്നു. എല്ലാ അധികാരങ്ങളും ഒരു പിടി മന്ത്രിമാരുടേയും ഡിപ്പാർട്ടുമെന്റു തലവന്മാരുടേയും കൈയിൽ കേന്ദ്രീകരിയ്ക്കുന്നു. ജനങ്ങൾക്കു പിന്നെ യാതൊരധികാരവുമില്ലേ? ഉവ്വ്, മന്ത്രിമാർക്ക് ഹർജികളും മെമ്മോറാണ്ടങ്ങളും കൊടുക്കാം; ആവശ്യങ്ങൾക്കുവേണ്ടി പ്രക്ഷോഭങ്ങൾ കൂട്ടാം; സമരങ്ങൾപോലും നടത്താം. പക്ഷേ, ഭരണനിർവ്വഹണത്തിൽ അവർക്ക് പങ്കൊന്നുമില്ല. അഞ്ചുകൊല്ലങ്ങൾക്കു ശേഷം പുതിയൊരു തിരഞ്ഞെടുപ്പുണ്ടാകുന്നതുവരെ ഇതുകൊണ്ടൊക്കെ തൃപ്തിപ്പെടണം. അപ്പോൾ, സർവ്വപ്രധാനമായ പ്രശ്നം ഇന്നത്തെ ഭരണയന്ത്രത്തെ കൂടുതൽ ജനാധിപത്യപരമാക്കു

ന്നതെങ്ങിനെയെന്നതാണ്; അടിമുതൽ മുടിവരെ, ഭരണനിർവ്വഹണത്തിന്റെ ഓരോ പടവിലും, ജനങ്ങൾക്കു കൂടുതൽ നിയന്ത്രണവും കൂടുതൽ അധികാരവും നൽകുന്നതെങ്ങിനെയെന്നതാണ്; മറ്റൊരുവിധം പറഞ്ഞാൽ, ഭരണകാര്യങ്ങളിൽ ജനങ്ങളെ കൂടുതൽ പങ്കെടുപ്പിയ്ക്കേണ്ടതെങ്ങിനെയെന്നതാണ്.

ഇതു സാധിയ്ക്കണമെങ്കിൽ കേന്ദ്രീകൃതവും മുരടിച്ചതുമായ ഇന്നത്തെ ബ്യൂറോക്രസിയുടെ ചട്ടക്കൂട്ടിൽ മൗലികമായ ചില മാറ്റങ്ങൾ വരുത്തിയേ മതിയാവൂ. വികേന്ദ്രീകരണമായിരിയ്ക്കണം ആ മാറ്റങ്ങളുടെ സത്ത്. എന്തുകൊണ്ടെന്നാൽ, വികേന്ദ്രീകരണത്തിലൂടെ മാത്രമേ ജനാധിപത്യവൽക്കരണം പ്രായോഗികമാവൂ.

അധികാരവികേന്ദ്രീകരണമെന്നുവെച്ചാൽ മന്ത്രിമാരുടേയും ഡിപ്പാർട്ടുമെന്റുകളുടേയും കൈയിൽ കേന്ദ്രീകരിച്ചിട്ടുള്ള അധികാരങ്ങളുടേയും കഴിവുകളുടേയും പ്രവർത്തനങ്ങളുടേയും പ്രധാനഭാഗം വില്ലേജുകളിലേയ്ക്കും ജില്ലകളിലേയ്ക്കും മാറ്റുക എന്നു മാത്രമല്ല അർത്ഥം. പ്രസിഡന്റും ഗവർണ്ണരുംമുതൽ ഐ. എ. എസ്. ഉദ്യോഗസ്ഥനും അംശം ഉദ്യോഗസ്ഥനുംവരെയുള്ള എല്ലാ ഭരണമേധാവികളുടേയും അധികാരങ്ങളെ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ തീരുമാനങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാക്കുക എന്നു കൂടിയാണ്. ഈ പ്രശ്നത്തെ ധീരമായി നേരിട്ടുകൊണ്ട് ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും വിപുലീകരിയ്ക്കുകയും ചെയ്യുന്നതിനുപകരം കോൺഗ്രസ്സുനേതാക്കന്മാർ കാമ്യൂണിസ്റ്റ്കാരുടെ സേച്ഛാധിപത്യത്തെപ്പറ്റി പ്രസംഗിച്ചുനടക്കുകയാണ്?

വാസ്തവത്തിൽ, സാമൂഹ്യ-സാമ്പത്തിക പരിവർത്തനങ്ങളുടെ കാര്യത്തിലെന്നപോലെത്തന്നെ ഭരണനിർവ്വഹണത്തെ ജനാധിപത്യവൽക്കരിക്കുന്നതിലും പിന്തിരിപ്പൻ താല്പര്യങ്ങളുമായി സന്ധി ചെയ്യുക എന്ന നയമാണ് കോൺഗ്രസ്സുനേതൃത്വം തുടർന്നുവരുന്നത്. കോൺഗ്രസ്സുനേതൃത്വത്തിന്റെ ഈ സന്ധിനയത്തിന്നെതിരായി പോരാടാതെ ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ കഴിയില്ല.

## ബൂർഷ്വാഭരണകൂടത്തിൽനിന്ന് സോഷ്യലിസ്റ്റ് ഭരണകൂടത്തിലേയ്ക്ക്

ഇന്നത്തെ ഭരണഘടനയ്ക്കു വിധേയമായിക്കൊണ്ടുള്ള ജനാധിപത്യവൽക്കരണം ഒരാരംഭം മാത്രമാണ്. എന്തുകൊണ്ടെന്നാൽ, ജനകീയപ്രസ്ഥാനം ശക്തിപ്പെടുകയും വിദേശമുതലാളികൾ, നാടുവാഴികൾ, കുത്തകമുതലാളികൾ തുടങ്ങിയ സ്ഥാപിതതാല്പര്യങ്ങളുടെ അടിത്തറ

തകർക്കപ്പെടുകയും ചെയ്യുന്നതോടുകൂടി ഭരണഘടനയിൽത്തന്നെ മാറ്റങ്ങളാവശ്യമായിവരും. മുതലാളിത്തത്തിന്റെ സ്വകാര്യസ്വത്തുടമയ്ക്കു സംരക്ഷണം നൽകുന്ന ഭരണഘടനയുടെ സ്ഥാനത്ത് ഉൽപ്പാദനോപകരണങ്ങളുടെ മേലുള്ള പൊതുവുടമാവകാശത്തെ കാത്തുരക്ഷിയ്ക്കാൻ പറ്റിയ ഭരണഘടനയാവശ്യമായിത്തീരും. മറ്റൊരുവിധം പറഞ്ഞാൽ മുതലാളിത്തസാമൂഹ്യവ്യവസ്ഥയവസാനിപ്പിച്ച് സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ സ്ഥാപിയ്ക്കപ്പെടുമ്പോൾ മുതലാളിത്തഭരണകൂടമവസാനിപ്പിച്ച് സോഷ്യലിസത്തിന്റെ ഭരണകൂടം ഉയർന്നു വന്നേ മതിയാവൂ.

സാമ്പത്തിക-സാമൂഹ്യരംഗങ്ങളിലെന്നപോലെ ഭരണനിർവ്വഹണത്തിലുമുണ്ടാകേണ്ടിയിരിയ്ക്കുന്ന ഈ മൗലികങ്ങളായ പരിവർത്തനങ്ങളത്രയും സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ നടപ്പിൽ വരുത്താൻ ഇന്ത്യയിലിന്നു സാദ്ധ്യതയുണ്ടോ? തീർച്ചയായുമുണ്ട്, എന്തുകൊണ്ട്?

ഒന്നാമത്, സാർവ്വദേശീയപരിതഃസ്ഥിതിയിലുണ്ടായ മാറ്റങ്ങൾ ഇന്ത്യയിലും വളരെയധികം പ്രതിഫലിച്ചിട്ടുണ്ട്. സാമ്രാജ്യമേധാവികളുടെ സ്വാധീനശക്തി കുറഞ്ഞുകുറഞ്ഞുവരികയും സോഷ്യലിസ്റ്റ്ചേരിയുടെ സ്വാധീനശക്തി കൂടികൂടിവരികയുമാണ് ചെയ്യുന്നത്. സോഷ്യലിസ്റ്റ്ചേരിയിലെ രാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള സാമ്പത്തിക-സാംസ്കാരി ബന്ധങ്ങൾ അധികമധികം ശക്തിപ്പെട്ടുവരികയാണ്.

രണ്ടാമത്, സോഷ്യലിസമെന്ന ആശയം ഇന്ത്യയിലെ ബഹുഭൂരിപക്ഷക്കാരായ ജനങ്ങളുടെ ഹൃദയങ്ങളെ വളരെയധികം ആകർഷിച്ചുകഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഭരണാധികാരിപ്പാർട്ടിയായ കോൺഗ്രസ്സുപോലും തങ്ങളുടെ ലക്ഷ്യം സോഷ്യലിസമാണെന്നു പ്രഖ്യാപിച്ചുകഴിഞ്ഞിരിയ്ക്കുന്നു. കോൺഗ്രസ്സുമെമ്പർമാരുൾപ്പടെയുള്ള ജനങ്ങളുടെ മനോഭാവത്തിലുണ്ടായ മാറ്റത്തെയാണിത് വെളിപ്പെടുത്തുന്നത്. ഈ സ്ഥിതിഗതികളിൽ സാമ്രാജ്യത്വ-ഫ്യൂഡൽ അവശിഷ്ടങ്ങളെ തുടച്ചുനീക്കിക്കൊണ്ട് സോഷ്യലിസത്തിലേയ്ക്കു മുന്നേറാൻവേണ്ടി ജനങ്ങളെയാകെ യോജിപ്പിച്ചണിനിരത്താനുള്ള സാധ്യത മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം വർദ്ധിച്ചിട്ടുണ്ട്.

മൂന്നാമത്, സാമ്രാജ്യത്വഭരണത്തിന്റെ അവശിഷ്ടങ്ങളെന്നോണം ജനാധിപത്യവിരുദ്ധമായ പല സ്ഥാപനങ്ങളും നിയമങ്ങളും മറ്റും നിലനിൽക്കുന്നുണ്ടെങ്കിലും, കോൺഗ്രസ്സുഭരണംതന്നെ പലപ്പോഴും സ്വേച്ഛാധിപത്യപരവും ജനാധിപത്യവിരുദ്ധവുമായ നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിലും, പൊതുവിൽ പറഞ്ഞാൽ, ജനാധിപത്യപരമായ ഒരന്ത

രീക്ഷമാണ് ഇന്ത്യയിലിന്നുള്ളത്. എന്നല്ല, ജനാധിപത്യപരമായ ഈ അന്തരീക്ഷത്തെ കൂടുതൽ വിപുലമാക്കാനുള്ള സാധ്യതകളുമുണ്ട്.

നാലാമത്, പഞ്ചായത്തു മുതൽ പാർല്ലിമെന്റുവരെയുള്ള സ്ഥാപനങ്ങളിലേക്ക് പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയ തിരഞ്ഞെടുപ്പുകളാണ് നടക്കുന്നത്. ഈ തിരഞ്ഞെടുപ്പുകളിലെല്ലാം ജനങ്ങൾ കൂടുതൽ താല്പര്യം കാണിക്കാൻ തുടങ്ങിയിട്ടുമുണ്ട്. പ്രായപൂർത്തിവോട്ടവകാശത്തേയും നിയമസഭകളേയും മർദ്ദകവർഗ്ഗക്കാർക്കെതിരായി തങ്ങളുടെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള ജനങ്ങളുടെ ബോധം വളർന്നുവരികയാണ്.

ഈ പരിതഃസ്ഥിതികളെ ശരിയ്ക്കുപയോഗിച്ചുകൊണ്ട് അഭ്യന്തരയുദ്ധംകൂടാതെ, ജനാധിപത്യപരമായി, പാർല്ലിമെണ്ടിന്റെ സഹായത്തോടുകൂടി സമാധാനപരമായും അക്രമരഹിതമായും സാമ്രാജ്യമേധാവിത്വത്തിന്റേയും ഫ്യൂഡലിസത്തിന്റേയും എല്ലാ അവശിഷ്ടങ്ങളേയും തുടച്ചുനീക്കാനും സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ട് ജനങ്ങളെ സുഖസംതൃപ്തവും ഭാസുരവുമായ ഒരു ഭാവിയിലേയ്ക്കു നയിക്കാനും സാധിക്കും.

ഈ മഹത്തായ ലക്ഷ്യം നേടാൻവേണ്ടിയാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ഈ ലക്ഷ്യം നേടിക്കഴിഞ്ഞാൽപ്പിന്നെ, അതായത് ഇന്ത്യയിൽ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ സ്ഥാപിച്ചുകഴിഞ്ഞാൽപ്പിന്നെ, ജനാധിപത്യത്തിന്റെ സ്ഥിതിയെന്താവും? സോഷ്യലിസ്റ്റുവ്യവസ്ഥയിൽ ജനാധിപത്യമുണ്ടാകുമോ? അതോ ചില കോൺഗ്രസ്സുനേതാക്കന്മാരും ചില പി. എസ്. പി. നേതാക്കന്മാരും ഇമ്പാച്ചിപ്പേടി കാണിക്കുന്നതുപോലെ കമ്മ്യൂണിസ്റ്റ് പാർട്ടി സ്വേച്ഛാധിപത്യം നടപ്പിൽവരുത്തുമോ?

ഒരിക്കലുമില്ല. എന്തെന്നാൽ, ലെനിൻ വ്യക്തമാക്കിയിട്ടുള്ളതുപോലെ, ബൂർഷ്വാവ്യവസ്ഥയിലനുവദിയ്ക്കപ്പെട്ടിട്ടുള്ള പരിമിതമായ ജനാധിപത്യസ്വാതന്ത്ര്യങ്ങളെ നശിപ്പിക്കാനോ വെട്ടിക്കുറയ്ക്കാനോ അല്ല, നേരെമറിച്ച്, കൂടുതൽ വിപുലവും യഥാർത്ഥവുമാക്കാനാണ്, എന്നുവെച്ചാൽ, സോഷ്യലിസ്റ്റു ജനാധിപത്യം സ്ഥാപിക്കാനാണ്, കമ്മ്യൂണിസ്റ്റു പാർട്ടി നിലകൊള്ളുന്നത്.

ഇരിയ്ക്കട്ടെ, കമ്മ്യൂണിസ്റ്റു പാർട്ടി വിഭാവനം ചെയ്യുന്ന സോഷ്യലിസ്റ്റുജനാധിപത്യത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയ്ക്കെന്നപോലെത്തന്നെ മറ്റു പാർട്ടികൾക്കും പ്രവർത്തനസ്വാതന്ത്ര്യമനുവദിയ്ക്കപ്പെടുമോ? തീർച്ചയായും. പക്ഷേ, ഒന്നുണ്ട്: ആ പ്രവർത്തനങ്ങൾ ഭരണഘടനയ്ക്കെതി

രാവാൻ പാടില്ല; ഉല്പാദനോപകരണങ്ങളുടെ പൊതുവുടമയേയും സോഷ്യലിസ്റ്റ് നിർമ്മാണത്തേയും കാത്തുരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള സോഷ്യലിസ്റ്റ് ഭരണഘടനയ്ക്കു വിധേയമായിരിയ്ക്കണം.

റഷ്യയിൽ ബൂർഷ്വാ ഭരണകൂടത്തെ പരിപൂർണ്ണമായും തട്ടിത്തകർത്തുകൊണ്ടാണ് ഒക്ടോബർ വിപ്ലവം വിജയിച്ചത്. ചെക്കോസ്ലോവാക്കിയ, റുമേനിയ, ബൾഗേറിയ മുതലായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ബൂർഷ്വാ ഭരണകൂടം ഒറ്റയടിക്ക് തകർക്കപ്പെടുകയുണ്ടായില്ല. വിദേശീയമേധാവിത്വത്തേയും നാടുവാഴിവ്യവസ്ഥയേയും തുടച്ചുനീക്കിയതിന്നുശേഷം ഭരണകൂടത്തിന്റെ രൂപത്തിലും ഘടനയിലും പല മാറ്റങ്ങളും വരുത്തിക്കൊണ്ട് മെല്ലെമെല്ലെയാണ് തൊഴിലാളിവർഗ്ഗത്തിന്റെ അധികാരമുറപ്പിയ്ക്കപ്പെട്ടത്. ചൈനയിലാണെങ്കിൽ റഷ്യയുടേതിൽനിന്നു മാത്രമല്ല, യൂറോപ്യൻരാജ്യങ്ങളുടേതിൽനിന്നും വ്യത്യസ്തമായ രൂപങ്ങളും മാർഗ്ഗങ്ങളുമാണ് സ്വീകരിയ്ക്കപ്പെട്ടത്. ഭരണകൂടത്തിന്റെ പഴയ രൂപങ്ങളേയും ഘടനയേയും ബലംപ്രയോഗിച്ച് തച്ചുതകർക്കാതെതന്നെ അവയുടെ ഉള്ളടക്കത്തിൽ പുതിയ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ബൂർഷ്വാഭരണമവസാനിപ്പിച്ച് തൊഴിലാളികർഷകഭരണം സ്ഥാപിയ്ക്കാൻ കഴിയുമെന്നാണിതെല്ലാം കാണിയ്ക്കുന്നത്.

ചരിത്രപരമായി നോക്കുമ്പോൾ, ബൂർഷ്വാഭരണയന്ത്രത്തോട് വ്യത്യസ്തങ്ങളായ മൂന്നു സമീപനരീതികൾ സ്വീകരിയ്ക്കപ്പെട്ടിട്ടുണ്ടെന്നു കാണാം:

ഒന്ന്: ബൂർഷ്വാഭരണകൂടത്തെ ബലാൽക്കാരമായി തട്ടിത്തകർത്തുകൊണ്ട് തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിയ്ക്കുക. ഇതാണ് പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും മാർക്സിസുകാർ അനുവർത്തിച്ചുപോന്നനയം.

രണ്ട്: ബൂർഷ്വാ ഭരണകൂടത്തെ ഉപയോഗിക്കുക-ഇതാണ് മിതവാദികളും അവസരവാദികളുമായ സോഷ്യലിസ്റ്റ് നേതാക്കന്മാർ അനുവർത്തിച്ചപോന്ന നയം. തൊഴിലാളിവർഗ്ഗത്തിന്റെ പ്രതിനിധികൾ തിരഞ്ഞെടുപ്പിലൂടെ ഗവൺമെന്റു രൂപീകരിയ്ക്കുന്നതിനാണ് അവർ ജനാധിപത്യസോഷ്യലിസം എന്നു പേരിട്ടത്. ഇംഗ്ലണ്ടിലെ ലേബർപാർട്ടിയുടെ നയം ഇതിന്നുദാഹരണമാണ്.

മൂന്ന്: ബൂർഷ്വാ ഭരണകൂടത്തെ സമാധാനപരമായി പടിപടിയായി മാറ്റിക്കൊണ്ട് തൊഴിലാളിസർവ്വാധിപത്യം സ്ഥാപിയ്ക്കുക-ഇതിന്നുള്ള സാധ്യതകളാണ് രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ സംഭവവികാസങ്ങളിലൂടെ തെളിഞ്ഞുവന്നിട്ടുള്ളത്.

## ഇന്ത്യയുടെ അടിയന്തിര കടമ

എന്നാൽ, ഇന്ത്യയിൽ ഇന്നത്തെ അടിയന്തരകടമ ബൂർഷ്വാഭര ണത്തെ മാറ്റി തൊഴിലാളിവർഗ്ഗത്തിന്റെ ഭരണകൂടം സ്ഥാപിയ്ക്കുക എന്ന തല്ല. പിന്നെയോ, സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥയുടെ വളർച്ചയെ ത്വരിതപ്പെടുത്താൻ പറ്റിയതരത്തിൽ ഭരണസമ്പ്രദായത്തെ കൂടുതൽ ജനാധിപത്യപരമാക്കുക എന്നതാണ്. കാരണം, ഇന്ത്യയുടെ സാമൂഹ്യ വ്യവസ്ഥയിലെ ഇന്നത്തെ ഏറ്റവും പ്രധാനമായ വൈരുദ്ധ്യം തൊഴിലാ ളിമുതലാളി വൈരുദ്ധ്യമല്ല ഇന്ത്യൻ ജനതയും കൊളോണിയൽ അവ ശിഷ്ടങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണ്. ഈ പ്രധാന വൈരുദ്ധ്യത്തെ പരിഹരിച്ചകൊണ്ടുമാത്രമേ തൊഴിലാളി മുതലാളി വൈരുധ്യത്തിന്നു പരി ഹാരം കാണാനും സോഷ്യലിസം സ്ഥാപിയ്ക്കാനും സാധിയ്ക്കുക യുള്ളൂ.

ചൈനയിൽ കാൽനൂറ്റാണ്ടോളം കാലം ഇടവിടാതെ തുടർന്നുപോന്ന അഭ്യന്തരയുദ്ധങ്ങളിലൂടെയും ആയുധമേന്തിയ കലാപത്തിലൂടെയും സാമ്രാജ്യത്വഫ്യൂഡൽബന്ധങ്ങളെ തട്ടിത്തകർത്തതിന്നുശേഷമാണ് തൊഴിലാളിവർഗ്ഗത്തിന്ന് സമാധാനപരമായി ബൂർഷ്വാ സ്വത്തുടമബന്ധ ങ്ങളവസാനിപ്പിച്ച് സോഷ്യലിസം കെട്ടിപ്പടുക്കാൻ കഴിഞ്ഞത്. ഇന്ത്യ യുടെ സ്ഥിതി വ്യത്യസ്തമാണ്. എന്തുകൊണ്ടെന്നാൽ, സ്വാതന്ത്ര്യസ മ്പാദനത്തോടുകൂടി നമ്മുടെ സാമ്പത്തികസാമൂഹ്യരംഗങ്ങളിൽനിന്ന് വിദേശമൂലധനത്തിന്റേയും നാടുവാഴിമേധാവിത്വത്തിന്റേയും പിടി പൂർണ്ണ മായി തട്ടിനീക്കപ്പെടുകയുണ്ടായില്ല. അതുകൊണ്ട് സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ കൊളോണിയലിസത്തിന്റേയും നാടുവാഴിമേധാവിത്വത്തിന്റേയും അവശിഷ്ടങ്ങളെ തുടച്ചുനീക്കിക്കൊണ്ട് സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥയും അതിന്നനുസൃതമായ ഭര ണവ്യവസ്ഥയും കെട്ടിപ്പടുക്കുക എന്നതാണ് ഇന്ത്യയെ അഭിമുഖീകരി യ്ക്കുന്ന പ്രശ്നം. സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥയും അതിനനു സൃതമായ ഭരണവ്യവസ്ഥയും എത്രത്തോളം വേഗത്തിൽ കെട്ടിപ്പടു ക്കാൻ കഴിയുമോ അത്രത്തോളം വേഗത്തിലാണ് സോഷ്യലിസത്തി ലേയ്ക്കു മുന്നേറാൻ സാധിയ്ക്കുക.

ഈ കടമ നിർവ്വഹിക്കാൻ കഴിയണമെങ്കിൽ അടിയന്തരമായി താഴെ പറയുന്ന കാര്യങ്ങളിലേയ്ക്ക് എല്ലാ ശ്രദ്ധയേയും തിരിച്ചുവിടണം:

ഒന്ന്: ജനാധിപത്യത്തിലും പുരോഗതിയിലും വിശ്വസിക്കുന്ന ജന ങ്ങളുടെയിടയിലുള്ള അനൈക്യവും വിടവുകളും നികത്തുക. ഇന്ത്യ യുടെ ദേശീയസാമ്പത്തികവ്യവസ്ഥയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും സമാധാനത്തേയും സ്വാതന്ത്ര്യത്തേയും കാത്തുരക്ഷിക്കുന്നതിനും ജന

ങ്ങളുടെ ജീവിതത്തോതുയർത്തുന്നതിന്നും വേണ്ടി ഏറ്റവും വിപുലമായ ദേശീയൈക്യം കെട്ടിപ്പടുക്കുക.

രണ്ട്: രാജ്യത്തിലെ മുഴുവൻ ജനങ്ങളേയും യോജിപ്പിച്ചണിനിരത്താൻ കഴിവുണ്ടാകത്തക്കവിധത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ ഐക്യം കെട്ടിപ്പടുക്കുക.

മൂന്ന്: രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കും ജനങ്ങളുടെ ജീവിതാവശ്യങ്ങൾക്കും കൂടുതൽ വിപുലമായ ജനാധിപത്യാവശ്യങ്ങൾക്കും വേണ്ടിയുള്ള ബഹുജനപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുകയും ബഹുജനപ്രക്ഷോഭങ്ങൾ സംഘടിപ്പിയ്ക്കുകയും ചെയ്യുക.

നാല്: സാമൂഹ്യസാമ്പത്തികരംഗങ്ങളിലും ഭരണകാര്യങ്ങളിലും ബൂർഷ്വാസി നിലനിർത്തിപ്പോരുന്ന മേധാവിത്വത്തെ പടിപടിയായി തട്ടിമാറ്റുകയും അതിന്റെ സ്ഥാനത്ത് തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വമുറപ്പിയ്ക്കുകയും ചെയ്യുക.

അഞ്ച്: ഈ അടിയന്തരകാര്യങ്ങൾ നിർവ്വഹിയ്ക്കാൻവേണ്ടി മുൻകൈയെടുത്തു പ്രവർത്തിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയെ കൂടുതൽ കൂടുതൽ ശക്തിപ്പെടുത്തുക.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കു നേടാൻ കഴിഞ്ഞ വമ്പിച്ച വിജയങ്ങൾ ഈ കടമകൾ വിജയകരമാംവിധം നിർവ്വഹിക്കാനുള്ള സാധ്യതകളെ അപൂർവ്വമാംവിധം വളർത്തിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

# അദ്ധ്യായം 6

# കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം

ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു ഗണ്യമായ ശക്തിയായിക്കഴിഞ്ഞിരിക്കുന്നു എന്ന് കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിന്റെ ഫലങ്ങൾ സംശയത്തിന്നിടയില്ലാത്തവിധം തെളിയിച്ചിരിക്കുന്നു. പാർലിമെന്റിൽ ഒരു സുശക്തമായ കമ്മ്യൂണിസ്റ്റ് പ്രതിപക്ഷം രൂപവൽക്കരിയ്ക്കപ്പെട്ടിട്ടുണ്ട്. എല്ലാ സ്റ്റേറ്റ് നിയമസഭകളിലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തി പൂർവ്വാധികം വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിലാണെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു ഭൂരിപക്ഷകക്ഷിയായിത്തീരുകയും സ്റ്റേറ്റിന്റെ ഭരണമേറ്റെടുക്കുകയും ചെയ്തിരിക്കുന്നു.

## കാരണമെന്ത്?

കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കുണ്ടായ ഈ അഭൂതപൂർവ്വമായ വിജയത്തിന്നു കാരണമെന്താണ്? കേരളത്തിലെ പത്തു കൊല്ലക്കാലത്തെ കോൺഗ്രസ്സുഭരണം മോശമായിരുന്നുവെന്നും അസംതൃപ്തരായ ജനങ്ങൾ ഒരു മാറ്റമാഗ്രഹിച്ചുവെന്നും അതുകൊണ്ടാണ് കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നതെന്നും പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു പ്രസ്താവിക്കുകയുണ്ടായി. 1957 ജൂണിൽ ഹെൽസിങ്കിയിൽവെച്ചു പത്രപ്രതിനിധികളോടു സംസാരിക്കുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു:

“കേരളത്തിൽ കമ്മ്യൂണിസ്റ്റുകാർ ജയിച്ചു എന്നു പറയുന്നതിലും ശരി കോൺഗ്രസ്സ് തോറ്റുവെന്നു പറയുന്നതായിരിക്കും. അതാണെന്റെ അഭിപ്രായം. ഇതുവരെ അവിടെ ഭരിച്ചിരുന്ന എന്റെ പാർട്ടിയുടെ ഗവൺമെന്റിന്ന് അവുടെ ജനസ്വാധീനം അങ്ങേയറ്റം നഷ്ടപ്പെട്ടു. അതു

കൊണ്ട് ഇത് അവർക്കെതിരായ ഒരു വോട്ടായിരുന്നു. അല്ലാതെ കമ്മ്യൂണിസ്റ്റുകാർക്ക് ലഭിച്ച വോട്ടായിരുന്നില്ല."

സത്യത്തിന്റെ ഒരു ഭാഗം മാത്രമാണിത്. കേരളത്തിലെ കോൺഗ്രസ്സിന്ന് ജനസ്വാധീനം വളരെയധികം നഷ്ടപ്പെട്ടിരിക്കുന്നുവെന്നും ജനങ്ങൾ അവർക്കെതിരായി വോട്ടുരേഖപ്പെടുത്തി എന്നും പറയുന്നതു ശരിയാണ്. പക്ഷേ, കോൺഗ്രസ്സിന്നെതിരായി പ്രജാസോഷ്യലിസ്റ്റ് പാർട്ടി, റവലൂഷണറി സോഷ്യലിസ്റ്റ് പാർട്ടി തുടങ്ങിയ മറ്റു ചില പാർട്ടികളും മത്സരിച്ചിരുന്നു. അവയെയെല്ലാം നിരാകരിച്ചുകൊണ്ടാണ് കേരളത്തിലെ വോട്ടർമാർ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഭൂരിപക്ഷപാർട്ടിയാക്കി ഉയർത്തിയത്. കോൺഗ്രസ്സിന്റെ നയപരിപാടികളിലൂടെ അസംതൃപ്തി മാത്രമാണവർ പ്രകടിപ്പിച്ചതെങ്കിൽ മറ്റു പാർട്ടികൾക്കുകൂടി എതിരായി കമ്മ്യൂണിസ്റ്റ് പാർട്ടിയെ വിജയിപ്പിച്ചതെന്തുകൊണ്ടാണ്? അപ്പോൾ, കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കു ലഭിച്ച വോട്ടുകൾ കമ്മ്യൂണിസ്റ്റ്പാർട്ടിയ്ക്കു ലഭിച്ച വോട്ടുകളല്ല എന്നു പറയുന്നതു ശരിയല്ല. അവ തീർച്ചയായും കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കു ലഭിച്ച വോട്ടുകൾതന്നെയാണ്.

വ്യാവസായികമായി മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് വളരെയേറെ പിന്നണിയിലുള്ള ഒരു സ്റ്റേറ്റാണ് കേരളം. ഒന്നര നൂററാണ്ടുകാലത്തെ ബ്രിട്ടീഷുഭരണത്തിന്റെ ഫലമായി ജനസാന്ദ്രത, തൊഴിലില്ലായ്മ, ഭക്ഷണക്കുഴപ്പം തുടങ്ങിയ പ്രശ്നങ്ങൾ എന്തെന്നില്ലാതെ മൂർച്ഛിച്ചിരിക്കുന്നു. കേരളത്തിന്റെ പിന്നോക്ക നിലയെ അവസാനിപ്പിയ്ക്കാനുതകുന്ന ധീരമായ ദേശീയ പുനർനിർമ്മാണപരിപാടികൾ നടപ്പിൽ വരുത്താനോ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് തെല്ലെങ്കിലും പരിഹാരം കാണുവാനോ കോൺഗ്രസ്സിന്റെ കേന്ദ്രനേതൃത്വത്തിന്നാകട്ടെ സ്റ്റേറ്റു നേതൃത്വത്തിന്നാകട്ടെ സാധിച്ചിട്ടില്ല. മറ്റു പല സ്റ്റേറ്റുകളിലും കോൺഗ്രസ്സു നേതൃത്വത്തിന്ന് വ്യാവസായികമായ ഒരടിത്തറയുണ്ട്. വൻകിടക്കാരായ മുതലാളികൾ പലരും കോൺഗ്രസ്സിന്നു പിൻബലം നൽകുന്നു. എന്നാൽ കേരളത്തിൽ സുശക്തവും സമർത്ഥവുമായ ഒരു മുതലാളിവർഗ്ഗമില്ല. അതുകൊണ്ട് കോൺഗ്രസ്സുനേതൃത്വവും സ്വാഭാവികമായിത്തന്നെ ദുർബ്ബലമാണ്. പത്തുകൊല്ലക്കാലത്തെ ഭരണത്തിന്നിടയിൽ അവർ തങ്ങളുടെ കൊള്ളരുതായ്മയും അപ്രാപ്തിയും തികച്ചും വെളിപ്പെടുത്തുകയും ചെയ്തു. ഇതാണ് ജനങ്ങളുടെയിടയിൽ കോൺഗ്രസ്സിന്റെ സ്വാധീനശക്തി കുറഞ്ഞു കുറഞ്ഞുവരാനുള്ള കാരണം.

എന്നാൽ, കോൺഗ്രസ്സുഭരണത്തിൽ അസംതൃപ്തരായ ജനങ്ങൾ മറ്റൊരു നേതൃത്വത്തിന് കമ്മ്യൂണിസ്റ്റ്പാർട്ടിയെ ഉറ്റുനോക്കിയതെന്തുകൊണ്ടാണ്? കാരണം വ്യക്തമാണ്: കാൽനൂറ്റാണ്ടുകാലമായി കേരളത്തിന്റെ

ദേശീയപ്രസ്ഥാനത്തിലും തൊഴിലാളി കർഷകബഹുജനപ്രസ്ഥാനങ്ങളിലും സാമൂഹ്യ-സാംസ്കാരികരംഗങ്ങളിലുമെല്ലാം ഏറ്റവും സജീവമായ പങ്കുവഹിച്ചവരുടെ പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. കഷ്ടപ്പാടുകളെ വകവെയ്ക്കാതെ, മർദ്ദനങ്ങളെ കൂട്ടാക്കാതെ, എല്ലാത്തരം എതിർപ്പുകളേയും നേരിട്ടുകൊണ്ട് ജനങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി പതറിച്ചകൂടാതെ പോരാടിയ ഒരു പാർട്ടിയാണത്. അതുകൊണ്ടുതന്നെയാണ് മറ്റേതൊരു പാർട്ടിയെക്കാളുമധികം ജനസ്വാധീനം നേടാൻ പാർട്ടിയ്ക്കു സാധിച്ചത്.

കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പിന്നിൽ അണിനിരന്നുകൊണ്ട് കോൺഗ്രസ്സുഭരണത്തെ എതിർത്തവരെല്ലാം മാർക്സിസം-ലെനിനിസത്തിൽ വിശ്വസിയ്ക്കുന്നവരോ പാർട്ടിയുടെ ലക്ഷ്യത്തെപ്പറ്റിയും പരിപാടിയെപ്പറ്റിയും വ്യക്തമായി മനസ്സിലാക്കിയവരോ ആണെന്ന് ഇപ്പറഞ്ഞതിന്നർത്ഥമില്ല. നല്ലൊരു ഭാഗം ജനങ്ങൾ മാർക്സിസത്താലും കമ്മ്യൂണിസത്താലും ആകർഷിയ്ക്കപ്പെട്ടിട്ടുണ്ടെന്നു തീർച്ചതന്നെ. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ സാർവ്വദേശീയ സംഭവവികാസങ്ങളും സോഷ്യലിസ്റ്റ് ലോകത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന വമ്പിച്ച വിജയങ്ങളും ജനങ്ങളുടെ മനോഭാവത്തിൽ മാർക്സിസത്തിന്നും കമ്മ്യൂണിസത്തിന്നുമനുകൂലമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നുള്ളതും ശരിയാണ്. എന്നിരിയ്ക്കിലും ഭൂരിപക്ഷം ജനങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു വോട്ടു ചെയ്ത് അടിയന്തരമായി സോഷ്യലിസവും കമ്മ്യൂണിസവും സ്ഥാപിച്ചുകിട്ടണമെന്ന ഉദ്ദേശ്യത്തോടുകൂടിയല്ല; പിന്നെയോ, തങ്ങളെ നേരിട്ടുകൊണ്ടിരിയ്ക്കുന്ന നാനാതരം വിഷമപ്രശ്നങ്ങളുടെ പരിഹാരത്തിന്ന് ചില അടിയന്തരാശ്വാസനടപടികൾ കൈക്കൊള്ളാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കു സാധിക്കുമെന്ന വിശ്വാസത്തോടുകൂടിയാണ്; കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റിന്റെ അഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ദേശീയ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കു മാത്രമേ കേരളത്തെ ഇന്നഭിമുഖീകരിയ്ക്കുന്ന ദേശീയവും ജനാധിപത്യപരവുമായ കടമകൾ കൂടുതൽ വേഗത്തിലും കൂടുതൽ കാര്യക്ഷമമായും ചെയ്തുതീർക്കാൻ കഴിയൂ എന്ന ബോധത്തോടുകൂടിയാണ്.

## അതിർത്തിവരമ്പുകൾ

ബാലട്ടുപെട്ടിയിലൂടെ ജനാധിപത്യപരമായ തിരഞ്ഞെടുപ്പു വഴിയായിട്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി കേരളക്കരയിൽ അധികാരം കരസ്ഥമാക്കിയത്. ഇതു തീർച്ചയായും വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു സംഭവവികാസമാണ്. എന്നാൽ, ഈ സംഭവവികാസത്തെ അതിശയോക്തിപരമായി വ്യാഖ്യാനിച്ചുകൊണ്ട് കേരളത്തിലെ കമ്മ്യൂണിസ്റ്റുപാർട്ടി

യാണ് ലോകത്തിലാദ്യമായി തിരഞ്ഞെടുപ്പിലൂടെ ഭരണാധികാരം സ്ഥാപിച്ചത് എന്നും മുതലാളിത്തരാജ്യങ്ങൾക്ക് സമാധാനപരമായി സോഷ്യലിസം സ്ഥാപിയ്ക്കാൻ കഴിയുമെന്ന് കേരളത്തിലെ കമ്മ്യൂണിസ്റ്റുപാർട്ടി തെളിയിച്ചുകഴിഞ്ഞിരിക്കുന്നു എന്നും മറ്റും പറയുന്നത് അസംബന്ധമായിരിക്കും. കേരളം പരമാധികാരമുള്ള ഒരു രാജ്യമല്ല, വലിയൊരു രാജ്യത്തിലെ ചെറിയൊരു സംസ്ഥാനം മാത്രമാണ്. കേരളത്തിലെ ജനാധിപത്യപ്രസ്ഥാനം ഇന്ത്യയുടെ പൊതുജനാധിപത്യപ്രസ്ഥാനത്തിന്റെ ഒരു ഭാഗം മാത്രമാണ്. ഇന്ത്യയാകെ സോഷ്യലിസത്തിന്നു തയ്യാറാവത്തോടത്തോളം കാലം കേരളത്തിൽ മാത്രമായി സോഷ്യലിസം സ്ഥാപിയ്ക്കുകസാദ്ധ്യമല്ല. കേരളത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ പുരോഗതി ഇന്ത്യയുടെ പൊതുപുരോഗതിയുടെ ഭാഗം മാത്രമാണ്. ഇന്ത്യയുടെ പൊതുസാമ്പത്തികവ്യവസ്ഥയിൽനിന്ന് അകന്നുനില്ക്കാനും ഒറ്റയ്ക്കു അഭിവൃദ്ധിപ്പെടാനും കേരളത്തിന്ന് സാധിക്കുകയില്ല. കേരളമുൾപ്പെടെയുള്ള ഇന്ത്യയുടെ കേന്ദ്രീകൃതമായ ഭരണകൂടം ഇപ്പോഴും കോൺഗ്രസ്സ് നേതൃത്വത്തിന്റെ കൈയിലാണ്. വിദേശികളും നാടന്മാരുമായ വൻകിട മുതലാളികളുടെ സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിക്കാനുറപ്പുനൽകുന്ന പല വകുപ്പുകളുമടങ്ങിയ ഒരു ഭരണഘടനയുണ്ട്. ആ ഭരണഘടനയുടെ അതിർത്തിവരമ്പുകൾക്കുള്ളിലുള്ള തുച്ഛവും പരിമിതവുമായ ചില അധികാരങ്ങൾ മാത്രമാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റു ഗവൺമെന്റിനുള്ളത്.

ഇന്ത്യയുടെ ഭരണഘടനയനുസരിച്ച് യൂനിയൻ പ്രസിഡണ്ടിന്റെ പ്രതിനിധിയായ ഗവർണ്ണരാണ് സ്റ്റേറ്റിന്റെ തലവൻ. അദ്ദേഹത്തിലാണ് സ്റ്റേറ്റിന്റെ നിർവ്വാഹകശക്തി മുഴുവൻ നിക്ഷിപ്തമായിരിക്കുന്നത്. അദ്ദേഹം നേരിട്ടോ തനിക്കു കീഴിലുള്ള ഉദ്യോഗസ്ഥന്മാർ മുഖേനയോ ഭരണം നടത്തുന്നു.

ഒരു മന്ത്രിസഭയുടെ സഹായത്തോടുകൂടിയാണ് ഗവർണ്ണർ ഭരണനിർവ്വഹണം നടത്തുക. ഭരണഘടനയനുസരിച്ച് ഗവർണ്ണരെ സഹായിക്കാനും ഉപദേശിക്കാനുമുള്ള അധികാരമേ മന്ത്രിസഭയ്ക്കുള്ളൂ. താഴെ കൊടുത്ത വകുപ്പുകൾ വായിച്ചുനോക്കുക:

"ഈ സംവിധാനത്തിലോ ഇതിൻകീഴിലോ സ്വന്തം അഭിപ്രായമനുസരിച്ച് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള കൃത്യങ്ങളോ അവയിൽ ഏതെങ്കിലുമോ ഒഴികെയുള്ള തന്റെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിൽ ഗവർണ്ണരെ സഹായിക്കുകയും ഉപദേശിക്കുകയും ചെയ്യുവാൻ മുഖ്യമന്ത്രി തലവനായി ഒരു മന്ത്രിസഭ ഉണ്ടായിരിക്കുന്നതാണ്. (വകുപ്പ് 163–1)

“ഈ സംവിധാനത്തിലോ ഇതിൻകീഴിലോ ഏതെങ്കിലും കാര്യം ഗവർണ്ണർക്ക് സ്വാഭിമതം അനുസരിച്ചു നടത്താവുന്നതോ അല്ലാത്തതോ എന്നേതെങ്കിലും തർക്കം ഉത്ഭവിച്ചാൽ, ഗവർണ്ണർ സ്വമേധയാ ചെയ്യുന്ന തീരുമാനം ഒടുവിലത്തേയായിരിക്കുന്നതും ഗവർണ്ണരാൽ ചെയ്യപ്പെടുന്ന ഏതെങ്കിലും കാര്യത്തിന്റെ സാധുത, അദ്ദേഹം സ്വമേധയാ ചെയ്യേണ്ടി യിരുന്നതോ അല്ലയോ എന്ന കാരണത്തിന്മേൽ ചോദ്യംചെയ്യപ്പെടരുതാ ത്തതുമാകുന്നു. (163-2)

“മുഖ്യമന്ത്രിയെ ഗവർണ്ണർ നിയമിക്കേണ്ടതും മറ്റു മന്ത്രിമാർ മുഖ്യ മന്ത്രിയുടെ ഉപദേശത്തിന്മേൽ ഗവർണ്ണരാൽ നിയമിക്കപ്പെടേണ്ടതും മന്ത്രിമാർക്കു ഗവർണ്ണരുടെ പ്രസാദപര്യന്തം ഉദ്യോഗം വഹിക്കാവുന്ന തുമാകുന്നു.” (164-1)

ഭരണഘടന അനുശാസിക്കുന്നതിതാണെങ്കിലും സാധാരണ കാല ങ്ങളിൽ നിയമനിർമ്മാണസഭയോടുത്തരവാദിത്വം വഹിക്കുന്ന മന്ത്രിസ ഭയുടെ ഉപദേശങ്ങളും തീരുമാനങ്ങളും ഗവർണ്ണർ അനുസരിക്കണമെ ന്നതാണ് വഴക്കം. മന്ത്രിസഭയാകട്ടെ, തങ്ങളുൾക്കൊള്ളുന്ന പാർട്ടിയുടെ നയവും പരിപാടികളുമാണ് നടപ്പിൽ വരുത്തുക. പക്ഷേ, മന്ത്രിസഭയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളെ പലതരത്തിലും തടസ്സപ്പെടുത്താനുള്ള അധികാരങ്ങൾ ഗവർണ്ണർക്കുണ്ട്. നിയമസഭയിൽ ഭൂരിപക്ഷപ്രകാരം പാസ്സാക്കപ്പെടുന്ന ഏതു ബില്ലും ഗവർണ്ണരുടെ സമ്മതം കിട്ടിയതിന്നു ശേഷം മാത്രമേ നിയമമായിത്തീരൂ. ബിൽ പുനരാലോചനയ്ക്കു വേണ്ടി നിയമസഭയിലേക്കുതന്നെ മടക്കി അയ്ക്കുവനോ രാഷ്ട്രപതിയുടെ അഭി പ്രായത്തിന്നുവേണ്ടി കേന്ദ്രത്തിലേയ്ക്കയക്കാനോ ഗവർണ്ണർക്കധികാര മുണ്ട്.

സ്റ്റേറ്റിന്റെ അധികാരങ്ങൾ വളരെ വളരെ പരിമിതമാണ്. ഭരണഘട നയനുസരിച്ച്, വിദേശനയം, രാജ്യരക്ഷ, നാവിക-സൈനിക-വൈമാനിക ബലങ്ങൾ, രാജ്യതന്ത്രപരവും വാണിജ്യപരവും വ്യാപാര സംബന്ധവു മായ പ്രതിനിധിത്വങ്ങൾ, റെയിൽവേ, തപാലും, കമ്പിയും, നാണയ നിർമ്മാണം, വിദേശ വിനിമയം, വിദേശകടങ്ങൾ, ബാങ്കിങ്ങ്, വിദേശവ്യാ പാരം, യൂണിയനിലേയും സംസ്ഥാനങ്ങളിലേയും കണക്കുകളുടെ പരി ശോധന തുടങ്ങിയ പ്രധാന കാര്യങ്ങളെല്ലാം യൂനിയൻ ഗവൺമെന്റി ന്റെ നിയന്ത്രണത്തിലാണ്. പൊതുജനാരോഗ്യം, വിദ്യാഭ്യാസം, മത്സ്യം പിടുത്തം, മരാമത്ത്, പ്രാദേശിക സ്വയം ഭരണം, ഭൂവുടമബന്ധം, വന ങ്ങൾ തുടങ്ങിയ താരതമ്യേന അപ്രധാനങ്ങളായ വിഷയങ്ങൾ മാത്ര മാണ് സ്റ്റേറ്റുകൾക്കു വിട്ടുകൊടുക്കപ്പെട്ടിട്ടുള്ളത്.

ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യവികസനം, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ ബഹുജനക്ഷേമപരങ്ങളായ പല കാര്യങ്ങളും നിർവ്വഹിയ്ക്കാനുള്ള ചുമതല സ്റ്റേറ്റുകൾക്കാണ്. ഇതെല്ലാം ധാരാളം ചെലവുകൾ വേണ്ടിവരുന്ന കൃത്യങ്ങളാണ്. എങ്കിലും, ഈ ഭാരിച്ച കടമകൾ നിർവ്വഹിയ്ക്കാൻ വരവിനങ്ങളുടെ ഏറ്റവും തുച്ഛമായ ഒരു ഭാഗമാണ് വിട്ടുകൊടുക്കപ്പെട്ടിട്ടുള്ളത്. വർദ്ധമാനങ്ങളും വികസനക്ഷമങ്ങളുമായ എല്ലാ നികുതിയിനങ്ങളും കേന്ദ്രഗവൺമെന്റിന്റെ കൈയിൽത്തന്നെ കേന്ദ്രീകരിച്ചിരിയ്ക്കുന്നു. വരവിനങ്ങളെ യൂനിയൻ ലിസ്റ്റെന്നും സ്റ്റേറ്റ്ലിസ്റ്റെന്നും രണ്ടായി വിഭജിച്ചിട്ടുണ്ട്. ഈ വിഭജനമനുസരിച്ച് റെയിൽവേ, തുറമുഖം, വിമാനം, കപ്പൽ, തപാലും കമ്പിയും, നാണയനിർമ്മാണം, വിദേശവിനിമയം, വിദേശ വ്യാപാരം, ചുങ്കാതിർത്തികൾ വഴിയ്ക്കുള്ള കയറ്റുമതിയും ഇറക്കുമതിയും, ബേങ്കിങ്ങ്, ഇൻഷുറൻസ്, സ്റ്റോക്ക് എക്സ്ചേഞ്ജ്. പെട്രോൾ, എണ്ണഖനികൾ, കാർഷികാദായനികുതിയൊഴിച്ചുള്ള മറ്റാദായങ്ങളിന്മേലുള്ള നികുതികൾ, പുകയിലയുടേയും മദ്യം, ഔഷധം മറ്റു ലഹരിപദാർത്ഥങ്ങൾ എന്നിവയൊഴിച്ച് ഇന്ത്യയിലുണ്ടാക്കുന്ന മറ്റു സാധനങ്ങളുടേയും മേലുള്ള എക്സൈസ് നികുതികൾ, കോർപറേഷൻ നികുതി, കൃഷിഭൂമിയൊഴിച്ചുള്ള മൂലധന നികുതി മുതലായ പ്രധാനപ്പെട്ട വരവിനങ്ങളെല്ലാം കേന്ദ്രഗവൺമെന്റിന്റെ പരിധിയിലാണ്. ഭൂനികുതി, കാർഷികാദായനികുതി, ഉപയോഗത്തിന്നോ വിക്രയത്തിന്നോ ഉള്ള സാധനങ്ങൾ സംസ്ഥാനത്തിൽ പ്രവേശിപ്പിയ്ക്കുന്നതിനുള്ള നികുതി, ലഹരിമദ്യങ്ങളുടെ മേലുള്ള എക്സൈസ് നികുതി, റോഡിലൂടെയോ ജലമാർഗ്ഗത്തിലൂടെയോ പോകുന്ന വാഹനങ്ങളുടെ മേലുള്ള നികുതി, വില്പനനികുതി, മൃഗങ്ങളുടെ മേലുള്ള നികുതി, മുതലായവ മാത്രമാണ് സ്റ്റേറ്റുകൾക്കു വിട്ടുകൊടുക്കപ്പെട്ടിട്ടുള്ളത്.

## കേന്ദ്രത്തിന്റെ സർവ്വാധിപത്യം

ഇരിയ്ക്കട്ടെ, ഈ പരിമിതമായ വരവിനങ്ങളുപയോഗിച്ചു കൊണ്ടുതന്നെ ഒരു സ്റ്റേറ്റ് ഗവൺമെന്റിന്ന് സ്വന്തം ഇഷ്ടമനുസരിച്ച് ആ സ്റ്റേറ്റിന്നുള്ളിൽ സാമൂഹ്യമായ പരിവർത്തനങ്ങൾ വരുത്താനും സോഷ്യലിസം കെട്ടിപ്പടുക്കാനും കഴിയുമോ? ഭരണഘടന പറയുന്നതുനോക്കുക:

"ഓരോ സംസ്ഥാനത്തിന്റേയും നിർവ്വാഹകശക്തി പാർലിമെന്റിനാൽ നിർമ്മിതമായ നിയമങ്ങൾക്കും ആ സംസ്ഥാനത്തിൽ പ്രായോജ്യമായി നിലവിലുള്ള ഏതെങ്കിലും നിയമങ്ങൾക്കും അനുരോധമാണെന്നുള്ളത് സുനിശ്ചിതമാകുമാറ് പ്രയോഗിയ്ക്കപ്പെടേണ്ടതും യൂണിയന്റെ നിർവ്വാഹകശക്തി, തദർത്ഥം വേണ്ടതായി ഇൻഡ്യാഗവൺമെന്റിന്നു

തോന്നുംപ്രകാരമുള്ള നിർദ്ദേശങ്ങൾ സംസ്ഥാനത്തിനു നൽകുക എന്നുള്ളേടത്തോളം എത്തേണ്ടതുമാകുന്നു." (വകുപ്പ് 256)

"ഓരോ സംസ്ഥാനത്തേയും നിർവ്വാഹകശക്തി യൂണിയന്റെ നിർവ്വാഹക ശക്തിപ്രയോഗത്തെ പ്രതികൂലിയ്ക്കുകയോ കാലുഷ്യപ്പെടുത്തുകയോ ചെയ്യാത്ത വിധത്തിൽ പ്രയോഗിയ്ക്കേണ്ടതും യൂണിയന്റെ നിർവ്വാഹകശക്തി, തദർത്ഥം ആവശ്യകമായി ഇൻഡ്യാഗവൺമെന്റിന് തോന്നുന്ന പ്രകാരത്തിലുള്ള നിർദ്ദേശങ്ങൾ ഒരു സംസ്ഥാനത്തിനു കൊടുക്കുക എന്നുള്ളിടത്തോളം വ്യാപിയ്ക്കേണ്ടതുമാകുന്നു." (വകുപ്പ് 257-1)

ഭൂരിപക്ഷക്കാരായ ജനങ്ങൾക്ക് കൂടുതൽ ക്ഷേമവും ഐശ്വര്യവും കൈവരുത്താൻ കഴിയത്തക്കവിധത്തിൽ പഞ്ചവത്സരപദ്ധതി വിജയിപ്പിക്കാനുള്ള സ്വാതന്ത്ര്യമെങ്കിലും സ്റ്റേറ്റുകൾക്കുണ്ടോ? അതും വളരെ വളരെ പരിമിതമാണ്. പ്ലാനിങ്ങ് കേന്ദ്രീകൃതമാണ്. ഓരോ സ്റ്റേറ്റിലും എന്തു തുക ചെലവാക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. പക്ഷേ, ആ തുക വൻകിട വ്യവസായങ്ങൾക്കുവേണ്ടി ചെലവിടണോ അതോ ഖദറിന്നു സബ്സിഡി കൊടുക്കാൻവേണ്ടി ഉപയോഗിക്കണോ എന്നു തീരുമാനിക്കാൻ സ്റ്റേറ്റുകൾക്കധികാരമില്ല. ഓരോ ഇനത്തിലും എന്ത് എത്ര എങ്ങിനെ ചെലവഴിയ്ക്കണമെന്നു നിർദ്ദേശിയ്ക്കുന്നത് പ്ലാനിങ്ങ് കമ്മീഷനും കേന്ദ്രഗവൺമെന്റുമാണ്. കേന്ദ്രത്തിന്റെ സമ്മതവും സഹായവും കൂടാതെ കേരളത്തെ വ്യവസായവൽക്കരിക്കാനുതകുന്ന ധീരമായ പരിപാടികൾ നടപ്പിൽ വരുത്താൻ കഴിയില്ല. കേന്ദ്രമാണെങ്കിൽ പിന്നണി സ്റ്റേറ്റുകളെ മുന്നണി സ്റ്റേറ്റുകളാക്കി ഉയർത്താനുള്ള പരിപാടികൾ ആവിഷ്കരിയ്ക്കുന്നുമില്ല. കേരളത്തിന്നകത്തും പുറത്തുമുള്ള ജനാധിപത്യശക്തികളുടെ യോജിച്ച പ്രക്ഷോഭങ്ങൾകൊണ്ട് കേന്ദ്രത്തിന്റെ ഈ നയം മാറ്റിയ്ക്കാനും സാമ്പത്തികപരിപാടികൾ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ സ്റ്റേറ്റുകൾക്ക് കൂടുതൽ അധികാരവും കൂടുതൽ സ്വാതന്ത്ര്യവും അനുവദിപ്പിയ്ക്കാനും കഴിയാത്തേടത്തോളം കാലം കേരളത്തിന്റെ സാമ്പത്തികസ്ഥിതിയിൽ നിർണ്ണായകമായ മാറ്റങ്ങളൊന്നുമുണ്ടാക്കാൻ കഴിയില്ല.

ഇത്തരത്തിൽ സംസ്ഥാനഗവൺമെന്റിന്റെ അധികാരങ്ങളെ പരിമിതിപ്പെടുത്തുവാനും വരിഞ്ഞുകെട്ടുവാനും ഉതകുന്ന ഒട്ടനവധി വകുപ്പുകൾ ഭരണഘടനയിൽ വേറേയുംകാണാം. എന്തിനധികം? കേന്ദ്രത്തിന്റെ, എന്നുവെച്ചാൽ ഇന്ത്യയിലെ ഭരണാധികാരിവർഗ്ഗത്തിന്റെ, ഇഷ്ടത്തിന്നനുസരിച്ചല്ല സ്റ്റേറ്റിലെ ഭരണം നടക്കുന്നത് എന്നു തോന്നുമ്പോൾ സ്റ്റേറ്റുഗവൺമെന്റിനെ പിരിച്ചുവിടാൻ രാഷ്ട്രപതിയ്ക്കധികാരം

നൽകുന്ന വകുപ്പുകൾപോലും ഭരണഘടനയിലുണ്ട്. ഉദാഹരണത്തിന്ന്, “ഒരു സംസ്ഥാനത്തിലെ ഗവർണ്ണരിൽ നിന്നോ രാജപ്രമുഖനിൽ നിന്നോ ഒരു റിപ്പോർട്ടു ലഭിച്ചതിന്മേലോ അല്ലെങ്കിൽ മറ്റു വിധത്തിലോ രാഷ്ട്രപതിയ്ക്ക് ഒരു സംസ്ഥാനത്തിലെ ഗവൺമെന്റ് ഈ സംവിധാനത്തിലെ വ്യവസ്ഥകൾ അനുസരിച്ച് നടത്തിക്കൊണ്ടുപോകുവാൻ സാധ്യമല്ലാത്ത ഒരു പ്രതിസന്ധി ആവിർഭവിച്ചിരിയ്ക്കുന്നതായി ബോധ്യമാകുകയാണെങ്കിൽ രാഷ്ട്രപതിയ്ക്ക് ഒരു വിളംബരത്താൽ” ആ സംസ്ഥാനത്തിലെ അധികാരസ്ഥാപനത്തിൽ നിക്ഷിപ്തമായ കൃത്യങ്ങൾ സ്വയം ഏറ്റെടുക്കാവുന്നതാണ്. (വകുപ്പ് 356 – 1 ഏ)

ജനാധിപത്യമുറകളനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് നിയമസഭയെ പിരിച്ചുവിടാൻ രാഷ്ട്രപതിയ്ക്കധികാരമുണ്ട്. ആ സംസ്ഥാനത്തിലെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ശക്തികൾ പാർലിമെണ്ടിനാലോ അതിന്റെ അധികാരത്തിൻ കീഴിലോ പ്രയോഗിയ്ക്കപ്പെടാവുന്നതാണെന്ന് പ്രഖ്യാപനം ചെയ്യാവുന്നതാണ് (വകുപ്പ് 360–1)

ഇങ്ങിനെ ഇനിയും പലതുമുണ്ട്. ഈ സ്ഥിതിയിൽ അധികാരത്തിൽവന്ന കേരളത്തിലെ കമ്യൂണിസ്റ്റ്കാർക്ക് കേരളത്തിൽ മാത്രമായി ഉല്പാദനബന്ധങ്ങളിൽ മൗലികങ്ങളായ മാറ്റങ്ങൾ വരുത്താൻ കഴിയുമോ? ഇല്ല. സമാധാനപരമായി അധികാരം പിടിച്ചെടുത്ത് സോഷ്യലിസം കെട്ടിപ്പടുക്കാൻ കേരളത്തിലെ കമ്യൂണിസ്റ്റ്കാർക്ക് സാധ്യമായിരിക്കുന്നു എന്നും ഇത് മറ്റു മുതലാളിത്തരാജ്യങ്ങൾക്ക് ഒരു മാതൃകയാണെന്നും മറ്റും പറയുന്നത് ശരിയാണോ? അല്ല. പോകട്ടെ, കമ്യൂണിസ്റ്റ്കാർക്ക് ഇന്ത്യൻ പാർലിമെന്റിൽത്തന്നെ തിരഞ്ഞെടുപ്പിലൂടെ ഭൂരിപക്ഷം കിട്ടാനിടയുള്ള ഒരു സന്ദർഭത്തിൽ സമാധാനപരമായി അധികാരമെല്ലാം അവർക്കേല്പിച്ചു കൊടുത്ത് കൈയുംകെട്ടിയിരിയ്ക്കാൻ ഇന്ത്യൻ ഭരണാധികാരികൾ തയ്യാറായിരിയ്ക്കാമെന്നതിന്നുള്ള ഒരുറപ്പെങ്കിലുമുണ്ടോ? യാതൊരുറപ്പുമില്ല.

## കമ്മ്യൂണിസ്റ്റ് വിജയത്തിന്റെ പ്രാധാന്യം

ഇതിന്റെ അർത്ഥം കേരളത്തിലെ അഭൂതപൂർവ്വമായ കമ്മ്യൂണിസ്റ്റ് വിജയത്തിന്ന് അത്ര വലിയ പ്രാധാന്യമൊന്നുമില്ല എന്നാണോ? തീർച്ചയായുമല്ല. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു സ്റ്റേറ്റിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിയ്ക്കാൻ തുടങ്ങിയിരിയ്ക്കുകയാണ്. അധികാരം പരിമിതമാണ്; പക്ഷേ, ചില അധികാരങ്ങളെല്ലാമുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. ആ അധികാരങ്ങളുപയോഗിയ്ക്കുന്നത് കോൺഗ്രസ്സല്ല, കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്; കാൽനൂറ്റാണ്ടുകാലമായി സോഷ്യലിസത്തിൽ അടിയുറച്ചു

വിശ്വസിച്ചുകൊണ്ടും ജനങ്ങളുടെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻവേണ്ടി ജനങ്ങളുടെ ശത്രുക്കൾക്കെതിരായി പതറിച്ച കൂടാതെ പോരാടിക്കൊണ്ടും വളർന്നുവന്ന മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടിയാണ്. അതുകൊണ്ടു കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം ദൂരവ്യാപകമായ ഫലങ്ങളുളവാക്കുന്ന ഒരു മഹത്തായ സംഭവവികാസമാണ്. കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെയാകെ ജനാധിപത്യപ്രസ്ഥാനത്തെ പതിന്മടങ്ങു ശക്തിപ്പെടുത്തുവാൻ സഹായിയ്ക്കുന്ന പുതിയ സാഹചര്യങ്ങൾ ഇതുമൂലം സൃഷ്ടിയ്ക്കപ്പെട്ടിരിയ്ക്കുന്നു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്ന് പരിമിതമായ അധികാരങ്ങളേ ഉള്ളൂ എന്നതു ശരിതന്നെ. പക്ഷേ, ഉള്ളടത്തോളം അധികാരങ്ങൾ ജനങ്ങൾക്കെതിരായിട്ടല്ല, നാടുവാഴികൾ, വിദേശമുതലാളികൾ തുടങ്ങിയ പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാർക്കെതിരായിട്ടാണ് ഉപയോഗിക്കപ്പെടുക. നിക്ഷിപ്തതാല്പര്യങ്ങൾക്ക് എടുത്തുപയോഗിയ്ക്കാൻ കഴിഞ്ഞിരുന്ന ഒരു ഗവൺമെന്റ്-അതിന്റെ അധികാരങ്ങൾ എത്രതന്നെ പരിമിതമായിക്കൊള്ളട്ടെ-ജനങ്ങളുടെയും രാജ്യത്തിന്റേയും ഉത്തമതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനുള്ള ഒരുപകരണമായി മാറിയിരിയ്ക്കുകയാണ്. ജനങ്ങളും ഗവൺമെന്റും ഒരേ ചേരിയിൽ നിന്നുകൊണ്ട് പിന്തിരിപ്പൻ ശക്തികളെ എതിർക്കാൻ തുടങ്ങിയിരിയ്ക്കയാണ്. ജനാധിപത്യശക്തികളുടെ വളർച്ചയ്ക്കാവശ്യമായ പൗരസ്വാതന്ത്ര്യങ്ങളും സംഘടനാസ്വാതന്ത്ര്യങ്ങളുമനുവദിയ്ക്കുക, തൊഴിലാളികൾ, കൃഷിക്കാർ, ഇടത്തരക്കാർ തുടങ്ങിയ അദ്ധ്വാനിയ്ക്കുന്ന ജനവിഭാഗങ്ങളുടെ ന്യായമായ പ്രക്ഷോഭങ്ങൾക്കെതിരായി പോലീസ്സിനേയും പട്ടാളത്തേയും ഉപയോഗിയ്ക്കാതിരിയ്ക്കുക, തൊഴിലാളികളുടെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാനുതകുന്ന ട്രേഡ് യൂനിയൻ നിയമങ്ങളും ഭൂരിപക്ഷക്കാരായ കൃഷിക്കാരുടെ ജീവിതത്തോതുയർത്താനും നാടുവാഴി മേധാവിത്വത്തിന്റെ അടിത്തറ തകർക്കാനും പറ്റിയ മൗലികമായ കാർഷികപരിഷ്കരണ നിയമങ്ങളും നടപ്പിൽ വരുത്തുക, വിദേശീയ മുതലാളികളുടെ തോട്ടങ്ങളും, ട്രാൻസ്പോർട്ട്, വനം മുതലായവയും ദേശസാൽക്കരിയ്ക്കുക, നിലവിലുള്ള വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും പുതിയ വ്യവസായങ്ങൾ സ്ഥാപിയ്ക്കുകയും ചെയ്യുക, നികുതി പിരിയ്ക്കാനുള്ള പരിമിതമായ അധികാരങ്ങൾ സാധാരണക്കാരെ ഞെക്കിപ്പിഴിയാൻവേണ്ടി ഉപയോഗിക്കാതെ വലിയ പണക്കാർക്കെതിരായി പ്രയോഗിയ്ക്കുക, ചെറുകിടവ്യവസായങ്ങളെയും കുടിൽവ്യവസായങ്ങളേയും സംരക്ഷിയ്ക്കുക, ജലസേചനപദ്ധതികളും മറ്റും നടപ്പിൽ വരുത്തുക, ചെറുകിടക്കാരുടെ ശമ്പളം വർദ്ധിപ്പിയ്ക്കുകയും വൻകിടക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കുകയും ചെയ്യുക, പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനങ്ങളിലും വ്യവസായസ്ഥാപനങ്ങളുടെ

നടത്തിപ്പിലും തൊഴിലാളികൾക്കും മറ്റധ്വാനിയ്ക്കുന്ന ജനങ്ങൾക്കും കൂടുതൽ നിയന്ത്രണാധികാരം കൊടുക്കുക, വിദ്യാഭ്യാസം കൂടുതൽ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിയ്ക്കുക, മലയാള ഭാഷയെ അധ്യയനഭാഷയും ഭരണഭാഷയുമാക്കുക, ഭരണനിർവ്വഹണത്തെ കൂടുതൽ ജനാധിപത്യപരമാക്കുക, സാമൂഹ്യസാമ്പത്തികരംഗങ്ങളിലും ഭരണകാര്യങ്ങളിലും തൊഴിലാളിവർഗ്ഗത്തിന്ന് കൂടുതൽ സജീവമായ പങ്കനുവദിയ്ക്കുക---ഇങ്ങനെ നിലവിലുള്ള ഭരണഘടനയുടെയും മുതലാളിത്തോൽപ്പാദനവ്യവസ്ഥയുടെയും അതിർത്തിവരമ്പുകൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ സാമൂഹ്യ സാമ്പത്തികസാംസ്കാരികരംഗങ്ങളിൽ പുരോഗമനപരമായ മാറ്റങ്ങൾ വരുത്താൻ സഹായിയ്ക്കുന്ന പല പരിപാടികളും നടപ്പിൽ വരുത്താൻ കഴിയും.

കേരളത്തിലുണ്ടാകുന്ന ഇത്തരം നടപടികൾ മറ്റു സ്റ്റേറ്റുകളിലും പ്രത്യാഘാതങ്ങളുണ്ടാക്കും. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ പുരോഗമനപരമായ ഓരോ നടപടിയും കോൺഗ്രസ്സുഗവൺമെന്റുകളുടെ പിന്തിരിപ്പൻ നയങ്ങൾക്കെതിരായി പോരാടുന്ന ജനങ്ങളെ ആവേശംകൊള്ളിയ്ക്കുകയും അവരുടെ പ്രക്ഷോഭങ്ങൾക്കു ശക്തി കൂട്ടുകയും ചെയ്യും. ജനങ്ങളുടെ മനോഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളെ കണക്കിലെടുത്തുകൊണ്ട് കോൺഗ്രസ്സു ഗവൺമെന്റുകൾതന്നെ പലപ്പോഴും കേരളത്തിന്റെ മാതൃക സ്വീകരിച്ച് പുരോഗമനപരമായ നടപടികൾ കൈക്കൊള്ളാൻ തയ്യാറായെന്നുവരും. അങ്ങിനെ ഇന്ത്യയിലൊട്ടുക്കും ജനങ്ങളുടെ ശക്തി വർദ്ധിക്കുകയും ജനാധിപത്യപ്രസ്ഥാനം ഒരു പുതിയ ഘട്ടത്തിലേയ്ക്കുയരുകയും ചെയ്യും.

സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചുകഴിഞ്ഞ രാജ്യങ്ങളിൽ ഭരണം നടത്തുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികളെ അഭിമുഖീകരിയ്ക്കുന്ന പ്രശ്നം സോഷ്യലിസ്റ്റ് നിർമ്മാണത്തിലൂടെ കമ്യൂണിസത്തിലേയ്ക്കു മുന്നേറേണ്ടതെങ്ങിനെയെന്നതാണ്. അതല്ല കേരളത്തിന്റെ സ്ഥിതി. കേരളത്തിലിനിയും സോഷ്യലിസ്റ്റ് വിപ്ലവം നടന്നുകഴിഞ്ഞിട്ടില്ല. ഇന്ത്യയിലൊട്ടാകെ നടത്തപ്പെടുന്ന സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഭാഗമെന്ന നിലയ്ക്കല്ലാതെ കേരളത്തിൽ മാത്രമായി സോഷ്യലിസ്റ്റ് പരിവർത്തനങ്ങളുണ്ടാക്കുക സാധ്യമല്ല.

ചൈന, റുമേനിയ, പോളണ്ട് മുതലായ രാജ്യങ്ങളിൽ വിദേശീയ കുത്തകമുതലാളികളുടേയും അവരുമായി കൂട്ടുകൂടിയ ദേശീയ കുത്തകമുതലാളികളുടേയും നാടുവാഴി മേധാവികളുടേയും സാമ്പത്തികാടിത്തറ തകർത്തതിന്നുശേഷമാണ് കമ്യൂണിസ്റ്റ്കാർ അധികാരത്തിലെത്തിയത്. അതുകൊണ്ടാണ് മുതലാളിത്തമവസാനിപ്പിച്ച് സോഷ്യലിസത്തി

ലേയ്ക്കു മുന്നേറാൻ തൊഴിലാളി വർഗ്ഗത്തിന്നു സാധിച്ചത്. നേരെമറിച്ച് ഇന്ത്യയിൽ ആ ആടിത്തറ ഇനിയും തകർക്കപ്പെട്ടിട്ടില്ല. ഇന്ത്യയിലെ മറ്റു സ്റ്റേറ്റുകളിലെന്നപോലെ കേരളത്തിലും വിദേശമൂലധനത്തിന്റേയും നാടുവാഴിമേധാവിത്വത്തിന്റേയും അവശിഷ്ടങ്ങൾ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. ഈ അവശിഷ്ടങ്ങൾ നീക്കം ചെയ്താലേ സോഷ്യലിസത്തിന്റെ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കാനാവൂ. അതുകൊണ്ട് ഇന്ത്യയിലെ മറ്റു സ്റ്റേറ്റുകളിലെന്നപോലെ കേരളത്തിലും ഈ അവശിഷ്ടങ്ങളെ തുടച്ചു നീക്കാനും ദേശീയ പുനർനിർമ്മാണത്തിലൂടെ സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥ കെട്ടിപ്പടുക്കാനുമാവശ്യമായ ദേശീയ ജനാധിപത്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്നതാണ് തൊഴിലാളിവർഗ്ഗത്തിന്റേയും കമ്യൂണിസ്റ്റ് പാർട്ടിയുടേയും കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റേയും ഇന്നത്തെ അടിയന്തിര കടമ.

ഇന്ത്യൻഭരണഘടനയുടെ നാലതിരുകൾക്കുള്ളിൽനിന്നുകൊണ്ട് കേരളത്തിലെ കമ്മ്യൂണിസ്റ്റ്ഗവൺമെന്റ് നടപ്പിൽ വരുത്തുന്ന പരിപാടികൾ സോഷ്യലിസമാവില്ല. എങ്കിലും സോഷ്യലിസത്തിലേയ്ക്കു കൂടുതൽ വേഗത്തിൽ മുന്നേറാൻ സഹായിയ്ക്കുന്ന പുതിയ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. വിദേശമുതലാളികൾ, നാടുവാഴികൾ തുടങ്ങിയ പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാർക്ക് കടുത്ത പ്രഹരങ്ങൾ നൽകിക്കൊണ്ട് ഇന്ത്യയിലൊട്ടുക്കുമുള്ള ജനാധിപത്യശക്തികളുടെ വളർച്ചയെ ത്വരിതപ്പെടുത്താൻ കേരളസർക്കാറിന്റെ പരിപാടികൾക്കുതീർച്ചയായും സാധിയ്ക്കും; സാധിയ്ക്കണം. അതുകൊണ്ടുതന്നെയാണ് ഇന്ത്യയിലൊട്ടുക്കുമുള്ള ജനാധിപത്യവാദികൾ കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ വിജയങ്ങളിൽ ആകാംഷയും ഉത്സാഹവും പ്രകടിപ്പിക്കുന്നത്. കേരളത്തിലുണ്ടായിക്കഴിഞ്ഞ മാറ്റങ്ങൾ ഭാവിയുടെ മുന്നോടിയാണെന്ന് അവർ മനസ്സിലാക്കുന്നു. ജനാധിപത്യശക്തികൾ കൂടുതൽ യോജിക്കുകയും ജനാധിപത്യ പ്രസ്ഥാനം കൂടുതൽ ശക്തിപ്പെടുകയും ചെയ്താൽ മറ്റു സ്റ്റേറ്റുകളിലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഇടത്തരക്കാരുടേയും ദേശാഭിമാനികളായ മുതലാളികളുടേയും താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കുന്ന ഗവൺമെന്റുകൾ ഉടലെടുക്കുമെന്ന് അവർ വിശ്വസിയ്ക്കുന്നു. എന്തുകൊണ്ടു മറ്റു സ്റ്റേറ്റുകളിൽ മാത്രം? പാർലിമെന്റിൽ ഭൂരിപക്ഷം നേടിക്കൊണ്ട് കേന്ദ്രത്തിൽത്തന്നേയും കോൺഗ്രസ്സിന്റെ കുത്തകഭരണമവസാനിപ്പിയ്ക്കാനും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കൂടുതൽ ജനാധിപത്യപരമായ പുതിയൊരു ഭരണം സ്ഥാപിയ്ക്കാനും സാധിയ്ക്കില്ലേ? എന്തുകൊണ്ടു സാധിയ്ക്കില്ല?

ഈ പരിവർത്തനങ്ങളെല്ലാം വോട്ടുപെട്ടിയുടെ സഹായത്തോടുകൂടി സമാധാനപരമായും അക്രമരഹിതമായും നേടാൻ സാധിയ്ക്കുമോ? കഴിഞ്ഞ അദ്ധ്യായത്തിൽ വ്യക്തമാക്കിയതുപോലെ സാർവ്വദേശീയവും ദേശീയവുമായ ഇന്നത്തെ സാഹചര്യങ്ങളിൽ ഇന്ത്യയിൽ സമാധാനപരമായ പരിവർത്തനത്തിന്നുള്ള എല്ലാ സാധ്യതകളുമുണ്ട്. ആ സാധ്യതകൾ യാഥാർത്ഥ്യമായി മാറുമോ? സാദ്ധ്യതകളെ യാഥാർത്ഥ്യമാക്കാനാണ്, സമാധാനപരവും ജനാധിപത്യപരവും അക്രമരഹിതവുമായ മാർഗ്ഗങ്ങളുപയോഗിച്ചുകൊണ്ടു മുന്നേറാനാണ്, കമ്മ്യൂണിസ്റ്റ് പാർട്ടി പരിശ്രമിയ്ക്കുക. പക്ഷേ, ഇതു കമ്മ്യൂണിസ്റ്റ് പാർട്ടിയെ മാത്രമല്ല ആശ്രയിച്ചിരിയ്ക്കുന്നത്. ജനകീയമുന്നേറ്റത്തെ തടയാൻവേണ്ടി ജനാധിപത്യവിരുദ്ധവും അക്രമപരവുമായ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കാൻ കോൺഗ്രസ്സു നേതാക്കന്മാരും നിലവിലുള്ള ഭരണകൂടവും ഒതുങ്ങുമോ എന്നതിനെക്കൂടി ആശ്രയിച്ചിരിക്കുന്നു.

ഇതിനകംതന്നെ ഒരു കാര്യം വ്യക്തമായിട്ടുണ്ട്: കേരളസർക്കാറിന്റെ പുരോഗമനപരങ്ങളായ പരിപാടികളെ സ്വാഗതം ചെയ്യാനല്ല, എല്ലാ ശക്തിയുമുപയോഗിച്ച് എതിർക്കാനാണ് കേരളത്തിനകത്തും പുറത്തുമുള്ള പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാർ മുതിർന്നിട്ടുള്ളത്. കമ്യൂണിസ്റ്റ്ഗവൺമെന്റിന്നെതിരായ വൃത്തികെട്ട നുണകളും അപവാദങ്ങളും പറഞ്ഞു പരത്താനും കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ പരിപാടികളെ പരാജയപ്പെടുത്താനും, സാധിയ്ക്കുമെങ്കിൽ കേരളത്തിലെ പുതിയ ഭരണത്തെ അട്ടിമറിയ്ക്കാനുമാണ് അവർ പരിശ്രമിയ്ക്കുന്നത്. വമ്പിച്ച സാമ്പത്തിക സാമൂഹ്യശക്തികളുടെ പിൻബലം അർക്കുണ്ട്. പിന്തിരിപ്പന്മാരുടെ ഈ ഗൂഢാലോചനകളെ എതിർത്തു തോല്പിയ്ക്കണമെങ്കിൽ ജനാധിപത്യത്തിലും പുരോഗതിയിലും വിശ്വസിയ്ക്കുന്നവരും ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ കൂടുതലുറപ്പിയ്ക്കാനാവശ്യമായ ദേശീയ പുനർനിർമ്മാണ പ്രവർത്തനങ്ങളെ വിജയിപ്പിയ്ക്കാനും അങ്ങിനെ സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനും ആഗ്രഹിയ്ക്കുന്നവരുമായ എല്ലാ ദേശാഭിമാനികളും യോജിച്ചണിനിരക്കണം. തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഇടത്തരക്കാരുടേയും ബഹുജനപ്രസ്ഥാനങ്ങളേയും ബഹുജനസംഘടനകളേയും കൂടുതൽ വളർത്തുകയും വിപുലീകരിയ്ക്കുകയും ചെയ്യണം. എല്ലാറ്റിനുമുപരിയായി, സാമൂഹ്യപരിവർത്തനത്തിന്റെ നിയമങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ചു പ്രതിപാദിയ്ക്കുന്ന മാർക്സിസ്റ്റ് ലെനിനിസ്റ്റാശയങ്ങൾ കൂടുതൽ പ്രചരിപ്പിക്കുകയും കമ്മ്യൂണിസ്റ്റ് പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യണം.

# അദ്ധ്യായം 7

# സാമ്പത്തികസ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്

തൊഴിലാളിവർഗ്ഗം അധ്വാനിയ്ക്കുന്ന മറ്റെല്ലാ ജനവിഭാഗങ്ങളുടേയും സഹായത്തോടും പിൻബലത്തോടും കൂടി ഭരണാധികാരം കരസ്ഥമാക്കാനും ഉൽപ്പാദനോപകരണങ്ങളെ പൊതുവുടമയിലാക്കിക്കൊണ്ട് സാമ്പത്തികാസൂത്രണങ്ങളിലൂടെ ജനങ്ങളുടെയാകെ ജീവിതത്തെ സർവ്വതോന്മുഖമായി അഭിവൃദ്ധിപ്പെടുത്താനും അങ്ങിനെ ഒടുവിൽ മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന സമ്പ്രദായമവസാനിപ്പിച്ച് വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കാനുംവേണ്ടി നടത്തുന്ന മഹത്തായ ഒരു പ്രസ്ഥാനമാണ് സോഷ്യലിസം. അതുകൊണ്ട് സോഷ്യലിസത്തിന്റെ വിജയം തൊഴിലാളിവർഗ്ഗത്തിന്റേയും തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ശക്തിയെ ആശ്രയിച്ചാണിരിയ്ക്കുന്നത്. ഈ ശക്തിയാകട്ടെ, വ്യവസായവൽക്കരണത്തിന്റെ അടിസ്ഥാനത്തിലുള്ള ഉല്പാദനശക്തികളുടെ വളർച്ചയെ ആശ്രയിച്ചുമിരിയ്ക്കുന്നു. സോഷ്യലിസ്റ്റുൽപ്പാദനശക്തികൾ വളരാതെ സോഷ്യലിസ്റ്റ് വിപ്ലവം വിജയിയ്ക്കുകയില്ല.

വിപ്ലവമെന്നത് നൊടിയിടയിലുണ്ടാകുന്ന ഒരു യാദൃച്ഛികസംഭവമല്ല. ഉൽപ്പാദനശക്തികളുടെ വളർച്ചയുടെ ഫലമായി സമുദായത്തിൽ മെല്ലെ മെല്ലെയുണ്ടാകുന്ന മാറ്റങ്ങൾ ഒരു സവിശേഷഘട്ടത്തിലെത്തുമ്പോൾ, അതായത് ഉൽപ്പാദനശക്തികൾ നിലവിലുള്ള ഉൽപ്പാദനബന്ധങ്ങൾക്കുള്ളിൽ ഒതുങ്ങാതാകുമ്പോൾ, പെട്ടെന്ന് മൌലികമായ ചില പരിവർത്തനങ്ങളുണ്ടാകുന്നു. ഈ മൗലികമായ പരിവർത്തനങ്ങൾക്കാണ് വിപ്ലവ

മെന്നു പറയുന്നത്. വിപ്ലവത്തിന്റെ വിജയംതന്നെ ഒരു നൊടിയിടയിലുണ്ടാകുന്ന നേട്ടമല്ല. അതൊരു നീണ്ട ഗതിക്രമമാണ്. ഒട്ടനവധി നീണ്ട കൊല്ലങ്ങളിലൂടെയാണ് ഒരുല്പാദനരീതി മാറ്റിമറിയ്ക്കപ്പെടുകയും അതിന്റെ സ്ഥാനത്ത് മറ്റൊരുല്പാദനരീതിയാവിർഭവിയ്ക്കുകയും ചെയ്യുന്നത്. ഫ്യൂഡൽ ഉൽപ്പാദനബന്ധങ്ങളവസാനിപ്പിച്ച് മുതലാളിത്തോൽപ്പാദനബന്ധങ്ങൾ സ്ഥാപിച്ച ഫ്രഞ്ചുവിപ്ലവത്തിന്റെ ചരിത്രം അതാണ് കാണിയ്ക്കുന്നത്. മുതലാളിത്തോൽപ്പാദനബന്ധങ്ങളവസാനിപ്പിച്ച് സോഷ്യലിസ്റ്റുൽപ്പാദനബന്ധങ്ങൾ സ്ഥാപിച്ച റഷ്യൻ വിപ്ലവത്തിന്റെ ചരിത്രവും വ്യത്യസ്തമല്ല. എല്ലാ വിപ്ലവങ്ങളും പല ഘട്ടങ്ങളിലൂടെയും പല വികാസക്രമങ്ങളിലൂടെയുമാണ് മുന്നേറിയിട്ടുള്ളത്. നീണ്ട ഘട്ടങ്ങളിലൂടെയുള്ള ഈ മുന്നേറ്റത്തിൽ അത്ഭുതകരങ്ങളായ നേട്ടങ്ങൾ മാത്രമല്ല, ചിലപ്പോളെല്ലാം ചില കോട്ടങ്ങളും ദൗർബ്ബല്യങ്ങളും പ്രത്യക്ഷപ്പെട്ടുവെന്നുവരും; തെറ്റുകളും ആശയക്കുഴപ്പങ്ങളുമുണ്ടായെന്നുവരും. വിപ്ലവത്തിന്റെ ഗതിക്രമത്തിനിടയിൽ ആദ്യകാലത്തു ശരിയായിരുന്ന ചില വിശ്വാസങ്ങളും സിദ്ധാന്തങ്ങളും പിന്നീട് പുതിയ പരിതഃസ്ഥിതികളാവിർഭവിക്കുമ്പോൾ ഉപേക്ഷിയ്ക്കപ്പെടേണ്ടിവരും. പക്ഷേ, ഒന്നുണ്ട്: ആദ്യമാദ്യം സോഷ്യലിസം കെട്ടിപ്പടുക്കുന്ന രാജ്യങ്ങൾക്കു നേരിടുന്ന വിഷമതകളും ദൗർബ്ബല്യങ്ങളും പിന്നീടുപിന്നീട് സോഷ്യലിസത്തിലേയ്ക്കു മുന്നേറുന്ന രാജ്യങ്ങൾക്കു നേരിടേണ്ടിവരില്ല. സോഷ്യലിസം കെട്ടിപ്പടുത്തുകഴിഞ്ഞവയും കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്നവയുമായ രാജ്യങ്ങളുടെ അനുഭവങ്ങളിൽനിന്നു പാഠങ്ങൾ പഠിച്ചുകൊണ്ട് തെറ്റുകളാവർത്തിക്കാതെ മുന്നേറാൻ പുതുതായി സോഷ്യലിസം സ്ഥാപിയ്ക്കുന്ന രാജ്യങ്ങൾക്കു സാധിയ്ക്കും. അതുകൊണ്ട്, സോഷ്യലിസത്തിലേയ്ക്കു മുന്നേറുന്ന ഇന്ത്യയിലെ ജനങ്ങൾ സോഷ്യലിസ്റ്റ് വിപ്ലവം നടത്തിക്കഴിഞ്ഞ രാജ്യങ്ങളുടെ വിപ്ലവചരിത്രങ്ങളെപ്പറ്റിയും വിപ്ലവാനുഭവങ്ങളെപ്പറ്റിയും അവയ്ക്കെല്ലാം മാർഗ്ഗദർശനം നൽകിയ മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങളെപ്പറ്റിയും പഠിയ്ക്കേണ്ടതാവശ്യമാണ്.

## സോഷ്യലിസത്തിലേക്കു മുന്നേറുക!

രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ സംഭവവികാസങ്ങളുടെ ഫലമായി മറ്റെല്ലാ രാജ്യങ്ങളിലുമെന്നപോലെ ഇന്ത്യയിലും സോഷ്യലിസത്തിനുവേണ്ടി, നിലകൊള്ളുന്ന ശക്തികൾ അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. സമാധാനപരമായ സർവ്വദേശീയാന്തരീക്ഷം നിലനിർത്തിക്കൊണ്ട് ഇന്ത്യയുടെ പിന്നോക്കനിലയവസാനിപ്പിയ്ക്കാനും സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനുംവേണ്ടി നടത്തപ്പെടുന്ന ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളിൽ സോഷ്യലി

സത്തിന്റെ ബീജങ്ങൾ ഒളിഞ്ഞുകിടപ്പുണ്ട്. വാസ്തവത്തിൽ ഇരുമ്പ്, ഉരുക്ക്, കൽക്കരി, യന്ത്രനിർമ്മാണം, എൻജിനിയറിങ്ങ് തുടങ്ങിയ വൻകിട വ്യവസായങ്ങൾ, പ്രത്യേകിച്ചും, സ്റ്റേറ്റുടമയിലുള്ള വ്യവസായസ്ഥാപനങ്ങൾ, രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ മാത്രമല്ല സോഷ്യലിസത്തിന്റേയും സാമ്പത്തികാടിത്തറയാണ്. വൻകിടഘനവ്യവസായങ്ങളെ ഊന്നിക്കൊണ്ടുള്ള വ്യവസായവൽക്കരണം ഇന്ത്യയെ പിന്നണിയിലുള്ള ഒരു കാർഷികരാജ്യമാക്കി നിലനിർത്താനുള്ള സാമ്രാജ്യമേധാവികളുടെ ഗൂഢാലോചനകളെ പൊളിയ്ക്കുക മാത്രമല്ല, നിലവിലുള്ള ഉൽപ്പാദനബന്ധങ്ങളെ തട്ടിത്തകർത്ത് സോഷ്യലിസത്തിലേയ്ക്കു മുന്നേറാനാവശ്യമായ ഉൽപ്പാദനശക്തികളെ വളർത്തുകകൂടി ചെയ്യുന്നു. അതുകൊണ്ട് ഇന്ത്യയുടെ സാമ്പത്തികസ്വാതന്ത്ര്യമുറപ്പിയ്ക്കാനും ജനങ്ങളുടെ ജീവിതത്തോതുയർത്താനും രാജ്യത്തെ അഭിവൃദ്ധിപ്പെടുത്താനും പറ്റിയതരത്തിൽ പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കാൻ മറ്റാരെക്കാളുമധികം തൊഴിലാളിവർഗ്ഗമാണ് മുൻകയ്യെടുത്ത് പ്രവർത്തിയ്ക്കേണ്ടത്.

പഞ്ചവത്സരപദ്ധതി വിജയിപ്പിയ്ക്കുക എന്നുവെച്ചാൽ ജനങ്ങളെ ചൂഷണം ചെയ്തു കൊള്ളലാഭമടിക്കുകയും പൊതുമേഖലയിലുള്ള വൻകിടവ്യവസായങ്ങളുടെ പുരോഗതിയെ തുരങ്കം വെയ്ക്കുകയും ചെയ്യുന്ന വിദേശികളും നാടന്മാരുമായ കുത്തകമുതലാളികളെ വെറുതെ വിടുക എന്നല്ല അർത്ഥം. നേരെമറിച്ച് ജനങ്ങൾക്കെതിരായ അവരുടെ ആക്രമണങ്ങളെ ചെറുത്തുതോല്പിക്കുകയും ഉൽപ്പാദനവ്യവസ്ഥയിലും ഭരണനിർവ്വഹണത്തിലും അവർക്കുള്ള നിയന്ത്രണവും സ്വാധീനശക്തിയും പടിപടിയായി നീക്കം ചെയ്യുകയും തൊഴിലാളിവർഗ്ഗത്തിന്റെ നിയന്ത്രണവും സ്വാധീനശക്തിയും പടിപടിയായി വർദ്ധിക്കുകയും ചെയ്യാതെ പഞ്ചവത്സരപദ്ധതി രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കുതകുന്നമട്ടിൽ വിജയിപ്പിയ്ക്കാൻ സാധിയ്ക്കില്ല.

അതുകൊണ്ട്, താഴെ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താൻ വേണ്ടി ഇടവിടാതെ പരിശ്രമിയ്ക്കുകയും പ്രക്ഷോഭങ്ങൾ സംഘടിപ്പിയ്ക്കുകയും ചെയ്യുക എന്നതാണ് സ്വാതന്ത്ര്യത്തിലും ജനാധിപത്യത്തിലും സോഷ്യലിസത്തിലും വിശ്വസിയ്ക്കുന്ന എല്ലാ ദേശാഭിമാനികളുടേയും ഇന്നത്തെ പ്രധാന കടമ.

* സാമ്രാജ്യമേധാവികളുടെ യുദ്ധപരിശ്രമങ്ങളെ ചെറുക്കുകയും ലോകസമാധാനം കാത്തുരക്ഷിക്കുകയും ചെയ്യുക.
* ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ഇന്ത്യയുടെ സർവ്വതോന്മുഖമായ പുരോഗതിയ്ക്കുത

കുന്ന വിധത്തിൽ പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കുകയും ചെയ്യുക.

* പൊതുമേഖലയിലുള്ള അടിസ്ഥാനഘനവ്യവസായങ്ങളെ വളർത്തുകയും ദേശീയതാല്പര്യങ്ങൾക്കെതിരായ വിദേശീയകുത്തകമുതലാളികളുടെ പ്രവർത്തനങ്ങളവസാനിപ്പിയ്ക്കുകയും ചെയ്യുക.
* ഉപഭോഗസാമഗ്രികളുടെ അമിതമായ വിലവർദ്ധനവിനെ തടയുകയും വിലകൾ നിജപ്പെടുത്താനും ദേശീയസാമ്പത്തികവ്യവസ്ഥയെ രക്ഷിയ്ക്കാനും കഴിയത്തക്കവിധത്തിൽ വിദേശ വ്യാപാരമാകെ സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാക്കുകയും ചെയ്യുക.
* ഭൂരിപക്ഷക്കാരായ കൃഷിക്കാരുടെ ജീവിതത്തോതുയർത്താനും ഭക്ഷണക്ഷാമം പരിഹരിയ്ക്കാനും പറ്റിയതരത്തിൽ ജന്മിസമ്പ്രദായമവസാനിപ്പിച്ച് മൌലികമായ കാർഷികപരിഷ്കരണങ്ങൾ നടപ്പിൽ വരുത്തുക.
* ഉൽപ്പാദനവർദ്ധനവിന്നനുസരിച്ച് തൊഴിലാളികളുടെ കൂലിയും ഇടത്തരക്കാരായ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും വർദ്ധിപ്പിയ്ക്കുകയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറയ്ക്കുകയും ചെയ്യുക. ഉൽപ്പാദനത്തിന്റെ വർദ്ധനവനുസരിച്ച് അദ്ധ്വാനിയ്ക്കുന്ന ജനങ്ങളുടെ വരുമാനം വർദ്ധിപ്പിയ്ക്കുക.
* ഭൂരിപക്ഷക്കാരായ ജനങ്ങൾക്കനുകൂലമായ തരത്തിൽ നികുതിനയം പരിഷ്ക്കരിക്കുക.
* ചെറുകിടവ്യവസായങ്ങളും കുടിൽവ്യവസായങ്ങളും പ്രോത്സാഹിപ്പിയ്ക്കുക.
* ഭരണകാര്യങ്ങളിലും വ്യവസായങ്ങളുടെ നിയന്ത്രണത്തിലും തൊഴിലാളികൾക്കും മറ്റുജനപ്രതിനിധികൾക്കും കൂടുതൽ പ്രാതിനിധ്യം നൽകുക.
* വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭരണയന്ത്രം പുനസ്സംഘടിപ്പിയ്ക്കുകയും ജനാധിപത്യവൽക്കരിയ്ക്കുകയും ചെയ്യുക.
* സാങ്കേതിക ജ്ഞാനവും ശാസ്ത്രീയവിദ്യാഭ്യാസവും അഭിവൃദ്ധിപ്പെടുത്തുക.
* ദേശീയാഭിവൃദ്ധിയ്ക്കുതകുന്ന തരത്തിൽ സാഹിത്യാദികലകളെ പ്രോത്സാഹിപ്പിയ്ക്കുകയും വളർത്തുകയും ചെയ്യുക.

പുരോഗമനപരമായ ഇത്തരം പരിപാടികൾ നടപ്പിൽ വരുത്തുന്നതിൽ ഇന്നുള്ള പ്രധാനമായ ഒരു തടസ്സം ജനാധിപത്യശക്തികളുടെയിടയിലുള്ള അനൈക്യവും ഭിന്നിപ്പുമാണ്. വിവിധ രാഷ്ട്രീയപാർട്ടികളുടെ

പിന്നിൽ അണിനിരന്നിട്ടുള്ള ജനാധിപത്യശക്തികളുടെ ഭിന്നിപ്പിനേയും കക്ഷിവഴക്കുകളേയും സമർത്ഥമായി ഉപയോഗിച്ചുകൊണ്ട് സ്വന്തം സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻ പിന്തിരിപ്പൻ ശക്തികൾക്കു സാധിക്കുന്നു. പിന്തിരിപ്പൻ ശക്തികളെ പരാജയപ്പെടുത്താൻ കഴിയത്തക്ക വിധം ജനാധിപത്യശക്തികളുടെയിടയിലുള്ള വിടവുകൾ തീർക്കുകയും ജനങ്ങളെയാകെ യോജിപ്പിച്ചണിനിരത്തിക്കൊണ്ട് പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കുന്നതിലൂടെ ദേശീയ ജനാധിപത്യപ്രസ്ഥാനത്തിന്റേയും, ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളുടേയും നേതൃത്വം കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ് തൊഴിലാളിവർഗ്ഗത്തിന്റേയും കമ്യൂണിസ്റ്റ്കാരുടേയും ഒഴിച്ചുകൂടാൻ വയ്യാത്ത കടമ. ഈ കടമ എത്രത്തോളം വേഗത്തിൽ ചെയ്തുതീർക്കാൻ കഴിയുമോ അത്രത്തോളം വേഗത്തിൽ നമുക്കു സോഷ്യലിസത്തിലേയ്ക്കു മുന്നേറാൻ കഴിയും.

# ഭാഗം നാല്

## അദ്ധ്യായം 1

## "യൂട്ടോപ്യ"

മനുഷ്യലോകത്തിൽ, ധനികൻ, ദരിദ്രൻ എന്ന വ്യത്യാസം പ്രാചീനകാലം മുതൽക്കേ നടന്നുവന്ന ഒരു ക്രമമാണ്. എന്നാൽ, ആദ്യകാലത്തു ഈ വ്യത്യസം ഇന്നത്തെപ്പോലെ അത്രദുസ്സഹവും, കഠോരവുമായിരുന്നില്ല. സാമ്പത്തികകാലത്തിന്റെ ആരംഭത്തിൽ-അതായത്, പ്രാകൃതമനുഷ്യൻ തന്റെ നിത്യജീവിതത്തിന്നു പ്രകൃതിദത്തമായ വസ്തുക്കളെ യാതൊരുമാറ്റവും വരുത്താതെതന്നെ ഉപയോഗിച്ചുവന്നിരുന്ന ആ അതിപ്രാചീനമായ കാലത്തു-ഈ വ്യത്യാസം തീരെ ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. അതിന്നുശേഷം നായാട്ടിലും മത്സ്യപ്പിടുത്തത്തിലും ഏർപ്പെട്ടു ജീവിതനിർവ്വഹണം ചെയ്തിരുന്നപ്പോഴും മനുഷ്യനും മനുഷ്യനും തമ്മിൽ പറയത്തക്ക അകൽച്ചയൊന്നുമുണ്ടായിരുന്നില്ല. കന്നുകാലികളെ പോറ്റുകയും അവയെ മേയ്ക്കുവാൻവേണ്ടി അങ്ങുമിങ്ങും അലഞ്ഞുനടക്കുകയും ചെയ്തിരുന്നകാലത്തും ഈ വ്യത്യാസം അധികമുണ്ടായിരുന്നില്ല. എല്ലാവർക്കും പൊതുവിൽ ഉപയോഗിയ്ക്കുവാനുള്ള വസ്തുക്കളിന്മേൽ 'എന്റേത്', 'നിന്റേത്' എന്ന മുദ്ര കുത്താതെ ജനങ്ങൾ സംതൃപ്തിയോടും പരസ്പരസഹകരണത്തോടും കൂടി നാൾകഴിച്ചുപോന്നു. കുടുംബഭരണം ഉൽഭവിച്ചുകഴിഞ്ഞിരുന്നില്ല. സ്വകാര്യസ്വത്തു തലയുയർത്തിപ്പിടിച്ചിരുന്നില്ല. ആ പ്രാകൃതമനുഷ്യർ പരസ്പരം ശണ്ഠ കൂടുകയോ കലഹിയ്ക്കുകയോ ചെയ്തിരുന്നില്ല. അവർ പരസ്പരം ദോഷാരോപണം ചെയ്യുകയോ മോഷണം നടത്തുകയോ ചെയ്തിരുന്നില്ല.

എന്നാൽ, മനുഷ്യർ കൃഷിചെയ്യുവാൻ പഠിയ്ക്കുകയും പരസ്പരം വസ്തുവിനിമയം ചെയ്യാൻ തുടങ്ങുകയും, ചെയ്തപ്പോൾ മുതൽക്കു സമുദായത്തിന്നുള്ളിൽ ധനികൻ, ദരിദ്രൻ എന്ന വ്യത്യാസം കുറേശ്ശേക്കുറേശ്ശെയായി വളരുവാൻതുടങ്ങി. അതോടുകൂടി പലവിധ അക്രമങ്ങളും അനാചാരങ്ങളും പരന്നുപിടിച്ചു. അല്പം ആളുകൾമാത്രം ബഹുഭൂരിപക്ഷം ജനങ്ങളെ മർദ്ദിച്ചുകൊണ്ടു അമിതമായ സുഖഭോഗത്തിൽ ആറാടുകയും അതേസമയത്ത് ലക്ഷക്കണക്കിന്നുള്ള മർദ്ദിതന്മാർ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും കിടന്നു നരകിയ്ക്കുകയും ചെയ്യുക എന്ന അതിനീചമായ അനീതി ഉള്ളവരും ഇല്ലാത്തവരും തമ്മിൽ പരസ്യമായ സംഘട്ടനങ്ങളുണ്ടാക്കിത്തീർത്തു. ഉല്പാദനവിതരണങ്ങളുടെ പരിവർത്തനംകൊണ്ടുണ്ടായ ഈ സംഘടനകൾ പല പുതിയ ആശയങ്ങളുടേയും ജനനത്തിൽ കാരണമായിത്തീർന്നു. മതപ്രവാചകന്മാരും മനുഷ്യോദ്ധാരകന്മാരും മർദ്ദിതന്മാരോടു അനുകമ്പ കാണിയ്ക്കുവാൻതുടങ്ങി. ചിലർ മർദ്ദനത്തേയും അനീതിയേയും പരസ്യമായി എതിർക്കുവാൻതുടങ്ങി. വർത്തമാനത്തിന്റെ കടുത്ത അനുഭവങ്ങൾ അനീതിയും ദുഷ്ടതയും പരസ്പരവിദ്വേഷവുമില്ലാത്ത ഒരു സുവർണ്ണാഭാവിയെപ്പറ്റി സ്വപ്നം കാണുവാൻ അവരിൽ പലരേയും പ്രേരിപ്പിച്ചു. മനുഷ്യൻ മനുഷ്യനെ മർദ്ദിയ്ക്കുകയും ചവിട്ടിത്തേയ്ക്കുകയും ചെയ്യുക എന്ന നീചവും ലജ്ജാവഹവുമായ ക്രൂരതയെ എന്നെന്നേയ്ക്കുമായി നശിപ്പിച്ച് സ്വാതന്ത്ര്യത്തേയും സർവ്വതോന്മുഖമായ സുഖത്തേയും അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പുതിയ സമുദായഘടനയെ സൃഷ്ടിയ്ക്കുവാൻ പലരും പരിശ്രമിച്ചു.

## ധാർമ്മികയുട്ടോപ്യ

അത്തരം പ്രവാചകന്മാരിൽ ഒരാളായിരുന്നു ക്രിസ്ത്വാബ്ദത്തിന്നു മുമ്പു എട്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആമോ (Amos) എന്ന ആട്ടിടയൻ. സുഖരോഗത്തിൽ ലയിച്ചിരുന്ന ധനികവർഗ്ഗക്കാരെ അദ്ദേഹം കഠിനമായി അധിക്ഷേപിച്ചു. ആമോസിനെ തുടർന്നുകൊണ്ട് ഹോസിയ (Hosea) ഈസയ (Isiah) തുടങ്ങിയ വേറേയും ചില മനുഷ്യസ്നേഹികൾ താന്താങ്ങളുടെ കാലത്തെ ദുഷിച്ച ആചാരങ്ങളെ എതിർക്കുകയും എല്ലാ കഷ്ടപ്പാടുകൾക്കും കാരണം ധനികന്മാരുടെ ക്രൂരതയാണെന്നു വ്യക്തമാക്കുകയും ചെയ്തു. നിലവിലുള്ള ഈശ്വരാരാധനാരീതിയും അവർക്കിഷ്ടമായിരുന്നില്ല. പണം, കർപ്പൂരാദികൾ തുടങ്ങിയ വഴിപാടുകൾകൊണ്ടല്ല, നേരെമറിച്ചു മനുഷ്യസേവനംകൊണ്ടാണു ഈശ്വരപൂജ നടത്തേണ്ടത് എന്നു അവർ പ്രഖ്യാപിച്ചു. പഴയ വേദപുസ്തകത്തിൽ (Old testament) പ്രസ്താവിയ്ക്കപ്പെട്ട ഈ പ്രവാചകന്മാരുടെ കൂട്ട

ത്തിൽത്തന്നെ ജെറമിയ, എസക്കീൽ, ദിയോത്രോസിയ തുടങ്ങിയ മറ്റു ചില മനുഷ്യസ്നേഹികളും അവർക്കുശേഷം സെയിന്റ് അഗസ്റ്റീൻ, സാവനാരോല തുടങ്ങിയ മറ്റു ധാർമ്മിക പ്രവാചകന്മാരും സമുദായ ത്തിൽ കടന്നു കൂടിയ അനീതികളേയും അനാചാരങ്ങളേയും എതിർത്തു കൊണ്ടു സുഖസമ്പൂർണ്ണങ്ങളായ സ്വപ്ന രാജ്യങ്ങളും 'യൂട്ടോപ്യകളും' സങ്കൽപ്പിക്കുവാൻ ധൈര്യപ്പെടുകയുണ്ടായി ('യൂട്ടോപ്യ' എന്ന വാക്കിന്നു 'എങ്ങുമില്ല' -nowhere-എന്നർത്ഥമാണ്. അപ്പപ്പോൾ ഉണ്ടായിട്ടുള്ള ചില ചിന്തകന്മാരുടെ ശാസ്ത്രീയങ്ങളല്ലാത്ത സങ്കല്പരാജ്യങ്ങളെയാണു ചരി ത്രകാരന്മാർ 'Utopia' എന്നു വിളിയ്ക്കുന്നത്).

## പ്ലേറ്റോവിന്റെ 'പ്രജാഭരണം'

മുകളിൽ പ്രസ്താവിച്ച ധാർമ്മിക പ്രവാചകന്മാരുടെ ചിന്തക ളിൽനിന്നു വളരെ വ്യത്യസ്തമായ ഒരു രാഷ്ട്രീയയൂട്ടോപ്യയാണു ഗ്രീസ്സിലെ പ്രാചീനതത്വജ്ഞാനിയായ പ്ലേറ്റോവിന്റെ (429 B. C-347 B. C) സുപ്രസിദ്ധമായ 'പ്രജാഭരണം' (Republic) രണ്ടായിരത്തിലധികം കൊല്ല ങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഈ പ്രശസ്തതത്വജ്ഞാനി ധനികവർഗ്ഗ ക്കാരുടെ മർദ്ദനത്തിന്റേയും അനിയന്ത്രിതമായ സുഖഭോഗത്തിന്റേയും ഫലമായുണ്ടായ സാമുദായികദോഷങ്ങളേയും സമുദായത്തേക്കാൾ വലു താക്കി പ്രശംസിയ്ക്കുന്ന തഥാകഥിതരായ തത്വജ്ഞാനികളേയും ഒരു പോലെ വെറുത്തു. നിലവിലുള്ള സമുദായഘടനയെ എതിർക്കുക എന്നതു അക്കാലത്തു ഏറ്റവും അപായകരമായ ഒരു പ്രവൃത്തിയായിരു ന്നതിനാലാണ് പ്ലേറ്റോ പൊതുജനങ്ങളെ തട്ടിയുണർത്തുവാൻവേണ്ടി കല്പിതമായ ഒരു ആദർശപ്രജാഭരണത്തെ ചിത്രീകരിച്ചത്.

പ്ലേറ്റോവിന്റെ സങ്കല്പരാജ്യത്തിൽ എല്ലാ വ്യക്തികൾക്കും ജീവി തത്തിന്നാവശ്യമായ എല്ലാ ഉപകരണങ്ങളും ലഭിക്കുന്നതാണ്. പക്ഷേ, ആരും ധനികന്മാരായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ധനം സുഖ ഭോഗവും ആലസ്യവും വളർത്തുന്ന ഒന്നാണ്. അതേ സമയത്തുതന്നെ ആർക്കും ദാരിദ്ര്യമുണ്ടായിരിയ്ക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ദാരിദ്ര്യം നീചതയേയും കർമ്മവിമുഖതയേയും സൃഷ്ടിയ്ക്കുന്നു.

തന്റെ കല്പിതനഗരത്തിലെ ജനങ്ങളെ പ്ലേറ്റോ മൂന്നു വർഗ്ഗങ്ങളായി വിഭജിച്ചിരിയ്ക്കുന്നു- (1) വീട്, ഭക്ഷണം, വസ്ത്രം മുതലായവ നിർമ്മി ക്കുന്ന കൈവേലക്കാർ, (2) നഗരത്തെ ശത്രുക്കളുടെ ആക്രമണ ത്തിൽനിന്നു രക്ഷിയ്ക്കുന്ന യുദ്ധഭടന്മാർ, (3) ഭരണം നടത്തുന്ന രക്ഷി താക്കന്മാർ (Guardians) ഈ മൂന്നു വകുപ്പുകളും ജനസമുദായത്തിന്റെ സുഖത്തിനും നിലനില്പിന്നും അത്യാവശ്യമാണെന്നു പ്ലേറ്റൊ വിശ്വസി

ച്ചിരുന്നു. ഈ വിഭജനം ഏതാണ്ട് ഇന്ത്യയിലെ പ്രാചീന വർണ്ണാശ്രമ വ്യവസ്ഥയോടു കിടനില്ക്കുന്നുണ്ട്. വിദ്യാഭ്യാസം, സ്ത്രീപുരുഷബന്ധം, നീതിപരിപാലനം തുടങ്ങിയ ഇനങ്ങളിൽ പ്ലേറ്റോവിന്നു പല വിചിത്ര മായ അഭിപ്രായങ്ങളുമുണ്ടായിരുന്നു. രക്ഷിതാക്കന്മാർക്ക് പ്രത്യേകം പ്രത്യേകം ഭാര്യമാരുണ്ടായിരിയ്ക്കുവാൻ പാടില്ല. 'തനിക്കു സ്വന്തമായ ഒരു ഭാര്യ ആർക്കുമുണ്ടായിരിയ്ക്കരുത്. അതുപോലെതന്നെ കുട്ടിക ളേയും പൊതുവുടമയിൽ വളർത്തണം. അച്ഛൻ കുട്ടിയെയോ കുട്ടി അച്ഛ നേയോ തിരിച്ചറിയരുത്. ഭരണാധികാരികളുടെ ജീവിതോദ്ദേശ്യത്തിൽ ഒരു ഐകരൂപ്യം വരുത്തുവാൻ വേണ്ടിയാണ് അദ്ദേഹം ഈ വിചിത്ര മായ ആശയം പുറപ്പെടുവിച്ചത്.

ആദർശപ്രജാഭരണത്തിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ അധികാരമാണുള്ളത്. രണ്ടുകൂട്ടർക്കും ഒരേതരത്തിലുള്ള വിദ്യാഭ്യാ സവും പട്ടാളം, നീതിപരിപാലനം തുടങ്ങിയ ഭരണകാര്യങ്ങളിൽ ഒരു പോലെയുള്ള അധികാരവും അനുവദിയ്ക്കണം. സ്ത്രീകളെ വീട്ടുപ്ര വൃത്തികളിൽ നിന്നു സ്വതന്ത്രകളാക്കുവാൻവേണ്ടി കുട്ടികളെ പോറ്റിവ ളർത്തേണ്ട ഭാരം സമുദായം ഏറ്റെടുക്കേണ്ടതാണ്. 'വീടായാലും ശരി, നിലമായാലും ശരി, മറ്റെന്തെങ്കിലുമായാലും ശരി, യാതൊരു സ്വകാര്യ സ്വത്തും നമ്മുടെ രക്ഷിതാക്കന്മാർ കൈവശം വെക്കുവാൻ പാടില്ല. തങ്ങളുടെ പ്രയത്നത്തിന്നു പ്രതിഫലമായി മറ്റു നഗരവാസികൾ നൽകുന്ന കൂലികൊണ്ടാണു അവർ ഉപജീവനം കഴിയ്ക്കേണ്ടത്'. പക്ഷേ, ഈ നിബന്ധന രക്ഷിതാക്കന്മാരെ മാത്രമേ ബാധിയ്ക്കുകയു ള്ളൂ.!

സ്വകാര്യസ്വത്തുടമയെ നിയന്ത്രിക്കുന്നതും പട്ടിണിയേയും കഷ്ട പ്പാടിനേയും അകറ്റി എല്ലാ ജനങ്ങൾക്കും സംതൃപ്തി നൽകുന്നതും സ്ത്രീ പുരുഷസമത്വം അനുവദിക്കുന്നതും ആയ ഒരു സമുദായത്തെ സ്വപ്നംകാണുവാൻ ആദ്യമായി ധൈര്യപ്പെട്ട പ്ലേറ്റോവിന്റെ ചിന്തകളോടു അതിന്നുശേഷമുണ്ടായ സോഷ്യലിസ്റ്റ് ചിന്തകന്മാർ കടപ്പെട്ടിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ, എന്തായിട്ടും, അദ്ദേഹ ത്തിന്റെ ആദർശ സമുദായഘടനയുടെ അടിസ്ഥാനം അടിമത്തമായിരു ന്നു. പ്ലേറ്റോവിന്റെ കാലത്തും അടിമത്തമുണ്ടായിരുന്നു എന്നു കേൾക്കു മ്പോൾ നമുക്കത്ഭുതംതോന്നും. ചിലർ ഭരിയ്ക്കുവാൻ; ചിലർ ഭരിയ്ക്ക പ്പെടുവാൻ. വേലക്കാർക്കു ഭരണകാര്യങ്ങളിൽ യാതൊരധികാരവുമില്ല. അക്കാലത്തു അടിമത്തം സമുദായത്തിന്റെ അഭിവൃദ്ധിക്കു ഒഴിച്ചുകൂടാൻ വയ്യാത്തതായിരുന്നു എന്ന് ചിലർ വാദിക്കുന്നുണ്ട്. ഏതായാലും, അടിമ ത്തംനിന്ദ്യമാണെന്നു അക്കാലത്തു ആരും മനസ്സിലാക്കിയിട്ടുണ്ടായിരു ന്നില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഏതു തത്വജ്ഞാനിയുടേയും ഏതു ചിന്തകന്റേയും ആശയങ്ങൾ ആ തത്വജ്ഞാനിയുടെ അല്ലെങ്കിൽ ചിന്തകന്റെ പരിതഃസ്ഥിതികളെ ആശ്രയിച്ചിരിക്കുമെന്ന സത്യത്തിന്നു പ്ലേറ്റോവിന്റെ യൂട്ടോപ്യ സാക്ഷ്യം വഹിക്കുന്നുണ്ട്. അതുകൊണ്ടു മാത്രമാണു റെയിലും തപാലും ആകാശവിമാനവുമുള്ള ആധുനികലോകത്തെ അദ്ദേഹത്തിന്നു സങ്കല്പിക്കുവാൻ സാധിക്കാഞ്ഞത്. ഏതായാലും പ്ലേറ്റോവിന്നും അദ്ദേഹത്തിന്റെ വിപ്ലവകരങ്ങളായ ചിന്തകൾക്കും സോഷ്യലിസത്തിന്റെ ചരിത്രത്തിൽ അനിഷേധ്യമായ ഒരു സ്ഥാനമുണ്ടെന്ന കാര്യം തീർച്ചയാണ്.

## പ്ലേറ്റോവിൽനിന്നു തോമസ് മൂറിലേയ്ക്ക്

പ്ലേറ്റോവിന്റെ റിപ്പബ്ളിക്കിന്നും സർ തോമസ് മൂറിന്റെ യൂട്ടോപ്യക്കും തമ്മിൽ പത്തൊമ്പതു നൂറ്റാണ്ടുകളുടെ ദൂരമുണ്ട്. ഈ കാലത്തിന്നിടയിൽ സെയിന്റ് അഗസ്തീൻ, സെനേക്കാ (3 B. O-65 A D) ഹോറസ്, ജീവെനാൽ, ജോൺവൈക്ലിഫ് (1384 A D) ജോൺബാൾ തുടങ്ങിയ മനുഷ്യസ്നേഹികളും സമുദായത്തിലെ അനീതികൾക്കും അസമത്വങ്ങൾക്കും എതിരായി പ്രചാരവേലകൾ നടത്തുകയുണ്ടായിട്ടുണ്ട്. അവരിൽ ചിലരുടെ ഭാഷ ആവേശകരവും ഉള്ളിൽ കൊള്ളുന്നതുമായിരുന്നു. ഉദാഹരണത്തിന്നു, വൈക്ലീഫിന്റെ അനുയായിയായ ജോൺബാൾ പറയുന്നതു നോക്കുക: -

'എന്റെ നല്ലവരായ ജനങ്ങളെ! എല്ലാ ബന്ധുക്കളുടേയും മേൽ പൊതു ഉടമ സ്ഥാപിക്കുന്നതുവരെ, അടിമകളും മാന്യന്മാരും എന്ന വ്യത്യാസം നിലനിൽക്കുന്നേടത്തോളംകാലം, നമ്മളെല്ലാവരും സമന്മാരാകുന്നതുവരെ, നമുക്കു നല്ലകാലമുണ്ടാകുന്നതല്ല. നമ്മൾ പ്രഭുക്കന്മാർ എന്നു വിളിക്കുന്നവർ നമ്മളേക്കാൾ സുഖിതന്മാരായി കഴിച്ചുക്കൂട്ടുവാൻ കാരണമെന്താണ്? അവരതർഹിക്കുന്നുണ്ടോ? എന്തിനാണ് അവർ നമ്മളെ അടിമത്തത്തിൽ വെച്ചുകൊണ്ടിരിക്കുന്നത്? നമ്മളെല്ലാവരും ഒരേ അച്ഛന്റേയും അമ്മയുടേയും- ആദാമിന്റേയും ഈവിന്റേയും-പിൻഗാമികളാണെങ്കിൽ അവർക്കെങ്ങിനെ പറയാൻ കഴിയും നമ്മൾ അടിമകളും അവർ യജമാനന്മാരുമാണെന്നു! അവർ വെൽവെറ്റും മിന്നുന്ന കുപ്പായവും മിന്നുന്ന കോട്ടും രോമക്കുപ്പായവും അണിഞ്ഞു ഞെളിയുമ്പോൾ നമ്മൾ ഒരു വെറും ചരുത്ത വസ്ത്രംകൊണ്ടു തൃപ്തിപ്പെടുന്നു. അവർക്കു രുചിപദാർത്ഥങ്ങളുണ്ട്, ഒന്നാന്തരം അപ്പമുണ്ട്. നമ്മൾക്കോ? വൈക്കോലും വെള്ളവും മാത്രം! അവർക്കു സുഖവാസസ്ഥലങ്ങളുണ്ടു, മനോഹരങ്ങളായ മാളികകളുണ്ട്. നമ്മൾക്കു-അത്യധികം അദ്ധ്വാനിക്കുന്ന നമ്മൾക്കു-വയലുകളിൽ കാറ്റിനോടും മഴയോടും എതിരിട്ടു

കൊണ്ടു ജീവിക്കേണ്ടിവരുന്നു. നമ്മളിൽനിന്നും നമ്മളുടെ പ്രയത്ന ത്തിൽനിന്നുമാണ് അവർ അവരുടെ സുഗഭോഗസാമഗ്രികൾ സമ്പാദി ക്കുന്നത്. അവരുടെ കല്പനയനുസരിക്കാഞ്ഞാൽ നമ്മൾ നിർദ്ദയം പ്രഹ രിയ്ക്കപ്പെടുന്നു!"

എത്ര ആവേശകരമായ ഭാഷ! ഇതെല്ലാം ഇരുപതാം നൂറ്റാണ്ടിലാ യിരിയ്ക്കുമോ എഴുതിയതെന്ന് നമുക്ക് തോന്നിപോകുന്നു!

## ഫ്യൂഡലിസം

ഈകാലത്തിന്നുള്ളിൽ ഉല്പാദന വിതരണങ്ങളിലുണ്ടായ പരി വർത്തനങ്ങളുടെ ഫലമായി ലോകത്തിൽ അതി പ്രധാനമായ പല മാറ്റ ങ്ങളും സംഭവിച്ചു. അഞ്ചാം നൂറ്റാണ്ടുമുതൽ പതിനഞ്ചാം നൂറ്റാണ്ട് ആകു മ്പോഴേയ്ക്കും-അതായതു ഇന്നു നമ്മൾ മദ്ധ്യയുഗം (Middle Ages) എന്നു വിളിക്കുന്ന ആ കാലത്തു-സമുദായത്തിൽ ഫ്യൂഡലിസം (ജന്മി മേധാവിത്വം) എന്ന പുതിയ സാമ്പത്തിക വ്യവസ്ഥയുടെ വേരുറച്ചു. കൃഷിക്കാരുടെ സ്ഥിതി അക്കാലത്തു ഏറ്റവും ദയനീയമായിരുന്നു. അടി മകൾ (Serfs) എന്നത്രെ അവർ വിളിയ്ക്കപ്പെട്ടുവന്നത്. വില്ലെയിൻസ് (Villains) അടിമത്തത്തിന്റെ മറ്റൊരു രൂപം മാത്രമായിരുന്നു. കഷ്ടപ്പാടും മർദ്ദനവും വർദ്ധിക്കുംന്തോറും അസംതൃപ്തരായ കൃഷിക്കാർ പരസ്യ മായ വിദ്രോഹമാരംഭിച്ചു. അതിനിടയ്ക്കാണ് തോക്കും വെടിമരുന്നും മറ്റും കണ്ടുപിടിക്കപ്പെട്ടത്. അതോടുകൂടി ചൂഷകവർഗ്ഗക്കാരുടേയും അവ രുടെ പ്രതിനിധിയായ രാജാവിന്റേയും ശക്തി പതിന്മടങ്ങു വർദ്ധിച്ചു. യൂറോപ്പിലെല്ലാം ഒരു പുതിയ പരിഷ്കാരം മുളച്ചുപൊന്താൻതുടങ്ങി. വിദ്യാഭ്യാസപ്രചാരണം. പുനരുത്ഥാനം (Renaissance) മതസംശോധന ഇങ്ങിനെ പല സംഭവങ്ങളും നടന്നു. ധനികവ്യാപാരികൾ ചൂഷണത്തി നുവേണ്ടി പുതിയ പ്രദേശങ്ങളും ദ്വീപുകളും അന്വേഷിക്കുവാൻ തുട ങ്ങി. കോളനികളും സമുദ്രവ്യാപാരവും വർദ്ധിച്ചു. ഈ കാരണങ്ങളെ കൊണ്ടുണ്ടായ പരിവർത്തനങ്ങളുടേയും മറ്റും ഫലമായി ഒടുവിൽ ഫ്യൂഡലിസം ദ്രവിച്ചു നഷ്ടഭ്രഷ്ടമാവാൻ തുടങ്ങുകയും ചെയ്തു.

1348-ൽ എഡ്വേർഡ് മൂന്നാമന്റെ കാലത്തു ഒരു ഭയങ്കരമായ പ്ലേഗ് പിടിപെട്ടു. കറുത്ത മരണം (Black Death) എന്നാണ് ചരിത്രകാരന്മാർ അതിനെ വിളിക്കാറുള്ളത്. കഠിനമായ ആ അത്യാപത്തിൽ മൂന്നിലൊ രുഭാഗം ജനങ്ങൾ മരണമടഞ്ഞു. തൊഴിലാളികളുടെ എണ്ണം കുറഞ്ഞു. അപ്പോൾ വ്യവസായത്തിന്നു പട്ടണങ്ങളിലേക്ക് പുതിയ തൊഴിലാളികൾ ആവശ്യമായിത്തീർന്നു. ഇതു വില്ലെൻ സമ്പ്രദായത്തെ നശിപ്പിയ്ക്കു വാൻ വളരെ സഹായിച്ചു. 1351, 1355, 1360 ഈ കൊല്ലങ്ങളിൽ സ്വാർത്ഥാ

ഡരായ ജന്മികൾ തൊഴിലാളികളുടെ ആധിക്യത്തെ തടയുവാനും അങ്ങിനെ തങ്ങളുടെ അടിമകളെ ഗ്രാമങ്ങളിൽത്തന്നെ നിലനിർത്തുവാനും വേണ്ടി പല കഠിന നിയമങ്ങളുമുണ്ടാക്കി. തൊഴിലാളികൾ കൂലി കൊടുക്കുന്നത് നിയമവിരുദ്ധമായിത്തീർന്നു. കൃഷിസ്ഥലമുപേക്ഷിച്ച് മറ്റു സ്ഥലങ്ങളിലേക്കു പോകുന്ന ജനങ്ങൾ ശിക്ഷാർഹരായിത്തീർന്നു. ഒടുവിൽ, നിവൃത്തിയില്ലാതെ, തൊഴിലാളികളും കൃഷിക്കാരും ഒരു വിദ്രോഹമുണ്ടാക്കുകതന്നെ ചെയ്തു. ഇതിനേയാണ് മുകളിൽ കർഷകപ്രക്ഷോഭം (Peasants Revolt) എന്നു പറഞ്ഞത്. വിദ്രോഹം തൽക്കാലം പരാജയപ്പെട്ടുവെങ്കിലും പിന്നീടു അതുകൊണ്ട് പല നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്.

പിന്നെ, ഏകദേശം ഒന്നരനൂറ്റാണ്ടുകൾക്കുശേഷം ഹെന്റി എട്ടാമന്റെ കാലത്തു ഈ സംഭവം ആവർത്തിച്ചു.

## സർ തോമസ്മൂർ

അക്കാലത്താണ് സേർ തോമാസ്മൂറിന്റെ (1478–1535) സുപ്രസിദ്ധമായ യൂട്ടോപ്യ പുറത്തുവന്നത്. ഇംഗ്ലണ്ട് ഫ്യൂഡൽ സമ്പ്രദായത്തെ വലിച്ചെറിഞ്ഞു. ക്രമേണ കച്ചവടക്കാരുടെ രാജ്യമായിത്തീരുന്നതും വ്യവസായശ്രമങ്ങളെല്ലാം വ്യക്തികളും സ്വകാര്യശ്രമങ്ങളായിത്തീരുന്നതും അതോടുകൂടി സമുദായത്തിൽ പല അനാചാരങ്ങളും പരന്നുപിടിക്കുന്നതും മൂർ നോക്കിക്കണ്ടു. ഈ ദോഷങ്ങളെ പരിഹരിക്കണമെന്ന സദുദ്ദേശ്യത്തോടു കൂടിയാണ് അദ്ദേഹം തന്റെ യൂട്ടോപ്യ എഴുതിയത്. ഒരു പോർച്ചുഗീസ് പണ്ഡിതനായ റാഫേൽ ഹാത്ത് ലോഡെ (Raphael Hath laday)തന്റെ വിനോദയാത്രയ്ക്കിടയിൽ കണ്ടുമുട്ടിയ യൂട്ടോപ്യ എന്ന ദ്വീപിനെ വിവരിക്കുകയാണ് ഈ വിചിത്രമായ പുസ്തകം ചെയ്യുന്നത്. ഹിത്ത് ലോഡെയിനെക്കൊണ്ട് മൂർ നിലവിലുള്ള സമുദായഘടനയുടെ ദോഷങ്ങളെ കഠിനമായി വിമർശിപ്പിയ്ക്കുന്നു. സുഖഭോഗികളായ രാജാക്കന്മാർ തങ്ങളുടെ രാജ്യാതൃത്തികളെ വലുതാക്കാൻ ചെയ്യുന്ന ശ്രമങ്ങളെയും പരിതഃസ്ഥിതികളുടെ അടിമകളായി ചെറിയ ചെറിയ കളവു കുറ്റം മുതലായവ ചെയ്യുവാൻ നിർബ്ബദ്ധരായ പാവങ്ങൾക്കു കൊടുക്കുന്ന ശിക്ഷയേയും യുദ്ധത്തിന്നുവേണ്ടി സൈന്യങ്ങളെ തീറ്റിപ്പോറ്റുന്ന സമ്പ്രദായത്തെയും ഉള്ളിൽക്കൊള്ളും വിധം ആക്ഷേപിച്ചുകൊണ്ട് സ്വകാര്യ സ്വത്തും ചൂഷണവുമില്ലാത്ത ഒരു പുതിയ സമുദായഘടനയുടെ ഗുണങ്ങളെ വിവരിക്കുകയാണ് മൂറിന്റെ യുട്ടോപ്യ ചെയ്യുന്നത്.

യൂട്ടോപ്യയിലെ ചില ചില ആശയങ്ങൾ ഏറ്റവും വിഡ്ഢിത്തപൂർണ്ണങ്ങളാണെങ്കിൽകൂടി സുഖഭോഗവും ദാരിദ്ര്യവും മർദ്ദനവും കഷ്ട

പ്പാടുമില്ലാത്ത ഒരു സങ്കല്പ സമുദായത്തെ ചിത്രീകരിക്കുന്ന ഈ പുസ്തകം തൊഴിൽ, കൃഷി, വിദ്യാഭ്യാസം, മതം തുടങ്ങിയ നാനാവിധ ങ്ങളായ കാര്യങ്ങളിൽ ഏർപ്പെട്ട് ജനങ്ങളെ ഇരുത്തിച്ചിന്തിപ്പിക്കുകയും സമുദായപരിഷ്കരണത്തിലേയ്ക്കു അവരുടെ ശ്രദ്ധയെ ആകർഷിയ്ക്കു കയും ചെയ്തു.

## ബേക്കന്റെ ന്യൂ അത്ത്ലാന്റസ് (Bacon's New Atlantis)

സർ തോമാസ് മൂർ മരിച്ചതിന്റെ 14 കൊല്ലങ്ങൾക്കുശേഷം 1549-ൽ മർദ്ദിതരായ കൃഷിക്കാർ വീണ്ടും ലഹളയുണ്ടാക്കി. ലഹള പരാജയപ്പെ ട്ടുവെങ്കിലും ഇംഗ്ലണ്ടിലെ ഗ്രാമവ്യവസ്ഥ താറുമാറാക്കുവാൻ അതു വള രെയധികം സഹായിച്ചിട്ടുണ്ട്. അപ്പോഴേയ്ക്ക് മനുഷ്യസ്നേഹികളാണെ ന്നഭിമാനിച്ചിരുന്ന പുരോഹിതവർഗ്ഗക്കാർ സാമാന്യജനങ്ങളുടെ അവകാശ സ്ഥാപനത്തിന്നെതിരായിത്തീർന്നു. എല്ലാം പൊതുസ്വത്താക്കിയാൽ കള വില്ലാതായിത്തീരുമെന്നും അപ്പോൾ ബൈബിളിലെ “Thou Shalt not Steal” എന്ന കല്പനയ്ക്ക് യാതൊരു അർത്ഥവുമില്ലാതായിത്തീരുമെന്നും വാദിയ്ക്കുകയാണ് അവർ ചെയ്തത്! കമ്യൂണിസ്റ്റ് ചിന്തകൾ പള്ളിക ളേയും മണിമാളികകളേയും ഉപേക്ഷിച്ച് കുറേശ്ശക്കുറേശ്ശയായി തൊഴി ലാളികളേയും വിപ്ലവകാരികളായ ഇടത്തരക്കാരേയും ആശ്രയിയ്ക്കു വാൻ തുടങ്ങി. എലിസബത്തിന്റെ ഭരണകാലത്ത് സമുദായം അതിവേഗം വ്യക്തിവാദത്തിലേയ്ക്ക് (Individualism) പോയിക്കൊണ്ടിരുന്നു. സ്പെൻസർ, ഷേയിക്ക്സ്പിയർ തുടങ്ങിയ പ്രധാന സാഹിത്യകാരന്മാ രെല്ലാം കമ്യൂണിസത്തിന്നും ജനാധിപത്യവാദത്തിന്നും ഒരുപോലെ എതി രായിരുന്നു. എന്നിട്ടും കമ്യൂണിസ്റ്റുകാരുടെ പ്രക്ഷോഭങ്ങളുടെ ഫലമായി Poor Law Reforms മുതലായ ചില ഭരണപരിഷ്കാരങ്ങൾ നടപ്പാക്കപ്പെ ട്ടുവെന്നുള്ളത് പ്രസ്താവയോഗ്യമാണ്.

അതിന്നു ശേഷമാണ് സ്പേനിഷ് ആർമഡയുടെ നാശം, റിഫോർമേ ഷന്റെ വിജയം, ജനങ്ങൾക്ക് സയൻസിലുണ്ടായ അഭിരുചി, നാനാവിധ ങ്ങളായ കണ്ടുപിടുത്തങ്ങൾ, വ്യവസായോല്പദനത്തിന്റെ അഭിവൃദ്ധി മുതലായവയെല്ലാം സംഭവിച്ചത്. അക്കാലത്ത് ഫ്രാൻസിസ് ബേക്കൺ എന്ന തത്വജ്ഞാനി തന്റെ ‘ന്യൂഅത്ലാന്റിസ്’ എന്ന പുതിയ യൂട്ടോപ്യ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചു. തെക്കൻ സമുദ്രത്തിലെ (South Seas) ഒരു സങ്കല്പദ്വീപിനെ വർണ്ണിക്കുന്ന ഈ യൂട്ടോപ്യയിൽ സ്വത്ത വകാശത്തിന്മേലുള്ള പരിഷ്കരണമല്ല, സയൻസിന്റെ അഭിവൃദ്ധിയാണു സമുദായത്തെ മോചിപ്പിക്കുവാനും ഉദ്ധരിപ്പിക്കുവാനുമുള്ള ഏകമാർഗ്ഗം എന്ന തന്റെ അഭിപ്രായത്തെ ബേക്കൺ വ്യക്തമാക്കി. സ്വത്തിലല്ല, ജ്ഞാനത്തിലാണ് കമ്യൂണിസം ആവശ്യമായിട്ടുള്ളത് എന്നായിരുന്നു

അദ്ദേഹത്തിന്റെ അഭിപ്രായം. ഇതിന്നു പുറമെ അദ്ദേഹം വിവാഹബന്ധത്തിന്റെ അവ്യവസ്ഥതയെ കഠിനമായി എതിർക്കുകയും സമുദായത്തിന്റെ അഭിവൃദ്ധിയ്ക്കു ഏകപത്നീവ്രതം അത്യാവശ്യമാണെന്നു വാദിക്കുകയും ചെയ്തു.

പ്രകൃതിശാസ്ത്രജ്ഞാനം മുന്നോട്ടുപോകുവാൻ ആരംഭിക്കുക മാത്രം ചെയ്ത കാലത്ത് ജീവിച്ചിരുന്ന ബേക്കൺ ഇത്തരം അഭിപ്രായങ്ങൾ പുറപ്പെടുവിച്ചതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. പക്ഷേ, സയൻസ് എത്രതന്നെ അഭിവൃദ്ധിപ്പെട്ടാലും അതിന്റെ നിയന്ത്രണം ശരിയായ വഴിയ്ക്കല്ലെങ്കിൽ അത് സമുദായത്തിൽ ഗുണത്തിന്നു പകരം ദോഷമാണുണ്ടാക്കുക എന്ന പരമാർത്ഥം അദ്ദേഹം മനസ്സിലാക്കാത്തതു കഷ്ടമായി.

## ജർമ്മനിയിലേയും ഇറ്റലിയിലേയും യൂട്ടോപ്യക്കാർ:-

ഏതാണ്ടു അതേകാലത്തു തന്നെ ജോഹാൻ വാലന്റീൻ ആന്ദ്രേ (Johann Valentin Andrease) എന്ന ഒരു ജർമ്മൻ സഞ്ചാരിയും തോമാസ് കമ്പെനെല (Thomas Campanela) എന്ന ഒരു ഇറ്റാലിയൻ തത്വജ്ഞാനിയും ഓരോ യൂട്ടോപ്യ പുറപ്പെടുവിക്കുകയുണ്ടായി. പ്ലേറ്റോവിന്റെയും മൂറിന്റെയും ആശയങ്ങളിൽ നിന്ന് വളരെയധികം വ്യത്യസ്തമായ യാതൊന്നും തന്നെ അവ രണ്ടിലുമുണ്ടായിരുന്നില്ല. അതിരുകവിഞ്ഞ സുഖഭോഗവും ദുസ്സഹമായ ദാരിദ്ര്യവും അടുത്തടുത്ത് നിലനിൽക്കുന്ന സമുദായത്തെ പരിഷ്കരിക്കാതെ ജനങ്ങൾക്കു യാതൊരു സുഖവുമുണ്ടാവുകയില്ലെന്ന് അവർ രണ്ടുപേരും വ്യക്തമാക്കി.

## പതിനേഴാം നൂറ്റാണ്ട്

ബേക്കൺ, ആന്ദ്രെ, കാമ്പനെല എന്നിവർക്കുശേഷം യൂറോപ്പിൽ-പ്രത്യേകിച്ച് ഇംഗ്ലണ്ടിൽ-പഴയ ഫ്യൂഡലിസത്തിന്നും കമ്യൂണിസത്തിന്നും സാരമായ പരുക്കു പറ്റി. ഇംഗ്ലീഷു വ്യവസായത്തിന്റെ പരിധി അതുവരെയും അപരിചിതങ്ങളായിക്കിടന്നിരുന്ന രാജ്യങ്ങളിലേക്കു വ്യാപരിക്കുവാൻ തുടങ്ങി. നഗരങ്ങളുടേയും പട്ടണങ്ങളുടേയും എണ്ണം വർദ്ധിച്ചു. സ്വകാര്യസ്വത്തുടമ അടിയുറച്ചു. അക്കാലത്ത് സ്വകാര്യസ്വത്തിന്റെ ഉടമസ്ഥന്മാർ കമ്യൂണിസത്തെ നാമാവശേഷമാക്കുവാനും തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങളെ സാധൂകരിച്ചു നിലനിർത്തുവാനും ഉതകുന്ന ഒരു പുതിയ തത്വജ്ഞാനം കണ്ടുപിടിക്കുകയുണ്ടായി. ഹ്യൂഗോ, ഗ്രോട്ടിൻസിൽ നിന്ന് (Hugo Grotins: 1583-1645) ഉത്ഭവിക്കുകയും തോമാസ് ഹോബ്സ് (Thomas Hobbs: 1588-1679) വ്യാഖ്യാനിച്ചു വിശദമാക്കുകയും ചെയ്ത ഈ പുതിയ സിദ്ധാന്തം സാമുദായികക്കരാറ്

(Social Contract Theory) എന്ന പേരിലാണറിയപ്പെടുന്നത്. ഹോബ്സിന്റെ ആശയങ്ങൾ ഏതാണ്ടു താഴെ പറയുംപ്രകാരമാണ്:- ഏറ്റവും പ്രാചീനമായ കാലത്ത് ഒരുതരം കമ്യൂണിസ്റ്റ് ഭരണം നടപ്പിലുണ്ടായിരുന്നുവെങ്കിലും മനുഷ്യൻ തന്റെ സ്വാർത്ഥങ്ങളേയും ശക്തിയേയും വർദ്ധിപ്പിക്കുവാൻ തുടങ്ങിയതോടുകൂടി പ്രകൃതിയുടെ ആ പഴയ നീതിസിദ്ധാന്തങ്ങൾ വിലകെട്ടുപോകുകയും സമുദായത്തിന്റെ നാശകരമായ കലഹം മുളച്ചുപൊന്തുകയും ചെയ്തു. സ്വന്തം രക്ഷയ്ക്കും സമാധാനത്തിന്നും വേണ്ടി ഒരു അധികാരശക്തിയെ ആശ്രയിക്കുവാൻ ജനങ്ങൾ, നിർബ്ബദ്ധരായിത്തീർന്നു. അങ്ങിനെ അവർ തങ്ങളെ ഭരിക്കുവാനും നിയന്ത്രിക്കുവാനുമുള്ള അധികാരം ഒരു വ്യക്തിക്കോ, അല്പം വ്യക്തികളുടെ ഒരു സമൂഹത്തിന്നോ വിട്ടുകൊടുത്തു. കഠിനമായ ഈ കരാറിനെപ്പറ്റി ഹോബ്സ് പറയുകയാണ്;-"ഒരു ചക്രവർത്തി പ്രകൃതിനിയമങ്ങൾക്കു എതിരായ ലക്ഷ്യങ്ങളെ ആശ്രയിക്കുകയാണെങ്കിൽക്കൂടി അദ്ദേഹത്തിന്റെ നേരെ യുദ്ധം പ്രഖ്യാപനം ചെയ്യുവാൻ പ്രജകളിൽ ആർക്കും അധികാരമില്ല."

ഇങ്ങിനെ ഹോബ്സ് ചക്രവർത്തിത്വത്തെയും സ്വകാര്യസ്വത്തുടമയേയും സാധൂകരിക്കുവാൻ ശ്രമിച്ചു. പക്ഷേ, അസംതൃപ്തിയിലാണ്ട ഒരു ജനസമൂഹം ഇംഗ്ലണ്ടിലെ ചാറൽസ് രാജാവിനെ വധിക്കേണ്ട സമയം വന്നപ്പോൾ ഹോബ്സിന്റെ വാദഗതികളൊന്നും സ്വീകരിക്കുകയുണ്ടായില്ലെന്നുള്ള കാര്യം പ്രസ്താവ്യമാണ്.

ഹോബ്സിനെ തുടർന്നുകൊണ്ടു ജോൺലോക്ക് (1632-1704) എന്ന മറ്റൊരു ചിന്തകൻ സ്വകാര്യസ്വത്തുടമയെ സാധൂകരിക്കുവാൻ വേണ്ടി വേറെ ചില വാദഗതികളെ ആശ്രയിച്ചു (Labour therory of Value) സ്വത്തുക്കൾ സമ്പാദിക്കുവാനോ പിടിച്ചുപറിക്കുവാൻ തന്നേയോ പ്രയത്നം ആവശ്യമാണെന്നും അതുകൊണ്ടു ആ പ്രയത്നത്തിന്റെ ഉടമസ്ഥന്നു ആയാൾ കരസ്ഥമാക്കിയ സ്വത്തിന്മേൽ അവകാശമുണ്ടെന്നും ലോക്ക് വാദിച്ചു.

കമ്യൂണിസത്തിന്നെതിരായ ഈ സിദ്ധാന്തങ്ങൾ പരക്കുന്നതിനോടൊപ്പം തന്നെ കമ്യൂണിസത്തിന്നനുകൂലമായ ചില ആശയങ്ങളും പ്രചരിപ്പിയ്ക്കാതിരുന്നില്ല. ജരാർഡ്ഡു വിൻസ്റ്റൻലി, ജെയിംസ് ഹാരിങ്ങ്ടൻ (1611-1677) എന്നിവർ സ്വകാര്യസ്വത്തുടമയെ നശിപ്പിക്കുവാനും ഒരു പുതിയ ജനാധിപത്യഭരണം സ്ഥാപിക്കുവാനും വേണ്ടി വളരെ ശ്രമിച്ചു നോക്കി. ഏതാണ്ടു അതേ കാലത്തു തന്നെ ഒരു സമുദായോദ്ധാരകനായ പിറ്റ് ചേംബർലൻ രാജ്യത്തിലെ എല്ലാ സമ്പത്തും ദേശീയസ്വത്താക്കിയാൽ മാത്രമേ ദാരിദ്ര്യത്തെ നശിപ്പിക്കുവാൻ സാധിക്കുകയുള്ളു എന്നു അഭിപ്രായപ്പെടുകയുണ്ടായി.

## ഫ്രാൻസിലെ യൂട്ടോപ്യക്കാർ

17-ാം നൂറ്റാണ്ടിൽനിന്ന് 18-ാം നൂറ്റാണ്ടിലേക്ക് കടന്നതോടുകൂടി യൂട്ടോപ്യയുടെ രംഗം ഇംഗ്ലണ്ടിൽനിന്നു ഫ്രാൻസിലേക്കു മാറി. ഫ്രഞ്ച് യൂട്ടോപ്യൻ സോഷ്യലിസ്റ്റ്കാർ ഫ്രഞ്ച് വിപ്ലവത്തിന്റെ അനന്തരഫലങ്ങളുടെ ഒരു സൃഷ്ടിയാണെന്നു പറയുന്നതിൽ തെറ്റില്ല. റൂസോ, വോൾട്ടയർ തുടങ്ങിയ ചിന്തകന്മാരുടെ നിരന്തരമായ പ്രക്ഷോഭം മർദ്ദനവും കഷ്ടപ്പാടുമില്ലാത്ത ഒരു സുന്ദരസമുദായത്തെ നിർമ്മിയ്ക്കുവാൻ പര്യാപ്തമാകുമെന്നു പലരും ആശിച്ചിരുന്നു. എന്നാൽ വിപ്ലവംകൊണ്ട് ധനികന്മാരായ മുതലാളികൾക്കു മാത്രമാണ് വലിയ വലിയ നേട്ടങ്ങളുണ്ടായത്. എല്ലാ മനുഷ്യരും നിയമത്തിന്റെ മുമ്പിൽ സമന്മാരാണെന്നുള്ളതു വാസ്തവം തന്നെ. പക്ഷേ, സ്വത്തുടമ സമ്പ്രദായത്തിന്നു യാതൊരു മാറ്റവും വരാതിരിയ്ക്കുന്നേടത്തോളംകാലം, സാമ്പത്തികവും സാമുദായികവുമായ അസമത്വങ്ങൾ നിലനില്ക്കുന്നേടത്തോളംകാലം മർദ്ദിതരായ 'പാവങ്ങൾക്കു യാതൊരു സംതൃപ്തിയ്ക്കും അവകാശമില്ല. കൂടിയ വേലസ്സമയം, പരുങ്ങിയ കൂലി, തൊഴിലില്ലായ്മ ഇവയ്ക്കു ഫ്രഞ്ച് വിപ്ലവം യാതൊരു പരിഹാരവും വരുത്തിയില്ല. ഈ പരുപരുത്ത സ്ഥിതിഗതികൾ ആശാവാദികളുടെ കണ്ണു തുറപ്പിച്ചു. അവരിൽ ചിലർ സാമ്പത്തികവും സാമുദായികവുമായ സമത്വത്തെപ്പറ്റിച്ചിന്തിയ്ക്കുവാൻ തുടങ്ങി. ഇതാണ് ഫ്രഞ്ച് യൂട്ടോപ്യൻ സോഷ്യലിസത്തിന്റെ ഉത്ഭവം.

## ബേബഫ് (Babeuf)

ഫ്രഞ്ച് യൂട്ടോപ്യൻ സോഷ്യലിസ്റ്റ്കാരുടെ ഒന്നാമത്തെ നേതാവ് എഫ്. എൻ. ബേബഫ് (1764 - 1797) ആയിരുന്നു. പഴയ കമ്യൂണിസ്റ്റ് സിദ്ധാന്തമായ സാമ്പത്തിക സമത്വമല്ല, തുല്യമായ സൗകര്യങ്ങളായിരുന്നു (Equal Opportunity) ബേബഫിന്റെ ലക്ഷ്യം. അദ്ദേഹം സ്ഥാപിച്ച 'The Tribune of the People' ലോകത്തിലെ ഒന്നാമത്തെ കമ്യൂണിസ്റ്റ് വർത്തമാനപത്രമാണ്. ഈ പത്രത്തിന്റെ സാഹായത്തോടുകൂടി അദ്ദേഹം നിലവിലുള്ള സമുദായ ഘടനയുടെ അനീതികളെ കഠിനമായി എതിർക്കുവാൻ തുടങ്ങി. അതിന്റെ ഫലമായി അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ജെയിലിൽനിന്ന് വിട്ടു വന്നതിന്നുശേഷം ഗവൺമെന്റിനെ തകിടം മറിച്ച് കമ്യൂണിസം സ്ഥാപിയ്ക്കുവാൻവേണ്ടി അദ്ദേഹം ഒരു രഹസ്യസംഘം സ്ഥാപിച്ചു. കുറച്ചുകാലം ഊർജ്ജിതമായ പ്രവൃത്തി നടന്നു. പക്ഷേ, പ്രയത്നം സഫലമാകുന്നതിന്നു മുമ്പായി അദ്ദേഹം വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയും 1797-ൽ തൂക്കിക്കൊല്ലപ്പെടുകയും ചെയ്തു.

## കേബറ്റ് (Cabet)

ബേബഫിനെ തുടർന്നുകൊണ്ട് എത്തീൻ കേബറ്റ് എന്ന മറ്റൊരു സോഷ്യലിസ്റ്റ് നേതാവ് ഗവൺമെന്റിനെ എതൃക്കുവാനാരംഭിച്ചു. അഭ്യസ്തവിദ്യനും ഒരു വക്കീലുമായ അദ്ദേഹം 30 വയസ്സ് തികയുന്നതിന്നു മുമ്പായിട്ടുതന്നെ ഒരു പേരെടുത്ത വിപ്ലവകാരിയായിത്തീർന്നു. ലിപോപ്പലയർ (Le Populaire) എന്ന തന്റെ കമ്യൂണിസ്റ്റ് പത്രത്തിൽ രാജാവിനെ വിമർശിച്ചു കൊണ്ടെഴുതിയ ഒരു ലേഖനത്തിന്റെ പ്രതിഫലമായി അദ്ദേഹത്തിന്നു രണ്ടുകൊല്ലത്തെ കാരാഗൃഹശിക്ഷ കിട്ടി. ഏതായാലും ശിക്ഷാവിധി കഴിയുന്നതിന്നു മുമ്പായി അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു ഒളിച്ചോടിപ്പോയി. അവിടെവെച്ചു തോമസ് മൂറിന്റെ യൂട്ടോപ്യ അദ്ദേഹത്തെ ആവേശഭരിതനാക്കി. അതിനെ അനുകരിച്ചുകൊണ്ടു അദ്ദേഹം തന്റെ കാലത്തെ സാമുദായികദോഷത്തെ പരിഹരിയ്ക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി 'ഇക്കാര്യത്തിലേയ്ക്കുള്ള സമുദ്രയാത്ര' (The Voyage to Iearia) എന്ന ഒരു നോവൽ എഴുതി. വലിയ വലിയ വ്യവസായങ്ങൾ, കൃഷി മുതലായവ ഗവർമ്മെണ്ടു ഏറ്റെടുത്തു നടത്തി ഫലം എല്ലാ വേലക്കാർക്കും സമമായി കൊടുക്കേണമെന്നു ഈ പുസ്തകത്തിൽ അദ്ദേഹം നിർദ്ദേശിയ്ക്കുന്നു. കൂലിനിരക്കു ക്രമീകരിയ്ക്കുക, ധനികന്മാരുടെ സ്വത്തിന്മേൽ കൂടുതൽ നികുതി ചുമത്തുക തുടങ്ങിയ പരിഷ്കാരങ്ങളെക്കൊണ്ടാരംഭിച്ച് വളരെക്കാലം കമ്യൂണിസത്തിന്നനുകൂലമായ വിദ്യാഭ്യാസം പ്രചരിപ്പിച്ചതിന്നു ശേഷം മാത്രമേ തന്റെ ഉദ്ദേശ്യം സാധിയ്ക്കുകയുള്ളു എന്നും അദ്ദേഹം വ്യക്തമാക്കി. ഒരു മാതൃകാ കോളണിയിൽ തന്റെ ആശയങ്ങളെ പ്രായോഗികമാക്കുവാൻ ശ്രമിച്ചുവെങ്കിലും ജനങ്ങളുടെ നേതൃത്വം വഹിക്കുവാൻ തീരെ അപ്രാപ്തനായ അദ്ദേഹം പരാജയപ്പെടുകയാണ് ചെയ്തത്.

## സെയിന്റ് സൈമൺ (Saint Simon)

ഓരോ വ്യക്തിക്കും തന്റെ പ്രയത്നത്തിന്നനുസരിച്ച പ്രതിഫലം നൽകുകയും എല്ലാ ജനങ്ങൾക്കും വികസിയ്ക്കുവാൻ ഒരു പോലെയുള്ള സൗകര്യം കൊടുക്കുകയും ചെയ്യുന്ന ഒരു പുതിയ സമുദായവ്യവസ്ഥയെ സ്വപ്നം കാണുവാൻ ധൈര്യപ്പെട്ട സെയിന്റ് സൈമനോട് ആധുനിക ശാസ്ത്രീയ സോഷ്യലിസം കുറച്ചൊന്നുമല്ല കടപ്പെട്ടിട്ടുള്ളത്. കൃസ്ത്വാബ്ദം 1760–ൽ പാരീസിലെ ഒരു ഉയർന്ന കുടുംബത്തിലാണ് ജനിച്ചതെങ്കിലും കുട്ടിക്കാലം മുതൽക്കുതന്നെ അദ്ദേഹത്തിന്നു സമുദായോദ്ധാരണത്തിൽ നല്ല പ്രതിപത്തി ഉണ്ടായിരുന്നു. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലും അതിന്നുശേഷം വിപ്ലവത്തിലും അദ്ദേഹം പങ്കെടു

ക്കുകയുണ്ടായിട്ടുണ്ട്. വ്യവസായങ്ങളെ പൊതുസ്വത്താക്കുക, പ്രവൃത്തിയ്ക്കനുസരിച്ചുള്ള പ്രതിഫലം കൊടുക്കുക, പിൻതുടർച്ചാവകാശം നശിപ്പിയ്ക്കുക തുടങ്ങിയ പല പരിഷ്കാരങ്ങളും നടപ്പാക്കുവാൻ വേണ്ടി അദ്ദേഹം പ്രയത്നിയ്ക്കുകയുണ്ടായി.

## ഫോറിയർ (Fourier)

ഏതാണ്ട് അതേ കാലത്തുതന്നെ ജീവിച്ചിരുന്ന ചാറൽഫോറിയർ (1772–1837) വ്യവസായത്തിന്റെ പരിവർത്തനത്തിലല്ല അഭിവൃദ്ധിയുടെ നിയമങ്ങളിലാണ് (Laws of Progress) അധികം ശ്രദ്ധ പതിപ്പിച്ചത്. സമുദായോദ്ധാരണത്തിന്നുവേണ്ടി അദ്ദേഹം നിർദ്ദേശിച്ച ഒരു മാർഗ്ഗം ജനങ്ങൾ വലിയസംഘങ്ങളായിച്ചേർന്ന് (Phalanxes) ഒരേസ്ഥലത്തു ജീവിയ്ക്കണമെന്നതാണ്. ഫോറിയർ പ്രയത്നത്തെ ആവശ്യമുള്ള പ്രയത്നം, ഉപയോഗമുള്ള പ്രയത്നം, ഇഷ്ടമുള്ള പ്രയത്നം ഇങ്ങിനെ 3 ആയി തരംതിരിയ്ക്കുകയും ആദ്യത്തേതിന്നു ഏറ്റവും അധികവും ഒടുവിലത്തേതിന്ന് ഏറ്റവും കുറച്ചും പ്രതിഫലം കൊടുക്കേണ്ടതാണെന്നു അഭിപ്രായപ്പെടുകയും ചെയ്തു. അഹിംസയിലും സമാധാനത്തിലും വിശ്വസിച്ചിരുന്നതിനാൽ അദ്ദേഹം വിപ്ലവത്തിന്നെതിരായിരുന്നു. ഏതായാലും, നിലവിലുള്ള സാമ്പത്തികവ്യവസ്ഥയുടെ ദോഷങ്ങളെ ചൂണ്ടിക്കാണിയ്ക്കുക, പ്രയത്നത്തെ സദുപയോഗപ്പെടുത്തുക തുടങ്ങിയ ചില നല്ല കാര്യങ്ങളിലേയ്ക്കു അദ്ദേഹം ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല.

## ലൂയിബ്ലാങ്ക് (Louis Blanc)

തന്റെ ആശയങ്ങളെ പ്രവൃത്തിയിൽകൊണ്ടുവരുവാനായി രാഷ്ട്രീയാധികാരത്തെ ഉപയോഗിയ്ക്കുവാൻ ശ്രമിച്ച ഒന്നാമത്തെ യൂട്ടോപ്യൻ സോഷ്യലിസ്റ്റ് ലൂയിബ്ലാങ്ക് ആണ് (1813–1882). സമുദായപരിവർത്തനത്തിന്നു ധനിക വർഗ്ഗക്കാരോട് അപേക്ഷിയ്ക്കുന്നതിന്നുപകരം തൊഴിലാളികളോട് ആവശ്യപ്പെടുവാൻ തുടങ്ങിയതും ആദ്യമായി അദ്ദേഹമാണ്. ഇങ്ങിനെ അദ്ദേഹം യൂട്ടോപ്യൻ സോഷ്യലിസത്തേയും മാർക്സിയൻ സോഷ്യലിസത്തേയും കൂട്ടിച്ചേർക്കുന്ന ഒരു കണ്ണിയാണെന്നു പറയാം. അദ്ദേഹത്തിന്റെ ആധിപത്യത്തിൽ നടന്നിരുന്ന റവ്യൂ ദ്യു പ്രോഗ്രസ്സ് (Reuve du Progress) എന്ന പത്രം സോഷ്യലിസ്റ്റ് സാഹിത്യം പ്രചരിപ്പിക്കുവാൻ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്. മനുഷ്യാഭിവൃദ്ധിയും മനുഷ്യന്റെ പരമമായ സുഖവുമാണ് ജീവിതത്തിന്റെ പ്രാപ്യസ്ഥാനമെന്നു തന്റെ ചില മുൻഗാമികളെപ്പോലെ ബ്ലാങ്കും വിശ്വസിച്ചിരുന്നു. ഈ

ആദർശസമുദായത്തിലെത്തുവാൻ എല്ലാ ജനങ്ങൾക്കും തൊഴിലുണ്ടാക്കിക്കൊടുക്കുകയാണാവശ്യമെന്നും അതിന്നുവേണ്ടി വ്യക്തികളുടെ തൊഴിൽശാലകൾക്കുപകരം (Individual Work-shop) ക്രമത്തിൽ സമുദായത്തിന്റെ തൊഴിൽശാലകൾ നിർമ്മിയ്ക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മുതലാളികൾക്ക് ഈ തൊഴിൽശാലകളിൽ പങ്കെടുക്കാവുന്നതാണ്. തങ്ങൾ എറക്കിയ മൂലധനത്തിന്നു അവർക്കു പലിശ ലഭിയ്ക്കുകയും ചെയ്യും.

പ്രാപ്തിയ്ക്കനുസരിച്ചു പണി; ആവശ്യത്തിന്നനുസരിച്ച പ്രതിഫലം-ഇതായിരുന്നു ബ്ലാങ്കിന്റെ വിശ്വാസം. പ്രവൃത്തിയനുസരിച്ചുള്ള പ്രതിഫലം കൊടുക്കണമെന്നായിരുന്നു സെയിന്റ് സൈമന്റെ അനുയായികൾ അഭിപ്രായപ്പെട്ടിരുന്നതും. പ്രയത്നം, മൂലധനം, കർമ്മകുശലത ഇവയെ ഫോറിയർ തരംതിരിച്ചു. ബേബഫ് പരിപൂർണ്ണമായ സമത്വത്തിൽ വിശ്വസിച്ചു. ഇവരിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു ആശയമാണ് ബ്ലാങ്കു പ്രചരിപ്പിച്ചത്.

1848-ൽ പ്രോവിഷനലൽ ഗവൺമെന്റിലെ ഒരംഗത്തിരുന്ന കാലത്തു അദ്ദേഹം തന്റെ ആശയത്തെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ശ്രമിച്ചു. മിക്ക രാജനീതിജ്ഞന്മാരും അദ്ദേഹത്തിന്നെതിരായിരുന്നു. അവരുടെ ഗൂഢാലോചനകളുടെ ഫലമായി ബാങ്കിന്റെ ആദർശപരമായ തൊഴിൽശാലയ്ക്കു കുറച്ചുകാലത്തെ ആയുസ്സുമാത്രമേ ഉണ്ടായുള്ളു.

## പ്രൌഢൻ (Proudohn)

അക്കാലത്തെ ഫ്രഞ്ചുവിപ്ലവകാരികളിൽ ഒടുവിലത്തെ ആളായിരുന്നു. പി. ജെ. പ്രൌഢൻ (1809-1865) സ്വകാര്യസ്വത്തുടമസമ്പ്രദായത്തെയും ധനികവർഗ്ഗക്കാരെയും ഗവർമ്മേണ്ടിനെത്തന്നെയും അദ്ദേഹം കഠിനമായി എതിർത്തു. 1840-ൽ അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ "സ്വത്ത്എന്ത്" (What is Property) എന്ന പുസ്തകം പ്രസിദ്ധീകരിയ്ക്കപ്പെട്ടു. എല്ലാ ഗവൺമെന്റുകളും ചീത്തയാണെന്ന ധാരണയാൽ 1848-ലെ ഫെബ്രവരി വിപ്ലവത്തിൽ അദ്ദേഹത്തിന്നു ഒന്നിലധികംപ്രാവശ്യം ജയിലിൽ പോകേണ്ടിവന്നിട്ടുണ്ട്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ അടിസ്ഥാനമാക്കിയ ഒരു സമുദായത്തിൽ മാത്രമേ യഥാർത്ഥമായ സുഖമുണ്ടാകയുള്ളുവെന്നു അദ്ദേഹം വിശ്വസിച്ചു. അരാജകത്തിന്മേൽ അടിയുറച്ച ഒരു സമുദായഘടനയായിരുന്നു അദ്ദേഹത്തിന്റെ പ്രാപ്യസ്ഥാനം. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ ഭരിക്കുന്നതു മർദ്ദനമാണ്. അതുകൊണ്ടു ആർക്കും രാജാവായിരിക്കുവാൻ തരമില്ല. സ്വകാര്യസ്വത്തു കളവു മുതലത്രേ. (Property is theft) നില

ത്തെയും വ്യവസായ സാമഗ്രികളേയും ഉപയോഗിക്കുവാൻ എല്ലാവർക്കും ഒരുപോലെ  അധികാരമുണ്ടായിരിക്കണം.

സ്വകാര്യസ്വത്തു തെറ്റാണെങ്കിലും സ്വകാര്യസമ്പാദനം ശരിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതായതു ഉല്പാദനസാമഗ്രികളെ സ്വകാര്യമാക്കി വെക്കുന്നതിനേയും പലിശ, പാട്ടം, ലാഭം മുതലായവയേയും അദ്ദേഹം എതിർത്തു. പക്ഷേ, സ്വന്തം പ്രയത്നംകൊണ്ടുണ്ടാക്കിയ സ്വകാര്യസ്വത്ത് അനുഭവിക്കുവാൻ ഓരോരുത്തനും അധികാരമുണ്ടായിരിക്കും. ഇക്കാര്യത്തിൽ അദ്ദേഹം കമ്യൂണിസ്റ്റുകാർക്കെതിരായിരുന്നു.

## റോബർട്ട് ഓവൻ (Robert Owen)

വ്യവസായവിപ്ലവം അതുവരെ ലോകത്തിലുണ്ടായിട്ടില്ലാത്ത ഒരു വലിയ പരിവർത്തനത്തിന്റെ ആരംഭമായിരുന്നു. കൈത്തൊഴിൽ യന്ത്രവ്യവസായത്തിന്റെ മുമ്പിൽ നിസ്സഹായമായിത്തീർന്നു. തൊഴിലാളികൾക്കു തങ്ങൾ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങുവാൻ പോലും നിവൃത്തിയില്ലെന്നായി. ക്രയശക്തിയെ അനുസരിയ്ക്കുമല്ലോ വിക്രയ ശക്തി. അതിനാൽ, ചരക്കുകൾ വിറ്റഴിയാതെ കിടക്കുകയായി. വ്യവസായമാന്ദ്യവും അതോടൊപ്പം തൊഴിലില്ലായ്മയും വർദ്ധിച്ചു. ഇതിന്റെയെല്ലാം മൗലികകാരണങ്ങളായ സ്വകാര്യസ്വത്തുടമസ്സമ്പ്രദായവും വ്യക്തികളുടെ ലാഭേച്ഛയും നിലനില്ക്കുന്നേടത്തോളംകാലം സമുദായത്തെ ഉദ്ധരിക്കുവാൻ ആർക്കും സാധിക്കുകയില്ല:

1771-ൽ നോർത്ത്വെയിൽ ജനിച്ച റോബർട്ട് ഓവൻ ഈ വാസ്തവം മനസ്സിലാക്കി. സാമുദായികദോഷങ്ങളെ പരിഹരിക്കുവാനുള്ള ഏക മാർഗ്ഗം കമ്യൂണിസം മാത്രമാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. പക്ഷേ, അദ്ദേഹം വിപ്ലവത്തിനും ഹിംസക്കും എതിരായിരുന്നു. ഗ്രാമങ്ങളിൽ ഐക്യവും സഹകരണപ്രസ്ഥാനവും വളർത്തിക്കൊണ്ടു ക്രമത്തിൽ ക്രമത്തിൽ മുന്നോട്ടുപോകണമെന്നത്രേ അദ്ദേഹം നിശ്ചയിച്ചിരുന്നത്. പള്ളികൾ അദ്ദേഹത്തിന്റെ സദുദ്ദേശങ്ങളെത്തടയുവാൻ നോക്കി. അപ്പോൾ ഓവൻ മതത്തിന്റെ ബദ്ധശത്രുവാണെന്നാരായുന്നതിൽനിന്നു ജനങ്ങളെ തടുത്തുനിർത്തുകയാണ് എല്ലാ മതങ്ങളും ചെയ്യുന്നതെന്നു 1817-ൽ അദ്ദേഹം പ്രസ്താവിച്ചു. 1819-ൽ അദ്ദേഹം "തൊഴിലാളികളോട് ഒരു അഭ്യർത്ഥന" എന്ന ഒരു ലഘുപത്രിക പ്രസിദ്ധം ചെയ്തു. തൊഴിലാളികൾ ഹിംസയും ധനികവർഗ്ഗക്കാരുടെ പേരിലുള്ള വിദ്വേഷവും ഉപേക്ഷിക്കുന്നതായാൽ ദാരിദ്ര്യവും അജ്ഞതയും അകറ്റുവാനുള്ള അവരുടെ പരിശ്രമത്തെ എല്ലാവിധത്തിലും സഹായിക്കുവാൻ താൻ ഒരുക്ക

മാണെന്നു അതിൽ പ്രസ്താവിച്ചിരുന്നു. 1821-ൽ അദ്ദേഹം സമുദായഘടന (Social System) എന്ന മറ്റൊരു പുസ്തകം എഴുതി. അതിൽ അദ്ദേഹം വ്യക്തിത്വത്തേയും മത്സരത്തേയും സാധൂകരിക്കുവാനും പുകഴ്ത്തുവാനും ശ്രമിച്ചിരുന്ന രാജനീതിജ്ഞന്മാരെ കഠിനമായി ആക്ഷേപിച്ചു.

തന്റെ ആശയങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻവേണ്ടി ഓവൻ 1824-ൽ മുപ്പതിനായിരം ഏക്ര വിസ്താരമുള്ള ന്യൂഹാർമണി എന്ന ഒരു കോളണി തുറന്നു. പക്ഷേ, മൂന്നുകൊല്ലത്തെ നിരന്തരമായ പ്രയത്നത്തിന്നുശേഷം അദ്ദേഹത്തിന്റെ ഈ ശ്രമം പരാജയപ്പെടുകയാണുണ്ടായത്.

അതിന്നുശേഷം അദ്ദേഹം ഇംഗ്ലണ്ടുമുഴുവൻ സഞ്ചരിക്കുകയും ട്രേഡ് യൂനിയനുകളെയും സഹകരണസംഘങ്ങളേയും സംഘടിപ്പിച്ചു ഒരൊറ്റ സ്ഥാപനത്തിന്റെ കീഴിലാക്കി ക്രമത്തിൽ അവയെ കമ്യൂണിസ്റ്റ്സിദ്ധാന്തങ്ങളിലേക്കു കൊണ്ടുപോകുവാനുള്ള ഒരു പ്ലാൻ തയാറാക്കുകയും ചെയ്തു. ഈ ശ്രമത്തിൽ അദ്ദേഹത്തിന്ന് വിചാരിച്ചതിലധികം വിജയം കിട്ടി.

സമുദായത്തെ ഉദ്ധരിയ്ക്കുവാൻ, മുതലാളികളും തൊഴിലാളികളും സഹകരിച്ചുകൊണ്ടുള്ള ഒരു മാർഗ്ഗമാണ് അദ്ദേഹം നിർദ്ദേശിച്ചിരുന്നത്. അതിനാൽ, ഓവന്റെ കൂട്ടുകാരും വർഗ്ഗയുദ്ധത്തിൽ വിശ്വസിച്ചിരുന്ന തൊഴിലാളിനേതാക്കന്മാരും തമ്മിൽ ഒരു വലിയ ശണ്ഠയാരംഭിച്ചു. അതിന്റെ ഫലമായി കുറച്ചുകാലത്തേക്കു ട്രേയിഡ് യൂണിയൻ പ്രവർത്തനങ്ങൾ ഏറ്റവും മങ്ങിയ നിലയിലാണ് മുന്നോട്ടുപോയത്.

എന്തുതന്നെയായാലും, യൂട്ടോപ്യൻ സോഷ്യലിസത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രധാനമായ ഒരു സ്ഥാനമാണ് ഓവൻ അർഹിക്കുന്നത്. തൊഴിലില്ലായ്മയേയും മറ്റു ദോഷങ്ങളേയും നിലനിർത്തിപ്പോരുന്ന സമുദായഘടനയെ എതൃക്കുക, മനുഷ്യാഭിവൃദ്ധിയുടെ ആദർശം സമുദായത്തിന്റെ പൊതുവിലുള്ള സുഖമാണെന്നു പ്രഖ്യാപിയ്ക്കുക, സമ്പത്തിന്റെ ഉല്പാദനവിതരണങ്ങളിൽ എല്ലാ ജനങ്ങളും സഹകരിയ്ക്കണമെന്നഭിപ്രായപ്പെടുക ഇതെല്ലാം സാമാന്യജനങ്ങളെ ഉദ്ബുദ്ധരാക്കുവാൻ വളരെയധികം സഹായിച്ചിട്ടുണ്ട്.

## ആധുനിക യൂട്ടോപ്യനിസം

19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തോടുകൂടി യൂട്ടോപ്യൻ സോഷ്യലിസം അവസാനിച്ചുവെങ്കിലും അതിന്നുശേഷവും ചില പ്രസിദ്ധ ലേഖകന്മാർ ഒരു പുതിയ സമുദായഘടനയെപ്പറ്റി തങ്ങൾക്കുള്ള ആശയ

ങ്ങളും സ്വപ്നങ്ങളും വെളിപ്പെടുത്തിക്കൊണ്ടുവന്നു. അവരിൽ ഒരാളാണ് എച്ച്. ജി. വെൽസ്. അദ്ദേഹംതന്റെ 'ആധുനികയൂട്ടോപ്യ' (Modern Utopia) എന്ന പുസ്തകത്തിൽ സുഖവും സംതൃപ്തിയും നിറഞ്ഞ ഒരു പുതിയ സമുദായത്തെ സ്വപ്നം കാണുവാൻ ശ്രമിക്കുകയുണ്ടായി.

എഡ്വേർഡ് ബേല്ലാമി എന്ന അമേരിക്കൻഗ്രന്ഥകാരൻ 1887-ൽ പ്രസിദ്ധംചെയ്ത 'പിന്നോട്ടുനോക്കൽ' (Looking Blackward) എന്ന പുസ്തകവും ഡോക്ടർ ത്യോഡർ ഹർട്ട്സ്ക എന്ന വയന്നീസു ധനശാസ്ത്രജ്ഞൻ 1890-ൽ പ്രസിദ്ധീകരിച്ച 'Free Land-A Social Anticipation' എന്ന പുസ്തകവും വില്യം മോറിസ് എന്ന ഇംഗ്ലീഷ്ലേഖകന്റെ 'News From Nowhere' എന്ന പുസ്തകവും ആധുനിക യൂട്ടോപ്യൻ സോഷ്യലിസത്തിന്റെ മറ്റു മാതൃകകളാണ്.

# അദ്ധ്യായം 2

# ഫാസിസം

"ഫാസിസത്തിന്റെ വലിയൊരു പ്രത്യേകത അതിന്ന് സ്ഥിരമായ ആദർശങ്ങളോ നിഷ്ഠകളോ യാതൊന്നും ഇല്ലെന്നുള്ളതാണ്. സോഷ്യലിസത്തോടും കമ്യൂണിസത്തോടും ലിബറലിസത്തോടും ഉള്ള വിരോധത്തിൽ കവിഞ്ഞ്-അതിന്ന് നിദാനമായി ഒരു തത്വചിന്തയും ഇല്ല.

പണ്ഡിത് ജവഹർലാൽ

## ഉപക്രമം

പുതിയ പുതിയ യന്ത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടതോടുകൂടി ഉൽപാദനങ്ങൾ ആവശ്യത്തിലധികം വർദ്ധിച്ചു. ലാഭമുണ്ടാക്കുകയാണല്ലോ മുതലാളിത്തത്തിന്റെ ലക്ഷ്യം. അതുകൊണ്ട്, മത്സരം വർദ്ധിയ്ക്കുംതോറും ഓരോ മുതലാളിയും അധികമധികം ചരക്കുകൾ നിർമ്മിക്കുവാൻ തുടങ്ങി. പക്ഷേ, ഉൽപാദനത്തിന്നനുസരിച്ചുള്ള വിതരണമുണ്ടായില്ല. ഉണ്ടാക്കുന്ന സാമഗ്രികൾ മുഴുവനും വിറ്റുതീർക്കുവാൻ സാധിക്കാതായി. അതിന്റെ ഫലമായി വ്യാപാരത്തിൽ അപകടം പിടിച്ച ഒരു സാമ്പത്തിക ക്കുഴപ്പം വന്നു നേരിട്ടു. മുതലാളികൾ തല ചൊറിയാൻ തുടങ്ങി. ഫാക്ടറികൾ പൂട്ടാൻ തുടങ്ങി. അനേകം തൊഴിലാളികൾ തൊഴിലില്ലാത്തവരായിത്തീർന്നു. ഏതായാലും, കുറച്ചു നാൾകൊണ്ട് 'ഗോഡൌണിൽ' കെട്ടിക്കിടന്നിരുന്ന സാധാനങ്ങളെല്ലാം വിറ്റുതീർന്നു. കമ്പനികൾ വീണ്ടും തുറക്കാൻ തുടങ്ങി. തൊഴിലാളികൾക്ക് പണി വീണ്ടും കിട്ടി. കച്ചവടം വീണ്ടും മുന്നേപ്പോലെ അഭിവൃദ്ധിപ്പെടുവാൻ തുടങ്ങി. പക്ഷേ, ഈ അഭിലഷണീയസ്ഥിതി അധികകാലം നിലനിന്നില്ല. ഉൽപാദനങ്ങൾ വർദ്ധി

ച്ചപ്പോൾ സാമ്പത്തികക്കുഴപ്പം വീണ്ടും തുടങ്ങി. ഉണ്ടാക്കുന്ന സാധനങ്ങളെല്ലാം വിറ്റഴിക്കാൻ സാധിക്കാഞ്ഞാൽ എങ്ങിനെയാണ് കച്ചവടക്കുഴപ്പമുണ്ടാവാതിരിക്കുക? കമ്പനികളിൽനിന്ന് വീണ്ടും തൊഴിലാളികളെ പറഞ്ഞയക്കാൻ തുടങ്ങി. ഇങ്ങിനെ സമ്പത്തിന്റെ ആധിക്യവും കുഴപ്പവും കണ്ടുകൊണ്ട് കാലം മുന്നോട്ടു നടന്നു.

ഒന്നാമത്തെ ലോകമഹായുദ്ധത്തിന്റെ ഫലമായുണ്ടായ സാമ്പത്തികവും രാഷ്ട്രീയവുമായ കുഴപ്പങ്ങളാണ് ഈ ദുർഘടഘട്ടത്തിന്നു കാരണമെന്ന് ചില രാജ്യനീതിജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അത് ഏറെക്കുറെ ശരിയാണുതാനും. വമ്പിച്ച കടച്ചുമട്, ടാരിഫിലുള്ള തകരാറുകൾ, സുപ്രതിഷ്ഠിതമായ പഴയ വ്യാപാരസമ്പ്രദായത്തിന്റെ നാശം, അതിരു കവിഞ്ഞ സ്വദേശ്യപ്രേമം-ഇവയെല്ലാം ഇന്നത്തെ സാമ്പത്തികക്കുഴപ്പത്തിന്റെ കാരണങ്ങളാണെന്നു സമ്മതിച്ചേ തീരൂ. പക്ഷേ, ലോകമഹായുദ്ധം തന്നേയും മുതലാളിത്തത്തിന്റെ സന്താനമല്ലേ?

ഈ കുഴപ്പത്തിൽനിന്നു രക്ഷപ്പെടുവാൻ പ്രധാനമായി രണ്ടു വഴികളാണുള്ളത്. ഒന്നുകിൽ ഈ പുതിയ നിർമ്മാണരീതിയേയും വ്യവസായഭിവൃദ്ധിയേയും പാടേ നശിപ്പിച്ച് ഭൂതകാലത്തിലേയ്ക്കു മടങ്ങിപ്പോവുക. അല്ലെങ്കിൽ, വ്യവസായങ്ങളെ നശിപ്പിക്കാതെ അവയുടെ നിയന്ത്രണത്തിലും വിതരണരീതിയിലും സമൂലമായ ഒരു പരിവർത്തനം വരുത്തുക-മനുഷ്യത്വത്തിന്റെ പുരോഗതിയിലേയ്ക്കുള്ള എടുത്തുചാട്ടത്തെ തടുത്തുനിർത്തുന്ന ആദ്യത്തെ മാർഗ്ഗം ആശാസ്യമാണെന്നു പറയാൻ നിവൃത്തിയില്ല. രണ്ടാമത്തെ മാർഗ്ഗമാണ് സോഷ്യലിസം.

## ഫാസിസം എന്നാൽ എന്ത്?

ഏതായാലും ഒരു കാര്യം തീർച്ചയാണ്. ദോഷപൂർണ്ണമായ മുതലാളിത്തസമ്പ്രദായം അതിന്റെ ഒടുവിലത്തെ പടിയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി അതിന്ന് യാതൊരു മാറ്റവും കൂടാതെ അതേ നിലയിൽ അധികകാലം നിലനില്ക്കുവാൻ സാധിക്കുകയില്ല. ഒന്നുകിൽ അത് പുരോഗതിയിൽ...സ്വകാര്യസ്വത്തുടമയില്ലാത്ത സുന്ദരരൂപത്തിൽ-ചെന്നു ലയിക്കും. അല്ലെങ്കിൽ, അതു പ്രതിക്രിയയുടെ വേഷം ധരിക്കും. ഈ പ്രതിക്രിയയാണ് ഫാസിസം.

ഫാസിസം ഇന്നു നിലവിലുള്ള സാമ്പത്തിക സ്ഥിതിയെ തകിടം മറിക്കുവാനുള്ള ഒരേർപ്പാടാണെന്നു തെറ്റിദ്ധരിക്കരുത്. ഫാസിസത്തെപ്പറ്റി അതിന്റെ പ്രചാരകന്മാർ കടലാസ്സിൽ എഴുതിക്കൂട്ടിയ ഭംഗിയുള്ള പ്രോഗ്രാമുകൾ പ്രവൃത്തിയിൽ വരുമ്പോൾ ഏറ്റവും ഭയങ്കരമായിട്ടാണ് കാണുന്നത്. അമേരിക്കയിലെ സുപ്രസിദ്ധ ലേഖകനായ നോർമൻ

തോമാസ് പറയുന്നതുപോലെ, രാഷ്ട്രത്തിന്റെ സംരക്ഷണത്തിൻ കീഴിലുള്ള മുതലാളിത്തമാണ് ഫാസിസം (Fascism is State Capitalism)(1)

## ഉത്ഭവം

ഫാസിസ്റ്റ് സിദ്ധാന്തങ്ങളുടെ ഉത്ഭവത്തെപ്പറ്റി ശരിക്കു പഠിയ്ക്കണമെങ്കിൽ മാകൃവല്ലി, ദാന്തേ, പ്ലാറ്റോ മുതലായവരുടെ ഗ്രന്ഥങ്ങൾ തുറന്നു നോക്കേണ്ടിവരും. പക്ഷേ, പ്രായോഗികമായ ഫാസിസം 1914-ലെ ലോകമഹായുദ്ധത്തിന്നുശേഷം മാത്രമാണ് വികസിച്ചു വന്നത്. യുദ്ധമാരംഭിക്കുന്നതിന്നു മുമ്പുതന്നെ ഇറ്റലിയുടെ സാമ്പത്തികസ്ഥിതി വലിയൊരു കുഴപ്പത്തിലെത്തിക്കഴിഞ്ഞിരുന്നു. 1914-ൽ ഇറ്റലിയൻ ജനത അഭ്യന്തര വിപ്ലവത്തിന്റെ വക്കുവരെ എത്തി. തൊഴിലാളികളുടെ പണിമുടക്കങ്ങൾ എന്തെന്നില്ലാതെ വർദ്ധിച്ചു. അങ്ങിനെയിരിക്കുമ്പോഴാണ് ലോകമഹായുദ്ധമുണ്ടായത്. അതിനാൽ, യുദ്ധം അവസാനിച്ചപ്പോഴേയ്ക്കും ഇറ്റലിയുടെ സ്ഥിതി ശോചനീയമായിത്തീർന്നുവെന്നു പറയേണ്ടതില്ലല്ലോ. ഒരിടത്ത് പട്ടിണികിടക്കുന്ന തൊഴിലാളികളുടെ കൂടക്കൂടെയുള്ള പണിമുടക്കങ്ങൾ; മറുഭാഗത്തു നിരാശരായിത്തീർന്ന അനേകായിരം പടയാളികളുടെ പ്രതിഷേധ പ്രദർശനങ്ങൾ. ഈ അപകടസ്ഥിതിയിൽനിന്നു രക്ഷപ്പെടുവാനായി ഇടത്തരക്കാരായ നേതാക്കന്മാർ ഒരു യുക്തി കണ്ടുപിടിച്ചു. തൊഴിലാളികളുടെ കൂടിക്കൂടിവരുന്ന ശക്തിയെ തകർക്കുവാൻവേണ്ടി അവർ വെറുതെയിരിക്കുന്ന പടയാളികളെ സംഘടിപ്പിക്കുവാൻ തുടങ്ങി. ഈ സമയത്താണ് മുസ്സോളിനി നേതൃസ്ഥാനത്തിലേക്കു കയറിവന്നത്. 'ഫാസി ഡി കോംബാറ്റിമെന്റി' (Fasci di Cobattimenti) അഥവാ 'യുദ്ധം ചെയ്യുന്ന സംഘങ്ങൾ' എന്ന പേരിൽ അദ്ദേഹം അനേകം പടയാളികളെ സംഘടിപ്പിക്കുവാൻ തുടങ്ങി. തരം കിട്ടുമ്പോഴെല്ലാം സോഷ്യലിസ്റ്റുകാരേയും തൊഴിലാളി സ്ഥാപനങ്ങളേയും എതിർക്കുക എന്നതായിരുന്നു അവരുടെ പ്രധാനപ്രവൃത്തി. ധനികന്മാരും ഇടത്തരക്കാരും ഈ സന്നദ്ധസൈന്യങ്ങൾക്ക് ആവുന്ന ധനസഹായം ചെയ്തുകൊടുക്കുവാൻ യാതൊരു മടിയും കാണിച്ചില്ല. എന്തെന്നാൽ, സോഷ്യലിസ്റ്റുകാരുടേയും തൊഴിലാളികളുടേയും വർദ്ധിച്ചുവരുന്ന ശക്തി തങ്ങൾക്കു ദോഷകരമായിട്ടാണ് കലാശിക്കുക എന്ന് അവർക്ക് നല്ലപോലെ മനസ്സിലായിക്കഴിഞ്ഞിരുന്നു. ഇറ്റലിയിലെ ഗവൺമെന്റുപോലും മുസ്സോളിനിയുടെ പരിശ്രമങ്ങളെ സൗഹാർദ്ദപൂർവ്വമായ ദൃഷ്ടിയോടുകൂടിയാണ് വീക്ഷിച്ചിരുന്നത്.

---

(1) Fascism or Socialism by Norman Thomas

കുറച്ചുകൊല്ലം മുമ്പ് ഇറ്റലിയും തുർക്കിയും തമ്മിൽ യുദ്ധമുണ്ടായപ്പോൾ, യുദ്ധത്തെ അനുകൂലിച്ച മിതവാദികളായ സോഷ്യലിസ്റ്റുകാരെ കഠിനമായെതിർത്ത മുസ്സോളിനി, എല്ലാ നിമിഷത്തിലും സോഷ്യലിസ്റ്റു മന്ത്രം മാത്രം ജപിച്ചിരുന്ന മുസ്സോളിനി, ലോകമഹായുദ്ധമാരംഭിച്ചപ്പോൾ പെട്ടെന്ന് തന്റെ അഭിപ്രായങ്ങളെല്ലാം മാറ്റുകയും യുദ്ധത്തിൽ പങ്കുകൊള്ളുവാൻ ഇറ്റലിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതിന്റെ രഹസ്യം ഏറെക്കുറെ എല്ലാവർക്കും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷേ, യുദ്ധത്തിന്നുശേഷവും അദ്ദേഹത്തിന്ന് തന്റെ വഞ്ചന തുടർന്നുകൊണ്ടു പോകുവാൻ സാധിച്ചതാണ് അത്ഭുതം. സമർത്ഥനായ അദ്ദേഹം തന്റെ ഫാസിസ്റ്റുപ്രസ്ഥാനം ദരിദ്രന്മാർക്കും ധനികന്മാർക്കും ഒരുപോലെ ഉപകാരപ്രദമാണെന്ന തെറ്റിദ്ധാരണ പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. ഈ പ്രയത്നത്തിൽ അദ്ദേഹം ഏതാണ്ടു വിജയിയാകുകയും ചെയ്തു.

ഫാസിസ്റ്റു പ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കു പരിതഃസ്ഥിതികൾ തികച്ചും അനുകൂലമായിരുന്നു. ലോകമഹായുദ്ധത്തിന്റെ ഫലമായി മിക്ക രാജ്യങ്ങളുടേയും സാമ്പത്തികസ്ഥിതി താറുമാറായിക്കിടക്കുകയായിരുന്നു. തൊഴിലില്ലായ്മ വർദ്ധിച്ചു. കൂലി വല്ലാതെ കുറഞ്ഞു. ഒരു ശക്തിയുള്ള ഗവൺമെന്റു വന്നാൽ ഈ കുഴപ്പങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ സാധിച്ചേയ്ക്കാമെന്ന് ജനങ്ങൾ സ്വപ്നം കാണുവാൻ തുടങ്ങി. അവിടേയും ഇവിടേയുമായി ഏതാനും സോഷ്യലിസ്റ്റുകാർ തങ്ങളുടെ ആദർശപ്രാപ്തിക്കുവേണ്ടി ആവുന്നതും അദ്ധ്വാനിച്ചിരുന്നു. പക്ഷേ, അവർക്കു സംഘടനയോ യോജിപ്പോ ഉണ്ടായിരുന്നില്ല. ഏകോപിച്ചുനിന്ന് പൊതുവിലുള്ള ശത്രുവെ എതിർക്കുന്നതിന്നു പകരം അവർ പല കക്ഷികളായി പിരിഞ്ഞ് തമ്മിൽത്തമ്മിൽ ശകാരിക്കുവാനും വിമർശിക്കുവാനും തുടങ്ങി. ഈ അവസരത്തിലാണ് ഫാസിസം തല പൊന്തിച്ചത്.

മറ്റു കാരണങ്ങൾക്കു പുറമെ ഫ്രാൻസ്, ഇംഗ്ലണ്ട് എന്നീ മഹാശക്തികളുടെ ബുദ്ധിഹീനമായ നയവും ഫാസിസത്തിന്റെ ഉത്ഭവത്തിന്നു പ്രേരകമായിട്ടുണ്ട്. വിജയത്തിന്റെ ലഹരികൊണ്ട് മതിമറന്ന് അവ ജർമ്മനിയോടു കൂടുതൽ അധികാരങ്ങൾ ആവശ്യപ്പെടുവാൻ തുടങ്ങി. തോറ്റ ശത്രുവെ എന്നെന്നും കീഴടക്കിവെക്കണമെന്നാണ് അവർ ആഗ്രഹിച്ചിരുന്നത്. ഈ മർദ്ദനനയമാണ് ജർമ്മനിയിൽ അപായകരമായി ദേശീയത്വം നട്ടുവളർത്തിയത്.

ഇറ്റലിക്കും വേർസേയിൽ സന്ധി വേണ്ടത്ര ഗുണകരമായിട്ടല്ല കലാശിച്ചത്. പക്ഷേ, അവിടെ ഫാസിസം വളരുവാനുള്ള പ്രധാന കാരണം ഗവൺമെന്റിന്റെ ദുർബ്ബലതയായിരുന്നുവെന്ന് സമ്മതിക്കേണ്ടിവരും. ഭരണകൂടം ഇറ്റലിക്ക് കൂടുതൽ ഉപകാരപ്രദമാക്കണമെന്നു വാദിച്ചുകൊ

ണ്ടാണ് മുസ്സോളിനി അവിടുത്തെ ഗവൺമെന്റിനെ രാജിവെക്കുവാൻ നിർബ്ബന്ധിച്ചത്. ആവശ്യത്തിലധികമുള്ള വ്യവസായാഭിവൃദ്ധിയും തങ്ങളെപ്പോലെ സംസ്കൃതരായി ലേകത്തിൽ മറ്റൊരു സമുദായവുമില്ലെന്ന പ്രചാരവേലയും ഫാസിസത്തിന്റെ ഉത്ഭവത്തിന്നുള്ള മറ്റു കാരണങ്ങളാണ്.

1922 ഒക്ടോബർമാസത്തിൽ അനേകം ഫാസിസ്റ്റു സൈന്യങ്ങളുടെ അകമ്പടിയോടുകൂടി മുസ്സോളിനി റോമിലേക്കുള്ള തന്റെ വിജയയാത്രയാരംഭിച്ചു. പ്രധാനമന്ത്രിക്കു ഇത് തീരെപിടിച്ചില്ല. അദ്ദേഹം പൊടുന്നനനെ പട്ടാളനിയമംപാസ്സാക്കി. പക്ഷേ, അതുകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. രാജാവുതന്നേയും മുസ്സോളിനിയുടെ വിജയകാംക്ഷിയായിരുന്നു. നിരാശനായിത്തീർന്ന പ്രധാനമന്ത്രി ഉടനെ തന്റെ ഉദ്യോഗം രാജിവെച്ചു. എല്ലാം മുൻകൂട്ടിതീർച്ചയാക്കിയപോലെ, രാജാവ് മുസ്സോളിനിയെ മന്ത്രിപദത്തിലേക്കു ക്ഷണിച്ചു. അങ്ങിനെ 1922 ഒക്ടോബർ 30-ാം നു മുസ്സോളിനി ഇറ്റലിയിലെ പ്രധാനമന്ത്രിയായിത്തീർന്നു. അതോടുകൂടി അദ്ദേഹത്തിന്റെ പ്രവൃത്തി വളരെ എളുപ്പമായിത്തീർന്നു. ക്രമത്തിൽക്രമത്തിൽ രാജാവിന്റെ ശക്തി ക്ഷയിച്ചുക്ഷയിച്ചുവന്നു. മുസ്സോളിനി ഇറ്റലിയിലെ സർവ്വാധിപതിയായിത്തീർന്നു.

ഫാസിസ്റ്റു പ്രസ്ഥാനത്തിന്റെ പ്രോത്സാഹകന്മാർ ഇടത്തരക്കാരായ ധനികന്മാരായിരുന്നുവെന്നത് ഞങ്ങൾക്കു വിസ്മരിക്കാൻ പാടില്ല, ലോകമഹായുദ്ധത്തിന്റെ ഫലമായി മാർക്കിന്റെ (ജർമ്മൻ നാണ്യം) വിലകുറഞ്ഞപ്പോൾ ആ ഇടത്തരക്കാരെല്ലാം ദരിദ്രരായിത്തീർന്നു. അവരാണ് സ്വരക്ഷക്കുവേണ്ടി ഫാസിസത്തെ ആദ്യമായി ആശ്രയിച്ചത്. പക്ഷേ, കാലക്രമത്തിൽ ഇടത്തരക്കാരുടെ സ്ഥാനം പോവുകയും അതൊരു തനി മുതലാളിസ്ഥാപനമായിത്തീരുകയും ചെയ്തു.

അധികാരസ്ഥാനത്തെത്തിയ ഉടനെ മുസ്സോളിനി ഫാസിസത്തിന്നെതിരായുള്ള എല്ലാ ശക്തികളേയും നിർദ്ദയം ചവിട്ടിത്തേയ്ക്കുവാൻ തുടങ്ങി. അദ്ദേഹം പ്രഖ്യാപനം ചെയ്തു:- "ഇറ്റലിയിൽ ഫാസിസത്തിന്നെതിരായ യാതൊരു പ്രസ്ഥാനവും പാടില്ല. ഫാസിസം മാത്രമേ ഇറ്റലിയിൽ നിലനില്ക്കുവാൻ പാടുള്ളു." സ്ക്കൂളുകളും നാടകശാലകളും കച്ചവടസ്ഥലങ്ങളും എന്നുവേണ്ട, ഇറ്റലിയിലെ എല്ലാ പൊതുസ്ഥലങ്ങളും, ഫാസിസത്തിന്റെ പ്രചാരവേലയ്ക്കുള്ള കേന്ദ്രങ്ങളായിത്തീർന്നു. ഫാസിസത്തിന്റെ എതിർശക്തികളെ നാമാവശേഷമാക്കുവാൻവേണ്ടി മുസ്സോളിനി ചെയ്ത കഠിനകൈയുകൾ രോമാഞ്ചത്തോടുകൂടിയല്ലാതെ യാതൊരാൾക്കും വായിയ്ക്കുവാൻ സാധിക്കുകയില്ല. ധനികനും ദരിദ്രനും തമ്മിലുള്ള അകൽച്ചയെ കുറയ്ക്കുകയും വർഗ്ഗമത്സരത്തിൽനിന്ന് രാഷ്ട്രത്തെ

രക്ഷിയ്ക്കുകയുമാണ് ഈ പുതിയ സിദ്ധാന്തത്തിന്റെ ഉദ്ദേശ്യമെന്നു ഫാസിസ്റ്റ് നേതാക്കന്മാർ ഉദ്ഘോഷിയ്ക്കാറുണ്ടായിരുന്നു. പക്ഷേ, വാസ്തവത്തിൽ, ഇതെല്ലാം ഉള്ളു പൊള്ളയായ വാക്കുകൾ മാത്രമാണെന്നു തെളിയുവാൻ അധികകാലം വേണ്ടിവന്നില്ല. ഫാസിസ്റ്റ് ഭരണം സ്ഥാപിച്ചിട്ടുള്ളതു ദരിദ്രന്മാരായ അനേകായിരം തൊഴിലാളികളുടെ ശവത്തിന്മേലും നിരപരാധികളെ അനേകം സ്ത്രീകളുടെ ദീർഘശ്വാസത്തിന്മേലുമാണെന്നു ചരിത്രവിദ്യാർത്ഥികൾക്കു നല്ലപോലെ അറിയാം.

ഇറ്റലിയിൽ ഫാസിസ്റ്റ് പാർട്ടിയുടെ ആധിപത്യം സ്ഥാപിയ്ക്കുവാൻ ഏതാനും കൊല്ലങ്ങൾ വേണ്ടിവന്നു. പക്ഷേ, ജർമ്മനിയിൽ ഫാസിസത്തിന്റെ മറ്റൊരു രൂപമായ നാസിഭരണം അല്പം മാസങ്ങൾക്കുള്ളിലാണ് സ്ഥാപിയ്ക്കപ്പെടുകയുണ്ടായത്. എന്തുകൊണ്ടെന്നാൽ, ഇറ്റലി തയ്യാറാക്കിയ മാതൃകാഫാസിസത്തെ നാസിസം എന്ന പേരിൽ ഇറക്കുമതി ചെയ്യുക മാത്രമേ ജർമ്മനിയ്ക്കു വേണ്ടിവന്നുള്ളു. പക്ഷേ, മർദ്ദനത്തിന്റെ കാര്യത്തിൽ രണ്ടു രാജ്യങ്ങളും, ഒരു പോലെയാണ്. ഹിറ്റ്ലർ ഭരണം കുറച്ചു മാസംകൊണ്ടു കാട്ടിക്കൂട്ടിയ ക്രൂരകൃത്യങ്ങൾ മനുഷ്യത്വത്തെ സ്തംഭിപ്പിക്കുവാൻ പര്യാപ്തമാണ്. ഹിറ്റ്ലരുടെ വലത്തു കൈയായ ഗോറിങ്ങിന്റെ ഈ വാക്കുകൾ ഇവിടെ സ്മർത്തവ്യമാണു:- “നാസിസത്തിന്നു വിരോധിയായ ഒരൊറ്റ വ്യക്തിയെങ്കിലും ജീവിച്ചിരിയ്ക്കുന്നേടത്തോളം കാലം എനിയ്ക്കു യാതൊരു സമാധാനവുമുണ്ടാവുകയില്ല.”

## ഫാസിസത്തിന്റെ സിദ്ധാന്തങ്ങൾ

ഫാസിസത്തിന്നു ഉറപ്പുള്ള രണ്ടു ആധാരസ്തംഭങ്ങളുണ്ട്. ഒന്ന് ദേശീയത (Nationalism); മറ്റേത് രാഷ്ട്രീയാദർശസിദ്ധാന്തം (Political Idealism). ഒടുവിൽ പറഞ്ഞ ആദർശവാദസിദ്ധാന്തം യാതൊരാദർശവുമില്ലാത്ത ഒരു സിദ്ധാന്തമാണെന്നു ബോധ്യപ്പെടുവാൻ അധികമൊന്നും ആലോചിച്ചു നോക്കേണ്ടതില്ല. ഈ സിദ്ധാന്തപ്രകാരം രാഷ്ട്രം സമ്പൂർണ്ണശക്തിയുള്ള ഒരു സ്ഥാപനമാണ്. രാഷ്ട്രം വ്യക്തികൾക്കു വേണ്ടിയല്ല; വ്യക്തികൾ രാഷ്ട്രത്തിന്നുവേണ്ടിയാണ് ജീവിയ്ക്കേണ്ടത്. രാഷ്ട്രത്തിനുവേണ്ടി വ്യക്തികൾ ഏതു സമയത്തും എന്തു ത്യാഗവും ചെയ്യുവാൻ സന്നദ്ധരായിരിയ്ക്കണം. ഇറ്റലിയിലെ ‘മിനിസ്റ്റർ ഓഫ് ജസ്റ്റീസ്’ ആയ ആൽഫ്രഡോ റോക്കോ പറയുന്നതു നോക്കുക:-

“ഫാസിസത്തിന്റെ ലക്ഷ്യം സമുദായവാദമാണ്; വ്യക്തികൾ ലക്ഷ്യപ്രാപ്തിയ്ക്കുള്ള മാർഗ്ഗം മാത്രമാണ്. ഫാസിസത്തിന്റെ ജീവൻ കിടക്കുന്നതു അതിനു വ്യക്തികളെ സാമുദായികോദ്ദേശ്യത്തിന്നുള്ള ഉപകരണങ്ങളാക്കുവാൻ സാധിയ്ക്കുന്നുവെന്നതിലാണ്.”

ഫാസിസത്തെപ്പറ്റി പഠിയ്ക്കുവാനൊരുങ്ങുന്ന രാഷ്ട്രീയവിദ്യാർത്ഥി യുടെ ദൃഷ്ടിയിൽ ആദ്യമായി പതിയുക ഈ പുതിയ സിദ്ധാന്തത്തിലട ങ്ങിയ അതിരു കവിഞ്ഞ ദേശീയതയാണ്. ഫ്രഞ്ചുവിപ്ലവത്തിന്നുശേഷം പാശ്ചാത്യന്റെ മതം ഏതാണ്ട് ദേശീയതയായിത്തീർന്നിട്ടുണ്ടെന്നു പറ ഞ്ഞാൽ തെറ്റില്ല. 1914-ൽ തുടങ്ങിയ ഭയങ്കരമായ നരകക്കുഴിയിലേയ്ക്കു ബലാൽക്കാരമായി പിടിച്ചുന്തിയതു വിഭിന്നരാജ്യങ്ങളുടെ അനാശാസ്യ മായ ദേശീയതയാണെന്ന് ചരിത്രവിദ്യാർത്ഥികളോടു പറയേണ്ടതില്ല. യുദ്ധകാലത്തു പെട്ടെന്നു മൂർദ്ധന്യസ്ഥിതിയിലെത്തിയ ദേശീയതയെ എല്ലാ സമയത്തും ആളിക്കത്തിയ്ക്കുകയാണ് ഫാസിസത്തിന്റെ പ്രവൃ ത്തി. സോഷ്യലിസ്റ്റ്കാർക്കും, കമ്യൂണിസ്റ്റ്കാർക്കും, ജൂതന്മാർക്കും ദേശീ യബോധമില്ലെന്ന കാരണം പറഞ്ഞുകൊണ്ടാണ് ഫാസിസ്റ്റ്കാർ അവരെ നിർദ്ദയം വേട്ടയാടി നശിപ്പിയ്ക്കുവാൻ മുതിർന്നത്.

സർവ്വരാജ്യമൈത്രിയിൽ ഫാസിസത്തിന്നു വിശ്വാസമില്ല. രാജ്യ ത്തിന്റെ ക്ഷേമത്തിന്നു യുദ്ധം ഒഴിച്ചുകൂടാത്തതാണെന്നു ഹിറ്റ്ലറും മുസ്സോളിനിയും ഒരുപോലെ ഉറപ്പിച്ചു പറയുന്നു. "യുദ്ധോദ്ദേശ്യം അട ങ്ങാത്ത സന്ധി വിഡ്ഢിത്തവും ഉപയോഗശൂന്യവുമാണെ"ന്നാണ് ഹിറ്റ്ലർ "My Struggle" എന്ന തന്റെ ആത്മകഥയിൽ ഉദ്ഘോഷിയ്ക്കു ന്നത്. "സമാധാനം, തികഞ്ഞ വിഡ്ഢിത്തം മാത്രമാണ്. പക്ഷേ, ചില പ്പോൾ അതു യുദ്ധത്തിന്നിടയിലുള്ള ചെറിയൊരു വിശ്രമമായിരിയ്ക്കും." എന്നു മുസ്സോളിനിയും പറയുന്നു. മുസ്സോളിനിയുടെ ഒരു അടുത്ത സ്നേഹിതനും പ്രസിദ്ധ ഫാസിസ്റ്റ് നേതാവുമായ മേരി യുകാർലി പറ യുകയാണ്:- "യുദ്ധത്തിൽനിന്നാണ് ഫാസിസം ഉണ്ടായിട്ടുള്ളത്. ഫാസി സത്തിന്റെ നിലനില്പിന്നു യുദ്ധം അത്യാവശ്യമാണ്. ഒരു മഹായുദ്ധം കൂടാതെ നമ്മുടെ രാജ്യത്തിന്നു ഒരിക്കലും അഭിവൃദ്ധിയുണ്ടാവുകയില്ല."

ഫാസിസം സോഷ്യലിസത്തിന്റെ ഒരു വകഭേദം മാത്രമാണെന്നു ചിലർ അഭിപ്രായപ്പെടാറുണ്ട്. ഇതിലും വലിയൊരു തെറ്റിദ്ധാരണ കാണു വാൻ പ്രയാസമാണ്. ജോൺ സ്റ്റ്റേച്ചേ പ്രസ്താവിച്ചതുപോലെ, "ഫാസിസ്റ്റ് സോഷ്യലിസം സാമ്രാജ്യവാദമല്ലാതെ മറ്റൊന്നുമല്ല." * മറ്റു രാജ്യങ്ങളെ കീഴടക്കി വെയ്ക്കുകയെന്നതു ഫാസിസത്തിന്റെ ഒരനിവാര്യ ഫലമാണ്. മുസ്സൊളിനി പറയുന്നതു നോക്കുക:-

"നമ്മൾ നാലുകോടിയുണ്ട്. ബഹുമാനപ്പെട്ടതും പക്ഷേ, ഇടുങ്ങിയ തുമായ നമ്മുടെ കൊച്ചു രാജ്യത്തിൽ ഒതുങ്ങിക്കഴിച്ചുകൂട്ടുവാൻ നമ്മൾ നിർബ്ബദ്ധരായിത്തീർന്നിരിയ്ക്കയാണ്. ഇറ്റലിയുടേതിനേക്കാൾ ജനസംഖ്യ കുറഞ്ഞ രാജ്യങ്ങൾ നമ്മുടെ ചുറ്റുപാടുമുണ്ട്. അവയിൽ ചില രാജ്യ

* Menace of Fascism by John Strachey.

ങ്ങൾ നമ്മുടെ ഇറ്റലിയുടെ ഇരട്ടിവലുപ്പമുള്ളവയാണ്. അതിനാൽ ഇറ്റലിയുടെ രാജ്യാതിർത്തികളെ വിസ്തൃതമാക്കേണ്ടതു നമ്മുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമായിത്തീർന്നിരിയ്ക്കുന്നു." "ജീവിതത്തിന്റെ ശാശ്വത നിയമമാണ് സാമ്രാജ്യവാദം" എന്നു മുസ്സോളിനിതന്നെ മറ്റൊരവസരത്തിൽ പറയുകയുണ്ടായി. ഇത്രയും പറഞ്ഞതിൽനിന്നു ഇറ്റലിയും അബിസീനിയയും തമ്മിൽ നടന്ന യുദ്ധത്തിന്റെ ഒരു പ്രധാന കാരണം വായനക്കാർക്കു ഊഹിയ്ക്കാൻ സാധിയ്ക്കുന്നതാണ്.

സ്വാകാര്യസ്വത്തു നിലനിർത്തുകയാണ് ഫാസിസത്തിന്റെ മറ്റൊരുദ്ദേശ്യം. സ്വകാര്യസ്വത്തുടമയെ നശിപ്പിയ്ക്കുവാൻ പ്രക്ഷോഭം കൂട്ടുന്ന സോഷ്യലിസ്റ്റ്കാരേയും തൊഴിലാളിസ്ഥാപനങ്ങളേയും നിർദ്ദയം നശിപ്പിയ്ക്കുകയും അത്തരം പ്രക്ഷോഭകന്മാരുമായി ഒരിയ്ക്കലും സന്ധി ചെയ്യാതിരിയ്ക്കുകയുമാണ് അതിന്നുള്ള വഴി. തൊഴിൽമുടക്കങ്ങൾ തുടങ്ങി വർഗ്ഗമത്സരത്തിന്റെ പ്രദർശനങ്ങളെല്ലാം ഇറ്റലിയിൽ നിയമവിരുദ്ധമാണ്. അതെല്ലാം മുസ്സോളിനി ബലം പ്രയോഗിച്ചമർത്തുന്നു. ബലപ്രയോഗത്തിൽ അദ്ദേഹത്തിന്ന് അതിരറ്റ വിശ്വാസമുണ്ട്. അദ്ദേഹം ഒരു പ്രസംഗത്തിൽ ഇങ്ങിനെ പറയുകയുണ്ടായി:-"സമുദായത്തിന്റെ ആരോഗ്യത്തിന്നു ബലപ്രയോഗം അത്യാവശ്യമാണ്. ശക്തിയുടെ ഉപയോഗം സദാചാരത്തിന്നു വിരുദ്ധമാണെന്നു ചിലർ പറയാറുണ്ട്. അതു ശരിയല്ല. നാല്പത്തെട്ടു മണിക്കൂർ നേരത്തെ ബലപ്രയോഗംകൊണ്ടു നാല്പത്തെട്ടു കൊല്ലത്തെ പ്രചാരവേലകൾകൊണ്ടും പ്രസംഗങ്ങൾകൊണ്ടും നേടാൻ കഴിയാത്ത കാര്യങ്ങളാണ് നമുക്കു ലഭിച്ചിട്ടുള്ളത്."

രാഷ്ട്രത്തിന്റെ മുഴുവൻ അധികാരവും സർവ്വാധിപതിയിലാണ് സ്ഥിതിചെയ്യുന്നത്. പൊതുതിരഞ്ഞെടുപ്പുകൾ വോട്ടധികാരവും മറ്റും നാമാവശേഷമായിത്തീർന്നിരിയ്ക്കുന്നു. മന്ത്രിസഭയ്ക്ക് യാതൊരുത്തരവാദിത്വവുമില്ല. സർവ്വാധിപതി പറയുന്നതെല്ലാം ശരിവെയ്ക്കുക മാത്രമാണ് മന്ത്രിസഭയുടെ ഉദ്ദേശ്യം.

സോഷ്യലിസത്തെപ്പോലെതന്നെ ഫാസിസവും പ്രജാതന്ത്രവാദത്തിൽ വിശ്വസിയ്ക്കുന്നില്ല. പക്ഷേ, സോഷ്യലിസത്തിലെ സർവ്വാധിപത്യവും ഫാസിസത്തിലെ സർവാധിപത്യവും ഒരു പോലെയാണെന്നു തെറ്റിദ്ധരിയ്ക്കരുത്. ആദ്യത്തേത് സർവ്വാധിപത്യമോ, വർഗ്ഗമത്സരമോ ഇല്ലാത്ത ഒരു ആകർഷകമായ സമുദായത്തിന്റെ നാന്ദി മാത്രമാണ്. രണ്ടാമത്തേതിന്റെ ഉദ്ദേശ്യം ജനങ്ങളെ എന്നെന്നും സർവ്വാധിപത്യത്തിൻകീഴിൽ അടക്കിഭരിക്കുകയാണ്.

അന്ധമായ അനുസരണമാണ് ഫാസിസത്തിന്റെ മറ്റൊരു പ്രധാനമായ സിദ്ധാന്തം. ആവശ്യമുള്ളപ്പോൾ, ഫാസിസ്റ്റ്വിപ്ലവത്തിന്നുവേണ്ടി

തന്റെ രക്തം അർപ്പിച്ചുകൊള്ളാമെന്ന് ഓരോ പടയാളിയും സത്യം ചെയ്യണം.* പടയാളികൾ അനിവാര്യമായി അനുഷ്ഠിയ്ക്കേണ്ട പത്തു കല്പനകൾ ഇവ്ടെ ഉദ്ധരിയ്ക്കുന്നതു രസാവഹമായിരിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു:-

(1) ഫാസിസ്റ്റ് എപ്പോഴും ഒരു പടയാളിയാണെന്നോർമ്മവെയ്ക്കുക. അവൻ ഒരിയ്ക്കലും ശാശ്വതമായ സന്ധിയിലും സമാധാനത്തിലും വിശ്വസിയ്ക്കുകയില്ല.

(2) നിന്നെ അറസ്റ്റു ചെയ്തു ജെയിലിൽ വെയ്ക്കുകയാണെങ്കിൽ അതു നിന്റെ ഗുണത്തിന്നുവേണ്ടിയാണെന്നു ധരിയ്ക്കും.

(3) മുസ്സോളിനിയുടെ പുതു കല്പനയും രാജ്യസേവയാണെന്നു മനസ്സിലാക്കുക.

(4) എല്ലാ ഫാസിസ്റ്റുകളും നിന്റെ സഹോദരന്മാരാണ് (എല്ലാ മനുഷ്യരും അല്ല!- കെ. ദാ.) എന്തുകൊണ്ടെന്നാൽ, നിന്റെ അഭിപ്രായങ്ങൾ തന്നെയാണു അവർക്കും ഉള്ളത്.

(5) നിനക്കു വാളും തോക്കും തന്നിട്ടുള്ളത് എപ്പോഴും യുദ്ധത്തിന്നൊരുങ്ങിയിരിയ്ക്കുവാൻ വേണ്ടിയാണ്.

(6) കുറഞ്ഞ ശമ്പളമേ കിട്ടുന്നുള്ളൂ എന്നു നീ ഒരിയ്ക്കലും ആക്ഷേപിയ്ക്കരുത്.

(7) സൈന്യഭരണത്തിന്റെ ജീവൻ അന്ധമായ ആജ്ഞാപാലനമാണ്.

(8) മുസ്സോളിനി പറയുന്നതെല്ലാം ശരിയാണ്.

(9) കല്പന ലംഘിയ്ക്കുന്ന പടയാളിയ്ക്കു വെടിയുണ്ടയല്ലാതെ മറ്റു യാതൊരു പ്രായശ്ചിത്തവുമില്ല.

(10) ഈശ്വരാ! ഡൂച്ചേ മുസ്സോളിനി ചിരഞ്ജീവിയായി ഭവിയ്ക്കട്ടെ.

ഇനി ഫാസിസ്റ്റ് ഭരണത്തിൽ സ്ത്രീകൾക്കു സ്ഥാനമെന്താണെന്നു നോക്കാം.

മറ്റു മിക്ക രാജ്യങ്ങളിലേയും സ്ത്രീകൾ പുരുഷന്മാർക്കുള്ളത്രതന്നെ അധികാരങ്ങൾ ലഭിയ്ക്കുവാൻ വേണ്ടി പ്രക്ഷോഭങ്ങൾ കൂട്ടുകയാണ്. പാരതന്ത്ര്യത്തിൽ കിടക്കുന്ന ഇന്ത്യയിൽപോലും സ്ത്രീകൾ ഉണർന്നു കഴിഞ്ഞിരിയ്ക്കുന്നു. പക്ഷേ, ഫാസിസ്റ്റുഭരണവും നാസിഭരണവും സ്ത്രീകളെ ബലാൽക്കാരമായി അടിമത്തത്തിൽത്തന്നെ പിടിച്ചുനിർത്തുകയാണ് ചെയ്യുന്നത്. പുരുഷന്മാർക്കുള്ള വിദ്യാഭ്യാസം സ്ത്രീകൾക്കാവശ്യമില്ലെന്നാണു ഹിറ്റ്ലരുടെ അഭിപ്രായം. അദ്ദേഹം പറയുകയാണ്:

* Individualism and socialism by Kirly Page.

– * "മാതൃത്വത്തെ ശരിയ്ക്കുകൊണ്ടുനടത്തുവാനുള്ള വിദ്യാഭ്യാസം മാത്രമേ സ്ത്രീകൾക്കാവശ്യമുള്ളു." സ്വാതന്ത്ര്യസമ്പാദനത്തിന്നുവേണ്ടി പുരുഷന്മാരോടൊപ്പം തോളോടുതോൾ ചേർന്നു കാരാഗൃഹത്തിലേയ്ക്കു പോയ ഭാരതീയസ്ത്രീകൾക്കു നാസിസിദ്ധാന്തത്തിന്റെ പ്രചരണമന്ത്രിയായ ഗോബെൽസിന്റെ ഈ വാക്കുകൾ അത്ഭുതത്തോടുകൂടിയല്ലാതെ വായിയ്ക്കുവാൻ സാധിയ്ക്കുകയില്ല:–

"സുന്ദരികളായിരിയ്ക്കുകയും കുട്ടികളെ പ്രസവിയ്ക്കുകയുമാണ് സ്ത്രീകളുടെ കർത്തവ്യം. ആൺപക്ഷിയെ തൃപ്തിപ്പെടുത്തുവാൻവേണ്ടി അലങ്കാരങ്ങളണിയുകയും മുട്ടയിടുകയുമാണല്ലോ പെൺപക്ഷിയുടെ പ്രവൃത്തി. അതിന്നു പകരമായി ആൺപക്ഷി ഭക്ഷണം സമ്പാദിച്ചുകൊണ്ടുവരികയും ശത്രുക്കളോടു യുദ്ധംചെയ്തു കുടുംബത്തെ രക്ഷിയ്ക്കുകയും ചെയ്യുന്നു."

ഇങ്ങിനെ ഉദ്ധരിയ്ക്കണമെങ്കിൽ, മുസ്സോളിനിയുടേയും ഹിറ്റ്ലരുടേയും അനേകം പ്രസംഗങ്ങൾ കിടപ്പുണ്ട്. പക്ഷേ, ഈ ചെറുലേഖനത്തിൽ അതിന്നൊരുങ്ങുന്നതു കുറച്ചു സാഹസമായിരിയ്ക്കും.

ചുരുക്കിപ്പറഞ്ഞാൽ, ഫാസിസംകൊണ്ടു ലോകത്തിന്നു പല അനർത്ഥങ്ങളുമുണ്ടായിട്ടുണ്ട്. എന്തുതന്നെയായാലും ശരി, സോഷ്യലിസ്റ്റുകാരേയും മറ്റു വിപ്ലവകാരികളേയും ഉന്മൂലനാശം ചെയ്യണമെന്നാണു മുസ്സോളിനിയും ഹിറ്റ്ലറും തീർച്ചയാക്കിയിട്ടുള്ളത്. പക്ഷേ, ഈ മർദ്ദനനയം എത്രകാലം തുടർന്നുകൊണ്ടുപോകാൻ സാധിയ്ക്കുമെന്നറിയുവാൻ ലോകം ഉൽക്കണ്ഠയോടെ നോക്കിക്കൊണ്ടിരിയ്ക്കുകയാണ്. സുപ്രസിദ്ധ ധനശാസ്ത്രജ്ഞനായ ജോൺ സ്റ്റാച്ചേ അഭിപ്രായപ്പെട്ടതുപോലെ, "ഫാസിസം മുതലാളിത്തത്തിന്റെ ആത്മരക്ഷയ്ക്കുള്ള ഒടുവിലത്തെ പ്രയത്നമാണ്. ഫാസിസം തോറ്റുകഴിഞ്ഞാൽ പിന്നെ മുതലാളിത്തത്തെ സംരക്ഷിയ്ക്കുവാൻ മറ്റു യാതൊരുശക്തിയും ഉണ്ടാവുകയില്ല."

---

* My Struggle by Herr Hitler

# അദ്ധ്യായം 3

## ഫ്രഞ്ചു വിപ്ലവം

എത്രതന്നെ ബുദ്ധിമാനാണെങ്കിലും സ്വേച്ഛാചാരിയും, നിരുത്തരവാദിയുമായ ഒരു ചക്രവർത്തിയുടെ ഭരണത്തെക്കാൾ ജനങ്ങൾ തിരഞ്ഞെടുത്തയക്കുന്ന പ്രതിനിധികളുടെ ഭരണമാണധികം നല്ലത്. ഭരണതന്ത്രത്തിന്റെ ഭാവിയെ അപ്പടി മാറ്റിമറിച്ച് ഈ പുതിയ വിചാരഗതി ആദ്യമായി ഫ്രഞ്ച് വിപ്ലവകാലത്താണ് ഏറ്റവും ശക്തിയോടുകൂടി പ്രചരിക്കുകയുണ്ടായത്.

1789 മുതൽ 1815 വരെയുള്ള കാൽനൂറ്റാണ്ട് യൂറോപ്പിന്റെ ചരിത്രത്തിൽ ഏറ്റവും വിപ്ലവകരമായ ഒരു കാലഘട്ടമാണ്. ഈ കാലഘട്ടത്തെയാണ് ചരിത്രകാരന്മാർ സുപ്രസിദ്ധമായ ഫ്രഞ്ചുവിപ്ലവക്കാലമെന്നു വിളിക്കുന്നത്. രാഷ്ട്രീയമായും, സാമുദായികമായും, സാമ്പത്തികമായും, സാംസ്കാരികമായും ഇത്ര വമ്പിച്ച പരിവർത്തനങ്ങളുണ്ടായിട്ടുള്ള ഒരു കാലം മുമ്പൊരിക്കലുമുണ്ടായിട്ടില്ല. രാജാവ് പ്രജകളുടെ ഗുണത്തിന്നു വേണ്ടിയാണു ഭരണം നടത്തുന്നതെന്നും, അതുകൊണ്ട് ജനങ്ങൾക്കു ഭരണകാര്യങ്ങളിൽതലയിടേണ്ട യാതൊരാവശ്യവുമില്ലെന്നും, ഉള്ള 18-ാം നൂറ്റാണ്ടിന്റെ അപമാനകരമായ ചിന്താഗതിക്കു സാരമായ ഉടവുതട്ടിയതു അക്കാലത്താണ്. എത്രതന്നെ ബുദ്ധിമാനാണെങ്കിലും സ്വേച്ഛാചാരിയും, നിരുത്തരവാദിയുമായ ഒരു ചക്രവർത്തിയുടെ ഭരണത്തേക്കാൾ ജനങ്ങൾ തിരഞ്ഞെടുത്തയക്കുന്ന പ്രതിനിധികളും ഭരണമാണധികം നല്ലത്. ഭരണതന്ത്രത്തിന്റെ ഭാവിയെ അപ്പടി മാറ്റിമറിച്ച് ഈ പുതിയ വിചാരഗതി ആദ്യമായി ഫ്രഞ്ചുവിപ്ലവകാലത്താണു ഏറ്റവും ശക്തിയോടുകൂടി പ്രചരിക്കുകയുണ്ടായതു. എന്നാൽ ഫ്രാൻസിലെ ലൂയി 16-ാമൻ, റഷ്യയിലെ കേദറൈൻ ചക്രവർത്തിനി, സ്വീഡനിലെ ഗുസ്തവസ്സ് മൂന്നാമൻ,

സ്പെയിനിലെ ചാറൽസ് മൂന്നാമൻ, ടസ്കാനിയയിലെ ആർച്ച്ഡ്യൂക്ക് ലിയോപോൾഡ്, പ്രഷ്യയിലെ മഹാനായ ഫ്രഡറിക്ക്, അസ്ത്രിയയിലെ ജോസഫ് രണ്ടാമൻ–എല്ലാ ഭരണാധികാരികളും പ്രജകളുടെ ക്ഷേമത്തിന്നുവേണ്ടിയാണു തങ്ങൾ ചെങ്കോൽ ധരിച്ചിരിക്കുന്നതെന്നും, ഈശ്വരദത്തമായ രാജാധികാരത്തിന്റെ മുമ്പിൽ എല്ലാ ജനങ്ങളും തലകുനിച്ചുകൊള്ളണമെന്നും, ഔദ്ധത്യത്തോടുകൂടി പ്രഖ്യാപിച്ചുകൊണ്ടു അഭിവൃദ്ധ്യന്മുഖമായ ഈ പുതിയ വിചാരഗതിയെ സർവ്വശക്തികളും പ്രയോഗിച്ചു അമർത്തുവാൻ ശ്രമിച്ചു. പക്ഷേ, വാസ്തവത്തിൽ, സ്വേച്ഛാചാരികളായ അവരുടെ എല്ലാ വാദങ്ങളും അടിസ്ഥാനരഹിതങ്ങളാണെന്നു 18–ാം നൂറ്റാണ്ടിന്റെ കഷ്ടപ്പാടുകൾ ഉച്ചത്തിൽ വിളിച്ചുപറയുന്നുണ്ടായിരുന്നു. യൂറോപ്പിലെ കൃഷിക്കാർ മുഴുവനും അക്കാലത്ത് തനിഅടിമകളായിട്ടാണു കഴിച്ചുകൂട്ടിയിരുന്നത്. പ്രഷ്യയിലെ പ്രഭുവർഗ്ഗത്തിന്റെ എസ്റ്റേറ്റുകളിൽ കുടിയേറിപ്പാർത്തവരുടെ സ്ഥിതി അമേരിക്കയിലേയും വെസ്റ്റ് ഇൻഡീസിലേയും നീഗ്രോക്കാരുടെ സ്ഥിതിയേക്കാൾ ഒട്ടും ഭേദമായിരുന്നില്ല. പ്രഭുക്കന്മാരുടെ സമ്മതംകൂടാതെ ഗ്രാമത്തിൽനിന്നു പുറത്തു പോകുവാനാകട്ടെ, വിവാഹം കഴിക്കുവാൻപോലുമാകട്ടെ ആ പാവങ്ങൾക്കു അധികാരമുണ്ടായിരുന്നില്ല. അവരുടെ കുട്ടികൾ പള്ളിക്കൂടങ്ങളിൽ ചേർന്നു വിദ്യാഭ്യസിക്കുന്നതിന്നു പകരം പ്രഭുക്കന്മാരുടെ കുടുംബങ്ങളിൽ ഏറ്റവും ചുരുങ്ങിയ കൂലിക്കു കഠിനമായി പണിയെടുക്കേണ്ടിവന്നു. ഈ ദയനീയമായ അടിമത്തം മദ്ധ്യയൂറോപ്പിലും, കിഴക്കൻയൂറോപ്പിലും, ജർമ്മനിയിലെ മിക്ക ഭാഗങ്ങളിലും, പോളണ്ട്, റഷ്യ എന്നീ രാജ്യങ്ങളിലും സുലഭമായിരുന്നു. ഈ സ്ഥിതി നിലവിലുള്ള സ്ഥലങ്ങളിൽ പ്രഭുക്കന്മാരുടെ സമ്മതംകൂടാതെ വ്യാപാരകാര്യങ്ങൾ പഠിക്കുവാൻപോലും ആർക്കും അധികാരമുണ്ടായിരുന്നില്ല. ഒളിച്ചോടിപ്പോയ അടിമയ്ക്കു ട്രേഡ്ഗിൽഡുകളിൽ ഒരു വിധത്തിലും പ്രവേശനമുണ്ടായിരുന്നില്ല.

ഗവൺമെന്റിന്നു നികുതി, പ്രഭുവിന്നു പാട്ടം, പള്ളിക്ക് നിർബ്ബന്ധപൂർവ്വമായ വഴിപാട് ഇതെല്ലാം കൊടുത്തുകഴിഞ്ഞാൽപിന്നെ കൃഷിക്കാർക്ക് പട്ടിണിമാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. അതിന്റെ ഫലമായി രാജ്യം മുഴുവനും പൈശാചികമായ ക്ഷാമം പിടിപെട്ടു. നിരത്തുകൾ ഭിക്ഷക്കാരെക്കൊണ്ടു നിറഞ്ഞു. 1777–ൽ ഫ്രാൻസിൽ ആകെ 11 ലക്ഷം ഭിക്ഷക്കാരുണ്ടായിരുന്നുവെന്നു ഔദ്യോഗികറിപ്പോർട്ടുകൾ സമ്മതിക്കുന്നുണ്ട്. ഭക്ഷണത്തിന്റെ ദുസ്സഹമായ അഭാവം കവർച്ചകളേയും കൊള്ളകളേയും സുലഭങ്ങളാക്കിത്തീർത്തു. 'ദാരിദ്ര്യത്തിന്റെ ശുണ്ഠിയെടുത്ത രൂപ'മായ പിടിച്ചുപറി രാജ്യമൊട്ടുക്കും നടമാടാൻ തുടങ്ങി.

ദരിദ്രവർഗ്ഗക്കാരുടെയിടയിലെപ്പോലെത്തന്നെ ഇടത്തരക്കാരുടെ ഇട യിലും കലശലായ അസംതൃപ്തിയുണ്ടായിരുന്നു. എന്തെന്നാൽ, മുത ലാളിത്തത്തിന്റെ അനിവാര്യമായ വികാസത്തിന്നു ചക്രവർത്തിയും പ്രഭു വർഗ്ഗവും തടസ്സമായിരുന്നു. ഫ്രഞ്ചുഗവൺമെന്റിന്റെ സാമ്പത്തികനയം കൃഷി, കച്ചവടം, വ്യവസായം എന്നിവയുടെ വളർച്ചയെ ഒരുവിധത്തിലും സഹായിക്കുകയുണ്ടായില്ല. ഫ്യൂഡൽവർഗ്ഗക്കാർ ഫ്രാൻസിന്റെ വ്യവസാ യീകരണത്തിന്റെ ശത്രുക്കളായിരുന്നു എന്നുതന്നെ പറയാം. ഫ്യൂഡൽസ മ്പ്രദായത്തിന്റെ അധിനായകത്വം-പ്രഭുത്വത്തിന്റേയും പള്ളിയുടേയും ഭരണം-എല്ലാത്തരത്തിലുള്ള പ്രതിബന്ധങ്ങൾ വലിച്ചിട്ടിട്ടും മുതലാ ളിത്തം വളർന്നുവരികതന്നെ ചെയ്തു. എണ്ണംകൊണ്ടുമാത്രം നോക്കി യാൽ പ്രഭുവർഗ്ഗത്തിന്നു ശക്തിയില്ലെന്നു തോന്നിയേക്കാം. ആകെയുള്ള രണ്ടുകോടി അറുപതുലക്ഷം ജനങ്ങളിൽ പ്രഭുക്കന്മാർ ഒന്നരലക്ഷത്തിൽ കുറവായിരുന്നു. എന്നിട്ടും രാജ്യത്തിൽ ആകെയുള്ള വരവിന്റെ അഞ്ചി ലൊരു ഭാഗം അവരുടെ മടിശ്ശീലക്കുള്ളിലേക്കാണു പോയ്ക്കൊണ്ടിരു ന്നത്. ആകെയുള്ള നിലത്തിന്റെ മുക്കാൽഭാഗവും അവരുടെ ഉടമസ്ഥത യിലായിരുന്നു. അതിനാൽ രാജ്യത്തിൽ നെടുനീളെ സ്വേച്ഛാധിപത്യം നടത്തുവാൻ അവർക്കു ധാരാളം സൗകര്യമുണ്ടായിരുന്നുവെന്നു പറയേ ണ്ടതില്ലല്ലോ.

മുതലാളിത്തത്തിന്റെ വികാസം ഫ്രാൻസിലെ ഒന്നരകോടി കൃഷി ക്കാരുടെയിടയിൽ പല വ്യത്യസ്തതകളും ഉണ്ടാക്കിത്തീർത്തു. ധനി കന്മാരായ, കൃഷിക്കാർ, ഇടത്തരക്കാരായ കൃഷിക്കാർ (ഈ ഇനത്തി ലുള്ള കൃഷിക്കാരുടെ എണ്ണമായിരുന്നു ഏറ്റവും വലുത്, ദരിദ്രന്മാരായ ചെറിയ കൃഷിക്കാർ ഇങ്ങിനെ അവരുടെ ഇടയിൽ പല വിഭാഗങ്ങളുമു ണ്ടായിത്തീർന്നു. ദുസ്സഹമായ നികുതിഭാരത്തിന്റേയും, മോശമായ വിള വിന്റേയും ഫലമായി കൃഷിക്കാരുടെ ഒരു വമ്പിച്ച വിഭാഗം തങ്ങളുടെ നിലങ്ങൾ എന്നെന്നേക്കുമായി ഉപേക്ഷിച്ചു പട്ടണങ്ങളിലേക്കു ഓടിപ്പോ വാൻ തുടങ്ങി. ഇങ്ങിനെ ഓടിപ്പോയവരിൽ പലരും ഭിക്ഷയാചിച്ചും, അലഞ്ഞു തിരിഞ്ഞും വളരെ വളരെ കഷ്ടപ്പെടേണ്ടിവന്നു.

കൃഷിക്കാരുടേയും മറ്റു മർദ്ദിതവർഗ്ഗക്കാരുടേയും അസംതൃപ്തി അവിടെയിരിക്കട്ടെ. ക്രമത്തിൽ ക്രമത്തിൽ വികസിച്ചുവന്നിരുന്ന മുത ലാളികൾതന്നെയും രാജകീയഭരണത്തിൽ അസംതൃപ്തിയുള്ളവരായി രുന്നു. എന്തുകൊണ്ടെന്നാൽ ഫ്രാൻസിലെ ഭരണയന്ത്രം അവരുടെ വ്യവ സായത്തിന്റെ വളർച്ചക്കു വലിയൊരു പ്രതിബന്ധമായിട്ടാണ് കിടന്നിരു ന്നത്. 1780-ന്നു മുമ്പായിട്ടുതന്നെ യന്ത്രീകരണത്തിന്നുള്ള എല്ലാ സൗ കര്യങ്ങളുമുണ്ടായിരുന്നിട്ടും രാജാവും പ്രഭുക്കന്മാരും നടുക്കുനിന്നു

കൊണ്ടു മുതലാളിത്തത്തിന്റെ വളർച്ചയെ ആവുന്നതും തടയുകയാണ് ചെയ്തത്. അതിനാൽ മുതലാളികൾ സ്വാഭാവികമായി പ്രഭുത്വത്തിന്റേയും പള്ളിയുടേയും ഭരണത്തെ വെറുക്കുവാൻ തുടങ്ങി. ഫ്യൂഡൽനിയമങ്ങളെ നശിപ്പിക്കണമെന്നാശിച്ചിരുന്ന കൃഷിക്കാരും, പട്ടണങ്ങളിലെ ചെറിയചെറിയ കച്ചവടക്കാരും, കൂലി കൂട്ടിക്കിട്ടണമെന്നാഗ്രഹിച്ചിരുന്ന വേലക്കാരും എല്ലാം തങ്ങൾക്കു പിൻബലമായുണ്ടെന്നു കണ്ടപ്പോൾ അവർ തങ്ങളുടെ ശക്തിയിൽ മതിമറന്നവരായിത്തീർന്നു.

കൃഷിക്കാരുടേയും, തൊഴിലാളികളുടേയും, ഇടത്തരക്കാരുടേയും സർവ്വ്യാപകമായ ഈ കഷ്ടപ്പാടിന്റേയും അസംതൃപ്തിയുടേയും ഒത്തനടുക്കു പ്രഭുക്കന്മാരുടെ മണിമാളികകൾ ലജ്ജയില്ലാതെ തലയുയർത്തിപ്പിടിച്ചുകൊണ്ടു സുഖഭോഗങ്ങളിൽ ആഹ്ലാദംകൊള്ളുകയായിരുന്നു. അനിയന്ത്രിതമായ വിലാസലഹരിയിൽ അവർ പണം വെള്ളംപോലെ കോരിച്ചൊരിഞ്ഞിരുന്നു. ഫ്രഞ്ചുഭരണാധികാരികൾ ആദ്യകാലംമുതൽക്കുതന്നെ മഹത്വാകാംക്ഷക്കും, സാമ്രാജ്യപ്രമത്തതക്കും കുപ്രസിദ്ധി നേടിയവരാണ്. ബൂർബൺ രാജവംശം എല്ലാവരേയും കവച്ചുവെച്ചു. ദുരഹങ്കാരം മൂർത്തീകരിച്ച ഒരു ചക്രവർത്തി ഒരിക്കൽ ഇങ്ങിനെ പറയുകയുണ്ടായി:- France? I am France. State? I am the State. (ഫ്രാൻസോ? ഞാനാണ് ഫ്രാൻസ്. ഭരണയന്ത്രമോ? ഞാനാണ് ഭരണയന്ത്രം.) അനാവശ്യമായി പണം ചിലവിടുന്ന കാര്യത്തിൽ ലൂയി പതിനഞ്ചാമൻ (1715-1774) ലൂയി പതിനാലാമനെക്കാൾ ഒട്ടും കുറഞ്ഞിരുന്നില്ല. ദുർബ്ബലനും മൂഢനുമായ ലൂയി പതിനാറാമൻ (1774-1792) നല്ലൊരു സുന്ദരിയും തന്റെ പത്നിയുമായ ആന്ത്വാനറ്റിന്റെ വിരലിന്മേൽ നൃത്തം വെക്കുന്നവനായിരുന്നു. ഭാര്യയുടെ ഒരു പുഞ്ചിരിക്കുവേണ്ടി രാജ്യത്തിന്റെ ക്ഷേമത്തെ മുഴുവൻ ബലികഴിക്കുവാൻ അദ്ദേഹത്തിന്നു യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല.

## II

സാമ്പത്തികവിതരണവും രാഷ്ട്രീയാധികാരവും തമ്മിലുള്ള ബന്ധത്തിലാണല്ലൊ എല്ലാ വിപ്ലവങ്ങളും കേന്ദ്രീകരിച്ചിട്ടുള്ളത്. ഫ്രഞ്ച്വിപ്ലവത്തെ സംബന്ധിച്ചേടത്തോളവും ഇത് വാസ്തവമാണ്. ഫ്രാൻസിലെ അന്നത്തെ സാമ്പത്തികവിതരണരീതി സമുദായത്തിന്റെ വികാസത്തിന്റെ മുമ്പിൽ വിലങ്ങടിച്ചു നിൽക്കുകയായിരുന്നു. ഉൽപ്പാദനരീതിയും വിതരണരീതിയും തമ്മിലുള്ള ഈ സംഘട്ടനം 18-ാം നൂറ്റാണ്ടിലെ ഫ്രഞ്ച്സാമുദായികചിന്തകളുടെ ചരിത്രം പരിശോധിച്ചുനോക്കിയാൽ വ്യക്തമാകും. സ്വത്തുടമയെ സംബന്ധിച്ചും, സാമുദായികബന്ധങ്ങളെസ്സംബന്ധിച്ചും ജനങ്ങൾക്കുണ്ടായിരുന്ന അഭിപ്രായഗതികളിൽ അക്കാലത്തു അഭിനന്ദ

നാർഹമായ ഒരു പരിവർത്തനം സംഭവിച്ചിട്ടുണ്ടെന്നു കാണാം. ഈ പരിവർത്തനം വലിയ വലിയ ചിന്തകന്മാരുടെ വിചാരങ്ങളിൽ മാത്രമല്ല സാധാരണക്കാരായ നോവലെഴുത്തുകാരുടെ കൃതികളിൽപ്പോലും പ്രതിഫലിച്ചിട്ടുണ്ട്.

പുരോഗതിയെ പ്രതിനിധീകരിച്ചിരുന്ന റൂസ്സോ, വോൾട്ടയർ, ദിദറോ, മോണ്ടസ്ക്യൂ തുടങ്ങിയ മഹാന്മാരായ ജീവൽസാഹിത്യകാരന്മാരുടെ വിചാരഗതികൾക്കും, ഫ്രഞ്ചുവിപ്ലവത്തിന്നും തമ്മിൽ അവിച്ഛിന്നമായ ഒരു ബന്ധമുണ്ടെന്നു സമ്മതിക്കുകതന്നെവേണം. വോൾട്ടയർ 18-ാം നൂറ്റാണ്ടിന്റെ സമുദായത്തിന്റെ കറുത്തഭാഗങ്ങളെ കഠിനമായി ആക്ഷേപിക്കുകയും മുതലാളിത്തത്തിന്റെ വികാസത്തിന്നാവശ്യമായ പരിഷ്കരണങ്ങൾക്കുവേണ്ടി ശക്തിയോടുകൂടി വാദിക്കുകയും ചെയ്തു. സ്വേച്ഛാധിപത്യത്തിൽനിന്നു ജനങ്ങളെ രക്ഷിക്കുവാൻവേണ്ടി ഭരണാധികാരത്തെ സ്വതന്ത്രമായ നിലയോടുകൂടിയ നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായം (Legislative, Executive, Judicial) ഇങ്ങിനെ മൂന്നുവിഭാഗങ്ങളായി തരംതിരിക്കണമെന്നു മോൺടസ്ക്യൂ അഭിപ്രായപ്പെട്ടു. ജനസാമാന്യങ്ങളോടു ഏറ്റവും അധികം അടുത്ത ചിന്തകൻ റൂസ്സോ ആയിരുന്നു. പ്രജായത്തവാഴ്ചയുടെ തത്വജ്ഞാനിയായിട്ടാണ് ജനങ്ങൾ അദ്ദേഹത്തെ അറിഞ്ഞു വരുന്നതു. റുസ്സോവിന്റെ അഭിപ്രായം രാഷ്ട്രീയഭരണം ഭൂരിപക്ഷത്തിന്റെ അധികാരത്തിന്നുള്ളിലായിരിക്കണമെന്നായിരുന്നു. അദ്ദേഹത്തിന്റെ ചിന്തകളാണ് വിപ്ലവത്തെ ഏറ്റവുമധികം സഹായിച്ചത്.

റൂസ്സോ താഴ്ന്ന ഇടത്തരക്കാരുടെ പ്രതിനിധിയായിരുന്നുവെങ്കിൽ ഒരൊന്നാതരം കമ്യൂണിസ്റ്റും തികഞ്ഞ വിപ്ലവകാരിയുമായ മെസ്ലിയർ (1664-1729) ഏറ്റവും ചുവട്ടിലുള്ള മർദ്ദിതജനതയുടെ പ്രതിനിധിയായിരുന്നു. മതത്തിന്റേയും അസമത്വങ്ങളുടേയും പരിപൂർണ്ണ ശത്രുവായിരുന്ന അദ്ദേഹം സാമുദായികഘടനയുടെ അടിസ്ഥാനം തൊഴിലാളികളായിരിക്കണമെന്നു വാദിച്ചു. അദ്ദേഹത്തിന്നുപുറമെ മോറലി, മാബ്ളി തുടങ്ങിയ വേറേയും ചില കമ്യൂണിസ്റ്റുകൾ തങ്ങളുടെ സിദ്ധാന്തങ്ങളെ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ, 18-ാം നൂറ്റാണ്ടിലെ കമ്യൂണിസ്റ്റ് വിചാരഗതിയേയും ബുർഷ്വാവിചാരഗതിയേയും ഒന്നു താരതമ്യപ്പെടുത്തിനോക്കിയാൽ മർദ്ദിതജനതയുടെ പ്രതിനിധികളുടെ ആശയങ്ങൾക്കു വേണ്ടത്ര സ്പഷ്ടതയും ശാസ്ത്രീയതയും ഉണ്ടായിരുന്നില്ലെന്നു വ്യക്തമാവുന്നതാണ്. മുതലാളികൾക്കു തൊഴിലാളികളുടെ മേലുള്ള തങ്ങളുടെ മേധാവിത്വത്തിൽ പരിപൂർണ്ണമായ വിശ്വാസവും തങ്ങളുടെ ചിന്താഗതികൾ അനശ്വരങ്ങളാണെന്നു ഒരു ബോധവുമുണ്ടായിരുന്നു. തൊഴിലാളി

കൾക്കാവട്ടെ, പ്രാബല്യത്തിലുള്ള ആശയങ്ങൾ പ്രാബല്യത്തിലുള്ള വർഗ്ഗത്തിന്റെ ആശയങ്ങളാണ് എന്ന മാർക്സിന്റെ വാചകം മനസ്സിലാക്കാനുള്ള ശാസ്ത്രീയജ്ഞാനമോ ഒരു വർഗ്ഗമെന്ന നിലക്കു തങ്ങളുടെ ശക്തിയെപ്പറ്റിയുള്ള ബോധംപോലുമോ ഉണ്ടായിരുന്നില്ല. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങളോടുകൂടി ആരംഭിച്ച ഫ്രഞ്ച് വിപ്ലവം മുതലാളികൾക്കു തൊഴിലാളികളെ ഇഷ്ടംപോലെ ചൂഷണം ചെയ്വാനുള്ള സ്വാതന്ത്ര്യത്തിൽ ചെന്നവസാനിക്കുവാൻ ഇതും ഒരു പ്രധാനകാരണമാണ്.

ഭരണാധികാരിവർഗ്ഗത്തിന്നു ഭരണം നിലനിർത്തിക്കൊണ്ടു പോകുവാൻ സാധിക്കാതാവുകയും, അതിനെ എതിർത്തുകൊണ്ടു പൊന്തിവരുന്ന പുതിയ വർഗ്ഗത്തിന്നു ഭരണം ഏറ്റെടുത്തു നടത്താനുള്ള ശക്തി കിട്ടുകയും ചെയ്യുമ്പോഴാണല്ലോ വിപ്ലവമുണ്ടാകുന്നത്. അങ്ങിനെയുള്ള ഘട്ടങ്ങളിൽ ഉണ്ടായേ കഴിയൂ എന്നതു ഉണ്ടാവാതെ കഴിയുകയില്ല. അതുകൊണ്ട് സമുദായഘടനയെ അപ്പടി മാറ്റിമറിച്ച് ഫ്രഞ്ച് വിപ്ലവം ചരിത്രത്തിൽ ഒരനിവാര്യമായ സംഭവം മാത്രമാണ്.

## III

ഇങ്ങനെയാണതുണ്ടായതു. രാജ്യമൊട്ടാകെ പരന്നുപിടിച്ച ഭയങ്കരമായ ദാരിദ്ര്യം ചക്രവർത്തിയുടെ ഖജാനയ്ക്കു ഇളക്കം തട്ടിച്ചു. ധനകാര്യമന്ത്രിമാർ ഒരാൾക്കുശേഷം മറ്റൊരാളായി മാറിമാറി അത്യദ്ധ്വാനം ചെയ്തുനോക്കിയെങ്കിലും ഭരണച്ചിലവിന്നു പോരാതെ വന്ന സംഖ്യയെ നികത്തുവാൻ കഴിഞ്ഞില്ല. 1781-ൽ അന്നത്തെ ധനകാര്യമന്ത്രിയായ നെക്കർചക്രവർത്തി ഭരണത്തിന്റെ ബഡ്ജറ്റ് ആദ്യമായി പ്രസിദ്ധം ചെയ്തപ്പോൾ രാജാധികാരം ദീപാളി കുളിയ്ക്കാൻ തുടങ്ങിയെന്നു ജനങ്ങൾക്കു ബോധപ്പെട്ടു. ഒരൊറ്റ ദശാബ്ദംകൊണ്ട് നാലുകോടി ലിവർ കൂടുതൽ നികുതി ചുമത്തുകയുണ്ടായി. ഇനിയും അതു വർദ്ധിപ്പിക്കുവാൻ എത്ര തലചൊറിഞ്ഞിട്ടും നെക്കർക്കു യാതൊരുപായവും തോന്നിയിരുന്നില്ല. അദ്ദേഹത്തിന്നുശേഷം വന്ന ധനകാര്യമന്ത്രി കേലോൺ മൂന്നു എസ്റ്റേറ്റുകളുടേയും പ്രതിനിധികളുടെ ഒരു സംയുക്തസമ്മേളനം വിളിച്ചുകൂട്ടിയാൽ നന്നായിരിക്കുമെന്നഭിപ്രായപ്പെട്ടു. 1787-ൽ കൂടിയ ഈ സമ്മേളനത്തിന്നും ഭരണച്ചിലവിന്നാവശ്യമായ ഫണ്ടുകളുണ്ടാക്കുവാൻ യാതൊരു വഴിയും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ മറ്റു യാതൊരു നിവൃത്തിയുമില്ലാതെ 1614-ന്നുശേഷം ഒരിക്കലും സമ്മേളിച്ചിട്ടില്ലാത്ത സ്റ്റേറ്റ് ജനറലിന്റെ ഒരു സമ്മേളനം വിളിച്ചു കൂട്ടുവാൻ തീരുമാനിക്കേണ്ടി വന്നു. സ്റ്റേറ്റ് ജനറൽ എന്നതു മൂന്നു എസ്റ്റേറ്റുകളുടെ-പുരോഹിതന്മാർ, പ്രഭുക്കന്മാർ, ഇടത്തരക്കാരായ കച്ചവടക്കാർ- എന്നിവരുടെ- ആകെ 1165

പ്രതിനിധികളടങ്ങിയ ഒരു നിയമസഭയാണ്. ഈ അസംബ്ളിയിൽ 3-ാം എസ്റ്റേറ്റിന്നു (ഇടത്തരക്കാർ, കച്ചവടക്കാർ മുതലായവർക്കു) മറ്റു എസ്റ്റേറ്റുകൾക്കു ലഭിക്കുന്നതിന്റെ ഇരട്ടി പ്രാതിനിദ്ധ്യം കിട്ടണമെന്നും, വോട്ടു ചെയ്യുന്നതു വ്യക്തികളായിരിക്കണമെന്നും ഉള്ള ഒരു പൊതുജനാഭിപ്രായം ശക്തിപ്പെട്ടു വന്നു. ലൂയി പതിനാറാമനും നെക്കറും ഇതിനെതിരായിരുന്നു. പക്ഷേ, പൊതുജനാഭിപ്രായത്തെ ചെറുത്തുനില്ക്കുവാൻ രണ്ടുപേർക്കും ശക്തിയുണ്ടായിരുന്നില്ല. അതിനാൽ ഒടുവിൽ മൂന്നാം എസ്റ്റേറ്റിനു ഇരട്ടപ്രാതിനിദ്ധ്യം, അതായത് പ്രഭുത്വത്തിന്നും പള്ളിക്കും കൂടി കിട്ടിയിട്ടുള്ളത്ര പ്രാതിനിദ്ധ്യം, അനുവദിക്കുവാൻ അവർ നിർബ്ബന്ധിതരാവുകതന്നെ ചെയ്തു. സ്റ്റേറ്റ് ജനറൽ വേർസേയിൽവെച്ചു 1789 മേയ്മാസം 5-ാംനു സമ്മേളിച്ചു. അതോടുകൂടിയാണ് ഫ്രഞ്ച് വിപ്ലവം ആരംഭിക്കുന്നത്. ജനങ്ങളിൽനിന്നു കൂടുതൽ പണം പിരിച്ചെടുക്കുന്നതിലല്ല, നേരേമറിച്ച് സ്വകാര്യതാല്പര്യക്കാരായ ഫ്യൂഡലിസ്റ്റ് മേധാവികളുടെ ഭരണം തന്നെ എന്നെന്നേക്കുമായി അവസാനിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളിലാണ് സ്റ്റേറ്റ്-ജനറലിന്റെ ശ്രദ്ധ പതിഞ്ഞത്. ഗവൺമെന്റിന്റേയും, സ്വകാര്യതാല്പര്യക്കാരുടെ എസ്റ്റേറ്റുകളുടേയും എതിർപ്പിനെ കൂട്ടാക്കാതെ മൂന്നാം എസ്റ്റേറ്റ് ആദ്യമായി സ്റ്റേറ്റ്സ് ജനറലിനെ ഒരു നേഷനൽ അസംബ്ളിയാക്കി, അതായത് മൂന്നു എസ്റ്റേറ്റുകളും ഒരുമിച്ചു ഭരണകാര്യങ്ങളെപ്പറ്റി വാദപ്രതിവാദം നടത്തുകയും വ്യക്തികളായി വോട്ടു ചെയ്യുകയും ചെയ്യുന്ന ഒരു രാഷ്ട്രീയസമ്മേളനമാക്കി മാറ്റുവാൻ പ്രയത്നിച്ചു. 1789 ജൂൺ 17-ാം നു മൂന്നാം എസ്റ്റേറ്റിന്റെ പ്രതിനിധികൾ പാസ്സാക്കിയ പ്രമേയത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു:- "ഇന്നത്തെ ഈ വിഷമഘട്ടത്തിൽ ഒരു നേഷനൽ അസംബ്ളി ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. അതിന്നു വേണ്ടി ഇവിടെ വന്നുചേർന്നിട്ടുള്ള പ്രതിനിധികൾ ജനങ്ങളെ യഥാർത്ഥമായി പ്രതിനിധീകരിക്കുന്നവരാണ്. മുഴുവൻ രാഷ്ട്രമാണ് അവരെ ഇങ്ങോട്ടു പറഞ്ഞയച്ചിട്ടുള്ളത്."

## IV

നേഷനൽ അസംബ്ളി കൂടുവാൻ ആദ്യം രാജാവ് സമ്മതിച്ചില്ല. സാധാരണയോഗം കൂടുന്ന സ്ഥലം ഗവൺമെന്റ് അവർക്കനുവദിച്ചുകൊടുത്തില്ല. ഉടനെ അവരെല്ലാവരുംകൂടി യോഗം കൂടുവാനായി അടുത്തുള്ള ഒരു ടെന്നിസ് കോർട്ടിൽ വന്നുചേർന്നു. ഫ്രാൻസിന്നു ഒരു ശരിയായ ഭരണഘടന നൽകുന്നതുവരെ തങ്ങളാരും അടങ്ങിയിരിക്കുകയില്ലെന്നു അവിടെവെച്ചു അവർ പ്രതിജ്ഞ ചെയ്തു.

പിന്നീടു ചക്രവർത്തി സ്റ്റേറ്റ് ജനറലിന്റെ യോഗം വിളിച്ചുകൂട്ടിയപ്പോൾ അവരെല്ലാവരും ദൃഢനിശ്ചയത്തോടുകൂടിയാണ് വന്നുചേർന്നത്. ചക്രവർത്തിയുടെ പ്രസംഗം അവർ നിശ്ശബ്ദരായി കേട്ടുകൊണ്ടിരുന്നു.

എന്നാൽ അവർക്കു പ്രത്യേകമായുള്ള സ്ഥലത്തേക്കു മാറിയിരിക്കുവാൻ പറഞ്ഞപ്പോൾ അവർ കൂട്ടാക്കിയില്ല. ഒന്നുരണ്ടു ദിവസത്തേക്കു വല്ലാത്തൊരു കുഴപ്പമാണവിടെയുണ്ടായത്. ഒടുവിൽ പൌരോഹിത്യപ്രതിനിധികൾക്കുതന്നേയും ഇളക്കം തട്ടിയെന്നും, അവർ മൂന്നാം എസ്റ്റേറ്റുകാരോടു ചേരാൻ തുടങ്ങിയെന്നും, കണ്ടപ്പോൾ ചക്രവർത്തി കഷ്ടിച്ചു കീഴടങ്ങി. രാജ്ഞിയുടെ ഉപദേശപ്രകാരം ചക്രവർത്തി ഒരു സൂത്രം ചെയ്തു. തന്റെ ശക്തി വർദ്ധിപ്പിക്കുവാൻവേണ്ടി ബ്രോഗ്ലി എന്ന മാർഷലിനെ ഒരു വലിയ സൈന്യത്തോടുകൂടി പാരീസ്സിലേക്കു ക്ഷണിച്ചു വരുത്തുവാനദ്ദേഹം തീർച്ചപ്പെടുത്തി. അസംബ്ളി ബലഹീനമായിക്കിടക്കുകയായിരുന്നു. തന്റെ ശക്തി വർദ്ധിച്ചുവെന്നു മനസ്സിലാക്കിയ ചക്രവർത്തി പൊടുന്നനവേ പൊതുജനങ്ങളുടെ അനുകൂലിയാണെന്നു സംശയിക്കപ്പെട്ടതിന്നു കുറെ ഉദ്യാഗത്തിൽനിന്നു പിരിച്ചു, ഇങ്ങനെ ജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥിതി ഏറ്റവും പരുങ്ങലിലായിത്തീർന്ന ആ ഘട്ടത്തിൽ പോലും ചക്രവർത്തി അവരെ കൂടുതൽ ഉപദ്രവിക്കുവാനൊരുങ്ങുകയാണ് ചെയ്തതു. പക്ഷേ, എല്ലാറ്റിന്നും ഒരതിർത്തിയുണ്ട്. ജൂലായി 14-ാംനു പാരീസ്സിലെ ഒരു വലിയ ജനക്കൂട്ടം ചിലർ ആയുധധാരികളായും ചിലർ ആയുധമൊന്നുമില്ലാതേയും പൊടുന്നനവേ ബാസ്ടൈൽ-പാരീസിന്റെ ഹൃദയത്തിലുള്ള ആ അതിപ്രാചീനമായ കാരാഗൃഹകെട്ടിടത്തെ-ചെന്നു വളഞ്ഞു. ദുർഭരമായ മർദ്ദനത്തിന്നു കീഴടങ്ങിക്കൊണ്ടിരിക്കുവാൻ ജനങ്ങൾ ഇനിയൊട്ടും തയ്യാറില്ലെന്നും 'ഭരണാധികാരം കുറേശ്ശക്കുറേശ്ശയായി ചക്രവർത്തിയിൽനിന്നു അസംബ്ളിയിലേക്കു കടക്കാൻ തുടങ്ങിയെന്നും ഉള്ളതിന്റെ ഒരടയാളമായിരുന്നു അതു. പക്ഷേ, വാസ്തവാവസ്ഥകളെ ശരിക്കു നോക്കിക്കാണുവാൻ ഭരണാധികാരത്തിന്നു പലപ്പോഴും സാധിക്കാറില്ല, ഏതായാലും, ബാസ്റ്റൈൽ ആക്രമിക്കപ്പെട്ടുവെന്നു കേട്ടപ്പോൾ ലൂയി ചക്രവർത്തിക്കു എന്തെന്നില്ലാത്ത ഒരമ്പരപ്പുണ്ടായി. "അപ്പോൾ ഇതൊരു ലഹളതന്നെയാണ്!" എന്നദ്ദേഹം ആശ്ചര്യപ്പെട്ടു പറഞ്ഞു. അദ്ദേഹത്തിന്റെ ഒരു മന്ത്രിസഭാംഗം ഉടനെ ഇങ്ങിനെ തിരുത്തിക്കൊടുത്തു:- "ലഹളയല്ല, സേർ, ഇതൊരു വിപ്ലവമാണ്!"

അതെ, അതൊരു മഹത്തായ വിപ്ലവത്തിന്റെ ആരംഭമായിരുന്നു. ജനങ്ങൾ സംഘടിതരായിച്ചെയ്ത ആ ഒരൊറ്റ പ്രവൃത്തി 1793ന്റെ ഒരു മുന്നറിയിപ്പായിരുന്നു. അത്രമാത്രമോ? അല്ല, പട്ടണത്തിലെ ജനങ്ങളോടൊപ്പം കൃഷിക്കാർ തുടങ്ങിയ ഉൾനാട്ടിലെ മർദ്ദിതവർഗ്ഗക്കാരും ഉടനടി സംഘടിച്ചു പ്രക്ഷോഭം കൂട്ടാൻ തുടങ്ങണമെന്നുള്ള ഒരു താക്കീതുംകൂടിയായിരുന്നു അത്.

ഉൾനാടുകളിലെ കൃഷിക്കാർ ഇതൊക്കെ നല്ല സന്ദർഭമാണെന്നു മനസ്സിലാക്കാതിരുന്നില്ല. അവർ കൂട്ടംകൂട്ടമായി ഭൂമിയുടമസ്ഥന്മാരുടെ നേരെ ലഹളക്കുചെന്നു. നാടുവാഴിപ്രഭുത്വത്തിന്റെ പിടിച്ചുപറിയെ അവർ ആക്ഷേപിച്ചു. പത്തായപ്പുരകൾ കയ്യേറി; ആധാരങ്ങൾ തീവെച്ചു നശിപ്പിച്ചു. നിയമത്തിന്റെ വെടിയുണ്ടയെ മാത്രം ആശ്രയിച്ചു നിലനിന്നിരുന്ന അന്യായമായ പാട്ടം ഇനിയൊരിക്കലും അടച്ചുതീർക്കില്ലെന്നു അവർ വിളിച്ചുപറഞ്ഞു. അങ്ങിനെ അവർ ദൃഢനിശ്ചയത്തോടുകൂടി സ്വാതന്ത്ര്യത്തിന്റെ നേർക്കു പാഞ്ഞുചെല്ലാൻ തുടങ്ങി.

രാജ്യം മുഴുവനും പരന്നുപിടിച്ച ഈ വിപ്ലവപ്രസ്ഥാനത്തിന്റെ അല നേഷ്യനൽ അസംബ്ളിയിലും ചെന്നടിക്കാതിരുന്നില്ല. മർദ്ദിത ജനവിഭാഗങ്ങളുടെ പ്രക്ഷോഭങ്ങളെ തുടർന്നു പോകാൻ വിടുന്നതു ആപൽക്കരമാണെന്നു അസംബ്ളിക്കു മനസ്സിലായി. അതിനാൽ ഈ കുഴപ്പത്തിൽനിന്നു ഏതുവിധമെങ്കിലും രക്ഷനേടണമെന്ന ഉദ്ദേശത്തോടുകൂടി 1789 ആഗസ്ത് 4-ാംനു പ്രഭുവർഗ്ഗക്കാരുടെ അന്യായങ്ങളായ സ്വകാര്യതാല്പര്യങ്ങളേയും അവർ ജനങ്ങളുടെ മേൽ ചുമത്തിയിരുന്ന ദുസ്സഹങ്ങളായ മറ്റു ചുമടുകളേയും തീരെ നശിപ്പിച്ചിരിക്കുന്നുവെന്നു അസംബ്ളി പ്രഖ്യാപനം ചെയ്യുകയുണ്ടായി. മാത്രമല്ല, പ്രഭുക്കന്മാരും പള്ളിയുടമസ്ഥന്മാരും സൗഹാർദ്ദം നടിച്ചുംകൊണ്ടു തങ്ങളുടെ ന്യായരഹിതങ്ങളായ അവകാശങ്ങളെയെല്ലാം സ്വന്തം ഇഷ്ടത്തോടുകൂടി ഉപേക്ഷിക്കുവാൻ തെയ്യാറാവുകയും, ഫ്രഞ്ച് പൌരന്മാരുടെ ആ മഹാസമ്മേളനത്തിൽ സമാനമായ ഒരു സ്ഥാനം മാത്രം തങ്ങൾക്കും അനുവദിച്ചുതരേണമെന്നപേക്ഷിക്കുകയും ചെയ്തു. ഇങ്ങിനെ ആഗസ്ത് 4-ാം നു ഫ്രഞ്ച് വിപ്ലവചരിത്രത്തിൽ ഒരു പ്രധാനപ്പെട്ട ദിവസമാണ്.

എന്നാൽ, ആഗസ്ത് 4-ാം തീയതിയിലെ ഈ പ്രഖ്യാപനത്തിന്റെ പിന്നിൽ ഫ്യൂഡലിസത്തിന്റേതായ ഒരു ഗൂഢാലോചനയുണ്ടായിരുന്നു. കൃഷിക്കാരുടെ കഷ്ടപ്പാടുകളെ എന്നെന്നേക്കുമായി നശിപ്പിക്കുവാൻ പ്രഖ്യാപനം പര്യാപ്തമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ഫ്യൂഡലിസത്തിന്റെ മർദ്ദനങ്ങളിൽനിന്നുള്ള മോചനം പ്രഖ്യാപനത്തിൽ അടങ്ങിയിരുന്നുവെങ്കിലും അങ്ങിനെ മോചിപ്പിക്കപ്പെടുന്നതിന്നു പ്രതിഫലമായി കൃഷിക്കാർ പ്രഭുക്കന്മാർക്ക് വലിയവലിയ സംഖ്യകളടക്കേണ്ടതാണെന്നുള്ള ഒരു വ്യവസ്ഥയും അതിലുണ്ടായിരുന്നു. അതായതു, പ്രഖ്യാപനം നടപ്പിൽ വരികയാണെങ്കിൽ, പഴയ ഫ്യൂഡൽപ്രഭു പുതിയ മുതലാളിയായ ഭൂമിയുടമസ്ഥനായി വേഷം മാറും. പ്രഭുക്കന്മാരുടേയും, മുതലാളികളുടേയും പ്രതിനിധികൾക്കു പ്രാബല്യമുണ്ടായിരുന്നനേഷനൽ അസംബ്ളി കാർഷികപ്രശ്നത്തിന്നു വിപ്ലവപരമായ ഒരു പോംവഴി കണ്ടുപിടിക്കുവാൻ ഒട്ടുംതന്നെ ഇഷ്ടപ്പെട്ടില്ലെന്നു ഇതിൽനിന്നു വ്യക്ത

മാകുന്നുണ്ട്. പക്ഷേ, ഏതായാലും പ്രഖ്യാപനത്തിന്റെ ഈ ഒടുവിലത്തെ ഭാഗം ജനങ്ങൾ അത്ര വകവെക്കുകയുണ്ടായില്ല. അങ്ങിനെ ഫ്യൂഡലിസ്റ്റ് മേധാവിത്വം പൊട്ടിത്തകർന്നു നിലംപതിക്കാൻ തുടങ്ങി.

V

ഒന്നിന്നുമേലൊന്നായി വിജയം നേടിക്കൊണ്ടു നേഷനൽ അസംബ്ളിയുടെ കാര്യപരിപാടി പിന്നേയും മുന്നോട്ടുപോകാൻ തുടങ്ങി. ബാസ്‌റ്റൈൽ പിടിച്ചടക്കിയശേഷം എല്ലായ്പോഴും മുതലാളികളുടെ സ്വകാര്യതാല്പര്യങ്ങളെ രക്ഷിച്ചുപോന്ന അസംബ്ളി സുപ്രസിദ്ധമായ മനുഷ്യാവകാശപ്രഖ്യാപനം (Declaration of The Rights of Man) സർവ്വസമ്മതമായി പ്രസിദ്ധം ചെയ്തു. ആ പ്രഖ്യാപനം ഒരേസമയത്തുതന്നെ പുതിയ ഭരണഘടനയുടെ അടിസ്ഥാനവും ഫ്രഞ്ച്‌വിപ്ലവത്തിന്റെ സിദ്ധാന്തങ്ങളുടെ വിവരണവുമായിരുന്നു. "മനുഷ്യർ സ്വതന്ത്രരും സമന്മാരുമായിട്ടാണ് ജനിക്കുന്നത്. അതുകൊണ്ടു നിയമത്തിന്നുള്ളിലും അവർ സ്വതന്ത്രരും സമന്മാരുമായിരിക്കണം. സാമുദായികമായ വ്യത്യസ്തകൾ സമുദായത്തിൽ പൊതുവിലുള്ള നന്മക്കുവേണ്ടി മാത്രമേ സ്ഥാപിക്കപ്പെടുവാൻ പാടുള്ളു.......രാഷ്ട്രീയസ്ഥാപനങ്ങളുടെ ഉദ്ദേശം പ്രകൃതിസഹജവും ഒഴിക്കാൻ പാടില്ലാത്തവയുമായ മനുഷ്യാവകാശങ്ങളുടെ സംരക്ഷണമാണ്. സ്വാതന്ത്ര്യം, സ്വത്തുരക്ഷ, എല്ലാത്തരത്തിലുള്ള മർദ്ദനങ്ങളോടുമെതിരിടൽ എന്നിവയാണ് ഈ അവകാശങ്ങൾ." "ജനങ്ങളുടെ പൊതുവിലുള്ള ഇഷ്ടത്തിന്റെ ബഹിഃപ്രകടനമാണ് നിയമം. അതിനാൽ അതിന്റെ നിർമ്മാണത്തിൽ തന്നെത്താനോ അതിന്റെ പ്രതിനിധിവഴിയായൊ പങ്കുകൊള്ളുവാൻ ഓരോ പൗരന്നും അവകാശമുണ്ട്. നിയമം എല്ലാവർക്കും ഒരുപോലെയാണ്....നിയമത്തിന്റെ വിധിക്കനുസരിച്ചല്ലാതെ യാതൊരാളേയും കുറ്റപ്പെടുത്തുവാനോ, അറസ്റ്റ് ചെയ്യുവാനോ, തടവിലിടുവാനോ പാടുള്ളതല്ല." മതസ്വാതന്ത്ര്യം പ്രസംഗസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം എന്നിവയും പ്രഖ്യാപനത്തിൽ അടങ്ങിയിരുന്നു.

വിപ്ലവം പൊടുന്നനവെ നിന്നുപോയിരുന്നുവെങ്കിൽ 1789-ലെ ഈ പ്രഖ്യാപനത്തിന്നു 19-ാം നൂറ്റാണ്ടിന്മേൽ പറയത്തക്ക യാതൊരു പ്രഭാവവും ഉണ്ടാകുമായിരുന്നില്ല. പക്ഷേ, ഭാഗ്യവശാൽ വിപ്ലവം തുടർന്നുകൊണ്ടുതന്നെപോന്നു. അതോടൊപ്പം നേഷനൽ അസംബ്ളി പലപല പരിവർത്തനങ്ങളും വരുത്തി. പൗരോഹിത്യത്തിന്നും പള്ളിക്കും എതിരായ വോൾട്ടയറുടെ മൂർച്ചകൂടിയ ലേഖനങ്ങൾ അസംബ്ളിയിലെ അധികഭാഗം അംഗങ്ങളേയും ആവേശം കൊള്ളിച്ചിരുന്നു. അതിന്റെ ഫലമായി പള്ളിക്കെതിരായ പല നിയമങ്ങളും പാസ്സാക്കപ്പെട്ടു. പള്ളിവക നിലങ്ങൾ പിടിച്ചടക്കി. സന്യാസിമഠങ്ങളുടെ സങ്കുചിതശക്തിയെ ഛിന്നഭിന്നമാക്കി.

ബിഷപ്പുമാരുടേയും പുരോഹിതന്മാരുടേയും എണ്ണം കുറച്ചു. പോരെങ്കിൽ ഈ പുരോഹിതവർഗ്ഗക്കാർ പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടണമെന്നും, രാഷ്ട്രമാണ് അവർക്ക് ശമ്പളം കൊടുക്കേണ്ടതെന്നുമുള്ള നിയമങ്ങൾ പാസ്സായി.

ഇതിന്നെല്ലാം പുറമെ 1791 സപ്തമ്പർമാസത്തിൽ ഒരു പുതിയ ഭരണഘടനയും നടപ്പിൽവന്നു. ഈ ഭരണഘടന നിർജ്ജീവമായ ഫ്യൂഡൽവ്യവസ്ഥയെ കുറെക്കൂടി ഛിന്നഭിന്നമാക്കി. പക്ഷേ, അതോടൊപ്പം തൊഴിലാളികൾ തുടങ്ങിയ ദരിദ്രവർഗ്ഗക്കാർക്കു ഭരണകാര്യങ്ങളിൽ ഏർപ്പെടുവാനുള്ള സൗകര്യം ഏറ്റവും പരിമിതമായിത്തീരുകയും ചെയ്തു. എന്തെന്നാൽ പുതിയ നിയമപ്രകാരം നിലം മുതലായ എന്തെങ്കിലും സ്ഥാവരസ്വത്തുക്കൾ കൈവശമുള്ളവരും, ഗവൺമെന്റിലേക്കു ശരിയായി നികുതിയടക്കുന്നവരുമായ ധനികന്മാർക്ക് മാത്രമേ വോട്ടവകാശം ലഭിച്ചുള്ളു.

## VI

നേഷനൽ അസംബ്ലിയുടെ ഈ കുഴിയാനനയം ദിവസംചെല്ലുന്തോറും അധികമധികം വ്യക്തമായിക്കൊണ്ടുവന്നു. സാമാന്യജനങ്ങളും ധനികന്മാരായ മുതലാളികളും തമ്മിലുള്ള അനിവാര്യമായ വർഗ്ഗയുദ്ധത്തിന്റെ ഒരു പ്രത്യക്ഷമായ ഉദാഹരണം മാത്രമായിരുന്നു അത്. രാജാവിനെ നീക്കംചെയ്ത് ഫ്രാൻസിൽ ഒരു റിപ്പബ്ളിക്കുഭരണം സ്ഥാപിക്കുക എന്നതായിരുന്നു ജനങ്ങളുടെ ആവശ്യം. 1791 ജൂലായി 17-ാം നു അവരെല്ലാവരും മാർസാമൈതാനത്തിൽ ചേർന്നു തങ്ങളുടെ ഉദ്ദേശം നിർവ്വഹിച്ചു കിട്ടുവാനുള്ള വഴികളാലോചിച്ചു. എന്നാൽ ഭരണാധികാരം ജനങ്ങളുടെ ഒഴിച്ചുകൂടാൻ വയ്യാത്ത എല്ലാ ആവശ്യങ്ങളുടേയും ശത്രുവായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. പ്രക്ഷുബ്ധമായ ജനക്കൂട്ടത്തെ സമാധാനിപ്പിക്കുന്നതിന്നു പകരം അവരെ നിർദ്ദയം വെടിവെച്ചു നശിപ്പിക്കുവാനുള്ള കല്പന കൊടുക്കുകയാണ്. പാരീസ്സിലെ മുനിസിപ്പാൽ ഭരണാധികൃതന്മാർ ചെയ്തത്. ഇങ്ങിനെ എല്ലാവരും സമന്മാരാണെന്നു പറയുന്ന നിയമത്തിന്റെ അർത്ഥം. സമാന്യജനങ്ങളെസ്സംബന്ധിച്ചേടത്തോളം രക്തപ്രളയം മാത്രമാണെന്നു വിപ്ലവം അവസാനിക്കുന്നതിന്നുമുമ്പു തന്നെ വ്യക്തമായി. തങ്ങളുടെ അഭിവൃദ്ധിയെ തടസ്സപ്പെടുത്തുന്ന ഭരണാധികാരത്തിന്റെ ശക്തി കുറക്കുകയും, ദരിദ്രവർഗ്ഗത്തെ ചൂഷണംചെയ്യുവാൻ കൂടുതൽ സൗകര്യമുണ്ടാക്കുകയും, ചെയ്യണമെന്നു മാത്രമേ മുതലാളികളും വിപ്ലവംകൊണ്ടു ഉദ്ദേശിച്ചിട്ടുണ്ടായിരുന്നുള്ളൂ.

ജൂലായി 17-ാം നു കൂട്ടക്കൊലയെ ഭയങ്കരമായ ഒരു പോലീസ്സുമർദ്ദനം അനുഗമിച്ചു. ജനസമ്മതരായ വിപ്ലവകാരികൾക്കു യാതൊരു രക്ഷയുമില്ലെന്നായി. ദാന്തൻ ഒളിച്ചോടി പോയി. മാറാ ഒളിച്ചുനടക്കേണ്ടിവന്നു.

വിപ്ലവത്തിന്റെ അടുത്ത പടി നിലവിലുള്ള സാമുദായികഘടനയോടു മാത്രമല്ല. വളർന്നുവരുന്ന മുതലാളിത്തത്തോടും യുദ്ധംവെട്ടുക എന്ന താണെന്നു ഗ്രാമങ്ങളിലുള്ള സാമാന്യജനങ്ങൾക്കു അപ്പോഴെ മനസ്സി ലായുള്ളു. ഈ ഉദ്ദേശ്യം നിർവിഘ്നം സാധിക്കണമെങ്കിൽ ഉറച്ച സംഘ ടനയോടുകൂടിയ ഒരു പുതിയ രീതിയിലുള്ള വിപ്ലവം ആവശ്യമാണെന്നും അവർക്കു മനസ്സിലായി. “നേഷനൽ അസംബ്ളിയുടെ പ്രവർത്തനങ്ങളെ പരിശോധിച്ചുനോക്കിയാൽ നിങ്ങൾക്കു മനസ്സിലാകും,” മാറാ സാമാന്യ ജനങ്ങൾക്കു ഇങ്ങിനെ പറഞ്ഞു കൊടുക്കുകയുണ്ടായി; “ജനങ്ങളുടെ വിപ്ലവകരമായ പ്രവർത്തനങ്ങൾക്കുശേഷം ആദ്യം അവർ ചില നല്ല നിയ മങ്ങൾ പാസാക്കും. പക്ഷേ, സമാധാനം പുനഃസ്ഥാപിച്ചുവെന്നു കണ്ട ഉടനെ അവർ വീണ്ടും പഴയ നിയമങ്ങൾതന്നെ നടപ്പിൽവരുത്താതിരി ക്കുകയില്ല.”

ഇങ്ങിനെ 1791-ലെ ഭരണഘടനയോടുകൂടി വിപ്ലവം അവസാനിക്കു കയല്ലാ, നേരെമറിച്ചു, ആരംഭിക്കുകയാണ് ചെയ്തത്. ധനിക വർഗ്ഗ ത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഏതു ഭരണപരിവർത്തനവും ഒടു വിൽ ദരിദ്രവർഗ്ഗക്കാർക്കു ഹാനികരമായിട്ടേ കലാശിക്കുകയുള്ളുവെന്നു വിപ്ലവത്തിന്റെ ആരംഭകാലംതന്നെ വ്യക്തമാക്കി. കൃഷിക്കാരുടെ കഷ്ട പ്പാടുകൾക്കു പ്രതീക്ഷിച്ച യാതൊരു ശമനവുമുണ്ടായില്ല. മുതലാളി വലിയ ധനികനായിത്തീർന്നതു തൊഴിലാളി വലിയ ദരിദ്രനായിത്തീ രാൻവേണ്ടി മാത്രം, ഈ അസമത്വങ്ങൾ ഫ്രാൻസിൽ വർഗ്ഗയുദ്ധത്തിന്നു പുതിയൊരുണർവുണ്ടാക്കിത്തീർത്തു. ധനികവർഗ്ഗത്തിന്റെ കൈയിൽ നിന്നു എല്ലാ അധികാരങ്ങളും പിടിച്ചെടുക്കുന്നതുവരെ മർദ്ദിതവർഗ്ഗ ക്കാർക്കു യാതൊരു രക്ഷയുമില്ലെന്നു കൂടുതൽ മുന്നോട്ടുവന്ന തൊഴി ലാളികൾ കുറേശ്ശകുറേശ്ശയായി മനസ്സിലാക്കുവാൻ തുടങ്ങി. അവരുടെ വർഗ്ഗയുദ്ധം കൂടുതൽ പ്രത്യക്ഷമായിക്കണ്ടത് ധനികവർഗ്ഗക്കാർക്കു ഭൂരി പക്ഷമുള്ള അസംബ്ളിമുറികൾക്കുള്ളിലല്ല. പുറത്തു തുറന്ന ഗ്രാമങ്ങ ളിലും നഗരങ്ങളിലുമാണ്.

ഇതിനിടയിൽ രസകരമായ ഒരു സംഭവമുണ്ടായി. 1791 ജൂൺമാസ ത്തിൽ രാജാവ് പാരീസ്സുവിട്ടു എങ്ങോട്ടോ ഒളിച്ചോടിപ്പോയി. മറ്റു വല്ല രാജ്യങ്ങളിലും ചെന്നു ചില രാജകീയസൈന്യങ്ങളുടെ സഹായത്തോ ടുകൂടി മടങ്ങിവരണമെന്നും, അതിനുശേഷം എളുപ്പത്തിൽ ഈ തെമ്മാ ടികളായ വിപ്ലവകാരികളെയെല്ലാം തുരത്തിക്കളയണമെന്നുമാണ്, അദ്ദേഹം ആലോചിച്ചിരുന്നത്! ഈ വിവരം കേട്ടപ്പോൾ അസംബ്ളി വല്ലാതെ പരിഭ്രമിച്ചു വശായി. ഏതായാലും രാജാവിന്റെ ഗൂഢാലോചന അപമാനകരമായ പരാജയത്തിലവസാനിക്കുകയാണ് ചെയ്തത്. വെറേൻ (Varennes) എന്ന സ്ഥലത്തുവെച്ചു രാജാവിനേയും അയാളുടെ കുടും

ബക്കാരേയും അവരുടെ യാത്ര അവസാനിക്കുന്നതിന്റെ അല്പം മണിക്കൂറുകൾക്കു മുമ്പു ജനക്കൂട്ടം കണ്ടുപിടിക്കുകയും അവരെ എല്ലാവരേയും ആർപ്പുവിളികളോടുകൂടി പാരീസ്സിലേക്കു മടക്കിക്കൊണ്ടുവരികയും ചെയ്തു.

## VII

ഈ സംഭവം റിപ്പബ്ളിക്കുകാരെ നല്ല പാഠം പഠിപ്പിച്ചു. 1791 ഒക്ടോബർ 1-ാം തീയതി തിരഞ്ഞെടുപ്പിന്നു ശേഷം അസംബ്ളിയിൽ രണ്ടു പാർട്ടികൾ പ്രത്യക്ഷമായി കാണപ്പെട്ടു. ഭൂരിപക്ഷക്കാരായ ഗിരോണ്ടിൻകാർക്ക (Girondin)അപ്രായോഗികമായ ഒരാദർശമല്ലാതെ വ്യക്തമായ ഒരു കാര്യപരിപാടിയുണ്ടായിരുന്നില്ല. തങ്ങളുടെ സാമ്പത്തികാവശ്യങ്ങളെപ്പറ്റിയുള്ള യാതൊരു ചിന്തയും അവർക്കുണ്ടായിരുന്നില്ല. എതിർകക്ഷിക്കാരായ ജാക്കോബിൻ (Jacobins) കാരുടെ വിചാരഗതി കൂടുതൽ വിപ്ലവകരമായിരുന്നു. ഫ്യൂഡൽവ്യവസ്ഥയേയും, ഫ്യൂഡൽ നികുതികളേയും എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുക. പ്രഭുക്കന്മാരുടെ കൈയിൽനിന്നു തിരിച്ചെടുത്ത തങ്ങളുടെ നിലങ്ങളെ ഉപയോഗിക്കുവാൻ ഗ്രാമീണർക്കു പരിപൂർണ്ണമായ അധികാരം നൽകുക, പട്ടണങ്ങളിൽ ഭക്ഷണസാധനങ്ങൾക്കു ഏറ്റവും കവിഞ്ഞ വില നിജപ്പെടുത്തുക ഈ ആവശ്യങ്ങളെയെല്ലാം ജാക്കോബിൻകാരാണ് മുന്നോട്ടുകൊണ്ടുവന്നത്.

ആദ്യംതന്നെ ഗിരോണ്ടിൻകാർ ഒരു അപായകരമായ വങ്കത്തമാണു പ്രവൃത്തിച്ചത്. ഒരു യുദ്ധം ഉണ്ടാവുകയാണെങ്കിൽ റിപ്പബ്ളിക്കു സ്ഥാപിക്കുവാൻ എളുപ്പമായിരിക്കുമെന്നു അവർ തീർച്ചപ്പെടുത്തി. 1792 ഏപ്രിൽമാസത്തിൽ ജാക്കോബിൻകാരുടെ പ്രതിഷേധത്തെ വകവെക്കാതെ അവർ ആസ്ത്രിയൻ ചക്രവർത്തിയെ യുദ്ധത്തിന്നു പ്രേരിപ്പിച്ചു.

ഫ്രാൻസിന്നു യുദ്ധംചെയ്വാൻ തീരെ ശക്തിയുണ്ടായിരുന്നില്ല. അതുകൊണ്ട് ഒരു കോട്ടക്കു ശേഷം മറ്റൊരു കോട്ടയായി എളുപ്പത്തിൽ നിലംപതിക്കാൻതുടങ്ങി. ഫ്രഞ്ചുസൈന്യങ്ങൾ ഒന്നിന്നുമേലൊന്നായി അപമാനകരമാംവിധം പരാജയപ്പെടാൻ തുടങ്ങി. ഇതുതന്നെ അവസരമെന്നു കരുതി ലൂയിരാജാവ് ജൂൺ 13-ാം നു ഗിരോണ്ടിൽ മന്ത്രിസഭയെ പിരിച്ചുവിട്ടു. രാജസൈന്യങ്ങൾ മറ്റെല്ലാവരേയും തകർത്തുകൊണ്ടു മുന്നോട്ടു വരാൻതുടങ്ങി. ഫ്രാൻസിൽ ഒരു രാജകീയവിപ്ലവമാരംഭിച്ചതുപോലെ കാണപ്പെട്ടു. ഉടനെ ഈ അപായഘട്ടത്തെ തരണംചെയ്യുവാൻവേണ്ടി ദാന്തൻ, മാറ തുടങ്ങിയ ജാക്കോബിൻ നേതാക്കന്മാർ കമ്യൂൺ എന്ന ഒരു പുതിയ സ്ഥാപനം നിർമ്മിക്കുകയും, ആഗസ്ത് 10-ാംനു തൂലറീയിലുള്ള രാജകൊട്ടാരം ആക്രമിച്ചു കീഴടക്കുകയും

ചെയ്തു. ആവേശഭരിതനായ മാറാ തന്റെ അനുയായികളോടുകൂടെ കാരാഗൃഹങ്ങളിൽ പ്രവേശിക്കുകയും, അവിടെയുള്ള രാജകീയ വിശ്വാസഘാതകന്മാരെയെല്ലാം വധിക്കുകയും ചെയ്തു. അസംബ്ളി ഒട്ടും താമസിയാതെ ലൂയിയെ സ്ഥാനഭ്രഷ്ടനാക്കുകയും, പ്രഭുക്കന്മാരുടെ സ്വത്തുക്കളെല്ലാം കണ്ടുകെട്ടുകയും ചെയ്തു. ഫ്യൂഡൽഭാരങ്ങളെ നശിപ്പിക്കുക, എല്ലാവർക്കും വോട്ടവകാശം നൽകുക തുടങ്ങിയ ചില അത്യാവശ്യങ്ങളായ പരിഷ്കാരങ്ങൾ ജനങ്ങൾക്കു കാണുവാൻ സാധിച്ചു. സപ്തമ്പർ 20-ാംനു അസംബ്ളിയുടെ കൺവെൻഷൻ എന്ന ഒരു പുതിയ യോഗം ചേരുകയും, ഫ്രാൻസ് ഒരു റിപ്പബ്ളിക്കായി തീർന്നിരിക്കുന്നുവെന്നു പ്രഖ്യാപിക്കുകയും ചെയ്തു. അപ്പോഴേക്കും യുദ്ധത്തിന്നുവന്ന ജർമ്മൻകാർ തൽക്കാലം തിരിച്ചുപോയിരുന്നു.

ദിവസം ചെല്ലുംതോറും വലത്തുകക്ഷിക്കാരായ ഗിരോണ്ടിൻകാരും, ഇടത്തുകക്ഷിക്കാരായ ജാക്കോബിൻകാരും തമ്മിലുള്ള അകൽച്ച അധികമധികം വലുതായിക്കൊണ്ടുവന്നു. കൺവെൻഷനെ യാഥാസ്ഥിതിക നേതാക്കന്മാരിൽനിന്നു രക്ഷിക്കുവാൻ തങ്ങൾ എല്ലാവിധത്തിലും പ്രയത്നിക്കുമെന്നു ജാക്കോബിൻകാർ പ്രതിജ്ഞ ചെയ്തു. മാർച്ച് 18-ാം തീയതി ഒരു പ്രധാനപ്പെട്ട ഗിരോണ്ടിൻജനറൽ വലത്തുകക്ഷിക്കാരെ ഉപേക്ഷിച്ചു. ക്രുദ്ധന്മാരായിതീർന്ന ഗിരോണ്ടിൻകാർ ചില വിപ്ലവകാരികളെ അറസ്റ്റ് ചെയ്തു. നാടൊട്ടുക്കുമുള്ള പ്രക്ഷോഭപ്രദർശനങ്ങൾക്കൊണ്ട് ജാക്കോബിൻകാർ അതിന്നു മറുപടിപറഞ്ഞു. ഗിരോണ്ടിൻകാരുടെ സ്വാധീനശക്തി വളരെയധികം കുറഞ്ഞുപോയി. അവർ ഭരണകാര്യങ്ങളിൽനിന്നു നീക്കംചെയ്യപ്പെട്ടു. ജാക്കോബിൻകാർ നേതൃത്വത്തിൽവന്നു.

വിപ്ലവകാരികളെ നശിപ്പിക്കുവാൻവേണ്ടി ഗിറോണ്ടിൻകാരും റോയലിസ്റ്റ്കാരും വിദേശീയാക്രമികളും ഒരു ഐക്യ അണിയായി ഒന്നിച്ചുചേർന്നു. മാറാ നിർദ്ദയമാംവിധം കൊലചെയ്യപ്പെട്ടു. അതോടുകൂടി അന്തരീക്ഷം പൂർവ്വാധികം അപായകരമായിതീർന്നു. മാർസേ, ലെയോൺ, തൂലോങ്ങ്,-എല്ലാ സ്ഥലത്തും വിദ്രോഹം പരന്നുപിടിച്ചു. യാഥാസ്ഥിതികത്വമാകട്ടെ എല്ലാ കടുംകൈയുകളും പ്രവർത്തിച്ചുകൊണ്ടു വിദ്രോഹത്തെ അടിച്ചമർത്തുവാൻതന്നെ തീർച്ചപ്പെടുത്തി. ഇടത്തുകക്ഷിക്കാരായ അനവധി നേതാക്കന്മാർ തൂക്കുമരത്തിന്നിരയായിത്തീർന്നു. ഗിരോണ്ടിൻകാരുടെ ശക്തി വീണ്ടും തല പൊന്തിച്ചുപിടിച്ചു.

## VIII

വിപ്ലവത്തിന്റെ ഒടുവിലത്തെ രംഗം റോബർസ്പിയറുടെ നേതൃത്വത്തിലാണ് അഭിനയിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ സ്വാധീനശക്തി

അത്രയധികം വർദ്ധിച്ചിട്ടുണ്ടായിരുന്നു. ഫ്യൂഡൽ വ്യവസ്ഥ ഫ്രാൻസിൽനിന്നു എന്നെന്നേക്കുമായി അസ്തമിച്ചുകഴിഞ്ഞു. പ്രജായത്തസിദ്ധാന്തങ്ങളടങ്ങിയ ഒരു പുതിയ ഭരണഘടന പാസ്സാക്കപ്പെട്ടു. വലത്തുനിന്നും ഇടത്തുനിന്നും റോബർസ്പിയറുടെ ഗവൺമെന്റിനു പല എതിർപ്പുകളും ഏല്ക്കേണ്ടിവന്നു. അദ്ദേഹം വല്ലാതെ വിപ്ലവകാരിയായി തീരുന്നുവെന്ന് ദാന്തന്റെ നേതൃത്വത്തിലുള്ള വലത്തുകക്ഷിക്കാർ ആക്ഷേപിച്ചു. റോബർസ്പിയർ ഒരു ഈശ്വരവിശ്വാസിയും, വേണ്ടത്ര മുന്നോട്ടുവരാൻ തെയ്യാറില്ലാത്ത ഒരു യാഥാസ്ഥിതികനുമാണെന്നു ഹേബർട്ടിന്റെ നേതൃത്വത്തിലുള്ള ഇടത്തുകക്ഷിക്കാരും ആക്ഷേപിച്ചു. ഗവൺമെന്റാകട്ടെ രണ്ടുകൂട്ടരേയും തൂക്കിക്കൊന്നു.

അതോടുകൂടി റോബർസ്പിയറുടെ പതനവുമാരംഭിച്ചു. ജനങ്ങൾക്കു അദ്ദേഹത്തിലുണ്ടായിരുന്ന തൃപ്തി മുഴുവൻനശിച്ചു. റോബർസ്പിയറെ നീക്കംചെയ്യുന്ന കാര്യത്തിൽ പ്രധാനപ്പെട്ട എല്ലാ നേതാക്കന്മാരും യോജിച്ചു. ഒരുറച്ച നിലയെടുക്കാതെ അപായഘട്ടങ്ങളിൽ ഇളകിക്കൊണ്ടിരിക്കുന്ന സ്വഭാവം റോബർസ്പിയറുടെ അധഃപതനത്തിനുള്ള വഴി തെളിയിച്ചു. ഗിരോണ്ടിൻ കക്ഷിക്കാരായ വലിയ മുതലാളികൾ വീണ്ടും അധികാരത്തിൽവന്നു. ജാക്കോബിൻകാർ റോബർസ്പിയറുടെ അനുയായികൾ മുതലായ എല്ലാ എതിരാളികളുടേയും ശക്തിയെ മുതലാളി ഗവൺമെന്റ് ഛിന്നഭിന്നമാക്കാൻ ഒരുങ്ങി. 1796–ൽ ഗവൺമെന്റിനെ തകിടംമറിക്കുവാൻ ബേബഫിന്റെ നേതൃത്വത്തിൽ ഒരു സോഷ്യലിസ്റ്റ് ഗൂഢാലോചന നടക്കുകയുണ്ടായി. എങ്കിലും, അതു പരാജയപ്പെടുകയാണുണ്ടായത്.

1799–ൽ നെപ്പോളിയൻ ബോണോപ്പാട്ട് അധികാരത്തിൽ വരികയും, ജാക്കോബിൻകാർ മുതലായ എല്ലാ എതിരാളികളേയും നശിപ്പിക്കുവാനാവശ്യമായ കഠിനങ്ങളായ മാർഗ്ഗങ്ങളെ അദ്ദേഹം അവലംബിക്കുകയും ചെയ്തു. അതുമുതൽക്കു ഫ്രാൻസിൽ മുതലാളിത്തത്തിന്റെ വിജയക്കൊടി അധികമധികം ഉയരത്തിൽ പറന്നുകളിക്കുവാൻ തുടങ്ങി.

മാതൃഭൂമി ആഴ്ചപ്പതിപ്പ് 1937 സെപ്തംബർ 27

## അദ്ധ്യായം 4

# സോവിയറ്റ് ചൈന

അടുത്ത കാലത്തായി സോവിയറ്റു റഷ്യയേപ്പറ്റിയുള്ള പുസ്തകങ്ങളും ലേഖനങ്ങളും ഏറെക്കുറെ എല്ലാ ഭാഷകളിലും തുരുതുരെ പുറപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. എന്തെന്നാൽ, അവിടെ നടന്നുകൊണ്ടിരിയ്ക്കുന്ന അത്ഭുതകരങ്ങളും ആരേയും അമ്പരപ്പിക്കുന്നവയുമായ പരിവർത്തനങ്ങൾ ജനങ്ങളുടെ ഹൃദയങ്ങളെ കുറച്ചൊന്നുമല്ല പിടിച്ചുവലിക്കുന്നത്. ഇന്നു റഷ്യയെപ്പറ്റി യാതൊന്നും മനസ്സിലാക്കാനാഗ്രഹിക്കാത്തവർ സ്കൂൾകുട്ടികളുടെ ഇടയിൽപോലും ഉണ്ടാകുമെന്നു തോന്നുന്നില്ല.

എന്നാൽ, റഷ്യയിൽനിന്നു വളരെ ദൂരേയായി, ഏഷ്യയുടെ കിഴക്കെ അറ്റത്തുള്ള മറ്റൊരു രാജ്യത്തിലും സോവിയറ്റുഭരണം നടക്കുന്നുണ്ടെന്നു കേട്ടാൽ വായനക്കാർ അത്ഭുതപ്പെടുമോ, എന്തോ! ഏതായാലും അവിടുത്തെ സ്ഥിതിഗതികൾ മനസ്സിലാക്കി വെക്കേണ്ടതു നമുക്കാവശ്യമാണ്.

ഷാങ്കേയിലെ ധനികഭരണാധികാരികൾ കൂടെക്കൂടെ പറയാറുണ്ട്, ചൈനയിൽ കമ്യൂണിസ്റ്റ്കാർ എന്ന പേരിൽ അറിയപ്പെടുന്നതു ചുകപ്പുകൊടിയോടുകൂടിയ ഒരു സംഘം കവർച്ചക്കാർ മാത്രമാണെന്നു. പക്ഷേ, ചൈനയിലെ ഒമ്പതുകോടിയോളം ജനങ്ങൾ കമ്യൂണിസ്റ്റുകാരുടെ സ്വാധീനശക്തിയ്ക്കുള്ളിലാണെന്നു, കല്പിച്ചുകൂട്ടി കളവുപറയാത്ത ചരിത്രകാരന്മാർ സമ്മതിക്കേണ്ടിവരും. 1934-ൽ മോസ്കോവിൽ വെച്ചു കൂടിയ കമ്യൂണിസ്റ്റ് പാർട്ടിയുടെ പതിനേഴാം കോൺഗ്രസ്സിൽവെച്ചു മിസ്റ്റർ മാനുവൽ സ്കി ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി:-

'സോവിയറ്റ് റഷ്യയിലെ കമ്യൂണിസ്റ്റ് പാർട്ടിയെ കഴിച്ചാൽപിന്നെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന സ്ഥാനം ചൈനയിലെ കമ്യൂണിസ്റ്റ് പാർട്ടി

ക്കാണുള്ളതു. ചൈനയിലെ സോവിയറ്റു പ്രദേശങ്ങളിൽ പാർട്ടിക്കു അതിരുകവിഞ്ഞ സ്വാധീനശക്തിയുണ്ട്. ആ പ്രദേശങ്ങൾക്കു പുറമേയുള്ള ജനങ്ങളുടെമേലും സ്വാധീനശക്തി ദിവസം ചെല്ലുംതോറും കൂടിക്കൂടിവരികയാണ്. ഒരു കൊല്ലംമുമ്പു പാർട്ടിയിൽ മൂന്നുലക്ഷം മെമ്പർമാരാണുണ്ടായിരുന്നത്. ഇക്കൊല്ലം അതു നാലുലക്ഷമായി വർദ്ധിച്ചിരിക്കുന്നു. ഈ കണക്കു പാർട്ടിയുടെ വർദ്ധിച്ചുവരുന്ന ശക്തിയെ നല്ലതുപോലെ വെളിപ്പെടുത്തുന്നുണ്ട്. സോവിയറ്റ് ചൈനക്കു ഇന്നു സാധാരണ സൈന്യത്തിൽ മൂന്നുലക്ഷത്തി അമ്പതിനായിരം പട്ടാളവും സന്നദ്ധസൈന്യത്തിൽ ആറുലക്ഷത്തിലധികം പട്ടാളവുമുണ്ട്. പാർട്ടിയുടെ മികച്ച ശത്രുക്കൾപോലും ഈ സൈന്യം ചൈനയിലെ ഏറ്റവും ശക്തികൂടിയ സൈന്യമാണെന്നു സമ്മതിക്കാതിരിക്കുകയില്ല.”

## ഒന്നാമത്തെ സോഷ്യലിസ്റ്റ് സ്ഥാപനം.

1919-ലെ വിദ്യാർത്ഥി പ്രക്ഷോഭത്തിന്നുശേഷം ചൈനയിലെ അനേകം വിദ്യാർത്ഥികൾ സോവിയറ്റു റഷ്യയുടെ ഭരണരീതിയേയും അവിടെ നടക്കുന്ന പരിവർത്തനങ്ങളേയും നേരിട്ടു കണ്ടുപഠിക്കുവാൻവേണ്ടി മോസ്കോവിൽചെന്നു താമസമാക്കി. ലോകത്തിലെ ചൂഷകവർഗ്ഗത്തെയൊട്ടാകെ കിടുകിടെ വിറപ്പിച്ച മഹത്തായ റഷ്യൻവിപ്ലവം അവരുടെ യുവഹൃദയങ്ങളെ എന്തെന്നില്ലാതെ ആകർഷിച്ചു. റഷ്യ ചെയ്തുകാണിച്ചതുപോലെ സാമ്രാജ്യവാദത്തേയും മുതലാളിത്തത്തേയും പാടേ അടിച്ചുടയ്ക്കാൻ വേണമെങ്കിൽ അധഃപതനത്തിൽ ആണ്ടുകിടക്കുന്ന ചൈനക്കും സാധിക്കുമെന്നും ഈ പാവനമായ ഉദ്ദേശ്യത്തെ മുൻനിർത്തിക്കൊണ്ടു സുദൃഢമായ ഒരു സ്ഥാപനത്തിന്റെ കീഴിൽ മർദ്ദിതരായ തൊഴിലാളികളേയും കൃഷിക്കാരേയും സംഘടിപ്പിക്കുവാൻ തുടങ്ങുകയാണു തങ്ങളുടെ കർത്തവ്യമെന്നും, അവർ മനസ്സിലാക്കി. അതിന്റെ ഫലമായി, സോഷ്യലിസം, മാർക്സിസം മുതലായ വിഷയങ്ങളെപ്പറ്റി പഠിക്കുവാനും വാദപ്രതിവാദം നടത്തുവാനും വേണ്ടിയുള്ള ക്ലബ്ബ്കൾ ചൈനയുടെ പല ഭാഗങ്ങളിലും സ്ഥാപിക്കപ്പെട്ടു. ഈ ക്ലബ്ബ്കളിൽനിന്നാണു 1919-ൽ യുവസോഷ്യലിസ്റ്റ് സംഘം (Young Socialist Association) എന്ന ഒന്നാമത്തെ സോഷ്യലിസ്റ്റ് സ്ഥാപനം പൊട്ടിപ്പുറപ്പെട്ടത്. ഈ സോഷ്യലിസ്റ്റ് പാർട്ടിക്കു വളരെയധികം വിദ്യാർത്ഥികളെ ആകർഷിക്കുവാൻ സാധിച്ചു. ഒരു കൊല്ലം കഴിഞ്ഞപ്പോഴേക്കും, അതായത് 1920-ൽ ചൈനയിൽ ഒരു കമ്യൂണിസ്റ്റ്പാർട്ടിയും സ്ഥാപിതമായി. വിദ്യാർത്ഥികളും തൊഴിലാളികളും തുരുതുരെ പാർട്ടിയിലെ മെമ്പർമാരായി ചേരാൻ തുടങ്ങി.

ഈ അവസരത്തിലാണു ആദ്യം പെക്കിങ്-ഹാങ്കോ റെയിൽവെയിലെ തൊഴിലാളികളും പിന്നീടു ഹോങ്കോങ്ങിലെ കപ്പൽ വേലക്കാരും

ഓരോ പണിമുടക്കം നടത്തിയത്. തൊഴിലാളികളുടെയിടയിലുള്ള ഈ അസംതൃപ്തിയും പ്രക്ഷോഭവും കമ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തി വർദ്ധിപ്പിക്കുവാൻ കുറച്ചൊന്നുമല്ല സഹായിച്ചതു എന്നു പറയേണ്ടതില്ലല്ലോ. 1922–ൽ കൂടിയ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ സമ്മേളനം പാർട്ടി സ്വന്തം പ്രവൃത്തികൾക്കു പുറമെ ദേശീയസ്ഥാപനമായ കോമിണ്ടാങ്ങീന്നുള്ളിൽ കടന്നും സാധിയ്ക്കുന്നേടത്തോളം പ്രവർത്തിക്കണമെന്നു തീരുമാനിച്ചു. സന്യാത്സെന്നിന്നു കമ്യൂണിസത്തോടു അത്ര പ്രതിപത്തിയുണ്ടായിരുന്നില്ലെങ്കിലും, കമ്യൂണിസ്റ്റ്കാരെ ഒറ്റയ്ക്കൊറ്റക്കായി കോമിണ്ടാങ്ങിൽ ചേരുവാൻ സമ്മതിച്ചു. എന്നാൽ, ഒരു കൊല്ലത്തോളം കാലം അവരുടെ പ്രവർത്തിമാർഗ്ഗം ഏറ്റവും അനിശ്ചിതമായിരുന്നു. 1923–ൽ സോവിയറ്റു റഷ്യയുടെ പ്രതിനിധിയായ മിക്കൽ ബറോഡിൽ വന്നപ്പോൾ ചൈനയുടെ സ്ഥിതിഗതികൾ അനർത്ഥകരമാംവിധം കെട്ടുപ്പിണഞ്ഞു കിടക്കുകയായിരുന്നു. ഈ വഴിയ്ക്കു പോയാൽ ചൈന അധഃപതനത്തിൽ ചെന്നു ചാടാതിരിക്കുകയില്ലെന്നു മനസ്സിലാക്കുവാൻ ബറോഡിന്നു അധികസമയം വേണ്ടിവന്നില്ല. ഇക്കാര്യം സന്യാത്സെന്നിന്നു ബോധ്യപ്പെടുത്തിക്കൊടുക്കുവാനാണു അദ്ദേഹം ആദ്യമായി ശ്രമിച്ചത്. പല കൂടിക്കാഴ്ചകൾക്കും വാദപ്രതിവാദങ്ങൾക്കും ശേഷം താഴേകാണുന്ന നയങ്ങൾക്കനുസരിച്ചു കോമിണ്ടാങ്ങിനെ പരിഷ്കരിക്കുവാൻ ഡാക്ടർ സൺസമ്മതിച്ചു:– (1) കോമിണ്ടാങ്ങും ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയും തമ്മിൽ സഹകരിച്ചു പ്രവർത്തിയ്ക്കുക (2) ദേശീയ ചൈനയും സോവിയറ്റു റഷ്യയും തമ്മിൽ സഹകരിയ്ക്കുക (3) തൊഴിലാളികളുടേയും കൃഷിക്കാരുടേയും പ്രക്ഷോഭങ്ങളെ സഹായിയ്ക്കുക.

ഈ മാറ്റം കമ്യൂണിസ്റ്റ് പാർട്ടിയുടെ പുരോഗതിയ്ക്ക് വലിയൊരു സഹായമായിത്തീർന്നു. ഒന്നാമത്, ദേശീയവാദികളുടെ അധികാരാതിർത്തിയിൽപെട്ട കാണ്ടണിൽ (Canton) തുറന്ന പ്രചാരവേല ചെയ്യുവാൻ അവർക്കു സാധിച്ചു. രണ്ടാമതു, കോമിണ്ടാങ്ങിലൂടെ പ്രവർത്തിയ്ക്കുവാൻ തടസ്ഥമുണ്ടാകുന്ന സന്ദർഭങ്ങളിൽ തങ്ങളുടെ സ്വതന്ത്രസ്ഥാപനമായ പാർട്ടി വഴിയായി പ്രവർത്തിയ്ക്കുവാനും അവർക്കധികാരമുണ്ടായിരുന്നു. പോരെങ്കിൽ, തരം കിട്ടുമ്പോഴെല്ലാം കോമിണ്ടാങ്ങിന്നുള്ളിൽ ഭരണാധികാരങ്ങൾ കൈവശപ്പെടുത്തുവാൻ ശ്രമിയ്ക്കാനുള്ള സൗകര്യവും അവർക്കുണ്ടായിരുന്നു. 1924–ൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയിൽ രണ്ടായിരം അംഗങ്ങളും ''റെഡ്സിൻഡികറ്റിൽ'' (RedSyndicate) ഏകദേശം 60,000 മെമ്പർമാരുമാണുണ്ടായിരുന്നത്. എന്നാൽ, കുറച്ചു സമയത്തിന്നുള്ളിൽ കോമിണ്ടാങ്ങിലെ യഥാസ്ഥിതികമെമ്പർമാരെ അമ്പരപ്പിയ്ക്കത്തക്കവണ്ണം പാർട്ടിയുടെ മെമ്പർമാരും സ്വാധീനശക്തിയും അത്രയധികം വർദ്ധിച്ചു. മൂന്നുകൊല്ലം കൊണ്ട്

അവർക്ക് മർദ്ദിതജനതയെ എന്തെന്നില്ലാതെ ആകർഷിയ്ക്കുവാൻ കഴിഞ്ഞു. തെക്കൻ ചൈനയിലുള്ള കൃഷിക്കാരുടെയിടയിൽ അവർക്കുണ്ടായിത്തീർന്ന സ്വാധീനശക്തി അത്ഭുതകരമായിരുന്നു. അതിന്നു പുറമെ അനേകം പട്ടാളക്കാരും പാർട്ടിയുടെ ബന്ധുക്കളായിത്തീർന്നു.

## വിപ്ലവം

1925 മെയ്മാസത്തിൽ ചൈനയിലെ ജാപ്പാനീസ് മില്ലുകളിൽ ഒരു പണമുടക്കമുണ്ടായി. പണിമുടക്കത്തിന്റെ നേതാക്കന്മാരിൽ ചിലർ വെടിവെയ്ക്കപ്പെട്ടതോടുകൂടി രാജ്യം മുഴുവനും എന്തെന്നില്ലാതെ കലങ്ങിമറിഞ്ഞു. എല്ലാ ദിക്കിലും വിപ്ലവത്തിന്റെ കൊടുങ്കാറ്റ് ശക്തിയോടെ വീശാൻ തുടങ്ങി. വിപ്ലവക്കാലത്തു, അതായത് 1926–27ൽ, കാണ്ടണിലും ഹോങ്കോങ്ങിലുമുണ്ടായ പണിമുടക്കത്തിൽ 1,60,000 തൊഴിലാളികൾ പങ്കെടുത്തിരുന്നു. ഈ പണിമുടക്കം ചൈനീസ് വിപ്ലവചരിത്രത്തിൽ ഏറ്റവും പ്രധാനമായ ഒരദ്ധ്യായമാണ്. കുറച്ചു ദിവസത്തിന്നുള്ളിൽ പണിമുടക്കത്തിന്റെ പ്രഭാവം കൃഷിക്കാരുടെയിടയിലും കാണാൻ തുടങ്ങി. അവർ ജന്മിമാരുടെ നേരെ പരസ്യമായ ലഹളയാരംഭിച്ചു.

ഇങ്ങിനെ മർദ്ദിതവർഗ്ഗക്കാർ യോജിച്ച് ധനികവർഗ്ഗത്തിന്റെ നേരെ ഭയങ്കരമായ ലഹളയാരംഭിയ്ക്കുന്നതുവരേയും ചൈനയിലെ ധനികരാഷ്ട്രീയ പ്രക്ഷോഭകന്മാർക്ക് പല വമ്പിച്ച ആശകളുമുണ്ടായിരുന്നു. കൃഷിക്കാരുടേയും തൊഴിലാളികളുടേയും സാഹായ്യത്തോടുകൂടി വിദേശീയ മുതലാളികളുടെ നേരെ പൊരുതാമെന്നും അങ്ങിനെ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾ നേടാമെന്നും അവർ വിചാരിച്ചിരുന്നു. എന്നാൽ ലഹളയാരംഭിച്ചതോടുകൂടി, അതായതു, കൃഷിക്കാരും തൊഴിലാളികളും വിദേശീയ ഗവൺമെന്റിന്റെ മാത്രമല്ല തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങളുടേയും ശത്രുക്കളാണെന്നു വ്യക്തമായതോടുകൂടി, അവർ ഗവൺമെന്റിന്റെ ഭാഗത്തു ചേർന്നു തങ്ങളുടെ യഥാർത്ഥമായ മുതലാളിത്ത നിറം പുറത്തു കാണിയ്ക്കുവാൻ തുടങ്ങി. മുതലാളികളും ജന്മികളും ച്യാങ്കേഷേക്കിന്റെ സേനാപതിത്വത്തിൻകീഴിൽ ഒന്നിച്ചു ചേർന്നു അവരുടെ പിൻബലത്തോടുകൂടി ച്യാങ്കേഷേക്ക് 1927 ഏപ്രിൽമാസത്തിൽ യാങ്ടേസ് നദിയുടെ വടക്കുഭാഗത്തു നാങ്കിങ്ങ് ഗവൺമെന്റ് സ്ഥാപിച്ചു. അപ്പോഴേയ്ക്കും ദേശീയസ്ഥാപനമായ കോമിണ്ടാങ്ങിൽനിന്നു ഭിന്നിച്ചുപോയ കമ്യൂണിസ്റ്റ്കാർ സ്വന്തമായി സാമാന്യ ജനതയെ സംഘടിപ്പിയ്ക്കുവാൻ തുടങ്ങി. ട്യൂനാൻ, ഹ്യൂപേ, ഹവാങ്ടങ്, കീചേങ്സ്യൂ എന്നീ സംസ്ഥാനങ്ങളിൽ അവർക്കു അതിരുകവിഞ്ഞ സ്വാധീനശക്തി ലഭിച്ചു. സാമ്യവാദികളുടെ നേതൃത്വത്തിൻകീഴിൽ കൃഷിക്കാരും തൊഴിലാളി

കളും കൂട്ടംകൂട്ടമായിട്ടാണ് വന്നുകൊണ്ടിരുന്നത്. അങ്ങിനെ, ഒടുവിൽ, സ്യൂചോജെൻ (Su-choa-gen) എന്ന സുപ്രസിദ്ധ കമ്യൂണിസ്റ്റിനെ പ്രധാന നേതാവാക്കിക്കൊണ്ടു അവർ സോവിയറ്റ് ചൈനയുടെ അടിക്കല്ലിട്ടു.

## വർഗ്ഗയുദ്ധം

1927-ലെ ഭിന്നിപ്പിന്നുശേഷം ച്യാങ്കേഷേക്ക് കമ്യൂണിസ്റ്റ് പാർട്ടിയെ തച്ചുടയ്ക്കുവാൻ ആവുന്നതും ശ്രമിച്ചുനോക്കുകയുണ്ടായി. എന്നാൽ എത്രതന്നെ ക്രൂരമായ മർദ്ദനത്തിന്നും പാർട്ടിയുടെ കൂടിക്കൂടിവന്ന ശക്തിയെ ലേശംപോലും നശിപ്പിയ്ക്കാൻ കഴിഞ്ഞില്ല. ജനങ്ങളെ ആകർഷിയ്ക്കുവാൻവേണ്ടി പല പുറംപൂച്ചുകളും തുന്നിപ്പിടിപ്പിച്ചു വെച്ചിട്ടുള്ള പ്രജായത്തഭരണം, വാസ്തവത്തിൽ, ധനികവർഗ്ഗത്തിന്റെ സ്വേച്ഛാധിപത്യം മാത്രമാണെന്നും തങ്ങളുടെ രക്ഷയ്ക്കു ഏറ്റവും പറ്റിയത്. സോവിയറ്റ് ഭരണരീതി മാത്രമാണെന്നും ചൈനയിലെ മർദ്ദിതവർഗ്ഗം എളുപ്പത്തിൽ മനസ്സിലാക്കി. അതിനാൽ, ക്യാങ്സി, ഹുനാൻ, ഹ്യൂപേ എന്നീ സംസ്ഥാനങ്ങളിലെ സോവിയറ്റ് ഗവൺമെന്റിനെ അകറ്റുവാൻവേണ്ടി ച്യാങ്കേഷേക്ക് പട്ടാളങ്ങളെ അയച്ചു എല്ലാ പ്രാവശ്യവും കൃഷിക്കാരും തൊഴിലാളികളും സംഘടിച്ച് തങ്ങൾ വളരെ പണിപ്പെട്ടു സമ്പാദിച്ച ഭരണകൂടത്തെ സ്തുത്യർഹമായ ധീരതയോടുകൂടി കാത്തുരക്ഷിയ്ക്കുകയാണ് ചെയ്തത്. ഈ ധീരതയുടേയും ഈ ത്യാഗത്തിന്റേയും ഫലമായി, ക്രമത്തിൽ ക്രമത്തിൽ, മദ്ധ്യചൈനയിലെ ഒരു വലിയ വിഭാഗം മുഴുവനും സോവിയറ്റുഗവൺമെന്റിന്റെ അധീനത്തിൽ വന്നുചേർന്നു.

ധനികപത്രകാരന്മാർ മർദ്ദിതന്മാരുടെ ഈ ഭരണശക്തിയെ മറച്ചുവെയ്ക്കുവാനും ച്യാങ്കേഷേക്ക് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഭാവത്തെ തീരെ നശിപ്പിച്ചു കഴിഞ്ഞിരിയ്ക്കുന്നുവെന്ന വ്യാജപ്രസ്താവം പരത്തുവാനും വളരെ ശ്രമിച്ചുനോക്കുകയുണ്ടായി, അതിനാൽ സോവിയറ്റ് ചൈനയുടെ മാഹാത്മ്യങ്ങളെ അവയുടെ യഥാർത്ഥരൂപത്തിൽ മനസ്സിലാക്കുവാൻ സാമാന്യജനങ്ങൾക്കു സാധിച്ചിരുന്നില്ല. എന്നാൽ ഇയ്യിടെ കമ്യൂണിസ്റ്റ്കാരുടെ എഴുപതിനായിരം പട്ടാളക്കാരടങ്ങിയ ചുകപ്പുസൈന്യം പൊടുന്നനവെ ക്യാങ്സി തലസ്ഥാനത്തിൽനിന്ന് അമ്പതുനാഴികദൂരത്തുള്ള ടിറ്റാഓ (Titao) ആക്രമിച്ചപ്പോൾ, ചൈനയിലെ കമ്യൂനിസം ഒരു ജീവനുള്ള ശക്തിയാണെന്നും ച്യാങ്കേഷേക്കിന്റെ നയത്തിനു സോവിയറ്റ് ഭരണത്തെ ഒട്ടുംതന്നെ ഉടയ്ക്കുവാൻ സാധിച്ചിട്ടില്ലെന്നും ലോകത്തിന്നു ബോധ്യമായി.

കോച്ചോ, സീച്ചുവാൻ, ഷാൻസി എന്നീ പടിഞ്ഞാറൻ സംസ്ഥാനങ്ങളിലാണ് കമ്യൂണിസ്റ്റ്കാരുടെ ശക്തി ദിവസംചെല്ലുംതോറും കൂടിക്കൂടി വരുന്നത്. ഇക്കാര്യത്തിൽ ഭൂമിയുടെ കിടപ്പിനേക്കാളധികം സാമാന്യജനതയുടെ കഷ്ടപ്പാടുകളാണ് അവരെ സഹായിച്ചിട്ടുള്ളത്. വർദ്ധിച്ച നിലനികുതി, ദുസ്സഹമായ പാട്ടം, അത്യധികമായ കടച്ചുമട്-ഇതെല്ലാംകൂടി ചൈനയിലെ ദരിദ്രവർഗ്ഗത്തെ കമ്യൂണിസത്തിൽ ആശയും വിശ്വാസവുമുള്ളവരാക്കിത്തീർത്തു. പാട്ടത്തിൽനിന്നും കടത്തിൽനിന്നും ജനങ്ങളെ രക്ഷിയ്ക്കുവാൻ ദേശീയഗവൺമെന്റിന്നു സാധിയ്ക്കാത്തതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. എന്തെന്നാൽ ദേശീയഗവണ്മെന്റ് നിലനില്ക്കുന്നതുതന്നെ ജന്മികൾ, പണമിടപാടുകാർ, തുടങ്ങിയ ധനിക വർഗ്ഗക്കാരുടെ പിൻബലത്തോടുകൂടിയാണ്.

പിന്നെ കുറച്ചുകാലമായി ജാപ്പാൻ വടക്കൻ ചൈനയിലെ ചില സംസ്ഥാനങ്ങളെ പിടിച്ചുപറിയ്ക്കുവാൻ ശ്രമിയ്ക്കുകയാണല്ലോ. കേന്ദ്രഗവൺമെന്റ് ജാപ്പാന്റെ സാമ്രാജ്യദുർമ്മോഹത്തെ വേണ്ടത്ര എതിർക്കുകയുണ്ടായില്ല. ഈ കാരണത്താലും കമ്യൂണിസ്റ്റ്കാരുടെ പ്രഭാവം വർദ്ധിച്ചിട്ടുണ്ട്. സോവിയറ്റ് ഡിസ്ട്രിക്ട്കൾ ക്യാങ്സിയിലും ഡെച്ചുവാനിലും പരിമിതമായി കിടന്നിരുന്നപ്പോൾ ചൈനീസ് കമ്യൂണിസത്തെ ഗവൺമെന്റും ധനികവർഗ്ഗവും ആവശ്യത്തിലധികം ഭയപ്പെട്ടിരുന്നില്ല. എന്നാൽ യ്യാൻസി കൂടി കമ്യൂണിസ്റ്റ്കാരുടെ ശക്തിയ്ക്കുള്ളിലായപ്പോൾ ശത്രുക്കൾ എന്തെന്നില്ലാതെ അമ്പരന്നുപോയി.

ചൈനയിലെ അഞ്ചിലൊരുഭാഗത്തോളംവരുന്ന സോവിയറ്റു പ്രദേശങ്ങൾ രണ്ടായി വിഭജിയ്ക്കപ്പെട്ടുകിടക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ കീഴിൽ തെക്കൻ ക്യാങ്സി, പടിഞ്ഞാറൻ ഫുക്കിയാങ്, വടക്കൻ ക്വാങ്ടൺ, ക്യാങ്സി, പടിഞ്ഞാറൻ ഫുക്കിയാങ്ങ്, വടക്കൻ ക്വാങ്ങിടൺ, ഹുനാൻ, ഹുപ്പേയുടെ അതിർത്തിപ്രദേശങ്ങൾ ഇത്രയും സ്ഥലമാണ് സോവിയറ്റുകളായിട്ടുള്ളത്. രണ്ടാമത്തെ പ്രധാനവിഭാഗത്തിൽ പടിഞ്ഞാറൻ ഹോനാൻ, ഹൂപ്പേ, ആൻവേഹോനാൻ, ഹൂപ്പേയുടെ അതിർത്തിപ്രദേശങ്ങൾ എന്നിവയ്ക്കുപുറമെ വേറേയും എട്ടു ചെറിയ സോവിയറ്റുപ്രദേശങ്ങളുണ്ട്. മൂന്നുലക്ഷത്തിലധികം ചനാഴികവിസ്താരമുള്ള ഈ പ്രദേശങ്ങളിലെല്ലാം കൂടി ആകെ ഒമ്പതുകോടിയിൽ കുറയാത്ത ജനസംഖ്യയാണുള്ളത്.

## ഭരണരീതി

സോവിയറ്റുഭരണത്തിന്റെ തലസ്ഥാനം ക്യാങ്സിയിലാണ്. അതിന്റെ കീഴിലായി അനേകം ഡിസ്ട്രിക്ട്സോവിയറ്റുകളുണ്ട്. ഓരോ

ഡിസ്ട്രിക്ട്സോവിയറ്റിലും താഴെ പറയുന്ന പത്തു തത്ത്വങ്ങളനുസരിച്ചാണ് ഭരണം നടത്തുന്നത്:-

1. സാമ്രാജ്യത്വത്തെ നശിപ്പിയ്ക്കുക.
2. വിദേശീയമുതലാളികളുടെ വ്യവസായങ്ങളും ബങ്കുകളും പിടിച്ചടക്കുക.
3. ചൈനയിലെ വ്യത്യസ്തജനവിഭാഗങ്ങൾക്ക് സ്വയംനിർണ്ണയാവകാശം നൽകിക്കൊണ്ടുള്ള ഒരൈക്യചൈനയെ സ്ഥാപിയ്ക്കുക.
4. ദേശീയഗവൺമെന്റിനെ നശിപ്പിക്കുക.
5. സോവിയറ്റുകൾ - അതായത്, തൊഴിലാളികൾ, കൃഷിക്കാർ, പട്ടാളക്കാർ എന്നിവരുടെ കൗൺസിലുകൾ - സ്ഥാപിയ്ക്കുക.
6. എട്ടു മണിക്കൂർ പ്രവൃത്തിനിയമം പാസ്സാക്കുക; കൂലി കൂട്ടുക; തൊഴിലില്ലായ്മ നശിപ്പിക്കുക; സോഷ്യൽ ഇൻഷൂറൻസ് മുതലായത് നടപ്പാക്കുക.
7. കൃഷിക്കാരുടേതല്ലാത്ത എല്ലാ നിലങ്ങളും പിടിച്ചടക്കി കൃഷിക്കാർക്കു വീതിച്ചുകൊടുക്കുക.
8. പട്ടാളക്കാരുടെ ജീവിതരീതി പരിഷ്കരിക്കുക.
9. പഴയ ഗവൺമെന്റ് നടപ്പാക്കിയ എല്ലാ നികുതികളും നിർത്തൽചെയ്യുകയും അവയ്ക്കു പകരമായി കൃഷിയുടെ ഉല്പന്നങ്ങളുടെ ഏറ്റക്കുറച്ചിലുകളെ ആശ്രയിക്കുന്ന 'സിംഗിൾടാക്സ്' സമ്പ്രദായം നടപ്പാക്കുകയും ചെയ്യുക.
10. സോവിയറ്റു റഷ്യയേയും ലോകം മുഴുവനുമുള്ള തൊഴിലാളിവർഗ്ഗങ്ങളേയും സഹായിക്കുക.

ചൈനീസ് സോവിയറ്റ് റിപ്പബ്ളിക്കിന്റെ കേന്ദ്രഭരണം സോവിയറ്റു കോൺഗ്രസ്സിന്റെ അധീനത്തിലാണ്. പ്രധാനമായി സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിറ്റി, കൌൺസിൻ ഓഫ് കമ്മീസ്സാർസ് ഇങ്ങിനെ രണ്ടു ഡിപ്പാർന്റുമെണ്ടുകളാണ് ഭരണം നടത്തുന്നത്. സോവിയറ്റുകോൺഗ്രസ്സിന്റെ സമ്മേളനം നടന്നുകൊണ്ടിരിയ്ക്കാത്ത സമയത്തെല്ലാം അതിനെ സെൻട്രൽ എക്സിക്യൂട്ടിവ് കമ്മിറ്റി പ്രതിനിധീകരിക്കുന്നു. കൌൺസിൽ ഓഫ് കമ്മീസ്സാറിൽ ദേശീയകാര്യങ്ങൾ, വിദേശകാര്യങ്ങൾ, കൃഷി, തൊഴിൽ, വിദ്യാഭ്യാസം, ആയവ്യയം, സൈന്യം എന്നീ വിഭാഗങ്ങളുടെ കമ്മീസ്സർമാരാണുള്ളത്. കോൺഗ്രസ്സിലേക്കുള്ള പ്രതിനിധികളിലധികവും ചൈനീസു കമ്യൂണിസ്റ്റ് പാർട്ടിയുടെ മെമ്പർമാരായിരിക്കും. കേന്ദ്രഗവൺമെന്റിന്റെ തലവൻ ഇപ്പോൾ മാഓത്സിടങ് (Mao Tsetung) ആണ്.

സോവിയറ്റുകളിൽ തൊഴിലാളികൾക്കാണ് ഏറ്റവുമധികം പ്രാതിനിധ്യം ലഭിച്ചിട്ടുള്ളത്. ശത്രുക്കളുടെ കൂടെക്കൂടെയുള്ള ആക്രമണങ്ങളാലും വേറേയും ചില അനിവാരിതകാരണങ്ങളാലും സോവിയറ്റ്ചൈനക്ക് സോവിയറ്റ് റഷ്യയേപ്പോലെ ഉറച്ചുനില്ക്കുവാൻ ഇനിയും സാധിച്ചിട്ടില്ലെന്നുള്ളതു വാസ്തവമാണ്. എങ്കിലും ചൈനീസ് സോവിയറ്റ് റിപ്പബ്ളിക്കിന്റെ ഭരണഘടനയേയും അവിടുത്തെ തൊഴിലിനേയും കൃഷിയേയും സംബന്ധിക്കുന്ന നിയമങ്ങളേയും വായിച്ചുനോക്കിയാൽ ഏതു മുതലാളിത്തരാജ്യവും അമ്പരക്കാതിരിയ്ക്കുകയില്ല.

നഗരത്തിലേയും ജില്ലയിലേയും കൗൺസിലുകൾക്കുള്ള തിരഞ്ഞെടുപ്പുകൾ സോവിയറ്റ് സമ്പ്രദായമനുസരിച്ചാണ് നടക്കുന്നത്. ഈ കൗൺസിലുകളാണ് ഗവൺമെന്റിന്റെ ഏറ്റവും മുഖ്യമായ ഘടകങ്ങൾ മർദ്ദിതവർഗ്ഗങ്ങളിൽപെട്ട എല്ലാ വ്യക്തികൾക്കും വോട്ടവകാശമുണ്ട്. പ്രസംഗം, സഭ, ലേഖനം, പ്രസ്സ്, ഹർത്താൽ, സംഘടന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം എല്ലാ മർദ്ദിതന്മാർക്കും ലഭിച്ചിട്ടുണ്ട്. അങ്ങേയറ്റം, ഗവൺമെന്റിനേയും ഗവൺമെന്റിന്റെ പ്രവൃത്തികളെയും വിമർശിയ്ക്കുവാൻപോലും സാമാന്യജനതയ്ക്കവകാശമുണ്ട്.

## ജന്മികളും മുതലാളികളും

ജന്മികൾക്കും മുതലാളികൾക്കും വലിയ വലിയ പണമിടപാടുകാർക്കും സോവിയറ്റ്ചൈനയുടെ ഭരണകാര്യങ്ങളിൽ യാതൊരധികാരവുമില്ല. പട്ടാളത്തിൽ ചേരുവാൻ അവർക്കവകാശമില്ല; തിരഞ്ഞെടുപ്പുകളുണ്ടാകുമ്പോൾ അവർക്കു വോട്ടുചെയ്യുവാനുള്ള സ്വാതന്ത്ര്യംപോലുമില്ല. പല കൂടനയങ്ങളും പ്രയോഗിച്ച് സോവിയറ്റ് കൗൺസിലുകളിൽ കടന്നുകൂടുന്ന ധനികവർഗ്ഗക്കാരെ പിടിച്ചു പുറത്താക്കുവാനുള്ള ശ്രമങ്ങൾ എല്ലായ്പോഴും നടന്നുകൊണ്ടിരിയ്ക്കുന്നു. ഇതിന്നെല്ലാം പുറമെ ജന്മികൾ, മുതലാളികൾ മുതലായവർക്ക് ഇഷ്ടംപോലെ പ്രസംഗിയ്ക്കുവാനോ എഴുതുവാനോ സംഘടിയ്ക്കുവാനോ യാതൊരു സ്വാതന്ത്ര്യവുമില്ല. മുതലാളിത്തത്തിന്റെ അടിപുഴക്കുക എന്നതു ബുദ്ധിമുട്ടില്ലാത്ത പ്രവൃത്തിയല്ലെന്നും കുഴിയാനനയക്കാരായ ധനികവർഗ്ഗക്കാർ തരംകിട്ടിയാൽ ദരിദ്രഗവൺമെന്റിനെ തകിടം മറിക്കാതിരിക്കുകയില്ലെന്നും അതിനാൽ ഇത്തരംമുൻകരുതലുകൾ ഒഴിച്ചുകൂടാൻ വയ്യാത്തവയാണെന്നും സോവിയറ്റധികൃതന്മാർ വിശ്വസിയ്ക്കുന്നു. നിയമങ്ങൾക്കെതിരായി നടക്കുന്നവരെ ശിക്ഷിയ്ക്കുവാൻ ചുവപ്പു സൈന്യത്തിന്റെ പിൻബലത്തോടുകൂടിയ സോവിയറ്റ് കോടതികളുണ്ട്. പ്രതിക്രിയയെ കഠിനമായി മർദ്ദിച്ചൊതുക്കുന്നതോടൊപ്പം മൃഗീയങ്ങളായ പഴയ ദണ്ഡനീതികളെ നിർത്തൽചെയ്യുവാനും സോവിയറ്റ്ഗവൺമെന്റ് ആഗ്രഹിയ്ക്കുന്നുണ്ട്. തടവുകാരോടു വെറുപ്പും പ്രതികാരവും കാണിയ്ക്കു

ന്നതിന്നു പകരം അവർക്കു ജെയിലുകളിൽ പഠിയ്ക്കുവാനും മനുഷ്യത്വത്തിലേയ്ക്കു വികസിയ്ക്കുവാനുമുള്ള സന്ദർഭം നൽകുകയാണ് ചെയ്യുന്നത്. ചുരുക്കിപ്പറഞ്ഞാൽ, ചൈനയിലെ സോവിയറ്റുപ്രദേശങ്ങളിലെ ദരിദ്രാധിപത്യം ജന്മികൾ, മുതലാളികൾ, കോമിണ്ടാങ്ങിലെ ദേശീയവാദികൾ, വിദേശീയരായ സാമ്രാജ്യവാദികൾ എന്നിവരെ നിർദ്ദയമായി മർദ്ദിച്ചൊതുക്കുന്നുണ്ടെങ്കിൽകൂടി, സാമാന്യജനങ്ങളെ സംബന്ധിച്ചേടത്തോളം യഥാർത്ഥസ്വാതന്ത്ര്യമുള്ള പ്രജായത്തഭരണംതന്നെയാണ്.

## തൊഴിലാളികൾ.

സോവിയറ്റുകളുടെ സ്ഥാപനത്തിന്നുമുമ്പ് തൊഴിലാളികൾ ശരിയ്ക്കു മുതലാളികളുടെ അടിമകളായിരുന്നു. അത്യധികമായ പ്രവൃത്തി സമയം, ഏറ്റവും കുറഞ്ഞ കൂലിനിരക്ക്, മൃഗീയമായ പെരുമാറ്റം, സ്വരക്ഷയ്ക്കാവശ്യമായ നിയമങ്ങളുടെ അഭാവം, പണിമുടക്കം ചെയ്യുവാൻപോലുമുള്ള സ്വാതന്ത്ര്യമില്ലാതിരിയ്ക്കൽ-ഇതൊന്നും തൊഴിലാളികൾ ഇന്നും മറന്നുകഴിഞ്ഞിട്ടില്ല. കോമിണ്ടാങ്ങിന്നു കീഴിലുള്ള തൊഴിലാളികളുടെ സ്ഥിതി ഇന്നും ഒട്ടും ഭേദപ്പെട്ടിട്ടില്ല. 1933 മാർച്ച്മാസത്തിലല്ലേ കോമിണ്ടാങ്ങ് ഗവൺമെന്റ് ഹാങ്കോവിൽ പണിമുടക്കംചെയ്തു തൊഴിലാളികളെ മരണശിക്ഷയ്ക്കു വിധിച്ചത്? എന്നാൽ സോവിയറ്റു പ്രദേശങ്ങളിലെ സ്ഥിതി ഏറ്റവും പരിഷ്കരിച്ചിരിയ്ക്കുന്നു. അവിടെ തൊഴിലാളികൾ സ്വതന്ത്ര്യരായ നാഗരികരാണ്.

എട്ടുമണിക്കൂർ നിയമം സോവിയറ്റുപ്രദേശങ്ങളിലെല്ലാം നടപ്പിൽ വന്നിരിയ്ക്കുന്നു. കൂലിനിരക്ക് 40 ശതമാനത്തോളം വർദ്ധിച്ചിരിയ്ക്കുന്നു. മിക്ക തൊഴിലാളികളും ശക്തിയോടുകൂടി സംഘടിച്ചുകഴിഞ്ഞിരിയ്ക്കുന്നു. 1934-ൽ കേന്ദ്രസോവിയറ്റുകളിൽ തൊഴിലാളിസംഘങ്ങളിൽ ഏകദേശം 2,30,000 മെമ്പർമാരുണ്ടായിരുന്നു. ഇതു ആകേയുള്ള തൊഴിലാളികളുടെ 95 ശതമാനമാണ്. സുമാർ 28 ശതമാനം തൊഴിലാളികൾ ചുകപ്പു സൈന്യത്തിൽ ചേർന്നവരാണ്. ഏഴായിരത്തോളം തൊഴിലാളികൾ സോവിയറ്റുഗവൺമെന്റിന്റെ കീഴിൽ ഉദ്യോഗം വഹിയ്ക്കുന്നവരാണ്. 12500-ഓളം തൊഴിലാളികൾ കമ്യൂണിസ്റ്റ്പാർട്ടിയിലേയോ യുവസോഷ്യലിസ്റ്റ് സംഘത്തിലേയോ അംഗങ്ങളാണ്.

## കൃഷിക്കാർ

തൊഴിലാളികളെപ്പോലെതന്നെ കൃഷിക്കാർക്കും വമ്പിച്ച പല നേട്ടങ്ങളുമുണ്ടായിട്ടുണ്ട്. വർദ്ധിച്ച കടച്ചുമടിൽനിന്നും ദുസ്സഹമായ പാട്ടത്തിൽനിന്നും അവർക്കു മോചനം ലഭിച്ചിരിയ്ക്കുന്നു. പണ്ടു ഒരു നേരത്തെ വയർ നിറയ്ക്കുവാനുള്ള ഭക്ഷണം ഏറ്റവും വലിയ സുഖ

ഭോഗമായി കരുതിയിരുന്ന കൃഷിക്കാർക്ക് ഇന്നു സുഖമായ ഭക്ഷണം ഇഷ്ടംപോലെ കിട്ടിവരുന്നുണ്ട്.

## വിദ്യാഭ്യാസം

കോമിണ്ടാങ്ങിന്റെ കീഴിലുള്ള എൺപതുശതമാനത്തിലധികം ജനങ്ങൾ അക്ഷരാഭ്യാസമില്ലാത്തവരാണ്. എന്നാൽ സോവിയറ്റു പ്രദേശങ്ങളിൽ വിദ്യാഭ്യാസം അത്ഭുതകരമാംവിധം വർദ്ധിച്ചിരിക്കുന്നു. ക്യാങ്സി, ഫ്യൂക്കിയൻ, ഏങ്കാങ് എന്നീ ജില്ലകളിൽ 3052 സോഷ്യലിസ്റ്റ് പ്രൈമറി സ്കൂളുകളുണ്ട്. ഇവയിലെല്ലാംകൂടി 89730 കുട്ടികൾ പഠിക്കുന്നുണ്ട്. ആകെ 96000 വിദ്യാർത്ഥികൾ പഠിയ്ക്കുന്ന 6500 നിശാപാഠശാലകളുണ്ട്. രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമായി 38000 വായനശാലകളുണ്ട്. കേന്ദ്രസോവിയറ്റു ജില്ലയിൽ നിന്നുതന്നെ 34 പത്രങ്ങൾ പുറപ്പെടുന്നുണ്ട്. കുട്ടികൾക്കു പഠിപ്പിന്നു പുറമെ ഭാസുരമായ വികാസത്തിന്നാവശ്യമായ വിനോദങ്ങളും സംസ്കാരസ്ഥാപനങ്ങളും സോവിയറ്റു പ്രദേശങ്ങളിൽ സുലഭമാണ്.

## സ്ത്രീപുരുഷബന്ധം

സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ അവകാശങ്ങളാണ് സോവിയറ്റുപ്രദേശങ്ങളിൽ അനുവദിച്ചിട്ടുള്ളത്. വിവാഹത്തിന്നും വിവാഹമോചനത്തിന്നുമുള്ള പരിപൂർണ്ണമായ സ്വാതന്ത്ര്യം രണ്ടു കൂട്ടർക്കുമുണ്ട്. ബാല്യവിവാഹവും കന്യാവിക്രയവും നിയമം അനുവദിയ്ക്കുന്നില്ല.

## സാമ്പത്തികനയം

ഉൽപാദനത്തെ സ്വതന്ത്രമാക്കുക എന്നതാണ് സോവിയറ്റുഗവൺമെന്റിന്റെ മുമ്പിലുള്ള പ്രധാനമായ പ്രശ്നം. പുതിയ നയത്തിന്റെ ഫലമായി കൃഷിയും, വ്യവസായവും അതിവേഗം അഭിവൃദ്ധിപ്പെട്ടുവരുന്നു. സഹകരണ സംഘങ്ങൾ എല്ലാ ദിക്കിലും പൊട്ടിത്തഴച്ചുവരുന്നു. 1933-ൽ സോവിയറ്റുപ്രദേശങ്ങളിൽ ആകെ 1423 സഹകരണസംഘങ്ങൾ പ്രവൃത്തിയെടുക്കുന്നുണ്ടായിരുന്നു.

ഇങ്ങിനെ എല്ലാവിഭാഗങ്ങളിലും സോവിയറ്റുചൈന ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരികയാണ്, അടിമയായ ഇന്ത്യയ്ക്ക് സോവിയറ്റു ചൈനയുടെ സുധീരങ്ങളായ പ്രവൃത്തിമാർഗ്ഗങ്ങളിൽനിന്ന് പല പാഠങ്ങളും പഠിയ്ക്കുവാനുണ്ട്.

മാതൃഭൂമി ആഴ്ചപ്പതിപ്പ് 1936 നവംബർ 23

## അദ്ധ്യായം 5

# മദ്ധ്യധരണ്യാഴിയിലെ വടംവലി

മർദ്ദനംകൊണ്ടും സംഘടനയുടെ അഭാവം കൊണ്ടും ഇന്ത്യ അധഃപതനത്തിന്റെ വക്കുവരെ എത്തിക്കഴിഞ്ഞിരിയ്ക്കുന്നു. എങ്കിലും ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്ന് ഇന്നും അതൊരു വിലപിടിച്ച കോളണിയാണ്. ഇന്ത്യ പിടിയിൽ നിന്നു പോയാൽ ബ്രിട്ടീഷ്സാമ്രാജ്യം അധഃപതിച്ചു. അതുകൊണ്ട് ഇന്ത്യയേയും ഇന്ത്യയിലേക്കുള്ള വഴിയേയും എന്നെന്നും സുരക്ഷിതമാക്കിവെയ്ക്കുവാൻ സാമ്രാജ്യത്വം അശ്രാന്തപരിശ്രമം ചെയ്യാതിരിക്കുകയില്ല. ലോകത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തെ വളരെയധികം കലക്കിമറിച്ചേക്കാവുന്ന ഒരു പരമാർത്ഥമാണിത്.

ലണ്ടനിൽനിന്ന് ഇംഗ്ലീഷുചാനൽ വഴിയായി ബിസ്കേ ഉൾക്കടൽ, ജിബ്രാൾട്ടർ എന്നിവയിലൂടെ മദ്ധ്യധരണ്യാഴിയിൽ പ്രവേശിച്ച് മാൾട്ടാദ്വീപുകടന്ന്, സൂയസ്സുതോട്, ചെങ്കടൽ എന്നിവ വഴിയായി ഏഡൻ ഉൾക്കടലിൽ വരികയും അവിടെനിന്ന് അറബിക്കടലിലൂടെ ബോംബേയിലെത്തുകയും ചെയ്യുക.,–ഇതാണ് ബ്രിട്ടനിൽ നിന്ന് ഇന്ത്യയിലേക്കു വരുവാനുള്ള വഴി. മദ്ധ്യധരണ്യാഴിയിൽ ഉറച്ച നാവികമേധാവിത്വം കൂടാതെ ഈ വഴിയെ കാത്തു രക്ഷിക്കുക സാധ്യമല്ല.

മദ്ധ്യധരണ്യാഴിയുടെ പടിഞ്ഞാറെ പടിവാതിലാണ് ജിബ്രാൾട്ടർ. ഈ ഇടുങ്ങിയ കടലിടുക്കാണ് മദ്ധ്യധരണ്യാഴിയെ രക്ഷിയ്ക്കുവാനുള്ള ഒന്നാമത്തെ സങ്കേതം. അതുകൊണ്ടാണ് ജിബ്രാൾട്ടറിൽ ബ്രിട്ടന്റെ ശക്തികൂടിയ നാവികസൈന്യം നിലനിൽക്കുന്നത്.

മദ്ധ്യധരണ്യാഴിലൂടെ കുറച്ചുകൂടി കിഴക്കോട്ടുപോയാൽ മാൾട്ടയിലെത്തും. ഇതും ബ്രിട്ടന്റെ ഏറ്റവും ഉറപ്പുകൂടിയ ഒരു നാവികസങ്കേത

മാണ്. ഇവിടെവെച്ച് ബ്രിട്ടന്റെ പഴയ കപ്പലുകൾ റിപ്പേർ ചെയ്യുകയും പുതിയ കപ്പലുകൾ തയ്യാറാക്കുകയും ചെയ്യുന്നു. മാൾട്ടയുടെ കിഴക്ക് സിറിയയുടെ അടുത്തായി സൈപ്രസ് കിടക്കുന്നു. അവിടെനിന്നു കുറച്ചുകൂടിപോയാൽ പലസ്തീനിലെത്തും. ശത്രുക്കളെ കരയോടടുപ്പിയ്ക്കാതിരിയ്ക്കുവാൻ ശ്രമിയ്ക്കുകയാണ് പലസ്തീനിലുള്ള മാൻഡേറ്റിന്റെ ഉദ്ദേശ്യം.

ഇന്ത്യയിലേയ്ക്കുള്ള വഴിയിൽ ബ്രിട്ടനെ ഏറ്റവുമധികം പേടിപ്പെടുത്തുന്നത് സൂയസ്തോടാണ്. സൂയസ്സുതോടു പോയാൽ എല്ലാം പോയി. സൂയസ്സിനെ രക്ഷിയ്ക്കണമെങ്കിൽ ഈജിപ്തിനെ വിടാതിരിയ്ക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടു മാത്രമാണ് "സ്വതന്ത്ര ഈജിപ്തിൽ" ഒരു വലിയ ബ്രിട്ടീഷുസൈന്യം കാണപ്പെടുന്നത്.

കരിങ്കടലിനെ മധ്യധരണ്യാഴിയോടു കൂട്ടിച്ചേർക്കുന്ന കടലിടുക്കും ഏറ്റവും പ്രാധാന്യമർഹിയ്ക്കുന്ന ഒന്നാണ്. ഈ "സ്റ്റേറ്റ്സി"ലാണ് കോൺസ്റ്റാന്റിനോപ്പിൾ. അതുകൊണ്ട് കോൺസ്റ്റാന്റിനോപ്പിൾ മുറുകിപ്പിടിയ്ക്കുവാൻ ബ്രിട്ടൻ ആഗ്രഹിയ്ക്കുന്നു. ബൾഗേരിയ, റൂമാനിയ എന്നീ ബാൾക്കൻ രാജ്യങ്ങൾക്ക് കടലിലെത്തണമെങ്കിൽ സ്റ്റേറ്റ്സിലൂടെ പോണം. അതിനാൽ ഈ രാജ്യങ്ങൾക്കും മധ്യധരണ്യാഴിപ്രശ്നത്തിൽ ഉത്സാഹം കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടുവാനില്ല. കരിങ്കടലിന്നും കാസ്പിയന്നും ഇടയിലുള്ള എണ്ണപ്രദേശങ്ങളിലേയ്ക്ക് സ്റ്റേറ്റ്സിലൂടെ മാത്രമെ പ്രവേശിയ്ക്കുവാൻ സാധിയ്ക്കൂ. ഇതും ആലോചനാർഹമായ ഒരു കാര്യമാണ്.

ഇന്ത്യയിലേയ്ക്കുള്ള ബ്രിട്ടന്റെ വഴി ഫ്രാൻസിൽ നിന്ന് വടക്കെ ആഫ്രിക്കയിലേയ്ക്കുള്ള വഴിയിലാണ് കിടക്കുന്നത്. ഇനിയത്തെ ലോകമഹായുദ്ധത്തിന്ന് ഫ്രാൻസിന്റെ ആഫ്രിക്കൻ കോളണികളും അവിടെയുള്ള നീഗ്രോക്കാരും കുറച്ചൊന്നുമല്ല സാഹായമായിരിയ്ക്കുക. ഫ്രാൻസിന്റെ വടക്കെ ആഫ്രിക്കൻ കോളണികൾ മധ്യധരണ്യാഴിയിൽനിന്ന് സഹാറയിലൂടെ മൂവ്വായിരം നാഴിക ദൂരത്തോളം നീണ്ടുകിടക്കുന്നു. ഇതിൽ മൊറോക്കോവും കഴിഞ്ഞു മഹായുദ്ധം വരെ ജർമ്മൻകോളണിയായിരുന്നതും യുദ്ധത്തിന്നുശേഷം ഫ്രാൻസിന്നു മാൻഡേറ്റായി കിട്ടിയതുമായ കാമറൂൻ എന്ന പ്രദേശവും അടങ്ങും. ഫ്രാഞ്ചുചരക്കുകൾക്ക് ഒരുറച്ച കമ്പോളം, ഫ്രാഞ്ച് മുതലാളികളുടെ പണം "ഇൻവെസ്റ്റ്" ചെയ്യുവാൻ പറ്റിയ പ്രദേശം, യുദ്ധക്കാലത്ത് പടയാളികളെ എത്ര വേണമെങ്കിലും കിട്ടുന്ന സ്ഥലം–ഇങ്ങിനെ വടക്കെ

* ഈ ലേഖനം ഭൂപടത്തിന്റെ സാഹായത്തോടുകൂടി വായിച്ചാൽ അധികം നന്നായിരിയ്ക്കും കെ. ദാ.

ആഫ്രിക്കയിലെ ഫ്രഞ്ചുകോളണികൾ ഫ്രാൻസിന്ന് ഏറ്റവും വിലപ്പിടിച്ചവയാണ്. അതുകൊണ്ടാണ് അവിടെ അടുത്തകാലത്തായി ആകാശമാർഗ്ഗങ്ങളും റെയിലുകളും ധാരാളം വെട്ടിത്തുറക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നത്. ഫ്രാൻസിലുണ്ടാകുന്ന ടെക്സ്ടൈൽ വ്യവസായത്തിന്റെ 20 ശതമാനം ഇവിടെയാണ് ചെലവാകുന്നത്. 1929-ൽ (അതിന്നുശേഷമുള്ള കണക്കുകൾ ഈ ലേഖനമെഴുതിയ ആൾക്കു കിട്ടിയിട്ടില്ല) ഫ്രഞ്ചുകോളനികളിൽനിന്നുള്ള സമ്പാദ്യം 16,000,000,000 ഫ്രാങ്കായിരുന്നു: വടക്കെ ആഫ്രിക്കൻ കോളനികളുടെ സൈന്യച്ചെലവ് 1927ന്നും 1931ന്നും ഇടയിൽ ഇരട്ടിയായിത്തീർന്നിട്ടുണ്ട് എന്ന വാസ്തവം ഈ അവസരത്തിൽ ഓർത്തുനോക്കേണ്ടതാണ്.

ഫ്രഞ്ചുമൊറോക്കോവിന്റെ പടിഞ്ഞാറെ അതിർത്തിയിൽ ഓറാൻ (Oran)തുറമുഖവും കിഴക്കു ടൂണിസ്സിൽബിസെർട്ട (Bizerta)യും കിടക്കുന്നു. ഈ രണ്ടു തുറമുഖങ്ങളിലേയ്ക്കുള്ള വഴി സുരക്ഷിതമാക്കിവെയ്ക്കേണ്ടത് ഫ്രഞ്ചുസാമ്രാജ്യത്വത്തിന്ന് അത്യാവശ്യമാണ്.

പിന്നെ ഫ്രഞ്ചു മാൻഡേറ്റായ സിറിയ എണ്ണയ്ക്കു വളരെ ശ്രുതിപ്പെട്ടതാണ്. അവിടേയ്ക്കു പോകുവാനുള്ള വഴിയും മധ്യധരണ്യാഴിയിലൂടെയാണ്.

ഇറ്റലിയ്ക്കും മധ്യധരണ്യാഴിയിൽ പ്രാധാന്യമാവശ്യമുണ്ട്. ട്രിപോളിയിലേയ്ക്കും അൽബേനിയയിലേയ്ക്കും ടർക്കിയിലേയ്ക്കും സ്വതന്ത്രമായ ഗതാഗതസൗകര്യം വേണമെങ്കിൽ മധ്യധരണ്യാഴിയിൽ ആധിപത്യം കൂടിയേ കഴിയൂ. അതിന്നുവേണ്ടിയാണ് സിസിലിയിലും സാർഡിനിയയിലും പുതിയപുതിയ നാവികശക്തികൾ നിമ്മിച്ചു കൊണ്ടിരിയ്ക്കുവാൻവേണ്ടി ഇറ്റലി എന്തെന്നില്ലാതെ പണം ചെലവഴിയ്ക്കുന്നത്. ഫ്രാൻസിന്റെ ഓറാൻ തുറമുഖത്തെപ്പോലെതന്നെ ഇറ്റലിയുടെ സാർഡീനിയ, സിസിലി എന്നീ സ്ഥലങ്ങളും ഇന്ത്യയിലേയ്ക്കുള്ള ബ്രിട്ടീഷ്മാർഗ്ഗത്തിലാണ് കിടക്കുന്നത്. അതുകൊണ്ടു ബ്രിട്ടന്നു ഫ്രാൻസിന്റേയും ഇറ്റലിയുടേയും മധ്യധരണ്യാഴിത്തുറമുഖങ്ങളെ ഭയപ്പാടോടുകൂടി മാത്രമേ നോക്കാൻ സാധിയ്ക്കുന്നുള്ളു.

ഇറ്റലിയ്ക്കു ട്രിപ്പോളിയിലേയ്ക്കു പോകുവാനുള്ള വഴിയിലാണ് മാൾട്ട കിടക്കുന്നത്. അവിടെയുള്ള ബ്രിട്ടീഷുശക്തിയ്ക്കു വേണമെങ്കിൽ ഇറ്റലിയുടെ ആ വഴിയെ തടസ്സപ്പെടുത്തുവാൻ സാധിയ്ക്കും. അതുകൊണ്ടു ഇറ്റലിക്കാർ നിവസിയ്ക്കുന്ന മാൾട്ട ബ്രിട്ടന്റെ പിടുത്തത്തിൽ കിടക്കുന്നത് ഇറ്റലിയ്ക്കു സഹിയ്ക്കാൻ സാധിയ്ക്കുന്നില്ല.

വടക്കെ ആഫ്രിക്കയിൽ ലിബിയ(ട്രിപോളി)എറിട്രിയ, ഇറ്റാലിയൻ സോമാലിലാണ്ട്, അബിസീനിയ എന്നിവ ഇറ്റലിയുടെ കോളനികളാണ്.

ഈ രാജ്യങ്ങളിലേയ്ക്കുള്ള ഗതാഗതമാർഗ്ഗങ്ങളെ സുരക്ഷിതമാക്കിവെക്കേണ്ടത് ഇറ്റലിയുടെ സാമ്രാജ്യത്വത്തിന്നാവശ്യമാണ്. എറിട്രിയയുടെ കിഴക്കായി ചെങ്കടലിന്നക്കരെ, അറബിയയിൽ കിടക്കുന്ന യെമൻ പ്രദേശത്തിന്റെ നേരേയും ഇറ്റലി കണ്ണുവെയ്ക്കാൻ തുടങ്ങിയിട്ടുണ്ട്.

ആകപ്പാടെ മധ്യധരണ്യാഴിപ്രദേശങ്ങൾ മഹാശക്തികളുടെ സാമ്രാജ്യദാഹത്തിന്റെ ഇരയായിക്കിടക്കുകയാണ്. മധ്യധരണ്യാഴിയിലെ ഒരു ചെറിയ ചലനം മതി സാമ്രാജ്യശക്തികളെ ഞെട്ടിത്തെറിപ്പിയ്ക്കുവാൻ. ഇങ്ങിനെ എല്ലാവശങ്ങളെപ്പറ്റിയും ഗൗരവമായി ആലോചിച്ചുനോക്കിയാൽ, വരാൻപോകുന്ന ലോകമഹായുദ്ധത്തിന്റെ ആദ്യത്തെ വെടി മധ്യധരണ്യാഴിയിലല്ല പൊട്ടുക എന്ന് ആർക്കെങ്കിലും പ്രവചിക്കുവാൻ സാധിയ്ക്കുമോ?

മാതൃഭൂമി ആഴ്ചപ്പതിപ്പ് 1936 ഒക്ടോബർ 19

# അദ്ധ്യായം 6

# ജയിലിന്റെ മനശ്ശാസ്ത്രം

തടവുകാരുടെ മാനസികപ്രവർത്തനങ്ങളുടെ അഗാധതകളിലേയ്ക്കു ചുഴിഞ്ഞുനോക്കുന്നതു രസാവഹവും വിജ്ഞാനപ്രദവുമായിരിയ്ക്കും.

ബാഹ്യലോകത്തിലെ സുഖാസുഖങ്ങളിൽനിന്നും സ്വാതന്ത്ര്യാസ്വാതന്ത്ര്യങ്ങളിൽനിന്നും ഒരുവനെ പെട്ടെന്നു വേർതിരിച്ചു നിർത്തുന്ന ആ പടുകൂറ്റൻ ഇരിമ്പുവാതിൽ ആദ്യമായി അടയുമ്പോൾ ആയാളുടെ മനസ്സിന്റെ ഉപരിതലത്തിലേയ്ക്കു വിവിധങ്ങളും കെട്ടിപ്പിണഞ്ഞവയുമായ സ്തോഭങ്ങളാണു പൊന്തിവരുന്നത്. മാതാപിതാക്കന്മാരിൽനിന്നു ഭാര്യാപുത്രന്മാരിൽ നിന്നും മറ്റു പ്രിയജനങ്ങളിൽനിന്നും ആയാൾ ബലാൽക്കാരമായി അകറ്റിനിർത്തപ്പെട്ടിരിയ്ക്കുന്നു. അയാളുടെ വിരിയാത്ത ആശകളുടേയും ആഗ്രഹങ്ങളുടേയും മുമ്പിൽ അപ്രതിരോധ്യമായ കന്മതിലുകൾ അതാ വിലങ്ങടിച്ചുനിൽക്കുന്നു. ഭയസമ്മിശ്രമായ ഒരു നിരാശത എങ്ങും വ്യാപിച്ചിരിയ്ക്കുന്നു. തണുത്തതും കനംകൂടിയതും അനുനിമിഷം മുറുകി മറുകിവരുന്നതുമായ ഒരു യാഥാർത്ഥ്യം ആയാളെ ശ്വാസം മുട്ടിയ്ക്കാൻ ശ്രമിയ്ക്കുന്നു. താനിപ്പോൾ മറ്റു ചിലരുടെ അടിമയാണെന്നുള്ള പ്രത്യക്ഷമായ ബോധം ആയാളുടെ മനസ്സിലുദിയ്ക്കുന്നു.

അനന്തവിസ്തൃതമായ ലോകം ഇരുണ്ട നാലു കൽച്ചുമരുകൾക്കുള്ളിൽ ഒതുങ്ങുന്നു. പത്തോപന്തിരണ്ടോ അടി നീളമുള്ള ‘സെല്ലി’ന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ നടന്നുകൊണ്ട് ആയാൾ ലോകം മുഴുവനും ചുറ്റിസ്സഞ്ചരിച്ചുവെന്ന കൃതാർത്ഥത നേടുന്നു.

## യന്ത്രത്തിന്റെ ഒരു ഘടകമായുള്ള മാറ്റം

തീരെ വ്യത്യസ്തമായ ഒരു പുതിയ ലോകം! ചങ്ങലക്കിലുക്കങ്ങൾ, കൈവളകൾ, ബ്യൂഗിൾ വിളികൾ, വാർഡർമാർ, ജയിലർ, സൂപ്രഡണ്ട്-എല്ലാം ഏതോ മർദ്ദനയന്ത്രത്തിന്റെ വിട്ടുപിരിയാത്ത അവയവങ്ങൾ! എതിർക്കുവാനും പ്രതിഷേധിയ്ക്കുവാനുമുള്ള സ്വഭാവത്തെപ്പോലും മരവിപ്പിയ്ക്കത്തക്കവണ്ണം അത്ര കഠിനങ്ങളായ നിയമങ്ങളും ശിക്ഷകളും! കൃത്യസമയത്ത് എഴുന്നേൽക്കണം, നിശ്ചിതസമയത്ത് ഉറങ്ങണം, നിശ്ചിതപ്രവൃത്തികൾ ചെയ്തുതീർക്കണം-എല്ലാറ്റിന്നും നിശ്ചിതസമയങ്ങളും നിശ്ചിതമായ അളവുകളും. ഒരു വലിയ യന്ത്രത്തെപ്പോലെ എല്ലാം കൃത്യമായി അങ്ങിനെ നടന്നുകൊണ്ടിരിയ്ക്കുന്നു. ഇതിന്നുള്ളിൽ ഇങ്ങിനെ എത്രകാലം കഴിച്ചുകൂട്ടണം? ആറുമാസം, ഒരു കൊല്ലം, രണ്ടു കൊല്ലം, പത്തുകൊല്ലം, പതിനഞ്ചുകൊല്ലം, ഇരുപതുകൊല്ലം, മരണംവരെ-ആയാൾ ഒന്നു ഞെട്ടുന്നു. ആത്മഹത്യചെയ്ത് ജീവിതം അവസാനിപ്പിച്ചാലോ എന്നുപോലും ആയാൾക്കു തോന്നിപ്പോകുന്നു. മുമ്പൊരിയ്ക്കലും പ്രതീക്ഷിച്ചിട്ടില്ലാത്ത ഈ യാന്ത്രികജീവിതത്തിൽ തന്നെത്താൻ ഒതുങ്ങുവാൻ ആയാൾക്കു വലിയ വിഷമം നേരിടുന്നു. എന്നാൽ ചുറ്റുപാടുംനിന്നു ക്രമത്തിൽ വളർന്നുവരുന്ന തള്ളിച്ചകളിൽ നിന്നും പ്രേരണകളിൽനിന്നും രക്ഷപ്പെടുവാൻ തീരെ സാധിയ്ക്കാതാവുമ്പോൾ, ആയാൾ വെറുക്കപ്പെട്ട വലിയ യന്ത്രത്തിന്റെ ഒരു ഭാഗമായി മാറാൻ തുടങ്ങുന്നു. അങ്ങിനെ അവസാനം ആയാളും ആ യന്ത്രത്തിന്റെ അനിവാര്യമായ ഒരു ഘടകമായിത്തീരുന്നു.

## മാനസികമായ അടിച്ചമർക്കലിന്റെ ഫലം

എന്തെല്ലാം കഠിനങ്ങളായ ജയിൽച്ചട്ടങ്ങളോടാണ് ആദ്യംമുതൽക്കേ ആയാൾക്കേറ്റുമുട്ടേണ്ടിവരുന്നത്! ഉറക്കെ സംസാരിയ്ക്കാൻപാടില്ല, ജെയിലിന്നുള്ളിൽത്തന്നെ ചില പ്രത്യേക സ്ഥലങ്ങളിൽ സഞ്ചരിയ്ക്കാൻപാടില്ല, ഇഷ്ടമുള്ള പുസ്തകങ്ങളും പത്രങ്ങളും വായിയ്ക്കാൻപാടില്ല, ചായ ബീഡി മുതലായവ ഉപയോഗിയ്ക്കരുത്-ഇങ്ങിനെ വിവിധങ്ങളായ 'പാടില്ല'കളും 'അരുത്'കളുംകൂടി ആയാളുടെ മനസ്സിനെ നാലു ഭാഗത്തുനിന്നും ഞെരുക്കുന്നു. തന്റെ മൊട്ടിട്ടു നിൽക്കുന്ന എല്ലാ ആശകളേയും ആവശ്യങ്ങളേയും ദയനീയമാംവിധം നിയന്ത്രിയ്ക്കുകയും അടിച്ചമർത്തുകയും ചെയ്യേണ്ടിവരുന്നു. അനർഹമായ ഈ നിയന്ത്രണവും ദുസ്സഹമായ ഈ അടിച്ചമർക്കലും, നിയന്ത്രിയ്ക്കുവാനും അടിച്ചമർത്തുവാനും മനസ്സിന്നുള്ള ശക്തിയെത്തന്നെ കുറയ്ക്കുകയാണു

ചെയ്യുന്നത്. ഈ വിഷമമേറിയ അടിച്ചമർത്തൽ മാനസികമായ പല രോഗങ്ങൾക്കും കാരണമായിത്തീരാവുന്നതുമാണ്.

## ലഹരിദ്രവ്യങ്ങളുടെ രഹസ്യപ്രചാരം

ജെയിലിൽ നിരോധിയ്ക്കപ്പെട്ട ബീടി പുകയില മുതലായവയ്ക്കു ധാരാളം പ്രചാരം കാണുന്നുണ്ട്. പുറത്തുനിന്നു സൂത്രത്തിൽ കള്ളച്ചരക്കായി കൊണ്ടുവരുന്നത് ഉപയോഗപ്രദങ്ങളായ മറ്റു സാധനങ്ങളേക്കാളധികം ബീഡിയോ പുകയിലയോ ആയിരിയ്ക്കും. വളരെ ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ടു, ജയിൽനിയമങ്ങളുടെ കണ്ണിൽപൊടിയിട്ടുകൊണ്ടു, കൈവശപ്പെടുത്തുന്ന ഒരു ബീഡി തടവുകാരനെ സംബന്ധിച്ചേടത്തോളം വളരെ വിലപിടിച്ച ഒരു വസ്തുവാണ്. ഉപയോഗിച്ചു വലിച്ചെറിഞ്ഞ നിസ്സാരങ്ങളായ ബീടിക്കുറ്റികൾക്കുപോലും തടവുകാരുടെയിടയിൽ അസൂയ ജനിയ്ക്കുന്ന ഒരു സ്ഥാനമാണുള്ളത്. ചിലർ തങ്ങളുടെ ഭക്ഷണംപോലും വിറ്റ് പകരം ബീടിവാങ്ങാറുണ്ടെന്നുള്ളത് ഒരു പരമാർത്ഥംമാത്രമാണ്. പുറത്ത് ഒരിയ്ക്കലും ബീടിവലിച്ചിട്ടില്ലാത്തവർപോലും തടവുമുറിയ്ക്കുള്ളിലെത്തുമ്പോൾ മെല്ലെമെല്ലെ ബീടിവലിശീലിയ്ക്കാൻ തുടങ്ങുന്നതും സാധാരണമായ ഒരു കാഴ്ചയാണ്. ഇതൊക്കെ ദുഃസ്വഭാവങ്ങളാണെന്നു പറഞ്ഞു തള്ളിക്കളയുന്ന കാര്യം എളുപ്പമാണ്. പക്ഷേ, മനഃശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചേടത്തോളം, അങ്ങിനെ നിസ്സാരമാക്കി തള്ളിക്കളയത്തക്ക യാതൊന്നുംതന്നെ കാണുകയില്ല. ബീടി, പുകയില തുടങ്ങിയ ലഹരിസാധനങ്ങൾക്കു ജയിലിന്നുള്ളിൽ കൂടുതൽ പ്രചാരം ലഭിയ്ക്കുന്നതിന്നു മനശ്ശാസ്ത്രപരമായ ചില പ്രത്യേകകാരണങ്ങളുണ്ട്. സദാചാരോപദേഷ്ടാക്കൾ നെറ്റി ചുളിയ്ക്കുമെങ്കിലും, മാനസികമായ അടിച്ചമർക്കലിനെ സഹായിയ്ക്കുവാനും ദുസ്സഹമായ ഉൽക്കണ്ഠകളേയും ദുഃഖപൂർണ്ണമായ ചിന്തകളേയും ശമിപ്പിയ്ക്കുവാനും മനസ്സിന്ന് ആഹ്ലാദപൂർണ്ണമായ ഒരു സ്ഥിതി കൈവരുത്തുവാനും ബീടി മുതലായ ലഹരിവസ്തുക്കൾ ഉപകരിയ്ക്കുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. തടവുമുറിയ്ക്കുള്ളിലെ കഠിനവും പരുപരുത്തതുമായ വിരസജീവിതത്തെ ഏറെക്കുറെ മാർദ്ദവപ്പെടുത്തുവാൻ അവ സഹായിയ്ക്കുന്നുണ്ട്. ബീടിയോ പുകയിലയോ ആവശ്യമുള്ള സമയത്തു കിട്ടാതിരിയ്ക്കുമ്പോൾ മനസ്സിന്ന് ഒരു തരം വിളറിച്ചയും മരവിപ്പും ബാധിയ്ക്കാറുണ്ടെന്നു തടവുകാർ പരസ്യമായി സമ്മതിയ്ക്കാറുമുണ്ട്. അതുകൊണ്ടു ബീടിവലി തുടങ്ങിയ 'ദുസ്വഭാവങ്ങൾ' ശീലിച്ചവരോടു സദാചാരത്തിന്റേയും ജെയിലുകളുടേയും അധികൃതന്മാർ പെരുമാറുമ്പോൾ കുറേക്കൂടി സഹതാപം കാണിയ്ക്കേണം, ബീടി ശരിയ്ക്കു കിട്ടാഞ്ഞതുകൊണ്ടുമാത്രം (നിങ്ങൾക്കത്ഭുതംതോന്നും!) രോഗബാധിതനായി

ത്തീർന്ന ഒരു സ്നേഹിതൻ ജെയിലിൽവെച്ച് എന്നോടൊരിയ്ക്കൽ പറയുകയുണ്ടായി:- 'ഞാനെന്നെങ്കിലും ഒരു ജെയിൽക്കാര്യമന്ത്രിയായെങ്കിൽ ആദ്യമായിചെയ്യുക തടവുകാർക്ക് ഇഷ്ടംപോലെ വീടുകൊടുക്കുകയായിരിയ്ക്കും.

## ധാർമ്മികചിന്തയിലേയ്ക്കു തിരിയാൻ പ്രേരണ

ജെയിലിലെ കാഠിന്യങ്ങളിൽനിന്നു രക്ഷനേടുവാനുപയോഗിയ്ക്കുന്ന മറ്റൊരു വഴി മതചിന്തകളാണ്. ഈശ്വരന്ന് അവിടെ കൂടുതൽ പ്രചാരം ലഭിയ്ക്കുന്നു. സന്ധ്യയായാൽ മിക്ക ബ്ളോക്കുകളിൽനിന്നും 'നാമം' ജപിയ്ക്കുന്നതും ഭക്തിരസപ്രധാനങ്ങളായ പാട്ടുകൾ താഴ്ന്ന സ്വരത്തിൽ പാടുന്നതും കേൾക്കാം. കൃസ്ത്യന്മാരാണെങ്കിൽ എല്ലാ ഞായറാഴ്ചയും 'കുർബ്ബാന'യിൽ പങ്കുകൊള്ളുന്ന കാര്യത്തിലും, മുസൽമാന്മാരാണെങ്കിൽ 'നിസ്കാരം' മുതലായതിലും കൂടുതൽ നിഷ്കർഷ കാണിയ്ക്കുന്നു. പുറത്തു നിരീശ്വരവാദികളായിരുന്നവർപോലും അകത്തു ചിലപ്പോൾ ദൈവഭക്തന്മാരായി മാറിയെന്നു വരാം. കൊലപാതകികളുടേയും മോഷ്ടാക്കളുടേയും മറ്റു കുറ്റക്കാരുടേയും ഇടയിൽ ഈശ്വരചിന്തകൾക്കും മതച്ചടങ്ങുകൾക്കും മറ്റെവിടെയുമില്ലാത്ത അത്ര വലിയ സ്ഥാനമാണുള്ളതെന്നു കേൾക്കുമ്പോൾ നിങ്ങൾക്കു തീർച്ചയായും എന്തെന്നില്ലാത്ത ആശ്ചര്യം തോന്നും. എന്നാൽ ഇതു വാസ്തവമാണ്. ദൈനംദിനമുള്ള കഷ്ടപ്പാടുകളിൽനിന്നും നിരാശകളിൽനിന്നും നിസ്സഹായതകളിൽനിന്നും പുറത്തു കടക്കുവാൻ മറ്റു യാതൊരു വഴിയും കാണാത്തവർ ധാർമ്മിക ചിന്തകളെ അഭയം പ്രാപിയ്ക്കുന്നതു സാധാരണമാണ്. ഇതിന്ന് ഇംഗ്ലീഷിൽ 'എസ്കേപ്പിസം' (Escapism) എന്നു പറയുന്നു. സമുദായ ഘടനയിലെ കേടുപാടുകളുടെ യഥാർത്ഥകാരണങ്ങളറിയാത്ത തടവുകാരുടെയിടയിലാണ് ഈ 'എസ്കേപിസം' അധികമായി കണ്ടുവരുന്നത്. ജെയിൽജീവിതത്തിന്റെ കഠിനതകളെ ലഘൂകരിയ്ക്കുവാനും 'നാളെ'യെപ്പറ്റിയുള്ള ആശയ്ക്കു വഴി തെളിയിയ്ക്കുവാനും അസാധ്യങ്ങളായ ആശകളേയും മർദ്ദിതങ്ങളായ ആഗ്രഹങ്ങളേയും അടിച്ചമർക്കുവാനും ഈശ്വരവിശ്വാസവും ധാർമ്മികചിന്തകളും തടവുകാരെ സഹായിയ്ക്കുന്നു.

## ലൈംഗികജീവിതം

ജെയിലിൽ ലൈംഗികജീവിതം പരിപൂർണ്ണമായി നിഷേധിയ്ക്കപ്പെട്ടിരിയ്ക്കുകയാണ്. സ്നേഹിതന്മാരുമായുള്ള സമ്പർക്കങ്ങൾ, കലാപരമായ പ്രവർത്തനങ്ങൾ, സാമൂഹ്യമായ മറ്റു ജീവിതചര്യകൾ ഇതൊന്നു

മില്ലാത്തതുകൊണ്ട് കാമവികാരത്തെ മാർദ്ദവമേറിയ മറ്റു വഴികളിലൂടെ തിരിച്ചു വിടുവാനും നിവൃത്തിയില്ല. അതിനാൽ കാമവികാരങ്ങളെ അടിച്ചമർത്തുന്നതുകൊണ്ടുള്ള ദോഷങ്ങൾ ജെയിലുകളിലെപ്പോലെ അത്രയധികം മറ്റെവിടെയുമുണ്ടാകുന്നില്ല. ഈ ഒരൊറ്റക്കാരണംകൊണ്ട് ശാരീരികമായും മാനസികമായും രോഗബാധിതരായിത്തീരുന്ന തടവുകാരുടെ എണ്ണം കൊല്ലംതോറും വർദ്ധിച്ചു വരികയാണ്. വികാരങ്ങളുടെ ബഹിഃപ്രകടനത്തെ അസാന്മാർഗ്ഗികങ്ങളും പ്രകൃതിവിരുദ്ധങ്ങളുമെന്നു പറയപ്പെടുന്ന പ്രവൃത്തികളിലേയ്ക്കു തിരിച്ചു വിടുവാനുള്ള മാനസികപരിശ്രമങ്ങളും ജെയിലിലാണ് കൂടുതലായി കാണാൻ കഴിയുക. സ്ത്രീപുരുഷബന്ധംകൊണ്ടും സാമൂഹ്യജീവിതംകൊണ്ടുമുണ്ടാകാറുള്ള വികാരസംതൃപ്തി തടയപ്പെടുമ്പോൾ തടവുകൾ തങ്ങളുടെ വികാരങ്ങളെ തങ്ങളിൽത്തന്നെ അമർത്തിവെയ്ക്കുവാനും കേന്ദ്രീകരിയ്ക്കുവാനും ശ്രമിയ്ക്കുന്നു. അവർ തങ്ങളിൽത്തന്നെ അനുരക്തരാവാൻ തുടങ്ങുന്നു.

കാമവികാരങ്ങളെ തൃപ്തിപ്പെടുത്തുവാൻ ജെയിലിൽ സാധാരണമായി ഉപയോഗിയ്ക്കുന്ന ഒരു മാർഗ്ഗം ലൈംഗികസംഭാഷണങ്ങളാണ്. പുറത്ത് അശ്ലീലമെന്നു വിചാരിയ്ക്കപ്പെടുന്ന ഭാഷയിൽ, അശ്ലീലമായി തോന്നുന്ന വിഷയങ്ങളെപ്പറ്റി യഥേഷ്ടം സംഭാഷണങ്ങൾ നടത്തുവാൻ തടവുകാർ സങ്കോചപ്പെടാറില്ല. പുറത്തായിരുന്നപ്പോൾ അശ്ലീലസംഭാഷണങ്ങളെ വെറുത്തിരുന്ന 'സൽസ്വഭാവികൾ'പോലും ജെയിലിന്നുള്ളിലെത്തുമ്പോൾ അത്തരം സംഭാഷണങ്ങളിലും വാദപ്രതിവാദങ്ങളിലും പങ്കുകൊള്ളാൻ തുടങ്ങുന്നതു കാണാം.

## മാന്യതയും ലജ്ജയും

ജെയിലിന്നു പുറത്തായിരുന്നപ്പോൾ രാഷ്ട്രീയവും സാമൂഹ്യവുമായ പല നിയമങ്ങളുടേയും ആചാരങ്ങളുടേയും ചങ്ങലകൾ ആയാളുടെ ജീവിതരീതിയെ ബന്ധിച്ചിരുന്നു. സമുദായത്തിൽ ഒരു മാന്യനാകാനുള്ള ആഗ്രഹം ആയാളിൽ അന്തർലയിച്ചു കിടന്നിരുന്നു. അതിനാൽ പരസ്യമായ അശ്ലീലസംഭാഷണങ്ങളിലേപ്പെടുവാൻ ആയാൾക്കു ധൈര്യമുണ്ടായിരുന്നില്ല. ഒരു തരം സാമൂഹ്യനിബന്ധനയും ഒരു തരം ലജ്ജാശീലവും ആയാളെ വിട്ടുപിരിയാതെ പിടികൂടിയിരുന്നു. എന്നാൽ ജെയിലിന്റെ കൽച്ചുമരുകൾക്കുള്ളിൽ സാമൂഹ്യാചാരങ്ങളുടെ ഇരിമ്പുപിടുത്തത്തിൽനിന്നു താൻ മോചിയ്ക്കപ്പെട്ടിരിയ്ക്കുന്നുവെന്ന് ആയാൾക്കു ബോധ്യപ്പെടുന്നു. അതിനാൽ, മറ്റുള്ളവർ തന്നെപ്പറ്റി എന്തു പറയുന്നു എന്നു ശ്രദ്ധിയ്ക്കുവാൻ ആയാൾ വേണ്ടത്ര ശ്രമം ചെയ്യുന്നില്ല. പുറത്തുണ്ടായിരുന്ന ലജ്ജാശീലം ആയാളെ വിട്ടുപിരിയുന്നു. പുറത്ത്

ഏറ്റവും രഹസ്യമായി സൂക്ഷിച്ചുവെച്ചിരുന്ന സ്വകാര്യങ്ങളെ ജയിലിൽവെച്ചുമാത്രം പരിചയപ്പെട്ട സുഹൃത്തുക്കളോടു തുറന്നുപറയുവാൻ ആയാൾ മടിയ്ക്കുന്നില്ല. പുറത്തായിരുന്നപ്പോൾ തുറന്നുപറയുവാൻ ധൈര്യപ്പെട്ടിട്ടില്ലാത്ത അഭിപ്രായങ്ങളും ആശയങ്ങളും മറ്റുള്ളവരോടു പരസ്യമായി പ്രസ്താവിയ്ക്കുവാനും ആയാൾക്കു സാധിയ്ക്കുന്നു. പുറത്തെ സമുദായത്തിൽ വസ്ത്രധാരണത്തിലും തന്നെത്താൻ മോടി പിടിപ്പിയ്ക്കുന്ന കാര്യത്തിലും അത്യധികമായ ശ്രദ്ധ പതിപ്പിച്ചിരുന്നു. പുരുഷന്മാരാണെങ്കിൽ സ്ത്രീകളുടെയിടയിലും സ്ത്രീകളാണെങ്കിൽ പുരുഷന്മാരുടെയിടയിലും ആകർഷകങ്ങളായ വേഷവിധാനങ്ങൾ ഉപയോഗിയ്ക്കുവാൻ അതിയായ കൗതുകം പ്രദർശിപ്പിയ്ക്കാറുണ്ട്. എന്നാൽ, ജെയിലിന്നുള്ളിൽ ഇത്തരം ആകർഷണ സ്വഭാവങ്ങൾക്കു സ്ഥാനമേയില്ല. തന്നെപ്പറ്റി മറ്റുള്ളവർക്ക് എന്തു തോന്നുന്നു എന്ന് വേണ്ടത്ര ശ്രദ്ധിയ്ക്കാത്തതുകൊണ്ടും ലജ്ജാശീലം കുറഞ്ഞുപോയതുകൊണ്ടും മനുഷ്യന്റെ യഥാർത്ഥങ്ങളായ സ്വഭാവവിശേഷങ്ങളും ആയാളുടെ അബോധമനസ്സിൽ അമർന്നു കിടന്നിരുന്ന ആശയവിശേഷങ്ങളും കുറേശ്ശക്കുറേശ്ശയായി വെളിയിലേയ്ക്കു വരാൻ തുടങ്ങുന്നു. അനാകർഷകങ്ങളും വൃത്തിയില്ലാത്തവയുമായ വസ്ത്രങ്ങൾ ധരിയ്ക്കുവാനും നഗ്നനായി നിന്നു കളിയ്ക്കുവാനും നഗ്നനായി നടക്കുവാൻതന്നെയും ആയാൾക്കുതീരെ മടിയില്ലെന്നായിരിയ്ക്കുന്നു.

## രണ്ടാമതും ഒരു കുട്ടിയായിത്തീരുന്നു!

പുറത്തെപ്പോലെ ജയിൽസ്സമുദായത്തിൽ സാമ്പികങ്ങളായ സ്ഥാപിതതാല്പര്യങ്ങളും അതുനിമിത്തമുണ്ടാകുന്ന അകൽച്ചകളും ഇല്ലാത്തതുകൊണ്ടു തടവുകാരുടെയിടയിൽ ഒരുതരം സമത്വം പ്രത്യക്ഷപ്പെടുന്നുണ്ട്. പുറത്തു ധനികനും ദരിദ്രനുമായി ജീവിച്ചിരുന്ന രണ്ടു പേർ തടവുകാരായിത്തീരുമ്പോൾ ഒരേ ജീവിതംതന്നെ നയിയ്ക്കുവാൻ നിർബ്ബദ്ധരായിത്തീരുന്നു. വലിയവനും ചെറിയവനും തമ്മിലുള്ള അകൽച്ച കുറഞ്ഞുപോയിരിയ്ക്കുന്നു. ഒരു കാലത്തു വലിയവനും ചെറിയവനുമായിരുന്നവർ ജെയിലിലെത്തുമ്പോൾ ഒരേ അശ്ലീലസംഭാഷണത്തിലും ഒരേ വിനോദത്തിലും ഏർപ്പെടുന്നതു കാണാം. ബാഹ്യസമുദായത്തിൽ ബഹുമാന്യരായ രാഷ്ട്രീയനേതാക്കന്മാരായിരുന്ന എന്റെ ചില ജെയിൽസ്നേഹിതന്മാർ ചെറിയ കുട്ടികളെപ്പോലെ ചോറിന്നും കൂട്ടാനുംവേണ്ടി വഴക്കടിയ്ക്കുന്നതും ഉറക്കെയുറക്കെ സംസാരിച്ചു ബഹളം കൂട്ടിക്കൊണ്ടു ചെറുപ്പക്കാരോടൊപ്പം വിനോദങ്ങളിലും കളികളിലുമേർപ്പെടുന്നതും എനിയ്ക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്. മനുഷ്യൻ വീണ്ടും ഒരു ശിശുവാ

യിത്തീർന്നുവോ എന്നു തോന്നും. ശിശുസാധാരണമായ സ്വഭാവവിശേഷങ്ങൾ ആയാളിൽ അത്രമാത്രം തിങ്ങി നിറയുന്നു. അബോധമനോമണ്ഡലത്തിൽ അമർത്തപ്പെട്ടു കിടക്കുന്ന വികാരങ്ങളുടെ ബഹിഃപ്രകടനത്തിന്നു യഥോചിതമായ സ്വാതന്ത്ര്യം ലഭിച്ചതായിരിയ്ക്കണം.

ജെയിലിന്നുള്ളിലെത്തുമ്പോഴുണ്ടാകുന്ന ഈ മാറ്റം ശ്രദ്ധേയമാണ്. ജെയിൽനിയമങ്ങളെപ്പറ്റിയും മറ്റുമുള്ള ഒരുതരം ഭയം തടവുകാരനെ പിടികൂടുന്നുണ്ടെങ്കിൽ പുറത്തെ സാമൂഹ്യ ജീവിതത്തിലുണ്ടായിരുന്ന മറ്റൊരുതരം ഭയം അയാളിൽനിന്ന് അകന്നകന്നു പോകുകയും ചെയ്യുന്നുണ്ട്. മനുഷ്യന്റെ 'സൽ'സ്വഭാവങ്ങളും 'ദു'സ്വഭാവങ്ങളും ധാർമ്മികചിന്തകളേക്കാളധികം, മറ്റെന്തിനേക്കാളുമധികം, ചുറ്റുപാടുമുള്ള പരിതഃസ്ഥിതികളെയാണ് ആശ്രയിച്ചിരിയ്ക്കുന്നത് എന്ന് ഇത്രയും പറഞ്ഞതിൽനിന്നു വ്യക്തമാകണം.

## കലാവബോധവും മാനുഷികത്വവും

സൗന്ദര്യാസ്വാദനത്തിന്നുള്ള സൗകര്യങ്ങൾ ജെയിലിൽ വളരെ പരിമിതമാണ്. ബാഹ്യലോകം സുന്ദരവും അകർഷകവുമാണെന്ന് അയാൾക്ക് ആദ്യമായി അനുഭവപ്പെടുന്നു. ബാഹ്യലോകവുമായി തന്നെ ബന്ധപ്പെടുത്തി എല്ലാറ്റിനേയും അയാൾ ആർത്തിയോടെ പരിശോധിയ്ക്കാൻ തുടങ്ങുന്നു. പുറത്ത് എത്തിയപ്പോൾ ആകാശവും നക്ഷത്രങ്ങളും നിസ്സാരങ്ങളായിരുന്നു. ജെർണർലോ, അവയെല്ലാം സുന്ദരവസ്തുക്കളായി കാണുന്നു. സുന്ദരവസ്തുക്കളെ തീഷ്ണതയോടുകൂടി അന്വേഷിയ്ക്കുവാനുള്ള വാസന വർദ്ധിയ്ക്കുന്നു. കലാബോധത്തിലും സൗന്ദര്യബോധത്തിലും വളരെ പിന്നണിയിൽനിന്നിരുന്ന ഈ ലേഖകൻപോലും, ചന്ദ്രോദയത്തേയും നക്ഷത്രങ്ങളേയും മനോഹരമായ കുന്നിൻചെരുവുകളേയും ഇരുമ്പഴികൾക്കുള്ളിലൂടെ വളരേനേരം വരെ നോക്കിക്കൊണ്ടു നിന്നിട്ടുണ്ട്. പുറത്തുനിന്നു വല്ല സംഗീതസ്വരവും പുറപ്പെടുവാനിടവന്നുവെങ്കിൽ അതിനെ അതിരുകവിഞ്ഞ ആകാംക്ഷയോടുകൂടി ശ്രദ്ധിച്ചു കേൾക്കുന്നു. സൗന്ദര്യം കുറഞ്ഞ വസ്തുക്കൾ കൊണ്ടുപോലും തൃപ്തിയുണ്ടാകത്തക്ക ഒരു മാനസികസ്ഥിതി ഉണ്ടാവാൻ തുടങ്ങുന്നു. ഒരു സ്ത്രീവാർഡറേയോ ഒരു സ്ത്രീവിസിറ്ററേയോ മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്ത കൗതുകത്തോടുകൂടി തുറിച്ചുനോക്കുന്നു.

തടവുകാരികളെ സംബന്ധിച്ചേടത്തോളവും ഇത്തരം ആഗ്രഹങ്ങൾ സുലഭമാണ്. അവരുടെ മാതൃത്വവാസനയാണ് മറ്റെല്ലാറ്റിനെക്കാളുമധികം മുഴച്ചുനില്ക്കുന്നത്. ചെറിയ കുട്ടികളെ ഒരു നോക്കു കാണുവാൻ അവർ അത്യാർത്തി കാണിയ്ക്കുന്നു. ചെറിയ കുട്ടികളെ കൊണ്ടുവരണമെന്നു

വാർഡർമാരോടും വിസിറ്റർമാരോടും അപേക്ഷിയ്ക്കുകയും ചെയ്യാറുണ്ടത്രെ.

## സ്വപ്നങ്ങൾ

കൽച്ചുമരുകൾക്കുള്ളിൽപ്പോലും ഉറക്കത്തിൽ സ്വപ്നം കാണുവാനുള്ള അധികാരത്തെ മനുഷ്യൻ ഉപേക്ഷിയ്ക്കുന്നില്ല. എന്നാൽ പുറത്തെ സ്വപ്നങ്ങൾക്കും ജെയിലിന്നുള്ളിലെ സ്വപ്നങ്ങൾക്കും തമ്മിൽ വലിയ വ്യത്യാസമുണ്ട്. തടവുകാർ അധികമായി കാണുന്നതു മോചനത്തെപ്പറ്റിയും മോചനത്തിന്നു ശേഷമുള്ള സ്ഥിതികളെപ്പറ്റിയും മറ്റുമുള്ള സ്വപ്നങ്ങളായിരിയ്ക്കും. ആദ്യകാലങ്ങളിൽ പ്രത്യേകിച്ചും ഇങ്ങിനെയുള്ള മോചനസ്വപ്നങ്ങൾ മിക്ക തടവുകാരും കണ്ടിട്ടുണ്ടായിരിയ്ക്കും. ചിലപ്പോൾ തങ്ങളുടെ സ്നേഹഭാജനമായുള്ള ബന്ധങ്ങളെപ്പറ്റിയും മറ്റ് ആഗ്രഹങ്ങളെപ്പറ്റിയുമുള്ള സ്വപ്നങ്ങളും കാണാറുണ്ട്. ഓരോ സ്വപ്നവും ഫലപ്പെടാതെ കിടക്കുന്ന ഓരോ ആശയുടെ പ്രകടനമാണെന്നു ഫ്രോയ്ഡ് എന്ന മനഃശാസ്ത്രപണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. തടവുകാരെ സംബന്ധിച്ചേടത്തോളം, അത് ഏറ്റവും ശരിയാണെന്നു സമ്മതിയ്ക്കാം.

## ഇനം തിരിച്ചിൽ

തടവുകാരെ മൊത്തത്തിൽ രണ്ടായി തരംതിരിയ്ക്കാം: യഥാർത്ഥമായികുറ്റം ചെയ്തവരും കളവായ കേസ്സുകളിൽ അകപ്പെട്ടു പോയവരും. യഥാർത്ഥകുറ്റക്കാരെത്തന്നെ രണ്ടായി വിഭജിയ്ക്കാം: മുൻകൂട്ടിയാലോചിച്ചു പ്ലാനിട്ടു കല്പിച്ചുകൂട്ടി കുറ്റം ചെയ്തവരും മുൻകൂട്ടിയാതൊന്നുമലോചിയ്ക്കാതെ പെട്ടെന്നുണ്ടാകുന്ന സ്തോഭങ്ങളുടേയും വികാരങ്ങളുടേയും പ്രേരണയ്ക്കു വശംവദരായി കുറ്റം ചെയ്തവരും, കള്ളുകുടിച്ചു കുറ്റം ചെയ്തവരും വാക്കേറ്റം മൂത്തു കുത്തുമുറികളിലേർപ്പെട്ടവരും മിക്ക കൊലപാതകികളും ഈ ഒടുവിൽ പറഞ്ഞ തരത്തിൽ പെട്ടവരാണ്. അവർ എപ്പോഴും തങ്ങൾ ചെയ്തുപോയ തെറ്റിനെപ്പറ്റി പശ്ചാത്തപിയ്ക്കുകയും തങ്ങളുടെ ഇരുണ്ട ഭാവിയുടെ നേർക്കു നോക്കി ദീർഘശ്വാസം വിടുകയും ചെയ്തുകൊണ്ടിരിയ്ക്കും. പെട്ടെന്നു മോചിപ്പിയ്ക്കുന്നപക്ഷം അവർ പിന്നീടൊരിക്കലും യാതൊരു കുറ്റവും ചെയ്യാതെ സൽസ്വഭാവികളായി മാറുവാനിടയുണ്ട്.

മാതൃഭൂമി ആഴ്ചപ്പതിപ്പ് 1939 മാർച്ച് 9